# കാലാതീതനായ കർമയോഗി

സിസ്റ്റർ ലോറൻസ് സി എസ് സി

ചാരിറ്റി പബ്ലിക്കേഷൻസ്

# കാലാതീതനായ കർമയോഗി

രണ്ടാംപതിപ്പ്

**സി. ലോറൻസ് സി എസ് സി**

പ്രസാധകർ:

**ചാരിറ്റി പബ്ളിക്കേഷൻസ്, തൃശൂർ-10**

മുദ്രണം:

**ശാന്തിഭവൻ ഓഫ്സെറ്റ് പ്രസ്, കണ്ണംകുളങ്ങര**

**9349018918**

മുഖചിത്രം:

രമേഷ് ചന്ദ്രൻ

പ്രമുക്തി:

ഒന്നാംപതിപ്പ് : ആഗസ്റ്റ് 1994

രണ്ടാംപതിപ്പ് : ആഗസ്റ്റ് 2023

വില: ₹

Rights Reserved

# ഇടം


| | | |
|---|---|---|
| 1. | **ചരിത്രപശ്ചാത്തലം** | 31 |
| | ഊക്കൻ തറവാട് | 32 |
| 2. | **ജനനവും മാമ്മോദീസയും** | 41 |
| | ബാല്യകാലം | 42 |
| 3. | **വഴിത്തിരിവ്** | 45 |
| | അമ്മായിയുടെ സംരക്ഷണയിൽ | 47 |
| 4. | **ബാലനായ ജോൺ പള്ളിമേടയിൽ** | 51 |
| 5. | **സെമിനാരി കാലഘട്ടം** | 57 |
| | പ്രീഫെക്ട് | 62 |
| | ദൈവത്തിനുള്ളവൻ | 63 |
| 6. | **ആധ്യാത്മികത വളർച്ച പ്രാപിക്കുന്നു** | 67 |
| | ദിവ്യകാരുണ്യഭക്തി | 69 |
| | തിരുഹൃദയഭക്തി | 76 |
| | മരിയഭക്തി | 81 |
| | വി. യൗസേപ്പിതാവിനോടുള്ള ഭക്തി | 92 |
| | കാവൽ മാലാഖയോടുള്ള ഭക്തി | 95 |
| | വിശുദ്ധരോടുള്ള ഭക്തി | 97 |
| | യേശുസായൂജ്യം | 99 |
| | ദൈവസാന്നിധ്യസ്മരണ | 109 |
| 7. | **ദൈവിക പുണ്യങ്ങളുടെ അഭ്യസനം** | 113 |
| | വിശ്വാസത്തിന്റെ ഉടമ | 113 |
| | പ്രത്യാശയുടെ ജീവിതം | 117 |
| | പരസ്നേഹം - ജീവിതപ്രമാണം | 120 |

8. **സുവിശേഷാപദേശങ്ങൾ ജീവിതപാതയിൽ**............. 125
അനുസരണം ജീവിതശൈലിയാക്കിയ ജോൺ........... 125
ദാരിദ്ര്യത്തെ വാരിപ്പുണർന്ന ജോൺ ............................ 129
ഈശോയിൽ ഭക്തമായ ഹൃദയം .................................. 134

9. **സാന്മാർഗിക പുണ്യങ്ങൾ ജീവിതത്തിൽ** .................. 137
വിവേകമതിയായ ഊക്കനച്ചൻ......................................... 137
നീതിബോധം........................................................................ 139
ആത്മധൈര്യം ..................................................................... 143
ആത്മനിയന്ത്രണം............................................................... 145

10. **വ്യക്തിത്വം രൂപം പ്രാപിക്കുന്നു**.................................... 147
എളിമയുടെ പര്യായം ........................................................ 149
പരിത്യാഗം പ്രവൃത്തിപഥത്തിൽ....................................... 154
ശാന്തശീലൻ ........................................................................ 160
കരുണാർദ്രഹൃദയൻ ........................................................... 162
മനുഷ്യരുടെ രക്ഷയിൽ തൽപരൻ................................. 168
ശത്രുസ്നേഹം പരിശീലിച്ച ക്രിസ്തുശിഷ്യൻ............. 174
പാപത്തെ ഭയപ്പെടുന്നവൻ ............................................... 177
അധ്വാനശീലൻ .................................................................. 181
മിഷൻ ചൈതന്യം.............................................................. 183
ദൈവതിരുമനസ്സ് നിറവേറ്റുന്നവൻ............................... 186
വിശുദ്ധനാകുവാനുള്ള അഭിവാഞ്ച................................ 189

11. **കാന്റിസെമിനാരിയിലെ അവസാനവർഷം** ................ 194

12. **ക്രിസ്തുവിന്റെ അഭിഷിക്തൻ**........................................ 200

13. **നവാഭിഷിക്തൻ കേരളക്കരയിൽ** ................................ 204

14. **പൗരോഹിത്യജീവിതവും അജപാലന ശുശ്രൂഷയും** 207
**ആദ്യഘട്ടം:** സെന്റ് തോമസ് സ്കൂളിന്റെ അസിസ്റ്റന്റ് മാനേജർ.............................................................................. 209
കണ്ടശാംകടവ് വികാരി..................................................... 211
മൈനർ സെമിനാരി റെക്ടർ............................................ 215
മേനാച്ചേരി യോഹന്നാൻ മെത്രാനച്ചന്റെ സെക്രട്ടറി... 221
Episcopal Candidate............................................................ 225
ലൂർദ് കത്തീഡ്രൽ വികാരി ............................................... 226
കോട്ടപ്പടി പള്ളി വികാരി.................................................. 228

Episcopal Candidate for a second time ............................ 230
സെന്റ് തോമസ് കോളേജ് മാനേജർ.............................. 231
ആത്മീയപുനർനിർമിതി .................................................. 235
മറ്റം പള്ളിവികാരി ........................................................ 240
15. **രണ്ടാം ഘട്ടം: ഒരു മിഷണറി**.......................................... 245
ചൊവ്വന്നൂർ പള്ളി വികാരി .............................................. 246
കുടുംബ പ്രേഷിതൻ ........................................................ 249
ഗ്രാമോദ്ധാരകൻ ............................................................ 252
യഥാർഥ മിഷണറി.......................................................... 258
സുവിശേഷ പ്രഘോഷകൻ.................................................. 263
മതപ്രബോധകൻ............................................................ 266
എക്യുമെനിസത്തിന്റെ പ്രവാചകൻ .................................. 268
ദീനദയാലു .................................................................. 272
പാവങ്ങളുടെയും അശരണരുടെയും അത്താണി......... 277
പാപികളുടെ സ്നേഹിതൻ.................................................. 281
സ്നേഹത്തിന്റെ പ്രേഷിതൻ .............................................. 285
വൈദികരോടുള്ള പരിഗണന.......................................... 290
സഹോദരിമാരോടുള്ള പരിഗണന.................................. 292
കാലത്തിന്റെ പ്രവാചകൻ .............................................. 296
ക്രാന്തദർശി.................................................................... 300
കുന്ദംകുളംകാരുടെ കണ്ണിലുണ്ണി .................................... 307
ധ്യാനപ്രസംഗകൻ.......................................................... 310
അതിഥിസൽക്കാര പ്രിയൻ.............................................. 312
കലാസ്വാദകൻ .............................................................. 315
പ്രകൃതിസ്നേഹി.............................................................. 318
ജൂബിലേറിയൻ.............................................................. 319
ചിറളയം പള്ളി വികാരി .................................................. 325
പാലയൂർ പള്ളി വികാരി .................................................. 328
വീണ്ടും ചൊവ്വന്നൂരിലേക്ക്................................................ 335
Episcopal Candidate for a third time................................ 338
16. **മൂന്നാം ഘട്ടം: സന്യാസിനി സമൂഹ സ്ഥാപകൻ** ...... 340
സ്ഥാപകസിദ്ധി .............................................................. 350
ആദ്യകാല പരിശീലനം.................................................... 355
കോൺഫ്രൻസുകൾ ........................................................ 364

| | | |
|---|---|---|
| | കുഷ്ഠരോഗികളുടെ സ്നേഹിതൻ | 366 |
| | സഹായഹസ്തം വീണ്ടും നീളുന്നു | 368 |
| 17. | **ആദ്യകാല ഭവനങ്ങൾ** | 370 |
| 18. | **ജീവിത സായാഹ്നത്തിൽ** | 375 |
| 19. | **പ്രഥമ സിനാക്സിസ്** | 379 |
| 20. | **ജീവിത തീർഥയാത്രയിൽ സദാ ജാഗ്രതയോടെ** | 381 |
| 21. | **മരണത്തിനായി ഒരുങ്ങിയ വിധം** | 384 |
| 22. | **സ്വർഗീയ യാത്ര** | 386 |
| 23. | **തൂലികാചിത്രം** | 393 |
| 24. | **വിശുദ്ധിയുടെ പരിമളം** | 395 |
| 25. | **വിശുദ്ധിയുടെ പാതയിൽ** | 401 |

# സന്ദേശം



കർമധീരതയും ത്യാഗവിശാലതയും നിസ്വാർഥ സേവനവും കൈമുതലാക്കി ജനസമൂഹത്തിന്റെ നന്മക്കായി സ്വന്തം ജീവിതം അർപ്പിച്ച്, ആത്മീയതയിൽ ആത്മസ്നാനം നടത്തി കാലത്തിനു മുമ്പേ സഞ്ചരിച്ച കർമയോഗിയാണ് ഉപവി സന്യാസിനി സമൂഹ സ്ഥാപകൻ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ.

ദൈവത്തെ സ്നേഹിക്കുകയായിരുന്നു അദ്ദേഹത്തിന് ജീവിതം. അതുകൊണ്ടുതന്നെ പ്രത്യാശയുടെ വലിയ പാഠപുസ്തകമായി രുന്നു അദ്ദേഹം. പിതാവിന്റെ കരങ്ങളിൽ ആത്മാവിനെ സമർപ്പിച്ച ഈശോയെപ്പോലെ തന്റെ ജീവിതവും പിതാവിനുള്ള നിരന്തര സമർപ്പണമാക്കി മാറ്റി. ആത്മസമർപ്പണത്തിലൂടെ അജപാലന ശുശ്രൂഷക്കുള്ള ഊർജം സംഭരിച്ചു. ജീവിതം മുഴുവൻ സുവിശേ ഷത്തിന്റെ എണ്ണകൊണ്ടു ജ്വലിപ്പിച്ച ദീപം ഉയർത്തിപ്പിടിച്ചു. അത് പ്രഘോഷിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

കൃതജ്ഞതയുടെയും പ്രത്യാശയുടെയും സുഗന്ധദ്രവ്യങ്ങളും ലേപനങ്ങളുമായി വഴിയിൽ കണ്ടുമുട്ടിയ വ്യക്തികളോടും അവരുടെ ജീവിതസാഹചര്യങ്ങളോടും തുറവിയോടെ വർത്തിച്ച് സാമൂഹ്യമാ റ്റത്തിന് പ്രകടമായ സ്ഥാനം വഹിച്ചു. എപ്പോഴും കരുണ എന്ന വാക്ക് ജീവിതംകൊണ്ട് പൂരിപ്പിച്ചു. സഭകളുടെ ഐക്യത്തെ വലിയ സുവിശേഷ സാക്ഷ്യമായി കണ്ടു.

കാലത്തിൽ കൈയൊപ്പുചാർത്തി കാലാതീതനായി കടന്നു പോയ ഊക്കനച്ചന്റെ ആത്മീയ ദർശനവും അതിലൂന്നിയ ജീവിതവും ആകർഷകവും അനുകരണാർഹവുമായ മാതൃകയാണ്.

ജീവിത പാതയിലെ ഇരുളടഞ്ഞതും ദുഷ്കരവുമായ ദൂരങ്ങൾ പോലും തന്റെ ആത്മരക്ഷക്കുവേണ്ടിയും ആത്മാക്കളെ രക്ഷിക്കുന്നതിനുവേണ്ടിയുമായിരുന്നു എന്ന തിരിച്ചറിവോടെ ജീവിതം പൂർത്തിയാക്കി. മറ്റുള്ളവരോടുള്ള കരുണയും കരുതലും ഉണ്ടാകുമ്പോഴാണ് വെളിച്ചമുണ്ടാകുക എന്നു പഠിപ്പിച്ച ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവചരിത്രം അനേകായിരങ്ങൾക്ക് ജീവിത വഴിയിൽ മാർഗദീപമാകട്ടെ എന്ന പ്രാർഥനയോടെ,

**സിസ്റ്റർ റിൻസി സിഎസ്സി**
സുപ്പീരിയർ ജനറൽ
മരിയഭവൻ ജനറലേറ്റ്
കോലഴി, തൃശൂർ

# അനുഗ്രഹം



രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ജീവിതത്തിന്റെ ഇരുണ്ട ഇട നാഴികകളിൽ തപ്പിത്തടഞ്ഞവർക്ക് ജീവിത പ്രകാശവും പ്രത്യാശയുമായി യേശു കടന്നുവന്നു. കാലാകാലങ്ങളിൽ ആ ദൗത്യം തുടരുന്നതിനായി ദൈവം ചിലരെ പ്രത്യേകം തെരഞ്ഞെടുത്തൊരുക്കിക്കൊണ്ടിരിക്കുന്നു. തൃശൂർ രൂപതയിൽ ബീജാവാപം ചെയ്ത ഉപവി സന്യാസിനി സമൂഹത്തിന്റെ സ്ഥാപകപിതാവ് പെ. ബഹു. അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിത ദർശനം പാവങ്ങളോടും വേദനിക്കുന്നവരോ ടുമുള്ള നിസ്സീമമായ സ്നേഹമായിരുന്നു. സ്നേഹത്താൽ പ്രചോദിത നായാണ് അദ്ദേഹം കുന്ദംകുളത്തും സമീപപ്രദേശങ്ങളിലുമായി തന്റെ സമുദ്ധാരണ പ്രവർത്തനങ്ങൾക്കു നാന്ദി കുറിച്ചത്. അതിന്റെ തുടർച്ചയാണ് അദ്ദേഹം സ്ഥാപിച്ച ഉപവി സന്യാസിനി സമൂഹം. കാലത്തിന്റെ വെല്ലുവിളികളോടു സഹകരിച്ച ആ ധീരോദാത്ത നായ കർമയോഗിയുടെ മഹത്തായ ജീവചരിത്രം ഡയറിക്കുറിപ്പുകളു ടെയും ധ്യാനവിചിന്തനങ്ങളുടെയും അന്തർദർശനങ്ങളിലൂന്നിക്കൊണ്ട് അവതരിപ്പിക്കാൻ ഗ്രന്ഥകർത്രി ശ്രമിച്ചിട്ടുണ്ട് എന്നത് പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. അദ്ദേഹത്തിന്റെ പരിലാളനയിൽ വളർന്ന സന്യാസിനി സമൂഹം അരനൂറ്റാണ്ടിന്റെ മഹോത്സവം കൊണ്ടാടുന്ന സുപ്രധാന വേളയിൽ ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ ഉദ്യമിച്ച തിൽ ഏറെ സന്തോഷമുണ്ട്. സ്ഥാപക ചൈതന്യത്തിന്റെ ശക്തിയാൽ പ്രശോഭിതരാകാൻ ഈ ഗ്രന്ഥം സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

മിശിഹായിൽ

**മാർ ജോസഫ് കുണ്ടുകുളം**
തൃശൂർ രൂപതാ മെത്രാൻ

മെത്രാസന ഭവനം,
28.08.1994

# അവതാരിക



കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ ജനിക്കുകയും ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ വൈദികശുശ്രൂഷയിലേക്കു കടന്നുവരികയും അരനൂറ്റാണ്ടുകാലം തൃശൂർ രൂപതയുടെ പ്രവർത്തനങ്ങളിൽ നിറഞ്ഞുനിൽക്കുകയും ചെയ്ത ബഹു. അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിതത്തിലേയ്ക്കും പ്രവർത്തനങ്ങളിലേയ്ക്കും വെളിച്ചം വീശുന്ന ഈ ജീവചരിത്രത്തിന് ഒരവതാരിക എഴുതാൻ എന്നോടാവശ്യപ്പെട്ടപ്പോൾ എനിക്കതൊരാശ്ചര്യവിഷയമായി. പക്ഷേ, വലിയൊരു ബഹുമതിയായി ഞാനതു കണക്കാക്കുന്നു. തൃശൂർ രൂപതയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എനിക്ക് ഉപവിസഭയിലെ അംഗങ്ങളുമായുള്ള പരിചയത്തിൽ സ്ഥാപകനായ ഊക്കനച്ചനെ ഞാൻ അനുസ്മരിക്കാറുള്ളത്, അദ്ദേഹവുമായി വളരെ അടുത്തു പരിചയമുള്ള ആളാണെന്നു ധരിക്കാനിടയാക്കിയിരിക്കാം.

എന്നാൽ സത്യം മറ്റൊന്നാണ്. എന്റെ മനസ്സിൽ വളരെ ആഴത്തിൽ പതിഞ്ഞിട്ടുള്ള ഒരു പുരോഹിതന്റെ രൂപമാണ് അദ്ദേഹത്തിന്റേത്; പരിചയത്തേക്കാൾ ആദർശത്തിൽ. അദ്ദേഹത്തിന്റെ തുളച്ചുകയറുന്ന നോട്ടവും, ഹൃദ്യമായ പുഞ്ചിരിയും എന്റെ മനോമുകുരത്തിൽ നിന്നും മാറിയിട്ടില്ല. അദ്ദേഹത്തെ കണ്ടിട്ടില്ലാത്ത സിഎസ്സി സഹോദരിമാരെ കാണുമ്പോൾ ഞാനദ്ദേഹത്തെ കണ്ടിട്ടുണ്ടെന്ന കാര്യം അഭിമാനത്തോടെ പറയുകയും അദ്ദേഹത്തെപ്പറ്റി എനിക്കറിയാവുന്ന കാര്യങ്ങൾ പങ്കുവയ്ക്കുകയും ചെയ്യാറുണ്ട്. അതാണ് സത്യത്തിൽ അനർഹമായ ഈ ദൗത്യം എനിക്കു നൽകിയത് എന്ന് ഞാൻ ഊഹിക്കുന്നു. ഊക്കനച്ചനെപ്പറ്റി അറിഞ്ഞിട്ടില്ലാത്തവർക്ക് ഈ പുസ്തകത്തിലൂടെ മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ വലിയ സേവനം തന്നെ. ഉപവിസഭാംഗങ്ങൾക്ക് ഒരമൂല്യനിധിയും.

ഞാൻ ബഹു. ഊക്കനച്ചനെ കണ്ടിട്ടുള്ളത് ഹൈസ്കൂൾ വിദ്യാർഥിയായിരുന്ന കാലത്താണ്. ഞാൻ ജനിക്കുന്നതിന് ഒമ്പതുവർഷം മുമ്പ്, 1925 മുതൽ 1928 വരെ അദ്ദേഹം എന്റെ ഇടവകയായ മറ്റത്തിൽ വികാരിയായിരുന്നിട്ടുണ്ട്. അദ്ദേഹമാണ് ഞങ്ങളുടെ ഇടവകയിൽ ആദ്യമായി അമലോത്ഭവ മാതാവിന്റെ സൊഡാലിറ്റി സ്ഥാപിച്ചത്. ഇക്കാര്യം സൊഡാലിറ്റി സെക്രട്ടറിയായി ജോലിനോക്കിയിരുന്ന അവസരത്തിൽ റിപ്പോർട്ടിൽ ആവർത്തിച്ചനുസ്മരിക്കാറുണ്ടായിരുന്നത് ഓർക്കുന്നു. എങ്കിലും നേരിൽ കണ്ടത്, അദ്ദേഹം ഞങ്ങളുടെ വീട്ടിൽ വന്നപ്പോഴാണ്. 1948-നും 1950-നും ഇടയ്ക്കാണത്. മറ്റത്തിൽ വികാരിയായിരുന്ന കാലത്ത് അദ്ദേഹത്തിന് ഞങ്ങളുടെ കുടുംബവുമായി ഉണ്ടായിരുന്ന ഗാഢബന്ധമായിരിക്കണം, സ്വത്ത് വിഭജന കാര്യത്തിൽ വീട്ടിൽ ഉണ്ടായ തർക്കത്തിൽ ഏവർക്കും സ്വീകാര്യനായ മധ്യസ്ഥനായി അദ്ദേഹം വളരെ വർഷങ്ങൾക്കുശേഷം വരാൻ ഇടയാക്കിയത്. അന്ന് അദ്ദേഹം ചൊവ്വന്നൂർ പള്ളി വികാരിയും ഉപവിസഭയുടെ സ്ഥാപന കാര്യങ്ങളിലും പ്രാരംഭ പ്രവർത്തനങ്ങളിലും വ്യാപൃതനുമായിരുന്നു. വളരെയേറെ പ്രാവശ്യം വരികയും ധാരാളം സമയം വീട്ടിൽ ചെലവഴിക്കുകയും ചെയ്തിരുന്നതു ഞാനോർക്കുന്നു. അദ്ദേഹം വന്നുകയറുന്നതും ഭക്ഷണത്തിനിരിക്കുന്നതും തിരിച്ചു പോകുന്നതും കുട്ടികളായ ഞങ്ങൾ ഒളിച്ചുനോക്കിയിരുന്നതാണ് എന്റെ ഓർമ. ചർച്ചകൾ മുകളിലെ മുറിയിലായിരുന്നതുകൊണ്ടു ഞങ്ങൾക്കു ശ്രവിക്കാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും ചിലസമയത്ത് അച്ചന്റെ ഉയർന്ന സ്വരം ശാസനാരൂപത്തിൽ കേട്ടിരുന്നതു ഞാനോർക്കുന്നുണ്ട്. അതിശക്തമായ സ്വാധീനം അദ്ദേഹത്തിനുണ്ടെന്നും അദ്ദേഹം ഏതോ ദിവ്യശക്തിയുള്ള ആളാണെന്നുമൊക്കെ ഒരു വിചാരം എന്റെ മനസ്സിൽ പതിഞ്ഞുകിടപ്പുണ്ട്.

പൗരോഹിത്യത്തെക്കുറിച്ചു വളരെ ഉന്നതമായ ആശയങ്ങൾ എന്റെ മനസ്സിൽ കടന്നുകൂടാൻ അദ്ദേഹത്തിന്റെ രൂപം സഹായിച്ചിട്ടുണ്ടെന്നത് തർക്കമറ്റ വിഷയമാണ്. എന്റെ ഇടവകയായ മറ്റവുമായി അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധം പല അവസരങ്ങളിലും പല വേദികളിലും അനുസ്മരിക്കപ്പെട്ടതും അതു കൂടുതൽ ആഴപ്പെടുവാൻ ഇടയായിട്ടുണ്ട്.

എന്റെ ജീവിതത്തിൽ വളരെ സ്വാധീനം ചെലുത്തിയിട്ടുള്ള സംഘടനയാണ് മരിയൻ സൊഡാലിറ്റി. അതിൽ അംഗമായിച്ചേർന്നതിനുശേഷം ആ സംഘടനയിലെ ഒരു സജീവാംഗമായിരുന്നു ഞാൻ. ഒപ്പീസ് ചൊല്ലുന്നതിൽ നേതൃത്വം വഹിക്കുന്നതിലും മാതാവിന്റെ

ഗാനങ്ങൾ പുതിയതും പഴയതും പഠിച്ചു പാടുന്നതിലും ഞാൻ താല്പര്യമെടുത്തിരുന്നു. ആ സംഘടനയിൽ റിപ്പോർട്ട് വായിക്കുമ്പോഴെല്ലാം അതിന്റെ സ്ഥാപകനായ ഫാ. എ.ജെ. ഊക്കനെപ്പറ്റി പലവിധ വിശേഷണങ്ങളാൽ അനുസ്മരിക്കുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്.

മറ്റം ഇടവകയുടെ ആത്മീയവളർച്ചയിൽ വളരെ സ്വാധീനം ചെലുത്തിയിട്ടുള്ള ഒരു സ്ഥാപനമാണ് ക്ലാരമഠം. അത് മറ്റത്തിൽ സ്ഥാപിച്ചതും ബഹു. ഊക്കനച്ചനാണെന്ന് ഇടവകയിൽ പലരും അനുസ്മരിക്കുന്നത് ബാലനായ ഞാൻ കേട്ടിട്ടുണ്ട്. ഞാൻ 9-ാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് സൊഡാലിറ്റിയുടെയും ക്ലാരമഠം സ്ഥാപനത്തിന്റെയും രജതജൂബിലി അത്യാഡംബരപൂർവം മറ്റം ഇടവകയിൽ ആഘോഷിച്ചത്. ബഹു. ഊക്കനച്ചൻ മറ്റത്തിൽ തുടങ്ങിവച്ച ഈ രണ്ടു പ്രസ്ഥാനത്തെപ്പറ്റിയും അന്ന് ഊക്കനച്ചനോട് ബന്ധപ്പെടുത്തി അനുസ്മരിച്ചത് ഞാനിന്നും ഓർക്കുന്നു.

തൃശൂർ രൂപതയുടെ മുൻ മെത്രാനായ ജോർജ് ആലപ്പാട്ടു തിരുമേനിയോടു ബന്ധപ്പെടുത്തിയും ഊക്കനച്ചൻ അറിയപ്പെട്ടിരുന്നു. എന്റെ ഇടവകയിൽ എനിക്ക് ഓർക്കാൻ കഴിയുന്ന ആദ്യത്തെ വികാരിയച്ചൻ ബഹു. വാറുണ്ണി അച്ചനാണ് 1939-1944 വരെ. അദ്ദേഹമാണ് പില്ക്കാലത്ത് അറിയപ്പെട്ട ഡോ. ജോർജ് ആലപ്പാട്ടുമെത്രാൻ. വാറുണ്ണിയച്ചന്റെ റെക്ടറായിരുന്നല്ലോ ബഹു. ഊക്കനച്ചൻ. ഞങ്ങൾ സെമിനാരി വിദ്യാർഥികളായിരുന്നപ്പോൾ ആലപ്പാട്ടു പിതാവ് തന്റെ റെക്ടറായിരുന്ന ഊക്കനച്ചനെപ്പറ്റിയും അദ്ദേഹത്തിന്റെ സ്നേഹമസൃണമായ പെരുമാറ്റരീതികളെക്കുറിച്ചും പറഞ്ഞിട്ടുള്ളത് ഇന്നും ഞാൻ ഓർക്കുന്നുണ്ട്. അന്നത്തെക്കാലത്ത് ഹൈസ്കൂൾ പഠനകാലത്തു തന്നെ സെമിനാരിയിൽ കൊണ്ടുവന്നാക്കുന്ന രീതിയായിരുന്നല്ലോ. അതുകൊണ്ട് ദൈവവിളിയെക്കുറിച്ചുള്ള ആശയരൂപീകരണത്തിൽ പോലും ഊക്കനച്ചന്റെ മാതൃകയും പ്രചോദനവും ആലപ്പാട്ടു പിതാവിലുണ്ടായിട്ടുണ്ടെന്നാണ് എന്റെ ഉറച്ച ബോധ്യം. തൃശൂർ രൂപതയുടെ പിതാവായി 26 വർഷവും അതിനുമുമ്പ് സെമിനാരി റെക്ടറായും രൂപതയുടെ വളർച്ചയിൽ നിർണായകമായ പങ്കു വഹിച്ച ആലപ്പാട്ടു പിതാവിനെ വളരെയേറെ സ്വാധീനിച്ചിട്ടുള്ള ഒരാളാണ് ബഹു. ഊക്കനച്ചൻ.

തൃശൂർ രൂപതയിലെ സമർപ്പിത ജീവിത സമൂഹങ്ങളിലെല്ലാം തന്നെ ബഹു. ഊക്കനച്ചന്റെ സ്വാധീനമുണ്ടെന്നു പറഞ്ഞാൽ അതിൽ അതിശയോക്തി അല്പം പോലുമില്ല. മറ്റത്തിൽ ക്ലാരസഭയുടെ സ്ഥാപനത്തിൽ ബഹു. ക്ലാരമ്മയോടു സഹകരിച്ചു പ്രവർത്തിച്ചെ

ങ്കിൽ ചിറളയം കർമലീത്ത സഹോദരികളോടൊപ്പം കുന്ദംകുളത്തെ നാമമാത്രമായ കത്തോലിക്ക അന്തരീക്ഷത്തെ മാറ്റി കത്തോലിക്ക സഭയുടെ സ്വാധീനം ഉറപ്പുവരുത്താൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

തൃശൂർ തിരുഹൃദയമഠത്തിന്റെ കപ്ളോനെന്നനിലയിൽ അദ്ദേഹം ചെലുത്തിയിട്ടുള്ള സ്വാധീനവും നിർണായകമാണ്. തൃശൂർ പട്ടണത്തിൽ പ്രസ്തുത സ്കൂളിനും പിന്നീട് സെന്റ് മേരീസ്, വിമലാ കോളേജുകൾക്കുമുള്ള സ്വാധീനത്തിന് ആരംഭദശയിലെ പ്രവർത്തനങ്ങൾ കാരണമായിട്ടുണ്ട്.

ഹോളി ഫാമിലി കോൺഗ്രിഗേഷൻ ഇന്ന് പടർന്നുപന്തലിച്ചു നില്ക്കുന്നു. അതിന്റെ ആരംഭ ദശയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിൽ ദൈവപരിപാലനയിൽ ബഹു. ഊക്കനച്ചനാണ് ഉപകരണമായിത്തീർന്നത്. കുഴിക്കാട്ടുശേരിയിൽ ബഹു. മറിയം ത്രേസ്യാമ്മ, ബഹു. വിതയത്തിൽ ജോസഫച്ചന്റെ പ്രോത്സാഹനത്തിൽ ഒരു സഭാസമൂഹമായി വളരാൻ ആഗ്രഹിച്ചെങ്കിലും അതിനുള്ള അംഗീകാരം ലഭിക്കുന്നതിനു പല പ്രതിസന്ധികളും നേരിടേണ്ടി വന്നു. ദൈവാഭീഷ്ടം വെളിപ്പെടുത്തിക്കിട്ടാൻ അന്നത്തെ വികാരി അപ്പസ്തോലിക്കയ്ക്കു കാലതാമസം ഉണ്ടാവുകയും ചെയ്തു. അനുവാദം നിഷേധിച്ച അദ്ദേഹം ഒരു ദിവസം തികച്ചും യാദൃശ്ചികമായിട്ടാണ് തന്റെ സെക്രട്ടറിയായിരുന്ന ബഹു. ഊക്കനച്ചനെ ഭവനം ആശീർവദിച്ചു കൊടുക്കാനയച്ചത്. അതിൽ ബഹു. ഊക്കനച്ചന്റെ ശക്തമായ പ്രേരണയുണ്ടായോ അതോ അഭിവന്ദ്യപിതാവിനു സ്വയം ഉണ്ടായ പ്രചോദനത്താൽ ഊക്കനച്ചനെ പറഞ്ഞയച്ചതാണോ എന്ന് ചരിത്രം വ്യക്തമാക്കിയിട്ടില്ല. ഏതായാലും ഊക്കനച്ചനാണ് തിരുക്കുടുംബസഭയുടെ ആദ്യഭവനം ആശീർവദിച്ചതെന്നത് ഒരു ചരിത്രസത്യമായി നിലകൊള്ളുന്നു.

തൃശൂർ രൂപതയിലെ മർത്താ സഹോദരികളുടെ രൂപീകരണത്തിൽ ബഹു. കിഴക്കൂടനച്ചൻ വ്യാപൃതനായിരുന്ന കാലത്ത് ഉപവി സമൂഹവും തൊട്ടുമുമ്പിലായി ബാലാരിഷ്ടതകൾ പിന്നിടുന്നതേ ഉണ്ടായിരുന്നുള്ളു. ഉപവി പ്രവർത്തനങ്ങളിലൂടെ തൃശൂർ രൂപതയിലെ സമർപ്പിത ജീവിതത്തിൽ ഒരു നൂതനപാത വെട്ടിത്തുറന്ന ബഹു. ഊക്കനച്ചന്റെ സഹായം ബഹു. കിഴക്കൂടനച്ചൻ ചോദിച്ചപ്പോൾ വളരെ ഉദാരമനസ്സോടെ ഉപവി സഹോദരിമാരുടെ സേവനം വിട്ടുകൊടുത്തതുവഴി ആ സമൂഹത്തിലും ഊക്കനച്ചന്റെ സ്വാധീനം ഉണ്ടാകാൻ കാരണമായി.

ഊക്കനച്ചന്റെ മനസ്സിൽ തിങ്ങിനിറഞ്ഞിരുന്ന ദീനാനുകമ്പ അപാരമായിരുന്നു. തീരാശാപമായി കണക്കാക്കിയിരുന്ന കുഷ്ഠരോഗവും

അതിനു വിധേയരായ രോഗികളും സമൂഹത്തിൽ ഉയർത്തിയിരുന്ന വെല്ലുവിളി വലുതായിരുന്നു. സമർപ്പിതരായ ശുശ്രൂഷകർക്കല്ലാതെ ആ രംഗത്തെ ഫലപ്രദമായി നേരിടാൻ കഴിയുമായിരുന്നില്ല. എന്നാൽ ആ രംഗത്തേയ്ക്കു കടന്നുവരാൻ ആരും ധൈര്യപ്പെട്ടിരുന്നുമില്ല. ഈ സാഹചര്യത്തിൽ എന്തെങ്കിലും ചെയ്യുവാനുള്ള ഉൽക്കടമായ ആഗ്രഹം ഊക്കനച്ചനുണ്ടായിരുന്നു. പക്ഷേ, സാഹചര്യങ്ങൾ അനുകൂലമായിരുന്നില്ല. അദ്ദേഹം ആവശ്യപ്പെട്ടെങ്കിലും അധികാരികളിൽ നിന്നും ആവശ്യമായ അനുവാദം കിട്ടിയില്ല. ആ അവസരത്തിലാണ് അന്ന് സെന്റ് തോമസ് കോളേജിലെ അധ്യാപകനും പിന്നീട് വികാരി ജനറാളുമായ മോൺ. പോൾ ചിറ്റിലപ്പിള്ളി തൃശൂർ പട്ടണപ്രദേശങ്ങളിൽ കണ്ടുവന്നിരുന്ന കുഷ്ഠരോഗികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു മുന്നിട്ടിറങ്ങിയത്. ആ പ്രവർത്തനത്തിനിറങ്ങിയപ്പോൾ സമർപ്പിതരായ സഹോദരിമാരുടെ ആവശ്യം അദ്ദേഹത്തിനും ബോധ്യമായി. അദ്ദേഹം നിലവിലുള്ള മിക്ക സന്യാസിനി സമൂഹങ്ങളേയും സമീപിച്ചെങ്കിലും ഈ സേവനത്തിൽ സഹകരിക്കാൻ തയ്യാറുള്ളവരായി ആരുമുണ്ടായിരുന്നില്ല. കുഷ്ഠരോഗത്തെക്കുറിച്ചുള്ള ഭീകരമായ കാഴ്ചപ്പാടും ശാസ്ത്രീയമായ അജ്ഞതയും പ്രായോഗികമായ ബുദ്ധിമുട്ടുകളും ന്യായമായി ഈ പ്രവർത്തനത്തിനു വിലങ്ങുതടികളായി. എന്നാൽ, ബഹു. ഊക്കനച്ചനെ സമീപിച്ചപ്പോൾ അദ്ദേഹം ഉദാരമായി പ്രത്യുത്തരിച്ചു. പറ്റിയ ആളുകളെ ഉപവി സമൂഹത്തിൽ നിന്നും വിട്ടുകൊടുക്കാൻ ബുദ്ധിമുട്ടുണ്ടായിട്ടും സന്തോഷപൂർവം സഹോദരിമാരുടെ സേവനം വിട്ടുകൊടുത്തു. അവരെ തന്റെ മനസ്സിൽ താല്പര്യപൂർവം താലോലിച്ചിരുന്ന ഈ വീരോചിത സേവനത്തിന് ഒരുക്കിക്കൊടുക്കുകതന്നെ ചെയ്തു. ഈ പുതിയ പ്രേഷിത രംഗത്ത് ഒരു പുതിയ സന്യാസിനി സമൂഹം രൂപം കൊണ്ടതാണല്ലോ സമരിറ്റൻ സഭ. ആദ്യസേവനത്തിനുപോയ ഉപവിസഭാംഗങ്ങൾ പിന്നീട് സമരിറ്റൻ സഭയിലെ അംഗങ്ങളായിത്തീർന്നു. ബഹു. ഊക്കനച്ചന്റെ സ്വാധീനം പടർന്നു പടർന്നു പോകുന്ന മനോഹര ദൃശ്യം.

എന്നാൽ, ഉപവിസഭയുടെ സ്ഥാപകനായിട്ടാണല്ലോ ഊക്കനച്ചൻ അറിയപ്പെടുന്നത്. അവർക്കാണ് സത്യത്തിൽ ഊക്കനച്ചന്റെ ഉള്ള് തലമുറകളിലേയ്ക്ക് കൈമാറാനുള്ള അസുലഭ അവസരം കൈവന്നിരിക്കുന്നത്. ദൈവപരിപാലനയിൽ ഒരു വലിയ നിധി ലഭിച്ചവരാണ് ഉപവിസഭയിലെ സന്യാസിനികൾ എന്നുപറഞ്ഞാൽ അത് സത്യം മാത്രമാണ്. അവർക്കുവേണ്ടി ദൈവം ഒരുക്കിക്കൊടുത്ത ഈ

നിധി രൂപംകൊണ്ട ചരിത്രം വ്യക്തമാക്കാൻ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ഈ ഗ്രന്ഥത്തിനു കഴിയും. ദൈവസ്നേഹംകൊണ്ട് ആദ്യന്തം തുടിക്കുന്നതാണ് ഊക്കനച്ചന്റെ ഹൃദയം. ദൈവം നൽകിയ അനുഗ്രഹങ്ങളോടുള്ള നിസ്സീമമായ കൃതജ്ഞത, ദൈവാഭിഷ്ടം നിറവേറ്റുവാനുള്ള ഉൽക്കടമായ അഭിവാഞ്ഛ, നിർമലമായ ഹൃദയം, ദൈവസ്നേഹം പ്രതിബിംബിക്കുന്ന പരസ്നേഹം, ജീവിതാനുഭവങ്ങളെ നന്മക്കായി പകർത്തുന്ന പ്രായോഗികശൈലി ഇത്യാദി സവിശേഷമായ ഗുണങ്ങൾ ജീവിതത്തിൽ ഉടനീളം പ്രശോഭിക്കുന്നു.

ഡയറിക്കുറിപ്പുകൾ വായിക്കുന്ന ഏവർക്കും ഒരു കാര്യം ബോധ്യം വരും: സെമിനാരി വിദ്യാർഥികാലത്തെ തീക്ഷ്ണതക്ക് നീണ്ട ജീവിതകാലപ്രവർത്തനങ്ങൾ ഒരു കോട്ടവും വരുത്തിയിട്ടില്ലെന്ന്. മറിച്ച്, സെമിനാരിയുടെ ഏകാന്ത അന്തരീക്ഷത്തിൽ വൈദികശുശ്രൂഷയെ എങ്ങനെ ഭാവനയിൽ കണ്ടുവോ, അത് അക്ഷരാർഥത്തിൽ പ്രായോഗിക തലത്തിലേയ്ക്ക് കൊണ്ടു വരുവാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്ന്. അപൂർവം വ്യക്തികൾക്കുമാത്രം നേടാൻ കഴിയുന്ന കാര്യമാണ് ബഹു. ഊക്കനച്ചനു കഴിഞ്ഞത്.

സ്വന്തം ബാല്യത്തിൽ വേരൂന്നിയ ഭക്തിയും ഭക്താഭ്യാസങ്ങളും ക്രമാനുഗതമായി വളർന്ന് അത്ഭുതകരമായ ഫലം പുറപ്പെടുവിച്ചതായ അനുഭവസാക്ഷ്യമാണ് ഊക്കനച്ചന്റേത്. സ്വന്തപ്പെട്ടവരുടെ പരിപാലന വേണ്ടവിധത്തിൽ ആസ്വദിക്കാൻ കഴിയാതെവന്ന ഒരു ബാലന് ദൈവപരിപാലനയിൽ ലഭിച്ച അസാധാരണമായ സന്ദർഭങ്ങളിലൂടെ ദൈവസ്നേഹം ആസ്വദിക്കാൻ ഇടയായ ഒരു ചരിത്രമാണ് അദ്ദേഹത്തിന്റേത്. അത് തികച്ചും അപൂർവമായ ഒരു സംഗതിയാണ്. ദൈവത്തിൽ മാത്രമേ തനിക്കു പൂർണമായി ആശ്രയിക്കാൻ കഴിയൂ എന്നു മനസ്സിലാക്കിയ ബാലൻ ആ ആശ്രയത്വത്തിൽ മുറുകെപ്പിടിച്ചു കയറി ഉന്നതസോപാനത്തിലേറി എന്നതാണ് ആ ജീവിത രഹസ്യം. ദൈവം ഈ ബാലനെ അസാമാന്യമായ വിധത്തിൽ പരിപാലിച്ചുവെന്നതാണ് സത്യം. ഇടവക വികാരിയായ ബഹു. കുറ്റിക്കാട്ട് അച്ചനിലൂടെ ഇട്ടുകൊടുത്ത ദൈവപരിപാലനയുടെ ആ നൂൽ എത്ര ശക്തമാണെന്നു നോക്കൂ.

കാന്റിയിലെ വൈദികപരിശീലനകാലഘട്ടം അടിയുറച്ച ഭക്താഭ്യാസങ്ങളിൽ വേരുപിടിപ്പിക്കുന്നതിനു കാരണമായി. തിരുഹൃദയ ഭക്തി, മരിയഭക്തി, ദിവ്യകാരുണ്യഭക്തി, വി. യൗസേപ്പിതാവിനോടുള്ള ഭക്തി എന്നിവ എന്തുമാത്രം തന്റെ ജീവിതത്തിന്റെ ഭാഗമായി

ത്തീർന്നുവെന്ന് ജീവിതം സാക്ഷ്യം വഹിക്കുന്നു. സെമിനാരി വിദ്യാർ ഥിയായിരുന്ന കാലത്ത് എഴുതിവച്ചിട്ടുള്ള കുറിപ്പുകൾ ചില ഭക്തി പാരവശ്യവേളകളിൽ എഴുതിവച്ച വെറും കടലാസുരൂപങ്ങളല്ലെന്ന് അദ്ദേഹത്തിന്റെ പ്രവർത്തനനിരതമായ കാലഘട്ടം വിളിച്ചറിയിക്കുന്നു.

പണ്ഡിതനും പക്വമതിയുമായി കാന്റിയിൽ നിന്നും തിരിച്ചെത്തിയ ഊക്കനച്ചൻ തൃശൂർ പട്ടണത്തിലാണ് പ്രവർത്തനം ആരംഭിച്ചത്. എല്ലാവരാലും അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലം പിന്നീട് ചൊവ്വന്നൂരും കുന്ദംകുളവുമായി മാറിയത് ആശ്ചര്യകരമാണ്. കോളേജ് മാനേജർ, മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി, രൂപതാധ്യക്ഷന്റെ സെക്രട്ടറി എന്നീ നിലകളിൽ വ്യക്തിമുദ്ര പതിച്ച തൃശൂർ രൂപതയിലെ പ്രഗത്ഭനായ വൈദികൻ തികച്ചും ഗ്രാമീണവും സാധാരണത്വം നിറഞ്ഞുനില്ക്കുന്നതുമായ ഒരു സ്ഥലത്ത് തന്റെ ജീവിതാഭിലാഷത്തിന്റെ പൂർത്തീകരണം കണ്ടെത്തിയതിലുമെല്ലാം ദൈവപരിപാലനയുടെ അത്ഭുതകരങ്ങൾ ദർശിക്കാനാകും.

ഡയറിക്കുറിപ്പുകളിൽ നിന്നും മനസ്സിലാകുന്നതുപോലെ തനിക്കുതന്നെ വ്യക്തമല്ലാത്ത അജ്ഞാതമായ ഒരു മേഖലയിലേക്ക് ദൈവം അദ്ദേഹത്തെ നയിക്കുകയായിരുന്നു. അത് തിരുഹൃദയ ഭക്തിയിലൂന്നിയ വൈദികർക്കുള്ള ഒരു സന്യാസ സമൂഹമാണോ, സാമൂഹ്യ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന സഹോദര സംഘമാണോ, സമർപ്പിത ജീവിതത്തിനു കൊതിക്കുന്ന പാവപ്പെട്ട സ്ത്രീകൾക്കുള്ള സമൂഹമാണോ, പരസ്നേഹത്താൽ പ്രേരിതരായി സ്വന്തം ജീവിതം യേശുവിനെപ്രതി സമർപ്പിക്കുന്ന കന്യകമാർക്കുള്ളതാണോ, യേശുവിന്റെ മധുര സന്ദേശം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്ന പ്രേഷിതസമൂഹത്തിനാണോ, പുനരൈക്യ പ്രസ്ഥാനത്തെ വളർത്തി സഭാഗാത്രത്തെ ശക്തിപ്പെടുത്തുന്നതാണോ എന്നൊന്നും വ്യക്തമാകാതിരിക്കെത്തന്നെ ദൈവം നല്കുന്ന പ്രചോദനങ്ങൾക്കനുസരിച്ച് തന്നെത്തന്നെ വിട്ടുകൊടുത്തുകൊണ്ടിരുന്നു. ദൈവം അനുവദിക്കുകയാണെങ്കിൽ കോളേജുമായുള്ള ബന്ധം വിഛേദിക്കുകയും കുന്ദംകുളത്തു പോവുകയും അവിടെ ഒരു ചെറിയ പള്ളി, അനാഥശാല, പ്രായമായവർക്കുള്ള അഭയകേന്ദ്രം, വർക്ക് ഷോപ്, പ്രസ്സ് എന്നിവ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ തുടങ്ങുകയും വേണം. സാധിക്കുമെങ്കിൽ വൈദികർക്കും, സഹോദരന്മാർക്കും, കന്യാകാസ്ത്രീകൾക്കും സഭകൾ രൂപീകരിക്കണം (1924 സെപ്തംബർ 2).


ഇന്ന് എല്ലാം വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഉപവി പ്രവർത്തനങ്ങളിലൂടെ പാവപ്പെട്ടവർക്കും സമൂഹം പിന്നിലേക്ക് തള്ളുന്നവർക്കും ആശ്രയമായിരിക്കാനുള്ള പ്രസ്ഥാനമായും, പ്രചോദനമായും അദ്ദേഹത്തിന്റെ ജീവിതം ഉരുത്തിരിഞ്ഞിരിക്കുന്നു.

ഉപവി സന്യാസിനി സമൂഹത്തിന്റെ രൂപീകരണവും അവർക്ക് അദ്ദേഹം വരച്ചുകൊടുത്ത ജീവിതവീക്ഷണവും അവരെ വളർത്തിയെടുത്ത ശൈലിയും കാത്തു സൂക്ഷിച്ചാൽ അദ്ദേഹത്തിന്റെ മനോമുകുരത്തിൽ കാത്തുസൂക്ഷിച്ചതും ഇനിയും കാലങ്ങളിലൂടെ വെളിപ്പെടുത്തപ്പെടേണ്ടതുമായ നൂറുനൂറു രംഗങ്ങൾക്ക് ഈ സമൂഹം സാക്ഷിയാകും.

ഊക്കനച്ചന്റെ ദീർഘവീക്ഷണം ഏവരും ഇന്നും ഊന്നിപ്പറയുന്ന കാര്യമാണ്. ആ വീക്ഷണത്തിന്റെ ശരിയായ തലങ്ങൾ കണ്ടുപിടിക്കാൻ അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളും ഈ ജീവചരിത്രത്തിലൂടെ പ്രകാശിതമാകുന്ന വീക്ഷണഗതികളും പ്രേരകമാകട്ടെ. ഊക്കനച്ചനെ നയിച്ചത് പരിമിതികളില്ലാത്ത യേശുസ്നേഹവും ദൈവമാതൃഭക്തിയും ദിവ്യകാരുണ്യഭക്തിയുമായിരുന്നു. യഥാർഥ ഭക്തി, അഭ്യാസങ്ങളിൽ കുടുങ്ങിക്കിടക്കാതെ മനുഷ്യസ്നേഹത്തിന്റെ സർഗശക്തിയായി ചിറപൊട്ടിയൊഴുകുമെന്ന് സ്വന്തം അനുഭവത്തിലൂടെ അദ്ദേഹം കാണിച്ചുതന്നു. ആ സർഗശക്തിയിൽ എല്ലാ മനുഷ്യരേയും ഒന്നിച്ചു കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു. എല്ലാ മനുഷ്യരേയും ഒന്നിച്ചു കൂട്ടാൻ അദ്ദേഹം പരിശ്രമിച്ചു. ആ ദൗത്യം തുടരാൻ ഏല്പിച്ചിട്ടാണ് അദ്ദേഹം വിടപറഞ്ഞത്. സൂക്ഷ്മമായ ആ കണ്ണുകൾ സ്വർഗത്തിലിരുന്ന് നമ്മെ പിന്തുടരുന്നുണ്ട്. അദ്ദേഹം ഇന്നും പറയുന്നു: ''സ്നേഹിക്കലാണ് നിങ്ങളുടെ ജോലി; സ്നേഹത്തിൽ നിങ്ങളെ ആരും പിന്നിലാക്കാതിരിക്കട്ടെ.''

മുപ്പത്തിയെട്ട് വർഷങ്ങൾക്കു മുമ്പ് നമ്മിൽ നിന്നും വേർപിരിഞ്ഞുപോയ ബഹു. ഊക്കനച്ചനെ അറിയാത്ത ഒരു വലിയ വിഭാഗം ആളുകൾ ഇന്നുണ്ട്. ഉപവിസഭാംഗങ്ങളെ സംബന്ധിച്ചും സ്ഥാപക പിതാവിനെക്കുറിച്ച് പഠിക്കാനും അറിയാനും ഉള്ള ഉൽക്കടമായ ആഗ്രഹമുണ്ടായിരിക്കും. ഈ മേഖലയിൽ വളരെ സ്തുത്യർഹമായ ഒരു സേവനമാണ് സി. ലോറൻസ് ചെയ്തുവച്ചിരിക്കുന്നത്. ഡയറിക്കുറിപ്പുകളിലൂടെയും നാളാഗമങ്ങളിലൂടെയും അനുഭവ സാക്ഷ്യങ്ങളിലൂടെയും മുങ്ങിത്തപ്പി താൻ നേരിൽ കണ്ടിട്ടില്ലാത്ത ഊക്കനച്ചന്റെ ഒരുഗ്രൻ ചിത്രം സഹൃദയ സമക്ഷം വരച്ചുവയ്ക്കാൻ സിസ്റ്ററിനു

കഴിഞ്ഞിരിക്കുന്നു. ഇതിൽ സിസ്റ്റർ ലോറൻസിനെ അഭിനന്ദിക്കുകയും ഊക്കനച്ചനെക്കുറിച്ചുള്ള ഈ ഗ്രന്ഥം പൊതു ജനസമക്ഷം അവതരിപ്പിക്കുകയും ചെയ്യുന്നു. ഊക്കനച്ചന്റെ ധന്യമായ ജീവിതം അടുത്തറിയുന്നതിനും അനുകരിക്കുന്നതിനും അനേകായിരങ്ങൾക്ക് ഈ രചന കാരണമാകട്ടെ.



28.08.1994

**മാർ പോൾ ചിറ്റിലപ്പിള്ളി**
കല്യാൺ രൂപതയുടെ മെത്രാൻ

# ആമുഖം



ഉന്നതമായ പദവികളിലേക്ക്, വിശുദ്ധിയുടെ സമ്പൂർണതയിലേക്ക്, ഭാവിയുടെ അനശ്വരതയിലേക്ക് വിളിക്കപ്പെട്ടവനാണ് മനുഷ്യൻ. ദൈവത്തിന്റെ രൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട മനുഷ്യമക്കളോടു ദൈവസുതനായ യേശു ആഹ്വാനം ചെയ്യുന്നു: എന്റെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്ക 6:36) എന്ന്. അങ്ങനെ ദൈവത്തിന്റെ പിതൃഭാവത്തിന്റെ സ്നേഹോഷ്മളത മാനവ മക്കൾക്ക് എക്കാലവും അനുഭവവേദ്യമാക്കി കൊടുക്കുവാൻ ഒരു പദ്ധതിയും അവിടുന്ന് ആവിഷ്കരിച്ചു. എന്റെ ഈ എളിയവരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത് (മത്താ. 25:40). ഭക്ഷണമില്ലാതെ, വസ്ത്രമില്ലാതെ, പാർപ്പിടമില്ലാതെ, രോഗിയായി, ബന്ധനസ്ഥനായി... നിങ്ങളെ സമീപിക്കുന്ന ഓരോരുത്തരിലും ഞാൻ ജീവിക്കുന്നു. അവർക്കു സാന്ത്വനമേകുമ്പോൾ നിങ്ങളിലൂടെ എന്റെ കാരുണ്യവും സ്നേഹവും അവർക്കു ലഭ്യമാകുന്നു. അവർക്കു കൊടുക്കുന്ന ശുശ്രൂഷ എനിക്കുതന്നെയാണ്. അതാണ് യഥാർഥ സ്നേഹം, ആത്മാവിലും സത്യത്തിലുമുള്ള ആരാധന.

യുഗാന്ത്യംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമെന്നു (മത്താ. 28:20) വാഗ്ദാനം ചെയ്ത യേശുവിന്റെ സജീവസാന്നിധ്യം ഉദാത്തമായ ശുശ്രൂഷയിലൂടെയാണ് അവതരിപ്പിക്കപ്പെടുക. ശക്തമായ തന്റെ സാന്നിധ്യം വ്യക്തമായ രീതിയിൽ ചൈതന്യപൂർണരായ വ്യക്തികളിലൂടെ കാലാനുസൃതം ആവിഷ്കരിക്കപ്പെടുന്നുണ്ട് ചരിത്രങ്ങളിൽ. ഇതിനൊരുത്തമ മാതൃകയാണ് തൃശൂർ രൂപതയിലെ വന്ദ്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ - ഉപവി സഭാസമൂഹത്തിന്റെ സ്ഥാപക പിതാവ്.

ബാല്യകാലത്തുതന്നെ കുടുംബ വാത്സല്യങ്ങൾ നഷ്ടപ്പെട്ട അദ്ദേഹം പിൽക്കാലത്ത് അനുഭവിച്ചറിഞ്ഞ ദൈവസ്നേഹത്തിൽ നിന്ന് ഉരുത്തിരിഞ്ഞ കരുണയും ആർദ്രതയും അനേകരിലേക്ക് പരിമിതികളില്ലാതെ പങ്കുവക്കുന്നതിൽ പരിധിവച്ചില്ല. അത് തുടരുന്നതിന് തന്റെ മക്കളേയും പ്രേരിപ്പിച്ചു. ദൈവപിതാവിൽനിന്നും നുകർന്നെടുത്ത ധ്യാനമനനചിന്തകൾ വരുംതലമുറക്കും ഒരു മുതൽക്കൂട്ടായി എഴുതി സൂക്ഷിച്ചിരുന്നത് അദ്ദേഹത്തിന്റെ മരണശേഷം ഈ അടുത്ത നാളുകളിലാണ് കണ്ടെടുത്തത്. ഇംഗ്ലീഷും ലത്തീനും ഇഴചേർത്തെഴുതിയ ഈ ഡയറിക്കുറിപ്പുകളിൽ –Lights from Heaven– അദ്ദേഹത്തിന്റെ മുപ്പത്തിയൊന്ന് വർഷത്തെ ദൈവാനുഭവവും അതിൽ നിന്നും ഉയിർക്കൊണ്ട ജീവിതശൈലിയും പ്രവർത്തന പദ്ധതികളും പകർത്തിവച്ചിട്ടുണ്ട്. ഒരു വലിയ നിധി കണ്ടെത്തിയ സന്തോഷത്തോടെയാണ് ആ ലിഖിതത്തിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലാൻ ശ്രമിച്ചത്. ക്രമമായും ചിട്ടയായും ജാഗ്രതയോടെയും എഴുതിവച്ചിട്ടുള്ള അദ്ദേഹത്തിന്റെ ജീവിതദർശനം സരളമായ ഭാഷയിൽ പരിഭാഷപ്പെടുത്തി അവസരോചിതമായി അവതരിപ്പിച്ചിട്ടുണ്ട് ഈ ചരിത്രഗ്രന്ഥത്തിൽ.

യേശുവിന്റെ കരുണാർദ്ര സ്നേഹത്താൽ ഉയർത്തപ്പെട്ട ഒരു സ്മാരകമാണ് ഞാൻ (1903 ഡിസംബർ 1). അദ്ദേഹം തന്റെ ജീവിതദർശനം സെമിനാരി ജീവിതത്തിന്റെ ആരംഭത്തിൽ എഴുതിവച്ചു. അനാഥത്വത്തിന്റെ നിഴലിൽ ബഹുദൂരം സഞ്ചരിച്ച അദ്ദേഹം ജീവിതപ്രയാണത്തിൽ അനുഭവിച്ചാസ്വദിച്ച ദൈവപിതാവിന്റെ പൈതൃകവാത്സല്യവും കാരുണ്യവും തന്റെ സഹോദരങ്ങൾക്കും അനുഭവവേദ്യമാകണമെന്ന് ഉൽക്കടമായാഗ്രഹിച്ചു. 1903 ജൂൺ 19–ന് അദ്ദേഹം കൂട്ടിച്ചേർത്തു: എല്ലാ ഹൃദയങ്ങളുടേയും നാഥൻ ഞാനായിരുന്നെങ്കിൽ അവയെല്ലാം ഞാനങ്ങേക്ക് സമർപ്പിക്കുമായിരുന്നു എന്ന്. അതിനുവേണ്ടി ഒരു പദ്ധതിയും ആവിഷ്കരിച്ചു: എല്ലായിടത്തും എല്ലായ്പോഴും എന്റെ നാഥനും മാതൃകയുമായ യേശു പ്രവർത്തിച്ചാലെന്നപോലെ ഞാനും പ്രവർത്തിക്കും (1903 ഡിസംബർ 11). തന്റെ നായകനായ യേശുവിനു കൊടുത്ത സമ്മാനം അതായിരുന്നു. ഞാൻ ജീവിക്കുന്നുവെങ്കിൽ അങ്ങയുടെ മഹത്വത്തിനായിമാത്രം, അങ്ങയുടെ തിരുമനസ്സ് നിറവേറ്റുന്നതിന് മാത്രമായിരിക്കട്ടെ (1907 നവംബർ 3). തന്റെ ദൗത്യനിർവഹണം എങ്ങനെയായിരിക്കണമെന്ന് പ്ലാൻചെയ്തു കഴിഞ്ഞു.

പൗരോഹിത്യത്തിലേക്ക് പ്രവേശിച്ച അദ്ദേഹം തന്റെ സെമിനാരി ജീവിതകാലത്ത് സമാഹരിച്ച സനാതനമൂല്യങ്ങൾ മുറുകെപ്പിടിച്ച് മുന്നേറി. സജാതീയനിലും വിജാതീയനിലും കുബേരനിലും കുചേലനിലും യേശു സാദൃശ്യം കണ്ടെത്തി. തന്റെ അജപാലന ധർമത്തിൽനിന്ന് ആരേയും ഒഴിച്ചുനിർത്തിയില്ല. വേണ്ടത്ര രോഗീ പരിചരണ സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് രോഗികളെ അവരുടെ ഭവനങ്ങളിൽച്ചെന്ന് സമാശ്വസിപ്പിക്കണം എന്നത് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. സമുദായത്തിൽനിന്നകറ്റി നിർത്തപ്പെട്ടിരുന്ന അധ:കൃത വർഗക്കാരുടെ ഇടയിലേക്ക് സ്നേഹത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത് ആഴമായ ദൈവാനുഭവത്തിന്റെ പ്രതിഫലനം മാത്രമാണ്. തൃശൂർ സെന്റ് തോമസ് കോളേജ് മാനേജർ ആയിരുന്ന കാലത്തും അദ്ദേഹത്തിന്റെ ചിന്താഗതി ഇങ്ങനെയായിരുന്നു: ദൈവം അനുവദിക്കുകയാണെങ്കിൽ കോളേജുമായുള്ള എന്റെ ബന്ധം വിച്ഛേദിക്കുകയും കുന്ദംകുളത്ത് പോകുകയും അവിടെ ഒരു ചെറിയ പള്ളി, അനാഥശാല, പ്രായമായവർക്കുള്ള അഭയകേന്ദ്രം, വർക്ക്ഷോപ്, പ്രസ്സ്... എന്നിവ ആരംഭിക്കുന്നതിന് പ്രാരംഭ നടപടികൾ തുടങ്ങുകയും വേണം (1924 സെപ്തംബർ 2).

പരിത്യക്തമായ തന്റെ ജീവിതത്തെ ദൈവപിതാവിന് അടിയറവച്ച ഒരു നിമിഷമിതാ – നവാഭിഷിക്തനായി നാട്ടിലേക്ക് തിരിച്ചെത്താൻ ഒരുങ്ങുന്ന അവസരം. യാത്രക്ക് ആവശ്യമായ പണമോ വസ്ത്രമോ സാമഗ്രികളോ ഒന്നുമില്ല. നവപൂജാർപ്പണത്തിന് തന്നെ സ്വീകരിക്കാൻ, ഒരുക്കങ്ങൾ ചെയ്യാൻ, ബന്ധുമിത്രാദികളോ, സാമ്പത്തിക ശേഷിയോ ഇല്ല. ഒരു ദിവസം ദൈവസന്നിധിയിൽ ഇവയെല്ലാമോർത്ത് ഹൃദയവേദനയാൽ കണ്ണീരൊഴുക്കി. അടുത്ത നിമിഷം! ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തു വഴി നമുക്കാവശ്യമുള്ളതെല്ലാം നൽകും (ഫിലി. 4:19) എന്ന തിരുവചനം അദ്ദേഹത്തെ ആശ്വാസചിത്തനാക്കി. പോരാ, തന്റെ ഉൽകണ്ഠയെക്കുറിച്ച് പശ്ചാത്താപവിവശനുമായി! ഒരു അനാഥബാലൻ എന്ന നിലയിൽ വേണ്ടത്ര സംരക്ഷണമില്ലാതെ, സാധാരണഗതിയിൽ നശിച്ചുപോകുവാൻ സാധ്യതയുള്ള തന്നെ സംരക്ഷിച്ച ദൈവത്തോട് എന്നും നന്ദി അർപ്പിച്ചിരുന്നു അദ്ദേഹം.

പരിപൂർണത പ്രാപിക്കാനുള്ള പ്രയാണത്തിൽ സന്നിവേശിതമാകുന്ന ജീവിതാനുഭവങ്ങളോട് താളാത്മകമായി പ്രതികരിക്കുമ്പോൾ


ജീവിതത്തികവും സാക്ഷാത്കാരവും സംലഭ്യമാകുമെന്നദ്ദേഹം ഉറച്ചു വിശ്വസിച്ചു. ഇതിന്റെ സവിശേഷ പ്രയോഗഫലമാണ് ജീവിതത്തികവ് ശാശ്വതമാക്കുന്ന തരത്തിലുള്ള പ്രയോഗരൂപങ്ങളുടെ പുനഃസൃഷ്ടി. അങ്ങനെ 1924-ലെ തന്റെ പദ്ധതി പ്രയോഗത്തിൽ വരുത്തുന്നതിന് വ്യക്തമായ വഴികൾ തെളിഞ്ഞു. സമുദായം സൃഷ്ടിക്കുകയും എന്നാൽ ആ സമുദായംതന്നെ തിരസ്കരിക്കുകയും ചെയ്ത അവശ സഹോദരങ്ങളെ സംരക്ഷിക്കുന്നതിന് അദ്ദേഹം പ്രാരംഭ നടപടികൾ പരിമിതരൂപത്തിൽ തുടങ്ങി, പിന്നീട് തനിക്ക് കടന്നുചെല്ലാൻ സാധിക്കാത്ത രംഗങ്ങളിൽ ദൈവസ്നേഹം ഒഴുക്കുവാൻ തന്റെ മുമ്പിൽ ലഭ്യമായ സംവിധാനങ്ങൾ സ്വരൂപിച്ചെടുത്തു. ദൈവത്തിൽ ആശ്രയിച്ച് ദൈവകരങ്ങളിലെ ഉപകരണമായി പ്രവർത്തിച്ചപ്പോൾ അത് ദൈവത്തിന്റെ കരുണാർദ്രസ്നേഹത്താൽ ഉയർത്തപ്പെട്ട ഒരു സ്മാരകമായി പരിണമിച്ച ചിത്രമാണ് ഉപവിസഹോദരിമാരുടെ സ്ഥാപക പിതാവിന്റെ ഈ ചരിത്രം.

ദൈവമനുഷ്യപ്രണവങ്ങളോട് സർഗാത്മകമായി പ്രതികരിച്ച് തന്നിലെ ശാരീരിക മാനസിക ആധ്യാത്മിക അംശങ്ങളെ വളർത്തി വ്യക്തിയുടെ സമഗ്രവിമോചനം സാധിക്കുന്നതിന് രചനാത്മകമായി പ്രവർത്തിച്ച ഒരു മഹത്വ്യക്തിയും കർമനിരതനുമായ ഊക്കനച്ചനെയാണ് - സ്ഥാപകപിതാവിന്റെ ഈ ചരിത്രത്താളുകളിലൂടെ കടന്നുപോകുമ്പോൾ കണ്ടെത്തുക. താൻ രൂപീകരിച്ചെടുത്ത ആദർശങ്ങളോട് തികഞ്ഞ പ്രതിബദ്ധത പാലിച്ച സ്ഥാപക പിതാവ്, തനിക്ക് ലഭ്യമായ എല്ലാ സാഹചര്യങ്ങളിലൂടെയും ജീവിതത്തികവ് നേടി. ജീവിതത്തിൽ അനുഭവപ്പെട്ട അനാഥത്വവും വിരസതയും സംഘർഷങ്ങളും പിതൃസന്നിധിയിലേയ്ക്ക് അടുക്കുന്നതിനുള്ള ഉപകരണമാക്കി. അതിൽനിന്നും ആർജിച്ചെടുത്ത ചൈതന്യം സാധാരണ ജീവിതത്തിലെ സംഘർഷങ്ങളിൽപെട്ടുഴലുന്നവർക്ക് സാന്ത്വനമേകാൻ സഹായകമായി.

ഈ ചരിത്രഗ്രന്ഥത്തിൽ സ്ഥാപകപിതാവിന്റെ ജീവിത വീക്ഷണവും ആത്മീയതയും ജീവിതാദർശങ്ങളും അദ്ദേഹത്തിന്റെ തന്നെ ഹൃദയ ഭാഷ പരിഭാഷപ്പെടുത്തി ചൈതന്യവത്തായും അവസരോചിതമായും അവതരിപ്പിക്കുന്നതിൽ സിസ്റ്റർ ലോറൻസ് വിജയിച്ചിട്ടുണ്ട്. ശാസ്ത്ര വിഷയം കൈകാര്യം ചെയ്യുന്ന സിസ്റ്ററിന്റെ സാഹിത്യ രംഗത്തെ ഇദംപ്രഥമമായ ഈ സംരംഭം വളരെ ആഴമുള്ളതാണ്. സ്ഥാപക പിതാവിന്റെ അനുഗ്രഹവും സ്ഥാപകചൈതന്യത്തിൽ വേരൂന്നിയ അത്യധ്വാനവും അർപ്പണബോധവുമാണ് ഇക്കാര്യം

സാധിതമാക്കിയത്. സിസ്റ്റർ ലോറൻസിന് സഭാംഗങ്ങൾ എല്ലാവരുടേയും അഭിനന്ദനങ്ങളും നന്ദിയും. ഈ കൃതിയുടെ ഭാഷാപരിശോധന നടത്തി ആശയസമന്വയം നല്കിയ സിസ്റ്റർ റൂത്തിനും ഹൃദയം നിറഞ്ഞ നന്ദി.

അല്പമായ ജീവിതത്തിൽ സർവം സമർപ്പിച്ച് അനല്പനായ സർവശക്തനെ ഉള്ളുകൊണ്ടറിഞ്ഞ് ഉള്ളതെല്ലാം അന്യർക്ക് ഉതകും വിധം അർപ്പണം ചെയ്ത ആ ധന്യാത്മാവിന്റെ ഉൽക്കടങ്ങളും തീക്ഷ്ണങ്ങളുമായ ആത്മധ്വനി ഉൾക്കൊള്ളാൻ നമുക്കു സാധിക്കട്ടെ.



28.08.1994

**സിസ്റ്റർ ഡൊണാറ്റ സിഎസ്സി**

സുപ്പീരിയർ ജനറൽ

# അരികെ

### അരികെയുണ്ടായിരുന്ന...

ത്രിത്വൈക ദൈവത്തിന്, പരിശുദ്ധ അമ്മക്ക്, യൗസേപ്പിതാവിന്, കാവൽ ദൂതന്...

കൂടെ നടക്കുന്ന ഒരു സുഹൃത്തിനെപ്പോലെ, തെറ്റ് തിരുത്തുന്ന ഒരു ഗുരുവിനെപ്പോലെ, മാർഗങ്ങളൊക്കെ അടഞ്ഞുപോകുമ്പോൾ ഒരു ദൈവദൂതനെപ്പോലെ, പ്രതീക്ഷയുടെ അവസാനത്തെ ചെറു തിരിയും അണഞ്ഞുപോയി എന്നു തോന്നുമ്പോൾ ഒരു ചെറുദീപം പോലെ, ഹൃദയാകാശത്ത് ജ്വലിച്ചു നിൽക്കുന്ന ഒരു ദൈവിക വെളിപാടുപോലെ നയിക്കുകയും വളർത്തുകയും പ്രചോദനമേകുകയും ബലപ്പെടുത്തുകയും ചെയ്യുന്ന വത്സല പിതാവ് ഊക്കനച്ചന്...

ഹൃദയംതൊടുന്ന ഓർമകളുടെ സമന്വയംകൊണ്ടും ആവേശം ജനിപ്പിക്കുന്ന വരികളുടെ സാന്ത്വനംകൊണ്ടും പ്രൗഢമായ അവതാരിക എഴുതി കാലാതീതനായ കർമയോഗിക്ക് തിലകക്കുറി ചാർത്തിയ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്...

തുളഞ്ഞുകയറുന്ന നോട്ടങ്ങളിലും ചെറിയ ചെറിയ വർത്തമാനങ്ങളിലും വലിയ കരുതലും  സ്നേഹവും സൂക്ഷിക്കുകയും വലിപ്പമുള്ള ഹൃദയാക്ഷരങ്ങളിലൂടെ ആദ്യ പതിപ്പിനെ അനുഗ്രഹിക്കുകയും ചെയ്ത അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവിന്...

ഉപവി സന്യാസിനി സമൂഹസ്ഥാപകൻ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ആത്മീയതയും ചരിത്രവും പിതാവിന്റെ ഡയറിക്കുറിപ്പുകളുടെയും  കോൺഫ്രൻസുകളുടെയും വെളിച്ചത്തിൽ അനാവരണം ചെയ്യുവാൻ ആവശ്യപ്പെടുകയും ആമുഖം എഴുതി

ചേർത്തുനിർത്തുകയും ചെയ്ത സിഎസ്സി യുടെ മുൻ സുപ്പീരിയർ ജനറൽ റവ. മദർ ഡൊണാറ്റ സിഎസ്സി ക്ക്...

പുസ്തകാഭിപ്രായമെഴുതി ഈ ഉദ്യമത്തെ ധന്യമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത സിഎംഐ സന്യാസ സമൂഹത്തിന്റെ മുൻ വികാരി ജനറാൾ റവ. ഫാ. സെബാസ്റ്റ്യൻ പൂണോളിക്ക്....

ജോലിത്തിരക്കിനിടയിലും കുത്തിയിരുന്ന് ആദ്യ പതിപ്പിന്റെ അക്ഷരത്തെറ്റുകൾ മുഴുവനും തിരുത്തിത്തന്ന, മലയാള ഭാഷയെ പ്രണയിക്കാൻ പ്രചോദനമേകിയ പ്രധാനാധ്യാപിക റവ. സി. റൂത്ത് സിഎസ്സി ക്ക്...

രേഖകളുടെ ആധികാരികതയിൽ കാലാതീതനായ കർമയോഗി രണ്ടാംപതിപ്പ് തയ്യാറാക്കുവാൻ ആവശ്യപ്പെടുകയും കരുതലും പ്രോത്സാഹനവും നൽകുകയും മാതൃവാത്സല്യത്തോടെ സന്ദേശമെഴുതി അനുഗ്രഹിക്കുകയും പ്രാർഥനയിൽ സുരക്ഷിതമാക്കുകയും ചെയ്ത സിഎസ്സി യുടെ സുപ്പീരിയർ ജനറൽ റവ. മദർ റിൻസി സിഎസ്സി ക്ക്...

അൽപനേരമെങ്കിലും നോക്കിയിരിക്കാൻ കൊതിപ്പിക്കും വിധം ചൈതന്യത്തിലേക്ക് ഊളിയിട്ടിറങ്ങാൻ പ്രേരണ നൽകുന്ന മുഖചിത്രമൊരുക്കുകയും അകത്തെ പുറങ്ങളിലെ ചിത്രങ്ങൾക്ക് അഴകും മിഴിവും പകർന്ന് ലേ ഔട്ട് തയ്യാറാക്കുകയും ചെയ്ത എത്ര നന്ദി പറഞ്ഞാലും തികയാതെ വരുന്ന ശാന്തി ഭവൻ ഓഫ്സെറ്റ് പ്രസ്സിലെ ശ്രീ രമേഷ് ചന്ദ്രന്...

ഈ പുസ്തകം മുഴുവനും ടൈപ്പ് ചെയ്യാനും ക്രോഡീകരിക്കാനും സഹായിച്ച ശാന്തി ഭവൻ ഓഫ്സെറ്റ് പ്രസ്സിലെ സുബി, രേവതി എന്നീ നന്മയുള്ള ഹൃദയങ്ങൾക്ക്...

ശാന്തമായ വാക്കുകളിലൂടെയും വേഗതയാർന്ന നീക്കങ്ങളിലൂടെയും ഏറ്റവും വേഗത്തിൽ ഈ പുസ്തകം പൂർത്തിയാക്കുവാൻ സഹായിച്ച ശാന്തി ഭവൻ ഓഫ്സെറ്റ് പ്രസ്സ് മാനേജർ റവ. സിസ്റ്റർ സജീവ സിഎസ്സി ക്കും പ്രസ്സിലെ കഠിനാധ്വാനപ്രിയരായ എല്ലാ സുഹൃത്തുക്കൾക്കും...

കടുപ്പമേറിയ ഉത്തരവാദിത്വങ്ങൾക്കിടയിലും ഏറ്റവും നിസ്സാരമായ കാര്യങ്ങളിൽപോലും അതീവ ശ്രദ്ധ പതിപ്പിച്ച സിഎസ്സി ജനറൽ കൗൺസിലിന്...

ഞങ്ങളുടെ തിരക്കുകൾ വലുതല്ല, സിസ്റ്ററിന്റെ പുസ്തകമാണ് വലുത് എന്നമട്ടിൽ സമയം തന്ന് സഹായിച്ച... ഹൃദയപൂർവം ചേർന്നു നിൽക്കുന്ന തോട്ടുവ, മുല്ലക്കര സിഎസ്സി പ്രാദേശിക സമൂഹങ്ങൾക്ക്...


ആഴമായ ഇടപെടലുകളിലൂടേയും സൗഹൃദങ്ങളിലൂടേയും പ്രാർഥനകൊണ്ടും നിർദേശങ്ങൾ നൽകിയും പ്രചോദനമായി നിലകൊണ്ട സിഎസ്സി കുടുംബത്തിന്...

ഒടുവിൽ, രണ്ടാം പതിപ്പ് രൂപപ്പെടുത്തുവാൻ നേരമായില്ലേ എന്ന് ഇടയ്ക്കിടയ്ക്ക് ഓർമപ്പെടുത്തിക്കൊണ്ട് അരികിലുണ്ടായിരുന്ന ഓരോരുത്തർക്കും...



**നന്ദി**

സിസ്റ്റർ ലോറൻസ് സിഎസ്സി



“ദൈവത്തിന്റെ കരുണ
എനിക്കു ലഭിച്ചു. ഇനിമുതൽ
ഞാൻ ദൈവത്തിന്റെ
അനന്തകാരുണ്യത്താൽ
ഉയർത്തപ്പെട്ട
സ്മാരകമായിരിക്കും.
ദിവ്യകാരുണ്യത്തിന്റെ
അനന്തശക്തിയാൽ
രക്ഷിക്കപ്പെട്ടവനാണ് ഞാൻ.
അതുകൊണ്ട് ഞാൻ
നിത്യകാലത്തോളം ദൈവത്തിന്റെ
കാരുണ്യം പ്രഘോഷിക്കും.
എന്റെ ജീവിതത്തിലുടനീളം
ഞാനത് അനുഭവിച്ചിട്ടുണ്ട്.
അതുകൊണ്ട് പാവങ്ങളോടും
ദുർബലരോടും കരുണാർദ്രത
യോടെ പെരുമാറുകയും
അവരുടെ ഈ അവസ്ഥ
മെച്ചപ്പെടുത്തുവാൻ
എല്ലായ്പോഴും പ്രത്യേകിച്ച്
ഒരു പുരോഹിതനെന്ന
നിലയിൽ സത്രം
സൂക്ഷിപ്പുകാരനായിരിക്കു
മ്പോഴും പരിശ്രമിക്കുകയും
ചെയ്യും.”
“നാം എല്ലാവരേയും സ്നേഹി
ക്കണം. രോഗികളോടും
പാവപ്പെട്ടവരോടും സമുദായം
അവഗണിച്ചവരോടും
പ്രത്യേക പരിഗണന
കാണിക്കുകയും വേണം.”

## അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിത തീർഥയാത്രയിലൂടെ

| | |
|---|---|
| 1880 ഡിസം. 19 | ജനനം, തൊയക്കാവ് |
| 1880 ഡിസം. | മാമ്മോദീസ, ഏനമ്മാവ് |
| 1895 | ആയത്ത പഠനം |
| 1898 ഏപ്രിൽ 17 | കാന്റി സെമിനാരി പ്രവേശനം |
| 1900 ഡിസം. 22 | വൈദിക വസ്ത്ര സ്വീകരണം |
| 1904 ഡിസം. 17 | ചെറിയ പട്ടങ്ങൾ |
| 1905 ഡിസം. 23 | സബ് ഡീക്കൻ പട്ടം |
| 1906 ഡിസം. 22 | ഡീക്കൻ പട്ടം |
| 1907 ഡിസം. 21 | തിരുപ്പട്ട സ്വീകരണം |
| 1907 ഡിസം. 22 | നവപൂജാർപ്പണം |
| 1907 ഡിസം. - 1909 സെപ്തം. | സെന്റ് തോമസ് സ്കൂളിന്റെ അസിസ്റ്റന്റ് മാനേജർ |
| 1909 സെപ്തം. - 1909 ഡിസം. 31 | കണ്ടശാംകടവ് വികാരി, വാടാനപ്പിള്ളി ഇടവകയുടെ നടത്തുവികാരി. |
| 1910 ജനു. 1 - 1917 ഡിസം. 31 | മൈനർ സെമിനാരി റെക്ടർ, ഈ കാലഘട്ടത്തിൽ കുറച്ചുനാൾ വിജയപുരം പള്ളി വികാരി, 1913- ൽ നാലുമാസം ചിറളയം, ചൊവ്വന്നൂർ പള്ളികളുടെ വികാരി. |
| 1913 ജൂലൈ - 1917 ജനു. 13 | മേനാച്ചേരി മെത്രാനച്ചന്റെ സെക്രട്ടറി |
| 1918 ജനു. 1 - 1918 ഡിസം. 21 | ലൂർദ് കത്തീഡ്രൽ വികാരി |
| 1918 ഡിസം. 21 - 1921 ഏപ്രിൽ | കോട്ടപ്പടി പള്ളി വികാരി, ഈ കാലയളവിൽ ആർത്താറ്റ് പള്ളി വികാരിയുമായിരുന്നു. |
| അഞ്ഞൂർ, ഇയ്യാൽ, വെള്ളറക്കാട്, ഗുരുവായൂർ, ഒരുമനയൂർ, പാറേമ്പാടം, ആളൂർ, പോന്നോർ എന്നിവിടങ്ങളിൽ ഊക്കനച്ചൻ പൊതുവികാരിയൊ, നടത്തുവികാരിയൊ ആയിരുന്നിട്ടുണ്ട്. | |

| | |
|---|---|
| 1921 - 1925 | സെന്റ് തോമസ് കോളേജ് മാനേജർ |
| 1925 നവം. - 1928 | മറ്റം പള്ളി വികാരി |
| 1928 ജനു. 28 - 1954 | ചൊവ്വന്നൂർ പള്ളി വികാരി |
| 1929 | അനാഥശാലയുടെ സ്ഥാപനം |
| 1930 നവം. 21 | സ്ത്രീകൾക്കായുള്ള ഭക്തസംഘടനയുടെ സ്ഥാപനം |
| 1932 ഡിസം. 22 | പൗരോഹിത്യ രജത ജൂബിലി |
| 1933 ജൂൺ 12 | ചിറളയം പള്ളി വികാരി |
| 1939 ജനു. 25 - 1941 നവം. 10 | പാലയൂർ പള്ളി വികാരി |
| 1940 ഡിസം. 19 | ഷഷ്ടിപൂർത്തി |
| 1944 നവം. 9 | മാതൃഭവനം ആശീർവാദം |
| 1944 നവം. 13 | ചാരിറ്റി സന്യാസിനി സമൂഹത്തിന് സ്ഥാപനാനുമതി |
| 1944 നവം. 21 | ചാരിറ്റി സന്യാസിനി സമൂഹം ഔദ്യോഗികമായി ആരംഭിച്ചു |
| 1945 മാർച്ച് 18 | സഭാവസ്ത്രത്തിന് അംഗീകാരം |
| 1945 മെയ് 3 | ആദ്യ സഭാംഗങ്ങളുടെ സഭാവസ്ത്ര സ്വീകരണം |
| 1946 ആസ്റ്റ് 28 | കൊക്കാല സെന്റ് അഗസ്റ്റിൻ മഠം സ്ഥാപനം |
| 1946 ഒക്ടോ. 28 | മുണ്ടത്തിക്കോട് ക്രിസ്തുരാജ മഠം സ്ഥാപനം |
| 1948 ജനു. 1 | ആദ്യ സഭാംഗങ്ങളുടെ പ്രഥമ വ്രത വാഗ്ദാനം |
| 1950 ഫെബ്രു. 2 | കുന്ദംകുളം നസറത്ത് പഠന മന്ദിരം സ്ഥാപനം |
| 1950 ഫെബ്രു. 18 | ചൊവ്വന്നൂർ ഫാറ്റിമാ മഠം സ്ഥാപനം |
| 1952 ജനുവരി | കാഞ്ഞിരപ്പള്ളിയിലെ കടമപ്പുഴ ആശുപത്രിയിൽ ശുശ്രൂഷ ആരംഭിച്ചു |

| | |
|---|---|
| 1953 സെപ്തം. 8 | മുല്ലശേരി ദൈവപരിപാലനാ മഠം സ്ഥാപനം |
| 1954 ഫെബ്രു. 11 | ഉപവി സഹോദരിമാർ കുഷ്ഠരോഗികളുടെ ശുശ്രൂഷയിൽ |
| 1954 മാർച്ച് 19 | കല്ലൂർ സെന്റ് ജോസഫ് മഠം സ്ഥാപനം |
| 1954 - 1956 | വിശ്രമ ജീവിതം |
| 1955 നവം. 21 | പുതുശേരി മരിയ റെജീന മഠം സ്ഥാപനം |
| 1955 മെയ് 4 | സിനാക്സിസ് ആഹ്വാനം - സർക്കുലർ |
| 1955 മെയ് 30 | പ്രഥമ സിനാക്സിസ് |
| 1956 ഒക്ടോ. 4 | അവസാന ദിവ്യബലിയർപ്പണം |
| 1956 ഒക്ടോ. 13 | രോഗീലേപനം |
| 1956 ഒക്ടോ. 13 | പിതൃസന്നിധിയിലേക്ക് |
| 2007 നവം. 30 | നാമകരണ നടപടികളുടെ ആരംഭം |
| 2008 ആഗസ്റ്റ് 24 | ദൈവദാസൻ |
| 2008 ആഗസ്റ്റ് 31 | അതിരൂപതാ ട്രൈബ്യൂണൽ സ്ഥാപനം |
| 2010 മാർച്ച് 24 | കല്ലറ തുറന്ന് ഭൗതികശരീരം പരിശോധിച്ച്, തിട്ടപ്പെടുത്തി, പുനഃസ്ഥാപിച്ചു. |
| 2012 മെയ് 23 | അതിരൂപതാ ട്രൈബ്യൂണൽ സമാപനം |
| 2018 ഡിസം. 21 | ധന്യൻ |



ഊക്കനച്ചൻ ഉപയോഗിച്ചിരുന്ന റിക്ഷ

# 1

## ചരിത്ര പശ്ചാത്തലം

തിരുസഭയെ വളർത്തുന്നതും ശക്തമാക്കുന്നതും ഓരോ കാലഘട്ടത്തിന്റെയും ആവശ്യങ്ങൾക്കനുസരിച്ച് അവളുടെ സ്ഥാപകനായ യേശുക്രിസ്തു ചില പ്രത്യേക വ്യക്തികൾക്കു നൽകുന്ന സിദ്ധികളിലൂടെയാണ്. സഭാചരിത്രത്തിന്റെ താളുകളിലൂടെ കടന്നുപോകുമ്പോൾ, യേശുക്രിസ്തുവിൽ നിന്നും പ്രത്യേക സിദ്ധികൾ ലഭിച്ച വ്യക്തികൾ സഭയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ പ്രതിസന്ധികൾ ആഞ്ഞടിച്ചപ്പോൾ അവളെ നയിക്കുകയും ഉൾക്കാഴ്ചകൾ നൽകി കൂടുതൽ അർഥവും വ്യാപ്തിയും ജീവനും നൽകിയിരുന്നതുമായി കാണുവാൻ സാധിക്കും. അവർ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടിരുന്നു.[1]

ഓരോ കാലത്തിന്റേയും വെല്ലുവിളികൾക്കനുയോജ്യമായ സുവിശേഷമൂല്യങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് അവരിൽ പലരും പുതിയ ജീവിതരീതി ആരംഭിക്കുകയും ധാരാളം അനുയായികൾ അവർക്കുണ്ടാവുകയും ചെയ്തു.

കേരളസഭയെയും ഇതുപോലെയുള്ള ദൈവമനുഷ്യർ നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള വിശുദ്ധാത്മാക്കളിൽ ഒരാളാണ് അഗതികളുടേയും ആലംബഹീനരുടേയും പാവങ്ങളുടേയും സമുദായം ഭ്രഷ്ട് കൽപിച്ചവരുടേയും

അതിർവരമ്പിൽ കഴിയുന്നവരുടേയും സമഗ്രമായ ഉദ്ധാരണത്തിനായി ജീവിതം സമർപ്പിച്ച അവിഭക്ത തൃശൂർ അതിരൂപതയിലെ കരുണാർദ്ര സ്നേഹത്തിന്റെ പ്രവാചകനും പ്രഘോഷകനും ചാരിറ്റി സന്യാസിനി സമൂഹത്തിന്റെ (csc) സ്ഥാപകനുമായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. അരനൂറ്റാണ്ടോളം അതിരൂപതയുടെ ബഹുമുഖമായ വളർച്ചയിൽ അനുപമമായ പങ്കുവഹിച്ചിട്ടുള്ള വൈദിക ശ്രേഷ്ഠനും ക്രാന്തദർശിയുമാണ് ഊക്കനച്ചൻ. ജീവിതം ക്രൂശിതനായ ഈശോയുമായി താദാത്മ്യപ്പെടുത്തുവാൻ സദാ ജാഗ്രത പുലർത്തി, ജീവിത സാഹചര്യങ്ങളെല്ലാം അതിനുള്ള നിമിത്തങ്ങളായിക്കണ്ട് ഇടുങ്ങിയ വഴികളിലൂടെ സഞ്ചരിച്ച്, ജീവിതം ക്രൂശിതനോടുള്ള പ്രണയഗീതമാക്കി മാറ്റി ഒരു സ്നേഹസംസ്കാരത്തിന് തിരിതെളിച്ച് മുറിവേറ്റ് വിരൂപമാക്കപ്പെട്ട മുഖങ്ങളിൽ ഈശോയെ ദർശിച്ച് രൂപഭംഗി വരുത്തിയ ഒരു സ്നേഹഗായകനാണ് അദ്ദേഹം.

ഇപ്പോൾ അദ്ദേഹം ചൊവ്വന്നൂർ സെന്റ് തോമസ് കത്തോലിക്ക ദേവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു. ക്രൈസ്തവ ജീവിതത്തിൽ വിശുദ്ധി എന്നത് അപ്രാപ്യമായ ഒന്നല്ലെന്നും എല്ലാവർക്കും അത് സ്വന്തമാക്കാമെന്നും അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു. സാധാരണ പ്രവൃത്തികളാണ് ഒരുവനെ വിശുദ്ധനാക്കുന്നത്.[2]

## ഊക്കൻ തറവാട്

ഒരാളുടെ വ്യക്തിവിലാസം അയാളുടെ കുടുംബ പാരമ്പര്യത്തിൽ നിന്നും, പ്രവർത്തനങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കും. ഊക്കൻ തറവാടിനെപ്പറ്റി ചരിത്രരേഖകൾ പറയുന്നതിങ്ങനെ: ബഹു. അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ പൂർവികർ വളരെ ഉദാരമതികളായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന ചരിത്രരേഖകളുണ്ട്. പ്രസ്തുത ചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ തിരുവിതാംകൂറിന്റെ ഏതാണ്ട് വടക്കെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ആലങ്ങാട് സുറിയാനി സഭാചരിത്രത്തിൽ വളരെ പ്രാധാന്യം വഹിക്കുന്നതും സുറിയാനിക്കാർ വളരെക്കാലം മുമ്പുതന്നെ ആ സ്ഥലത്ത് കുടിയേറിപ്പാർത്തു തുടങ്ങിയതുമാണെന്നു കാണാം. ഫലഭൂയിഷ്ഠികൊണ്ടും സമ്പൽസമൃദ്ധികൊണ്ടും പ്രശോഭിച്ചിരുന്ന ആ ദേശത്ത് ഏകദേശം പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മതിലകത്തു കുടുംബം അതിന്റെ സകല ഐശ്വര്യത്തോടും പ്രതാപത്തോടുംകൂടി സ്ഥിതി ചെയ്തിരുന്നു. ഇവരുടെ സർക്കാർ എഴുത്തുകുത്തുകളിൽ ഇവർ

മഹോദേവർ പട്ടണം മുതലായ സ്ഥലങ്ങളിൽ ഉൾപ്പെട്ടവരെന്ന് കാണുന്നതിനാൽ പണ്ട് മഹോദേവർ പട്ടണം എന്ന് അറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂർ സ്വദേശികളായിരുന്നുവെന്നും കാലാന്തരത്തിൽ കൊടുങ്ങല്ലൂർ നിന്നും ആലങ്ങാട്ടുവന്നു താമസിച്ചതാണെന്നും മനസ്സിലാക്കാം. പോർട്ടുഗീസ് മിഷണറിമാരിൽ ചിലരുടെ ഭരണ ദൂഷ്യഫലമായി മലങ്കരയിലെ നസ്രാണി സമുദായത്തിന് 1655-ൽ ഒരു പിളർപ്പുണ്ടാവുകയും പഴയകൂർ എന്നും പുത്തൻകൂർ എന്നും രണ്ട് വകുപ്പുകൾ അന്നുമുതൽ ഉത്ഭവിക്കുകയും ചെയ്തു. ഈ വാർത്ത പരിശുദ്ധ സിംഹാസനം അറിഞ്ഞപ്പോൾ മലയാളക്കരയിലെ സുറിയാനി സഭയെ ഭരിക്കുന്നതിനായി കർമലീത്ത മിഷണറിമാരെ അയച്ചു. കർമലീത്ത സഭക്കാർ 1660-ാമാണ്ടിൽ ഇദംപ്രഥമമായി മലയാളക്കരയിൽ പ്രവേശിച്ചു. ഇങ്ങനെ പോർട്ടുഗീസ് നുകത്തിൻ കീഴിൽ നിന്നും സുറിയാനിക്കാരെ വിടുതൽ ചെയ്തു. ഇവരുടെ ചെലവിലേയ്ക്കായി ഒരു തുക വർഷത്തിലൊരു പ്രാവശ്യം റോമയിൽനിന്നും അയച്ചുകൊടുക്കുമായിരുന്നു. കുറേക്കാലം കഴിഞ്ഞപ്പോൾ ഏതോ കാരണത്താൽ റോമയിൽനിന്നും പണം അയച്ചു കൊടുക്കാതിരിക്കുകയും മിഷണറിമാർക്ക് വളരെയധികം ബുദ്ധിമുട്ടിനു കാരണമായിത്തീരുകയും ചെയ്തു. ഈ കാലഘട്ടത്തിൽ സമ്പൽസമൃദ്ധികൊണ്ട് ശോഭിച്ചിരുന്ന ആലങ്ങാട്ടു മതിലകത്തെ കാരണവരോട് കുറെ പണം ആവശ്യപ്പെടുകയും ഉദാരമനസ്കനായ അദ്ദേഹം മൂവായിരം രൂപ മിഷണറിമാർക്ക് കൊടുക്കുകയും ഏകദേശം നാല്പതു വർഷങ്ങളോളം അവർക്ക് ചെലവിനു കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു.

എന്നാൽ കുറെക്കാലം കഴിഞ്ഞപ്പോൾ ചെലവായ പണം മുഴുവൻ റോമയിൽനിന്നും മിഷണറിമാർക്ക് അയച്ചുകൊടുത്തു. മതിലകത്തേയ്ക്കു ചെലവായ സംഖ്യ മുഴുവനും തിരിച്ചുകൊടുത്തപ്പോൾ കാരണവർ അതു വാങ്ങാതെ രൂപതയിലേയ്ക്ക് ദാനമായി കൊടുത്തു. 1712 മുതൽ 1750 വരെ വരാപ്പുഴ രൂപതയെ ഭരിച്ചിരുന്ന വന്ദ്യനായ യോഹന്നാൻ ബവദിസ്താമെത്രാനും മിഷണറിമാരും ഈ ഉദാരമനസ്കതയെപ്പറ്റി പ്രശംസിച്ച് പരിശുദ്ധ സിംഹാസനത്തെ അറിയിച്ചു. തത്ഫലമായി മതിലകത്തെ കാരണവർക്ക് ഡ്യൂക്ക് എന്ന സ്ഥാനവും അതിന്റെ ചിഹ്നങ്ങളായി വാളും, മുദ്രയും, മാലയും അയച്ചുകൊടുത്തു. കൂടാതെ സുവിശേഷസംഭവങ്ങളെ ചിത്രീകരിക്കുന്ന ഒരു പുസ്തകവും, പണ്ടു കാലത്ത് കിഴക്കൻ പ്രദേശങ്ങളിലും ഈജിപ്തിലും ഉണ്ടായിരുന്നതും, സാധാരണ വാടിയതുപോലെ ഇരിക്കുന്നതും ചൂടുവെള്ളത്തി

ലിടുമ്പോൾ വിടരുന്നതും, അതിൽനിന്നുമെടുക്കുമ്പോൾ പൂർവസ്ഥിതി പ്രാപിക്കുന്നതുമായ ഒരു വിശിഷ്ട പുഷ്പവും, ജോർദാനിലെ അത്ഭുത ലില്ലിയും പന്ത്രണ്ടു ശ്ലീഹന്മാരുടെയും മറ്റു ചില വിശുദ്ധ രുടെയും തിരുശേഷിപ്പുകളും മധ്യത്തിൽ ഉണ്ണീശോയുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും സ്വരൂപവുമുള്ള മനോഹരമായ ഒരു അരുളിക്കയും പാരിതോഷികമായി അയച്ചുകൊടുത്തു. ഇവ യെല്ലാം അയച്ചിരിക്കുന്നുവെന്നുള്ള സാക്ഷ്യത്തിനായി മതിലകത്തു കാരണവരെ ശ്ലാഘിച്ചും ശ്ലീഹായ്ക്കടുത്ത ആശീർവാദത്തോടുകൂടി വെള്ളത്തുകലിന്മേൽ തങ്കമഷിയിൽ എഴുതപ്പെട്ടിരുന്ന ഒരു തിരുവെ ഴുത്തും കൂടി വരാപ്പുഴ മിഷണറിമാർ വഴി അയച്ചുകൊടുത്തു.



റോമിൽ നിന്നും ലഭിച്ച വിശേഷപ്പെട്ട
പുസ്തകത്തിന്റെ പേജുകൾ



കുരിശ് വച്ചിട്ടുള്ള രൂപക്കൂട്



അരുളിക്ക



പരി. കന്യകാമറിയത്തിന്റെ
ദാരുശില്പം




ഉണ്ണീശോയുടെ ദാരുശില്പം



ജോർദാനിലെ അത്ഭുത ലില്ലി
പുഷ്പം

3

## chart No: 1



തലമുറ
I
II
III
IV
മാത്തു
വറിയത്
അയ്പു
മാത്തു
മാത്തു
കുഞ്ഞിചെറിയ
വറിയത്
റൈത്തോർ
ഔസേപ്പ്
തോമ
ഒരു മകൻ മാത്രം
കുഞ്ഞിപൌലോത്
മക്കളില്ല.
അവസ്രേപ്പ്
അയ്പു
മാത്തു
കുട്ടി വറിയത്
തോമ
കുഞ്ഞുവറിയത്
കുഞ്ഞയ്പു
അയ്പു
കുഞ്ഞവര
മാത്തു
പൌലോത്
വടക്കേ വീട്
മക്കളില്ല
മഠത്തി പറമ്പ്
ചക്കാല പറമ്പ്
കിഴക്കേവീട്
തെക്കേ വീട് I
തെക്കേ വീട് II
പുത്തൻ വീട്
അഴകപ്പുള്ളി പറമ്പ്
വറിയത് മല്പാൻ
പടിഞ്ഞാറെ വീട്

മതിലകത്തെ കാരണവർക്ക് കിട്ടിയ ബഹുമതി അദ്ദേഹത്തിന്റെ സന്തതികളും ഉപയോഗിച്ചുപോന്നു. എന്നാൽ പാരമ്പര്യമായി ഉപയോഗിച്ചുകൊണ്ടിരുന്ന ഡ്യൂക്ക് അല്ലെങ്കിൽ സുറിയാനിഭാഷയിൽ ദുക്കാ എന്ന പദത്തെ വൈകല്യപ്പെടുത്തി ഊക്കൻ എന്ന് വിളിക്കാൻ തുടങ്ങി. അങ്ങനെ കാലാന്തരത്തിൽ ഡ്യൂക്ക് ഊക്കനായി പരിണമിച്ചു.

ഇവയെല്ലാം തത്തമ്പിള്ളിയിൽ സൂക്ഷിച്ചിരിക്കുന്നു. തത്തമ്പിള്ളിയിലുള്ളവർ ഇന്നും അറിയപ്പെടുന്നത് ഡ്യൂക്കന്മാർ എന്നാണ്. തിരുവിതാംകൂർ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ടിപ്പു സുൽത്താൻ ആലങ്ങാട്, പറവൂർ മുതലായ ദേശങ്ങളെ കൊള്ള ചെയ്ത കാലത്ത് മതിലകത്തുകുടുംബക്കാർ അവരുടെ സർവസ്വത്തുക്കളും ഉപേക്ഷിച്ച് ജീവരക്ഷാർഥം ഓടി ഒളിക്കേണ്ടതായി വന്നു. ഇത്തരുണത്തിൽ ഇവരിൽ കുറെപ്പേർ തത്തമ്പിള്ളിയിലേയ്ക്കും കുറെപ്പേർ എടക്കുളത്തേയ്ക്കും പോയി. ടിപ്പുവിന്റെ ആക്രമണം പൂർണമായി ശമിച്ചുകഴിഞ്ഞപ്പോൾ കാലങ്ങൾ പിന്നിട്ടു. ആ സമയത്തിനുള്ളിൽ തത്തമ്പിള്ളി, എടക്കുളം മുതലായ ദേശങ്ങളിൽപോയി രക്ഷപ്പെട്ട ആളുകൾ അവരുടെ കൈവശമുണ്ടായിരുന്ന പണം കൊണ്ട് വീടുകൾ പണിയുകയും വസ്തുക്കൾ വാങ്ങിക്കുകയും ചെയ്തു. ഇപ്പോൾ ഈ കുടുംബക്കാർ തത്തമ്പിള്ളി, എടക്കുളം, അങ്കമാലി, തൃശൂർ മുതലായ ദേശങ്ങളിൽ താമസിക്കുന്നുണ്ട്.


ഏറ്റവും മൂത്ത താവഴിയായ വടക്കേവീട് താവഴിയിൽ ഏകദേശം 78 വീടുകളിലായി 392 അംഗങ്ങൾ ജീവിച്ചിരുന്നു. ഇവരിൽ വടക്കേവീട് താവഴിയിലെ അന്തപ്പൻ എടക്കുളത്ത് പുന്നാമ്പറമ്പിലാണ് താമസിച്ചിരുന്നത്.[4]

അദ്ദേഹത്തിന്റെ സഹോദരി അച്ചാരുണ്ണിയെ പറപ്പൂർ ചിറമ്മേൽ വീട്ടിലേയ്ക്ക് വിവാഹം ചെയ്തുകൊടുത്തിരുന്നു. ഈ വിവാഹം നടന്ന് ഏതാനും വർഷം കഴിഞ്ഞപ്പോൾ അന്തപ്പൻ, എടക്കുളത്തുള്ള സ്ഥലം വിറ്റ് അളിയന്റെ നാടായ പറപ്പൂർ വന്നു താമസമാക്കി.

ഭാരതത്തിന്റെ ഭാസുരാരാമമായ കേരളത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന സാംസ്കാരികാസ്ഥാനമാണ് തൃശൂർ. പൂരങ്ങളുടേയും, ആഘോഷങ്ങളുടേയും നൃത്തവാദ്യമേളങ്ങളുടേയും, ശാസ്ത്രസാങ്കേതികവിദ്യകളുടേയും വിളനിലമാണ് മധ്യകേരളത്തിലെ ഈ പട്ടണം. പട്ടണത്തിൽ നിന്നും പതിനാലു കിലോമീറ്റർ അകലെ വലിപ്പം കൊണ്ട് കുട്ടനാടൻ കായലിനു തൊട്ടു പിന്നിൽ നില്ക്കാ

5

## chart No: 2


തലമുറ
IV
V
VI
VII
വടക്കേവീട് - അവുസേപ്പ്
വറിയത്
മാത്തു
കുരിയപ്പൻ
കുഞ്ഞിപ്പാവു
ഒരു മകനുണ്ടായതു മരിച്ചു
അയ്പു
അന്തോണി
ഇട്ട്യേര
അവുസേപ്പ്
ചാക്കോരു
മരിച്ചു
അവുസേപ്പ്
അവുസേപ്പ്
മാത്തു
വറിയത്
തോമസ്
അവുസേപ്പ്
ഔസേപ്പ്
കുഞ്ഞുവറിയത്
രണ്ട് പെൺമക്കൾ മാത്രം
കുഞ്ഞിപൌലോത്
അന്തപ്പൻ - ഏകമകൻ വൈദീകൻ
ദേവസ്സി
വറിയത്
അന്തോണി - രണ്ട് പെൺമക്കൾ മാത്രം
മാത്തു
കുരിയപ്പൻ
പൈലോത്
താരു - ഒരു വിവരവും ഇല്ല
അയ്പു - ഏക മകൻ ഒരു മകൾ മാത്രം
കാക്കപ്പൻ
അന്തോണി - മൂന്ന് പെൺമക്കൾ മാത്രം
തോമൻ
അന്തോണി
കുഞ്ഞുവറിയത്
തോമൻ - മക്കളില്ല
കുര്യപ്പൻ
അന്തോണി
ആഗസ്തി
സിറിൾ
കൊച്ചുവറിയത്
കുഞ്ഞിതോമൻ - മരിച്ചു
ഇട്ടിയച്ചൻ
കൊച്ചവുസേപ്പു

വുന്നതും, മുള്ളൂർ കായലിനും കടാംതോടിനും മധ്യേ സ്ഥിതിചെയ്യുന്നതുമായ പറപ്പൂർഗ്രാമം നിലകൊള്ളുന്നു. പുഴകളാലും, തോടുകളാലും, നെൽപാടങ്ങളാലും, കവുങ്ങിൻ തോപ്പുകളാലും സമ്പന്നമാക്കപ്പെട്ട പ്രകൃതിരമണീയവും ഫലസമൃദ്ധവുമായ ഒരു ഗ്രാമം. പ്രസ്തുത ഗ്രാമവാസികൾ കുലീനരും, സൗമ്യശീലരും, ജോലിയിൽ സമർഥരും, കൃഷീവലന്മാരുമാണ്. അധ്വാനിക്കുന്ന കർഷക കൂട്ടുകുടുംബങ്ങൾ ആ നാടിന്റെ അലങ്കാരമായിരുന്നു. സ്നേഹവും, പരിഗണനാമനോഭാവവും, ഏകോദര സഹോദരഭാവവും ആ കൂട്ടുകുടുംബങ്ങളുടെ മുഖമുദ്രയും. കോൾ കൃഷിയും, രണ്ടും മൂന്നും വിളവെടുക്കുന്ന പുഞ്ച-മുണ്ടകൻ കൃഷിയും, അടയ്ക്കയും ഈ ഗ്രാമത്തെ ഐശ്വര്യത്തിലേയ്ക്കും സമൃദ്ധിയിലേയ്ക്കും ഉയർത്തി. അതിലുപരി ദൈവഭയത്തിലും ദൈവവിശ്വാസത്തിലും അടിയുറച്ചു ജീവിക്കുന്ന വിശ്വാസികളുടെ സമൂഹമാണ് ഈ ഗ്രാമത്തിന്റെ അനുഗ്രഹസമ്പത്ത്. ആധ്യാത്മിക ചൈതന്യത്താൽ സമ്പന്നരായ ആ നാട്ടിലെ ദൈവവിശ്വാസികൾ വൈദിക-സന്യാസ ജീവിതാന്തസ്സുകളിലേയ്ക്കുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും അതിലഭിമാനം കൊള്ളുകയും ചെയ്തിരുന്നു. പ്രാർഥനയും കൃഷിയും അവരുടെ പൈതൃകസ്വത്തായി ഇന്നും നിലനിൽക്കുന്നു.

അന്തപ്പൻ പറപ്പൂർ വന്നു വാങ്ങിയ സ്ഥലം ഊക്കൻപറമ്പ് എന്നു വിളിച്ചുവരുന്നു. അന്തപ്പന്റെ പുത്തൻപാനപ്പാട്ടും, അമ്മ കന്യാമണിതന്റെ എന്നുതുടങ്ങുന്ന പാട്ടും പറപ്പൂർ പ്രസിദ്ധമാണ്. എന്നാൽ ദൈവം മനുഷ്യനെ ഏകാകിയായിട്ടല്ലല്ലോ സൃഷ്ടിച്ചത്. സ്ത്രീയും പുരുഷനുമായി അവിടുന്ന് അവരെ സൃഷ്ടിച്ചു (ഉൽപ. 1:27). പുരുഷന്റേയും സ്ത്രീയുടേയും പങ്കാളിത്തം വ്യക്തികൾ തമ്മിലുള്ള കൂട്ടായ്മയ്ക്ക് പ്രാഥമികരൂപം നൽകുന്നു.

പറപ്പൂർ താമസമാക്കിയതിനുശേഷം ജീവിതത്തിന് രൂപവും ഭാവവും നൽകുന്നതിനായി അന്തപ്പൻ, തന്റെ ജീവിതപങ്കാളിയായി തൊയക്കാവിൽ ചാലയ്ക്കൽ അന്നമ്മയെ തെരഞ്ഞെടുത്തു. സുന്ദരിയും, ശാലീനയും, ദൈവവിശ്വാസിയും, കുലീനയുമായ അന്നമ്മ, അന്തപ്പന് അനുയോജ്യയായ വധുവായിരുന്നു. സന്തോഷത്തിലും സന്താപത്തിലും വിജയത്തിലും പരാജയത്തിലും അവർ ഒരുപോലെ പങ്കുചേർന്നു. പരസ്പരം സ്നേഹിച്ചും ആദരിച്ചും അവർ മുന്നോട്ടു നീങ്ങി. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഭക്തിയുടെയും വിളനിലമായിരുന്നു ആ ഭവനം. വിവാഹിതരായ ദമ്പതികൾക്കു സമഗ്രമായ

മഹത്വവും കുടുംബത്തിനു കെട്ടുറപ്പും പുനഃസ്ഥാപിക്കുന്നതിൽ യേശുവും ഉത്സുകനാണ് (മത്താ. 10:3–9). ക്രിസ്തുവിന്റേയും സഭയുടേയും രഹസ്യവും വിവാഹവും തമ്മിലുള്ള ഗാഢമായ ബന്ധത്തെപ്പറ്റി വി. പൗലോസും ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ (എഫേ. 5:22; 6:4; കൊളോ. 3:18–21). സഭയുടേയും സമൂഹത്തിന്റേയും അടിസ്ഥാന കോശം കുടുംബമാണെന്നും, അത് ജീവിതത്തിന്റെയും, സ്നേഹത്തിന്റെയും, വിശുദ്ധിയുടെയും, പിള്ളത്തൊട്ടിലാണെന്നും ആ ദമ്പതികൾ ഉറച്ചു വിശ്വസിച്ചു. ഇവിടെയാണല്ലോ ഭാവിയുടെ നെടുംതൂണുകൾ ജനിക്കുന്നതും വളരുന്നതും.


മാതൃ ഇടവക, തൊയക്കാവ്


ഇടവക ദേവാലയം, പറപ്പൂർ

### അടിക്കുറിപ്പുകൾ

1. II Vat. Council., Perfectae Caritatis, 1.
2. Lights from heaven., p. 46.
3. C.C. Lonappan., History of Ukken Family, p. 155.
4. Ibid., pp.12-16, 155 - 157.
5. Ibid., p. 157.



# 2

# ജനനവും മാമ്മോദീസയും

**1880 ഡിസംബർ 19!**

അന്തപ്പനും അന്നമ്മയ്ക്കും ആഹ്ലാദത്തിന്റെ പൊൻസുദിന മായിരുന്നു അത്!

''ഊക്കൻ തറവാട്ടിന്ന് ആഴമുണ്ടെന്നറിയിക്കാൻ
മനുഷ്യർക്കായി ലഭിച്ചൊരീ ജ്ഞാനരത്നം വാഴട്ടെ''

എന്ന് പിൽക്കാലത്ത് തന്റെ കരുണാർദ്രസ്നേഹവും സേവനവും ലഭിച്ചവർ സാക്ഷ്യപ്പെടുത്തിയ, ബഹു. അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ ഭൂജാതനായ പുണ്യദിനമാണ് 1880-ലെ ഡിസംബർ 19.[1]



ജന്മഗേഹം

അദ്ദേഹത്തിന്റെ യഥാർഥ പേര് യോഹന്നാൻ എന്നായിരുന്നു.[2] ലോനപ്പൻ എന്ന ഓമനപ്പേരാൽ അദ്ദേഹം അറിയപ്പെട്ടു. എല്ലാ രജിസ്റ്ററുകളും സർട്ടിഫിക്കറ്റുകളും ഇത് വ്യക്തമാക്കുന്നുണ്ട്. എന്നാൽ സെമിനാരി കാലം മുതൽ അദ്ദേഹം സ്വയം എഴുതിയിരുന്നത് അഗസ്റ്റിൻ ജോൺ ഊക്കൻ എന്നാണ്. അഗസ്റ്റിൻ എന്ന പേര് എങ്ങനെ കൂട്ടിച്ചേർക്കപ്പെട്ടു എന്ന് വ്യക്തമല്ല. വി. അഗസ്റ്റിൻ തന്റെ 'Heaven Given Patron'[3] എന്നാണ് അദ്ദേഹം ആധ്യാത്മിക ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിശുദ്ധന്റെ ആത്മീയത ഒപ്പിയെടുക്കുവാനുള്ള സ്ഥിരമായ പരിശ്രമവും ഡയറിയിൽ വ്യക്തമാക്കുന്നുണ്ട്.

ധാരാളം വൈദികരുള്ള അതിപുരാതനമായ കത്തോലിക്ക കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന്റെ മാമ്മോദീസ അന്നത്തെ പാരമ്പര്യമനുസരിച്ച് അമ്മയുടെ ഇടവകയായ ഏനമ്മാവ് കർമല മാതാവിന്റെ ദേവാലയത്തിൽ വച്ച് നടന്നു.[4] തൊയക്കാവിൽ 1905-ൽ ആണ് ദേവാലയം സ്ഥാപിതമായത്.[5]



മാമ്മോദീസ മുങ്ങിയ ദേവാലയം, ഏനമ്മാവ്

അങ്ങനെ ക്രിസ്തുവിന്റെ രക്ഷണീയ കൃത്യത്തിൽ അവൻ പങ്കുകാരനായിത്തീർന്നു, പാപത്തിനു മരിച്ചവനും ഈശോയ്ക്കായി ജീവിക്കുന്നവനുമായി മാറി, ക്രിസ്തുവിന്റെതന്നെ പരിശുദ്ധ ജീവിതത്തിൽ ഭാഗഭാക്കാകുകയും ചെയ്തു (റോമ 6:3-11). അങ്ങനെ ഈ കൂദാശവഴി ദൈവപുത്രന്റെ ജീവനിൽ പുനർജീവിപ്പിക്കുകയും ക്രിസ്തുവിനോടും സഭയാകുന്ന മൗതികശരീരത്തോടും ഐക്യപ്പെടുത്തുകയും, ആധ്യാത്മിക ദേവാലയമാക്കി മാറ്റിക്കൊണ്ട് പരിശുദ്ധാത്മാവിൽ അഭിഷേകം ചെയ്യുകയും ചെയ്തു.

## ബാല്യകാലം

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ബാല്യകാലം പ്രശ്നങ്ങളാൽ ആടിയുലയപ്പെട്ടതായിരുന്നു. ദൈവത്തിന്റെ ദാനമായ മക്കൾക്ക് വിശ്വാസത്തിന്റെ പ്രാഥമികപാഠങ്ങൾ നൽകേണ്ടത് മാതാപിതാക്കളാണല്ലോ.[6] നല്ലൊരു കുടുംബാന്തരീക്ഷവും സ്വകീയ

മാതൃകയും വഴി തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ ഊക്കൻ ദമ്പതികൾ ജാഗരൂകരായിരുന്നു. അമ്മിഞ്ഞപ്പാലുനുകർന്ന തോടൊപ്പം സ്നേഹത്തിന്റെ മധുരിമയും അവൻ തന്റെ അമ്മയിൽ നിന്നും നുകർന്നെടുത്തു. സ്നേഹം, ഔദാര്യം, കരുണ, വിനയം, ദൈവഭക്തി തുടങ്ങിയ സത്ഗുണങ്ങൾ ചെറുപ്പം മുതൽ ആ ബാല നിൽ വളർന്നുവന്നു. അവർ ജോണിനെ ഏറെ ലാളിച്ചുവളർത്തി; ആദ്യവിദ്യാലയത്തിലെ പ്രാഥമികപാഠങ്ങൾ പകർന്നു കൊടുത്തു. കുട്ടികളെ വിദ്യയഭ്യസിപ്പിക്കുവാനുള്ള ഏറ്റവും ഗൗരവമായ കടമ അവർക്ക് ജന്മം നൽകിയ മാതാപിതാക്കൾക്കാണല്ലോ.[7] പൂമ്പാറ്റ പോലെ പാറിപ്പറന്നുനടന്ന ജോൺ എല്ലാവരുടേയും ശ്രദ്ധ പിടിച്ചു പറ്റി. ഊക്കൻ കുടുംബത്തിന്റെ കേന്ദ്ര ബിന്ദുവായിരുന്നു ആ ബാലൻ. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ മാതൃലാളന വളരെനാൾ അനു ഭവിക്കുവാൻ ജോണിനു ഭാഗ്യമുണ്ടായില്ല. അവന് രണ്ടര വയസ്സു പ്രായമായപ്പോൾ കൊച്ചരിപ്പല്ലുകൾ കാട്ടി നിഷ്കളങ്കമായി പുഞ്ചിരി തൂകുന്ന തന്റെ ഓമനപ്പുത്രനെ പിതാവിന്റെ മാത്രം സംരക്ഷണത്തിനു വിട്ടുകൊടുത്തിട്ട് അന്നമ്മ ഇഹലോകത്തോട് എന്നേയ്ക്കുമായി യാത്ര പറഞ്ഞു. മാതാവിന്റെ വേർപാട് അറിയിക്കാതെ അന്തപ്പൻ ജോണിനെ വളർത്തി. പിതൃലാളനയുടെ തണലിൽ, അറിവിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും സംപ്രീതിയിലും അവൻ വളർന്നു വന്നു (ലൂക്ക 2:51).

പിതാവിന്റെ സ്നേഹോഷ്മളതയും അധികനാൾ അനുഭവിക്കു വാൻ ജോണിനു കഴിഞ്ഞില്ല. ജോണിന് ആറു വയസ്സുമാത്രം പ്രായമുള്ളപ്പോൾ അന്തപ്പന് കോളറ പിടിപെട്ടു. ആ കാലഘട്ടത്തിൽ ഈ രോഗത്തിന് പ്രത്യേക ചികിത്സയൊന്നുമില്ലാതിരുന്നതുകൊണ്ട് അദ്ദേഹം മരണം മുന്നിൽക്കണ്ടു. തന്റെ ഏകമകൻ അനാഥനാ കുമല്ലോ എന്ന ചിന്ത ആ പിതാവിനെ ദുഃഖാർത്തനാക്കി. എന്നാൽ പുത്രവത്സലനായ പിതാവ് മരിക്കുന്നതിനുമുമ്പ് ജോണിനെ വിളിച്ചു അടുത്തിരുത്തി; നിറകണ്ണുകളോടെ അവനെ തലോടി; സ്നേഹവാ യ്പോടെ കെട്ടിപ്പുണർന്ന് അന്തിമോപദേശങ്ങൾ നൽകുകയും അന്ന് താമസിച്ചിരുന്ന പുരയിടത്തിന്റെ ആധാരവും പണം സൂക്ഷിക്കുന്ന പെട്ടിയുടെ താക്കോലും ആ പിഞ്ചുകൈകളിൽ വച്ചുകൊടുത്തുകൊണ്ട് അവസാനമായി അവനെ ചുംബിച്ചു. ആ ചുടുചുംബനം ജോണിന്റെ ഹൃദയത്തെ ആഴമായി സ്പർശിച്ചു. പിതാവിന്റെ അന്തിമവചസ്സുകൾ അവന്റെ ഹൃദയത്തിൽ തളംകെട്ടിനിന്നു. അവന്റെ എല്ലാമായിരുന്ന

പിതാവ് എന്നന്നേയ്ക്കുമായി അവനോട് യാത്ര പറഞ്ഞു. ഈ ലോക സാഗരത്തിൽ അവൻ ഒറ്റപ്പെട്ടു. ഊക്കൻ കുടുംബത്തിന്റെ പേരു നിലനിർത്തുവാൻ ആറു വയസ്സു പ്രായമുള്ള ജോൺ മാത്രം അവശേഷിച്ചു. താൻ അനാഥനാണ് എന്ന ചിന്ത ആ കുരുന്നു മനസ്സിൽ വികാരത്തിന്റെ വേലിയേറ്റമുളവാക്കി. നിരാലംബനായ ആ ബാലനെ നോക്കി പ്രകൃതിപോലും വിലപിച്ചു. വിധി! വിധിയുടെ കൈകൾക്കറിയില്ലല്ലോ വിരഹവേദന–അവർ പഴിച്ചു. എന്നാൽ ദൈവത്തിന്റെ പ്ലാനും പദ്ധതിയും ആരറിയുന്നു. ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക് അവിടുന്നു സകലവും നന്മക്കായി പരിണമിപ്പിക്കുന്നു (റോമ 8:28). ദൈവം ജോണിനെ തന്റെ ജോലിക്കായി തെരഞ്ഞെടുത്തു (യോഹ. 15:16). ഭാവിയിൽ, അവശരുടെയും ആലംബഹീനരുടെയും രോഗികളുടെയും സമുദായം ഉപേക്ഷിച്ചവരുടെയും പിതാവാകുവാനുള്ള ജോണിനെ ദൈവം ജീവിതക്ലേശമാകുന്ന തീയിൽ ശുദ്ധീകരിച്ചെടുക്കുകയായിരുന്നു. ഞാൻ നിന്നെ ശുദ്ധീകരിച്ചു, എന്നാൽ വെള്ളിപോലെയല്ല. കഷ്ടതയുടെ ചൂളയിൽ നിന്നെ ഞാൻ ശോധന ചെയ്തു. എനിക്കുവേണ്ടി അതേ, എനിക്കുവേണ്ടിമാത്രമാണ് ഞാനിതു ചെയ്യുന്നത് (ഏശ. 48:10). ജോണിനെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി അതായിരുന്നു (ജെറ. 29:11).

---

## അടിക്കുറിപ്പുകൾ

1. Admission Register of Pune Papal Seminary, p. 72.
2. Early Documents, 19.
3. Lights from heaven., p. 5.
4. Msgr. Thomas Moothedan., Upavisahodarikalude Sabhayum Sthapakanum, p.6.
5. Archives of Thrissur Archdiocese.
6. II Vat. Council., Apostolicam Actuositatem, 11.
7. Ibid., Gravissimum Educationis, 3.



# 3

## വഴിത്തിരിവ്

തന്റെ വത്സലപിതാവിന്റെ മരണം ജോണിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായിരുന്നു. അവശരോടും ആലംബഹീനരോടും ഒരു പ്രത്യേക മമത ആ ബാലനിൽ മുളയെടുത്തു. അനാഥനായ ജോണിന് തന്റെ മാതാപിതാക്കളോടുണ്ടായിരുന്ന സ്നേഹം അവൻ ഈശോ യിലും മാതാവിലും നിക്ഷേപിച്ചു. ഒരു ദൈവസ്വരം അവൻ ശ്രവിച്ചു. നീ എന്റെ വത്സലപുത്രനാണ്. എന്റെ ഓമനക്കുട്ടൻ. എന്റെ ഹൃദയം നിനക്കു വേണ്ടി തുടിക്കുന്നു. എനിക്കു നിന്നോട് നിസ്സീമമായ കരുണ തോന്നുന്നു (ജെറ. 31:20). ആ സ്നേഹത്തിൽ ജോൺ അനുദിനം വളർന്നു വന്നു. അതുകൊണ്ട് പിൽക്കാലത്ത് അദ്ദേഹം എഴുതി: യേശു ഇന്ന് എന്നോട് ഇപ്രകാരം പറയുന്നതായി എനിക്കനുഭവപ്പെട്ടു. ഞാൻ നിന്നെ നിസ്സഹായനും അനാഥനുമായി വിടുകയില്ല; നിനക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുവാൻ ഇവിടെ ഞാനുണ്ട്. അമ്മയുടെ നേരെ തിരിഞ്ഞ് എന്നെ കാണിച്ചുകൊണ്ട് യേശു പറഞ്ഞു. ഇതാ നിന്റെ മകൻ. അപ്പോൾ എന്നെ പൂർണമായും ഞാൻ അമ്മക്കു സമർപ്പിച്ചു.[1] വീണ്ടും അദ്ദേഹം തുടരുന്നു: ഞാൻ നിങ്ങളെ അനാഥരായി വിടുക യില്ല. യേശുവിന്റെ ശിഷ്യന്മാർ യേശുവിൽ തങ്ങളുടെ നായക നേയും പിതാവിനേയും മാതാവിനേയും ദർശിച്ചു. യേശു അവരെ വിട്ടു പോവുകയാണെങ്കിൽ അവർ അനാഥരെപ്പോലെയാകും. പലപ്പോഴും ഞാനും അവരെപ്പോലെയാണ്.[2]

ശൈശവദശയിൽ തിക്താനുഭവങ്ങൾ ലഭിച്ചത് ഭാവിജീവിതത്തിന് ഊടും പാവും നൽകുവാൻ അദ്ദേഹത്തെ വളരെയധികം സഹായിച്ചു. തന്റെ നാശത്തിനല്ല ക്ഷേമത്തിനു വേണ്ടിയുള്ള പദ്ധതിയാണ് ദൈവത്തിന്റേതെന്നും ആ പദ്ധതി തനിക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന ഒന്നാണെന്നും അദ്ദേഹത്തിന് ബോധ്യമായി (ജെറ. 29:11). കൃതജ്ഞതാ നിർഭരമായ ഒരു ഹൃദയത്തോടുകൂടി മാത്രമേ അദ്ദേഹത്തിന് കഴിഞ്ഞുപോയ സംഭവങ്ങളെപ്പറ്റി ഓർക്കുവാൻ സാധിച്ചിരുന്നുള്ളു. ദൈവസ്നേഹത്തെയും വ്യക്തിപരമായി എനിക്കു ലഭിച്ച അനുഗ്രഹങ്ങളെയും പ്രത്യേകിച്ച് ശൈശവത്തിലും ബാല്യകാലത്തും എന്റെ മാതാപിതാക്കൾ എന്നെ വിട്ടുപോയപ്പോൾ ലഭിച്ചവയെപ്പറ്റി മനനം ചെയ്തപ്പോൾ കണ്ണുനീർ പ്രവാഹത്താൽ അവിടുന്നെനിക്ക് വലിയ ആശ്വാസം നൽകി. ദാവീദിനെപ്പോലെ ഞാനും പറഞ്ഞു: അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചു. എന്നാൽ പിതാവേ, അങ്ങ് എന്നെ സ്വീകരിച്ചു. എന്റെ നിജാവസ്ഥയിൽ നിന്നും ഏകാന്തതയിൽ നിന്നും ദൈവമേ, അങ്ങ് എന്നെ ഉയർത്തുന്നതായി എനിക്കു തോന്നി.[3]

പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന അവസരത്തിൽപോലും അനാഥനായ തന്നെ ദൈവം കൈപിടിച്ചു നടത്തിയതോർത്ത് അദ്ദേഹം വികാരവിവശനായി അഗാധമായ നന്ദി അർപ്പിച്ചു.[4]

ഈശോയിലും പരി. കന്യകാമറിയത്തിലും തന്റെ പിതാവിനെയും മാതാവിനെയും ദർശിച്ചുകൊണ്ട് അനാഥനായ ആ ബാലൻ വളർന്നുവന്നു. ഒരു അനാഥനായ എനിക്ക് ദൈവത്തെ പിതാവേ എന്നു വിളിക്കുന്നതിന് പ്രത്യേകാവകാശമുണ്ട്. ഞാൻ എന്നെത്തന്നെ അഭിനന്ദിക്കുകയും പിതാവിന് നന്ദി പറയുകയും ചെയ്യുന്നു.[5] ഞാൻ എന്നെത്തന്നെ എന്റെ പിതാവിന് എന്നപോലെ ദൈവത്തിന് നൽകുന്നു; ഞാനൊരു അനാഥനാണ്. വയലിലെ ലില്ലികളെയും ആകാശത്തിലെ പറവകളെയും തീറ്റിപ്പോറ്റുന്ന ദൈവം (ലൂക്ക 12:24) തന്നെ സംരക്ഷിക്കുമെന്ന ദൃഢമായ വിശ്വാസം മാതാപിതാക്കൾ ബാലനായ ജോണിൽ നിക്ഷേപിച്ചിരുന്നു. സുഖദുഃഖസമ്മിശ്രമായ ഈ ജീവിതയാത്രയിൽ അമ്മയുടെ മാധ്യസ്ഥ്യം എപ്പോഴും അദ്ദേഹം യാചിച്ചിരുന്നു. ചാകാറായ തന്റെ കുഞ്ഞുങ്ങൾക്ക് അവസാന നിമിഷങ്ങളിൽ ആശ്രയം നൽകുന്ന അരയന്നത്തെപ്പോലെ അമ്മേ, എന്നെ മറക്കരുതേ, ഞാൻ ഒരു അനാഥശിശുവാണ്. എന്നെ ഒരിക്കലും മറക്കരുതേ.[6]

## അമ്മായിയുടെ സംരക്ഷണയിൽ

അനാഥനായ ജോണിന്റെ കാര്യമെല്ലാം പിതൃസഹോദരി അച്ചാരുണ്ണി ഏറ്റെടുത്തു. അവർ അവനെ സ്വന്തം വീട്ടിൽ കൊണ്ടുപോയി വളർത്തി. അങ്ങനെയാണ് ചിറമ്മേൽ വീട്ടുകാരുമായുള്ള ബന്ധം ബഹു. ഊക്കനച്ചനുണ്ടായത്. ഈ ചിറമ്മേൽ വീട്ടുകാർ ഒല്ലൂർ പള്ളിവെച്ച ചിറമ്മേൽ ചാക്കോരു പാലുവിന്റെ അനന്തരവരാണ്. തൃശൂർ കോട്ട സാമൂതിരിപ്പാട് ആക്രമിച്ച അവസരത്തിൽ, ഒല്ലൂർപേട്ട പ്രമാണിയായ ചാക്കോരു പാലു, കൊച്ചി മഹാരാജാവ് ആവശ്യപ്പെട്ട ധനസഹായം ചെയ്തുകൊടുത്തില്ല. ഉടനെ അയാളുടെ വീട് കുളം കോരുവാൻ രാജാവ് ആജ്ഞാപിച്ചു. പട്ടാളക്കാർ ചെന്ന് ചാക്കോരു പാലു താമസിച്ചിരുന്ന വീട് തല്ലിത്തകർക്കുകയും ഇനി ഒന്നും അവിടെ ഉണ്ടാകാതിരിക്കുവാൻ വേണ്ടി ആ സ്ഥലത്ത് ഒരു കുളംകോരുകയും ചെയ്തു. അതാണ് ഒല്ലൂരിലെ ചീരാച്ചിക്കുളം. ചിറമ്മേൽ വീട്ടുകാർ പ്രാണരക്ഷാർഥം പലയിടത്തേക്കും പാഞ്ഞു. ഒരു വീട്ടുകാർ തങ്ങളുടെ ബന്ധുവായ  പുതുശ്ശേരി തരകനെ ചെന്ന് അഭയം പ്രാപിച്ചു. പിന്നീട് പറപ്പൂർക്ക് താമസം മാറ്റിയപ്പോൾ പറപ്പൂർക്കാർ അവരെ ചിറമ്മേൽ പുതുശ്ശേരിക്കാരൻ എന്ന് വിളിക്കുവാനിടയായി. ഈ തറവാട്ടിലാണ് അമ്മായിയോടൊപ്പം ജോൺ വളർന്നുവന്നത്.[7]

പ്രാഥമിക വിദ്യാഭ്യാസത്തിനായി ജോണിനെ അമ്മായി പള്ളിക്കൂടത്തിലയച്ചു. പറപ്പൂർ സെന്റ് ജോൺസ് ലോവർ പ്രൈമറി സ്കൂളിൽ ജോൺ ഊക്കൻ തന്റെ വിദ്യാഭ്യാസം ആരംഭിച്ചു. അഡ്മിഷൻ രജിസ്റ്ററിൽ ഔസേഫ് അന്തപ്പന്റെ മകൻ ഊക്കൻ ലോനപ്പൻ എന്ന് ആറാമത്തെ നമ്പറിൽ രേഖപ്പെടുത്തിയിരിക്കുന്നു. അന്ന് അദ്ദേഹം പറപ്പൂർ അടുത്ത് ചാലക്കൽ ആണ് താമസിച്ചിരുന്നത്. 1895-ൽ മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ കുടുംബത്തിന്റെ ചുമതല വഹിക്കാനുള്ളതുകൊണ്ട് അദ്ദേഹം പഠനം നിർത്തിയതായും രജിസ്റ്ററിൽ വ്യക്തമാക്കുന്നുണ്ട്.[8]




സെന്റ് ജോൺസ് എൽ.പി. സ്കൂൾ, പറപ്പൂർ

വിദ്യാഭ്യാസത്തിന് വലിയ പ്രോത്സാഹനം നൽകിയിരുന്ന കാലമല്ലായിരുന്നു അത്. അനന്തരം വീട്ടുജോലികളിൽ അമ്മായിയെ സഹായിച്ച് ബാലൻ അവിടെത്തന്നെ കഴിഞ്ഞുകൂടി. അവൻ അവർക്ക് കീഴ്വഴങ്ങി ജീവിച്ചു (ലൂക്ക 2:51) എന്ന വാക്യം ജോണിലും അന്വർഥമായി. ഒരു കത്തോലിക്ക ബാലനുവേണ്ട ഉപദേശങ്ങളും നിർദേശങ്ങളും ജോൺ അമ്മായിയിൽ നിന്നും ഒപ്പിയെടുത്തു. സമുദായത്തേയും സഭയേയും സംബന്ധിച്ച് ആദ്യത്തെ അനുഭവജ്ഞാനവും[9] സ്വായത്തമാക്കി. ദൈവികകാര്യങ്ങളിൽ കുട്ടിക്കുണ്ടായിരുന്ന അന്യാദൃശ താൽപര്യം മഹത്തായ ഒരു ഭാവിജീവിതത്തിനുള്ള കളമൊരുക്കലായിരുന്നുവെന്ന് കാലം തെളിയിക്കുകതന്നെ ചെയ്തു. ഗാർഹികജോലികളിൽ അവൻ അത്രതന്നെ ഔൽസുക്യം പ്രദർശിപ്പിച്ചിരുന്നില്ല. എങ്കിലും ജോൺ ആടുകളെ തീറ്റുന്നതിലും മറ്റു വീട്ടുജോലികളിലും സഹകരിച്ചിരുന്നു. ഈ കാലഘട്ടത്തിൽ അവന് ധാരാളം തിക്താനുഭവങ്ങൾ ഉണ്ടായി. പത്തമ്മ ചമഞ്ഞാലും പെറ്റമ്മയാകുകയില്ലല്ലോ. തന്റെ സ്നേഹിതരെപ്പോലെ നല്ല വസ്ത്രങ്ങൾ ധരിച്ച് മോടിയായി നടക്കുവാൻ ആ ബാലൻ അതിയായി ആഗ്രഹിച്ചു. എന്നാൽ അവനു ലഭിച്ചത് ഒരു തോർത്തുമുണ്ടുമാത്രമായിരുന്നു. തോർത്തുമുണ്ടുമുടുത്ത് റോഡിൽ നിന്നും ഉണക്കച്ചാണകം പെറുക്കി വീട്ടിൽ കൊണ്ടുവരിക അവന്റെ അനുദിനകൃത്യങ്ങളിൽ ഒന്നായിരുന്നു. ഈ കാലയളവിൽ ജോണിന്റെ സ്വന്തപ്പെട്ടവരുടെ വീട്ടിൽ ഒരു വിവാഹാഘോഷം നടന്നു. അതിൽ സംബന്ധിക്കുവാൻ ബാലനായ ജോൺ അതിയായി ആഗ്രഹിക്കുകയും ചെയ്തു. പക്ഷേ അനാഥനായ അവന് ഒരു വിവാഹവസ്ത്രം ലഭിച്ചില്ല. ആ ബാലൻ തോർത്തുമുണ്ടുമുടുത്ത് നിഷ്കളങ്കതയോടെ വിവാഹവിരുന്നാസ്വദിക്കുന്നതിനായി പന്തലിൽച്ചെന്നിരുന്നു. തങ്ങളുടെ അന്തസ്സിനും ആഭിജാത്യത്തിനും ചേരാത്ത വസ്ത്രം ധരിച്ച ജോണിനെ വിവാഹവിരുന്നിൽ നിന്നും ഇറക്കിവിട്ടു. മനോഹരമായ ആ കവിൾത്തടത്തിലൂടെ കണ്ണുനീർ കണങ്ങൾ ഉരുണ്ടിറങ്ങി. മാതാപിതാക്കളെക്കുറിച്ചുള്ള മധുരസ്മരണകൾ ഒരു വശത്ത് അലയടിച്ചപ്പോൾ മറുവശത്ത് ജോണിൽ ഉറങ്ങിക്കിടന്നിരുന്ന ദീനാനുകമ്പ, കരുണാർദ്രസ്നേഹം എന്നിവ മുളയെടുക്കുവാൻ തുടങ്ങി. വിപരീത സാഹചര്യങ്ങൾ മഹത്കാര്യങ്ങൾക്കായി ബാലനെ ഒരുക്കി. വിവാഹവിരുന്നിൽ നിന്നും ബഹിഷ്കൃതനായ ജോൺ പിൽക്കാലത്ത് ഈ സംഭവം അനുസ്മരിക്കുന്നത് ശ്രദ്ധേയമാണ്: ഈശോ ഒരുക്കി

യിരിക്കുന്ന സ്നേഹവിരുന്നിൽ നിന്ന് (മത്താ. 22:11-13) വിവാഹ വസ്ത്രമില്ലാത്തതുകൊണ്ട് ഒഴിവാക്കപ്പെടുന്ന അവസ്ഥ ആർക്കുമുണ്ടാകരുത്. ഈ വസ്ത്രം എന്തായിരിക്കണമെന്ന് വി. പൗലോസ് ശ്ലീഹ വിവരിക്കുന്നുണ്ട്. നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. പകലിനുയോജിച്ചവിധം നമുക്കു പെരുമാറാം. സുഖലോലുപതയിലോ, മദ്യലഹരിയിലോ, അവിഹിത വേഴ്ചകളിലോ, വിഷയാസക്തിയിലോ, കലഹങ്ങളിലോ വ്യാപരിക്കരുത്. പ്രത്യുത, കർത്താവായ യേശുക്രിസ്തുവിനെ ധരിക്കുവിൻ. ദുർമോഹങ്ങളിലേയ്ക്കു നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ (റോമ 13:13-14). വി. ശ്ലീഹ പറയുന്നതുപോലെ ഈശോയുടെ ഗുണഗണങ്ങളാകുന്ന കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ, സഹിഷ്ണുത, സമാധാനം, സ്നേഹം (കൊളോ. 3:13-14) എന്നീ വസ്ത്രങ്ങൾ ധരിപ്പിച്ച് അന്ധകാരത്തിൽപെട്ടുഴലുന്നവരെ സ്വതന്ത്രരാക്കി, ഈശോയുടെ വിരുന്ന് ആസ്വാദ്യകരമാക്കിക്കൊടുക്കുവാൻ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. ശാരീരികാഭിലാഷങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കുന്ന ദുരവസ്ഥയെപ്പറ്റിയും അദ്ദേഹം പരാമർശിക്കുന്നുണ്ട്: അഞ്ചു ദിവസം കുഴിമാടത്തിൽ സ്ഥിതി ചെയ്ത ശരീരത്തെപ്പറ്റി ചിന്തിക്കുക. പുഴുക്കൾ അതിൽ കയറിയിറങ്ങുന്നതു കാണാം. ഈ വിഗ്രഹത്തെയാണോ നീ പൂജിക്കുന്നത്[10] എന്നാണ് അദ്ദേഹം ചോദിക്കുന്നത്. അതേസമയം പുത്രൻ സ്വീകരിച്ചു ശ്രേഷ്ഠമാക്കിയ മനുഷ്യശരീരത്തെ നമ്മുടെ അശുദ്ധതയും സുഖലോലുപതയും കൊണ്ട് അനാദരിക്കരുത് എന്ന് അദ്ദേഹം ഉപദേശിക്കുകയും ചെയ്യുന്നുണ്ട്.

മനുഷ്യരുടെ വേദനയെന്താണെന്ന് ശൈശവം മുതൽക്കേ ജോൺ അനുഭവിച്ചറിഞ്ഞു. അനുഭവജ്ഞാനം വളരെ വലിയ സമ്പത്താണല്ലോ. അനുഭവജ്ഞാനമില്ലാത്തവന് അറിവ് കുറയും എന്ന് പ്രഭാഷകൻ പറയുന്നു (പ്രഭാ. 34:10). അതുകൊണ്ട് ജീവിതകാലം മുഴുവനും സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. എന്തു വില കൊടുക്കേണ്ടിവന്നാലും എത്രതന്നെ വേദനാജനകമായിരുന്നാലും ഏതെങ്കിലും വിധത്തിൽ സഹിക്കേണ്ടിവരുമ്പോൾ ഞാൻ ക്ഷീണിതനാവുകയില്ല. കാരണം ഞാനപ്പോൾ എന്റെ ഗുരുവിനും അമ്മക്കും തുല്യനാകുന്നു. ശുശ്രൂഷിക്കേണ്ടിവരുമ്പോൾ ഞാൻ സന്തോഷിക്കുകയും പുറന്തള്ളപ്പെടുമ്പോൾ ഞാൻ എന്റെ ഗുരുവിന് സമനാകുകയാണെന്ന് മനസ്സിലാക്കുകയും ചെയ്യും.[11]


വിരോധാഭാസം മഹോന്നത മഹിമയുടെ പിതാവാണ്[12] എന്ന് തന്റെ അമ്മയിൽ നിന്നും (പരി. കന്യകാമറിയം) ജോൺ പഠിച്ചറിഞ്ഞു.

അദ്ദേഹം ഒരു തീരുമാനമെടുത്തു; തന്നെപ്പോലെ അനാഥരും രോഗികളും ആകുലരും വ്യാകുലരും സമുദായം ഉപേക്ഷിച്ചവരുമായ അനേകായിരങ്ങളുണ്ട്. അവരെയെല്ലാം കൈപിടിച്ചുയർത്തേണ്ടത് യേശുവിന്റെ കരുണയും ആർദ്രതയും നിറഞ്ഞ സ്നേഹം അനുഭവിച്ചറിഞ്ഞ തന്റെ കടമയാണ്. ഞാൻ യേശുവിന്റെ കരുണാർദ്ര സ്നേഹത്താൽ ഉയർത്തപ്പെട്ട സ്മാരകമായിരിക്കും.[13]

---

## അടിക്കുറിപ്പുകൾ

1. Lights from heaven., p. 48.
2. Ibid., p. 19.
3. Ibid., p. 347.
4. Ibid., p. 378.
5. Ibid., p. 220.
6. Ibid., p. 49.
7. Souvenir Adaranjali., p. 7.
8. Parappur St Johns L P School, Admission Register, vol.1, pp. 3-4.
9. II Vat. Council., Gravissimum Educationis, 3.
10. Lights from heaven., p.12.
11. Ibid., p. 256.
12. Ibid., p. 270.
13. Ibid., p. 151.


പ്രവേശ പട്ടിക.


Copy of Admission Register
Lilsy C.R
HEADMASTER
ST. JOHN'S L. P. SCHOOL
PARAPPUR - 680553

Admission Register, Parappur

# 4

# ബാലനായ ജോൺ പള്ളിമേടയിൽ

മതാത്മകജീവിതത്തിന്റെ കേന്ദ്രവും പ്രേഷിതപ്രവർത്തനത്തിന്റെ കലവറയും ഇടവകയാണ്. എല്ലാവരേയും സ്നേഹത്തിന്റെ ഐക്യത്തിലേയ്ക്ക് ആനയിക്കുകയാണ് ഇടവക വൈദികന്റെ ധർമം.[1] ഈ കർത്തവ്യനിർവഹണത്തിനായി തന്റെ സൂക്ഷത്തിനേൽപിച്ചിരിക്കുന്നവരെ വൈദികൻ അറിയേണ്ടതുണ്ട്. തന്റെ അജഗണത്തെ വ്യക്തിപരമായറിയുന്ന നല്ല ഇടയനായിരുന്നു അന്നത്തെ പറപ്പൂർ വി. ജോൺ നെപുംസ്യാൻ പള്ളി വികാരി കുറ്റിക്കാട്ടു ബഹു. ഔസേപ്പച്ചൻ.[2] 192 കത്തോലിക്ക കുടുംബങ്ങളാണ് ഇടവകയിൽ ഉണ്ടായിരുന്നത്. ജോണിന്റെ ഭക്തിയും വിനയവും പഠനത്തിലുള്ള തീക്ഷ്ണതയും സത്സ്വഭാവവും കണ്ട് അതീവ സന്തുഷ്ടനായ ബഹു. ഔസേപ്പച്ചൻ ജോണിനെ പള്ളിമേടയിൽ താമസിപ്പിച്ച് നാലും അഞ്ചും ക്ലാസ്സുകളിലേക്കുള്ള വിഷയങ്ങൾ പഠിപ്പിച്ചു. പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടവുമുണ്ടായിരുന്ന കാലഘട്ടമായിരുന്നു അത്. ജ്ഞാനവൃദ്ധന്മാർക്ക് വയസ്സുനോക്കേണ്ടതില്ല എന്നാണല്ലോ മഹത്വാക്യം. ഇടവകയിൽ


ഫാ. ജോസഫ് കുറ്റിക്കാട്ട്

വേദപാഠക്ലാസ്സിനെത്തുന്ന കുട്ടികളെ ഒരു ആശാനെന്നപോലെ പുസ്തകം വായിക്കുവാനും മറ്റും ജോൺ പഠിപ്പിച്ചു. പുസ്തകങ്ങ ളോട് അദ്ദേഹത്തിന് പ്രത്യേക താൽപര്യമുണ്ടായിരുന്നു.[3]

ഇക്കാലത്താണ് കർമലീത്ത സഭയിൽ പ്രവേശിക്കുവാനാ ഗ്രഹിച്ചുകൊണ്ട് ജോൺ എൽത്തുരുത്ത് ആശ്രമശ്രേഷ്ഠനെ സമീ പിച്ചത്. തൃശൂർ രൂപതയിൽ മഹത്കാര്യങ്ങൾ നിർവഹിക്കാ നായി ജോണിനെ കർമലീത്ത സഭയിൽ പ്രവേശിക്കുവാൻ ദൈവം അനുവദിച്ചില്ല. ദൈവത്തിന്റെ അദൃശകരങ്ങൾ അപ്പോഴും അവനെ പിന്തുടരുന്നുണ്ടായിരുന്നു.

അന്നത്തെ വികാരി അപ്പസ്തോലിക്ക മോൺ. അഡോൾഫ് മെഡലിക്കോട്ട് 1889-ൽ തൃശൂരിൽ സെന്റ് തോമസ് സ്കൂൾ ആരംഭി ച്ചിരുന്നു. ആയത്ത പഠനത്തിനായി (Preparatory Ecclesiastical Education) 1895-ൽ 12 കുട്ടികൾ അവിടെ താമസിച്ച് പഠിച്ചിരുന്നു. ഇറ്റാലിയൻ മിഷണറി ഫാ. ലുദൊവികോസ് സംബൊണെല്ലിയും ഫാ. മാത്യു ചിറമ്മലും ലാറ്റിനും ഫാ. പൗലോസ് കുറ്റിക്കാട്ട് സുറിയാനിയും അവരെ പഠിപ്പിച്ചു.[4] ഈ കാലയളവിൽ ആറും, ഏഴും, എട്ടും ക്ലാസ്സുകൾ പഠിക്കുവാൻ അവസരംകൊടുക്കുകയും ചെയ്തു. അങ്ങനെ ഞാൻ മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോൾത്തന്നെ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു; തന്റെ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു (ഗലാ. 1:15) എന്ന വാക്യം ജോണിൽ അന്വർഥമായി. ഈ വിളി, യേശുവിന്റെ കരുണയും ആർദ്രതയും നിറഞ്ഞ സ്നേഹം ജാതി മത വർഗ വർണ ഭേദമെന്യേ, കുചേലകുബേരവ്യത്യാസമില്ലാതെ, മാനവവംശത്തിനു മുഴുവനും അനുഭവവേദ്യമാക്കി കൊടുക്കുവാനാ ണെന്ന് ജോൺ വിവേചിച്ചറിഞ്ഞു. അവിടെ അധ്യാപകരുടെയും സഹ പാഠികളുടെയും കണ്ണിലുണ്ണിയും പ്രശംസാപാത്രവുമായിത്തീരുന്ന തിനു ജോണിനു കാലദൈർഘ്യം വേണ്ടിവന്നില്ല. അവശരെയും ആവശ്യക്കാരെയും സഹായിക്കുക, അവരോടു കാരുണ്യപൂർവം വർത്തിക്കുക എന്നിവ കുട്ടിയിൽ വിളങ്ങിയിരുന്ന സവിശേഷത കളായിരുന്നു.

മുളയെടുക്കുന്ന ദൈവവിളികളെ വളർത്തിയെടുത്ത് രക്ഷക നായ ക്രിസ്തുവിനെ ഉദാരഹൃദയത്തോടും നിർമല മനഃസാക്ഷി യോടും കൂടി പിൻചെല്ലാൻ പരിശീലിപ്പിക്കുന്ന അഭ്യസനരംഗമാണല്ലോ മൈനർ സെമിനാരി. തന്റെ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തുകയും ജീവിതത്തിന് രൂപരേഖ നൽകുകയും ചെയ്ത ദിവ്യ

കാരുണ്യഭക്തിയും തിരുഹൃദയഭക്തിയും മരിയഭക്തിയും വളർന്നു വികസിക്കുവാൻ അനുകൂലമായ ഈ പരിതസ്ഥിതി വഴിതെളിച്ചു. ദൈവശുശ്രൂഷക്കായി സ്വജീവിതം സമർപ്പിക്കാനുള്ള തീരുമാനത്തെ അരക്കിട്ടുറപ്പിച്ചതും ഇവിടെവച്ചുതന്നെയാണ്. അമ്മേ, അങ്ങയുടെ വിളിപോലെതന്നെ എന്റേതും യേശുവിനെ ലോകത്തിന് പ്രദാനം ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്.[5] അമ്മേ മറ്റൊരു ക്രിസ്തുവായി മാറുവാനുള്ള വിളിയാണ് ഞാൻ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് അങ്ങയുടെ സമാധാനത്തെ ഞാൻ സ്നേഹിക്കുകയും അതിൽ വളരുകയും ചെയ്യട്ടെ. അങ്ങനെ പാപികൾക്കും ദൈവത്തിനുമിടയിൽ ഞാൻ സമാധാനം സ്ഥാപിക്കട്ടെ.[6] യേശു പ്രവർത്തിച്ചതും അതു തന്നെയാണല്ലോ. സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളേയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തം വഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു (കൊളോ. 1:20).

ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും താൻ സ്വീകരിച്ച ദൈവവിളിയിൽ വളരുവാനും കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ അതിനെ വിവേചിച്ചറിയുവാനും അദ്ദേഹം ശ്രദ്ധിച്ചു. നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു (യോഹ. 15:16). സൃഷ്ടിയിൽ ദൈവം ഓരോ ചെടിയോടും അതിനുചേർന്ന ഫലം പുറപ്പെടുവിക്കുവാൻ കൽപിച്ചു. അങ്ങനെ ഒരോരുത്തരും തന്റെ വിളിക്കും സ്വഭാവത്തിനും അനുസരിച്ചുള്ള ഫലങ്ങൾ പുറപ്പെടുവിക്കുവാൻ തന്റെ സഭയിലെ സജീവ സസ്യങ്ങളായ ക്രൈസ്തവരോട് അവിടുന്ന് കൽപിക്കുന്നു. വളരാനും വികസിക്കാനും ഫലം പുറപ്പെടുവിക്കുന്നതിനും അങ്ങനെ ദൈവത്തിന്റെ ജോലി തുടരുന്നതിനുമായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജോൺ, തന്റെ വിളിയുടെ കടമകൾ ധീരതയോടെ നിർവഹിക്കുവാൻ പിതാവു തന്നെ സഹായിക്കുമെന്ന് ദൃഢമായി വിശ്വസിച്ചു.തന്നെ ഉപേക്ഷിച്ച അതേ ജനങ്ങളുടെ അടുത്തേക്ക് സുവിശേഷ പ്രഘോഷണത്തിനായി യേശു അയക്കപ്പെടുന്നു. ഇപ്പോൾ മുതൽ അവിടുത്തേയ്ക്ക് സേവനം ചെയ്യുവാൻ ഞാൻ അഭിലഷിക്കുന്നു. അവിടുന്ന് ഒരിക്കലും എന്നെ ഉപേക്ഷിക്കുകയില്ല.[7] ദൈവത്തിന്റെ മഹോന്നത വിളിയെപ്പറ്റി മനനം ചെയ്ത് ഒരു പടികൂടി മുന്നോട്ടുകടന്ന് അദ്ദേഹം പറയുക


യാണ്: യൗസേപ്പിതാവിന്റേയും എന്റേയും ദൈവവിളിയിൽ വളരെ യധികം സമാനതയുണ്ട്. യേശുവിന്റെ രക്ഷാകർത്താവാകുവാനാണ് ഞാനും വിളിക്കപ്പെട്ടിരിക്കുന്നത്.[8] അതുകൊണ്ടും തൃപ്തിപ്പെടാതെ അദ്ദേഹം പറയുന്നു: ഭക്ഷണപദാർഥങ്ങൾക്ക് ആസ്വാദ്യത നൽകുന്ന തിനും സാധനങ്ങൾ അഴിയാതെ സംരക്ഷിക്കുന്നതിനും ഉപ്പ് ഉപ യോഗിക്കുന്നു. എന്റെ ജോലിയും ഇതുതന്നെയാണ്. എന്റെ വാക്കു കളും മാതൃകയും വഴി അനേകം പാപികളെ അനുരഞ്ജിപ്പിക്കുകയും നാശത്തിൽ നിന്ന് സംരക്ഷിക്കുകയും വേണം.[9] അങ്ങനെ യേശുവി നെയും അവിടുത്തെ സാമ്രാജ്യത്തെയും മറ്റുള്ളവരെ അറിയിക്കണം. ഇതിനായിട്ടാണ് ഞാൻ വിളിക്കപ്പെട്ടിരിക്കുന്നത്.[10]

പാപത്തിന്റെ നീർക്കയത്തിൽ ആണ്ടുപോയ മനുഷ്യവർഗത്തെ കരുണയുടെ കൈകൊടുത്തുയർത്തി പ്രസാദവരത്തിന്റെ വറ്റാത്ത നീരുറവയിലേക്ക് നയിക്കുന്നതിനാണ് ദൈവകുമാരൻ വിണ്ണിൽ നിന്നും മണ്ണിൽ അവതീർണനായത്. ദൈവത്തിന്റെ അനന്തസ്നേഹം പ്രസ്പഷ്ടമാക്കുവാൻ ക്രിസ്തുനാഥൻ തന്റെ അവസാനത്തുള്ളി രക്തംവരെ ചിന്തിയിട്ടും തൃപ്തനായില്ല. സ്നേഹിതർക്ക് സ്വയം ദാനം ചെയ്യുവാനും, സ്നേഹഭാജനവുമായി ഐക്യപ്പെടുവാനുമുള്ള ഉൽക്കടമായ ഒരഭിവാഞ്ഛ സ്നേഹത്തിനുണ്ട്. പാപികളെത്തേടിവന്ന യേശുവിനെ (മർക്കോ. 2:17) അനുകരിച്ച് പാപികളോടും വേദനയ നുഭവിക്കുന്നവരോടും ഒരു പ്രത്യേക പരിഗണന അദ്ദേഹത്തിനു ണ്ടായിരുന്നു. ഓരോ ഘട്ടത്തിലും അദ്ദേഹം അതിനെ പോഷിപ്പിക്കു കയും വളർത്തിക്കൊണ്ടുവരികയും ജീവിതംതന്നെ അതിനായി മാറ്റി വയ്ക്കുകയും ചെയ്തു. യേശു തന്റെ ശരീരവും രക്തവും പാവ ങ്ങൾക്കായി പിച്ചിച്ചീന്തിക്കൊടുത്തു. അവസാനത്തുള്ളിവരെ അവി ടുന്ന് ചിന്തി... വൈദികനായ എന്റെ സമയം, ആരോഗ്യം, കഴി വുകൾ, വ്യക്തിത്വം മുഴുവനും പാവങ്ങൾക്കായി മാറ്റിവക്കണം. ഇതി നായി അനാദികാലം മുതൽക്കേ ദൈവംതന്നെ സ്വന്തമാക്കിയെന്നും താൻ മഹോന്നത കാര്യങ്ങൾക്കായി വിളിക്കപ്പെട്ടവനാണെന്നും, നശ്വരമായ വില കുറഞ്ഞ കാര്യങ്ങളെപ്പറ്റി ചിന്തിക്കേണ്ടവനല്ലെന്നും അദ്ദേഹത്തിന് ബോധ്യമായി. തന്റെ ജീവിതകാലശേഷവും ഇതേ ജോലി തുടർന്നു കൊണ്ടുപോകണമെന്നും ആ വത്സലതാതൻ ആഗ്രഹിച്ചു. ദൈവത്തിന്റെ വലിയദാനമായ ദൈവവിളിയിൽ നിലനില്ക്കുന്നതി നായി അദ്ദേഹം എപ്പോഴും പ്രാർഥിച്ചിരുന്നു. എന്റെ ബന്ധുമിത്രാ ദികളോടും സ്നേഹിതരോടുമുള്ള ക്രമാതീതമായ ബന്ധത്തിൽ

നിന്നും ദൈവമേ എന്നെ സ്വതന്ത്രനാക്കണമേ. അങ്ങാണ് എന്റെ പിതാവ്, മറിയമാണ് എന്റെ മാതാവ്.[11] കലപ്പയിന്മേൽ കൈപിടിച്ചതിനുശേഷം പിന്തിരിഞ്ഞുനോക്കുന്നവരാരും അങ്ങേയ്ക്കു യോജിച്ചവരല്ലല്ലോ (ലൂക്ക. 9:62 ). യേശുവേ നീ എവിടെ പോയാലും നിന്നെ ഞാൻ അനുഗമിക്കും.[12] വൈദികരുടെ സമയോചിതമായ ഇടപെടൽ ജോൺ ഊക്കന്റെ ജീവിതത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്.

തൃശൂർ വികാരിയാത്തിൽ നിന്നും വൈദിക പരിശീലനത്തിനായി അർഥികളെ പുത്തൻപള്ളി സെമിനാരിയിലേക്കും സിലോണിലെ കാന്റി പേപ്പൽ സെമിനാരിയിലേക്കുമാണ് അയച്ചിരുന്നത്.

ജോൺ എട്ടാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ കാന്റി സെമിനാരിയിലേയ്ക്ക് വൈദിക വിദ്യാർഥികളെ തെരഞ്ഞെടുക്കുന്ന സമയം സമാഗതമായി. അന്നത്തെ വികാരി അപ്പസ്തോലിക്കയായിരുന്ന ഡോക്ടർ ജോൺ മേനാച്ചേരി, തൃശൂർ വികാരിയാത്തിന്റെ പ്രഥമാധ്യക്ഷൻ ജോണിന്റെ കാര്യം ഓർത്തു. തികഞ്ഞ ദൈവഭക്തിയും തീക്ഷ്ണതയുമുള്ള വൈദികർ തൃശൂരിൽ നിന്നുണ്ടാകേണ്ടതിന്റെ ആവശ്യം മനസ്സിലാക്കിയ മേനാച്ചേരി തിരുമേനി വൈദികപഠനത്തിനായി ജോണിനെ കാന്റിയിലേയ്ക്കയച്ചു. അതിന് കുറച്ചു പണം ആവശ്യമായി വന്നു. അപ്പന്റെ വകയായ ഊക്കൻ പറമ്പും പന്നിക്കോളിൽ പതിമൂന്നു പറക്ക് നിലവും വിറ്റുകിട്ടിയ 350 രൂപയുമായി അമ്മായിയോട് യാത്രപറഞ്ഞ് 1898 ഏപ്രിൽ 17-ാം തീയതി തന്റെ 18-ാമത്തെ വയസ്സിൽ ജോൺ കാന്റി സെമിനാരിയിൽ പ്രവേശിച്ച് പഠനം ആരംഭിച്ചു.[13]


മാർ ജോൺ മേനാച്ചേരി

വിളവു വളരെ, കൊയ്ത്തുകാർ വിരളം (മത്താ. 9:37) എന്ന് വിലപിച്ച യേശുനാഥൻ ജോണിനെ തന്റെ വയലിൽ ജോലി ചെയ്യുന്നതിനായി വിളിച്ചു. ആ വിളി ജോൺ ശ്രവിച്ചു. നാടും വീടും ഉപേക്ഷിച്ച്, ദൈവതിരുമനസ്സെന്തെന്നറിയുവാനായി, തനിക്കജ്ഞാതമായ നാട്ടിലേക്ക് ജോൺ യാത്രയായി.

---

### അടിക്കുറിപ്പുകൾ

1. II Vat. Council., Presbyterorum Ordinis, 9.
2. Thrissur Archdiocesean Calendar - 1896., pp. 24-25.
3. Oral Testimony., Kizhakkutte Francis Vaidyar, Chiralayam.

4. Thrissur Archdiocesean Calendar - 1896., pp. 34.
5. Lights from heaven., p. 154.
6. Ibid., p. 216.
7. Ibid., p. 4.
8. Ibid., p. 25.
9. Ibid., p. 218.
10. Ibid., p. 62.
11. Ibid., p. 107.
12. Ibid., p. 107.
13. Souvenir Adaranjali., p. 9.



ഫാ. എ.ജെ. ഊക്കൻ താമസിച്ച പള്ളിമേട, പറപ്പൂർ



# 5

## സെമിനാരി കാലഘട്ടം



പേപ്പൽ സെമിനാരി, കാന്റി

**1898 ഏപ്രിൽ 17!**

യേശുവിന്റെ വിളി സ്വീകരിച്ച ജോൺ തന്റെ ഗുരുവായ യേശുവിനോടുകൂടി വസിച്ച്, ഗുരുവിനെ ദർശിച്ച്, ഗുരുമുഖത്തു നിന്നു ശ്രവിച്ച്, ഗുരുവിന്റെ പാദാന്തികത്തിലിരുന്ന്, ഗുരുവിന്റെ ജോലി തുടർന്നുകൊണ്ടുപോകുന്നതിനായി, ഉത്തമരായ ആത്മപാലകരെ, ഗുരുവും പുരോഹിതനും അജപാലകനുമായ യേശുക്രിസ്തുവിന്റെ

മാതൃകയിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി പരിശീലനം നൽകുന്ന[1] കാൻറി സെമിനാരിയിൽ പ്രവേശിച്ച പുണ്യദിനമാണ് 1898– ലെ ഏപ്രിൽ 17. ഗുരുവിന്റെ വാസസ്ഥലം അന്വേഷിച്ചു നടന്ന ശിഷ്യഗണത്തോട് വന്നു കാണുക (യോഹ. 1:39) എന്നും എന്നിൽ നിന്നു പഠിക്കുവിൻ(മത്ത. 11:29) എന്നും ആഹ്വാനം ചെയ്ത ദിവ്യ ഗുരുവിന്റെ സ്വരം ജോണിന്റെ കർണപുടങ്ങളിൽ അലയടിച്ചു. എന്റെ അസ്തിത്വത്തിന്റെ ലക്ഷ്യം ദൈവത്തെ അറിയുകയും സ്നേഹിക്കുകയുമാണ്.[2] യേശുവിനെ കൂടുതലറിയുവാൻ അമ്മേ, എന്നെ സഹായിക്കണമെ. യേശുവിനെ അറിയുവാൻ, അവിടുത്തെ മാധുര്യം അനുഭവിച്ചാസ്വദിക്കുവാൻ യേശുവിനെപ്പോലെയാകുവാൻ[3] ആ ഹൃദയം തുടിച്ചു. അദ്ദേഹം എടുത്ത പ്രതിജ്ഞകൾ ഇങ്ങനെ: ക്രിസ്തുവിനെപ്പോലെയാകുകയെന്നതാണ് എന്റെ ഒരേയൊരു പ്രതിജ്ഞ[4], എന്നെ അങ്ങയുടെ പ്രിയ മകനെപ്പോലെയാക്കണമേയെന്ന് മാതാവിനോട് മുട്ടിപ്പായി പ്രാർഥിക്കും.[5]

തന്റെ ഗുരുവും നേതാവും പിതാവുമായ യേശുവിന്റെ[6] സ്നേഹം ആവോളം നുകർന്നെടുത്ത്, യേശുവിന്റെ കൈകളും കാലുകളും അധരവുമായി ഓടിനടന്ന് ആ സ്നേഹം എല്ലാവർക്കും പ്രത്യേകിച്ച് പാവപ്പെട്ടവർക്കും നിരാശ്രയർക്കും പകർന്നുകൊടുക്കുവാൻ സ്നേഹത്തിന്റെ ആ പ്രേഷിതൻ വെമ്പൽകൊണ്ടു. ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കും (1യോഹ.4:16) എന്നരുളിച്ചെയ്ത യേശു തന്റെ പുരോഹിതനിൽ നിന്നും ആവശ്യപ്പെടുന്നത് ധനമോ, ഭൗതിക ജ്ഞാനമോ അല്ല, സ്നേഹമാണ്[7] എന്നും ഒരു വൈദികനിൽ അവശ്യം നിറഞ്ഞു നിൽക്കേണ്ട ഗുണമാണ് സ്നേഹം[8] എന്നും അദ്ദേഹം മനസ്സിലാക്കി. ഇതിനായി അദ്ദേഹം സ്വയം ഒരുങ്ങി; എല്ലാ സാഹചര്യങ്ങളും, എല്ലാ നിമിഷവും ഭാവിജീവിതത്തിലേയ്ക്കുള്ള മുത്തുകൾ ശേഖരിക്കുന്നതിനായി വിനിയോഗിച്ചു. ഒരു മിനിറ്റുപോലും ജോൺ അലസമായി ചെലവഴിച്ചില്ല. വി.ശ്ലീഹാ പറയുന്നതുപോലെ സമയം പൂർണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് കർത്താവിന്റെ അഭീഷ്ടമെന്തെന്നു മനസ്സിലാക്കുവാൻ (എഫേ. 5:17) അദ്ദേഹം ദിനരാത്രങ്ങൾ ചെലവഴിച്ചു. നമ്മുടെ ഉത്തരവാദിത്വം നിർവഹിക്കുവാൻ സമയത്തിന് ദൈർഘ്യം പോരാ എന്നു ഗ്രഹിച്ച് ഒരു വിനാഴികപോലും നഷ്ടപ്പെടുത്താതിരിക്കുക, ഓരോ മിനിറ്റും നന്നായി പ്രയോജനപ്പെടുത്തുക[9] അദ്ദേഹം പിൽക്കാലത്ത് തന്റെ പുത്രിമാരെ ഉപദേശിച്ചു.

തന്റെ വ്യക്തിത്വവികസനത്തിനും ഭാവിജീവിതത്തിനും അടിത്തറ പാകുവാനുള്ള ഗുരുകുലമായ കാന്റിസെമിനാരിയും അവിടത്തെ

പഠനവുമെല്ലാം ജോൺ തന്റെ അമ്മയ്ക്കു സമർപ്പിച്ചു. അമ്മേ, എന്റെ എല്ലാ പ്രത്യാശയും അങ്ങാണ്. എന്റെ പഠനത്തിന്റെ മധ്യസ്ഥയായി ഞാനങ്ങയെ തെരഞ്ഞെടുക്കുന്നു. എല്ലാറ്റിലുമുപരിയായി എന്റെ ആത്മീയജീവിതത്തിന്റെ മധ്യസ്ഥയായും.[11]

**കാൻറി**-ജോൺ ജനിച്ചുവളർന്ന നാട്ടിൽ നിന്നും തികച്ചും വ്യത്യസ്തമായ നാട്, വ്യതിരിക്തമായ ദിനചര്യ, അജ്ഞാതമായ ഭാഷ, സംസ്കാരം... എല്ലാററിലും പുതുമ! സദാ ചുറുചുറുക്കുള്ള സുസ്മേരവദനനായ ജോൺ പുതിയ അന്തരീക്ഷവുമായി പെട്ടെന്ന് ഇണങ്ങിച്ചേർന്നു. പരി. അമ്മയെ തന്റെ മധ്യസ്ഥയായി തെരഞ്ഞെടുത്ത ജോണിന് യാതൊന്നിനെപ്പറ്റിയും പരാതിയില്ലായിരുന്നു. കാരണം നമ്മുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അമ്മ അറിഞ്ഞുകൊണ്ടിരിക്കുന്നു. അവൾ നമ്മുടെ പ്രശ്നങ്ങൾ അറിയുന്നുവെങ്കിൽ അവ ഗണ്യമാക്കാതിരിക്കുമോ? അമ്മ ചോദിക്കുന്നതെന്തെങ്കിലും നിരസിക്കുവാൻ യേശുവിനു കഴിയുമോ? എല്ലാ അമ്മമാരും കൂടി ഒരുമിച്ചു സ്നേഹിക്കുന്നതിനേക്കാളധികമായി മറിയം നമ്മെ സ്നേഹിക്കുന്നു. നാം ആഗ്രഹിക്കുന്നതിനേക്കാളുപരിയായി നമ്മുടെ രക്ഷ അവൾ ആഗ്രഹിക്കുന്നു.[12]

ആവിഷ്കൃതമായ ദൈവ വചനത്തിന്റെ അന്തസാരം ആഴത്തിൽ ഗ്രഹിക്കാനും, ഗ്രഹിച്ചവ ധ്യാനം വഴി ഹൃദിസ്ഥമാക്കാനും, പ്രസംഗവും പ്രവർത്തനവും വഴി അവയെ അവതരിപ്പിക്കാനും അവിടെ പരിശീലിപ്പിച്ചു. ദൈവാരാധനയുടെയും വിശുദ്ധീകരണത്തിന്റെയും ശുശ്രൂഷയ്ക്കുവേണ്ടിയുള്ള പരിശീലനമായിരുന്നു അത്. തന്റെ പ്രാർഥനകളും ദിവ്യബലിയിലെ ഭാഗഭാഗിത്വവും വഴി രക്ഷണീയ കർമം ദിവ്യകാരുണ്യാർപ്പണത്തിലൂടെയും മറ്റു കൂദാശകളിലൂടെയും എങ്ങനെ കൈകാര്യം ചെയ്യാമെന്ന് ജോൺ പഠിച്ചറിഞ്ഞു. അജപാലന ശുശ്രൂഷയ്ക്കും ഇക്കാലയളവിൽ പരിശീലനം ലഭിച്ചു. ഇവയെല്ലാം ജനതകളുടെ മുമ്പിൽ ക്രിസ്തുവിന്റെ പ്രാതിനിധ്യം വഹിക്കാൻ ജോണിനെ കഴിവുള്ളവനാക്കി. അവിടന്നു വന്നത് സേവിക്കപ്പെടാനല്ല, സേവിക്കാനാണ്; അനേകരുടെ വീണ്ടെടുപ്പിനായി സ്വജീവൻ ഹോമിക്കാനാണ് (മർക്കോ. 10:45; യോഹ. 13:12-17). കാൻറി സെമിനാരിയിലെ വൈദിക വിദ്യാർഥികളുടെ പരസ്പരസ്നേഹവും, പരിഗണനയും, പ്രേഷിത തീക്ഷ്ണതയും ജോൺ ഒപ്പിയെടുത്തു. പഠനത്തിലും ഉല്ലാസത്തിലും മിഷൻ പ്രവർത്തനത്തിലും ഒന്നുപോലെ ശിക്ഷണം നൽകാൻ സമർഥരായിരുന്ന ഫാ. ഗ്രോഷനും

ഫാ. ഡുപ്പോയുമൊക്കെ അദ്ദേഹത്തിന്റെ ജീവിതത്തെ അത്യധികം സ്വാധീനിച്ചു. പെട്ടെന്ന് അദ്ദേഹം ഗുരുജനങ്ങളുടെയും സഹപാഠികളുടെയും കണ്ണിലുണ്ണിയായി മാറി. അങ്ങനെ പരസ്യജീവിതത്തിനായി ജോൺ യേശുവിനെപ്പോലെ ഒരുങ്ങി. മൂന്നു വർഷത്തെ പരസ്യജീവിതത്തിനായി യേശു മുപ്പത് വർഷം ഒരുങ്ങി. ഒരു തച്ചന്റെ മകനായി യൗസേപ്പിനെ സഹായിച്ചും, ഗാർഹിക ജോലികളിൽ മേരിയെ സഹായിച്ചും അവൻ മാതാപിതാക്കൾക്ക് കീഴ്‌വഴങ്ങി ജീവിച്ചു. എന്റെ സെമിനാരി ജീവിതവും യേശുവിന്റെ ജോലി തുടരുന്നതിനുള്ള ഒരുക്കമാണ്.[13]

അങ്ങനെ തൃശൂർ നാട്ടിൽനിന്നും ഇദംപ്രഥമമായി ഒരു അനാഥ ബാലൻ ക്രിസ്തുവിന്റെ വീരപടയാളിയായി, അവശരുടെയും ആലംബഹീനരുടെയും പിതാവായി രൂപം കൊള്ളുകയായിരുന്നു. ഭാവിയിൽ വൈദികജീവിതത്തിനാവശ്യമായ കൈമുതൽ സമ്പാദിക്കുവാനുള്ള സെമിനാരി അധ്യയനകാലം ജോൺ ഒട്ടും പാഴാക്കിയില്ല. സെമിനാരിയിൽ ഗുരുഭൂതരുടെ ശിഷ്യത്വത്തിൽ പഠനത്തിലും, പരിശുദ്ധിയിലും ജോൺ മുന്നേറിക്കൊണ്ടിരുന്നു. കാരണം യേശുവിന്റെയും അമ്മയുടെയും അദൃശ്യകരം എപ്പോഴും അദ്ദേഹത്തെ താങ്ങുന്നുണ്ടായിരുന്നു. എന്റെ ദൈവശാസ്ത്രപഠനം എളുപ്പമാക്കിത്തീർക്കുവാൻ നമ്മെ പഠിപ്പിക്കുന്നതിനായി ഭൂമിയിലേക്കിറങ്ങി വന്ന യേശുവാണ് എന്റെ ഗുരു. വിജ്ഞാനത്തിന്റെ ഇരിപ്പിടവും സദുപദേശത്തിന്റെ മാതാവുമായ മറിയമാണ് എന്റെ സ്വകാര്യാധ്യാപിക (റ്റ്യൂട്ടർ).[14] സംഭവബഹുലമായ ജീവിതത്തിനിടയിലും പിതാവുമായി സ്നേഹസംഭാഷണത്തിലേർപ്പെട്ട് ശക്തി സംഭരിച്ച യേശുവിനെപ്പോലെ (ലൂക്ക 6:12;9:18) തന്റെ പഠനത്തിനാവശ്യമായ ശക്തിക്കും പ്രകാശത്തിനുമായി ജോൺ യേശുവിനോട് സഹായം യാചിച്ചുകൊണ്ടിരുന്നു. യേശുവിനെക്കൂടാതെ തനിക്കൊന്നും സാധ്യമല്ല[15] എന്ന് അദ്ദേഹം തന്റെ ജീവിതമാകുന്ന പുസ്തകത്തിൽ അടിവരയിട്ടുറപ്പിച്ചു. എന്നെത്തന്നെ വിശുദ്ധീകരിക്കുന്നതിനും നിർദേശങ്ങൾ നല്കി ദൈവവിജ്ഞാനീയത്തിലേയ്ക്ക് നയിക്കുന്നതിനുമായി എന്റെ ദൈവമേ, എന്റെ സ്രഷ്ടാവേ, എന്റെ ബുദ്ധിക്ക് പ്രകാശം നല്കണമെ. പഠിക്കുന്നതെല്ലാം പരിശീലിക്കത്തക്കവിധത്തിൽ എന്റെ ബുദ്ധിയേയും മനസ്സിനേയും ഫലപ്രദമായി ചലിപ്പിക്കുന്നതിന് എന്റെ ഗ്രഹണശക്തി വിശാലവും തീക്ഷ്ണവുമാക്കണമെ.[16] പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനായി പ്രാർഥനയും പരിത്യാഗങ്ങളും വഴി ഒരുങ്ങിയ തന്റെ

അമ്മയെപ്പോലെ ജോണും ഒരുങ്ങി.[17] പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശ്ലീഹന്മാരിൽ വന്ന വ്യതിയാനങ്ങൾ (അപ്പ. പ്ര. 2) തന്നിലും ഉണ്ടാകുവാൻ, അങ്ങനെ ധാരാളം ആത്മാക്കളെ ക്രിസ്തുവിനായി നേടുവാൻ ജോൺ ആത്മാർഥമായി ആഗ്രഹിച്ചു. അതിനായി സെമിനാരിയിലെ നീണ്ട കാലഘട്ടം ജോൺ വിനിയോഗിച്ചു. അപ്പസ്തോലൻമാരെ ജ്വലിപ്പിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനും പിന്നീട് ഇതേ പ്രവൃത്തി അവർ തുടരുന്നതിനുമായി പരിശുദ്ധാത്മാവ് തീനാളത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. പരിശുദ്ധാത്മാവേ, അങ്ങ് എന്നിൽ വന്ന് എന്നെ പ്രകാശിപ്പിക്കുകയും എന്നിലെ അന്ധകാരം നീക്കം ചെയ്ത്, മന്ദീഭവിച്ച എന്റെ ഹൃദയത്തെ ചൂടുള്ളതാക്കുകയും ചെയ്യണമെ. അപ്പസ്തോലൻമാരെ, സംസാരിക്കുന്നതിനും പഠിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുന്നതിനായി നാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെടുന്നു. കുറ്റമെന്യേ ആധ്യാത്മികമായി മാത്രം സംസാരിക്കുവാൻ എന്നെയും കഴിവുള്ളവനാക്കണമെ. ഞാൻ അങ്ങനെമാത്രം സംസാരിക്കേണ്ടവനാണല്ലോ.[18] ഭാവിജീവിതത്തിനാവശ്യമായ ജ്ഞാനസമ്പത്ത് ശേഖരിക്കുന്നതിന് ഒരു കർമപരിപാടിയും അദ്ദേഹം തയ്യാറാക്കി. ക്ലാസ് നന്നായി ഒരുങ്ങുക; പ്രഭാഷണങ്ങൾ ഗ്രഹിക്കത്തക്കവിധത്തിൽ കാതുകൾ കൂർമയുള്ളതായിരിക്കട്ടെ. ക്ലാസ് സമയത്ത് കുറിപ്പെടുത്ത് പുസ്തകങ്ങളുടെ സഹായത്തോടെ ആവർത്തന വിരസത കൂടാതെ അത് പൂർത്തിയാക്കുക. ഈ പഠനങ്ങൾക്കായി കഴിയുന്നത്ര സമയം ചെലവഴിക്കുകയും പഴയ നിയമവും പുതിയ നിയമവും അതിന്റെ വ്യാഖ്യാനങ്ങളോടുകൂടി വായിക്കുകയും വേണം. ഇവയെല്ലാം ചെയ്യുവാൻ ദൈവമേ, എന്നെ അനുവദിക്കണമെ. ഞാൻ അങ്ങയുടെ കരങ്ങളിലെ ഉപയോഗപ്രദമായ ഉപകരണമായിത്തീരട്ടെ.[19]

നീണ്ട ഈ കാലഘട്ടത്തിൽ പഠനത്തിന് അർഹിക്കുന്ന പ്രാധാന്യം ജോൺ നൽകി. പിതാവിന്റെ ജോലിയിൽ വ്യാപൃതനാകുന്നതിന് ഭൗതികജ്ഞാനത്തേക്കാൾ ദൈവികജ്ഞാനം വേണമെന്ന് അദ്ദേഹം മുൻകൂട്ടിക്കണ്ടു. നാം സമയത്തിനനുയോജ്യമായി ഉയരണം. പന്ത്രണ്ടു വർഷം പഠിച്ചിട്ടും ഇംഗ്ളീഷ് പഠനം നിസ്സാരമാക്കിയതിനാൽ ദൈവശാസ്ത്രത്തിലെ അറിവ് വളരെ നിസ്സാരവും ഉപയോഗമാത്രവുമായുള്ള ഒരു കത്തോലിക്ക വൈദികന്റെ സ്ഥിതി ദാരുണമാണ്.[20] പഠനം ഒരു ജോലിയാണ്. ഗൗരവമായും നിരന്തരമായും അതിന് നിന്നെ സമർപ്പിക്കുക. ഇവയെല്ലാം നന്നായി നിർവഹിക്കുന്നതിന് സ്വർഗവാസികളുടെ സഹായം എപ്പോഴുമുണ്ടാ

കുമെന്ന് അദ്ദേഹം വിശ്വസിച്ചു. അനന്തനന്മയായ ദൈവത്തിന്റെ സഹായത്തോടെ എല്ലാം തുടർന്നുകൊണ്ടുപോകാമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കാരണം, ചോദിക്കുന്നവർക്കാർക്കും അവിടുന്ന് ഒന്നും നിരസിക്കുന്നില്ല. അതെ, ഇതെല്ലാം ഞാൻ ദൈവകൃപയാലും ദൈവത്തിനായും ചെയ്യും. എന്റെ പ്രിയപ്പെട്ട അമ്മയായ മറിയത്തിന്റെ സഹായത്തോടുകൂടി ഇതെല്ലാം ഞാൻ ചെയ്യും. അവളുടെ മടിയിൽ കിടന്നുകൊണ്ട് എല്ലാം ഞാൻ ചെയ്യും. എന്റെ മാലാഖ ഇതിനൊന്നും എതിരു നിൽക്കുകയില്ല. മാലാഖ സ്വയം ആഹ്ളാദിക്കുകയും യേശുവിനെയും മറിയത്തെയും സന്തോഷിപ്പിക്കുകയും ചെയ്യും. എന്നെ കാത്തുപരിപാലിക്കുന്ന എന്റെ നാമകാരണമായ വിശുദ്ധൻ തന്റെ പ്രാർഥനവഴി എന്നെ സഹായിക്കും.[22]

അദ്ദേഹം ഫിലോസഫിയും തിയോളജിയും പഠിച്ചത് അവിടെത്തന്നെയായിരുന്നു. രണ്ട് സെക്ഷനിലും അദ്ദേഹം പ്രീഫെക്ട് ആയിരുന്നു. ജോൺ ഊക്കൻ സമർഥനായ ഒരു പുരോഹിതാർഥി ആയിരുന്നു.

## പ്രീഫെക്ട്

പ്രീഫെക്ട് എന്ന നിലയിൽ അധികാരികൾക്ക് വിധേയപ്പെട്ടും ആലോചനചോദിച്ചും സഹപാഠികളോട് സ്നേഹാദരവോടെ വർത്തിച്ചും ഉത്തരവാദിത്വങ്ങൾ നിർവഹിച്ചു. തന്നെ ഏൽപിക്കുന്ന ഉത്തരവാദിത്വങ്ങളെല്ലാം എളിമയോടുകൂടി നിർവഹിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം ഡയറിയിൽ രേഖപ്പെടുത്തി, ഈശോ സ്വയം താഴ്ത്തി ദാസന്റെ രൂപം സ്വീകരിച്ചു. അങ്ങനെ പരിശുദ്ധമായ നാമത്തിന് അർഹനായി.[23] ജോണിന്റെ ഹൃദയതാഴ്മ ശുശ്രൂഷാനിർവഹണം ഏവർക്കും സ്വീകാര്യമാക്കിത്തീർത്തു.

അദ്ദേഹം 1907-ൽ എഴുതി: ദൈവമഹത്വത്തിനായുള്ള എന്റെ തീക്ഷ്ണത എന്റെ വിശുദ്ധീകരണത്തിലും പഠനത്തിലും ഉൾപ്പെടണം. ദൈവത്തോടും ആത്മാക്കളോടുമുള്ള സ്നേഹത്താൽ എരിയുന്ന ഒരു വിശുദ്ധനാകുവാൻ തീക്ഷ്ണതയോടെ ശ്രമിക്കണം. ഈ അവസാന വർഷത്തിലെ എന്റെ പഠനമെല്ലാം സന്തോഷത്തോടുകൂടിയും ആത്മാർഥമായും നടത്തണം. എന്റെ അധികാരികൾക്കു വിധേയപ്പെട്ട് ഏൽപിച്ചിരിക്കുന്ന പ്രീഫെക്ടിന്റെ ജോലി നന്നായി ചെയ്യുവാൻ ശ്രമിക്കുകയും എന്റെ സഹോദരങ്ങളെ കൂടുതൽ നല്ലവരാക്കുന്നതിനോ, അവരുടെ തെറ്റുകൾ തിരുത്തുന്നതിനോ ആയി

സ്നേഹത്തോടും ബഹുമാനത്തോടും കൂടി വാക്കുകൾ ഉപയോഗിക്കുകയും വേണം.[24]

സെമിനാരിയിലായിരിക്കുമ്പോൾ തന്റെ ആത്മീയ വളർച്ചയിൽ അതീവ ജാഗ്രത പുലർത്തിയിരുന്നെന്നും നിരന്തരവും സ്ഥിരവുമായ പരിശ്രമത്തിലൂടെ വിശുദ്ധിയിലും ക്രിസ്തീയ പുണ്യങ്ങളിലും വളരുവാൻ തീക്ഷ്ണമായി ആഗ്രഹിച്ചിരുന്നെന്നും ഡയറിയിലെ എല്ലാ പേജുകളും വ്യക്തമാക്കുന്നു.

## ദൈവത്തിനുള്ളവൻ

1900 ഡിസംബർ 22-ാം തീയതി ജോൺ വൈദികവസ്ത്രം അണിഞ്ഞു.[25] ജോൺ ശെമ്മാശൻ കെട്ടിലും മട്ടിലും മാത്രമല്ല പുണ്യത്തിലും തികഞ്ഞ ഒരു വൈദിക വിദ്യാർഥിയായി. പഠനത്തിന് ഒട്ടും പിന്നോക്കമായിരുന്നില്ല. സായിപ്പുകുട്ടികളെപ്പോലെ ഇംഗ്ലീഷ് സംസാരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ലത്തീനും നന്നായി കൈകാര്യം ചെയ്യാൻ കഴിവുനേടി. മാമ്മോദീസയിലെ നിഷ്കളങ്കതയിൽ ജീവിച്ച ജോൺ, യേശുവിനെ തന്റെ ജീവിതപങ്കാളിയായി തെരഞ്ഞെടുക്കുകയും അവിടുത്തേയ്ക്കുവേണ്ടി ഒരു ഹോമബലിയായി സ്വയം സമർപ്പിക്കുകയും ചെയ്തു. ദൈവമേ, അവിടുത്തെ ഹിതം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു (ഹെബ്രാ.10:9). ഞാൻ മാമ്മോദീസ സ്വീകരിച്ചപ്പോൾ പിശാചിനേയും അവന്റെ തന്ത്രങ്ങളേയും ധീരതയോടെ ഉപേക്ഷിച്ചു. തലയുടെ പിൻഭാഗം ക്ഷൗരം ചെയ്തപ്പോൾ ദൈവത്തെ എന്റെ ജീവിതപങ്കാളിയായി സ്വീകരിക്കാമെന്ന് ഞാൻ പരസ്യമായി പ്രഖ്യാപിച്ചു.[26] എന്റെ പിതാവും എന്റെ ദൈവവും എന്നോട് ബലി-യാഗം-ആവശ്യപ്പെടുന്നു. ദൈവത്തിന് പ്രീതിജനകമാകത്തക്കവിധത്തിൽ ഞാനത് നൽകി. അതോടൊപ്പം ഈശോയുടെ തിരുഹൃദയത്തോടു ചേർത്ത് എന്നെ മുഴുവനും ദൈവത്തിന്റെ ഉപരിമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി ഒരു ഹോമബലിയായി ഏതു നിമിഷത്തിലും കത്തിയെരിയിക്കുന്നതിനായി ഞാൻ സമർപ്പിച്ചു. എന്തുതന്നെ വിലകൊടുക്കേണ്ടിവന്നാലും ഒരിഞ്ചു പോലും ഇനി ഞാൻ പിൻമാറുകയില്ല. സ്നേഹ യേശുവേ, പിതാവിന്റെ ഇഷ്ടം നിർവഹിക്കുകയായിരുന്നു അങ്ങയുടെ ഭക്ഷണം. ഞാനും അതുപോലെ ചെയ്യട്ടെ. അങ്ങയുടെ വചനം പോലെ എന്നിൽ സംഭവിക്കട്ടെ എന്ന് എന്റെ അമ്മേ, നീയും പറഞ്ഞു. എന്റെ ഈ പ്രതിജ്ഞ അങ്ങയുടെ വത്സലകുമാരന്റെ തിരുഹൃദയത്തിൽ സൂക്ഷിച്ച്

ഞാൻ അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരട്ടെ.[27] ദൈവമേ, ഒരു ബലിയാടാകുവാൻ ഞാൻ എന്തുമാത്രം ആഗ്രഹിക്കുന്നു! വിപരീതാനുഭവങ്ങളും എളിമപ്പെടുത്തലുകളും അങ്ങേയ്ക്കു വേണ്ടി അങ്ങയോടുകൂടി സഹിച്ചുകൊണ്ട്, അങ്ങയെ സ്നേഹിച്ചുകൊണ്ട്, എന്നെ മുഴുവൻ അങ്ങേക്കർപ്പിക്കുന്നു.[28]യേശുവിനല്ലാതെ മറ്റാർക്കാണ് എന്റെ ഹൃദയം ഞാൻ നൽകുക?[29]

സമ്പൂർണ സമർപ്പണത്തിനു മാതൃകയായി തന്റെ അമ്മയായ പരി. മറിയത്തെയാണ് ജോൺ സ്വീകരിച്ചത്. യേശുവിനെ ദേവാലയത്തിൽ കാഴ്ചവച്ച് സ്വയം ശുദ്ധീകരണ നിയമത്തിനു വിധേയയായപ്പോൾ മറിയം ദൈവത്തെ അത്യധികം പ്രീതിപ്പെടുത്തി. അവൾ അത്രക്ക് അമൂല്യമായ സമ്മാനമാണ് സമർപ്പിച്ചത്. തന്റെ മകനെ തീവ്രമായ പീഡകൾക്കായി അവൾ സമർപ്പിച്ചു.എത്ര ഉദാത്തമായ സമർപ്പണം.[30] തന്റെ മകന് സഹിക്കേണ്ടിവരുന്ന പീഡകളെല്ലാം അവൾക്കറിയാമായിരുന്നു. സമർപ്പണത്തിന്റെ മൂല്യം കാണുക.[31] വീണ്ടും അദ്ദേഹം തുടരുകയാണ്: മറിയം പറയുന്നു: ആരംഭം മുതൽ ദൈവം എന്നെ സ്വന്തമാക്കിയിരിക്കുന്നു എന്ന്. മകളേ, ശ്രദ്ധിച്ചു കേൾക്കൂ, കാതോർക്കൂ, നിന്റെ ജനത്തെയും പിതൃഭവനത്തെയും മറക്കൂ എന്ന സ്വരം അവളുടെ കർണപുടങ്ങളിൽ മുഴങ്ങിയ ഉടനെത്തന്നെ അവൾ അപ്രകാരം ചെയ്തു. അമ്മയെപ്പോലെ എന്നെയും വിരക്തിയുള്ളവനാക്കുക. മറിയത്തിന്റെ കാഴ്ചവയ്പ് നടന്ന ദിവസം ദേവാലയം ദേവാലയത്തിലും, ശ്രീകോവിൽ ശ്രീകോവിലിലും, ദൈവം സന്നിഹിതനായിരിക്കുന്ന പേടകം പ്രതീകാത്മകമായ പേടകത്തിലും സമർപ്പിക്കപ്പെട്ടു. അമ്മേ, എന്നെ വിനയമുള്ളവനും ദൈവത്തിനു സ്വീകാര്യനുമാക്കണമെ.[32] എന്റെ അമ്മയായ മേരിയിലൂടെ എന്നെ പൂർണമായും അങ്ങയുടെ സേവനത്തിനായി ഞാൻ സമർപ്പിക്കുന്നു.[33] തന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യുവാൻ സാധിക്കുമെന്ന് (ഫിലി. 4:13) അദ്ദേഹം ദൃഢമായി വിശ്വസിച്ചു.

അങ്ങനെ യേശുവിനായി പ്രവർത്തിക്കുവാൻ യേശു പേരുചൊല്ലി വിളിച്ചവൻ (ഏശ. 43:1) അവിടുത്തേയ്ക്കുവേണ്ടി കത്തിയെരിയാൻ, ഒരു ബലിയായിത്തീരുവാൻ സ്വയം സമർപ്പിച്ചു. ലോകത്തിന്റെ നശ്വരതയും അവിശ്വസ്തതയും ജോൺ മനസ്സിലാക്കി. അതുകൊണ്ട് യേശുവിനെ തന്റെ ആത്മമിത്രമായി അദ്ദേഹം സ്വീകരിച്ചു. വി. കുർബാന സ്വീകരണാനന്തരം ഈശോ എന്നോടു പറഞ്ഞു: ലൗകികമായ സ്നേഹബന്ധം അവസാനംവരെ നിലനിൽക്കുകയില്ല;

അവർ നിന്നെ ഉപേക്ഷിക്കുകയും നിരാശയും അസംതൃപ്തിയും നിനക്ക് പ്രദാനം ചെയ്യുകയും ചെയ്യും. അതുകൊണ്ട് നീ എന്നെ തെരഞ്ഞെടുക്കുക; എന്നെ മാത്രം സ്വീകരിക്കുക. നിന്റെ സ്നേഹിതരുടെ പലായനം നിന്നിൽ വേദനയുളവാക്കുമ്പോൾ വി. കുർബാനയിലൂടെ നീ എന്നിൽ ജീവിക്കുക.[34]

ലോകാരംഭത്തിനുമുമ്പുതന്നെ യേശു, തന്നെ അറിഞ്ഞിരുന്നുവെന്നും തന്റെ നന്മമാത്രമാണ് അവിടുന്ന് ആഗ്രഹിക്കുന്നത് എന്നുമുള്ള വിശ്വാസത്തിൽ ജോൺ വളർന്നുവന്നു. തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു (എഫേ.1:4). ഈ തെരഞ്ഞെടുപ്പ് മറ്റൊരു ക്രിസ്തുവായി മാറുവാനാണെന്ന് (ഗലാ.2:20) ജോൺ മനസ്സിലാക്കി. പുരോഹിതൻ മറ്റൊരു ക്രിസ്തുവാണ്; ക്രിസ്തുവിന്റെ സുഗന്ധപരിമളമാണ്.[35] യേശു ശിഷ്യരെ തെരഞ്ഞെടുത്തത് തന്റെ ചുറ്റിലുമിരുന്ന് ധ്യാനിക്കുവാനും പൂജിക്കുവാനും മാത്രമല്ല; തന്റെ ജീവിതമാതൃക പിന്തുടരുന്നതിനുമാണ്. താൻ ഗലീലിയിൽ ആരംഭിച്ച് ജറുസലേമിൽ അവസാനിപ്പിച്ച യാത്ര ജറുസലേമിൽ നിന്നു ലോകത്തിന്റെ അവസാനംവരെ തുടരുന്നതിനാണ് (മർക്കോ.16:15). പ്രസ്തുത ദൗത്യം തുടർന്നുകൊണ്ടുപോകുന്നതിന് ആത്മീയവളർച്ച കൂടിയേതീരൂ. അതിനനുയോജ്യമായ രൂപീകരണ പ്രക്രിയയിലൂടെ അദ്ദേഹം കടന്നുപോയി. അപ്പോഴെല്ലാം യേശുവിനെപ്പോലെയാകുവാൻ, യേശുവിനോടുകൂടിയായിരിക്കുവാൻ ജോൺ തീവ്രമായി ആഗ്രഹിച്ചു.[36]

ജോൺ ഊക്കൻ ശെമ്മാശൻ ചെറിയ പട്ടങ്ങൾ 1904 ഡിസംബർ 17-നും[37] സബ്ഡീക്കൻ പട്ടം 1905 ഡിസംബർ 23-നും[38] ഡീക്കൻ പട്ടം 1906 ഡിസംബർ 22-നും[39] സ്വീകരിച്ചു.

---

**അടിക്കുറിപ്പുകൾ**

1. II Vat. Counil., Optatam Totius, 4.
2. Lights from heaven., p. 61.
3. Ibid., July 20, 1904.
4. Ibid., June 20, 1904.
5. Ibid., June 20, 1904.
6. Ibid., p. 17.
7. Ibid., June 29, 1903.
8. Ibid., April, 1902.
9. Confrences., 1946.

10. Lights from heaven., August 20, 1923.
11. Ibid., November 14, 1903.
12. Ibid., November 17, 1903.
13. Ibid., June 27, 1903.
14. Ibid., December 23, 1903.
15. Ibid., October 29, 1903.
16. Ibid., December 23, 1903.
17. Ibid., May 22, 1903.
18. Ibid., November 19, 1903.
19. Ibid., December 23, 1903.
20. Ibid., June 25, 1904.
21. Ibid., December 20, 1903.
22. Ibid., December 11-20, 1903.
23. Ibid., April, 1902, pp. 9-10.
24. Ibid., P. 330.
25. Early Documents 1, Certificate of Tonsure from Msgr. Pagani, Bishop of Kandy.
26. Lights from heaven., November. 18, 1903.
27. Ibid., August., 1904.
28. Ibid., June 30, 1903.
29. Ibid., June 19, 1903.
30. Lights from heaven., May 13, 1903.
31. Ibid., May 14, 1903.
32. Ibid., November 23, 1903.
33. Ibid., June 1, 1903.
34. Ibid., 1902, p. 1.
35. Ibid., 1907, p. 339.
36. Ibid., September 23, 1903.
37. Early Documents - 88, Certificate of Minor Orders from Msgr. Pagnani, Bishop of Kandy.
38. Ibid., Certificate of Subdiacanate from Msgr. Pagnani, Bishop of Kandy.
39. Ibid., Certificate of Diacanate from Msgr. Pagnani, Bishop of Kandy.




# 6

# ആധ്യാത്മികത വളർച്ച പ്രാപിക്കുന്നു

ആത്മാവിലും ശരീരത്തിലും ക്രിസ്തുവിനെ ധരിച്ചുകൊണ്ട് ക്രിസ്തുവാഹകരാകുവാനുള്ള യുവാക്കളെ പരിശീലിപ്പിച്ചെടുക്കുന്ന ആ ആധ്യാത്മിക വിദ്യാക്ഷേത്രത്തിൽ പഠനത്തിനും പ്രാർഥനയ്ക്കും പ്രവർത്തനത്തിനുമുള്ള അനുകൂലസാഹചര്യങ്ങളുണ്ടായിരുന്നു. ആധ്യാത്മിക രൂപവല്കരണം താത്വികപഠനങ്ങളോടും അജപാലന പരിശീലനത്തോടും സഗാഢം ബന്ധപ്പെട്ടിരിക്കേണ്ടതുണ്ടല്ലോ. പരിശുദ്ധാരൂപിയിൽ യേശുക്രിസ്തുവഴി പിതാവുമായി അവഗാഢവും സ്ഥിരവുമായ സഖിത്വത്തിൽ ജീവിക്കാൻ പരിശീലിപ്പിക്കുന്ന ആധ്യാത്മിക രൂപവൽക്കരണമാണ് ജോണിന് അവിടെ ലഭിച്ചത്. ദിവ്യാഭിഷേകം വഴി പുരോഹിതനായ ക്രിസ്തുവിന്റെ രൂപം പ്രാപിക്കേണ്ടിയിരുന്ന ജോൺ തന്റെ ജീവിതം മുഴുവൻ ഗാഢബന്ധത്താൽ സ്നേഹിതനെപ്പോലെ യേശുവിനോട് ഐക്യപ്പെട്ടിരിക്കാൻ കാന്റിയിലെ നീണ്ട ദശവർഷങ്ങളിൽ പ്രാപ്തി നേടി. പെസഹാരഹസ്യങ്ങളെ തന്റെ ജീവിതത്തിൽ അലിയിച്ചു ചേർക്കുവാൻ ഈ സാഹചര്യം വഴിതെളിച്ചു. ദൈവവചനത്തെപ്പറ്റിയുള്ള വിശ്വാസപൂർവമായ പരിചിന്തനം വഴിയും സഭയുടെ വിശുദ്ധരഹസ്യങ്ങളിൽ പ്രത്യേകിച്ച് വി. കുർബാനയിലും യാമപ്രാർഥനകളിലുമുള്ള സജീവഭാഗഭാഗിത്വം വഴിയും ക്രിസ്തുവിനെ അന്വേഷിച്ചറിയാൻ ജോൺ ജാഗ്രതയോടെ ശ്രമിച്ചു.[1]

തന്റെ ഗുരുഭൂതനായ ക്രിസ്തുവിൽ വിളങ്ങിശോഭിച്ചിരുന്ന ഗുണങ്ങൾ തന്നിലേക്കു പകർത്തുവാനുതകുന്ന ഭക്തകൃത്യങ്ങളെല്ലാം ജോൺ സ്വന്തമാക്കി. എന്തുതന്നെ വിലകൊടുക്കേണ്ടിവന്നാലും യേശുവിന്റെ ജീവിതം സ്വായത്തമാക്കാൻ ജോൺ ശെമ്മാശൻ വെമ്പൽ കൊണ്ടു. അദ്ദേഹത്തിന്റെ വ്യക്തിപരമായ പ്രാർഥനയിൽനിന്നും ഇത് വിവേചിച്ചറിയുവാൻ സാധിക്കും. എന്റെ അമ്മേ, അങ്ങയുടെ കാപ്പ യുടെ കീഴിൽ ഞാൻ ജീവിക്കട്ടെ; ഈശോയുടെ മാധുര്യമുള്ള തിരുഹൃദയത്തിൽ വസിക്കുവാൻ എന്നെ അനുവദിക്കണമെ, യേശു വിന്റെ ഗുണഗണങ്ങൾ ഞാനും പഠിക്കട്ടെ, അവിടുത്തെ രഹസ്യ ജീവിതം, എളിമ, അനുസരണം, തീക്ഷ്ണത, പ്രേഷിത പ്രവർത്തനങ്ങൾ, പരിത്യാഗജീവിതം... എല്ലാം എന്നിലേയ്ക്കും പകർത്തട്ടെ. എന്റെ ആത്മാവിലും ശരീരത്തിലും ഞാൻ സഹിക്കട്ടെ. യേശുവിന്റെ തിരുഹൃദ യത്തിൽ വസിക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളട്ടെ. എന്റെ മാതൃക യേശുമാത്രമാണ്. അവിടുത്തെ സ്തുതികൾ ഞാൻ നിരന്തരം ആലപിക്കും.[2] ജോണിന്റെ ആധ്യാത്മിക ജീവിതത്തിന്റെ തത്വ സംഹിത ഈ പ്രാർഥനയിൽനിന്നും വ്യക്തമാണ്. യേശുക്രിസ്തു വിനോടുള്ള സ്നേഹത്തിലും, അത്യഗാധമായ എളിമയിലും വളരു വാനുള്ള ഉൽക്കടമായ ആഗ്രഹമാണല്ലോ ഇത് വിളിച്ചോതുന്നത്. യേശുവിനെ ഏറ്റവുമടുത്തനുഗമിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. യേശുവിനെ അനുകരിച്ചുകൊണ്ട് അവിടുത്തെ സ്നേഹിക്കുവാൻ ഞാനാഗ്രഹിക്കുന്നു.[3] തന്റെ ആത്മീയജീവിതത്തിന്റെ സിരാകേന്ദ്രം യേശുവിനോടുള്ള സ്നേഹമാണെന്ന് പ്രത്യേകിച്ച് ഈശോയുടെ തിരുഹൃദയത്തിൽ നിന്നും കരകവിഞ്ഞൊഴുകുന്ന സ്നേഹമാണെന്ന് അദ്ദേഹം അരക്കിട്ടുറപ്പിച്ചു. ഞാൻ ജീവിക്കുന്നുവെങ്കിൽ അങ്ങയെപ്പോ ലെയാകുവാൻ, അങ്ങയോടുകൂടെയായിരിക്കുവാൻ ആഗ്രഹിക്കുന്നു.[4] എന്റെ ഹൃദയത്തിന്റെ ഉടമസ്ഥാവകാശം യേശുവിനാണ്.[5] അദ്ദേഹത്തിന്റെ ആത്മാവിന്റെ ആന്തരികസന്ദേശം ഇതു പ്രസ്പഷ്ടമാക്കുന്നുണ്ട്. എല്ലായിടത്തും എല്ലായ്പോഴും എന്റെ ഗുരുവും മാതൃകയുമായ യേശു പ്രവർത്തിച്ചാലെന്നപോലെ ഞാനും പ്രവർത്തിക്കും.[6] അങ്ങ് പോകുന്നിടത്തെല്ലാം എന്റെ നല്ല യേശുവേ, ഞാൻ അങ്ങയെ അനു ഗമിക്കുമെന്ന്[7] അദ്ദേഹം ആവർത്തിച്ചു പറയുമായിരുന്നു. ദിവ്യകാരു ണ്യത്തോടും ഈശോയുടെ തിരുഹൃദയത്തോടും ക്രൂശിതനോടു മുള്ള വ്യക്തിപരമായ ഗാഢൈക്യവും പരി. കന്യകയോടും വി. യൗസേപ്പിതാവിനോടുമുള്ള പുത്രസഹജമായ സ്നേഹവും വഴി ഇത് ഉടലെടുത്തു.

## ദിവ്യകാരുണ്യഭക്തി



ക്രൈസ്തവ ജീവിതത്തിന്റെ ഉച്ചിയും ഉറവയുമാണ് വിശുദ്ധ കുർബാന. ബാല്യം മുതൽ, ദിവ്യകാരുണ്യത്തിൽ വസിക്കുന്ന ദിവ്യനാഥനോട് അടുത്ത ബന്ധം പുലർത്തിപ്പോന്ന വ്യക്തിയായിരുന്നു ജോൺ. ശിശുപ്രായത്തിൽ അദ്ദേഹത്തിൽ മുളയെടുത്ത ദിവ്യകാരുണ്യഭക്തി കാലത്തിനൊത്ത് വളർന്നു. 1898-ൽ കാന്റിയിൽ വൈദിക പരിശീലനം ആരംഭിച്ചപ്പോൾ ദിവ്യകാരുണ്യ ഭക്തിയിൽ പുഷ്ടിപ്രാപിക്കാൻ വളക്കൂറുള്ള മണ്ണിലേക്ക് അദ്ദേഹം പറിച്ചുനടപ്പെടുകയായിരുന്നു. അക്കാലത്തും കൂടെക്കൂടെ ദിവ്യകാരുണ്യസന്ദർശനം നടത്തുവാൻ അദ്ദേഹം താല്പര്യം പ്രദർശിപ്പിച്ചിരുന്നു. പഠനമോ, പ്രവർത്തന ബാഹുല്യമോ, സ്ഥലകാലസാഹചര്യങ്ങളോ ഒന്നും അതിന്റെ കൃത്യമായ അനുഷ്ഠാനത്തിന് പ്രതിബന്ധമായി ഭവിച്ചിരുന്നില്ല. ഈ സന്ദർശനവും സഹവാസവും സാമീപ്യവുമെല്ലാം അദ്ദേഹത്തെ ദിവ്യകാരുണ്യഭക്തിയിൽ വളർത്തുകയും ദിവ്യകാരുണ്യനാഥനോട് കൂടുതൽ ബന്ധപ്പെടുത്തുകയും ചെയ്തു. യേശു വിശുദ്ധ കുർബാനയിലുണ്ടെന്ന് ഞാൻ അറിയുന്നു. എന്നോട് യോജിക്കുവാനും സ്നേഹസംഭാഷണം നടത്തുവാനും അവിടുന്ന് ഉൽക്കടമായാശിക്കുന്നു. യേശുവേ, അങ്ങയെ സ്നേഹിക്കുവാൻ ഞാനാഗ്രഹിക്കുന്നു; അങ്ങയെ ഇടക്കിടക്ക് ഞാൻ സന്ദർശിക്കും. ആത്മീയമായും കൂദാശയിലൂടെയും ഞാനങ്ങയെ സ്വീകരിക്കും.[8]

മനുഷ്യർ യേശുവിന് മുള്ളുകളും കുരിശും നിന്ദാപമാനങ്ങളും മാത്രം നൽകിയപ്പോൾ അതിനു പ്രതിസമ്മാനമായി, സ്നേഹത്താൽ പ്രേരിതനായി, മനുഷ്യമക്കളോടുകൂടി എന്നും വസിക്കുന്നതിന് അവിടുന്ന് സ്നേഹത്തിന്റെ കൂദാശ സ്ഥാപിച്ചു (മർക്കോ. 14:22-24). മനുഷ്യർ ദൈവത്തിൽനിന്നുമകന്നുപോയപ്പോൾ, കൃതഘ്നതാ ഭരിതരായിത്തീർന്നപ്പോൾ, വേദനകളും കഷ്ടപ്പാടുകളും നിറഞ്ഞ പുതിയൊരു ലോകം സൃഷ്ടിച്ചുകൊണ്ട് അവരെ ശിക്ഷിക്കുവാൻ ആ

വത്സലപിതാവ് ആഗ്രഹിച്ചില്ല.[9] പകരം തന്റെ വത്സല തനയന്റെ തിരുശരീരരക്തം നല്കുകയാണ് ചെയ്തത്. സ്നേഹത്തിന്റെ ഈ പ്രകടനം ജോണിന്റെ ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുകയും ദിവ്യകാരുണ്യ ഭക്തിയിൽ അവൻ പുരോഗതിപ്രാപിക്കുകയും ചെയ്തു. മനുഷ്യർ യേശുവിന് പീഡകളും കുരിശുമരണവും ഒരുക്കിയപ്പോൾ തന്റെ അനന്തശക്തിയാൽ, നമ്മോടുള്ള അനന്ത സ്നേഹത്താൽ അവിടുന്ന് അൾത്താരയിൽ സ്നേഹത്തിന്റെ കൂദാശ സ്ഥാപിച്ചു. അതുകൊണ്ട് യേശു എന്റെ അടുത്തേക്ക് വരുമ്പോൾ ഞാൻ സ്വീകരിക്കാതിരുന്നാൽ, ആലിംഗനം ചെയ്യാതിരുന്നാൽ എത്രയോ നന്ദിഹീനതയായിരിക്കും! എനിക്ക് ഏറ്റവും എളുപ്പമായതും, ഗുണകരമായതും, യേശു ആത്മാർഥമായി ആഗ്രഹിക്കുന്നതുമായ അരൂപിക്കടുത്ത ദിവ്യകാരണ്യസ്വീകരണം എനിക്കെങ്ങനെ നിരസിക്കുവാൻ സാധിക്കും. സ്നേഹത്തിന്റെ തടവുകാരനെ സന്ദർശിക്കുന്നതിനെപ്പറ്റി ഞാനെന്താണ് പറയുക.[10] സ്വന്തം ശരീരരക്തം ഭക്ഷണമായി യേശു നല്കിയത് തന്നെ ദ്രോഹിച്ച, തന്നെ നിരസിച്ച മനുഷ്യമക്കൾക്കാണ്. സ്നേഹത്തിന്റെ പാരമ്യം കാണുക. തന്റെ ശരീരരക്തം അതീവാഗ്രഹത്തോടുകൂടി സ്വീകരിക്കണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. അവിടുത്തെ ആഗ്രഹത്തെ ലംഘിച്ച് ആരെങ്കിലും അയോഗ്യതയോടെ ഇവ ഭക്ഷിച്ചാൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരെ തെറ്റുചെയ്യുന്നു (1 കൊറി.11 :27–28). അതുകൊണ്ട് വിശുദ്ധ കുർബാന സ്വീകരണത്തിനായി കഴിയുന്നത്ര ഒരുങ്ങണമെന്നത് ജോണിന് നിർബന്ധമായിരുന്നു.

തന്റെ മക്കളോടുകൂടിയായിരിക്കുന്നതിലുള്ള യേശുവിന്റെ സ്നേഹവും, നശ്വരസ്നേഹത്തിനുവേണ്ടിയുള്ള മനുഷ്യഹൃദയത്തിന്റെ ദാഹവും വ്യത്യസ്ത ധ്രുവങ്ങളാണെന്ന് തന്റെ ധ്യാനനിർവൃതിയിലൂടെ ജോണിനു ബോധ്യമായി. മുപ്പത്തിമൂന്ന് വർഷക്കാലം നമുക്കുവേണ്ടി ചെലവഴിച്ചിട്ടും തൃപ്തനാകാതെ ലോകാവസാനംവരെ അത്ഭുതകരമായി അവിടുന്ന് നമ്മോടുകൂടി സ്ഥിതിചെയ്യുന്നു. രക്ഷണീയകർമം പൂർത്തിയാകാത്തതുകൊണ്ടല്ല അവിടുന്ന് ഇങ്ങനെ ചെയ്തത്. അങ്ങനെയാണെങ്കിൽ നമ്മുടെ കൃതഘ്നത, മറവി, നിസ്സഹകരണം എന്നിവ യേശുവിനെ എത്രമാത്രം വികാരവിക്ഷുപ്തനാക്കുന്നുണ്ട്! യേശുവിന്റെ സംഭാഷണം കയ്പുനിറഞ്ഞതോ, സ്നേഹബന്ധം വിരസമോ അല്ല. ലൗകികസുഖങ്ങൾക്കായി അനേകായിരങ്ങൾ വിവിധ സ്ഥലങ്ങളിൽ ഒരുമിച്ചുകൂടുന്നതും സ്നേഹിതർ

പരസ്പരം സന്ദർശനം നടത്തുന്നതും കാണുകയും എന്നാൽ ഏകാന്ത കുരുവിയെപ്പോലെ താൻ ഒറ്റപ്പെടുകയും ചെയ്യുമ്പോൾ യേശുവിന്റെ ഹൃദയം വേദനിക്കുന്നു. യേശുവേ, ഞാനങ്ങയെ സ്നേഹിക്കട്ടെ.[11] തിരുസക്രാരിയുടെ മുമ്പിൽ എത്ര സമയം ചെലവഴിച്ചാലും അദ്ദേഹത്തിന് മടുപ്പ് തോന്നിയിരുന്നില്ല. അദ്ദേഹത്തിന്റെ ഹൃദയസ്പന്ദനങ്ങളും ചിന്താഗതികളുമെല്ലാം ദിവ്യകാരുണ്യ ഈശോയുടെ കൂടെയായിരുന്നു. നമ്മെ ധന്യരാക്കുന്നതിനായി നമ്മുടെ അൾത്താരകളിൽ യേശു ഉണ്ട്. തങ്ങളുടെ സമ്പത്ത് എല്ലാവർക്കും സംലഭ്യമാക്കാത്ത ലൗകികാധികാരികളെപ്പോലെയല്ല അവിടുന്ന്. യേശു എല്ലാവരേയും ക്ഷണിക്കുന്നു. ഒരു ചില്ലിക്കാശിനുവേണ്ടി മനുഷ്യർ അത്യധ്വാനം ചെയ്യുന്നു.എന്നാൽ അത്യുൽകൃഷ്ടമായ സമ്പത്തിനു വേണ്ടി ചെറുവിരൽപോലും അനക്കുന്നില്ല. ഇപ്രകാരമുള്ള നന്ദിഹീനതയോർത്ത് ഞാൻ അതീവദുഃഖിതനാകുന്നു. ഈ ഭയാനകമായ ഗർത്തത്തിൽ നിന്ന്-ലജ്ജാകരമായ കൊലപാതകത്തിൽ നിന്ന് - യേശുവേ, അങ്ങയുടെ മക്കളെ ഉയർത്തിക്കൊണ്ടു വരണമേ. ഞാൻ അങ്ങയുടേതായിരിക്കട്ടെ! അങ്ങയെ സ്നേഹിക്കട്ടെ![12] യേശു ഒരുക്കിയ സ്നേഹവിരുന്ന് അനുഭവിക്കുവാൻ ക്ഷണിക്കപ്പെട്ടവർ തയ്യാറായില്ലെങ്കിൽ അവിടുന്ന് വഴിവക്കുകളിൽ ഇരിക്കുന്ന ക്ഷണിക്കപ്പെടാത്തവർക്ക് അത് നൽകുമെന്ന് (ലൂക്ക 14:15-24) ജോൺ മനസ്സിലാക്കി. അതുകൊണ്ടുതന്നെ അതീവാഗ്രഹത്തോടുകൂടി അദ്ദേഹം യേശുവിന്റെ വിരുന്നിനണഞ്ഞു.

നിർന്നിമേഷനായി, നിശ്ചലനായി ദിവ്യസക്രാരിയെ നോക്കിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ നിലപാട് കാണികളിൽ ദൈവചിന്ത ഉളവാക്കുവാൻ പോന്നതായിരുന്നു. സൂര്യകാന്തി പുഷ്പം എപ്പോഴും സൂര്യന് അഭിമുഖമായി നില്ക്കുന്നതുപോലെ നമ്മുടെ ഹൃദയവും സദാ ദിവ്യകാരുണ്യ സൂര്യനിലേയ്ക്ക് തിരിഞ്ഞിരിക്കണമെന്ന് അദ്ദേഹത്തിന് നിഷ്കർഷയുണ്ടായിരുന്നു. ഈശോയുടെ തിരുഹൃദയത്തിന് സ്വർണമോ മറ്റു സമ്പത്തോ, വൈവിധ്യമാർന്ന ആഹ്ളാദപ്രകടനങ്ങളോ യാതൊന്നും ലഭിക്കുന്നില്ല; ഭക്ഷണ പാനീയങ്ങളിൽ അവിടുന്ന് ആത്മസംതൃപ്തി കണ്ടെത്തുന്നുമില്ല. എന്നാൽ വിശുദ്ധ കുർബാനയിൽ ആ ഹൃദയം പരിപൂർണ സന്തോഷമനുഭവിക്കുന്നു. യേശു അവിടെ ആത്മാക്കളെപ്പറ്റിമാത്രം, ആധ്യാത്മിക കാര്യങ്ങൾ മാത്രം ചിന്തിക്കുന്നു. സൂര്യനിൽ കണ്ണും നട്ടിരിക്കുന്ന ഒരാൾക്ക് തനിക്കു ചുറ്റുമുള്ള വസ്തുക്കൾ പെട്ടെന്നു കാണുവാൻ സാധിക്കാത്തതുപോലെയായിരിക്കണം ദിവ്യകാരുണ്യ സന്നിധിയിൽ ഒരു ആത്മാവ്.[13]

വിശുദ്ധ സക്രാരിയിൽ ഏകാന്തവാസം അനുഭവിക്കുന്ന ഈശോയുമായി ഐക്യപ്പെട്ടു ജീവിക്കുന്നതിന് സഹായിക്കുന്ന ഒരുത്തമ മാർഗമായി ദിവ്യകാരുണ്യസന്ദർശനത്തെ അദ്ദേഹം കരുതിയിരുന്നു. ദിനരാത്രങ്ങളിലെ നീണ്ട മണിക്കൂറുകൾ സ്നേഹത്തിന്റെ തടവുകാരനായ സ്നേഹരാജന്റെ പക്കൽ ആയിരിക്കുവാനും അദ്ദേഹം തീവ്രമായി ആഗ്രഹിച്ചു.എവിടെയെങ്കിലും യാത്രയ്ക്കു പുറപ്പെടുന്നതിനു മുമ്പും പിമ്പും, ചെറുതോ വലുതോ ആയകാര്യങ്ങളിൽ ഏർപ്പെടുമ്പോഴും വി. കുർബാനയുടെ മുമ്പാകെ പ്രാർഥിക്കുന്ന കാര്യം അദ്ദേഹം വിസ്മരിച്ചിരുന്നില്ല. ഓരോ ദിവസത്തിന്റേയും കേന്ദ്രസംഭവം വിശുദ്ധ കുർബാന സ്വീകരണമായിരിക്കണമെന്നും[14] അതിനായി നന്നായി ഒരുങ്ങണമെന്നും ജോണിന് നിർബന്ധമുണ്ടായിരുന്നു.

## വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള ഒരുക്കം:

എന്റെ അജഗണത്തെ - ആഗ്രഹങ്ങളും അഭിലാഷങ്ങളും - സംരക്ഷിക്കുന്ന ഒരു ഇടയനാണ് ഞാൻ എന്ന ചിന്ത പ്രഭാതത്തിൽ ഉണർന്നപ്പോൾത്തന്നെ എന്നിലുദിച്ചു. പെട്ടെന്ന് എന്റെ കാവൽമാലാഖ എന്നെ വിളിച്ചു.എല്ലാം ഉപേക്ഷിച്ച് എന്റെ സ്നേഹപ്രകരണങ്ങളുമായി ഞാൻ യേശുവിനെ സമീപിച്ച് അവ സമ്മാനിച്ചു. അവിടുത്തെ ആരാധിച്ചുകൊണ്ട് ഞാൻ പറഞ്ഞു: സത്രത്തിൽ നിനക്ക് സ്ഥലം ലഭിച്ചില്ല. നിന്റെ സ്വന്തം ജനം നിന്നെ സ്വീകരിച്ചതുമില്ല.അങ്ങ് എന്റെ ഹൃദയത്തിലേക്ക് വരിക. ഹാ! കഷ്ടം! അവിടം കാലിത്തൊഴുത്തിനേക്കാൾ മലിനമാണ്. അങ്ങനെയെങ്കിൽ അങ്ങ് എന്റെ സഹോദരൻമാരുടേയും പിതാക്കൻമാരുടേയും ഹൃദയങ്ങളിലേയ്ക്ക് പോകുക. എന്റെ രക്ഷകനെ എനിക്ക് സ്വീകരിക്കുവാൻ സാധിക്കാത്തത് എത്രയോ ക്രൂരതയാണ്. സ്നേഹമയിയായ അമ്മേ, അമ്മയുടെ പുണ്യങ്ങളും നന്മകളുംകൊണ്ട് എന്റെ ഹൃദയത്തെ സജ്ജീകരിക്കുക, ഞാൻ യേശുവിനെ സ്വീകരിക്കട്ടെ. എന്നിലുള്ള ഭയം നീക്കിക്കളയുവാനാണ് അങ്ങ് ഒരു ശിശുവായി അവതരിച്ചത്.ഞാനങ്ങയെ സമീപിച്ച്, കൈകളിലെടുത്ത്, മാറോടണക്കുകയും ആലിംഗനം ചെയ്യുകയും ചെയ്യട്ടെ. എന്റേയും മറ്റെല്ലാവരുടേയും പ്രത്യേകിച്ച് ഇന്ന് ചെയ്യപ്പെടുന്ന എല്ലാ പാപങ്ങളേയുമോർത്ത് ഞാൻ പശ്ചാത്തപിക്കുന്നു.[15]

ഓരോ വിശുദ്ധ കുർബാനസ്വീകരണവും രോഗീലേപനമെന്നപോലെ സ്വീകരിക്കുക. കുഞ്ഞ് അമ്മിഞ്ഞപ്പാല് നുകർന്നുകൊണ്ട് അമ്മയോടുള്ള പിണക്കം തീർക്കുന്നതുപോലെ, ഈശോയുടെ

മാംസവും, രക്തവും ഭക്ഷിച്ചുകൊണ്ട് മനുഷ്യൻ ദൈവവുമായി രമ്യതപ്പെടുന്നു. ദിവസേനയുള്ള വിശുദ്ധ ഭോജനത്തിന്റെ അതിരറ്റ ശക്തിയും രക്ഷാകരഫലങ്ങളും അവർണനീയമെന്ന് അദ്ദേഹം ഗ്രഹിച്ചു. പിതാവ് അവാച്യമായ സന്തോഷത്തോടെ നൽകുന്ന സ്നേഹവിരുന്നിനോടാണ് ജോൺ വി. കുർബാനയെ ഉപമിച്ചത്. വലിയൊരു വിരുന്ന്! ആ സ്നേഹവിരുന്നിൽ അവിടുന്ന് സ്വന്തം ശരീരവും രക്തവും എനിക്കു ഭക്ഷിക്കുവാനായി നൽകുന്നു; വിരുന്നു മേശയ്ക്കരികിൽ സന്തോഷവതിയായ അമ്മയുമുണ്ടായിരുന്നു.[16] വിശുദ്ധ കുർബാന സ്വീകരണത്തിലൂടെ നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന ഹൃദയനാഥനെ എങ്ങനെ സ്വീകരിക്കണമെന്നും അദ്ദേഹം വിവരിക്കുന്നുണ്ട്: യേശുവിനെ ദേവാലയത്തിൽ കണ്ടെത്തിയപ്പോഴും, മനുഷ്യാവതാരത്തിലും ജനനത്തിലുമെല്ലാം മറിയം യേശുവിനു നൽകിയ സ്വീകരണവും സ്വാഗതവുമെല്ലാം വി. കുർബാന സ്വീകരിച്ചപ്പോൾ ഞാനും നൽകി. അതായത് അദമ്യമായ ആഗ്രഹം, കത്തിയെരിയുന്ന ഉപവി, സർവാതിശായിയായ പരിശുദ്ധി, വിനയാന്വിതമായ തലോടൽ, ചുംബനങ്ങൾ![17] വിശുദ്ധ കുർബാന സ്വീകരണത്തിലൂടെ നാം മാലാഖമാർക്ക് തുല്യരാകുന്നു, മാലാഖമാരുടെ സ്വഭാവം ലഭിക്കുന്നു, ലൗകിക കാര്യങ്ങളിൽ നിന്നും വിമുക്തരാകുന്നു, പൂർണമായും ആത്മീയ മനുഷ്യരാകുന്നു, പ്രലോഭനങ്ങളിൽനിന്നും, പീഡകളിൽ നിന്നും സ്വതന്ത്രരാകുന്നു.[18] ആധ്യാത്മികസൗന്ദര്യം മറയ്ക്കുന്ന മൂടുപടവും അന്ധകാരവും മാറ്റുന്നു, പരസ്നേഹ പ്രവർത്തനങ്ങൾക്കായി തത്രപ്പെടുന്നു.[19] എന്നാൽ ശരിയായ ഒരുക്കമില്ലാതെ, ഉപയോഗശൂന്യമായി ഈ വിരുന്നിനണയുന്നവർക്ക് ഇത് ശിക്ഷാവിധിയായിരിക്കും (1 കൊറി.11:27). അതുകൊണ്ട് തണുത്തു മരവിച്ച സ്നേഹ പ്രകടനങ്ങൾക്കും യൂദാസുമാരുടേതുപോലെയുള്ള മാരകവും ഭീബത്സവുമായ ചുംബനങ്ങൾക്കും പകരം സ്നേഹോഷ്മളമായ സ്വീകരണം നൽകണമെന്നും അതിനായി ആത്മാവും, ശരീരവും, പള്ളിയും എപ്പോഴും വെടിപ്പായിരിക്കണമെന്നും[20] അദ്ദേഹത്തിന് നിഷ്കർഷയുണ്ടായിരുന്നു. ഒരു പ്രീഫെക്ട് എന്ന നിലയിൽ പള്ളിയിലെ പൊടിപോലും നീക്കി വൃത്തിയാക്കുന്നതിൽ ജോൺ ബദ്ധശ്രദ്ധനായിരുന്നു.

ഈ സ്നേഹത്തിന്റെ തടവുകാരനെ മനുഷ്യർ ഏറ്റവുമധികം നിന്ദിക്കുന്നതും അവിടുത്തേയ്ക്കനിഷ്ടകരമായ പ്രവൃത്തികൾ ചെയ്യുന്നതും രാത്രി സമയത്താണെന്ന് സ്നേഹത്തിന്റെ ആ പ്രേഷിതൻ വിശ്വസിച്ചു. അന്ധകാരശക്തികൾ പ്രവർത്തനനിരതരാകുന്നത് നിശ

യുടെ നിശബ്ദയാമങ്ങളിലാണ്. അത്താഴവിരുന്നിൽനിന്നും യൂദാസ് ഇറങ്ങിപ്പോയതും (യോഹ.13:30) തന്റെ ഗുരുവിനെ പത്രോസ് ഉപേക്ഷിച്ചതും (മത്താ.26:70) രാത്രിയിലായിരുന്നല്ലോ. ഇവക്കെല്ലാം പരിഹാരം ചെയ്യേണ്ടത് യേശു പ്രത്യേകമായി തെരഞ്ഞെടുത്തവരാണ്. അതുകൊണ്ട് രാത്രിയിൽ തിരുസന്നിധിയിൽച്ചെന്ന് ഉണർന്നിരുന്നു പ്രാർഥിക്കണമെന്ന് പിൽക്കാലത്ത് ആ ദിവ്യകാരുണ്യഭക്തൻ തന്റെ മക്കളെ ഉപദേശിച്ചു. യേശു തന്റെ ശിഷ്യരോടാവശ്യപ്പെട്ട ഒരേയൊരു കാര്യവും ഇതുതന്നെയാണല്ലോ. നിങ്ങൾക്ക് ഒരു മണിക്കൂറെങ്കിലും ഉണർന്നിരുന്ന് എന്നോടൊപ്പം പ്രാർഥിക്കുവാൻ സാധിക്കുകയില്ലേ? (മത്താ. 26:40). ഈ സ്നേഹ വിലാപത്തിന് പ്രത്യുത്തരം നൽകേണ്ടത് സ്നേഹിച്ചുകൊണ്ടുമാത്രമാണെന്ന് അദ്ദേഹം സ്വജീവിതത്തിലൂടെ വ്യക്തമാക്കി.

ഊക്കനച്ചന്റെ ആത്മീയതയുടെ ഉറവിടം ദിവ്യകാരുണ്യമായിരുന്നു. ദിവ്യകാരുണ്യത്തിൽ ആരംഭിച്ചിരുന്ന ദിവസം അവസാനിച്ചിരുന്നത് ദിവ്യകാരുണ്യത്തിലാണ്. അദ്ദേഹത്തിന് ദിവ്യകാരുണ്യത്തിൽ ആഴമായ വിശ്വാസമുണ്ടായിരുന്നു.[21] ഊക്കനച്ചൻ ആശ്വാസം കണ്ടെത്തിയിരുന്നതും പ്രശ്നങ്ങൾക്ക് പരിഹാരം സ്വീകരിച്ചിരുന്നതും ദിവ്യകാരുണ്യത്തിൽ നിന്നുമാണ്.[22] ദിവ്യകാരുണ്യ ഭക്തിയുടെ പ്രാധാന്യത്തെപ്പറ്റി അദ്ദേഹം ക്ലാസ്സുകളും ധ്യാനങ്ങളും നൽകി സിസ്റ്റേഴ്സിനെ പ്രബുദ്ധരാക്കി. അദ്ദേഹത്തിന്റെ മാതൃക അവർക്ക് വലിയ പ്രചോദനമായിരുന്നു. അദ്ദേഹം ഈശോയുമായി നിരന്തരമായ ആത്മബന്ധം പുലർത്തിയിരുന്നു.[23] ആ ഹൃദയ ബന്ധത്തിൽ നിന്നും അദ്ദേഹത്തെ വേർപെടുത്താൻ യാതൊന്നും പര്യാപ്തമായിരുന്നില്ല. കണ്ടുമുട്ടുന്നവരും പരിചയപ്പെടുന്നവരുമായ എല്ലാവർക്കും തനിക്ക് ഉള്ളതുപോലെ ഒരു ബന്ധം ഈശോയുമായി ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും ചെയ്തു.

ദിവ്യനാഥനെ സന്ദർശിക്കുവാൻ അൾത്താരയുടെ മുമ്പിലേയ്ക്ക് ജോൺ പല പ്രാവശ്യം കടന്നുചെല്ലുമായിരുന്നു. ദേവാലയത്തിൽ പ്രവേശിച്ചുകഴിയുമ്പോൾത്തന്നെ അദ്ദേഹത്തിന്റെ ഭാവവും നടപ്പുമെല്ലാം വിനയാന്വിതവും സ്നേഹമസൃണവുമാകും. ദൈവസ്നേഹത്തിൽ നിർവൃതി അടയാൻ വെമ്പൽകൊണ്ട ആ വീരാത്മാവിൽ നിർല്ലീനമായ സ്നേഹം, പിൽക്കാലത്ത്, ആവശ്യക്കാരിലേയ്ക്കും ആലംബഹീനരിലേയ്ക്കും കരകവിഞ്ഞൊഴുകി. അങ്ങനെ എല്ലാ

യ്പോഴും ദൈവത്തോടു യോജിച്ച് ദൈവത്തിൽ ജീവിച്ച അദ്ദേഹം ദൈവത്തിന്റെ കരങ്ങളിലെ ഉപയോഗപ്രദമായ ഉപകരണമായിമാറി. ദിവ്യകാരുണ്യസന്നിധിയിലെ കെടാവിളക്ക്[24] എന്നാണ് പരിചിതർ അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

---

## അടിക്കുറിപ്പുകൾ

1. II Vat. Council., Optatam Totius, 8.
2. Lights from heaven., December., 1903.
3. Ibid., May 29, 1903.
4. Ibid., August 23, 1903.
5. Ibid., August 25, 1904.
6. Ibid., December 11, 1903.
7. Ibid., September 3, 1903.
8. Ibid., July 1,1904.
9. Ibid., 1903.
10. Ibid., Dcember 20, 1903.
11. Ibid., June 15, 1904.
12. Ibid., June 16, 1904.
13. Ibid., October 9, 1904.
14. Confrences., 1946.
15. Lights from heaven., December 25, 1903.
16. Ibid., November., 1904.
17. Ibid., November., 1904.
18. Ibid., July 10., 1903.
19. Ibid., July 8.1 1903.
20. Ibid., June 17, 1903.
21. Oral Testimony., Sr Vincenza CSC f. 59.
22. Written Testimony., Sr Rose CSC f. 30.
23. Written Testimony., Sr Bridget CSC f. 13.
24. Oral Testimony., Mathai, Marathamcode.



## തിരുഹൃദയഭക്തി



സ്നേഹത്തിന്റെ ഉറവിടവും പാപികളുടെ അഭയകേന്ദ്രവുമായ ഈശോയുടെ തിരുഹൃദയത്തോട് ചെറുപ്പം മുതൽതന്നെ ജോണിന് പ്രത്യേകമായൊരു മമതയുണ്ടായിരുന്നു. മനുഷ്യമക്കളോടുള്ള സ്നേഹത്താൽ തുടിക്കുന്ന ആ ഹൃദയം മനുഷ്യരിൽ നിന്നും നിന്ദാപമാനങ്ങൾ മാത്രമാണ് സ്വീകരിക്കുന്നതെന്നും അതിനു പരിഹാരം ചെയ്യേണ്ടത് ശ്രേഷ്ഠമായദൈവവിളി സ്വീകരിച്ച താനാണെന്നും സ്നേഹിച്ചുകൊണ്ടുമാത്രമെ ഇത് നിർവഹിക്കാനാവൂ എന്നുമുള്ള അവബോധം മൈനർ സെമിനാരിയിൽ വച്ചുതന്നെ ജോണിൽ മുളയെടുത്തു. അതിനെ പോഷിപ്പിക്കുവാൻ കാൻറിസെമിനാരിയിലെ പരിശീലനകാലം സഹായിച്ചു. കാരണം തിരുസഭയുടെ പൂജ്യമായ പാരമ്പര്യം ശ്ലാഘിക്കുന്ന ഭക്താനുഷ്ഠാനങ്ങൾ ശുഷ്കാന്തിയോടെ അവിടെ പരിപോഷിപ്പിക്കപ്പെട്ടു.[1] ഈശോയുടെ തിരുഹൃദയത്തോട് അനുരൂപനാകുവാനുള്ള തീവ്രമായ ദാഹം ജോണിനുണ്ടായിരുന്നു. അതിന്റെ ബഹിർസ്ഫുരണങ്ങൾ അദ്ദേഹത്തിന്റെ ആധ്യാത്മിക ഡയറിക്കുറിപ്പുകളിൽ അങ്ങിങ്ങായി കാണാം. എന്നെ ഈശോയുടെ തിരുഹൃദയത്തെ അനുകരിക്കുന്ന ഒരു ഉത്തമ വൈദികനാക്കുക, അല്ലെങ്കിൽ ഉപേക്ഷിക്കുക. ഞാൻ മരിച്ചുകൊള്ളട്ടെ.[2] ഹൃദയശാന്തതയും എളിമയുമുള്ള ഈശോ എന്റെ ഹൃദയം അങ്ങെ ദിവ്യഹൃദയത്തിന് അനുരൂപമാക്കണമെ[3] എന്ന് അദ്ദേഹം നിരന്തരം പ്രാർഥിച്ചിരുന്നു.

സ്നേഹത്തിന്റെ ഉറവിടമായ ഈശോയുടെ തിരുഹൃദയം സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നുവെന്നും നന്ദിഹീനതമാത്രമാണ് ആ മാംസളഹൃദയം സ്വീകരിക്കുന്നതെന്നും ധ്യാനമനനങ്ങളിലൂടെ ജോണിന് ബോധ്യമായി. അതിന് പരിഹാരം ചെയ്യുവാനും ആ യുവഹൃദയം അഭിലഷിച്ചു. മനുഷ്യരെ ഇത്രയധികം സ്നേഹിക്കുന്ന, മനുഷ്യരിൽ നിന്നും നിന്ദാപമാനങ്ങൾമാത്രം സ്വീകരിക്കുന്ന ഈ ഹൃദയം കണ്ടാലും!! അവിടുന്ന് മനുഷ്യരായ നമ്മെ സ്നേഹിക്കുന്നു

വെന്ന് നിത്യസത്യം പറയുന്നു. യേശുവിന്റെ മാധുര്യമുള്ള തിരുഹൃദയമേ, ഞാൻ നന്ദി പറയുന്നു. നിന്ദനങ്ങൾ മാത്രമാണ് താൻ സ്വീകരിക്കുന്നതെന്ന് അവിടുന്ന് പറയുന്നു. എന്റെ ഹൃദയം ദുഃഖപൂരിതമാകുന്നു. എന്റെ മകനെ നീയെങ്കിലും എന്തെങ്കിലും ചെയ്യുക... മനുഷ്യനായിത്തീരുന്നതിനും നമ്മെ അടിമത്വത്തിൽ നിന്നും വിമുക്തരാക്കുന്നതിനും യേശു വ്യഗ്രചിത്തനായിരുന്നു; ബാല്യം മുതൽ ആ ഹൃദയം സഹിച്ചു, നിഷ്ഠൂരമായ മരണശേഷവും സഹിച്ചു കൊണ്ടിരിക്കുന്നു. തന്റെ തെരഞ്ഞെടുക്കപ്പെട്ടവർ പോലും ഏറ്റം മാധുര്യമുള്ള ആ ഹൃദയത്തെ കുത്തിമുറിപ്പെടുത്തുന്നില്ലേ...? യേശുവിന്റെ ഹൃദയം പറയുന്നു: എനിക്കു ദാഹിക്കുന്നു! ഞാൻ സ്നേഹത്താൽ കത്തിയെരിയുന്നു! വളരെ നിന്ദ്യവും തണുത്തുറഞ്ഞതുമായ പ്രതിഫലം ലഭിക്കുന്ന നിത്യസ്നേഹമേ...! എത്ര ആത്മാർഥതയോടെയാണ് പരിഹാരമനുഷ്ഠിക്കുവാൻ യേശു പറയുന്നത്! സ്നേഹത്തിന് പ്രതിസ്നേഹം മനുഷ്യർ കാണിച്ചിരുന്നെങ്കിൽ എന്റെ സഹനം ഒന്നുമല്ലാത്തതായി ഞാൻ പരിഗണിക്കും. മകനെ നീയെങ്കിലും എന്തെങ്കിലും ചെയ്യുക. യേശുവേ, ഞാൻ എന്താണ് ചെയ്യേണ്ടതെന്ന് പഠിപ്പിക്കുക. എന്റെ അമ്മയായ മേരിയിലൂടെ എന്നെ പൂർണമായും അങ്ങയുടെ സേവനത്തിനായി സമർപ്പിക്കുന്നു.[4] എന്തുകൊണ്ടാണ് എന്റെ ഹൃദയം യേശു ചോദിക്കുന്നത്? യേശുവിനല്ലാതെ മറ്റാർക്കാണ് ഞാൻ ഇത് നൽകുക? എന്റെ രക്ഷകാ ഞാൻ അത് അങ്ങേക്ക് നൽകിയില്ലെങ്കിൽ അത് നഷ്ടപ്പെടുത്തും. ഇന്ന് യേശു തന്റെ മക്കളോട് പരിത്യാഗം ആവശ്യപ്പെടുന്നു. യേശുവേ, ഇന്നു മുഴുവനും ഞാനങ്ങയെ ആരാധിക്കും.[5]

കുത്തിത്തുറക്കപ്പെട്ട ആ ഹൃദയം മനുഷ്യമക്കളെ സ്നേഹിക്കുന്നു. ശത്രുക്കളെപ്പോലും സ്നേഹിച്ചുകൊണ്ട് സ്നേഹത്തിൻറ മഹത്തായ പാഠം പഠിപ്പിച്ച ദിവ്യഗുരു വിവിധ വാഗ്ദാനങ്ങൾ നമുക്കു നൽകുന്നു. അമൂല്യനിധിയായ സ്നേഹഹൃദയം കുത്തിത്തുറക്കപ്പെട്ടതുകൊണ്ട് തൃപ്തനാകാതെ, തന്റെ അനന്ത നൻമയും സ്നേഹവും പ്രകടിപ്പിക്കുന്നതിനും സ്വാർഥപ്രേരിതവും ലാഭേഛ നിറഞ്ഞതുമായ മനുഷ്യനെ ചിന്തിപ്പിക്കുന്നതിനുമായി യേശു അതിമനോഹരമായ വാഗ്ദാനങ്ങൾ നൽകുന്നു.[6] സ്നേഹിച്ചു സ്നേഹിച്ച് തന്റെ സ്നേഹിതനെ സന്തോഷിപ്പിക്കുവാൻ ജോൺ അതിയായി ആഗ്രഹിച്ചു. വികാരാവേശത്താൽ അദ്ദേഹം പറയുകയാണ്: യേശുവിന്റെ പിളർക്കപ്പെട്ട ഹൃദയം നമ്മുടെ അഭയസ്ഥാനമാണ്. ഞാൻ നിത്യകാലം

അതിൽ വസിക്കട്ടെ.[7] ഓ... അനന്തനന്മയേ, മാധുര്യമേ, ഞാൻ അങ്ങ യുടെ വാഗ്ദാനങ്ങളാൽ ബന്ധിതനായ തടവുകാരനാണ്.[8]

ഈ ഭക്തിയിൽ അദ്ദേഹം വളർന്നുവരികയും വിശ്വാസിക ളുടെയിടയിൽ ഇത് പ്രചരിപ്പിക്കുകയും ചെയ്തു. ഈ ലക്ഷ്യ പ്രാപ്തിക്കായി വൈദികരുടെ ഒരു സംഘടനതന്നെ രൂപീകരിക്കുന്ന തിന് ആ തിരുഹൃദയഭക്തൻ പിൽക്കാലത്ത് അഭിലഷിച്ചു. തിരുഹൃദയ ഭക്തി പ്രചരിപ്പിക്കുന്ന സംഘടനയിൽ ഞാൻ പുന:സമർപ്പണം നടത്തുകയും അതിൽ വിശ്വസ്തനായിരിക്കുവാൻ ശ്രമിക്കുകയും ചെയ്യും. ഇതിനായി മറ്റു വൈദികരിലും പ്രേരണ ചെലുത്തും.[9] ഫാദർ മത്തയോക്രൗളിയോടൊത്ത് തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നതി നായി അദ്ദേഹം പരിശ്രമിച്ചിരുന്നു. ഇതിനായി 1939-ൽ ആലുവ സെമി നാരിയിൽ എത്തിയിട്ടുണ്ട്. ഊക്കനച്ചൻ പേരെടുത്ത ഒരു തിരുഹൃദയ ഭക്തനായിരുന്നു.[10] തിരുഹൃദയത്തിനു പ്രത്യേകവിധം പ്രതിഷ്ഠിത മായ മാസാദ്യവെള്ളിയാഴ്ച പാതിരായ്ക്ക് ഒരു മണിക്കൂർ ആരാധന നടത്തുമായിരുന്നു. മാസാദ്യവെള്ളിയാഴ്ചയിലെ ഒരു മണിക്കൂർ ആരാധന ഗൗരവമായിട്ടെടുക്കുകയും സാധിക്കുമെങ്കിൽ പാട്ടുകുർ ബാന പാടുകയും വേണം.[11] ഈശോയുടെ തിരുഹൃദയത്തോടുള്ള സ്നേഹവും ഉപേക്ഷിക്കപ്പെട്ട ആത്മാക്കളോടുള്ള തീക്ഷ്ണതയും മൂലം എന്നെ അങ്ങേക്കനുരൂപനാക്കി വീരോചിതമായ ത്യാഗങ്ങൾ ചെയ്യണം; അതു നവീകരിക്കുകയും വേണം.[12] ഈശോസഭക്കാരിൽ തഴച്ചുവളർന്നിരുന്ന ഈ ഭക്തി തന്റെ ഗുരുഭൂതരിൽനിന്നും ഒപ്പിയെ ടുത്ത അദ്ദേഹം അതിന്റെ പ്രേഷിതനായിമാറി. തന്റെ മക്കളിലും തിരുഹൃദയഭക്തി പരിപോഷിപ്പിക്കുവാൻ അശ്രാന്തം പരിശ്രമിച്ചു.

ഊക്കനച്ചന്റെ ആധ്യാത്മിക ഡയറിക്കുറിപ്പുകൾ അവസാനിക്കു ന്നത് ഈശോയുടെ തിരുഹൃദയത്തോടുള്ള ഒരു ധ്യാനത്തിലാണ്. അദ്ദേഹത്തിന്റെ വികാരതീവ്രതയ്ക്ക് ഇതു പ്രത്യക്ഷമായ തെളി വാണ്. ഈശോയുടെ മരണം സാധൂകരിക്കുന്നതിന് കുന്തംകൊണ്ട് കുത്തി. എന്നാൽ അത് രണ്ടു പ്രവചനങ്ങളുടെ പൂർത്തീകരണവും ദൈവത്തിന്റെ പദ്ധതിയുമായിരുന്നു. അതുപോലെ ദൈവത്തിന്റെ പരിപാലനയിൽ എന്റെ ജീവിതത്തെപ്പറ്റിയും ചില പദ്ധതികളുണ്ട്. അത് എനിക്ക് രൂപരേഖ നൽകുമ്പോൾ വിശ്വാസത്തോടും സന്തോ ഷത്തോടും കൂടി സ്വീകരിക്കുക. ഈ ലോകത്തെ മുഴുവനും

വീണ്ടെടുത്തു രക്ഷിക്കുവാൻ യേശുവിന്റെ ഒരു തുള്ളി രക്തം മാത്രം മതിയായിരുന്നു. എന്നാൽ അവസാനത്തുള്ളിവരെ ആ അമൂല്യരക്തം ചിന്തുവാൻ അവിടുന്നാഗ്രഹിച്ചു. ദിവ്യവും ഉദാത്തവുമായ ഉദാരത! ഈ ലക്ഷ്യപ്രാപ്തിക്കായി തന്റെ ഹീനമായ രക്തം ചിന്തുവാൻ ഒരുവനെയെങ്കിലും അനുവദിച്ചിരുന്നുവെങ്കിൽ....! സ്നേഹത്തിന്റെ ഇരിപ്പിടമാണ് ആ ഹൃദയം. ഇത് ഏറ്റവും നന്നായി വെളിപ്പെടുത്തി യത് വി. മാർഗരറ്റ് മേരി അലക്കോക്കിനാണ്. ആ ഹൃദയം തുറക്കപ്പെട്ടു. അത് നോഹയുടെ പേടകംപോലെ ശക്തവും തകർക്കപ്പെടാത്ത തുമായ അഭയകേന്ദ്രമാണ്. നോഹയുടെ പേടകത്തിൽ ആശ്രയം കണ്ടെത്തിയ പ്രാവിനെപ്പോലെ എല്ലാവർക്കും - ലോകത്തെ ഭയ പ്പെടുന്നവർ, കൊടിയ വിപത്തിലകപ്പെട്ടവർ, ലോകത്താൽ വെറു ക്കപ്പെട്ടവർ... ആ ഹൃദയത്തിൽ അഭയം പ്രാപിക്കാം. എത്രയോ ആത്മാക്കളാണ് അനുദിനം ആ ഹൃദയത്തിലേക്ക് ആകർഷിതരാ കുന്നത്, ഉൻമേഷവാൻമാരാകുന്നത്, പരിപൂർണരാകുന്നത്! അവരി ലൊരാൾ ഞാനായിരിക്കണം. അമ്മേ, നിന്റെ അരുമ മകന്റെ ഹൃദ യത്തിൽ കുന്തംകൊണ്ട് കുത്തിയപ്പോൾ വലിയൊരു മുറിവുണ്ടായി. ഉഗ്രമായ ആ വേദനയാൽ, അമ്മേ, എന്നെ ഈശോയുടെ തിരുഹൃദ യത്തിന്റെ ഒരു അടിമയാക്കണമെ![13]

തിരുസഭാമാതാവിന് ജീവൻ നൽകുന്നതും അവളുടെ പ്രേഷിത തീക്ഷ്ണതയെ ജ്വലിപ്പിക്കുന്നതും, ചൈതന്യമുറ്റതാക്കുന്നതും ഈശോ യുടെ തിരുഹൃദയമാണെന്ന് ആ തിരുഹൃദയ ഭക്തൻ മനസ്സിലാക്കിയി രുന്നു. അതുകൊണ്ട് തന്റെ ജീവിതമാതൃകയിലൂടെ, പ്രാർഥനയിലൂടെ, വാക്കുകളിലൂടെയെല്ലാം തിരുഹൃദയഭക്തി പ്രചരിപ്പിക്കുമെന്ന[14] പ്രതിജ്ഞ അദ്ദേഹം എടുക്കുകയും മരണംവരെ അതിനായി പരിശ്ര മിക്കുകയും ചെയ്തു. അഗാധമായ പ്രാർഥനാ ജീവിതവും തപസ്സും അദ്ദേഹം നയിച്ചു. ഓരോ ഉപവാസവും ഈശോയുടെ നിയോഗങ്ങൾ ക്കായി സമർപ്പിച്ചു. എത്ര അകന്നാലും അണയാത്ത സ്നേഹവും എത്ര അടുത്താലും പിടികിട്ടാത്ത സ്നേഹവുമായ ഈശോയുടെ തിരുഹൃദയത്തിലേക്ക് പുഴ കടലിൽ ചേരുന്നതുപോലെ അദ്ദേഹം ഒഴുകി.


അദ്ദേഹം ഈശോയുടെ തിരുഹൃദയത്തിന്റെ പടം എല്ലാ കുടും ബങ്ങൾക്കും നൽകുകയും കുടുംബങ്ങളെ തിരുഹൃദയത്തിന് പ്രതി ഷ്ഠിക്കുകയും ചെയ്തു. മാസാദ്യവെള്ളി ആചരണം, രാത്രി ആരാ ധന, തിരുഹൃദയ തിരുനാൾ, തിരുഹൃദയ വണക്കമാസം എന്നിവ

ഇടവകയെ ആത്മീയമായി വളർത്തുകയും ഉണർത്തുകയും[15] ചെയ്തു. എല്ലാ മാസാദ്യ വെള്ളിയാഴ്ചയും തിരുഹൃദയത്തെപ്പറ്റി സിസ്റ്റേഴ്സിന് ധ്യാനം നൽകിയിരുന്നു.[16] തിരുഹൃദയ തിരുനാളിന് ഒരുക്കമായി 13 മണിക്കൂർ ആരാധന നടത്തിയിരുന്നു.[17] ഈശോയുടെ തിരുഹൃദയത്തെ വേദനിപ്പിക്കരുത് എന്ന ഊക്കനച്ചന്റെ ഉപദേശം ഒരിക്കലും മറക്കാനാകുകയില്ല[18] എന്ന് ഫാ. പോൾ ചാഴൂർ അനുസ്മരിക്കുന്നു.

---

### അടിക്കുറിപ്പുകൾ

1. II Vat. Council., Optatam Totius, 8.
2. Lights from heaven., October 6, 1907.
3. Ibid., July 6, October 10, 1903.
4. Ibid., June 1-5, 1903.
5. Ibid., June 19, 1903.
6. Ibid., June 6, 1903.
7. Ibid., 1903.
8. Ibid., June 14, 1903.
9. Ibid., 1922.
10. Sovenir Adaranjali., p. 89.
11. Lights from heaven., August 20-25, 1923.
12. Ibid., August 20-25, 1923.
13. Ibid., December 19, 1932.
14. Ibid., June 13, 1903.
15. Written Testimony., Sr Bridget CSC f. 14.
16. Confrences., June 1951, f.53.
17. Letter of Fr Ukken to Bp. G. Alappatt on 15 June 1955.
18. Souvenir Adaranjali., p.89.


15th June 1955.
A.J. Ukken
Chaplain

Permission for 13 hour Adoration

## മരിയഭക്തി



സ്നേഹമാണ് സുവിശേഷത്തിലെ അടിസ്ഥാനതത്വം-അതെ, ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം. ദൈവത്തിന്റെ സന്ദേശം ദ്രുതഗതിയിൽ (ലൂക്ക 1:39) മനുഷ്യരിൽ എത്തിക്കുന്നതിനും അങ്ങനെ ക്രിസ്തു, മനുഷ്യഹൃദയങ്ങളിൽ ജന്മമെടുക്കുന്നതിനും മറിയം സഹായിക്കുന്നു. സുവിശേഷത്തിലൂടെയും സ്വർഗത്തിൽ ലഭിച്ചു കഴിഞ്ഞ സാകല്യത്തിലൂടെയും പ്രത്യക്ഷപ്പെടുന്ന മറിയം ആധുനിക മനുഷ്യന് പ്രശാന്തനിർഭരമായ ദർശനവും, ഉറപ്പേറിയ വാഗ്ദാനവും നല്കുന്നു. ഉൽകണ്ഠാകുലതകളുടെ മേൽ വിജയവും, ഏകാന്തതയിൽ കൂട്ടും, വ്യഗ്രതയിൽ പ്രശാന്തതയും, മടുപ്പിലും നിരാശയിലും സൗന്ദര്യവും സന്തോഷവും, ലൗകികദർശനങ്ങൾക്കുപരി നിത്യദർശനങ്ങളും, മരണത്തിനുപരി ജീവനും മറിയം പ്രദാനം ചെയ്യുന്നു. ക്രൈസ്തവാരാധനയുടെ സത്തയാണ് മരിയഭക്തി. മൗതികശരീരത്തിന്റെ ഒരു വിശിഷ്ടാംഗവും ദൈവജനത്തിന് ഉജ്ജ്വലമാതൃകയും, അവരുടെ സ്നേഹാർദ്രയായ മാതാവുമായ മറിയത്തിന് ദൈവജനമധ്യേയുള്ള അതുല്യസ്ഥാനത്തെ അവളോടുള്ള ഭക്തി അനുസ്മരിപ്പിക്കുന്നു. ദൈവമാതാവിനോടുള്ള ഭക്തി വിശ്വാസികൾക്ക് ദിവ്യവരപ്രസാദത്തിൽ വളരുന്നതിനുള്ള അവസരമാണ്. പരിശുദ്ധ കന്യക ദൈവജനത്തിന്റെ മാതാവാണ്. ഒരു മാതാവിന്റെ സ്നേഹത്തോടും സ്വപുത്രരെ സഹായിക്കുന്നതിനുള്ള സന്നദ്ധതയോടുംകൂടെ അവൾ നിലകൊള്ളുന്നു. ആത്മശരീരങ്ങളോടെ സ്വർഗത്തിൽ മഹത്വീകൃതയായിരിക്കുന്ന പരി. മറിയമാണ് ലോകാവസാനത്തിൽ പൂർത്തിയാകാനിരിക്കുന്ന സഭയുടെ പ്രതിച്ഛായയും ആരംഭവും. അതുപോലെത്തന്നെ കർത്താവിന്റെ ദിവസം ഉദയം ചെയ്യുന്നതുവരെ (2 പത്രോ.3:10) മറിയം ഭൂമുഖത്തു തീർഥാടനം ചെയ്യുന്ന ദൈവജനത്തിന് സുനിശ്ചിതമായ പ്രതീക്ഷയുടേയും സമാശ്വാസത്തിന്റേയും അടയാളമായി പ്രകാശിച്ചു കൊണ്ടിരിക്കും.

## അമ്മ !

സ്നേഹത്തിന്റെ പര്യായമാണവൾ. സഹനത്തിന്റെ നിദർശനവും. ഒരു കുഞ്ഞ് അമ്മിഞ്ഞപ്പാല് നുകരുന്നതോടൊപ്പം അമ്മയുടെ സ്നേഹവും അനുഭവിക്കുന്നു. അവൻ ബാലപാഠങ്ങൾ പഠിക്കുന്നതും അമ്മയിൽനിന്നുതന്നെയാണ്. ആ ഇളംചുണ്ടുകൾ ആദ്യമായുച്ചരിക്കുന്ന വാക്കും അമ്മയെന്ന രണ്ടക്ഷരമാണല്ലോ. എന്നാൽ സ്വന്തം അമ്മയുടെ സ്നേഹം എന്താണെന്ന് ജോൺ അനുഭവിച്ചറിയുന്നതിനു മുൻപേ അമ്മ അവനോട് വിടപറഞ്ഞു. അതുകൊണ്ട് പരിശുദ്ധ കന്യകയെ സ്വന്തം അമ്മയായി അവൻ സ്വീകരിച്ചു. ഇതാ നിന്റെ അമ്മ എന്ന് യേശു പറഞ്ഞത് എന്റെ നേരെ തിരിഞ്ഞുകൊണ്ടാണ്.[1] അമ്മയുടെ സ്നേഹം ആസ്വദിക്കുവാനും ഗുണഗണങ്ങൾ തന്നിലേക്കു പകർത്തുവാനും ആ പിഞ്ചുഹൃദയം അതിയായി ആഗ്രഹിച്ചു. എല്ലാക്കാര്യങ്ങളിലും ഞാൻ എന്റെ അമ്മയെ അനുകരിക്കും.[2] ശൈശവദശയിൽ ഒരു ശിശു എപ്പോഴും അമ്മയുടെ സഹായം തേടുകയും അമ്മയിൽ അഭയം കണ്ടെത്തുകയും ചെയ്യുന്നതുപോലെ, ജോൺ തന്റെ എല്ലാ ആവശ്യങ്ങളിലും അമ്മയുടെ പക്കൽ ഓടിയണഞ്ഞു. എന്റെ എല്ലാ ആവശ്യങ്ങളിലും ഞാൻ അമ്മയുടെ നാമം വിളിച്ചപേക്ഷിക്കും.[3]

സന്ധ്യാപ്രാർഥനകളിലൂടെ മാതാവിനോടുള്ള ഭക്തിയിൽ ജോൺ വളർന്നുവരുവാൻ തുടങ്ങി. ആ ഭക്തിയിൽ ആഴ്ന്നിറങ്ങുവാൻ സെമിനാരി ജീവിതം അദ്ദേഹത്തെ പ്രാപ്തനാക്കി. പുത്രസഹജമായ മനോവിശ്വാസത്തോടെ പരിശുദ്ധ കന്യകാമറിയത്തെ സ്നേഹിക്കുവാനും വണങ്ങുവാനും അവിടെ അദ്ദേഹം അഭ്യസിച്ചു. മകൻ എന്ന നിലയിൽ തന്റെ എല്ലാ പ്രാർഥനകളും പ്രതിജ്ഞകളും ജോൺ മാതാവിന് സമർപ്പിച്ചിരുന്നു. എന്റെ പ്രിയപ്പെട്ട അമ്മയായ മറിയത്തിന്റെ സഹായത്തോടെ ഞാൻ ഇവയെല്ലാം ചെയ്യും. അമ്മയുടെ മടിയിൽ കിടന്നുകൊണ്ട് ഇവയെല്ലാം ഞാൻ ചെയ്യും. മറ്റൊരവസരത്തിൽ അദ്ദേഹം പറയുകയാണ്: എന്റെ മണവാളനെ അനുകരിക്കുവാൻ എന്നെ പഠിപ്പിക്കണമേയെന്ന് ഇടതടവില്ലാതെ എന്റെ അമ്മയോട് ഞാൻ ചോദിച്ചുകൊണ്ടിരിക്കും.[5]

സഹരക്ഷകയായ പരിശുദ്ധ അമ്മയുടെ വിശ്വാസത്തേയും, അനുസരണത്തേയും പറ്റി അദ്ദേഹം വ്യക്തമായി പറയുന്നു: മറിയം, തന്റെ കന്യാത്വത്തെപ്പറ്റിയോ മകന്റെ സുരക്ഷിതത്വത്തെപ്പറ്റിയോ

ഒട്ടും ആകുലചിത്തയായിരുന്നില്ല. കാരണം ദൈവം അവളെ സംരക്ഷിക്കുമെന്നും, അവൾക്ക് സ്വീകരിക്കുന്നതിനുള്ള താത്പര്യത്തേക്കാൾ ഉപരി നൽകുന്നതിൽ പിതാവായ ദൈവം തൽപരനാണെന്നും മറിയം വിശ്വസിച്ചു.[6] ദൈവവചനത്തെ അവൾ വിശ്വാസത്തോടെ സ്വീകരിക്കുന്നു. മറിയം പ്രാർഥനാനിരതയായ കന്യകയാണെന്ന് അവളുടെ സ്തോത്രഗീതം വ്യക്തമാക്കുന്നു. മാലാഖ മറിയത്തെ പ്രകീർത്തിച്ചപ്പോൾ അവയെല്ലാം സർവനന്മകളുടെയും സ്രോതസ്സായ ദൈവത്തിന് അവൾ ഭരമേൽപിച്ചു. തന്റെ ജീവിതം മുഴുവനും ദൈവത്തെ സ്തുതിക്കുന്നതിനുള്ള ഭജന ഗീതമാകട്ടെയെന്നും തന്റെ ബുദ്ധിയും മനസ്സും ഹൃദയവുമെല്ലാം അതിനായുപയോഗിക്കട്ടെയെന്നും അവൾ പറഞ്ഞു. എല്ലാറ്റിന്റേയും കാരണഭൂതൻ ദൈവമാണെന്ന് അവൾ വിശ്വസിച്ചു. മറിയം ദൈവത്തിലാനന്ദിച്ചു. അമ്മേ, കർത്താവിലാനന്ദിക്കുവാൻ എന്നെ പഠിപ്പിക്കണമെ.[7] മറിയം തിരുസഭയുടെയും നമ്മുടെയും മാതാവാണെന്നും അതുകൊണ്ട് ശിശുക്കളെപ്പോലെ അമ്മയുടെ പാദാന്തികത്തിലണയണമെന്നും അദ്ദേഹം ആഗ്രഹിച്ചു. മാതാവിന്റെ നേരെ ശിശുസഹജമായ സ്നേഹവും വിശ്വാസവും ഉണ്ടായിരിക്കണം. സന്യാസജീവിതത്തിന്റെ ആനന്ദവും സന്തോഷവും ഈ അമ്മയിലായിരിക്കണം.[8] മറിയത്തിന്റെ മാധ്യസ്ഥ്യ ശക്തിയിൽ ദൃഢമായി വിശ്വസിച്ച ജോൺ അവൾ ചോദിക്കുന്നതെന്തും ദൈവം നൽകുമെന്ന് പ്രത്യാശിക്കുകയും ചെയ്തു. പിതാവിനെ അവൾ പൂർണമായും അനുസരിച്ചതുകൊണ്ട് പിതാവ് അവൾക്ക് യാതൊന്നും നിരസിക്കുകയില്ല. മേരി, യേശുവിന് യാതൊന്നും നിരസിക്കാതിരുന്നതുകൊണ്ട് അവൾക്ക് കൊടുക്കുന്നതിലും യേശു സന്തുഷ്ടനാണ്. തന്റെ ഹൃദയം മുഴുവൻ സ്വർഗീയ മണവാളന് തീക്ഷ്ണതയോടെ സമർപ്പിച്ചതുകൊണ്ട് മേരിയുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ പരിശുദ്ധാത്മാവ് ബഹുമാനിതനാകുന്നു. ഇനി ഞാൻ എന്റെ ആവശ്യങ്ങൾ അറിയിച്ചാൽ മാത്രം മതി; അമ്മേ, യേശുവിനെ അനുകരിച്ചുകൊണ്ട് അവിടുത്തെ സ്നേഹിക്കുവാൻ ഞാനാഗ്രഹിക്കുന്നു.[9] മറിയം നമ്മുടെ അമ്മയും മധ്യസ്ഥയുമാണ്. നമ്മുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അവൾ അറിഞ്ഞുകൊണ്ടിരിക്കുന്നു. അവൾ നമ്മുടെ പ്രശ്നങ്ങൾ അറിയുന്നുവെങ്കിൽ അവ ഗണ്യമാക്കാതിരിക്കുമോ? അമ്മയുടെ മധ്യസ്ഥതയിൽ എന്തുമാത്രം വിശ്വാസമാണ് നമുക്കുണ്ടാകേണ്ടത്?[10] ദൈവത്തെ സ്നേഹിക്കുന്ന ഒരു ഹൃദയം ഇപ്പോഴുണ്ട്, ദൈവകോപം ഇല്ലാതാക്കാൻ കഴിയുന്ന ഒരാളുണ്ട്, രക്ഷകന്റെ വരവ് ത്വരിതപ്പെടുത്തുവാൻ കഴിയുന്ന ഒരാളുണ്ട്! എനിക്കു

വേണ്ടി എത്ര പ്രാവശ്യം അങ്ങ് ദൈവത്തിന്റെ കോപം ശമിപ്പിച്ചു. ഒരായിരം നന്ദി! ദൈവത്തെ സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണ മേയെന്നു പറഞ്ഞ് അങ്ങയുടെ മുമ്പിൽ നിന്നുകൊണ്ട് ഞാനിപ്പോൾ കരയുന്നു. എനിക്കിപ്പോൾ ഒരമ്മയുണ്ട്, എന്റെ സ്വന്തം അമ്മയേക്കാൾ സ്നേഹമയിയായ അമ്മ! ഞാൻ എന്നെത്തന്നെ അഭിനന്ദിക്കുന്നു. ഒരു ശിശുവിനെപ്പോലെ അങ്ങയെ സ്നേഹിക്കുവാൻ എന്നെ പഠിപ്പി ക്കണമേയെന്ന് ഞാൻ യാചിക്കുന്നു.[11] പാപപങ്കിലമായ മനുഷ്യമഹാ കുടുംബത്തിനും പരമപരിശുദ്ധിയായ ദൈവത്തിനുമിടയിലുള്ള മധ്യ സ്ഥയാണ് മറിയം.[12] എപ്പോഴും ദൈവത്തോടു യോജിച്ചിരിക്കുവാനും അവിടുത്തെ പ്രീതിഭാജനമായിരിക്കുവാനുമുള്ള എന്റെ ആഗ്രഹവും അമ്മ സാധിച്ചുതരും.[13] മറിയത്തിന്റെ മധ്യസ്ഥതയിൽ തിരുസഭാമാതാ വിന് ആഴമായ വിശ്വാസമുണ്ട്. അവളുടെ എല്ലാ ആവശ്യങ്ങളിലും പ്രത്യേകിച്ച് സന്ദേഹാവസ്ഥയിലും അവൾ മാതാവിനെ വിളിച്ചപേ ക്ഷിക്കുമ്പോൾ മറിയം കണ്ടറിഞ്ഞു സഹായ ഹസ്തം നീട്ടുന്നു. കരു ണാമയിയായ ഈ അമ്മയുടെ സ്മരണക്കായി ചെറുതും വലതുമായ അനേകം തിരുനാളകൾ തിരുസഭാമാതാവ് കൊണ്ടാടുന്നു. ഇവ യെല്ലാം ഉചിതമായവിധത്തിൽ ഘോഷിച്ചുകൊണ്ട് അമ്മയോടുള്ള സ്നേഹത്തിൽ വളരുവാൻ ഞാൻ ശ്രമിക്കും.[14] യേശുവിനെ സംവ ഹിച്ച് ലോകത്തിനു പ്രദാനം ചെയ്ത മറിയം യേശുവുമായി താദാ ത്മ്യപ്പെട്ടു ജീവിച്ചു. അതേ അനുഗ്രഹത്തിനായി ജോണും പ്രാർഥിച്ചു. ദൈവത്തോടടുക്കുകയും അവിടുത്തോട് ശിശുസഹജമായും തുറന്നും സംസാരിക്കുകയും ചെയ്യുക എന്നതാണ് ദൈവവുമായി താദാത്മ്യം പ്രാപിക്കുക എന്നതുകൊണ്ടർഥമാക്കുന്നത്. തന്റെ ഹൃദയത്തിൽ യേശുവിനെ കണ്ടെത്തിയ മറിയം ഇതിന് നമുക്കൊരു മാതൃക നൽ കുന്നു. ഞാനിത് മനസ്സിലാക്കുകയും പരിശീലിക്കുകയും ചെയ്യട്ടെ.[15] സഹനങ്ങളെയും വിപരീതസാഹചര്യങ്ങളെയും ശാന്തതയോടെ സ്വീകരിച്ച മറിയം രക്തസാക്ഷികളുടെ രാജ്ഞിയായി മാറി. യേശു വിന് ജനം ജയ് വിളികൾ നൽകിയപ്പോൾ മറിയം അവിടെ പ്രത്യ ക്ഷപ്പെടുന്നില്ല. എന്നാൽ മകന്റെ സഹനത്തിന്റെ നിമിഷങ്ങളിൽ അവൾ നിറമിഴികളോടെ യേശുവിനെ പിന്തുടരുന്നു.[16] സഹനത്തിന്റെ നല്ലൊരു മാതൃകയാണ് അമ്മ നൽകുന്നത്. യേശു അമ്മിഞ്ഞപ്പാലു നുകർന്നുകൊണ്ടിരുന്നപ്പോഴും വളർന്നുകൊണ്ടിരുന്നപ്പോഴും... എല്ലാം മകന്റെ പീഡാസഹനത്തിന്റെ സമയം അടുത്തുവരികയാണെന്ന് അവൾ അറിഞ്ഞു. അവളുടെ സഹനത്തിന്റെ അളവുകോൽ അവളുടെ സ്നേഹമായിരുന്നു. ദൈവമെന്നനിലയിൽ പ്രകൃത്യാതീതമായും

തന്റെ മകനെന്ന നിലയിൽ നൈസർഗികമായും മറിയം യേശുവിനെ സ്നേഹിച്ചു. തന്നെയും തന്റെ ജീവിതത്തെക്കാളും ആയിരക്കണക്കിന് മടങ്ങ് അധികമായി യേശുവിനെ അവൾ സ്നേഹിച്ചു. മകന്റെ ദുഃഖ പൂർണമായ യാത്രയിൽ നിറമിഴികളോടെ അവളും പങ്കുചേർന്നു. അവളുടെ അഴലിന്റെ തീവ്രത സാധിക്കുമെങ്കിൽ നീ മനസ്സിലാക്കുക. മറിയത്തിന്റെ സഹനം എല്ലാ മനുഷ്യരുമായി പങ്കുവച്ചിരുന്നുവെങ്കിൽ, ഓരോരുത്തർക്കും അവനവന്റെ ഭാഗം വഹിക്കുവാൻ സാധിക്കുമായിരുന്നില്ല; രക്തസാക്ഷികൾ യേശുവിനുവേണ്ടി സഹിക്കുകയും മരണശേഷം യേശുവിനെ പ്രാപിക്കുകയും ചെയ്തു. എന്നാൽ മേരി യേശുവിൽ നിന്ന് വേർതിരിക്കപ്പെട്ടു! അതുകൊണ്ട് മറ്റു രക്തസാക്ഷികളെല്ലാം കുരിശും വാളും കൊണ്ട് പ്രതിനിധീകരിക്കപ്പെടുന്നു. എന്നാൽ തന്റെ അരുമ മകന്റെ മൃതശരീരവുമേന്തിക്കൊണ്ടാണ് മറിയം ചിത്രീകരിക്കപ്പെടുന്നത്! അമ്മേ, ഇന്ന് സഹിക്കുവാൻ എന്തെങ്കിലും എനിക്കു നൽകണമെ. ചെറിയതോതിലെങ്കിലും ഞാനങ്ങയെപ്പോലെയാകട്ടെ.[17] യേശുവിന്റെ മൃതശരീരം മാതാവിന്റെ മടിയിൽ നിന്നെടുത്ത് സംസ്കരിക്കുവാൻ കൊണ്ടുപോയി. സംസ്കരിച്ചതിനു ശേഷം മാതാവിനോട് വീട്ടിലേയ്ക്ക് തിരിച്ചുപോകുവാൻ പറഞ്ഞു. അവളെ സ്നേഹിക്കുന്നവർ മനസ്സറിയാതെ തന്നെ അവൾക്ക് വേദനയ്ക്ക് കാരണമായി. യേശുവിന്റെ ഹൃദയത്തിലല്ലാതെ എവിടെയാണ് അവളുടെ വീട്?[18] ജനക്കൂട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് മറിയം എന്നോടു പറയുന്നു: നിന്റെ രാജാവിനെ അനുധാവനം ചെയ്യുക; യേശുവിന്റെ കൊടിക്കീഴിൽ നിന്നുകൊണ്ട് ധീരമായി പൊരുതുക; എല്ലായിടത്തും അവനോടു കൂടി പോകുക, കാൽവരിയിൽ യേശുവിനെ ഒറ്റപ്പെടുത്തരുത്. എന്റെ മകനെ ഞങ്ങൾ രണ്ടുപേരോടുമൊത്ത് നീയും സഹിക്കുക.[19] പ്രതികൂല സാഹചര്യങ്ങളെ ശക്തമായി നേരിടുന്നതിനുള്ള അനുഗ്രഹങ്ങൾ അമ്മേ, എനിക്ക് നൽകണമെ.[20]

മറിയത്തിന്റെ കാഴ്ചയർപ്പണം പരിപൂർണമായിരുന്നു. അമ്മയെ പോലെ പൂർണമായും ദൈവസേവനത്തിനായർപ്പിക്കുവാൻ ജോണും ആഗ്രഹിച്ചു. യേശുവിനെക്കൂടാതെയുള്ള മേരിയുടെ ജീവിതവും സ്നേഹത്തിന്റെ വിഷയവും ആത്മാവില്ലാത്ത ഒരു ശരീരംപോലെയാണ്. എങ്കിലും തന്റെ മാതൃഹൃദയത്തെ അതിജീവിച്ചുകൊണ്ട് പിതാവിന്റെ മഹത്വത്തിനായി തന്റെ സ്നേഹഭാജനത്തെ കാഴ്ചയർപ്പിച്ചു. തന്റെ അരുമ മകനെ താൻ അറിയാത്ത സഹനങ്ങൾക്കായി സമർപ്പിച്ചു.[21] അങ്ങനെ ദേവാലയം ദേവാലയത്തിലും, ശ്രീകോവിൽ

ശ്രീകോവിലിലും, ദൈവം സന്നിഹിതനായിരിക്കുന്ന പേടകം പ്രതീകാത്മകമായ പേടകത്തിലും സമർപ്പിക്കപ്പെട്ടു. അമ്മേ, എന്നെ വിനയമുള്ളവനും ദൈവത്തിന് സ്വീകാര്യനുമാക്കുകയില്ലേ![22] ഞാൻ എന്നെത്തന്നെ അങ്ങേയ്ക്കു സമർപ്പിക്കുന്നു.[23]

പരിശുദ്ധകന്യകാമറിയം സ്വർഗാരോപിതയാകുന്ന രംഗം ദൈവമാതൃഭക്തനായ ജോൺ വിവരിക്കുന്നതിപ്രകാരമാണ്: ഞാൻ ശ്രുതിമധുരമായ സംഗീതം കേൾക്കുന്നു. സ്രാഫേൻ മാലാഖ കാഹളമൂതിക്കൊണ്ട് ഏറ്റവും മുമ്പിൽ പോകുന്നു. അതിനു പിന്നിൽ സ്ഥാനചിഹ്നങ്ങൾ പതിപ്പിച്ച, മനുഷ്യാവതാര ചിത്രങ്ങളോടുകൂടിയ അനേകം പതാകകൾ, വാദ്യോപകരണങ്ങളുമായി മാലാഖമാരും പുഷ്പതാലങ്ങളുമായി കന്യകമാരും നിൽക്കുന്നു. ധൂപാർച്ചന നടത്തുന്ന വിശുദ്ധഗണം പ്രത്യേകിച്ച് വി. സ്തനിസ്ളാവൂസ്, വി. എഫ്രേം എന്നിവർ... അതാ മനോഹരമായലങ്കരിച്ച രഥം വരുന്നു. അതിൽ രാജാവിന്റെ – തന്റെ മകന്റെ – വലത്തുഭാഗത്ത് രാജ്ഞി സിംഹാസനസ്ഥയായിരിക്കുന്നു; മകൻ അമ്മയെ അഭിനന്ദിക്കുന്നു! അമ്മയുടെ സ്തുതികളാലപിച്ചുകൊണ്ട് ഞാനും ആ ഘോഷയാത്രയോട് ചേരുന്നു... അതിശ്രേഷ്ഠവും ആവേശഭരിതവുമായ ആ ഘോഷയാത്ര ജറുസലെം കവാടത്തിലെത്തുന്നു... സ്തുതിപ്പിന്റെ ആരവം എങ്ങും മുഴങ്ങിക്കേൾക്കാം! പല്ലക്കുവാഹകർ, സ്വർഗപ്രവേശനത്തിനുള്ള വിജയധ്വനി മുഴക്കുന്നു. എത്ര തീക്ഷ്ണതയോടെയാണ് പരിശുദ്ധ ത്രിത്വം, സ്നേഹമയിയായ അവളെ മാറോടണച്ചു ചുംബിക്കുന്നത്! പിതാവ് തന്റെ അനന്തശക്തി കൊണ്ടും, പുത്രൻ വിജ്ഞാനം കൊണ്ടും, പരിശുദ്ധാത്മാവ് തന്റെ സ്നേഹം കൊണ്ടും അവളെ കിരീടമണിയിക്കുകയും എല്ലാവരുടെയും രാജ്ഞിയായി മുടിചൂടിക്കുകയും ചെയ്യുന്നു! തന്റെ ഇല്ലായ്മ മനസ്സിലാക്കിക്കൊണ്ട് വ്യക്തമായി, ഉച്ചത്തിൽ മറിയം മാഗ്നിഫിക്കാത്ത് പാടുകയും സ്വർഗീയ ജറുസലെം മുഴുവൻ അത് ഏറ്റുപാടുകയും ചെയ്തു. അപ്പോൾ മാലാഖമാരും വിശുദ്ധരും അവൾക്ക് ആശംസകളർപ്പിക്കുകയും തങ്ങളെത്തന്നെ മറിയത്തിന്റെ പ്രജകളും അടിമകളുമായി പ്രഖ്യാപിക്കുകയും ചെയ്തു! ഞാനും അങ്ങയുടെ പ്രജയും അടിമയും മകനുമാകുവാൻ ഉത്ക്കടമായാഗ്രഹിക്കുന്നു. ഞാൻ നീചപാപിയും കോപത്തിന്റെ പുത്രനുമാണ്. എന്നാൽ അങ്ങയുടെ പുത്രനാകുന്നതിന് ഇവയൊന്നും തടസ്സമല്ല. അമ്മേ, ഞാൻ പൂർണമായും അങ്ങയുടേതാണ്.[24]

അമ്മയോട് പുത്രനിർവിശേഷമായ സ്നേഹമുണ്ടായിരുന്ന ജോൺ വികാരാവേശത്താൽ എന്റെ പ്രിയപ്പെട്ട മമ്മാ എന്നാണ് മറിയത്തെ

വിളിച്ചിരുന്നത്. അമ്മയും മകനും തമ്മിലുള്ള വ്യക്തിപരമായ സ്നേഹബന്ധമാണല്ലോ ഇതു വ്യക്തമാക്കുന്നത്. അമ്മയിൽ വിളങ്ങി ശോഭിച്ചിരുന്ന ഗുണങ്ങൾ ഒപ്പിയെടുത്ത് തന്റെ വ്യക്തിത്വത്തിനു രൂപഭംഗിവരുത്തുവാൻ ആ മരിയ ഭക്തന്റെ ഹൃദയം തുടിച്ചു. തന്റെ ആത്മീയ തീർഥയാത്രയിൽ യേശുവുമായുള്ള ഐക്യം കാത്തു സംരക്ഷിച്ച മറിയത്തിലൂടെ യേശുവിലെത്തിച്ചേരാമെന്ന് മറിയത്തിന്റെ ആ അരുമ സന്താനത്തിനറിയാമായിരുന്നു. അതുകൊണ്ടുതന്നെ ജീവിതത്തിലെ എല്ലാ ഘട്ടങ്ങളിലും അദ്ദേഹം ജപമാല മുറുകെ പ്പിടിക്കുകയും ജപമാലഭക്തി പ്രചരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന് പ്രതിസന്ധിഘട്ടങ്ങളിലെ രക്ഷാകവചമായിരുന്നു ജപമാല. ജപമാല യിലെ ഓരോ മണിയും ശ്രദ്ധാപൂർവം ചൊല്ലുകയും സമയം കിട്ടു മ്പോഴെല്ലാം കൂടുതൽ ജപമാല ചൊല്ലി ആത്മാക്കളുടെ രക്ഷ യ്ക്കും ദൈവരാജ്യത്തിന്റെ വിസ്തൃതിയ്ക്കുമായി ഞാൻ സമർപ്പിക്കും.[25] ജപമാലയുടെ മഹത്വവും അതിന്റെ ഫലദായകത്വവും അത്ഭുതാ വഹമാണ്. നമ്മുടെ അമ്മയ്ക്ക് ഒരു പുഷ്പഹാരം കൊടുക്കുമ്പോൾ നാം സന്തുഷ്ടരാകുന്നു. നമ്മുടെ സ്വർഗീയമാതാവിനാണ് ഇത് നൽ കുന്നതെങ്കിൽ നാം എന്തുമാത്രം സന്തുഷ്ടരാകും! ജപമാല ഇതിന് നമ്മെ പ്രാപ്തരാക്കുന്നു. അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രാർഥന കൾ രക്ഷാകര രഹസ്യങ്ങളിലൂടെ കടന്നുപോകുവാൻ നമുക്ക് അവ സരം നൽകുന്നു.[26] ഇത് എനിക്ക് ഉപയോഗപ്രദമാണ്. എന്റെ ആത്മാ വിനും ശരീരത്തിനും എന്തുമാത്രം അനുഗ്രഹങ്ങളാണ് ലഭിച്ചിട്ടുള്ളത്! ജപമാല രഹസ്യങ്ങൾപോലെ എന്റെ ജീവിതത്തിലും സന്തോഷ ത്തിന്റേയും ദുഃഖത്തിന്റേയും മഹത്വത്തിന്റേയും അനുഭവങ്ങളുൾ ക്കൊള്ളുന്ന കാലഘട്ടങ്ങളില്ലേ.[27] ജപമാല ഭക്തിയിലൂടെ എന്തുമാത്രം അനുഗ്രഹങ്ങൾ, തൊഴിലുകൾ... ഒക്കെയാണ് ലഭിക്കുന്നത്. സംസ്കാ രസമ്പന്നമെങ്കിലും ഈ ഭൂമുഖത്തുള്ള മലിനതയും തെറ്റുകളും ജപ മാലയിലൂടെ ഒപ്പി മാറ്റണമേയെന്നും ഭാരതത്തിലെ അവിശ്വാസിക ളിലുള്ള അജ്ഞതയും അന്ധവിശ്വാസവും ദൂരീകരിക്കണമേയെന്നും പ്രാർഥിക്കുകയും അതിനായി പ്രയത്നിക്കാമെന്ന് പ്രതിജ്ഞ ചെയ്യു കയും ചെയ്യുക.[28]

മാതാവിന്റെ അമലോത്ഭവം എല്ലാവരാലും അംഗീകരിക്കപ്പെടാ തിരുന്ന ഒരു കാലഘട്ടത്തിൽ അതിനായി തീവ്രമായി ആഗ്രഹിക്കു കയും പ്രാർഥിക്കുകയും തന്റെ നവപൂജാർപ്പണംതന്നെ അതി നുള്ള നന്ദി പ്രകാശനമായി സമർപ്പിക്കുവാൻ[29] ആ മരിയഭക്തൻ

അതിയായി ആഗ്രഹിക്കുകയും ചെയ്തു. അമലോത്ഭവം, കന്യകയുടെ ഗർഭധാരണം എന്നതുകൊണ്ടർഥമാക്കുന്നതെന്താണ്? അത് അനിർവചനീയവും, അവർണനീയവും, അദ്വിതീയവും, ബുദ്ധിക്കതീതവും, അപൂർവവും, ഇതുവരെയും കേൾക്കാത്തതുമാണ്. ഇതുവഴി ദൈവമാതാവ് പാപമാലിന്യത്തിൽ നിന്നും അകറ്റപ്പെട്ട്, മഹത്വപൂർണയും തന്റെ വത്സലതനയന്റെ യോഗ്യതകൾക്കർഹയും ആയിത്തീർന്നു.[30] ദൈവത്തിനും പാപത്തിനുമിടക്ക് അനന്തമായ വൈപരീത്യമുണ്ട്. അതുകൊണ്ട് പാപത്തെപ്പറ്റി ചോദ്യമുയർന്നപ്പോഴെല്ലാം മറിയം അതിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ഞാനത് വിശ്വസിക്കുന്നു. ഇതിനെതിരായവയെല്ലാം പ്രതിരോധിക്കുവാനായി എന്റെ ദരിദ്ര ജീവിതം ഞാൻ മാറ്റിവയ്ക്കുന്നു. ഇത് വിശ്വാസ സത്യമായി പ്രഖ്യാപിക്കുന്നതിന് മുമ്പുതന്നെ ആ ദിവസം കാണുവാനും അത് പരസ്യമായി പ്രഖ്യാപിക്കുവാനും അനേകർ അഭിലഷിച്ചു. ഇപ്പോൾ എല്ലാവരും അത് പരസ്യമായി പ്രഖ്യാപിക്കട്ടെ, ആരും അതിനെ ചെറുക്കാതിരിക്കട്ടെ. മാധുര്യമുള്ള ഈ അമ്മ എല്ലാവരാലും അറിയപ്പെടുവാനും സ്നേഹിക്കപ്പെടുവാനും യേശുവേ, അങ്ങ് ഇടവരുത്തണമെ.[31]

അമ്മയെ അനുകരിക്കുന്നതിന് വീണ്ടും ജനിക്കേണ്ടതിന്റെ ആവശ്യകത ജോൺ മനസ്സിലാക്കി. സ്നേഹനിർഭരയും സുന്ദരിയും ശാലീനയുമായ മറിയം തൊട്ടിലിൽ കിടക്കുന്നു. ദൈവം അവളെ സ്നേഹിക്കുന്നു. പിതാവായ ദൈവം അവൾക്കു ചുറ്റും വട്ടമിട്ടു നിന്നുകൊണ്ടു പറയുന്നു: ഇവൾ എന്റെ പ്രിയമകളാണ്! വീണ്ടും ജനിക്കുവാൻ എനിക്കും സാധിച്ചിരുന്നെങ്കിൽ! ഒരു നല്ല ജീവിതത്തിലേയ്ക്ക് ഞാൻ പിറന്നുവീഴട്ടെ. അമ്മേ, അങ്ങ് എന്റെ മാതാവാകണമെ. ഞാൻ വീണ്ടും ജനിക്കണമെന്നത് ഒരാവശ്യമാണ്. നിങ്ങൾ വീണ്ടും ജനിക്കുന്നില്ലെങ്കിൽ സ്വർഗരാജ്യത്ത് പ്രവേശിക്കുകയില്ല. ഏതു വിധത്തിൽ? പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും... ജീവിതത്തിലേയ്ക്ക് ഞാൻ പിറന്നുവീഴട്ടെ. എന്റെ ഈ നല്ല പ്രതിജ്ഞയെ അങ്ങ് അനുഗ്രഹിക്കണമെ.[32]

പുരോഹിതനായി അഭിഷിക്തനായതിനുശേഷം അദ്ദേഹം ഇടവകകളിൽ മാതാവിനോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് സൊഡാലിറ്റി സംഘടന രൂപീകരിച്ച് അതിന്റെ പ്രവർത്തനം സജീവമാക്കി. ഈ മാസം  മുതൽ സൊഡാലിറ്റി സംഘടനയിലെ പെൺകുട്ടികൾക്കായി മാസത്തിൽ ഒരു സമ്മേളനം മഠം കപ്പേളയിൽ എന്റെ അധ്യക്ഷതയിൽ ആരംഭിക്കുകയും ഒരു മണിക്കൂർ പ്രാർഥനായോഗം നടത്തുകയും ചെയ്യും.[33]

മെയ്, ഒക്ടോബർ എന്നീ മാസങ്ങൾ മാതാവിന് പ്രത്യേകമായി പ്രതിഷ്ഠിക്കപ്പെട്ട മാസങ്ങളാണല്ലോ. ഈ മാസങ്ങളിൽ മാതാവിന്റെ പീഠമലങ്കരിക്കുവാൻ ആഴമായ മരിയൻചൈതന്യം അദ്ദേഹത്തിന് പ്രേരണനൽകി.[34] എല്ലാ ദിവസവും സായാഹനത്തിൽ നവമായ പുഷ്പങ്ങൾ മാതാവിനർപ്പിക്കുക, മാതാവിനെപ്പറ്റി ധ്യാനിക്കുക..., നിന്റെ അമ്മയോട് ഇടയ്ക്കിടക്ക് സംഭാഷണം നടത്തുക, അവളെപ്പറ്റി വായിക്കുക, സംസാരിക്കുക, വിശ്വാസമർപ്പിക്കുക അങ്ങനെ അവളുടെ സ്നേഹത്തിൽ വളരുക.[35] പിൽക്കാലത്ത് തന്റെ മക്കളോടും അദ്ദേഹമിത് ആവശ്യപ്പെട്ടിരുന്നു. ഈ മാസങ്ങളിൽ കൂടുതൽ ജപമാല ചൊല്ലി അമ്മയുടെ മാധ്യസ്ഥ്യമപേക്ഷിക്കുവാൻ അദ്ദേഹം മറന്നില്ല. കൂടുതൽ തീക്ഷ്ണതയോടുകൂടി ജപമാല ചൊല്ലുവാൻ തിരുസഭാമാതാവ് തന്റെ മക്കളെ ക്ഷണിക്കുകയും ഈ മാസം ദൈവമാതാവിനായി സമർപ്പിക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. രണ്ടാമതൊരു മാസം കൂടി പൂർണമായും ദൈവമാതാവിനു സമർപ്പിക്കുന്നതിൽ എനിക്കതിയായ ആഹ്ളാദം തോന്നി.[36] ഒക്ടോബർ മാസം അവസാനത്തെ പത്ത് ദിവസങ്ങളിൽ ദിവ്യകാരുണ്യം എഴുന്നുള്ളിച്ചുവച്ച് ജപമാലയും പരിശുദ്ധ കുർബാനയുടെ വാഴ്വും നടത്തിയിരുന്നു.[37] എല്ലാ മാസാദ്യ ശനിയാഴ്ചയും പരിശുദ്ധ കുർബാനയുടെ ആശീർവാദം ഉണ്ടായിരുന്നു.[38] തന്റെ എല്ലാ പ്രവൃത്തികളും അവസാനിപ്പിച്ചിരുന്നത് അമ്മയെ സ്തുതിച്ചുകൊണ്ടുള്ള ഒരു ഗാനത്തോടെയാണ്. എല്ലാക്കാലത്തും അമ്മേ, ഞാനങ്ങയുടെ സമ്പത്താണ്.[39]

ജീവിതകാലം മുഴുവൻ പരിശുദ്ധ കന്യകാമറിയത്തെ പുത്രനിർവിശേഷമായി സ്നേഹിച്ച ജോൺ, തന്റെ മരണസമയത്ത് മരണക്കിടക്കയ്ക്കരികെ അമ്മ ഉണ്ടായിരിക്കണമെന്ന് ആഗ്രഹിച്ചു.[40] ജീവിച്ചിരിക്കുമ്പോൾ മറിയത്തെ ആർദ്രമായി സ്നേഹിച്ച്, മാതൃപൂജ നടത്തിയവർ മരണാനന്തരം പ്രത്യേക സന്തോഷമനുഭവിക്കുമെന്ന്[41] ഉറക്കെ പ്രഘോഷിച്ച മറിയത്തിന്റെ സ്നേഹഭാജനം തന്റെ ഈ ലോകതീർഥയാത്ര അവസാനിപ്പിച്ചത് ഫാറ്റിമ മാതാവിന്റെ തിരുനാൾ ദിവസമായ ഒരു ശനിയാഴ്ചയായിരുന്നു (1956 ഒക്ടോ.13). മാതാവ് സ്തോത്രഗീതമാലപിച്ചുകൊണ്ടു വന്ന് തന്റെ വാത്സല്യഭാജനത്തെ യാത്രയാക്കി.

സന്യാസ സമൂഹങ്ങൾ മാതാവിന്റെ സംരക്ഷണത്തിനു സമർപ്പിക്കപ്പെടണം[42] എന്ന് അദ്ദേഹം പ്രബോധനം നൽകി. സമർപ്പിത ജീവിതത്തിനാവശ്യമായ പുണ്യങ്ങൾ പരിശുദ്ധ അമ്മയിൽ നിന്നും


പഠിക്കണമെന്ന് അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു.[43] ദിവസവും ഉണരുമ്പോൾ പരിശുദ്ധ അമലോത്ഭവ മാതാവിന്റെ സ്തുതിക്കായി മൂന്ന് നന്മനിറഞ്ഞ മറിയമെ എന്ന പ്രാർഥന ചൊല്ലണമെന്നും എപ്പോഴും ജപമാല കൈയിലുണ്ടാകണമെന്നും അദ്ദേഹം നിർദേശിച്ചു.[44] പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിന് സ്വയം വിട്ടുകൊടുത്താൽ ജീവിത തീർഥയാത്രയിൽ ലക്ഷ്യത്തിലെത്തിച്ചേരുവാൻ അമ്മ കൂടെയുണ്ടാകുമെന്ന് മേരിയുടെ അരുമസന്താനം പഠിപ്പിക്കുന്നു.[45]

---


## അടിക്കുറിപ്പുകൾ


1. Lights from heaven., May 21, 1903.
2. Ibid., May 21, 1903.
3. Ibid., September 11, 1904.
4. Ibid., December 11, 1903.
5. Ibid., December, 1903.
6. Ibid., November 25, 1903.
7. Ibid., November 29, 1903.
8. Confrences., 1946.
9. Lights from heaven., May 28, 29, 1903.
10. Ibid., November 14, 1903.
11. Ibid., September 3, 1903.
12. Ibid., December 5, 1903.
13. Ibid., December 6, 1903.
14. Ibid., September 15, 1904.
15. Ibid., November 20, 1903.
16. Ibid., April, 1902.
17. Ibid., September 20, 1903.
18. Ibid., 1903, p. 30.
19. Ibid., 1903, p. 26.
20. Ibid., 1903.
21. Ibid., 1903, p. 13, 14.
22. Ibid., November 21, 1904.
23. Ibid., 1903, p. 14.
24. Ibid., August 15, 1903.
25. Ibid., October 1, 1903.
26. Lights from heaven., October 1, 1904.
27. Ibid., October 4, 1903.
28. Ibid., October 2, 1904.
29. Ibid., December 19, 1903.
30. Ibid., November, 1904.
31. Ibid., November, 1904.
32. Ibid., September, 1903.
33. Ibid., September 4, 1922.
34. Ibid., April 28, 1904.
35. Ibid., April 28, 1907.
36. Ibid., October 1, 1903.
37. Letter of Fr Ukken to Bp. G. Alappatt on 18 October 1947.

38. Letter of Fr Ukken to Bp. G. Alappatt on 15 June 1955.
39. Ibid., August 4, 1903.
40. Ibid., August 7, 1904.
41. Ibid., July 16, 1904.
42. Confrences., 1946.
43. Confrences., June 1951 f. 40.
44. Written Testimony., Sr Mary CSC f. 24.
45. Confrences., June 1951 f. 154.



## വി. യൗസേപ്പിതാവിനോടുള്ള ഭക്തി



വി. യൗസേപ്പിതാവിനോട് ജോണിന് പ്രത്യേക സ്നേഹവും ആദരവുമുണ്ടായിരുന്നു. ശൈശവത്തിൽ തന്റെ മാതാപിതാക്കൾ നഷ്ടമായപ്പോൾ, ലോകസാഗരത്തിൽ താൻ ഏകനായി, നിസ്സഹായതയിലമർന്നപ്പോൾ, തന്റെ എല്ലാമായ ഈശോയുടെ വളർത്തുപിതാവിനെ ജോണും വളർത്തപ്പനായി സ്വീകരിച്ചു. യൗസേപ്പിതാവിനോട് അപ്പൻ – മകൻ ബന്ധം അദ്ദേഹം നിലനിർത്തിയിരുന്നു. ഈശോയെ വളർത്തുന്നതിൽ പ്രധാന ഭാഗഭാഗിത്വം വഹിച്ച ആ നല്ല പിതാവ് നിരാശ്രയനും നിരാലംബനുമായ തന്നെയും വളർത്തുന്നതിൽ വലിയ പങ്കുവഹിക്കുമെന്ന ദൃഢമായ വിശ്വാസം ജോണിനുണ്ടായിരുന്നു. ഈ ഭക്തിയിൽ വളർന്നുവരുവാൻ ബഹു. കുറ്റിക്കാട്ട് ഔസേപ്പച്ചനും അദ്ദേഹത്തെ സഹായിച്ചു. തിരുസഭയുടെ പൂജ്യമായ പാരമ്പര്യം ശ്ലാഘിക്കുന്ന ഭക്താനുഷ്ഠാനങ്ങൾ ശുഷ്കാന്തിയോടെ പരിപോഷിപ്പിച്ച അദ്ദേഹത്തിന്റെ പരിപാവനമായ ഗുരുകുലവും ഈ ഭക്തിയിൽ വളർന്നുവരുവാൻ ആവശ്യമായ വളവും ജലവും നൽകി.

ഒരു കുഗ്രാമമായ നസ്രസിലെ ദരിദ്രഭവനത്തിൽ തൊഴിലാളിയായ യൗസേപ്പ് ലളിതജീവിതം നയിച്ചു. കുലമാഹാത്മ്യം കൊണ്ടും സ്വഭാവവൈശിഷ്ട്യം കൊണ്ടും അദ്ദേഹം സമ്പന്നനായിരുന്നു. യൗസേപ്പിതാവിന്റെ മധ്യസ്ഥശക്തിയിൽ ജോണിന് ആഴമായ വിശ്വാസമുണ്ടായിരുന്നു. തിരുക്കുടുംബപാലകനായ യൗസേപ്പിതാവിന്റെ സൂക്ഷത്തിന് ജോൺ തന്നെത്തന്നെ വിട്ടുകൊടുത്തു. വി. യൗസേപ്പ്, പിതാവിനോടും പരിശുദ്ധാത്മാവിനോടും യോജിച്ചുനിന്നു. മേരിയുടെ ഭർത്താവും യേശുവിന്റെ വളർത്തുപിതാവുമാണ് വിശുദ്ധൻ. ആ വിശുദ്ധനെ അഭിനന്ദിക്കുക. നിന്നെയും വി. യൗസേപ്പിന്റെ സൂക്ഷത്തിന് ഭരമേല്പിക്കുക. ആ വിശുദ്ധനു ശുശ്രൂഷചെയ്യുക എത്ര ആനന്ദദായകമാണ്! പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, പരി. കന്യകാമറിയം എന്നിവരോടുള്ള ബന്ധവും ബഹുമാനവും മൂലം സ്വർഗത്തിൽ

വി.യൗസേപ്പിന്റെ മഹത്വം വളരെ വലുതാണ്; ശക്തി മഹത്തരവുമാണ്. കാരണം വി. യൗസേപ്പ് യേശുവിനു യാതൊന്നും നിഷേധിച്ചിട്ടില്ലാത്തതുകൊണ്ട് മറിച്ചു പ്രവർത്തിക്കുവാൻ യേശുവിനും സാധ്യമല്ല.[1]

യേശുവിനെ വളർത്തിക്കൊണ്ടുവരിക എന്ന മഹനീയദൗത്യം സ്തുത്യർഹമാംവിധം നിർവഹിച്ച യൗസേപ്പിതാവിനോട് ജോൺ പുത്രതുല്യം പെരുമാറുകയും ഇരുകൂട്ടരുടെയും ദൈവവിളിയിൽ സമാനത കണ്ടെത്തുകും ചെയ്തു. എന്റെ യൗസേപ്പിതാവേ എന്നാണ് ജോൺ വിശുദ്ധനെ വിളിച്ചിരുന്നത്. വളർത്തപ്പനും മകനും തമ്മിലുള്ള ബന്ധമാണല്ലോ ഇത് വ്യക്തമാക്കുന്നത്. മുപ്പതു വർഷക്കാലം പരിശുദ്ധമായ ആ സംഭാഷണം അനുഭവിച്ചാസ്വദിക്കുകയും ദൈവമാതാവിന്റെ വിശേഷാനുകൂല്യങ്ങൾ തന്നിൽത്തന്നെ വി. യൗസേപ്പ് പ്രതിഫലിപ്പിക്കുകയും ചെയ്തു. യേശുവിന്റെ വളർത്തുപിതാവായ വി. യൗസേപ്പ് സ്വർഗീയപിതാവിന്റെ പ്രതിഛായയാണ്. യൗസേപ്പിതാവിനെ ആശ്രയിച്ചു യേശു ജീവിച്ചു. ജോസഫ് അധ്വാനിച്ചില്ലെങ്കിൽ യേശു വിശന്നുവലയും! അതുകൊണ്ട് ഞാനങ്ങയെ എന്റെ യൗസേപ്പിതാവേ എന്നു വിളിക്കും. കൂടാതെ യൗസേപ്പിതാവിന്റെയും എന്റെയും ദൈവവിളിയിൽ വളരെയധികം സമാനതയുണ്ട്. യേശുവിന്റെ രക്ഷാകർത്താവാകുവാനാണ് ഞാനും വിളിക്കപ്പെട്ടിരിക്കുന്നത്.[2]

തന്റെ ഭാര്യയായ മറിയം ഗർഭിണിയായ വിവരം അറിഞ്ഞപ്പോഴും (മത്താ.1:18-25) ബത്‌ലെഹേമിലേയ്ക്കുള്ള യാത്രയിലും (ലൂക്ക 2:5-7) ഈജിപ്തിലേക്കുള്ള പലായനത്തിലുമെല്ലാം (മത്താ. 2:13-15) വി.യൗസേപ്പ് മാനസികമായും ശാരീരികമായും അനിർവചനീയമായ പീഡകൾ സഹിച്ചു. അപ്പോഴെല്ലാം വിശുദ്ധൻ ദൈവത്തിൽ പൂർണമായും ആശ്രയിക്കുകയാണു ചെയ്തത്. ക്ലേശങ്ങൾക്കു മുമ്പിൽ, സഹനങ്ങൾ ഒന്നിനുമീതെ ഒന്നായി വന്നു പുണർന്നപ്പോൾ വിശുദ്ധൻ തളർന്നില്ല. പ്രത്യുത ദൈവപരിപാലനയിലുള്ള വിശ്വാസത്തിൽ വളർന്നു വരുകയാണ് ചെയ്തത്.

എല്ലാ പ്രതിസന്ധി ഘട്ടങ്ങളെയും ശാന്തമായും ധീരമായും അഭിമുഖീകരിച്ച് തിരുകുടുംബത്തിന് സംരക്ഷണം നൽകിയ യൗസേപ്പിതാവുതന്നെയാണ് തിരുസഭയുടെയും സംരക്ഷകൻ. സ്വർഗത്തിന്റേയും ഭൂമിയുടേയും രാജ്ഞിയായ പരി. മറിയത്തിന്റെ ഭർത്താവും യേശുവിന്റെ വളർത്തു പിതാവുമാകുവാനുള്ള തെരഞ്ഞെടുപ്പ് യൗസേപ്പിതാവിന്റെ മഹിമ വിളിച്ചറിയിക്കുന്നു. ഞാനങ്ങയെ അഭിനന്ദിക്കുകയും

തിരുസഭയെ അങ്ങയുടെ സംരക്ഷണത്തിന് ഭരമേൽപിക്കുകയും ചെയ്യുന്നു. യേശുവിന്റെ മൗതികശരീരമായ തിരുസഭ നിന്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. അവളെ സംരക്ഷിക്കുവാനുള്ള മാർഗങ്ങൾ യൗസേപ്പിതാവേ, അങ്ങേയ്ക്കറിയാമല്ലോ. തിരസഭയുടെ ശത്രുക്കളെ മാനസാന്തരപ്പെടുത്തിക്കൊണ്ട് അവരെ അങ്ങ് കീഴടക്കണമെ.[3]

യൗസേപ്പിതാവ് തന്റെ ഹൃദയത്തിന്റെ അവിഭാജ്യഘടകമാണെന്ന് ഉദ്ഘോഷിക്കുന്നതിൽ ജോൺ അഭിമാനം കൊണ്ടു. യേശുവിന്റെയും മാതാവിന്റെയും സംഭാഷണവും മാതൃകയും വഴി അനിർവചനീയമായ സന്തോഷം വിശുദ്ധൻ അനുഭവിച്ചു. അങ്ങ് എന്റെ ഹൃദയത്തിന്റെ അവിഭാജ്യഘടകമാണ്. ഞാനങ്ങയെ ഒരിക്കലും എന്നിൽനിന്നുമകറ്റുകയില്ല.[4]

നന്മരണമധ്യസ്ഥനായ തന്റെ വളർത്തപ്പന്റെ 'നല്ലമരണം' ജോൺ തന്റെ ആധ്യാത്മിക ഡയറിക്കുറിപ്പിൽ വിവരിക്കുന്നുണ്ട്. വളർത്തുമകനായ തനിക്കും അങ്ങനെയൊരു മരണം ലഭിക്കുവാൻ അദ്ദേഹം അഭിലഷിച്ചു. വി.യൗസേപ്പ് യേശുവിനെ ആലിംഗനം ചെയ്യുന്നു![5] സ്വർഗവാസികളുടെ മധ്യേ, മാതാവിന്റെ കരുണാർദ്രമായ ശുശ്രൂഷയ്ക്കിടയിൽ ജീവദാതാവിന്റെ കൈകളിൽ വച്ചുള്ള സന്തോഷപ്രദമായ അന്ത്യം! എന്തൊരു നല്ല മരണമാണത്! അങ്ങയുടെ നന്മരണത്താൽ എന്റെ അവസാന നിമിഷങ്ങളിൽ എന്നെയും സഹായിക്കണമെ.[6] ഈ ലോകത്തിൽ നിന്നും വിട പറയേണ്ടിവരുമ്പോൾ പിതാവേ, എന്നെ സഹായിക്കുവാൻ, എന്നെ നയിക്കുവാൻ വരണമെ.[7] തന്റെ വളർത്തു പിതാവിന്റെ ബഹുമാനാർഥം മാർച്ചുമാസം പ്രത്യേകമായ വിധത്തിൽ അദ്ദേഹം ആചരിച്ചുപോന്നു. വി.യൗസേപ്പിതാവിന്റെ ഗുണങ്ങൾ അനുകരിക്കുന്നതിൽ അദ്ദേഹം അതീവശ്രദ്ധ പുലർത്തിയിരുന്നു.

## അടിക്കുറിപ്പുകൾ

1. Lights from heaven., 1903, p. 21.
2. Ibid., 1903, p. 23.
3. Ibid., May 2, 1903.
4. Ibid., October 28, 1904.
5. Ibid., March 31, 1903.
6. Ibid., October 28, 1904.
7. Ibid., March 31, 1903.

## കാവൽ മാലാഖയോടുള്ള ഭക്തി



എന്റെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ (മത്താ. 5:48) എന്ന ആഹ്വാനം ശിരസ്സാവഹിച്ചു കൊണ്ട് തങ്ങളുടെ ആത്മീയയാത്ര തുടരുന്നവർ കല്ലിലും മുള്ളിലും തട്ടി നിലംപതിക്കാതെ സ്വഗൃഹത്തിലെത്തുവാൻ വഴികാട്ടിയായി ദൈവം ഓരോരുത്തർക്കും ഓരോ മാലാഖയെ നൽകി. ആധ്യാത്മിക സമ്പത്തിന്റെ കാവൽഭടന്മാരായ മാലാഖമാരോട് നാം കൃതജ്ഞതയുള്ളവരായിരിക്കണം.

താൻ ബലഹീനനാണെന്ന് സ്വയാവബോധമുണ്ടായിരുന്ന ജോൺ തന്റെ മാലാഖയുടെ കൈയ്ക്കുപിടിച്ച് മുന്നോട്ടു ഗമിക്കുന്നു. മാലാഖമാരുടെ അന്തസ്സ്, ആഭിജാത്യം എന്നിവ പ്രകൃത്യാധിഷ്ഠിതവും പ്രകൃത്യാതീതവുമാണ്. പ്രകൃത്യാധിഷ്ഠിതമായി പറയുകയാണെങ്കിൽ അവരുടെ ബുദ്ധി ഏറ്റവും അസ്പഷ്ടമായ സത്യങ്ങൾപോലും മനസ്സിലാക്കുന്നു. അവരുടെ വിജ്ഞാനം മനുഷ്യശാസ്ത്രങ്ങളെ അതിജീവിക്കുന്നതും, മനസ്സ് നന്മമാത്രം പിന്തുടരുന്നതുമാണ്. പ്രകൃത്യാതീതമായി വീക്ഷിച്ചാൽ എണ്ണമറ്റ അനുഗ്രഹങ്ങളാൽ അവർ അലംകൃതരാണ്. അവരുടെ ബുദ്ധി ദൈവത്തിന്റെ സത്തയിലേയ്ക്ക് ചൂഴ്ന്നിറങ്ങിയും മനസ്സ് മെഴുകുതിരിപോലെ ദൈവത്തിന്റെ മുമ്പിൽ എപ്പോഴും കത്തിജ്വലിച്ചുകൊണ്ടിരിക്കുകയുമാണ്. ഇത് ദൈവത്തിന്റെ സംശയാതീതമായ അനന്തനന്മയെ പ്രസ്പഷ്ടമാക്കുന്നു. നമ്മെ കാത്തു സംരക്ഷിക്കുവാൻ, ശക്തരും ഉജ്ജ്വലപ്രഭയാർന്നവരുമായ തന്റെ രാജകുമാരന്മാരോട് ആഹ്വാനം ചെയ്യുകയും അങ്ങനെ നമ്മുടെ ബലഹീനത മൂടിക്കളയുകയും ചെയ്യുന്നു. ദൈവത്തിന്റെ നന്മ എത്ര വലുതാണ്! പിതാവേ, ഞാനങ്ങയോട് നന്ദിപറയുന്നു. എന്റെ നന്ദിയുടെ സ്മാരകമായി എന്റെ മാലാഖയെ ഞാൻ ബഹുമാനിക്കും. മാലാഖ എന്റെ കൂടെ വരികയും ശാരീരികവും ആത്മീയവുമായ എല്ലാ തിന്മകളിൽനിന്നും എന്നെ വിമുക്തനാക്കുകയും, എനിക്ക് നല്ല വസ്തുക്കൾ നൽകുകയും, ഫലദായകമായ മാർഗങ്ങൾ നിർദേ

ശിക്കുകയും ചെയ്യുന്നു. അങ്ങനെ നിത്യാനന്ദത്തിലേക്കു നയിക്കുന്നു. എന്റെ മാലാഖയ്ക്ക് എന്നോടുള്ള ഉപവിയും ക്ഷമയും അത്യാശ്ചര്യകരമാണ്. ഞാൻ മാലാഖയോടു പ്രാർഥിക്കുകയും സ്തുതിപാടുകയും നന്ദിപറയുകയും ചെയ്യും. പരിത്യാഗപൂർണമായ ജീവിതത്തിലൂടെ ഞാനവനെ പ്രീതിപ്പെടുത്തുവാൻ ശ്രമിക്കും. എല്ലാ ചൊവ്വാഴ്ചയും എന്റെ കാവൽമാലാഖയോട് സ്നേഹസംഭാഷണം നടത്തുകയും എന്റെ എല്ലാ ആവശ്യങ്ങളും ഞാനവനോട് ഉണർത്തിക്കുകയും ചെയ്യും. കാവൽമാലാഖയിൽ എനിക്കു വിശ്വാസമില്ലെങ്കിൽ ദൈവപരിപാലനയെയാണ് ഞാൻ ശപിക്കുന്നത്. മാത്രമല്ല, മാലാഖയുടെ ശക്തിയിലും സഹായത്തിലും ഞാൻ കുറ്റമാരോപിക്കുകയും ചെയ്യുന്നു. ഇല്ല, ഞാൻ ഒരിക്കലും ചെയ്യുകയില്ല.[1]

അദ്ദേഹം പ്രാർഥിച്ചതിങ്ങനെ: ...എന്റെ കാവൽ മാലാഖയെ, പരിത്യാഗത്തിന്റെ വഴി എനിക്കു കാണിച്ചു തരണമെ. അങ്ങയുടെ നിർദേശാനുസരണം ഈ പുതിയ പാതയിൽക്കൂടി സുരക്ഷിതനായി ഞാൻ നടക്കട്ടെ. എന്നിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തണമെന്നും, ഞാൻ എന്തെല്ലാം ഏറ്റെടുക്കണമെന്നും എന്നെ പഠിപ്പിക്കുക.[2]

കാവൽ മാലാഖയോട് അദ്ദേഹത്തിന് വ്യക്തിപരമായ ബന്ധമുണ്ടായിരുന്നു, കൂടെക്കൂടെ സംഭാഷണം നടത്തുകയും ചെയ്യുമായിരുന്നു. ഈ ഭക്തിയിൽ ജോൺ ഉത്തരോത്തരം വളർന്ന് മാലാഖ കൈപിടിച്ചു നടത്തുന്ന അനുഭവം സ്വന്തമാക്കി.



**അടിക്കുറിപ്പുകൾ**

1. Lights from heaven., October 2, 1903.
2. Ibid., 1903, p. 33.

## വിശുദ്ധരോടുള്ള ഭക്തി

ഈ ലോക ജീവിതം സ്വർഗം ലക്ഷ്യമാക്കിയുള്ള യാത്രയാണെന്നും[1] പിതാവായ ദൈവം അവിടെ കാത്തിരിക്കുന്നുണ്ടെന്നും[2] ഇവിടത്തെ നമ്മുടെ സ്നേഹജീവിതത്തിന്റെ തുടർച്ചയാണ് സ്വർഗമെന്നും[3] ധ്യാനമനനങ്ങളിലൂടെ ഊക്കനച്ചന് നന്നായറിയാമായിരുന്നു. സഹനങ്ങൾ നിത്യജീവനിലേക്കുള്ള സമ്പത്താണെന്ന്[4] അദ്ദേഹം വിശ്വസിച്ചു. ജീവിത തീർഥാടനത്തിൽ വെളിച്ചം പകരുന്ന തെരുവുവിളക്കുകളായി വിശുദ്ധരെ[5] അദ്ദേഹം കൂട്ടുപിടിച്ചു. അദ്ദേഹത്തിന്റെ ഇടവക മധ്യസ്ഥനും നാമകാരണ വിശുദ്ധനുമായ വി. ജോൺ നെപുംസ്യാനോട് പ്രത്യേക ഭക്തി പുലർത്തിയിരുന്നു.[6] സഹനം, ധീരത, സ്ഥിരത എന്നീ പുണ്യങ്ങൾ വി. ജോൺ നെപുംസ്യാനിൽ നിന്നും പഠിച്ച് ജീവിതത്തിൽ പകർത്തുവാൻ അദ്ദേഹം ശ്രമിച്ചു.[7] പാപസങ്കീർത്തനമെന്ന കൂദാശയ്ക്ക് ഊക്കനച്ചനു മാതൃക ഈ വിശുദ്ധനായിരുന്നു.[8] പുരോഹിതൻ തന്റെ സ്ഥാനമഹിമയാൽത്തന്നെ അജഗണങ്ങൾക്കുവേണ്ടി പ്രാർഥിക്കണമെന്നും അവരെ അനുരഞ്ജിപ്പിക്കണമെന്നും[9] അദ്ദേഹം തീരുമാനിച്ചു.


വി. ജോൺ നെപുംസ്യാൻ

ദൈവം പ്രത്യേകമായി നൽകിയതെന്ന് അദ്ദേഹം വിശേഷിപ്പിക്കുന്ന വി. അഗസ്റ്റിനോടും[10] ഭക്തി പുലർത്തിയിരുന്നു. വിശുദ്ധന്റെ ധീരോദാത്തത, വീരോചിതമായ സ്നേഹം, ഉജ്ജ്വലമായ തീക്ഷ്ണത, അഗാധമായ എളിമ എന്നീ ഗുണങ്ങൾ തന്നിലേക്കു പകർത്തുവാൻ അദ്ദേഹം പരിശ്രമിച്ചു.[11]


വി. അഗസ്റ്റിൻ

അനുദിന വിശുദ്ധരെ അദ്ദേഹം ധ്യാനിച്ചിരുന്നുവെന്ന് ഡയറി വ്യക്തമാക്കുന്നു. വിശുദ്ധരോടുള്ള അദ്ദേഹത്തിന്റെ ഭക്തി അവർ അഭ്യസിച്ചിരുന്ന വീരോചിതമായ പുണ്യങ്ങൾ ജീവിതത്തിൽ പകർത്തുവാനായിരുന്നു. ഹൃദയം സ്രഷ്ടാവിനും സൃഷ്ടികൾക്കുമായി വിഭജിക്കപ്പെടാതിരിക്കുവാൻ അദ്ദേഹം നിരന്തരം കൃപയാചിച്ചിരുന്നു.[12]

## അടിക്കുറിപ്പുകൾ

1. Lights from heaven., April, 1902, p. 2.
2. Ibid., April, 1902, p. 1.
3. Ibid., September 8, 1903, p. 106.
4. Ibid., April, 1902, p. 2.
5. Ibid., August 1, 1904, p. 224.
6. Ibid., August 20, 1904, p. 239.
7. Ibid., May 16, 1903, p. 46.
8. Ibid., May 16, 1903, p. 46.
9. Ibid., October 14, 1903, p. 130.
10. Ibid., April, 1902, p. 5.
11. Ibid., April, 1902, p. 5.
12. Ibid., November 4, 1906, p. 325.



CLEMENS PAGNANI, O. S. B.
DEI ET APOSTOLICAE SEDIS GRATIA,
EPISCOPUS KANDIENSIS.

Universis et singulis praesentes litteras inspecturis notum facimus atque testamur quod anno a Nativitate Domini millesimo noningentesimo die vigesima secunda Decembris Sabbato qualuor temporum.

Ordines celebrantes, dilectum nobis in Christo Joannem Ukken e vic. ap. Trichurensi et hujus Pontificii Seminarii alumnum

in aetate, moribus et vita, natalibusque, ac doctrina examinatum, et idoneum in omnibus requisitis repertum et a suo Ordinario juste dimissum ad primam clericalem tonsuram

rite et canonice promovimus. In quorum fidem has litteras, nomine sigilloque nostro munitas, dedimus Kandy die, mense, et anno ut supra.

+ Clemens O. S. B
Ep. Kandiensis

Certificate Tonsure

## യേശു സായൂജ്യം


ദൈവത്തോട് ആത്മാക്കളെ അടുപ്പിക്കുന്നതും പാപത്തെ വിട്ടകലാൻ നിർബന്ധിക്കുന്നതുമായ സുന്ദരകലയാണ് ധ്യാനം. മറ്റു കലകളെപ്പോലെ ധ്യാനമാകുന്ന കലയും നിരന്തരമായ അഭ്യാസം വഴിയേ സാധിതമാകൂ. ചുരുക്കം ചിലർക്കു മാത്രമേ നിവേശിത ധ്യാനത്തിന്റെ വരം ദൈവം നൽകുന്നുള്ളു.

മറ്റൊരു ക്രിസ്തുവായിത്തീരുവാൻ ഉൽക്കടമായാഗ്രഹിച്ച ജോൺ അതിനുള്ള ഏറ്റവും നല്ല മാർഗമായി ദർശിച്ചത് യേശു സാമീപ്യം അനുഭവിച്ചറിഞ്ഞ്, അവിടുത്തെ സാരൂപ്യത്തിലെത്തി, അവിടുന്നുമായി സായൂജ്യത്തിലെത്തുകയാണ്. ഇത് എളുപ്പമാക്കിത്തീർക്കുന്നതിന് മനസ്സിൽ എപ്പോഴും ഇഷ്ടമന്ത്രമുണ്ടായിരിക്കണമെന്നും അനുദിന ജീവിതത്തിലെ എല്ലാ പ്രവൃത്തികളും ഇതേ ലക്ഷ്യത്തോടു കൂടിയായിരിക്കണമെന്നും ദിവസംമുഴുവനും ഇതിനായി ഒരുങ്ങണമെന്നും[1] അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ഇത് അന്വർഥമാകണമെങ്കിൽ മൗനം അത്യന്താപേക്ഷിതമാണ്. യേശുവിന്റെ മാതൃക അതാണു നമ്മെ പഠിപ്പിക്കുന്നതെന്ന് അദ്ദേഹം ചെറുപ്പം മുതലേ മനസ്സിലാക്കി. തന്റെ പരസ്യജീവിതത്തിൽ ഈശോ അനാവശ്യമായി ഒന്നും സംസാരിച്ചില്ല; അവിടുന്നു പലപ്പോഴും ഏകാന്തതയിൽ സമയം ചെലവഴിച്ചിരുന്നു.[2] മാത്രമല്ല മൗനം എല്ലാ നന്മകളുടെയും ഉൽപത്തിസ്ഥാനമാണ്, അത് സ്വർഗത്തിലേക്കു നമ്മെ കൊണ്ടുപോകുന്നതിനുള്ള വാതിലാകുന്നു.[3]

യേശു പ്രാർഥനയുടെ മനുഷ്യനായിരുന്നു. അതിരാവിലെ അവൻ ഉണർന്ന് ഒരു വിജനസ്ഥലത്തേയ്ക്കുപോയി അവിടെ പ്രാർഥിച്ചു കൊണ്ടിരുന്നു (മർക്കോ.1:35). ദൈവഹിതം നിറവേറ്റുന്നതിന് തന്റെ മാനുഷിക സാഹചര്യങ്ങളെ പിതാവിലേയ്ക്കടുപ്പിച്ചുകൊണ്ട് യേശു പ്രാർഥിച്ചു. പ്രാർഥനയിലൂടെ ശക്തി പ്രാപിച്ചിരുന്നത് പിതൃഹിതം നിറവേറ്റുന്നതിനാണ് (മർക്കോ.14:36; യോഹ.4:34).

യേശുവുമായി താദാത്മ്യം പ്രാപിച്ച വ്യക്തിയായിരുന്നു പരി. കന്യകാമറിയം. വിശ്വാസത്തിലും ഉപവിയിലും ക്രിസ്തുവിനോടുള്ള പൂർണമായ യോജിപ്പിലും ദൈവജനനി സഭയുടെ മാതൃകയാണ്.[4] വി. ലൂക്കയുടെ സുവിശേഷം ഒന്നും രണ്ടും അധ്യായങ്ങളിൽ പ്രാർഥനയുടെ പ്രതീകമായിട്ടാണ് മറിയത്തെ ചിത്രീകരിക്കുന്നത്. തന്റെ ഗുരുവിന്റെയും അമ്മയുടെയും മാതൃക ജോണും പിഞ്ചെന്നു.

ഊക്കനച്ചന് കൈമുതലായിരുന്ന പ്രാർഥനാജീവിതവും പ്രാർഥനാജീവിതത്തിലെ നിധിയായ ധ്യാനാഭ്യസനവും ആദ്യമായി മുളയെടുത്തത് ബഹു. കുറ്റിക്കാട്ട് ഔസേപ്പച്ചനിൽ നിന്നുമാണ്. ബഹു. ഔസേപ്പച്ചന്റെ മുറിയിലുണ്ടായിരുന്ന ഭക്തചിത്രങ്ങളും അച്ചന്റെ പെരുമാറ്റവും പ്രാർഥനയുമെല്ലാം ജോൺ സശ്രദ്ധം നിരീക്ഷിക്കുമായിരുന്നു. മാത്രമല്ല അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അനുകരിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. മുറിയിലുള്ള ചിത്രങ്ങളുടെ വിവരണങ്ങൾ അച്ചൻ വളരെ രസപ്രദമായ രീതിയിൽ വിശദീകരിച്ചു കൊടുക്കും. അത് ജോണിന്റെ കുരുന്നു മനസ്സിനെ ആഴത്തിൽ സ്പർശിച്ചു. കുട്ടി വളർന്നതോടെ ചിന്തിക്കുവാൻ വേണ്ടുവോളം വിഷയങ്ങൾ അവന്റെ അന്തരാത്മാവിൽ പതിഞ്ഞിരുന്നു. അറിവിന്റെ തലത്തിൽ നിന്നുകൊണ്ട് അവൻ ദൈവമഹത്വത്തെക്കുറിച്ചു ചിന്തിച്ചു. ദൈവാത്മാവിന്റെ പ്രവർത്തനം ജോണിനെ ധ്യാനസായൂജ്യത്തിലേയ്ക്കാനയിച്ചു.



പിന്നീട് വൈദിക വിദ്യാർഥിയായി ധ്യാനമുറകൾ അഭ്യസിച്ചു തുടങ്ങിയപ്പോൾ ധ്യാനം കൂടുതൽ എളുപ്പമായിത്തീർന്നു. വർഷങ്ങൾ കഴിയുന്തോറും യേശുവുമായി ആഴമായ പ്രണയബന്ധത്തിലാകുന്ന ഊക്കനച്ചനെ ഡയറി വരച്ചു കാണിക്കുന്നു. ധ്യാനാത്മകതയെ സ്നേഹിക്കുകയും അനുദിന പ്രവൃത്തികളുമായി അവയെ സംയോജിപ്പിച്ചുകൊണ്ടു പോകുകയും ചെയ്യണമെന്നും[5] ഏതു വിഷമസന്ധിയിലും സ്വർഗീയമായ ശാന്തിയും സൗഭാഗ്യവും ധ്യാനം വഴി ലഭിക്കുമെന്നും[6] ജീവിതാനുഭവങ്ങളിലൂടെ ജോൺ വിവേചിച്ചറിഞ്ഞു. ദിവ്യകാരുണ്യസന്നിധിയിൽ ധ്യാനനിമഗ്നനായി നീണ്ട മണിക്കൂറുകൾ ചെലവഴിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടു. കാരണം ധ്യാനം ആത്മീയ ജീവിതത്തിന്റെ ശക്തികേന്ദ്രമാണല്ലോ.[7] ദൈവവചനമാണ് ധ്യാനത്തിനു സഹായമായി ജോൺ തെരഞ്ഞെടുത്തത്. വിശുദ്ധ ഗ്രന്ഥത്തിലൂടെ ദൈവം തന്നെത്തന്നെ നമുക്കു വെളിപ്പെടുത്തുകയും അവിടുന്നുമായി സ്നേഹബന്ധം പുലർത്തുവാൻ നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. വി. ഗ്രന്ഥം വായിക്കുമ്പോൾ ക്രിസ്തു

തന്നെയാണ് സംസാരിക്കുന്നത്. ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ് (ഹെബ്രാ. 4:12).വിശുദ്ധഗ്രന്ഥത്തിലെ സംഭവങ്ങൾ, സ്വന്തം ജീവിതവുമായി താരതമ്യപ്പെടുത്തി അദ്ദേഹം ധ്യാനിക്കുകയും ആത്മീയ വളർച്ചയ്ക്കുതകുന്ന പ്രതിജ്ഞകൾ എടുക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ ആധ്യാത്മിക ഡയറിക്കുറിപ്പുകൾ ഇതിനു നല്ലൊരു തെളിവാണ്. യേശു ദേവാലയത്തിൽ (ലൂക്ക 2:41) എന്നതിനെപ്പറ്റി ജോൺ ധ്യാനിക്കുന്നത് എപ്രകാരമാണെന്നു നോക്കുക: മറിയവും യൗസേപ്പിതാവും യേശുവും സ്നേഹത്തോടുകൂടി ദേവാലയത്തിലേക്കു പോകുന്നു. ഭയഭക്തിപുരസ്സരം ബലിയർപ്പണത്തിനു സഹായിക്കുന്നു. എന്റെ ദിവ്യകാരുണ്യ സന്ദർശനം, ദിവ്യബലിയിലെ ഭാഗഭാഗിത്വം, ദേവാലയത്തിലെ പ്രാർഥന... എല്ലാം എങ്ങനെയാണ്? തന്റെ ജോലിയെന്തെന്നു വളരെ ഇളംപ്രായത്തിൽ തന്നെ അറിയാമായിരുന്ന യേശു, നിയമപണ്ഡിതന്മാർക്ക് മിശിഹായെക്കുറിച്ച് വ്യക്തമായ ആശയം നൽകുന്നതിനും, വിവേകപൂർവം അവരെ പഠിപ്പിക്കുന്നതിനും, വിനയാന്വിതമായി ചോദ്യം ചെയ്യുന്നതിനും അവരുമായി കൂടിയാലോചിക്കുന്നതിനുമായി ദേവാലയത്തിൽ തന്നെ താമസിച്ചു. യേശുവിനോടു മറുപടി പറയുന്നതിനായി ധാരാളം വായിക്കുക... ഇക്കാര്യം തന്റെ മാതാപിതാക്കളോട് യേശു പറഞ്ഞിരുന്നുവെങ്കിൽ അവർ അതിനനുവദിക്കുമായിരുന്നു. എന്നാൽ അവരും യേശുവിനോടുകൂടി താമസിക്കുവാൻ ആഗ്രഹിക്കുകയും ഏതെങ്കിലും വിധത്തിൽ അവർ അവിടുത്തെ വെളിപ്പെടുത്തുകയോ, ആ ഉദ്യമത്തിൽ നിന്നും തടയുകയോ ചെയ്യുമായിരുന്നു. ഇവയൊന്നും അവിടുന്നാഗ്രഹിച്ചില്ല. മാത്രമല്ല താൻ എന്തിനാണ് അയക്കപ്പെട്ടിരിക്കുന്നതെന്ന് അവിടുത്തേയ്ക്കറിയാമായിരുന്നു. പിതാവിന്റെ തിരുമനസ്സു നിറവേറ്റുന്നതിനും, എല്ലാ ബന്ധനങ്ങളും തകർക്കുന്നതിനും അങ്ങനെ അസാധാരണമായൊരു മാതൃക നൽകുന്നതിനും വേണ്ടിയാണ് അവിടുന്നു വന്നത്. ഒരു വിശുദ്ധനാകുവാനായിട്ടാണ് ഞാൻ സെമിനാരിയിലേക്കു വന്നിരിക്കുന്നതെന്ന് ഇപ്പോൾ എനിക്കു നന്നായി മനസ്സിലായി; മറ്റെല്ലാം ഞാൻ നീട്ടിവക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യണം. ഇപ്പോൾ വ്യക്തമായി മനസ്സിലായതുപോലെ പ്രവർത്തിക്കുന്നതിനുവേണ്ട കൃപാവരം എനിക്കു നൽകുക.

യേശു അഹങ്കാരത്തോടുകൂടിയോ, അധികാരഭാവേനയോ അല്ല പഠിപ്പിച്ചത്. യേശുവിനെപ്പോലെ ശാന്തമായും ഉപവിയോടുകൂടിയും പഠിപ്പിക്കുന്നതിനും, തെറ്റുകൾ ഹൃദയസ്പർശകമായി തിരുത്തുന്ന

തിനും വേണ്ട കൃപാവരം എനിക്കും നൽകുക. യേശുവിനെ കണ്ടെത്തിയപ്പോൾ മറിയം അവിടുത്തെ ശകാരിക്കുന്നില്ല. ശകാരിച്ചിരുന്നുവെങ്കിൽ, തന്റെ മകനെപ്പറ്റിയോ, അവന്റെ ജോലിയെപ്പറ്റിയോ അവൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമുഖം ഉയരുമായിരുന്നു. യേശുവിനെ നന്നായറിയാമായിരുന്ന മറിയം എന്റെ അറിവിനുവേണ്ടി മകനേ, ഒരു വിശദീകരണം നൽകാമോ എന്ന് ചോദിക്കുന്നു. ദൈവത്തിന്റെ വഴികൾ നന്നായറിയുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക... എന്ന പാഠം ഇതിൽ നിന്നും ഞാൻ പഠിക്കുന്നു.[8]

ധ്യാനം കലയായി മാറ്റിയ ജോൺ ആ കലയിൽ അഭിവൃദ്ധിപ്പെടുന്നതിനായി നന്നായി ഒരുങ്ങുകയും അതിനുതകുന്ന യോഗാസനങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു. ധ്യാനസമയം എത്ര ഹ്രസ്വമാണോ അത്രകണ്ട് ദീർഘമായിരിക്കും അതിനു ചെയ്യുന്ന ഒരുക്കം.[9] സ്വതേ ഉറക്കം വരാത്തതരത്തിലുള്ള ഇരിപ്പ് ധ്യാനത്തിനായി സ്വീകരിക്കുക.[10] ധ്യാനാവസരങ്ങളിൽ പ്രതിജ്ഞകളെടുക്കണമെന്നും അവ എഴുതിവക്കണമെന്നും ഇടക്കിടക്കു വായിച്ച് ആത്മീയതയിൽ വളർച്ച പ്രാപിക്കുന്നുണ്ടോ എന്ന് പരിശോധിക്കണമെന്നും അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. സ്വന്തം പോരായ്മകളും അപൂർണതകളും അവ എത്രതന്നെ നിസ്സാരമായാലും എഴുതിവച്ച് തിരുത്തിക്കൊണ്ടിരിക്കണമെന്നും ജോൺ നിഷ്കർഷ വച്ചിരുന്നു. പ്രതിജ്ഞകളെടുക്കേണ്ട വിധം ജോൺ വിവരിക്കുന്നത് ഇപ്രകാരമാണ്: സാധാരണയായി ധ്യാനത്തിന്റെ അഞ്ചാമത്തെയോ, ആറാമത്തെയോ, ഏഴാമത്തെയോ ദിവസം പ്രതിജ്ഞകളെടുക്കുക, ഒരു വർഷത്തേക്ക് രണ്ടോ മൂന്നോ പ്രതിജ്ഞകൾ മാത്രമെടുത്താൽ മതി; അവ പത്തു വർഷങ്ങൾക്കുശേഷം പ്രാവർത്തികമാക്കാനുള്ളവയായിരിക്കരുത്. പ്രത്യുത തൊട്ടടുത്ത വർഷംതന്നെ പ്രാവർത്തികമാക്കണം. പൊതുവായതും പ്രത്യേകമായതുമായ ലക്ഷ്യങ്ങളും അതിനു പ്രേരിപ്പിച്ച കാരണങ്ങളും വ്യക്തമാക്കണം. തലേവർഷത്തെ പ്രതിജ്ഞകൾ പ്രാവർത്തികമാക്കുന്നതിൽ അനുഭവപ്പെട്ട പ്രതിസന്ധികളുടെ വെളിച്ചത്തിൽ ഈ വർഷം നേരിട്ടേക്കാവുന്ന പ്രതിസന്ധികളെ മുൻകൂട്ടിക്കാണുകയും, പ്രതിജ്ഞകൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ മാർഗങ്ങൾ ആരാഞ്ഞ് അനുവാദം വാങ്ങുകയും വേണം. ഇവയെല്ലാം പ്രസിദ്ധീകരണത്തിനായുള്ള പ്രബന്ധരൂപത്തിലെഴുതാതെ, കരടുരൂപം മാത്രം തയ്യാറാക്കുക. ഇവ മറ്റുള്ളവർ വായിക്കുന്നതിനിടയാകരുത്; തങ്ങളെഴുതുന്ന പ്രതിജ്ഞകൾ ആരും മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയുമരുത്.

ധ്യാന സമയത്തും സ്വതന്ത്ര സമയത്തുമെല്ലാം അവ്യക്തമായെടുക്കുന്ന പ്രതിജ്ഞകൾ വ്യക്തമാക്കുകയും അവയ്ക്കു ശരിയായ രൂപം നൽകുകയും വേണം. ഒരു വർഷമെടുത്ത പ്രതിജ്ഞകൾ ആ വർഷംതന്നെ മനസ്സിൽനിന്നും മാഞ്ഞുപോവുകയും അവ പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുമ്പോൾ അവയെ അപ്പാടെ തള്ളിക്കളയരുത്; ഒറ്റപ്പെടുത്തുകയുമരുത്, അവ നിന്നെ ഉപദ്രവിക്കുകയില്ല. ഒരു മാസധ്യാന ദിവസമോ, തൊട്ടടുത്തുവരുന്ന വാർഷികധ്യാനത്തിലോ നീ അവ വീണ്ടും വായിക്കുകയും, നിന്നെത്തന്നെ വിനീതനാക്കുകയും, അടുത്ത വർഷത്തേക്കുവേണ്ടി കൂടുതൽ പ്രായോഗികമായ തീരുമാനങ്ങൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുക.[11]

ഓരോ വാർഷികധ്യാനത്തിന്റേയും ലക്ഷ്യം എന്തായിരിക്കണമെന്ന് അദ്ദേഹത്തിനു വ്യക്തമായ ബോധ്യമുണ്ടായിരുന്നു:

1. വിരൂപമായതിനെ നവീകരിക്കുക.
2. നവീകരിച്ചതിനെ അനുരൂപമാക്കുക.
3. അനുരൂപമാക്കിയതിനെ സ്ഥിരീകരിക്കുക.
4. സ്ഥിരീകരിക്കപ്പെട്ടതിനെ രൂപാന്തരപ്പെടുത്തുക.

**അതിന്**

1. ധ്യാനത്തിൽ പൂർണമായും പ്രവേശിക്കുക.
2. ഒറ്റയ്ക്കായിരിക്കുക.
3. സജീവമായി പുറത്തുവരുക.[12]

ധ്യാനത്തിനുശേഷം ആ അവസ്ഥയിൽ തുടരേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്:


ചൂടുള്ള കാലാവസ്ഥയിൽ നിന്ന് തണുപ്പുള്ള കാലാവസ്ഥയിലേക്ക് പെട്ടെന്നു പോകുമ്പോൾ ചുമപോലെയുള്ള രോഗങ്ങളുണ്ടാകുന്നു. അതുകൊണ്ട് ഈ മാറ്റം സാവധാനത്തിലായിരിക്കണം. അതുപോലെ വാർഷിക ധ്യാനത്തിനുശേഷവും ധ്യാനം തുടരണം. ധ്യാനം കഴിയുന്നതോടുകൂടി എല്ലാം അവസാനിക്കുന്നില്ല; ആരംഭിക്കുന്നതേയുള്ളു. കാരണം യുദ്ധത്തിനായി നാം ഒരുങ്ങുകയാണ്. വിജയിക്കുന്നതുവരെ സമരം ചെയ്യണം. എല്ലാറ്റിനുമുള്ള നിവാരണമാർഗം പരസ്നേഹ പ്രവൃത്തികളാണ്. അതുകൊണ്ട് പരസ്നേഹ പ്രവൃത്തികളിൽ വ്യാപൃതരാകുക. നമ്മുടെ ആഗ്രഹങ്ങൾക്കനുസരിച്ച് സമരത്തിൽ മാറ്റം വരുത്തരുത്. ജോലിക്കാരൻ ഭയന്ന് പിന്മാറുകയാണെങ്കിൽ പ്രതിഫലം ലഭിക്കുകയില്ല.[13]

ധ്യാനത്തിൽ അനുദിനം വളർന്നുകൊണ്ടിരുന്ന ജോൺ സൃഷ്ടികളുടെ ധ്യാനത്തിൽ നിന്നും സ്രഷ്ടാവിലേയ്ക്കുയർന്നു.[14] യേശുവുമായി താദാത്മ്യം പ്രാപിക്കുവാൻ വെമ്പൽകൊണ്ട് അവിടുത്തെ അനുഭവിച്ചറിയുവാൻ മണിക്കൂറുകൾ തന്നെ ചെലവഴിച്ചു. അവൻ തന്റെ ഭാഗം ശരിയായി നിർവഹിച്ചപ്പോൾ അളവില്ലാത്ത ദൈവം, അളവില്ലാത്ത അനുഗ്രഹങ്ങൾ[15] അവനിലേക്കു വർഷിച്ചു. ജോൺ നിർവൃതിയിലാണ്ടു. യേശുവും മാതാവും യൗസേപ്പിതാവുമുള്ള പുൽക്കൂട് ഞാൻ കണ്ടു; മാലാഖമാരുടെ ശബ്ദവും ശ്രവിച്ചു. ആട്ടിടയൻമാരോടുകൂടെ, ഭയത്തോടും സ്നേഹത്തോടും കൂടി ഞാനും അമ്മയെ സമീപിച്ചു. ഓമനശിശുവിനെ എന്റെ കൈകളിൽ വച്ചു തരുവാൻ ഞാൻ അമ്മയോട് യാചിച്ചു. അമ്മ ആ ശിശുവിനെ എന്റെ കൈകളിൽ വച്ചുതന്നപ്പോൾ ഞാൻ യേശുവിനോടൊത്തു കളിക്കുകയും, അവനെ ചുംബിക്കുകയും, ഉൽക്കടമായി സ്നേഹിച്ചുകൊണ്ട് അവന്റെ കാലടികളെ പിന്തുടരുകയും ചെയ്തു.

**1. പരിതഃസ്ഥിതി:** തണുപ്പുകാലത്തെ ശൈത്യമേറിയ മണിക്കൂർ, വീടിനുപുറത്ത് വൃത്തിഹീനമായ സ്ഥലം; സേവകരാരുമില്ല; അത്യാവശ്യവസ്തുക്കളുടെ അഭാവം-തികച്ചും ദരിദ്രമായ അവസ്ഥ. എന്നാൽ ഈ ലോകം സുഖസൗകര്യങ്ങളും ബഹുമാനാദരവും അന്വേഷിക്കുന്നു. എല്ലാറ്റിന്റേയും സമൃദ്ധി! ലോകത്തിന്റെ ചെയ്തികൾക്ക് തികച്ചും വിരുദ്ധമായി യേശു പ്രവർത്തിക്കുന്നു!! ഇതിൽ ഏതാണ് ശരിയായിട്ടുള്ളത്? തെറ്റുവരുവാൻ സാധ്യമല്ലാത്തതും, ചതിക്കുവാനോ, ചതിക്കപ്പെടുവാനോ കഴിയാത്തതുമായ അനന്തവിജ്ഞാനം ഇപ്രകാരമാണ് പ്രവർത്തിച്ചതെങ്കിൽ, ലോകത്തിൻറ ചെയ്തികൾ തെറ്റാണ്. എന്റെ ആത്മാവേ, നീ വിഡ്ഢിയാണ്! ഇപ്പോഴെങ്കിലും വിജ്ഞാനത്തിനായി ദാഹിക്കുക.

**2. യേശുവിന്റെ പ്രവൃത്തികൾ:** തണുപ്പ് സഹിക്കുന്നു... തന്റെ സ്വന്തം ജനംപോലും യേശുവിനെ സ്വീകരിച്ചില്ല; മനുഷ്യരിൽ നിന്ന് കൃതഘ്നതയാണ് അവിടുത്തേക്കു ലഭിക്കുന്നത്. ലോകത്തിന്റെ മുഴുവൻ പാപം കണ്ടുകൊണ്ട് അവിടുന്ന് വിലപിക്കുകയും പിതാവിനോട് പ്രാർഥിക്കുകയും ചെയ്യുന്നു. യേശുവിന് യാതൊന്നും മനസ്സിലാകുന്നില്ലെന്ന് എന്റെ ആത്മാവേ, നീ ചിന്തിക്കരുത്, അവനോടൊപ്പം നീയും വിലപിക്കുക; നിന്നെ പ്രതിയാണ് അവിടുന്ന് കരയുന്നത്! നിന്റെ ഹൃദയകാഠിന്യമോർത്ത് പശ്ചാത്താപവിവശനായി നീ വിലപിക്കുക. അമ്മേ, എന്നെ സഹായിക്കണമെ. ശിശുവായ യേശുവേ, അങ്ങയുടെ നിഷ്കളങ്കതയും, വിനയം, ഉപവി, മൗനം

എന്നിവയും എന്നെ പഠിപ്പിക്കണമെ.[16]



ധ്യാനകലയിൽ തന്റെ സതീർഥ്യരെ അതിശയിപ്പിക്കത്തക്ക രീതിയിൽ അദ്ദേഹം പ്രാവീണ്യം നേടി. ദിവ്യനാഥന്റെ സാന്നിധ്യത്തെ പ്രഖ്യാപിച്ചുകൊണ്ട് മിന്നിത്തിളങ്ങുന്ന കെടാവിളക്ക്. ആ മങ്ങിയ വെളിച്ചത്തിൽ സക്രാരിയുടെ മുമ്പിൽ ജോൺ മുട്ടുകുത്തി നിൽക്കുന്നു. അദ്ദേഹത്തിന്റെ ശാന്തസുന്ദരമായ കണ്ണുകൾ സക്രാരിയെ ലക്ഷ്യമാക്കി നിലകൊള്ളുന്നു. മുകളിതപാണികൾ നെഞ്ചോടടുപ്പിച്ചു പിടിച്ചിരിക്കുന്നു. ദിവ്യനാഥന്റെ സജീവ സാന്നിധ്യത്തിലുള്ള വിശ്വാസത്താൽ പ്രകാശിതങ്ങളാണ് ആ മുഖവും കണ്ണുകളും. ചുണ്ടുകൾ ചലിക്കുന്നില്ല. എങ്കിലും ദിവ്യനാഥനുമായുള്ള സ്വൈരസല്ലാപം നടക്കുകയാണവിടെ. മനുഷ്യപ്രീതിയുടേയും, ധനമോഹങ്ങളുടേയും, ശാരീരികാഭിലാഷങ്ങളുടേയും ചെളിയിൽക്കിടന്നുരുളുമ്പോൾ, അതിവിശിഷ്ടമായ പരിമളം എന്നെ വന്നു പുണരുന്നു! വിജയശ്രീലാളിതയായി സ്വഗൃഹത്തിലേക്കു മറിയം പോകുമ്പോൾ അന്തരീക്ഷം മുഴുവനും അവളുടെ പരിമളംകൊണ്ടു നിറഞ്ഞു! മാലാഖവൃന്ദത്തിന്റെ ശ്രുതിമധുരമായ ഈരടികൾ എന്റെ കർണപുടങ്ങളിൽ പതിഞ്ഞു. ജറുസലേമിനു മഹത്വം... മാലാഖവൃന്ദം പാടി. രാജാവിനു പ്രിയങ്കരിയായവൾ അങ്ങനെ പ്രകീർത്തിക്കപ്പെടും. ഘോഷയാത്ര സ്വർഗത്തിലെത്തിയപ്പോൾ ആ നിതാന്ത നിശബ്ദതയിൽ മറിയം തന്റെ സ്തോത്രഗീതം–മാഗ്നിഫിക്കാത്ത്– ശ്രുതി മധുരമായി പാടി. പെട്ടെന്ന് മാലാഖവൃന്ദവും വിശുദ്ധഗണവും അതേറ്റുപാടി. അങ്ങനെ സ്വർഗീയ ജറുസലെം സ്തോത്ര ഗീതങ്ങളാൽ മുഖരിതമായി. എന്റെ ആത്മാവേ, ഇതെല്ലാം നിന്റെ അമ്മയുടെ ബഹുമാനത്തിനുവേണ്ടിയാണ്. അമ്മേ, അങ്ങയോടൊപ്പം ഞാനും സന്തോഷിക്കുകയും അങ്ങയെ സ്നേഹിക്കുകയും ചെയ്യുന്നു. എന്റെ ജീവനേക്കാൾ അങ്ങ് എനിക്കു പ്രിയപ്പെട്ടവളാണ്.[17]

ഘടികാരം അതിന്റെ ജോലി തുടർന്നു. ജോൺ അതറിഞ്ഞില്ല! കണ്ണഞ്ചിപ്പിക്കുന്ന കാഴ്ച! നയനാനന്ദകരമായ ഘോഷയാത്ര! മഹത്വ

പൂർണമായ രംഗങ്ങൾ! ശോഭായമാനമായ മേഘങ്ങൾ! കണ്ണിന് കൗതുകം നൽകുന്ന തേജസ്സ്! മിന്നിത്തിളങ്ങുന്ന മാലാഖവൃന്ദം! കുഞ്ഞാടിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട വിശുദ്ധഗണം വശ്യശോഭയിൽ! അവരുടെ രാജ്ഞിയുടെ ശോഭ വർണനാതീതം തന്നെ! അവളുടെ വസ്ത്രങ്ങൾ മഞ്ഞുപോലെ വെണ്മയുള്ളതായിരുന്നു! ജറുസലേമിന്റെ മഹത്വം! തെരഞ്ഞെടുക്കപ്പെട്ടവരുടെ ആനന്ദം! സ്നേഹം നിറഞ്ഞ എന്റെ അമ്മ! വീണ്ടും ഞാൻ ആഹ്ലാദിക്കുന്നു; ഞാനങ്ങയെ സ്നേഹിക്കുന്നു. എന്നെ അങ്ങിലേക്ക് വലിച്ചടുപ്പിച്ച് മടിയിലിരുത്തി സ്നേഹത്തോടെ ആലിംഗനം ചെയ്യുക.[18]

വൈദികനായതിനുശേഷം അനുദിനവും മുടങ്ങാതെ ഒരു മണിക്കൂർ അദ്ദേഹം ധ്യാനിച്ചിരുന്നു. ധ്യാനസമയം മുഴുവനും അദ്ദേഹം മുട്ടുകുത്തി നില്ക്കുമായിരുന്നു. തനിക്കു ലഭിച്ച ദിവ്യപ്രകാശം മറ്റുള്ളവർക്കുകൂടി പകർന്നുകൊടുക്കുക അഥവാ ധ്യാനയോഗത്തിലേക്ക് മറ്റുള്ളവരെ നയിക്കുക എന്ന വിശിഷ്ടമാർഗമുപയോഗിച്ച് അനേകരെ അദ്ദേഹം ദിവ്യനാഥന്റെ സന്നിധിയിലേയ്ക്കാനയിച്ചു. അദ്ദേഹത്തിന്റെ ആധ്യാത്മിക ഡയറിക്കുറിപ്പുകൾ ധ്യാനങ്ങളുടെ ഒരു സമാഹാരമാണ്. അതിന് അദ്ദേഹം നൽകിയ പേര് Lights from heaven എന്നാണ്. ഉന്നതങ്ങളിൽ നിന്നും തനിക്കു ലഭിച്ച ആ പ്രകാശകിരണങ്ങൾ അനേകരെ പ്രകാശിപ്പിക്കുമെന്ന് ആ പാവനാത്മാവ് ചിന്തിച്ചിരിക്കുമോ...?

ഉപവി സന്യാസിനി സമൂഹത്തിന്റെ സ്ഥാപനത്തിനായി പെൺകുട്ടികളെ പരിശീലിപ്പിക്കുന്ന അവസരത്തിലും ഈ സമൂഹത്തിന്റെ ആരംഭകാലത്തും എല്ലാ ദിവസവും രാവിലെ ധ്യാനിക്കണമെന്ന് ഊക്കനച്ചൻ നിർദ്ദേശിച്ചിരുന്നു. ആഴത്തിൽ ധ്യാനിക്കാൻ സാധിക്കുന്ന വിധത്തിലാണ് അദ്ദേഹം ധ്യാനവിഷയം പറഞ്ഞുകൊടുത്തിരുന്നത്. സ്വയം ധ്യാനിക്കുന്നതു തന്നെയാണ് പറയുന്നതെന്ന് ധ്യാനത്തിന്റെ ആത്മാർഥതയിൽ നിന്നും ഗ്രഹിക്കുവാൻ കഴിയും. അനുദിനം ധ്യാനിക്കണമെന്നും ധ്യാനക്കുറിപ്പ് എഴുതണമെന്നും അദ്ദേഹം തന്റെ മക്കളോട് നിർദ്ദേശിച്ചിരുന്നു.

ഓരോ മാസത്തേയ്ക്കുമുള്ള ധ്യാനം സ്വയം തയ്യാറാക്കണമെന്നും മാസധ്യാനത്തിനുള്ള കർമപരിപാടി ഉണ്ടായിരിക്കണമെന്നും ആ വത്സലതാതൻ തന്റെ മക്കളെ ഉപദേശിച്ചു. ഉപവി സന്യാസിനി സമൂഹത്തിന്റെ ഉപയോഗത്തിനായി ഒരുമാസത്തേക്കുള്ള ധ്യാനവും മാസധ്യാനത്തിന്റെ കർമപരിപാടിയും അദ്ദേഹം എഴുതി വച്ചിട്ടുണ്ട്. ഇത് വിശുദ്ധഗ്രന്ഥത്തെ ആസ്പദമാക്കിയുള്ളതാണ്. ധ്യാനാത്മക

ജീവിതവും പ്രവർത്തനാത്മക ജീവിതവും ഒന്നിപ്പിച്ചു കൊണ്ടു പോകണമെന്നും[19] ബാഹ്യപ്രവർത്തനങ്ങൾ ധ്യാനാത്മക ജീവിതത്തിന്റെ പരിണിത ഫലമായിരിക്കണമെന്നും[20] ആ വത്സലതാതൻ ഉപവിപുത്രിമാരെ പഠിപ്പിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനവും ഇതുതന്നെയാണല്ലോ. സന്യാസികൾ എല്ലാറ്റിലും ഉപരിയായി ദൈവത്തെ തേടിക്കൊണ്ട് ധ്യാനാത്മകതയും പ്രേഷിത ചൈതന്യവും സംയോജിപ്പിക്കണം. ധ്യാനാത്മകത ഹൃദയത്തിലും മനസ്സിലും ദൈവത്തോടു ചേർന്നു ജീവിക്കുവാൻ അവരെ കഴിവുറ്റവരാക്കുന്നു. പ്രേഷിതചൈതന്യം രക്ഷാകർമത്തിൽ പങ്കുചേരാനും ദൈവരാജ്യം വിസ്തൃതമാക്കാനും അവരെ സഹായിക്കുന്നു.[21]

തന്റെ ഹൃദയത്തിന്റെ ഉടമസ്ഥാവകാശം യേശുവിന് വിട്ടുകൊടുത്തുകൊണ്ട്[22] ദിവ്യകാരുണ്യ ഈശോയുടെ വ്യക്തിപരമായ സ്നേഹത്തിൽ വളർന്നപ്പോൾ ആ ഭാഗ്യപ്പെട്ട ജീവിതം മുഴുവനും ധ്യാനമായിത്തീർന്നു. ധ്യാനം തൈലധാര പോലെ നിലയ്ക്കാത്തതാണെന്ന് സ്വന്തം ജീവിതത്തിലൂടെ അദ്ദേഹം പഠിപ്പിച്ചു.



Kneeler & Chair of Fr Ukken

## അടിക്കുറിപ്പുകൾ


1. Lights from heaven., December, 1903.
2. Confrences., 1946.
3. Ibid., 1946.
4. II Vat. Council., Lumen Gentium, 63.
5. Lights from heaven., December, 1904.
6. Confrences., 1946.
7. Ibid., 1946.
8. Lights from heaven., December, 1904, pp. 300, 301.
9. Confrences., 1946.
10. Ibid., 1946.
11. Lights from heaven., December, 1904, p. 299.
12. Ibid., 1905, p. 319.
13. Ibid., December, 1903.
14. Confrences., 1946.
15. Confrences., 1946.
16. Lights from heaven., December 25, 1903.
17. Ibid., August 15, 1904.
18. Ibid., August 15, 1904.
19. Ibid., May 8, 1903.
20. Confrences., 1946.
21. II Vat. Council., Perfectae Caritatis, 5.
22. Lights from heaven., August 25, 1904.




## ദൈവസാന്നിധ്യസ്മരണ

നാം ഓരോരുത്തരും ദൈവസന്നിധിയിലാണെന്ന സത്യത്തെപ്പറ്റിയുള്ള അവബോധമാണ് പ്രാർഥനയുടെ അടിസ്ഥാനം. ഓരോ മനുഷ്യനും അസ്തിത്വമുണ്ടെന്ന കാരണത്താൽത്തന്നെ ദൈവസന്നിധിയിലാണ്. നാം വായു ശ്വസിക്കുന്നതുപോലെ ദൈവസാന്നിധ്യം അനുഭവിക്കണം. എന്റെ അസ്തിത്വത്തിന്റെ ലക്ഷ്യം ദൈവത്തെ അറിയുകയും സ്നേഹിക്കുകയുമാണ്.[1] സദാ ഉണർന്നിരുന്നു പ്രാർഥിക്കുവാൻ (ലൂക്ക 22:46) മിശിഹാ നമ്മോടാവശ്യപ്പെട്ടപ്പോൾ ദൈവസാന്നിധ്യബോധം നമ്മിൽ എപ്പോഴും നിലനിർത്തണമെന്നാണ് അവിടുന്ന് ആഗ്രഹിച്ചത്. ദൈവസാന്നിധ്യസ്മരണ അനുനിമിഷം നമ്മിൽ സംജാതമാകുമ്പോൾ അത് നിരന്തരമായ പ്രാർഥനയായി മാറും. നമ്മുടെ ഓരോ ഹൃദയമിടിപ്പും ഓരോ ശ്വാസോച്ഛ്വാസവും ദൈവസന്നിധിയിലേയ്ക്കുള്ള ഹൃദയത്തിന്റെ ഉദ്ഗമനമാകും.

നിരന്തരമായ ദൈവസാന്നിധ്യസ്മരണയുടെ സുഗന്ധ ധൂപാർപ്പണമായിരുന്നു ജോണിന്റെ ജീവിതം. സദാ ദൈവത്തോടു യോജിച്ച് ദൈവത്തിൽ ജീവിക്കുവാൻ[2] ഉതകുന്ന പരിശീലനമായിരുന്നു ജോണിന്റെ ഗുരുഭൂതർ നൽകിയത്. അനുദിന കൃത്യങ്ങൾക്കിടയിൽ ദൈവസാന്നിധ്യബോധം നിലനിർത്താൻ നിരവധി മാർഗങ്ങൾ അദ്ദേഹം ഈ കാലയളവിൽ അഭ്യസിച്ചു. കോഴി വെള്ളം കുടിച്ചിട്ട് മുകളിലേക്കു നോക്കുന്നതുപോലെ, ബാഹ്യജോലികളുടെ ഇടക്ക് ഹൃദയം സ്വർഗത്തിലേയ്ക്കുയർത്തി ജോൺ ദൈവസാന്നിധ്യസ്മരണ നിലനിർത്തുന്നത് എല്ലാവർക്കും ദൃശ്യമായിരുന്നു. അങ്ങിൽനിന്ന് അകന്നിരിക്കുവാൻ ദൈവമേ, ഒരിക്കലും എന്നെ അനുവദിക്കരുതേ[3] എന്ന് ദിവസത്തിൽ പലവട്ടം അദ്ദേഹം ആവർത്തിക്കുമായിരുന്നു. അദ്ദേഹത്തിന്റെ പ്രിയങ്കരമായ സ്നേഹപ്രകരണവും ഇതുതന്നെയായിരുന്നു. അനുദിന പ്രാർഥനകൾ, ജോലികൾ, ത്യാഗങ്ങൾ ഇവക്കെല്ലാം വിവിധങ്ങളായ നിയോഗങ്ങൾവച്ച് തീക്ഷ്ണത നിലനിർത്തുന്നതിനും കുചേലകുബേരഭേദമെന്യേ എല്ലാവരുടേയും ആവശ്യങ്ങൾക്കായി പ്രാർഥിക്കുവാനും സെമിനാരിയിലെ പരിശീലനം അദ്ദേഹത്തെ പഠിപ്പിച്ചു. ഒരു ദിവസം എത്ര സുകൃതജപം ചൊല്ലാം, എത്ര ത്യാഗങ്ങൾ ചെയ്യാം, എത്ര പരസ്നേഹപ്രവർത്തനങ്ങൾ ചെയ്യാം എന്നുള്ളതിനെപ്പറ്റി നേരത്തെ ഒരു സംഖ്യ നിശ്ചയിച്ച് അത് നിറവേറ്റുവാനുള്ള ശ്രമം അലസതയെ ജയിക്കുവാനുള്ള ഒരു വലിയ മാർഗമായി അദ്ദേഹം കണ്ടെത്തി. മനസ്സറിഞ്ഞുകൊണ്ട് ഒരു മിനിറ്റുപോലും കളയാതെ പുണ്യയോഗ്യത

സമ്പാദിക്കുവാനുള്ള സമയം പ്രയോജനകരമായ വിധം അദ്ദേഹം ചെലവഴിച്ചു.[4] ഓരോ മിനിറ്റും നന്നായി വിനിയോഗിക്കണമെന്ന്[5] അദ്ദേഹത്തിന് നിഷ്ഠയുണ്ടായിരുന്നു. അങ്ങനെ വിവിധ മാർഗങ്ങളുപ യോഗിച്ച് ദൈവത്തോട് ഐക്യം പുലർത്തിയിരുന്ന ആ ധന്യാത്മാവിന്റെ ഓരോ ശ്വാസോച്ഛ്വാസംപോലും ദൈവമഹത്വത്തിനുവേണ്ടിയുള്ളതാ യിരുന്നു. അതുകൊണ്ട് എല്ലായ്പോഴും യേശുവിനോടു സംയോ ജിച്ച്, ഹൃദയം ലോകവസ്തുക്കളിൽ നിന്നും ആധ്യാത്മികതയിലേ യ്ക്കുയർത്തി, പ്രാർഥനാചൈതന്യത്തിൽ ജീവിക്കുന്നത് എത്രനല്ല താണ്[6] എന്ന് പരിശീലന കാലഘട്ടത്തിൽത്തന്നെ അദ്ദേഹത്തിനു പറയുവാൻ കഴിഞ്ഞു. താൻ അനുഭവിച്ചറിഞ്ഞത്, പരിശീലിച്ചു തഴ ങ്ങിയത് സ്വജീവിതത്തിലൂടെ ജോൺ ഉറക്കെ പ്രഘോഷിച്ചു. അങ്ങനെ ഒരു തീർഥയാത്രക്കാരനെപ്പോലെ ആയിരിക്കുവാനും സ്വർഗമാണ് തന്റെ വീടെന്നും ഈ ലോകം വിദേശം മാത്രമാണെന്നും കരുതി, ലോകത്തിൽ കാണുന്ന സുഖസന്തോഷങ്ങളെ അവഗണിച്ച് വേഗത്തിൽ സ്വദേശമായ സ്വർഗത്തിൽ ചെന്നെത്തണമെന്നു കരുതി ജോൺ അതി വേഗത്തിൽ നടന്നു.[7] അതെ, ഈ നീണ്ട കാലയളവിൽ (1898–1907) പ്രാർഥനയുടെ മനുഷ്യൻ വളർച്ചപ്രാപിച്ചു കൊണ്ടിരിക്കുകയായി രുന്നു. പകലിന്റെ വ്യഗ്രതകൾക്കുശേഷം നിശയുടെ നിശബ്ദയാമ ങ്ങളിൽ പിതാവുമായി സ്നേഹസംഭാഷണത്തിലേർപ്പെട്ട യേശു വിനെയാണ് തന്റെ മാതൃകയായി ജോൺ സ്വീകരിച്ചത്. എന്റെ ഗുരുവും രക്ഷകനും മാതൃകയുമായ യേശുവിനെ ഞാൻ അടുത്ത നുഗമിക്കും.[8] തന്നെ ആബാ പിതാവേ എന്നു വിളിക്കുവാനനുവദിച്ച (റോമ 6:16), തനിക്ക് അസ്തിത്വം നൽകിയ ദൈവത്തിന് മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണല്ലൊ പ്രാർഥന. ആത്മാവിന്റെ ജീവനും ഇതുതന്നെയാണ് (1 കൊറി.13:12). വിശ്വാസത്തിലൂടെ യാത്ര ചെയ് തിട്ടാണ് ദൈവത്തിലേയ്ക്കെത്തുവാൻ കഴിയുക എന്നും ദൈവത്തെ കാണാമെന്നുള്ള പ്രത്യാശയിലാണ് ഈ അന്വേഷണം നടത്തേണ്ടത് (1 കൊറി. 13:12; 1 യോഹ.3:2) എന്നും ജോൺ പഠിച്ചറിഞ്ഞു. അതു കൊണ്ടുതന്നെ വികാരനിർഭരമായ ഒരന്വേഷണം അദ്ദേഹം നടത്തി. നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു; ജീവിക്കുന്ന ദൈവത്തിനുവേണ്ടിത്തന്നെ (സങ്കീ. 42:1–2). താൻ അന്വേ ഷിച്ചറിഞ്ഞ തന്റെ പിതാവിനെപ്പോലെയാകുവാൻ ആ കരുണാർദ്ര ഹൃദയൻ അഭിലഷിച്ചു. ഞാൻ ജീവിക്കുന്നെങ്കിൽ അങ്ങയെപ്പോലെ യാകുവാൻ, അങ്ങയോടുകൂടി ആയിരിക്കുവാൻ ആഗ്രഹിക്കുന്നു.[9]

പ്രാർഥനക്കു രണ്ടു വശങ്ങളുണ്ടെന്ന് ഈ കാലഘട്ടത്തിൽ ജോൺ മനസ്സിലാക്കി, ലംബതലവും തിരശ്ചീനതലവും. ലംബതലം ദൈവത്തിലേയ്ക്കു തിരിഞ്ഞിരിക്കുന്നു. ദൈവത്തിന് ആരാധന, സ്തുതി, നന്ദി എന്നിവയുടെ പ്രകരണങ്ങളർപ്പിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. എന്റെ നാവിന്റെ കെട്ടഴിക്കുക, ഞാൻ അങ്ങയുടെയും അമ്മയുടെയും സ്തുതികൾ ആലപിക്കട്ടെ.[10] തിരശ്ചീനതലം മനുഷ്യരിലേക്കു തിരിഞ്ഞിരിക്കുന്നു. യുദ്ധം, ദാരിദ്ര്യം, അനീതി, അക്രമം, അടിമത്തം... എന്നിവക്കെല്ലാം വേണ്ടി പ്രാർഥിക്കുവാനും പ്രവർത്തിക്കുവാനും മനുഷ്യനെ അത് നിർബന്ധിക്കുന്നു. ഈ രണ്ടു തലങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മോശയുടെ മാതൃക (പുറ.32:7-14) ഇതിന് അദ്ദേഹത്തിനു ശക്തി പകർന്നുകൊടുത്തു. ഈ രണ്ടു വശങ്ങളും ഒത്തിണങ്ങിയ ജീവിതത്തിന്റെ ഉടമയാണ് ഊക്കനച്ചൻ എന്ന് വൈദികനായതിനുശേഷമുള്ള അദ്ദേഹത്തിന്റെ ജീവിതം തെളിയിച്ചു. അദ്ദേഹം ദൈവത്തെ സ്നേഹിച്ചു നിർവൃതിയടയാൻ വെമ്പൽകൊണ്ട ഒരു വീരാത്മാവായിരുന്നു. ജീവിതം മുഴുവൻ ബുദ്ധിമുട്ടി ക്രമപ്പെടുത്തി അഭ്യസിച്ച ആ പ്രാർഥനാജീവിതം വീരോചിതമായ ഒന്നായിരുന്നു. അത് പരസ്നേഹപ്രവർത്തനങ്ങൾക്ക് ഒരിക്കലും വിഘാതമായിരുന്നില്ല. പ്രാർഥനാജീവിതത്തിന്റെ ആഴം വർധിച്ചുവന്നതോടുകൂടി പരസ്നേഹപ്രവർത്തനങ്ങളുടെ തിളക്കവും മേന്മയും വർധിച്ചുവന്നു. സതീർഥ്യർക്ക് അദ്ദേഹം യഥാർഥ സഹോദരനായിരുന്നു. പ്രാർഥനയും പരസ്നേഹപ്രവർത്തനങ്ങളും പരസ്പരം പൂരകങ്ങളാക്കുവാൻ കഴിഞ്ഞു എന്നതാണ് സത്യത്തിൽ അദ്ദേഹത്തെ പ്രാർഥനയുടെ മനുഷ്യനാക്കിത്തീർത്തത്.

ആധ്യാത്മികശിക്ഷണത്തിൽ ഉറച്ച അടിത്തറ പാകാനും തന്റെ ശ്രേഷ്ഠമായ വൈദികവിളിയെ പക്വതയാർന്ന വിചിന്തനത്തോടെ സമാശ്ലേഷിക്കാനും ആത്മീയ രൂപവൽക്കരണത്തിലൂടെ ജീവിതം സുദൃഢമാക്കാനും ഈ കാലഘട്ടം ജോണിനെ സഹായിച്ചു. അങ്ങനെ ക്രിസ്തുവിന്റെ ഭാവി വൈദികൻ പരിശീലനമാകുന്ന മൂശയിൽക്കിടന്ന് മറ്റൊരു ക്രിസ്തുവായി രൂപം പ്രാപിച്ചുകൊണ്ടിരുന്നു. ക്രിസ്തുവിനെപ്പോലെയാകുകയാണ് എന്റെ ഒരേയൊരു പ്രതിജ്ഞ[11] എന്നു പ്രഘോഷിച്ച അദ്ദേഹം ക്രിസ്തുവിന്റെ വ്യക്തിത്വം സ്വായത്തമാക്കാൻ യത്നിച്ചു. എല്ലായിടത്തും എപ്പോഴും എന്റെ നായകനും മാതൃകയുമായ യേശു പ്രവർത്തിച്ചാലെന്നപോലെ ഞാനും പ്രവർത്തിക്കും[12] എന്നു പ്രതിജ്ഞയെടുത്ത ജോൺ മനുഷ്യവ്യക്തിയായ ക്രിസ്തുവിൽ

വിളങ്ങി പ്രശോഭിച്ചിരുന്ന സ്വഭാവ സവിശേഷതകൾ തന്നിലേക്ക് ഒപ്പിയെടുക്കുവാൻ വെമ്പൽകൊണ്ടു. ഇക്കാലയളവിൽ ആത്മീയ വളർച്ചക്കു സമാനമായ സവിശേഷ വ്യക്തിത്വവും ജോണിൽ പരിപുഷ്ടമായിക്കൊണ്ടിരുന്നു. അവൻ പ്രായത്തിലും അറിവിലും വിവേകത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വളർന്നുവന്നു (ലൂക്ക 2:52) എന്ന് ക്രിസ്തുവിനെപ്പറ്റി പറഞ്ഞത് ജോണിലും അന്വർഥമായി. വളർച്ചയ്ക്കനുകൂലമായ പരിത:സ്ഥിതിയും വളവും ജലവും ആ ആധ്യാത്മിക വിദ്യാക്ഷേത്രത്തിൽ സുലഭമായി ലഭിച്ചു. അതോടെ ജോണിന്റെ വ്യക്തിത്വം യഥാർഥ രൂപം പ്രാപിച്ചു. അവശരുടെയും ആലംബഹീനരുടെയും ആവശ്യക്കാരുടെയും പിതാവായി മാറിയ ജോണിന്റെ വ്യക്തിത്വ വളർച്ച ആത്മീയതയിൽ വേരൂന്നി തഴച്ചതായിരുന്നു.

ദൈവം വിളിച്ചു
ജോൺ വിളി ശ്രവിച്ചു
ദൈവം പോഷണം നൽകി
ജോൺ വളർന്നു ഫലങ്ങൾ നൽകി!!!

---

**അടിക്കുറിപ്പുകൾ**

1. Lights from heaven., June 20, 1903.
2. Ibid., December, 1903.
3. Ibid., 1903.
4. Confrences., 1946.
5. Lights from heaven., August 20, 1923.
6. Ibid., December 11-20, 1903.
7. Confrences, 1946.
8. Lights from heaven., December 14, 1932.
9. Ibid., September 23, 1903.
10. Ibid., 1902, p. 5.
11. Ibid., June 20, 1904.
12. Ibid., December 11, 1903.

# 7

# ദൈവിക പുണ്യങ്ങളുടെ അഭ്യസനം

ദൈവിക പുണ്യങ്ങൾ അഭ്യസിക്കുന്നതിൽ ജോൺ ഊക്കന് മാതൃകയായി നിലകൊള്ളുന്നത് പരിശുദ്ധ അമ്മയാണ്. അദ്ദേഹം ഈ പുണ്യങ്ങൾ വീരോചിതമായി ജീവിച്ചിരുന്നു എന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

## വിശ്വാസത്തിന്റെ ഉടമ

ദൈവികമായതിലുള്ള മാനുഷികമായ ശരണവും ആശ്രയത്വവുമാണ് വിശ്വാസം (ഹെബ്രാ. 11:1). ഇത് ഒരു ദൈവികദാനമാണ്. മിശിഹായുടെ വിശ്വാസമനോഭാവവും മിശിഹായിലുള്ള വിശ്വാസവുമാണ് ക്രൈസ്തവ വിശ്വാസം. വിശ്വാസത്തിന്റെ അവിശ്വസനീയമായ ശക്തി മലകളെ മാറ്റാൻ കഴിയുന്ന കടുകുരൂപത്തിലുള്ള വിശ്വാസത്തെക്കുറിച്ചുള്ള പ്രബോധനത്തിൽ കാണാം (മത്താ.17:20; മർക്കോ.11:23). നിസ്സാരതോതിലുള്ള വിശ്വാസം അവിശ്വസനീയമായ ഫലം പുറപ്പെടുത്തുന്നത് വിശ്വാസത്തിന്റെ അതിസ്വാഭാവിക ശക്തിയെ സൂചിപ്പിക്കുന്നു. വിശ്വാസം, മനുഷ്യനിൽ ദൈവം പ്രവർത്തിക്കുന്നതിന് എപ്പോഴും വാതിൽ തുറന്നിടുന്നു. ദൈവം സർവശക്തനാണെന്ന വിശ്വാസമാണ് അസാധ്യമായവയ്ക്കുവേണ്ടി മിശിഹായെ സമീപിക്കുന്നതിനു ജനങ്ങളെ പ്രേരിപ്പിച്ചത്. വിശ്വസിക്കുന്നവന് എല്ലാം

സാധിക്കുമെന്നതാണ് മിശിഹായുടെ ഉറപ്പ് (മർക്കോ.9:21). വിശ്വസിക്കുന്നതുപോലെ സംഭവിക്കട്ടെയെന്ന പ്രത്യുത്തരമാണ് മിശിഹായുടേത്. വിശ്വാസത്തിന് മനുഷ്യന്റെ ഭാഗധേയം നിർണയിക്കാനുള്ള ശക്തിയുണ്ട് (മത്താ.15:28). വിശ്വസിക്കുകയെന്നാൽ സന്നദ്ധത കാണിക്കുകയെന്നാണ് അർഥമാക്കുക. വിശ്വാസംവഴി മനുഷ്യൻ ദൈവേഷ്ടത്തിനു സ്വയം സമർപ്പിക്കുന്നു. മിശിഹായെ അനുകരിക്കുന്നതിലാണ് വിശ്വാസം പൂർണമാകുക. കാരണം അവിടുന്നാണ് വിശ്വാസത്തിന്റെ അതിനാഥനും നമ്മുടെ വിശ്വാസത്തെ പൂർത്തീകരിക്കുന്നവനും (ഹെബ്രാ.12:2-3).

കരുണയുള്ള തന്റെ പിതാവിന്റെ മുഖം കാണുവാനുള്ള അന്വേഷണമായിരുന്നു ഊക്കനച്ചന്റെ ജീവിതം. സ്വയം മറന്ന് ദൈവത്തെ കേന്ദ്രീകരിച്ചു ജീവിക്കുന്നവർക്കേ ഇത് സാധ്യമാകൂ. ആത്മീയ ജീവിതയാത്രയിൽ നമുക്ക് അവശ്യം ഉണ്ടായിരിക്കേണ്ട പുണ്യമാണ് വിശ്വാസം. ശതാധിപന്റെ വിശ്വാസത്തെ യേശു ശ്ലാഘിച്ചു സംസാരിക്കുന്നുണ്ട് (ലൂക്ക 7:6-7). അതുപോലെയുള്ള വിശ്വാസം നൽകി തന്റെ ആത്മാവിനെയും ജീവിപ്പിക്കണമെയെന്ന് ജോൺ പ്രാർഥിക്കുന്നു: ശതാധിപനു വിശ്വാസമുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം യേശുവിനെ അന്വേഷിച്ചു. യേശു വ്യക്തമായി നിരസിച്ചിട്ടും കൂടുതൽ ആത്മാർഥതയോടുകൂടി അദ്ദേഹം യേശുവിനെ നിർബന്ധിച്ചു. യഥാർഥ വിശ്വാസം എനിക്കുണ്ടോ? അപ്പോൾ നിന്റെ മകൻ ജീവിക്കും എന്നു കേൾക്കത്തക്കവിധത്തിൽ അദ്ദേഹം അനുഗൃഹീതനായി. യേശുവേ, എന്റെ ആത്മാവിനോടും ഇതുതന്നെ പറയണമെ.[1]

ദൈവത്തിന്റെ കരുണയിലും സ്നേഹത്തിലും ആശ്രയിക്കുക എന്നതാണ് വിശ്വാസത്തിന്റെ സ്വഭാവം. നമ്മുടെ ബലഹീനതയെപ്പറ്റി പരാതിപറയുന്ന നാം വിശ്വാസ ചൈതന്യത്തെ അവഗണിക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൽ വിശ്വസിക്കാതിരിക്കുക വലിയ തിന്മയാണ്. പാപഭാരത്താൽ തളരുമ്പോൾ യേശുവിന്റെ പാദാന്തികത്തിലിരുന്ന് അവിടുത്തെ കരുണയ്ക്കായി യാചിക്കുകയും പാപം ഏറ്റുപറഞ്ഞ് എളിമയോടെ ക്ഷമ യാചിക്കുകയും ചെയ്യുന്നവനാണ് യഥാർഥ വിശ്വാസി. ഇത് ജോണിന്റെ ജീവിതത്തിൽ അന്വർഥമാകുന്നതായി നമുക്കു കാണാം: ഞാൻ വാസ്തവത്തിൽ ഒരു കഠോര പാപിയാണ്; ദൈവത്തിനും ദൈവത്തിന്റെ പവിത്രമായ നിയമങ്ങൾക്കുമെതിരായി എണ്ണമറ്റതും ഭയങ്കരവുമായ അതിക്രമങ്ങൾ ചെയ്തതിനാൽ എന്റെ മനഃസാക്ഷി എന്നെ ശകാരിക്കുന്നു. എന്റെ ആത്മാവ് ജീർണിച്ച ഒരു

വീടു പോലെയാണ് (വി. അഗസ്റ്റിൻ). മായാജാലങ്ങളാൽ ഞാൻ വഞ്ചിതനായി. അമ്മേ, പാപികളുടെ സങ്കേതമേ, ഞാനെന്താണ് ചെയ്യേണ്ടത്? വിശ്വസിക്കുക! പാപം വർധിച്ചിടത്ത് കൃപ അതിലേറെ വർധിച്ചു. മനുഷ്യന് ദൈവത്തിനെതിരായി ചെയ്യാവുന്ന ഏറ്റവും വലിയ ദ്രോഹവും അനീതിയുമാണ് നിരാശ. കാരണം അത് ദൈവത്തിന്റെ മഹോന്നത ഗുണത്തെ കവർന്നെടുക്കുന്നു. മനുഷ്യൻ തന്നോടുത ന്നെയും ദൈവത്തിനെതിരായും അനീതി പ്രവർത്തിക്കുന്നു. ഞാൻ അറിഞ്ഞവനെ ഞാൻ വിശ്വസിച്ചു. എന്റെ പിതാവാണ് എന്നെ ദത്തെ ടുത്തത്. എന്റെ രക്ഷകന്റെ മരണം അനുസ്മരിക്കുമ്പോൾ, പാപമോ അതിന്റെ എണ്ണമോ എന്നെ ഭയപ്പെടുത്തുന്നില്ല. ഈശോയുടെ തിരുവി ലാവിലെ മുറിവിൽ എനിക്കഭയസ്ഥാനമുണ്ട്. തന്റെ വിടർത്തിയ കൈകൾകൊണ്ട് ലോകത്തെ മുഴുവനും യേശു മാടിവിളിക്കുന്നു. തന്റെ ചാഞ്ഞ തലകൊണ്ട് യേശു എന്നെ ചുംബിക്കുന്നു. എന്നെ ഒരു വിശുദ്ധനാക്കണമെ.[2]

വിശ്വാസത്തിന്റെ ആഴം എത്രമാത്രമാണെന്ന് പരീക്ഷിച്ചറിഞ്ഞ തിനു ശേഷമാണ് യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചത്. പാപത്തെ കുഷ്ഠത്തോടും വ്രണത്തോടുമാണ് ജോൺ താരതമ്യപ്പെടുത്തുന്നത്. എന്നാൽ യേശുവിന്റെ മുമ്പിൽ അവ നിരത്തിവക്കുകയാണെങ്കിൽ കരുണാർദ്രനായ അവിടുത്തെ സ്നേഹതൈലംകൊണ്ട് ആ രോഗ ങ്ങൾ സൗഖ്യമാക്കും എന്ന് ജോൺ വിശ്വസിച്ചു. യേശുവിന്റെ പാദ പത്മങ്ങളിൽ ചെന്നുവീഴുന്നതിനുള്ള ശിശുസഹജമായ വിശ്വാസ മാണ് നമുക്കുണ്ടാകേണ്ടത്. യേശുവിനും അവന്റെ അനുയായികൾക്കും തന്റെ കുഷ്ഠം കാണിച്ചു കൊടുക്കുവാൻ അവൻ ലജ്ജിച്ചില്ല. യേശു വിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് അവിടുത്തെ ദിവ്യത്വം ആ രോഗി വെളിപ്പെടുത്തി. തന്നെ സുഖപ്പെടുത്തുവാൻ യേശുവിനു ശക്തിയുണ്ടെന്നവൻ വിശ്വസിച്ചു. എന്നിലുള്ള കുഷ്ഠവും അഴിമതി കളും ഞാൻ തിരിച്ചറിയുന്നുണ്ടോ? യേശുവിന്റെ ശക്തിയിൽ എനിക്ക് വിശ്വാസമുണ്ടോ? സ്നേഹത്തിന്റെയും പ്രത്യാശയുടെയും മാതാവേ, എന്നെ പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യണമേ. അമ്മേ, എന്നിലേക്കു തിരിയണമേ.[3] എന്നെ സൃഷ്ടിച്ച ദൈവത്തിന് എന്റെ മേൽ സമ്പൂർണാധികാരമുണ്ട്. അവിടുന്ന് ആഗ്രഹിക്കുന്ന വിധത്തിൽ എന്നെ ഉപയോഗിച്ചുകൊള്ളട്ടെ. ഞാൻ പൂർണമായും അവിടുത്തേ താണ്.[4]

വിശ്വാസമുള്ളവർ പരി. കന്യകയെപ്പോലെയായിരിക്കും. ദൈവ ദൂതന്റെ വാക്കുകൾ അവൾക്കു മനസ്സിലായില്ല (ലൂക്ക 1:34). എങ്കിലും

ദൈവത്തിന് അസാധ്യമായി ഒന്നുമില്ലെന്ന് അവൾക്കറിയാമായിരുന്നു (ലൂക്ക1:37). തനിക്ക് ഒരേ സമയം ദൈവമാതാവാകുവാനും കന്യക യായിരിക്കുവാനും സാധിക്കുമെന്നു വിശ്വസിച്ച മറിയത്തിന്റെ വിശ്വാസം പിതാവായ അബ്രാഹത്തിന്റെ വിശ്വാസത്തേക്കാൾ അത്യുദാത്തമാ യിരുന്നു. വൈപരീത്യമെന്നു സുവിദിതമായകാര്യങ്ങൾ ചെയ്യുവാൻ എന്നോടാവശ്യപ്പെടുമ്പോൾ അല്ലെങ്കിൽ മനുഷ്യദൃഷ്ടിയിൽ അസാ ധ്യമായവയെന്നു വിചാരിക്കുന്ന കാര്യങ്ങൾ ചെയ്യുവാൻ ആവശ്യ പ്പെടുമ്പോൾ ദൈവകൃപയിൽ ആഴമായി വിശ്വസിച്ച് ദൈവശക്തിയെ അഭയംഗമിക്കുവാൻ എന്നെ അനുഗ്രഹിക്കണമെ.[5] താൻ യോഗ്യയല്ല എന്നോ, ഇത്രയും മഹോന്നതമായ പദവിയ്ക്കനുയോജ്യമായി എന്തെ ങ്കിലും ചെയ്യുവാൻ തനിക്കു കഴിയുമെന്നോ അവൾ പറയുന്നില്ല. സർവോപരി എല്ലാം സർവശക്തനായ ദൈവത്തിൽ നിന്നും പ്രതീ ക്ഷിക്കുന്നു എന്ന ദൃഢമായ വിശ്വാസമാണ് അവൾക്കുണ്ടായിരുന്നത്. ഈ വിശ്വാസം തന്നെയാണ് സ്വർഗത്തെ ഭൂമിയുമായി രമ്യതപ്പെടുത്തി യതും! എന്നെ ഒരു വിശുദ്ധനാക്കണമേയെന്നു ഞാൻ പ്രാർഥിക്കുന്നു. എന്നാൽ ഒന്നും ചെയ്യുവാൻ എനിക്കു കഴിവില്ല. എന്റെ വിശുദ്ധീകരണം പൂർണമായും അവിടുത്തെ പ്രവൃത്തിയായിരിക്കട്ടെ.[6] തന്റെ മകനിൽ, തന്റെ സ്രഷ്ടാവിനേയും രക്ഷിതാവിനേയും കാണുവാൻ പോന്ന വിശ്വാസമായിരുന്നു അവളുടേത്.[7] അമ്മയെ അനുകരിച്ച്, വിശ്വാസ ത്തിന്റെ നാഥനും അതിനെ പൂർണതയിലെത്തിക്കുന്നവനുമായ യേശു വിനെ മുന്നിൽ കണ്ടുകൊണ്ട് (ഹെബ്രാ.12:2) ഈ ഓട്ടപ്പന്തയത്തിൽ സ്ഥിരോത്സാഹത്തോടെ ജോണും ഓടി.

---

### അടിക്കുറിപ്പുകൾ

1. Lights from heaven., October 18, 1903.
2. Ibid., August 19, 1903.
3. Ibid., October 20, 1903.
4. Ibid., November 7, 1904.
5. Ibid., November 4, 1904.
6. Ibid., November 4, 1904.
7. Ibid., November 5, 1904.

## പ്രത്യാശയുടെ ജീവിതം

പ്രത്യാശ വിശ്വാസജീവിതത്തിന്റെ പ്രത്യക്ഷഭാവമാണ്. ദൈവത്തിന്റെ വാഗ്ദാനമാണ് ക്രൈസ്തവനെ പ്രത്യാശാഭരിതനാക്കുന്നത്. കർത്താവായ ഈശോമിശിഹായിലാണ് പ്രത്യാശ പൂർത്തീകരിക്കപ്പെടുന്നത്. ജോണിന്റെ ഏക പ്രതീക്ഷ യേശുവായിരുന്നു. തന്റെ മാതൃകയായ യേശുവിൽ വിലയം പ്രാപിക്കുന്നതിനുള്ള നെട്ടോട്ടമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. കുരിശുമരണത്തിലൂടെ യേശു സാധിച്ച രക്ഷയിൽ തനിക്കും പങ്കുചേരാനാകും എന്ന ദൃഢമായ വിശ്വാസവും തജ്ജന്യമായ ശുഭപ്രതീക്ഷയും അദ്ദേഹത്തിനുണ്ടായിരുന്നു. ഊക്കനച്ചൻ പരിധിയില്ലാത്ത പ്രത്യാശയുടെ ഉടമയായിരുന്നു.[1] അതുകൊണ്ട് പ്രതികൂല സാഹചര്യങ്ങളിൽ ദൈവത്തിൽ പൂർണമായി ആശ്രയിച്ച് അദ്ദേഹം മുന്നോട്ടു നീങ്ങി. അദ്ദേഹത്തിന്റെ ഡയറിയിലുടനീളം ഇത് പ്രകടമാണ്. ജീവിതം മുഴുവനും സ്വർഗീയ ജറുസലേമിലേക്കുള്ള തീർഥയാത്രയായിട്ടാണ് ഊക്കനച്ചൻ കാണുന്നത്. ഈ യാത്രക്കുതകുന്ന സമ്പത്തെല്ലാം-ഇന്ദ്രിയനിഗ്രഹം, ആത്മസംയമനം, തപശ്ചര്യ, എളിമപ്പെടുത്തലുകൾ എന്നിവയിലൂടെ ആ സഞ്ചാരി സമ്പാദിച്ചു.[2] യാത്ര ചെയ്യേണ്ട വഴി ഇടുങ്ങിയതാണെന്നും അതിൽ മനുഷ്യരുടെ ചുമട് അതായത് വികാരങ്ങൾ, സമ്പത്തും ബഹുമാനവുമാകുന്ന പെട്ടികൾ ഇവ ചുമന്നുകൊണ്ടുപോകുന്നതിനുള്ള വിസ്താരമില്ലെന്നും, ഈ വഴി ത്യാഗപൂർണമാണെന്നും[3] അദ്ദേഹം മനസ്സിലാക്കിയിരുന്നു. ദൈവത്തിന്റെ മഹത്വത്തോട് തുലനം ചെയ്യുമ്പോൾ ഇവിടത്തെ നമ്മുടെ സഹനങ്ങൾ ക്ഷണികവും നിസ്സാരവുമാണ്. ജീവിതകാലം ഹ്രസ്വമായതുകൊണ്ട് ദൈവത്തെ അധികമധികം സ്നേഹിച്ച് നിത്യാനന്ദമനുഭവിക്കുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു.

തന്റെ ജീവിതലക്ഷ്യമായ സ്വർഗസൗഭാഗ്യത്തെപ്പറ്റിയും ജോൺ വിവരിക്കുന്നുണ്ട്. എന്ത് സ്നേഹവും സന്തോഷവുമാണ് അവിടെ പരിലസിക്കുന്നത്! എന്തു സന്തുഷ്ടിയോടെയാണ് പിതാവായ ദൈവം അടിമകളായ നമ്മെ രക്ഷിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ ബലി ചെയ്തത്! പിതാവിനു തന്റെ ദത്തുപുത്രരോടുള്ള പരിഗണന കണ്ടാലും. നാം ഇപ്പോൾ രാജകുമാരന്മാരാണ്. അതുകൊണ്ട് നിസ്സാരമായ അസൗകര്യങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം അവഗണിക്കുക. നിത്യത വിദൂരത്തിലല്ല. അവിടെ നമ്മുടെ അപ്പച്ചനും അമ്മച്ചിയും നമ്മെയും പ്രതീക്ഷിച്ചിരിക്കുകയാണ്. നിത്യാനന്ദ സ്വർഗത്തിൽ

നാം ഹർഷോന്മത്തരാകുന്നു.[4] അദ്ദേഹം തുടരുന്നു: ഞാൻ എന്റെ സർവസ്വവുമായ യേശുവിന്റെ വാസസ്ഥലമായ സ്വർഗത്തിലേക്കു കണ്ണുംനട്ടിരിക്കുന്നു.[5] ഇതിൽനിന്നും അദ്ദേഹം എന്തിനായി ജീവിച്ചു എന്ന് വ്യക്തമാകുമല്ലൊ. അങ്ങനെ തന്റെ അമ്മയെപ്പോലെ ഈ തീർഥയാത്രയ്ക്കിടയിൽ കണ്ടുമുട്ടിയ എല്ലാവരുമൊരുമിച്ച് സ്തോത്രഗീതം പാടി സ്വന്തം ഭവനത്തിലെത്തുവാൻ അദ്ദേഹം അതിവേഗത്തിൽ ഓടി.

എന്നാൽ ലക്ഷ്യപ്രാപ്തിയിലെത്താത്ത ആത്മാക്കളെ രക്ഷിക്കേണ്ടത് തന്റെ കടമയാണെന്ന് അദ്ദേഹം മനസ്സിലാക്കി: ശുദ്ധീകരണാത്മാക്കൾ യേശുവിനും അമ്മയ്ക്കും പ്രിയപ്പെട്ടവരാണ്. അവരുടെയെല്ലാവരുടെയും രക്ഷക്കായി പല പ്രാവശ്യം കുരിശുമരണം വരിക്കുവാൻ യേശു സന്നദ്ധനുമാണ്. പക്ഷേ ആദ്യത്തെ കുരിശുമരണത്തിലൂടെ അവിടുന്ന് തിരുസഭയെ ധന്യമാക്കിയതല്ലേ? ഇപ്പോൾ ആ രക്ഷണീയകർമം തുടർന്നു കൊണ്ടുപോകുന്നതിനായി ഒരാളെയല്ലെ ആവശ്യമുള്ളു. പാവപ്പെട്ട ആത്മാക്കൾക്കുവേണ്ടി ഞാൻ അതു ചെയ്യും.[6] കപ്പലപകടത്തിൽപെട്ട് കരയ്ക്കണയാൻ കിണഞ്ഞുപരിശ്രമിക്കുന്ന മനുഷ്യരെ ചെറിയൊരു തിരമാല വന്ന് അകലങ്ങളിലേയ്ക്കു കൊണ്ടുപോകുന്നതുപോലെയാണ് ശുദ്ധീകരണാത്മാക്കൾ. വെളിപാടിൽ സ്വർഗസുഖം ഉൾക്കൊള്ളുന്നതുകൊണ്ട് അതിന്റെ അഭാവമാണ് ശുദ്ധീകരണാത്മാക്കളുടെ ഏറ്റവും വലിയ വേദന. എനിക്ക് അവരോട് ദയ തോന്നുന്നു. ആത്മാവ് ശരീരത്തിൽനിന്നും വേർപെട്ടു കഴിയുമ്പോൾ ദൈവത്തിന്റെ അനന്തനന്മ ദർശിക്കുന്നതിനുള്ള ദിവ്യപ്രകാശം അതിനു ലഭിക്കുന്നു. അതുകൊണ്ട് ദൈവവുമായി ഒന്നുചേരുവാൻ അത് ഉത്ക്കടമായാഗ്രഹിക്കുന്നു. എന്നാൽ മണവാളന്റെ ചുടുചുംബനത്തിൽ നിന്നും അകന്നുമാറിക്കഴിയുന്നു. ശുദ്ധീകരണാത്മാക്കളുടെ വേദന എത്ര ഭയാനകമാണ്. അവരെ സഹായിക്കുവാൻ എനിക്കു സാധിക്കും.[7] അങ്ങനെ ആരും നശിച്ചുപോകാതെ രക്ഷപ്പെടണം എന്ന യേശുവിന്റെ രക്ഷാകര പദ്ധതിയോട് ജോൺ പൂർണമായും സഹകരിച്ചു.[8] ഇതിന് അരൂപിയുടെ വരദാനങ്ങൾ അത്യന്താപേക്ഷിതമാണ്. ഈശോമിശിഹായുടെ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ ലഭിക്കുന്നതിനായി പ്രാർഥനയും പരിത്യാഗവും വഴി അദ്ദേഹം ഒരുങ്ങി. പരിശുദ്ധാത്മാവ് തന്റെ വരങ്ങൾ എനിക്ക് നിഷേധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ മക്കൾക്ക് നല്ല വസ്തുക്കൾ നൽകുവാൻ ദുഷ്ടരായ നിങ്ങൾക്ക

റിയാമെങ്കിൽ എത്രയധികമായി പിതാവായ ദൈവം പരിശുദ്ധാത്മാവിനെ നിങ്ങൾക്കു നൽകുകയില്ല. വിശുദ്ധഗ്രന്ഥജ്ഞാനവും ഭാഷാവരവും പ്രഘോഷണ തീക്ഷ്ണതയും സന്തോഷത്തോടുകൂടി എല്ലാം സഹിക്കുന്നതിനുള്ള ധീരതയും വിജ്ഞാനവും നൽകണമേയെന്ന് ഞാൻ പ്രാർഥിച്ചു.[9]

പിതാവായ ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ ദൃഢമായ വിശ്വാസവും ഉറച്ച പ്രതീക്ഷയും ഊക്കനച്ചനുണ്ടായിരുന്നു. സുസ്മേരവദനവും മൊട്ടിട്ടുവിരിയുന്ന പ്രത്യാശാഭരിതമായ അധരമൊഴികളുമായി അസത്യത്തിൽനിന്നു സത്യത്തിലേയ്ക്കും അന്ധകാരത്തിൽനിന്നു പ്രകാശത്തിലേയ്ക്കും മരണത്തിൽ നിന്നു മരണമില്ലായ്മയിലേക്കും തന്റെ തീർഥയാത്രയിൽ കണ്ടുമുട്ടിയ എല്ലാവരേയും പ്രത്യേകിച്ചു നിരാശ്രയരും നിരാലംബരും സമുദായം അവഗണിച്ചവരും പാപികളും പാവങ്ങളുമായവരെ ആനയിക്കുവാൻ, അവരിൽ ക്രിസ്തുവിനെ ദർശിച്ചുകൊണ്ട് അവരെ കൈപിടിച്ചുയർത്തി, പ്രത്യാശയുടെ കിരണങ്ങൾ വാരിവിതറി പിതാവിന്റെ സ്നേഹവിരുന്ന് അനുഭവവേദ്യമാക്കിക്കൊടുക്കുവാൻ, പ്രതീക്ഷാനിർഭരമായ ജീവിതം അനുഭവിച്ചാസ്വദിപ്പിക്കുവാൻ പ്രതീക്ഷയുടെ നിറകുടമായ ആ ഹൃദയം ത്രസിച്ചു. അതിന്റെ അലയടികൾ ഗ്രാമങ്ങളിലേയ്ക്കു വ്യാപിച്ചു. അങ്ങനെ ഊക്കനച്ചൻ എല്ലാവർക്കും പ്രത്യാശയുടെ പര്യായമായി മാറി, അനേകരുടെ രക്ഷ സാധിച്ചു!

---

### അടിക്കുറിപ്പുകൾ

1. Light from heaven., September 14, 1903.
2. Ibid., April, 1902 p.2.
3. Ibid., September 22, 1903.
4. Ibid., April, 1902 p.1.
5. Ibid., May 21, 1903.
6. Ibid., April, 1902 p.5.
7. Ibid., November 2, 1904.
8. Ibid., April, 1903.
9. Ibid., December 9, 1932.

## പരസ്നേഹം-ജീവിതപ്രമാണം

മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കുന്ന ചങ്ങലയാണ് പരസ്നേഹം. സ്നേഹിതരെയും ശത്രുക്കളെയും സ്നേഹിക്കുവാൻ നമുക്കു സാധിക്കണം. നാം മറ്റുള്ളവരെ സ്നേഹിക്കുന്നത് നമുക്കു തന്നെ നന്മ ഭവിക്കുന്നതിനുവേണ്ടിയാകരുത്; സ്നേഹിതരെ ലഭിക്കുന്നതിനുവേണ്ടിയുമാകരുത്. പ്രത്യുത, ദൈവം എല്ലാവരെയും സ്നേഹിക്കുന്നതുകൊണ്ട് ദൈവത്തിന്റെ എല്ലാ മക്കളെയും നാമും സ്നേഹിക്കണം. രോഗികളോടും,പാവപ്പെട്ടവരോടും,സമുദായം അവഗണിച്ചവരോടും പ്രത്യേക പരിഗണന കാണിക്കുകയും വേണം.[1]

സ്നേഹം ക്രിസ്തീയജീവിതത്തിന്റെ കേന്ദ്രമാണ്. ദൈവം സ്നേഹമാകുന്നു (1 യോഹ. 4:8), നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ (യോഹ. 13:34) എന്നീ മാഹാവാക്യങ്ങൾ പുതിയനിയമത്തിലൂടെ കൈവന്ന വെളിപാടിന്റെ അത്യുച്ചിയാണ്. പിതാവിന്റെ സ്നേഹമായി ഈശോ അവതരിച്ചതുപോലെ, സ്നേഹത്തിലൂടെയാണ് അവിടുത്തെ ജീവിതവും ദൗത്യവും നിറവേറ്റിയത്. അവിടുന്നു മനുഷ്യരെ സ്നേഹിച്ചു. പിതാവു സ്നേഹിച്ചതുപോലെ തന്നെ അവരെ സ്നേഹിച്ചു (യോഹ. 15:19). അവിടുന്ന് എല്ലാവരേയും ശ്രദ്ധിച്ചു. എല്ലാവർക്കും അവിടുത്തെ ക്ഷമയും സഹായവും വാഗ്ദാനം ചെയ്തു (ലൂക്ക 5:32). ഏറ്റം നിന്ദിതരേയും സമൂഹം പുറംതള്ളിയവരേയും അവിടുന്ന് സ്നേഹിച്ചു (ലൂക്ക 7:36-50; 19:10;23:43; യോഹ. 8:1-11).

ദൈവത്തെയും അയൽക്കാരെയും സ്നേഹിക്കുകയെന്ന ഈശോയുടെ കൽപന അവിടുത്തെ പ്രബോധനത്തിന്റെ മുഴുവൻ സാരാംശമാണ്. അത് നിയമത്തിലെ പരമപ്രധാനമായ കൽപനയും (മത്താ. 22:36) നിത്യജീവൻ അവകാശമാക്കാൻ (ലൂക്ക 10:25) ചെയ്യേണ്ടതുമാണ്. ക്രിസ്ത്യാനി വേരുറപ്പിക്കപ്പെട്ടിരിക്കുന്നത് സ്നേഹത്തിലാണ് (എഫേ.3:17). എന്റെ പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. പരസ്നേഹത്തിന് മാനദണ്ഡമായി യേശു കാണുന്നത്, പിതാവ് യേശുവിനെ സ്നേഹിച്ചതുപോലെയും യേശു നമ്മെ സ്നേഹിച്ചതുപോലെയുമാണ്. അവസാനത്തുള്ളി രക്തം ചിന്തിക്കൊണ്ടാണ് യേശു നമ്മെ സ്നേഹിച്ചത്. ഇതുപോലെ ആവശ്യമായി വന്നാൽ മറ്റുള്ളവർക്കുവേണ്ടി നാം രക്തം ചിന്തണം. അല്ലെങ്കിൽ ഉപവി പുത്രിമാരെ സംബന്ധിച്ച് ലജ്ജാകരമായ കൊലപാതകമാണ്.[2] സഹോദരനെ സ്നേഹിക്കാത്തവന് ദൈവത്തെ സ്നേഹിക്കുവാൻ

സാധിക്കുകയില്ല.[3] സഹോദരനെ ദ്വേഷിക്കുന്നവൻ കൊലപാതകിയാണ് (1 യോഹ. 3:15). ദൈവകല്പനകളിൽ രണ്ടാമത്തേത് നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക (മത്താ. 22:38) എന്നതാണ്. എനിക്ക് തിന്മവരുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല; സമൃദ്ധിയാണ് സ്വാഗതാർഹമായിട്ടുള്ളത്. എന്നാൽ എത്രയോ വിശുദ്ധരാണ് തങ്ങളേക്കാൾ അധികമായി തങ്ങളുടെ അയൽക്കാരെ സ്നേഹിച്ചിട്ടുള്ളത്! എന്റെ ദൈവമേ, യഥാർഥ ഉപവി എനിക്കു നൽകണമെ. സഹോദരതുല്യം എല്ലാവരേയും ഞാൻ സ്നേഹിക്കട്ടെ.[4]

പരസ്പരം സ്നേഹിക്കുകയെന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്. എന്തെന്നാൽ അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചു കഴിഞ്ഞു. സ്നേഹം അയൽക്കാരന് ഒരു ദ്രോഹവും ചെയ്യുന്നില്ല. അതുകൊണ്ട് നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ് (റോമ 13:8-10) എന്ന് വിശുദ്ധ ശ്ലീഹാ അനുസ്മരിപ്പിക്കുന്നു.

നിങ്ങളുടെ പരസ്പര സ്നേഹം മൂലം നിങ്ങൾ എന്റെ ശിഷ്യരാണെന്ന് ലോകം അറിയും (യോഹ.13:35). ക്രിസ്തുശിഷ്യരെ തിരിച്ചറിയുവാനുള്ള അടയാളമാണ് അവരുടെ പരസ്പരസ്നേഹം. ആദിമ ക്രൈസ്തവ സമൂഹത്തെ മറ്റുള്ളവർ തിരിച്ചറിഞ്ഞതും പരസ്പര സ്നേഹത്തിലൂടെയാണല്ലോ (അപ്പ. പ്ര. 4:32). യേശുവിന്റെയും മറിയത്തിന്റെയും മാതൃകയും ഇതുതന്നെയാണ് നമ്മെ പഠിപ്പിക്കുന്നത്.

നന്മ പ്രവർത്തിക്കുന്നതിനായി മേരി ബദ്ധപ്പെടുന്നു.[5] അവളുടെ ഉപവി സത്വരമാണ്. എല്ലാ പ്രതിസന്ധികളും പ്രശ്നങ്ങളും അവൾ അവഗണിക്കുകയും മറക്കുകയും ചെയ്യുന്നു. എന്റെ സഹോദരന്മാരിൽ ക്രിസ്തുവിന്റെ വ്യക്തിത്വം ഞാൻ കാണണം. അപ്പോൾ പരസ്നേഹ പ്രവൃത്തികൾ ചെയ്യുവാൻ എളുപ്പമാകും. കാരണം ഒരു പ്രവൃത്തിയോ സേവനമോ യേശു സ്വയം ആവശ്യപ്പെടുമ്പോൾ ആരാണ് അത് ഉപേക്ഷിക്കുന്നത്?[6] നമ്മുടെ കർത്താവായ യേശുവും പരിശുദ്ധ അമ്മയും ജീവിതകാലം മുഴുവനും കാരുണ്യമുള്ളവരായിരുന്നു. യേശുവിനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു: അവൻ നന്മ ചെയ്തുകൊണ്ട് ചുറ്റിനടക്കുകയും, രോഗികളെ സുഖപ്പെടുത്തുകയും, പിശാചുക്കളെ ബഹിഷ്കരിക്കുകയും, മൃതപ്രായർക്ക് ജീവൻ നൽകുകയും ചെയ്തു. പ്രതിഫലേച്ഛ കൂടാതെ എല്ലാവരോടും യേശു കരുണ കാണിക്കുന്നു.[7]

യേശുവിന്റെയും അമ്മയുടെയും മാതൃക സ്വജീവിതത്തിലേക്ക് പകർത്തിയ ജോൺ, തന്റെ ശൈശവദശ മുതൽ ദൈവം വർഷിച്ച

അനന്ത സ്നേഹത്തിന് പ്രതിസമ്മാനമായി എല്ലാവരോടും പ്രത്യേകിച്ച് പാവങ്ങളോടും ദുർബലരോടും സ്നേഹത്തോടെ പെരുമാറുകയും അവരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി തന്റെ ഗുരുവിനെപ്പോലെ പരിശ്രമിക്കുകയും ചെയ്യുമെന്ന് പ്രതിജ്ഞ ചെയ്തു. പിശാചിനാൽ മുറിവേൽപിക്കപ്പെട്ട മനുഷ്യൻ മൃതപ്രായനായി കിടക്കുന്നു. പുരാതന നിയമമനുസരിച്ച് ഒന്നും ചെയ്യുവാൻ സാധ്യമല്ല. അപ്പോൾ നമ്മുടെ കർത്താവ് അവനെ രക്ഷിക്കുകയും തന്റെ സഭയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ കൊള്ളചെയ്യപ്പെട്ടു. ജ്ഞാനസ്നാന വസ്ത്രം നഷ്ടമാവുകയും മുറിവേൽക്കുകയും ചെയ്തു. അപ്പോൾ കർത്താവ് എന്നെ സുഖപ്പെടുത്തുകയും സെമിനാരിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അങ്ങയുടെ ഹൃദയത്തിന്റെ അനന്ത നന്മ! എത്ര ഉദാരമായിട്ടാണ് അങ്ങയുടെ രക്തം എന്റെ മേൽ ഒഴുക്കിയത്! അതുകൊണ്ട് പാവങ്ങളോടും ദുർബലരോടും കരുണാർദ്രതയോടെ പെരുമാറുകയും അവരുടെ ഈ അവസ്ഥ മെച്ചപ്പെടുത്തുവാൻ എല്ലായ്പോഴും പ്രത്യേകിച്ച് ഒരു പുരോഹിതനെന്ന നിലയിൽ സത്രം സൂക്ഷിപ്പുകാരനായിരിക്കുമ്പോഴും പരിശ്രമിക്കും. എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് തുല്യമാക്കണമെ![8] ജീവിതത്തിലെ തിക്താനുഭവങ്ങളിലെല്ലാം ദൈവത്തിന്റെ അദൃശ്യകരം കാണുകയും പിതാവിന്റെ സ്നേഹവും കരുണയും അനുഭവിക്കുകയും ചെയ്ത ഇരുപത്തിമൂന്നുകാരനായ ഒരു സെമിനാരിക്കാരന്റെ കൃതജ്ഞതാനിർഭരമായ ഹൃദയത്തിന്റെ സ്പന്ദനങ്ങളാണ് നാം ഇവിടെ ദർശിച്ചത്. ആ ഹൃദയത്തുടിപ്പുകൾ പിന്നീട് ജീവിതശൈലിയാക്കി മാറ്റിയ പാവങ്ങളുടെ പിതാവായ ഊക്കനച്ചൻ, എല്ലാവരോടും കരുണയോടെ പെരുമാറണമെന്ന് തന്റെ മക്കളോട് ആഹ്വാനം ചെയ്തു. ഈശോയുടെ തിരുഹൃദയത്തിന് പ്രീതികരമായ ഉപവി എല്ലാവരോടും കാണിക്കുക-ചിന്തകളിൽ, വാക്കുകളിൽ, പ്രവൃത്തികളിൽ-ആരെയെങ്കിലും വേദനിപ്പിക്കുന്നത് യേശുവിന്റെ മൃദുലമായ കൃഷ്ണമണി മുറിവേൽപിക്കപെടുന്നതു പോലെയാണ്.[9] സ്നേഹത്തിന്റെ ഏതാനും നിയമങ്ങളും ആ വത്സല പിതാവ് തന്റെ മക്കളുടെ പാലനത്തിനായി നൽകി:

- ആരേയും ഒരിക്കലും അവിവേകമായി വിധിക്കുകയോ, അവരുടെ പ്രവൃത്തികളെ പരസ്നേഹവിരുദ്ധമായി വ്യാഖ്യാനിക്കുകയോ ചെയ്യരുത്.
- ആർക്കും ഒരിക്കലും തിന്മ ഭവിക്കുവാൻ ആഗ്രഹിക്കരുത്; ആരോടും അപ്രീതിയോ വെറുപ്പോ ഉണ്ടാകുകയുമരുത്.

- പരസ്നേഹ വിരുദ്ധമായി മറ്റുള്ളവരിൽ ദുഃഖം ജനിപ്പിക്കുന്നതോ, അവരെ നിരുത്സാഹപ്പെടുത്തുന്നതോ ആയ രൂക്ഷവാക്കുകളോ, വിപരീതാർഥ പ്രയോഗങ്ങളോ, വ്യാജസ്തുതികളോ ഒരിക്കലും നടത്തരുത്.
- എല്ലാവരോടും സ്നേഹത്തോടും ബഹുമാനത്തോടുംകൂടി പെരുമാറുക.
- എന്റെ സമപ്രായക്കാരുടെ പോരായ്മകൾ പർവതീകരിച്ചു കാണിക്കുകയോ, ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്യുകയോ, രൂക്ഷമായി പെരുമാറുകയോ, ഞാൻ അവരെക്കാൾ നല്ലതാണെന്ന് ചിന്തിക്കുകയോ അരുത്.
- മറ്റു സഹോദരികളുടെ ആവശ്യങ്ങളിൽ, അവർ ആവശ്യപ്പെടാതെ തന്നെ സഹായിക്കണം.
- അഹറോന്റെ തലയിൽ ഒഴിച്ച സുഗന്ധതൈലം ദേഹമാസകലം ഒഴുകി ഹെർമോൻ മല മുഴുവൻ വ്യാപിച്ചതുപോലെ പരസ്പര സ്നേഹമെന്ന സുഗന്ധവും സഹോദരങ്ങളുടെ ഇടയിൽ വ്യാപിക്കണം.[10]

ദൈവസ്നേഹത്തിന്റെ സെറാഫ് ആയിരുന്നു ഊക്കനച്ചൻ. അദ്ദേഹം ദൈവസ്നേഹത്താൽ ജ്വലിച്ചിരുന്നു. അത് പരസ്നേഹത്തിലൂടെ അദ്ദേഹം പ്രകടമാക്കി. സെമിനാരിയിലായിരുന്നപ്പോൾ പരസ്നേഹത്താൽ നിറയുന്നതിനായി നിരന്തരം അദ്ദേഹം പ്രാർഥിച്ചിരുന്നു എന്ന് ഡയറി വ്യക്തമാക്കുന്നു.[11] അദ്ദേഹത്തിന് പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടുമുള്ള സ്നേഹം ഡയറിയിലും എഴുത്തുകളിലും ധ്യാനങ്ങളിലും ക്ലാസ്സുകളിലും നിറഞ്ഞു നിൽക്കുന്നതായി കാണാം. അദ്ദേഹം തന്റെ ദൈവസ്നേഹാനുഭവം സഹജരുമായി പങ്കുവച്ചു. അദ്ദേഹത്തിന്റെ പരസ്നേഹം പാവപ്പെട്ടവരോടും അനാഥരോടുമുള്ള അനുകമ്പയിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. അദ്ദേഹം തന്റെ അധികാരികളോടും സഹവൈദികരോടും സ്നേഹം പ്രകടിപ്പിച്ചു. മറ്റുള്ളവരുടെ ആത്മീയവും ശാരീരികവും മാനസികവുമായ സുസ്ഥിതിക്കായി പരിശ്രമിച്ചു. അദ്ദേഹത്തിന്റെ ജീവിതം സ്നേഹത്തിന്റെ സൗരഭ്യം പരത്തുന്ന സുഗന്ധതൈലമായിരുന്നു.

ദൈവസ്നേഹം ജോണിലേക്ക് വർഷിക്കപ്പെട്ടു.
ജോൺ അതേറ്റുവാങ്ങി,
സ്വർഗീയപിതാവിന്റെ സ്നേഹം ഒഴുക്കിയ
പരിമളതൈലമായി മാറി!!!

## അടിക്കുറിപ്പുകൾ

1. Lights from heaven., December, 1903.
2. Ibid., 1903.
3. Ibid., 1903.
4. Ibid., September 9, 1903.
5. Ibid., May 10, 1903.
6. Ibid., July 2, 1903.
7. Ibid., July 23, 1904.
8. Ibid., August 7, 1903.
9. Ibid., June 20, 1904.
10. Ibid., 1903 p. 10.
11. Ibid., September 9, 1903 p. 106.



CLEMENS PAGNANI, O. S. B.
DEI ET APOSTOLICAE SEDIS GRATIA,
EPISCOPUS KANDIENSIS.

Universis et singulis praesentes litteras inspecturis notum facimus atque testamur quod anno a Nativitate Domini millesimo noningentesimo quarto, die decima septima Decembris Sabbato quatuor temporum

Ordines celebrantes, dilectum nobis in Christo Joannem Ukken ex Vicariatu Apostolico Trichurensi et hujus Seminarii Pontificii Alumnum

in aetate, moribus et vita, natalibusque, ac doctrina examinatum, et idoneum in omnibus requisitis repertum et a suo Ordinario dimissum ad quatuor minores Ordines

rite et canonice promovimus. In quorum fidem has litteras, nomine sigilloque nostro munitas, dedimus Kandy die, mense, et anno ut supra.

+ D. Clemens O. S. B
Ep. Kandiensis

Certificate Minor Orders

# 8

# സുവിശേഷോപദേശങ്ങൾ ജീവിത പാതയിൽ

സുവിശേഷോപദേശങ്ങൾ ജീവിക്കുന്നതിലും ജോൺ ഊക്കൻ മാതൃകയാക്കുന്നത് പരിശുദ്ധ അമ്മയെത്തന്നെയാണ്. അമ്മയെ ആശ്രയിച്ചാൽ അവൾ ഒന്നും നിരസിക്കുകയില്ല എന്ന ആഴമായ വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു.

## അനുസരണം ജീവിതശൈലിയാക്കിയ ജോൺ

മറ്റൊരാളുടെ മനസ്സറിഞ്ഞ് അതിനനുയോജ്യമായി പ്രവർത്തിക്കുന്നതാണ് അനുസരണം. അനുസരിക്കുക എന്നാൽ ശ്രവണവും പ്രത്യുത്തരവുമാണ് (ഉൽപ. 22:18; പുറ. 15:26; മത്താ. 7:21). നമ്മുടെ മനഃസാക്ഷിയിലൂടെ വെളിപ്പെടുന്ന ദൈവത്തിന്റെ സ്വരം കേട്ട് തദനുസാരം പ്രവർത്തിക്കുക, അധികാരികളിൽ ദൈവത്തിന്റെ പ്രതിനിധികളെ ദർശിച്ച് അവരുടെ ആജ്ഞകൾക്ക് കീഴ്വഴങ്ങുക എന്നിവയാണ് അനുസരണംകൊണ്ട് അർഥമാക്കുന്നത്.

അനുസരണത്തിന്റെ ഏറ്റം മഹനീയ മാതൃക കാണുന്നത് ക്രിസ്തുവിലാണ്. അവിടുത്തെ മനുഷ്യാവതാരത്തിന്റെ രഹസ്യം തന്നെ പിതാവിനോടുള്ള അനുസരണമാണ്. പിതാവിന്റെ ഇഷ്ടം നമ്മുടെ പ്രത്യേക ജീവിതസാഹചര്യത്തിൽ നിന്നുകൊണ്ടു നിർവഹിക്കുമ്പോഴാണ് നാം യഥാർഥത്തിൽ പിതാവിനെ അനുസരിക്കുന്നവരാകുക.

അവൻ അവർക്ക് കീഴ്വഴങ്ങി ജീവിച്ചു (ലൂക്ക 22:42) എന്നാണ് യേശുവിന്റെ മുപ്പതു വർഷത്തെ ജീവിതത്തെപ്പറ്റി സുവിശേഷകന്മാർ രേഖപ്പെടുത്തിയത്. അവിടുന്ന് ദാസന്റെ രൂപം സ്വീകരിച്ചു (ഫിലി. 2:6). സഹനം വഴി അവുടുന്ന് അനുസരണം അഭ്യസിച്ചു (ഹെബ്രാ. 5:8).

തന്റെ ആദർശപുരുഷനായ യേശുവിനെയും അമ്മയെയും അനുകരിക്കുവാൻ വെമ്പൽകൊണ്ട ജോൺ ജീവിതാന്ത്യംവരെ അധികാരികൾക്ക് വിധേയനായി ദൈവതിരുമനസ്സ് നിറവേറ്റി. അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ ഇത് വ്യക്തമാക്കുന്നു: അഗസ്റ്റസ് സീസറിന്റെ രാജകല്പന ചോദ്യം ചെയ്യാതെ തന്നെ യൗസേപ്പിതാവും പരിശുദ്ധ കന്യകാമറിയവും അനുസരിച്ചു. യേശുവിന്റെ ചൈതന്യം അതാണ്; യേശു നമ്മോട് ആവശ്യപ്പെടുന്നതും അതു തന്നെയാണ്.[1] വീണ്ടും അദ്ദേഹം തുടരുന്നു: പേര് എഴുതിക്കുന്നതിനെപ്പറ്റി അഗസ്റ്റസ് സീസർ കല്പന പുറപ്പെടുവിച്ചപ്പോൾ അദ്ദേഹത്തിന്റെ ലക്ഷ്യത്തെ-അത് ദൈവമഹത്വത്തിന് അനുയോജ്യമാണോ എന്നോ, അദ്ദേഹത്തിന്റെ ഗുണഗണങ്ങളെയോ യാതൊന്നും അവൾ പരിഗണിച്ചില്ല.തനിക്കുള്ള അസൗകര്യങ്ങളെപ്പോലും അവൾ അവഗണിച്ചു. തന്നെ അതിൽനിന്നും ഒഴിവാക്കുന്നതിനുള്ള യാതൊരു മാർഗവും അവൾ ആരാഞ്ഞില്ല. അങ്ങയുടെ അനുസരണത്തെ ഞാൻ പുകഴ്ത്തുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. അങ്ങയുടെ പരിപൂർണമായ അനുസരണം എളുപ്പമാക്കിത്തീർത്തതെല്ലാം എനിക്കും നൽകണമേയെന്ന് ഞാൻ അപേക്ഷിക്കുന്നു. ഭരണാധികാരിയിൽ മറിയം ദൈവത്തെ ദർശിച്ചു. എന്തെങ്കിലും ചെയ്യുവാൻ ദൈവം നേരിട്ട് നമ്മോടാവശ്യപ്പെട്ടാൽ അത് നിരസിക്കത്തക്കവിധത്തിൽ വിഢികൾ ആരാണുള്ളത്? എന്റെ അധികാരികൾ ആരുതന്നെയായാലും അവരിൽ ദൈവത്തെ ദർശിക്കുവാനുള്ള വിശ്വാസം അമ്മേ എനിക്കു നൽകണമെ.[2] തന്റെ അമ്മയെ അനുകരിച്ചതുകൊണ്ട് പിൽക്കാലത്ത് ജോണിന് പറയുവാൻ കഴിഞ്ഞു: ദൈവമാണ് അധികാരികളെ നിയമിക്കുന്നത്. അവരോട് ബഹുമാനാദരവോടെ പെരുമാറുക.[3] നമ്മുടെ യുക്തിവാദവും അഹംഭാവവുമെല്ലാം മാറ്റിവച്ച്, പിറുപിറുപ്പുകൂടാതെ, ബാഹ്യമായും ആന്തരികമായും, ഉദാരമായും സത്വരമായും, സമയനഷ്ടമെന്യെ നാം അനുസരിക്കണം.[4]

യേശുവിന്റെ അനുസരണം ജോൺ തന്റെ ജീവിതത്തിലേക്ക് പകർത്തി. അത്യുന്നതനായിരിക്കെ സൃഷ്ടികൾക്ക് കീഴ്വഴങ്ങി ജീവിച്ച യേശുവിന്റെ മാതൃക ജോൺ ഹൃദയാവർജകമായി വിവരി

ക്കുന്നു: തന്റെ മാതാപിതാക്കൾ ആഗ്രഹിച്ചിടത്തെല്ലാം തന്നെ കൊണ്ടു പോകുവാൻ കൈക്കുഞ്ഞായ യേശു അനുവദിച്ചു. സ്വയം നടക്കത്തക്കവിധത്തിൽ യേശു ബുദ്ധിമാനും സമർഥനുമായിരുന്നു. എങ്കിലും അവരുടെ പ്രവൃത്തികളെ എന്തെങ്കിലും അടയാളങ്ങളിലൂടെ യേശു അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്തില്ല. പരിശുദ്ധ കുർബാനയിലും യേശു ഇങ്ങനെ തന്നെയാണ് ചെയ്യുന്നത്. എന്തിനേറെപ്പറയുന്നു, നിഷ്ഠൂരരായ വൈദികരെപ്പോലും യേശു അനുസരിക്കുന്നു! പൊടിയും ചാമ്പലുമായ എനിക്ക് ഈ മാതൃക എത്ര ലജ്ജാകരമാണ്! യാതൊരു ഭാവഭേദവും കൂടാതെ എല്ലാ അധികാരികളെയും അനുസരിക്കുവാൻ ഇപ്പോഴെങ്കിലും എനിക്ക് സാധിക്കുമോ? കർത്താവേ, ഉവ്വ്. എല്ലാവരേയും ഉന്മേഷത്തോടെ, ചുറുചുറുക്കോടെ അനുസരിക്കാമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. അങ്ങയുടെ അനുഗ്രഹത്താലും മാതൃകയാലും എന്നെ സഹായിക്കുക. സൃഷ്ടികൾക്കും സേവകർക്കും വിധേയനായി ദൈവവും, സ്രഷ്ടാവും, കർത്താവുമായ യേശു ജീവിക്കുന്നു. അധികാരത്തെ ദുഷിക്കുകയോ വിമർശിക്കുകയോ ചെയ്യുന്ന വിഢ്ഢി ഒരിക്കലും ഞാൻ ആകുകയില്ല. മുപ്പത് വർഷങ്ങൾ. എന്തുകൊണ്ട് ഇത്ര നീണ്ട കാലഘട്ടം? മറ്റുള്ളവർക്ക് വിധേയമാകാത്ത നമ്മുടെ പ്രകൃതി യേശുവിനറിയാം. വിശുദ്ധ ഇഗ്നേഷ്യസ് പറയുന്നതുപോലെ അനുസരണം എല്ലാ നന്മകളുടെയും മാതാവാണ്. യേശുവേ, അങ്ങേക്ക് നന്ദി. ചോദ്യം ചെയ്യാതെ, പെട്ടെന്ന് അനുസരിക്കുവാൻ എന്നെ പഠിപ്പിക്കണമെ. പീഡാനുഭവവേളയിൽ യേശുവിന്റെ അനുസരണം കൂടുതൽ ശോഭായമാനമായി. പിതാവെ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകന്നുപോകട്ടെ എന്ന് ഗത്സെമൻ തോട്ടത്തിൽ വച്ച് അവിടുന്ന് പ്രാർഥിച്ചു. എങ്കിലും എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം നിറവേറട്ടെ എന്ന് കൂട്ടിച്ചേർത്തു. പൂർണമായ അനുസരണത്തിന്റെ മാതൃക യേശുവേ, അങ്ങ് എനിക്കു നൽകി. എന്റെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. യേശുവിന്റെ ഈ അനുസരണം പല സഹനങ്ങളും അവിടുത്തേക്കു നൽകി–ചമ്മട്ടിയടി, മുൾമുടി ധാരണം, കുരിശുമരണം! ഇത്രയും വലിയ ബുദ്ധിമുട്ടുകളൊന്നും ഒരിക്കലും എനിക്കുണ്ടായിട്ടില്ല. എല്ലാ കാര്യങ്ങളിലും ഞാൻ അനുസരണമുള്ളവനായിരിക്കട്ടെ. അങ്ങയുടെ അനുസരണത്തിന്റെ ശ്രേഷ്ഠതയും ഉൽകൃഷ്ടതയും എനിക്കും ബോധ്യമാകട്ടെ.[5]

അധികാരാധീനബന്ധത്തെപ്പറ്റിയും അദ്ദേഹം പരാമർശിക്കുന്നുണ്ട്. അധികാരി ദൈവത്തിന്റെ സ്ഥാനമാണ് വഹിക്കുന്നത്.[6] അതുകൊണ്ട്

അധികാരികളുമായുള്ള നിന്റെ പെരുമാറ്റത്തിൽ അഞ്ചു വയസ്സുള്ള ഒരു കുട്ടിയെപ്പോലെ വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും അരൂപിയോടും പരമാർഥതയോടും കൂടി പെരുമാറണം.[7] കാരണം അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണ് (1 സാമു.15:22).

അദ്ദേഹത്തിന്റെ അനുസരണം മറ്റു വൈദികർക്ക് മാതൃകയും പ്രചോദനവുമായിരുന്നു.[8] പരിശുദ്ധ അമ്മയെയും വിശുദ്ധ യൗസേപ്പിതാവിനെയും അനുസരണത്തിന് മാതൃകയാക്കണമെന്നും അത് ആശ്രമത്തെ സ്വർഗസമാനമാക്കുമെന്നും അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു.[9] ഇടവകയുടെ നിയമങ്ങളും ചട്ടങ്ങളും തീരുമാനങ്ങളും അനുസരിക്കണമെന്ന് അദ്ദേഹം ജനത്തിന് പ്രബോധനം നൽകുകയും പരിശീലിപ്പിക്കുകയും ചെയ്തു.[10]

ജോൺ വിനയത്തോടെ വിധേയനായി

ദൈവം അവനിലൂടെ വൻ കാര്യങ്ങൾ പ്രവർത്തിച്ചു.

---

**അടിക്കുറിപ്പുകൾ**

1. Lights from heaven., November 30, 1904.
2. Ibid., July 17, 1903.
3. Ibid., June 20, 1904.
4. Ibid., 1903.
5. Ibid., July 18, 19, 20, 1903.
6. Ibid., September 4, 1922.
7. Confrences., 1946.
8. Oral Testimony., Fr Joseph Vadakkumpadan, f. 27.
9. Exhortations., Sr Seraphina CSC, f. 196.
10. Letter of Fr Augustine John Ukken to Bishop G. Alappatt on 3 September 1951.



## ദാരിദ്ര്യത്തെ വാരിപ്പുണർന്ന ജോൺ

ഭൗതികാർഥത്തിൽ ആവശ്യത്തിന് ആഹാരമില്ലാത്തവരും (2 സാമു. 3:29) ജീവസന്ധാരണത്തിന് ധനവും മറ്റു ഭൗതിക വസ്തുക്കളും ഇല്ലാത്തവരും (നിയമ.15:7;24:14) ദാരിദ്ര്യം അനുഭവിക്കുന്നവരും (നിയമ. 28:48) ആണ് ദരിദ്രർ. സങ്കീർത്തനങ്ങളിൽ ദൈവവുമായി ബന്ധപ്പെടുത്തി പാപത്തിനും മറ്റു തിന്മയുടെ ശക്തികൾക്കും അധീനരായവരെ ദരിദ്രർ എന്നു വിളിക്കുന്നു (സങ്കീ. 9:18-19;12:5;69:23). ആരോഗ്യത്തിലും മാനസിക ശക്തിയിലും കഴിവുകുറഞ്ഞവരും അശരണരും ഈ ഗണത്തിൽപെടുന്നു (ജോബ് 24:28). ധനികരാൽ മർദിക്കപ്പെടുന്നവരും (ഏശ. 3:14) ദുഷ്ടരാൽ പീഡിപ്പിക്കപ്പെടുന്നവരും (സങ്കീ. 10:2) ദരിദ്രരാണ്.

ദരിദ്രർ അനുഗൃഹീതരാകുന്നു എന്ന സന്ദേശവുമായി തന്റെ പരസ്യജീവിതത്തിലേക്കു കടന്നുവന്ന ക്രിസ്തു പ്രഘോഷണം ചെയ്ത ദൈവരാജ്യത്തിന്റെ പ്രത്യേക അവകാശികളാണ് ദരിദ്രർ (മത്താ. 5:3; യാക്കോ. 2:5). ദരിദ്രരുടെ മിശിഹാ ദരിദ്രനായ മനുഷ്യൻ തന്നെയാണ്. ബത്‌ലെഹം (ലൂക്ക 2:7), നസറത്ത് (മത്താ.13:55), പരസ്യ ജീവിതം (മത്താ. 8:20), കാൽവരി (മത്താ. 27:35) എല്ലാം ക്രിസ്തു വരിച്ച ദാരിദ്ര്യത്തിന്റെ വിവിധ രൂപങ്ങളാണ്. ധനം അപകടങ്ങൾ സൃഷ്ടിക്കുമെന്ന് ഈശോ തന്റെ ശിഷ്യൻമാർക്കു മുന്നറിയിപ്പു നൽകി (മത്താ. 6:19; ലൂക്ക 8:14). തന്നെ അടുത്തനുഗമിക്കുന്നവർ യഥാർഥത്തിൽ ദരിദ്രർ ആകണമെന്ന് അവിടുന്ന് ആവശ്യപ്പെട്ടു. (മത്താ. 19:21-27).

ദരിദ്രനായി ജനിച്ച്, ദരിദ്രനായി ജീവിച്ച്, ദരിദ്രനായി മരിച്ച യേശുവിനെ മാതൃകയായി സ്വീകരിച്ച ജോൺ ദാരിദ്ര്യം തന്റെ അവകാശമാണെന്ന് പഠിച്ചറിഞ്ഞു. ഗുരുവിനെ പിഞ്ചെല്ലുവാൻ എല്ലാം പൂർണമായും ദൃഢമായും ത്യജിക്കണം.[1] അരൂപിയിലും യഥാർഥത്തിലും ദാരിദ്ര്യത്തിന് സാക്ഷ്യം വഹിക്കുവാൻ ഭൗതികവസ്തുക്കളുടെ ഉപയോഗത്തിൽ മിതത്വവും ലളിതമായ ജീവിതശൈലിയും രൂപപ്പെടുത്തണം. അവരുടെ നിക്ഷേപം സ്വർഗത്തിലായിരിക്കട്ടെ (മത്താ. 6:20). ദരിദ്രരെ സ്നേഹിച്ച തന്റെ ഗുരുവിനെ അനുകരിച്ച് ദരിദ്രരെ സഹായിക്കുവാൻ ശിഷ്യനും ജീവിതം ഉഴിഞ്ഞുവച്ചു. യേശുവിന്റെ മാതാപിതാക്കൾ ദരിദ്രരായിരുന്നു, അതുകൊണ്ട് സത്രത്തിൽ ഒരിടം ലഭിക്കുന്നതിനായുള്ള ചെലവുവഹിക്കുവാൻ അവർക്ക് സാധിക്കുമായിരുന്നില്ല. ഈ ദരിദ്രജനങ്ങളെ ബന്ധുമിത്രാദികൾ പരിഗ

ണിച്ചില്ല. എങ്കിലും ആ രാത്രി ചെലവഴിക്കുന്നതിനുമാത്രമല്ല, മേരിക്ക് തന്റെ മകന് ജന്മം നൽകുന്നതിനായി അവർക്ക് ഒരു സ്ഥലം ആവശ്യമായിരുന്നു. അവർക്കു ലഭിച്ച ദരിദ്രമായ ആ തൊഴുത്തിൽ ഒരു പശു മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് തെരുവീഥിയിലെന്നപോലെ യേശു ജനിച്ചു! അവന്റെ സിംഹാസനം അല്പം വയ്ക്കോലായിരുന്നു. ഞാനെപ്പോഴെങ്കിലും ഇങ്ങനെയുള്ള ദാരിദ്ര്യത്തിലോ, നിരാശ്രയത്വത്തിലോ ആയിട്ടുണ്ടോ? എന്നിട്ടിപ്പോഴും എന്റെ ആവശ്യങ്ങളെയും അത്യാവശ്യങ്ങളെയും പറ്റി പരാതി പറയുന്നു! അത്യാവശ്യവസ്തുക്കളുടെ അഭാവവും സ്വമനസാ നിന്നെ തരംതാഴ്ത്തുന്നതും, യേശു നിന്നെ സ്നേഹിക്കുന്നതിന്റെ അമൂല്യ ചിഹ്നമായിട്ടെടുക്കുക. ആട്ടിടയൻമാരാണ് ആദ്യം വിളിക്കപ്പെട്ടത്! ധനികരുടെയും ഭരണാധികാരികളുടെയും അടുത്തേക്കാണ് മാലാഖമാരെ അയച്ചിരുന്നതെങ്കിൽ അവർ ഘോഷയാത്രയായി വന്ന് യേശുവിനെ ആരാധിക്കുമായിരുന്നു. തീർച്ചയായും അവിടുന്ന് കൂടുതൽ ഇഷ്ടപ്പെടുന്നത് ദരിദ്രരെയാണ്... പാവപ്പെട്ടവരേയും ആകർഷണീയരല്ലാത്തവരേയും സ്നേഹിക്കുക; ധനികർക്ക് മറ്റു പലരുമുണ്ടാകും.[2]

ദാരിദ്ര്യത്തെപ്പറ്റിയുള്ള യേശുവിന്റെ പഠനം ജോൺ ശിരസാവഹിച്ചു. അത് ജീവിതത്തിൽ പ്രായോഗികമാക്കുവാൻ അതിയായി ആഗ്രഹിക്കുകയും ചെയ്തു. സ്വർഗഭാഗ്യം ലഭിക്കുന്നതിനുള്ള ആദ്യഘടകം ദാരിദ്ര്യമാണ്! ആത്മാവിൽ ദാരിദ്ര്യം അതായത് സമ്പത്തുണ്ടെങ്കിലും ദൈവസ്നേഹത്തെ പ്രതി ഏതു നിമിഷവും അത് വിട്ടുപേക്ഷിക്കുവാനാവശ്യപ്പെട്ടാൽ അതിന് സന്നദ്ധത പ്രകടിപ്പിക്കത്തക്ക വിധത്തിലായിരിക്കണം നാം അവ കൈകാര്യം ചെയ്യുന്നത്. അങ്ങയോടുള്ള സ്നേഹത്തെ പ്രതി എല്ലാം ഉപേക്ഷിക്കുവാൻ ദൈവമേ, ഞാൻ തയ്യാറായിരിക്കുന്നു. അനന്ത സ്നേഹമേ, അനന്ത നന്മയേ, എല്ലാറ്റിലുമുപരിയായി ഞാനങ്ങയെ സ്നേഹിക്കുന്നു. നമ്മുടെ ബലഹീനതയും ദുരാഗ്രഹവും വ്യക്തമായിട്ടറിയാവുന്ന യേശു, സ്വജീവിതത്തിലൂടെ ദാരിദ്ര്യത്തിന് ഉത്തമ മാതൃക നൽകി. യേശുവിന്റെ മാതാപിതാക്കൾ ദരിദ്രരായിരുന്നു; അവിടുത്തെ ജന്മസ്ഥലം-കാലിത്തൊഴുത്ത്, വളർന്ന നാട് -നസറത്ത്, സ്വീകരിച്ച ജോലി-ആശാരിപ്പണി, തെരഞ്ഞെടുത്ത ശിഷ്യന്മാർ-എല്ലാം ദരിദ്രമായിരുന്നു. തന്റെ പരസ്യജീവിത കാലത്ത് തല ചായ്ക്കുവാൻ യേശുവിന് ഒരു വീടില്ലായിരുന്നു, മരണത്തിനുമുമ്പ് അവിടുത്തെ വസ്ത്രംപോലും അപഹരിക്കപ്പെട്ടു. എന്റെ നല്ല ഗുരുവേ, അങ്ങേയ്ക്കു നന്ദി. നിത്യോപയോഗ സാധനങ്ങളുടെയും അത്യാവശ്യവസ്തുക്കളുടെയും അഭാ

വത്തിനായി ഞാൻ ഉത്ക്കടമായാഗ്രഹിക്കുന്നു. അങ്ങനെ ഞാൻ അങ്ങയുടെ തിരുഹൃദയത്തിന് അനുരൂപകനാകട്ടെ. ആവശ്യത്തില ധികമായി സാധനങ്ങൾ വാരിക്കൂട്ടുന്ന പ്രവണതയിൽ നിന്നും എന്നെ വിമുക്തനാക്കണമെ. അങ്ങനെ അങ്ങേക്കും അങ്ങേ ദിവ്യജനനിക്കും ഏറ്റവും പ്രിയപ്പെട്ട ഈ പുണ്യം ഞാനും അഭ്യസിക്കട്ടെ. യേശുവിനെ പ്രതി ദാരിദ്ര്യം സ്വീകരിക്കുന്നവർ എല്ലാ വിഘ്നാതങ്ങളും വിലങ്ങു കളും വലിച്ചെറിയുകയും തങ്ങളുടെ ദുരാഗ്രഹങ്ങളെ നിഗ്രഹിക്കു കയും ചെയ്തുകൊണ്ട് സ്വതന്ത്രമായി ഉന്നതത്തിലുള്ളവയെപ്പറ്റി ചിന്തിക്കുകയും ഈ ലോകത്തിൽ വച്ചുതന്നെ സ്വർഗീയാനുഭൂതി നേടുകയും ചെയ്യുന്നു. യാതൊന്നിന്റെയും അഭാവം അവർക്കനു ഭവപ്പെടുന്നില്ല. കാരണം അവരുടെ പിതാവ് അവരെപ്പറ്റി ശ്രദ്ധാ ലുവാണ്. അവിടുന്നു പറയുന്നു: ആദ്യം നിങ്ങൾ ദൈവരാജ്യം അന്വേ ഷിക്കുവിൻ... എത്രമാത്രം സന്തുഷ്ടമായ അവസ്ഥ. ഈ പുണ്യത്തിന്റെ മൂല്യം തിരിച്ചറിയുകയും അങ്ങയുടെ മകനിൽ നിന്നും അത് അനു ഭവിച്ചറിയുകയും ചെയ്ത അമ്മേ, മകൻ അങ്ങയുടെ മടിയിൽക്കിടന്നു വളർന്നപ്പോഴും, അങ്ങയുടെ കൂടെ ജോലി ചെയ്തപ്പോഴും, വചനം പ്രഘോഷിച്ചപ്പോഴും, കുരിശിൽ തുങ്ങിക്കിടന്നപ്പോഴുമെല്ലാം... ഇതിന്റെ മാഹാത്മ്യം ഞാൻ മനസ്സിലാക്കുകയും അനുകരിക്കുകയും ചെയ്യട്ടെ! സ്നേഹ ഈശോയേ, അങ്ങയുടെ ദാരിദ്ര്യം പിന്തുടരാമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.[3]

അധരപൂജയേക്കാൾ ജീവിതസാക്ഷ്യത്തിന് പ്രാധാന്യം നൽകിയ യേശു, താൻ പഠിപ്പിച്ച ദാരിദ്ര്യം ജീവിച്ചുകാണിച്ചു കൊടുത്തവ നാണ്. അടിച്ചമർത്തപ്പെട്ടവർക്കും ആവശ്യത്തിലിരിക്കുന്നവർക്കും അവിടുന്ന് നീതി നടപ്പിലാക്കുകയും ദൈവത്തിന്റെ പിതൃത്വം പ്രഘോ ഷിക്കുകയും ചെയ്തു (റോമ.14:17; 2 കൊറി.8:14-15). ആ യേശുവിനെ യാണ് ജോൺ തന്റെ ഗുരുവായി സ്വീകരിച്ചത്. ഗുരുവിനെ അനു കരിച്ച ശിഷ്യനും ദാരിദ്ര്യം തന്റെ ജീവിത നിയമമാക്കി മാറ്റി. ദാരി ദ്ര്യത്തെപ്പറ്റി പ്രസംഗിക്കുവാനുണ്ടായിരുന്ന യേശു അത്യഗാധമായ എളിമയിലും ദാരിദ്ര്യത്തിലും ജീവിച്ചു. അപൂർവം ചിലരിൽ പോലും കാണപ്പെടാത്ത ദാരിദ്ര്യം. തല ചായ്ക്കുവാൻ പോലും ഒരിടം ലഭിക്കാ തിരുന്ന അവിടുന്ന് കട്ടിലോ, കിടക്കയോ, പണമോ യാതൊന്നും അന്വേഷിക്കുന്നില്ല. സർവപ്രതാപത്തോടും, ശക്തിയോടും, മഹത്വ ത്തോടും കൂടി ലോകത്തെ വിധിക്കുവാൻ വരേണ്ട അവിടുന്ന് നമുക്കു നൽകിയിരിക്കുന്ന മാതൃക. ആ ശിശു തണുപ്പുകൊണ്ടു വിറയ്ക്കുന്നു.

എല്ലായിടത്തും ധനമോഹികളായ മനുഷ്യരാണ്. സുഖസന്തോഷങ്ങൾക്കുള്ള അഭയകേന്ദ്രമായി അത് ഉപയോഗിക്കുന്നു. എളിമയും ദാരിദ്ര്യവും ആശ്ലേഷിക്കുവാനുള്ള തീരുമാനം വളരെ നല്ലതാണ്. ഈ ഗുരുവിന്റെ ശിഷ്യനായ ഞാൻ എല്ലാ വസ്തുക്കളും സ്വമേധയാ സമർപ്പിച്ചു. എല്ലാം ഉണ്ടായിരിക്കുകയും ഒന്നും സ്വന്തമാക്കാതിരിക്കുകയും ചെയ്യുക. യഥാർഥമായ ദാരിദ്ര്യാരൂപി എനിക്കു നൽകണമേയെന്ന് ഞാൻ പ്രാർഥിച്ചു. അനാഥനായ ഞാൻ, എന്റെ ഗുരുവും രക്ഷകനും മാതൃകയുമായ ബാലനായ യേശുവിനെ അടുത്തനുഗമിക്കും.[4]

വീണ്ടും അവിടുന്നു പറയുന്നു: കുറുനരികൾക്കു മാളങ്ങളുണ്ട്... മനുഷ്യപുത്രനു തലചായ്ക്കുവാനിടമില്ല. കുറുനരികളുടെയും സ്രഷ്ടാവായ അങ്ങ്, അങ്ങേയ്ക്ക് ഒന്നുമില്ലാത്തപ്പോഴും അവയ്ക്ക് മാളങ്ങൾ നൽകി. നശ്വരവസ്തുക്കൾക്കുവേണ്ടി നാം ദാഹിക്കരുത്. ദൈവത്തെ ശുശ്രൂഷിക്കുന്നതിനുള്ള അവശ്യഘടകമാണ് ദാരിദ്ര്യമെന്ന് യേശു വ്യക്തമാക്കുകയും നല്ലൊരു മാതൃക നമുക്കു നൽകുകയും ചെയ്യുന്നു. ധനികർക്കു ശാപം. എന്തുകൊണ്ടെന്നാൽ ഈ ലോകത്തിൽ വച്ചുതന്നെ അവർക്ക് സന്തോഷവും ആശ്വാസവും ലഭിച്ചുകഴിഞ്ഞു. സമ്പന്നരെ വെറും കൈയോടെ അവിടുന്ന് പറഞ്ഞയച്ചു. സ്നേഹ ഈശോയേ, അങ്ങയുടെ ദാരിദ്ര്യം പിന്തുടരാമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.[5]

ദാരിദ്ര്യം ഉടയാടയായണിഞ്ഞ സ്ഥാപകപിതാവ് തന്റെ മക്കൾക്ക് ദാരിദ്ര്യത്തിന്റെ ജീവിക്കുന്ന മാതൃകയായിരുന്നു. ഒരു കാശ് സ്വന്തമായി സൂക്ഷിക്കുന്ന സന്യാസിനി ഒരു കാശിനും വിലയില്ലാത്തവളാകുന്നു[6] വെന്നും അനുവാദം കൂടാതെ സ്വന്തമായി ധനം സൂക്ഷിക്കുന്നതും സാധനങ്ങൾ മറ്റുള്ളവർക്കു കൊടുക്കുന്നതും സന്യാസ ദാരിദ്ര്യത്തിന് ചേരാത്തതാകുന്നുവെന്നും[7] അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു. അതുകൊണ്ട് ഇവിടെ നാം നിക്ഷേപം കൂട്ടരുത്. ഇവിടെ നാം അപരിചിതരും വഴിയാത്രക്കാരുമാണ്. ഏതു നിമിഷത്തിലും ദൈവം നമ്മെ വിളിക്കും. നിന്റെ ആത്മാവ് ഈ രാത്രിയിൽ നിന്നിൽ നിന്നും എടുക്കപ്പെടും. നമ്മുടെ നിക്ഷേപം സ്വർഗത്തിലായിരിക്കണം. അവിടെ ചിതലോ കള്ളനോ ഇല്ല. നമ്മുടെ ഹൃദയവും സംഭാഷണവും അവിടെയായിരിക്കണം.[8]

സുവിശേഷ ദാരിദ്ര്യ ചൈതന്യം ജീവിച്ച സ്ഥാപക പിതാവ് സിസ്റ്റേഴ്സിനെ ഈ പുണ്യം പരിശീലിപ്പിച്ചു. ഒരു സന്യാസിനിക്ക് ഒന്നിനോടും പ്രതിപത്തി പാടില്ലെന്നും[9] ദാരിദ്ര്യമെന്ന പുണ്യത്തെ

സ്നേഹിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു.[10] ലൗകിക സുഖങ്ങളോടും സന്തോഷങ്ങളോടും ഹൃദയത്തിലും മനസ്സിലും അകലം സൂക്ഷിക്കണമെന്നും[11] എല്ലാം മരണത്തിന് തൊട്ടുമുമ്പുള്ള പ്രവൃത്തിയെന്നപോലെ ചെയ്യണമെന്നും സംതൃപ്തമായ ജീവിതം നയിക്കണമെന്നും അദ്ദേഹം പ്രബോധനം നൽകി. അങ്ങനെ ഈശോയുടെ ദാരിദ്ര്യം സന്തോഷത്തോടെ ആശ്ലേഷിക്കുവാൻ[12] അവരെ പഠിപ്പിച്ചു.

മിതവ്യയശീലം പരിശീലിക്കുവാൻ അദ്ദേഹം ജനങ്ങൾക്ക് പ്രേരണ നൽകി. മദ്യപിച്ച് കുടുംബം നശിപ്പിക്കരുതെന്ന് അദ്ദേഹം ഉപദേശിച്ചു.[13]

ദാരിദ്ര്യത്തെ സ്നേഹിച്ച്
ദാരിദ്ര്യം പുണർന്ന്
ദാരിദ്ര്യത്തിൽ സന്തോഷിച്ച്
സംതൃപ്ത ജീവിതം നയിച്ച
ക്രിസ്തു ശിഷ്യൻ!

---

**അടിക്കുറിപ്പുകൾ**

1. Lights from heaven., December 1932.
2. Ibid., p.297.
3. Ibid., July 17, 18, 1904.
4. Ibid., December 14, 1932.
5. Ibid., July 18, 1904.
6. Confrences., 1946.
7. Confrences., 1946.
8. Lights from heaven., September 18, 1903.
9. Exhortations., Sr Rosily CSC, f. 90.
10. Ibid., Sr Corthuna CSC, 24 September, 1951, f. 94.
11. Ibid., Sr Corthuna CSC, 25 September, 1951, f. 97.
12. Ibid., Sr Corthuna CSC, June, 1951, f. 149.
13. Oral Testimony., Martha, Chiralayam.

## ഈശോയിൽ ഭക്തമായ ഹൃദയം

ദൈവരാജ്യത്തെപ്രതിയുള്ള ബ്രഹ്മചര്യം (മത്താ.19:12) ദൈവത്തിന്റെ മഹത്തായ പ്രസാദവരദാനമാണ്. ദൈവത്തോടും സകല മനുഷ്യരോടുമുള്ള സ്നേഹത്താൽ കൂടുതൽ കൂടുതൽ ഉജ്ജ്വലിക്കത്തക്കവണ്ണം ബ്രഹ്മചര്യം മനുഷ്യഹൃദയത്തെ പ്രത്യേകവിധം സ്വതന്ത്രമാക്കുന്നു (1 കൊറി. 7:32-35). ബ്രഹ്മചര്യം സ്വീകരിക്കുന്നവർ സ്വന്ത ശക്തിയിൽ അമിതമായി ആശ്രയിക്കാതെ ദൈവസഹായത്തിൽ ശരണപ്പെടുകയും ആശാനിഗ്രഹവും ഇന്ദ്രിയസംയമനവും അഭ്യസിക്കുകയും വേണം.[1]

വിഭക്തനാവാതെ ഭക്തനായിരിക്കുന്നവനാണല്ലോ ബ്രഹ്മചാരി. ബ്രഹ്മചാരി, ബ്രഹ്മത്തിൽ (ദൈവത്തിൽ) ചരിക്കുന്നവനാണ്. അവന്റെ ചിന്ത, വാക്ക്, പ്രവൃത്തി എല്ലാം ഈശ്വര തുല്യമായിരിക്കും. ദൈവത്തിനായി സമർപ്പിക്കപ്പെട്ടവനും ഇപ്രകാരം തന്നെയാണ്. അവൻ ദൈവത്തോടുകൂടി ചിന്തിക്കുകയും ദൈവത്തിനുവേണ്ടി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഈശ്വരസായൂജ്യമാണ് അവന്റെ ലക്ഷ്യം. ഈശോക്ക് സമ്പൂർണ സമർപ്പണം നടത്തിയ ജോൺ ബ്രഹ്മചാരിയായി ജീവിക്കുന്നതിനു ചില പ്രതിജ്ഞകളെടുക്കുകയും അവ അഭംഗുരം പാലിക്കുവാൻ അമ്മയുടെ സഹായം യാചിക്കുകയും ചെയ്തു. കണ്ണടക്കം പാലിക്കുക, ഭാവനയെ നിയന്ത്രിക്കുക, എല്ലാറ്റിലുമുപരിയായി നിന്റെ സ്നേഹപ്രകടനങ്ങൾ സൂക്ഷിക്കുക. പക്വതവരാത്ത ശിശുക്കളെപ്പോലെയാകരുത്; സ്നേഹം തേടിപ്പോകുകയുമരുത്. യേശുവും അമ്മയും നിന്നെ വളരെയധികം സ്നേഹിക്കുന്നുവെന്ന് ഓർക്കുക. യേശുവേ, നിന്നെക്കാൾ അധികമായി ഞാൻ ആരേയും സ്നേഹിക്കാതിരിക്കട്ടെ. അമ്മയെപ്പോലെയാകുന്നതിന് ഞാൻ പൂർണമായും ശുദ്ധിയുള്ളവനായിരിക്കണം. അമ്മ വളരെ പരിശുദ്ധയാണ്; ഞാനോ വളരെ അശുദ്ധനും. ഞാൻ പുരോഹിതനായി അഭിഷിക്തനാകുമ്പോൾ, തിരുസഭയുടെ മുമ്പാകെ ദൈവത്തോടു ചെയ്യുന്ന ഈ വ്രതം കാത്തുസൂക്ഷിക്കുവാൻ അമ്മേ, സഹായിക്കണമെ.[2]

സാർവത്രിക സ്നേഹത്തിനും അപ്പസ്തോലിക സംലഭ്യതയ്ക്കുമുള്ള സമർപ്പണമാണല്ലോ ബ്രഹ്മചര്യവ്രതം. പിതാവായ ദൈവത്തെയും മാനവരാശി മുഴുവനെയും ത്യാഗപൂർണമായ ജീവിതത്തിലൂടെ വ്രതബദ്ധമായി ശുശ്രൂഷിക്കുന്നതിനുള്ള വിളിയാണ് ജോൺ ബ്രഹ്മചര്യവ്രതം വഴി സ്വീകരിച്ചത്. എല്ലാവർക്കും ഹൃദയത്തിൽ

സ്ഥാനം നൽകുന്നതിനും അതിർവരമ്പുകളില്ലാതെ എല്ലാവരേയും സ്നേഹിക്കുന്നതിനും അവർക്കായി സ്വയം വ്യയം ചെയ്യുന്നതിനും ഇത് അദ്ദേഹത്തെ പ്രാപ്തനാക്കി. പരസ്പര സ്നേഹത്തിലൂടെ മാത്രമേ ഇതു ഫലമണിയൂ എന്ന് അദ്ദേഹം സ്വജീവിതത്തിലൂടെ തെളിയിച്ചു.

ബ്രഹ്മചര്യപാലനത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ചിന്താധാരകൾ ശ്രദ്ധേയമാണ്: ബ്രഹ്മചര്യ പാലനത്തിന് ശാരീരികാഭിലാഷങ്ങളുടെ നിയന്ത്രണം അത്യന്താപേക്ഷിതമാണ്. ഇവയെല്ലാം ജന്മനാതന്നെ എല്ലാ മനുഷ്യരിലും നിക്ഷിപ്തമായിട്ടുണ്ട്. അതുകൊണ്ട് ശാരീരികാഭിലാഷങ്ങളുടെ സ്വാധീനം ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ എല്ലാ മനുഷ്യരിലുമുണ്ട്. ഈ സമർപ്പണം നടത്തുവാൻ ആരും നിർബന്ധിതരാകുന്നില്ല. എന്നാൽ ഒരിക്കൽ സമർപ്പണം നടത്തിയതിനുശേഷം ആരും അത് ദൈവദൂഷണമാക്കി മാറ്റരുത്. ഇതിന് തപസ്സ് ആവശ്യമാണ്.[3] ഒരു ബ്രഹ്മചാരി എഴുതുന്ന എഴുത്തു പോലും അത് പ്രതിഫലിപ്പിക്കണമെന്ന് അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു. ആരെയും സ്പർശിക്കരുതെന്നും സ്പർശിക്കുവാൻ ആരെയും അനുവദിക്കരുതെന്നും അദ്ദേഹം നിഷ്കർഷിച്ചിരുന്നു. അന്യവർഗക്കാരുമായുള്ള ബന്ധത്തിൽ–അവർ രക്തബന്ധമുള്ളവരായാൽ പോലും–സൂക്ഷിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ഇത് വളരെ വലിയ ത്യാഗമാണ്. എന്നാൽ അനുഗ്രഹീതവുമാണ്. കാരണം വെഞ്ചരിക്കപ്പെട്ട തിരിയിൽ നിന്നു പോലും തീപ്പിടുത്തമുണ്ടാകാം.[4]

ബ്രഹ്മചര്യപാലനം സുഗമമാക്കുന്നതിനായി അദ്ദേഹം പരിത്യാഗ പ്രവൃത്തികൾ ചെയ്യുകയും പരിഹാരമനുഷ്ഠിക്കുകയും കൂടെക്കൂടെ വിലയിരുത്തുകയും ചെയ്തിരുന്നു.[5] പ്രായശ്ചിത്തമനുഷ്ഠിക്കുന്നതിന്റെ ഭാഗമായി അദ്ദേഹം മുള്ളരഞ്ഞാണം ഉപയോഗിച്ചിരുന്നു. ഈ വ്രതത്തിന്റെ അഴകും അർഥവും ആഴവും അദ്ദേഹം സിസ്റ്റേഴ്സിനെ പഠിപ്പിച്ചു.[6] തൂണിൽ കെട്ടപ്പെട്ട് ചമ്മട്ടിയടിയേറ്റ ഈശോയെ ധ്യാനിച്ചുകൊണ്ട് പ്രലോഭനങ്ങൾ അതിജീവിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു.[7]

ഈ പുണ്യത്തെ ദൈവവും മനുഷ്യനും വിലമതിക്കുന്നു. പല പ്രതിബന്ധങ്ങളും ഇത് ഇല്ലാതാക്കുകയും, വളരെ വലിയ വിലയും പ്രതിഫലവും പ്രദാനം ചെയ്യുകയും ചെയ്യുന്നു.[8]

വിശാലമായ ആ ഹൃദയത്തിൽ എല്ലാവർക്കും സ്ഥാനമുണ്ടായിരുന്നു. അതേ, അദ്ദേഹം എല്ലാവരുടേയും പിതാവായിരുന്നു.

ബ്രഹ്മത്തിൽ ചരിച്ച്
ബ്രഹ്മത്തിൽ ജീവിച്ച്
ബ്രഹ്മസായൂജ്യത്തിലെത്തി
വിശ്വം മുഴുവൻ ഉള്ളത്തിലുൾക്കൊണ്ട
വിശ്വമാനവികതയുടെ ആൾരൂപം!!

---

## അടിക്കുറിപ്പുകൾ

1. II Vat. Council., Perfectae Caritatis-12.
2. Light from heaven., December 15, 1906.
3. Ibid., December 12, 1903.
4. Ibid., December 12, 1903.
5. Ibid., pp. 351, 380.
6. Exhortations., Sr Corthuna CSC , June 1951, f. 150.
7. Exhortations., Sr Alberta CSC, June 1951, f. 19.
8. Lights from heaven., December 12, 1903.



CLEMENS PAGNANI, O. S. B.
DEI ET APOSTOLICAE SEDIS GRATIA,
EPISCOPUS KANDIENSIS.

Universis et singulis praesentes litteras inspecturis notum facimus atque testamur quod anno a Nativitate Domini millesimo nongentesimo quinto, die vigesima tertia Decembris, Sabbato quatuor temporum,

Ordines celebrantes, dilectum nobis in Christo Joannem Ekken, ex Vicariato Apostolico Trichurensi, et hujus Pontificii Seminarii alumnum

in aetate, moribus et vita, natalibusque, ac doctrina examinatum, et idoneum in omnibus requisitis repertum et a suo Ordinario dimissum, ad Sacrum Subdiaconatus Ordinem, titulo missionis,

rite et canonice promovimus. In quorum fidem has litteras, nomine sigilloque nostro munitas, dedimus Kandy. die, mense, et anno ut supra.

+ D. Clemens O. S. B
Ep. Kandiensis

Certificate Sub diacanate

# 9

# സാന്മാർഗിക പുണ്യങ്ങൾ ജീവിതത്തിൽ

ദൈവിക പുണ്യങ്ങളിൽ വളരുകയും സുവിശേഷോപദേശങ്ങൾ ജീവിത ബന്ധിയാക്കുകയും ചെയ്ത ഊക്കനച്ചൻ സാന്മാർഗിക പുണ്യങ്ങൾ ആർജിച്ചെടുത്തു. അദ്ദേഹം വിവേകമതിയും നീതിമാനും ധൈര്യശാലിയും അച്ചടക്കബോധമുള്ളവനുമായിരുന്നു.

## വിവേകമതിയായ ഊക്കനച്ചൻ

വാക്കിലും പ്രവൃത്തിയിലും അജപാലന ശുശ്രൂഷകളിലും വിവേക സമ്പന്നനായ ഒരുവ്യക്തിയെയാണ് ജനം ഊക്കനച്ചനിൽ ദർശിച്ചത്. ഇടവകകളിലെ അജപാലനപരമായ പല പ്രശ്നങ്ങളും പരിഹരിക്കുവാൻ സഭാധികാരികൾ നിയോഗിച്ചത് ഊക്കനച്ചനെയാണ്. ഇതിനുള്ള പ്രത്യക്ഷമായ തെളിവുകളാണ് അരണാട്ടുകര സെിമിത്തേരി പ്രശ്നം,[1] ഇയ്യാലിലെ തിരുനാൾ പ്രശ്നം[2] എന്നിവ സമാധാനപരമായി പരിഹരിക്കാനായതു്. ഇവയൊക്കെ പലതിൽ ചിലതുമാത്രം. എടുത്തുചാടിപ്രവർത്തിക്കുന്ന ഒരു സന്ദർഭംപോലും ഊക്കനച്ചന്റെ ജീവിതമാകുന്ന പുസ്തകത്തിന്റെ ഏടുകളിൽ കാണാനാവുകയില്ല. ഒരു കത്തോലിക്ക പുരോഹിതനായ അദ്ദേഹത്തെ ഹിന്ദുക്കൾ ഭൂരിപക്ഷമുള്ള ഒരു പഞ്ചായത്തിൽ പലവട്ടം പഞ്ചായത്ത് പ്രസിഡണ്ടായി തെരഞ്ഞെടുത്തത് അദ്ദേഹം വിവേകപൂർവം പക്വ

മതിയായി തീരുമാനങ്ങളെടുത്ത് പ്രവർത്തിച്ചിരുന്നതുകൊണ്ടാണ്.[3] സംഘട്ടനം ഉളവാക്കാമായിരുന്ന സന്ദർഭങ്ങളിൽ ഊക്കനച്ചന്റെ വിവേകം പ്രശ്നപരിഹാരത്തിന് കാരണമായതിന് സാക്ഷ്യം വഹിച്ച സംഭവങ്ങളാണ് കുന്ദംകുളത്തെ കാവടി പ്രശ്നം,[4] പാലയൂരിലെ വൈലത്തൂർക്കാരനായ ജോൺ മാസ്റ്ററുടെ പ്രശ്നം[5] എന്നിവ. കത്തിക്കാളുന്ന പ്രശ്നങ്ങളിൽ ഊക്കനച്ചന്റെ വിവേകപൂർണമായ ഇടപെടൽ സമാധാനാന്തരീക്ഷം സംജാതമാക്കുവാൻ പോന്നവയായിരുന്നു. ചൊവ്വന്നൂരിലെ അനാഥശാലയിൽ അസന്മാർഗിക ജീവിതം നയിച്ചിരുന്ന സ്ത്രീകളെ താമസിപ്പിച്ചിരുന്നപ്പോൾ പ്രായമായ രണ്ട് സ്ത്രീകൾക്കാണ് അവരുടെ ചുമതല നൽകിയത്. ഈ വിവേക സമ്പന്നത പരിഹാസ ശരങ്ങളുടെ മുനയൊടിക്കുവാൻ സഹായകമായി.[6]

സന്യാസിനി സമൂഹത്തിന്റെ ആരംഭ കാലഘട്ടത്തിൽ ആത്മീയമായും ഭൗതികമായും അതിനെ രൂപപ്പെടുത്തുന്നതിലും വളർത്തുന്നതിലും അദ്ദേഹം വളരെയധികം വിവേകമതിയായിരുന്നു. തന്റെ മക്കൾ വിവേക സമ്പന്നരായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. വികാരാവേശത്താൽ എടുത്തുചാടി ഒന്നും പ്രവർത്തിക്കരുതെന്നും പ്രാർഥിച്ച്, ആലോചിച്ചു മാത്രമെ പ്രവർത്തിക്കാവൂ എന്നും അദ്ദേഹം അവരെ ഉപദേശിച്ചു. ഇത് പരിശുദ്ധാത്മാവിന്റെ ദാനവും എല്ലാ പുണ്യങ്ങളുടെയും കാമ്പുമാണെന്ന് അദ്ദേഹം പ്രബോധനം നൽകി.[7] എപ്പോഴും വളരെ വിവേക സമ്പന്നനായിട്ടാണ് അവർ തങ്ങളുടെ വത്സല പിതാവിനെ ദർശിച്ചത്. എത്ര ബുദ്ധിമുട്ടേറിയ പ്രശ്നവും വളരെ വിവേകപൂർവം പരിഹരിക്കുവാൻ അദ്ദേഹത്തിന് അറിയാമായിരുന്നു[8] എന്ന് സി. ഫബിയോള CSC അനുസ്മരിക്കുന്നു.

---

### അടിക്കുറിപ്പുകൾ

1. Souvenir Adaranjali., pp. 7-11.
2. Ibid., pp. 25-28.
3. Oral Testimony., Mr Varghese Muringathery.
4. Souvenir Adaranjali., pp. 7-11.
5. Ibid., pp. 49-50.
6. Oral Testimony., f. 60.
7. Exhortations., Sr Corthuna CSC, June 1951, f. 172.
8. Written Testimony., Sr Fabiola CSC, f. 21.

## നീതി ബോധം

ജീവിതത്തിലുടനീളം നീതിമാനായിരിക്കുവാൻ ഊക്കനച്ചൻ വളരെയധികം ശ്രദ്ധചെലുത്തിയിരുന്നു. ഓരോരുത്തർക്കും അവർക്കർഹിക്കുന്നത് നൽകണമെന്ന് അദ്ദേഹത്തിന് നിർബന്ധവുമുണ്ടായിരുന്നു. ദൈവത്തോടുള്ള തന്റെ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ അദ്ദേഹം നീതി പുലർത്തിയിരുന്നു. ഇടവക ജനത്തോടും ദേവാലയ ശുശ്രൂഷികളോടും സന്യാസിനി സമൂഹത്തിലെ സഹോദരിമാരോടുമുള്ള ഉത്തരവാദിത്വ നിർവഹണത്തിൽ അദ്ദേഹം നീതിപുലർത്തി. മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. നാട്ടു മുതലാളിമാരിൽ നിന്ന് കൊള്ളപ്പലിശക്ക് കടം വാങ്ങി നശിച്ച ഗ്രാമീണരെ ഉദ്ധരിക്കുന്നതിനായി അദ്ദേഹം ചെയ്ത പരിശ്രമങ്ങൾ സമൂഹത്തിലും സമുദായത്തിലും പ്രദേശത്തും നീതി സംജാതമാക്കുവാൻ ഏതു വെല്ലുവിളികളേയും അതിജീവിക്കാനുള്ള അദ്ദേഹത്തിന്റെ ധീരതയും ആത്മീയജ്ഞാനത്തിൽ നിന്നും ഉയിർക്കൊണ്ട നീതിബോധവുമാണ് വ്യക്തമാക്കുന്നത്.

ദൈവത്തോട് നീതി പുലർത്തുവാനുള്ള അദ്ദേഹത്തിന്റെ സ്ഥിരവും സ്ഥായിയുമായ തയ്യാറെടുപ്പുകൾ പ്രശംസനീയമാണ്. ദൈവത്തോടുള്ള തന്റെ കടമകൾ നിർവഹിക്കുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. അങ്ങനെ ദൈവവുമായുള്ള ബന്ധത്തിൽ അദ്ദേഹം നീതി പുലർത്തി. 1923 ആഗസ്റ്റ് മാസം തൃശൂർ സേക്രഡ് ഹാർട്ട് cmc മഠത്തിലെ സിസ്റ്റേഴ്സിനെ ധ്യാനിപ്പിക്കുന്നതോടുകൂടി ഊക്കനച്ചനും ധ്യാനിക്കുകയുണ്ടായി. അപ്പോഴെടുത്ത തീരുമാനങ്ങൾ ഇതിന്റെ വ്യക്തമായ ചിത്രം നൽകുന്നുണ്ട്. അദ്ദേഹത്തിന്റെ തീരുമാനങ്ങൾ ഇപ്രകാരമായിരുന്നു:

- പ്രഭാതത്തിൽ അഞ്ച് മണിക്കെഴുന്നേറ്റ് അരമണിക്കൂർ ധ്യാനിക്കുന്നതിനുള്ള സമയം കണ്ടെത്തണം.
- പ്രത്യേക ആത്മപരിശോധന പരിശീലിക്കുവാൻ ശ്രമിക്കുക.
- മാസാദ്യ വെള്ളിയാഴ്ചയിലെ ഒരു മണിക്കൂർ ആരാധന ഗൗരവമായിട്ടെടുക്കുകയും ആഘോഷമായ പാട്ടുകുർബാന പാടുകയും വേണം.
- ഈശോയുടെ തിരുഹൃദയത്തോടുള്ള സ്നേഹവും ഉപേക്ഷിക്കപ്പെട്ട ആത്മാക്കളോടുള്ള തീക്ഷ്ണതയും മൂലം വീരോചി

തമായ പ്രവൃത്തികൾ ചെയ്യണം. അത് നവീകരിക്കുകയും വേണം.[1]

ഈ പ്രതിജ്ഞകളെല്ലാം ദൈവത്തോടുള്ള കടമകൾ പൂർത്തീകരിക്കുവാനുള്ള അദ്ദേഹത്തിന്റെ മനോഭാവമാണ് വ്യക്തമാക്കുന്നത്. ദിവസവും രാവിലെയുള്ള അരമണിക്കൂർ ധ്യാനം ദൈവവുമായി സ്നേഹസംഭാഷണം നടത്തുന്നതിനുള്ള ഏറ്റവും നല്ല മാർഗമായി അദ്ദേഹം പരിഗണിച്ചു. അതുപോലെ മാസാദ്യവെള്ളിയാഴ്ചയിലെ ഒരു മണിക്കൂർ ആരാധന ദൈവവുമായുള്ള സ്നേഹബന്ധം ആഴപ്പെടുത്തുവാനുള്ള ഏറ്റവും നല്ല ഉപാധിയായി അദ്ദേഹം തിരിച്ചറിഞ്ഞു. ദൈവത്തോട് നീതിപുലർത്തണമെന്ന ധാർമിക കാഴ്ചപ്പാട് അദ്ദേഹത്തിന് എപ്പോഴുമുണ്ടായിരുന്നു.

മറ്റുള്ളവരോടുള്ള ഊക്കനച്ചന്റെ മനോഭാവവും ബന്ധവും അദ്ദേഹം പ്രായോഗികമാക്കിയ നീതിയുടെ തിരശ്ചീന തലമാണ്. 1913 സെപ്തംബർ 28-ാം തീയതി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെ: പണമിടപാടുകളിൽ നീതി പുലർത്തുകയും ആരെയും അമിതമായി സ്നേഹിക്കുകയോ സ്നേഹം തേടി ആരുടെയെങ്കിലും പക്കൽ പോകുകയോ ഇല്ല.[2] മറ്റുള്ളവരുടെ അവകാശങ്ങൾ ആദരിക്കുന്ന, അവരുമായുള്ള ബന്ധങ്ങളിൽ സമചിത്തത പാലിക്കുന്ന അദ്ദേഹത്തിന്റെ മനോഭാവമാണ് ഇത് വ്യക്തമാക്കുന്നത്. സ്വയം ക്രമീകരണങ്ങൾ വരുത്തി അധികാരികളെ അനുസരിക്കണമെന്ന് 1922-ൽ സെന്റ് തോമസ് കോളേജിലായിരിക്കുമ്പോൾ അദ്ദേഹം കുറിച്ചുവച്ചു. സാമ്പത്തിക നഷ്ടം സഹിച്ചുകൊണ്ടായാലും മറ്റുള്ളവരുമായി ഐക്യത്തിലും സ്നേഹത്തിലും ആദരവിലും കഴിയണമെന്നും അദ്ദേഹം തീരുമാനിക്കുന്നുണ്ട്.[3] 1924-ൽ കുറിച്ചു വക്കുന്നത് ഇപ്രകാരമാണ്: ആരോടും വിരോധം തോന്നാതിരിക്കുകയും വേദനിപ്പിക്കുന്നവർക്കുവേണ്ടി ആത്മാർഥമായി പ്രാർഥിക്കുകയും വേണം.[4] അദ്ദേഹത്തിന്റെ ഈ മനോഭാവം ദൈവത്തോടും സഹജരോടും നീതി പുലർത്തണമെന്ന സാന്മാർഗിക ദർശനത്തിനുള്ള വ്യക്തമായ സാക്ഷ്യമാണ്.

സെമിനാരി പരിശീലന കാലഘട്ടത്തിൽ നീതിയെയും സമത്വത്തെയും പറ്റി ധ്യാനിക്കുമ്പോൾ മലബാറിന്റെ തീരപ്രദേശങ്ങളിൽ അസമത്വത്തിൽ കഴിയുന്നവരുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുവാൻ എന്തു ചെയ്യാനാകുമെന്ന് സ്വയം ചോദിക്കുന്നുണ്ട്. നല്ലൊരു സാമൂഹ്യ

വ്യവസ്ഥിതി സംജാതമാക്കുവാൻ വിശുദ്ധ പീറ്റർ ക്ലാവറിന്റെ മാധ്യസ്ഥ്യം യാചിക്കുന്നുമുണ്ട്. അടിമത്വം അവസാനിപ്പിച്ച് വിശ്വസാഹോദര്യം സ്ഥാപിക്കുവാനാണ് ഈശോ വന്നത് [5] എന്നും അദ്ദേഹം രേഖപ്പെടുത്തുന്നു.

തീരദേശങ്ങളിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന അനീതിയും അസമത്വവും അടിമത്വവും അദ്ദേഹത്തെ വളരെയധികം അസ്വസ്ഥനാക്കി. രണ്ടാഴ്ചകൾക്കുശേഷം വീണ്ടും മലബാറിൽ അടിമത്വം അനുഭവിക്കുന്ന ജനതയുടെ ശോചനീയാവസ്ഥ അവസാനിപ്പിക്കുന്നതിനായി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം അദ്ദേഹം യാചിച്ചിരുന്നു[6] എന്ന് ഡയറി വ്യക്തമാക്കുന്നു.

പരസ്നേഹചൈതന്യത്തിന്റെ അടിസ്ഥാന ഗുണമാണ് നീതിബോധമെന്ന് അദ്ദേഹം സിസ്റ്റേഴ്സിനെ പഠിപ്പിച്ചു. വാക്കിലും പ്രവൃത്തിയിലും സമൂഹത്തിൽ നീതിയുള്ളവരായിരിക്കണമെന്ന് അദ്ദേഹം ഉപദേശിക്കുകയും[7] ചെയ്തു. ഊക്കനച്ചൻ നീതി നടപ്പാക്കുമെന്ന് ബോധ്യമുണ്ടായിരുന്നതുകൊണ്ട് കുടുംബപ്രശ്നങ്ങളും വഴക്കും അവസാനിപ്പിക്കുന്നതിന് ജനം അദ്ദേഹത്തെയാണ് സമീപിച്ചിരുന്നതെന്ന് ഇയ്യാലിലെ എടക്കളത്തൂർ ഇ.വി. ഫ്രാൻസിസ് അനുസ്മരിക്കുന്നു[8].


തറവാട്ടു സ്വത്ത് വിഭജനത്തിലുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇരുപത് വർഷങ്ങൾക്കുശേഷം തന്റെ മുൻ വികാരിയായ ഊക്കനച്ചൻ പരിശ്രമിക്കുകയും സമാധാനാന്തരീക്ഷം സംജാതമാക്കുകയും ചെയ്തു[9] എന്ന് മാർ പോൾ ചിറ്റിലപ്പിള്ളി സാക്ഷ്യപ്പെടുത്തുന്നു.

സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും നൽകണമെന്ന് അദ്ദേഹം സിസ്റ്റേഴ്സിനെ പഠിപ്പിച്ചു. മറിച്ചു ചെയ്യുന്നത് അനീതിയും അവിശ്വസ്തതയുമാണെന്നും ദിവ്യകാരുണ്യ ആരാധനയിലൂടെ പരിഹാരം ചെയ്യണമെന്നും ഉപദേശിച്ചു. എല്ലാവരോടും എപ്പോഴും നീതിയും ആത്മാർഥതയും ഉള്ളവരായിരിക്കണമെന്ന് അദ്ദേഹം പ്രബോധനം നൽകുകയും തെറ്റുകൾ തിരുത്തുകയും ചെയ്തു[10].

വലിപ്പ ചെറുപ്പ ഭേദമെന്യെ, ദരിദ്ര സമ്പന്ന വ്യത്യാസമില്ലാതെ എല്ലാവർക്കും നീതി ലഭ്യമാക്കണമെന്നത് ഊക്കനച്ചന്റെ ശമിക്കാത്ത ദാഹമായിരുന്നു. തന്റെ ഇടവകജനവും നീതിബോധമുള്ളവരായിരിക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും പഠിപ്പിക്കുകയും ചെയ്തു.[11]

## അടിക്കുറിപ്പുകൾ

1. Lights from heaven., August 20-25, 1923, pp. 349-350.
2. Ibid., September 28, 1913, p. 340.
3. Ibid., September 4, 1922, p. 344.
4. Ibid., September 2-7, 1924, p. 351.
5. Ibid., September 9, 1904, p. 251.
6. Ibid., September 24, 1904, p. 255.
7. Exhortations., Sr Corthuna CSC, June 1951, f. 34.
8. Oral Testimony., ff. 18-19, E V Francis, Edakkalathur, Eyyal.
9. Souvenir Adaranjali., p. 21.
10. Written Testimony., f. 32, Sr Savio CSC.
11. Oral Testimony., Mr Kochappan Muringathery.



CLEMENS PAGNANI, O. S. B.
DEI ET APOSTOLICAE SEDIS GRATIA,
EPISCOPUS KANDIENSIS.

Universis et singulis praesentes litteras inspecturis notum facimus atque testamur quod anno a Nativitate Domini millesimo nongentesimo sexto, die vigesima secunda Decembris, Sabbato Quatuor Temporum Ordines celebrantes, dilectum nobis in Christo Joannem Ukken ex Vicariatu Apostolico Trichurensi, et Seminarii Pontificii alumnum in aetate, moribus et vita, natalibusque, ac doctrina examinatum, et idóneum in omnibus requisitis repertum et a suo Ordinario dimissum ad Sacrum Diaconatus Ordinem rite et canonice promovimus. In quorum fidem has litteras, nomine sigilloque nostro munitas, dedimus Kandy die, mense, et anno ut supra.

+ D. Clemens O.S.B
Ep. Kandiensis

Certificate Diacanate

## ആത്മധൈര്യം

പൊതു സമൂഹത്തിന്റെ നന്മക്കുവേണ്ടി ശക്തമായ തീരുമാന ങ്ങളെടുക്കുവാനുള്ള ആത്മധൈര്യം ഊക്കനച്ചനുണ്ടായിരുന്നു. വിമർശനങ്ങളുണ്ടാകുമെന്നോ, ചെറിയൊരു ഗണം പരിഹസിക്കു മെന്നോ അദ്ദേഹം ഭയപ്പെട്ടില്ല.[1] സ്വന്തം കാര്യത്തിലും സ്വന്തം സ്വഭാവ പ്രവണതകളെ നിയന്ത്രിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും വളരെ ദൃഢവും ശക്തവുമായ തീരുമാനങ്ങളെടുക്കുന്നതിനുള്ള ആത്മ ധൈര്യവും അദ്ദേഹം പ്രകടമാക്കി. ഭൗതിക സഹനങ്ങൾ സ്വീകരി ക്കുന്നതിലും ആത്മീയമായ അസ്വസ്ഥതകൾ അതിജീവിക്കുന്നതിലും ഇതേ മനോഭാവം തന്നെയാണ് അദ്ദേഹം സ്വീകരിച്ചത്. സെമിനാരി ജീവിതം കഴിഞ്ഞ് 25 വർഷം പിന്നിട്ടപ്പോൾ ഈശോയുടെ പൂർണ തയുമായി താരതമ്യം ചെയ്ത് താനൊരു കളങ്കമാണ്, നീചനാണ്, മുറിവേറ്റവനാണ് എന്നൊക്കെ ഏറ്റുപറയുന്നുണ്ട്.[2] തുടർന്ന് ജൂബി ലിക്കുമുമ്പുള്ള ധ്യാനാവസരത്തിൽ അദ്ദേഹം എഴുതുന്നതിങ്ങനെ: എന്റെ പാപങ്ങൾ അത്രക്ക് മനോവേദനയുണ്ടാക്കുന്നതും എണ്ണമറ്റ വയുമാണ്. ഞാൻ അങ്ങേയറ്റം വേദനിച്ചു. പരിഹാരമനുഷ്ഠിക്കാതെ ഞാൻ മരിക്കരുതേയെന്നു പ്രാർഥിച്ചു.ഇത്രയും വലിയതെറ്റുകൾക്ക് -സ്രഷ്ടാവിനോടും സൃഷ്ടികളോടും ചെയ്ത നന്ദിഹീനതക്ക്- മദുബഹായിൽ വച്ചുതന്നെ പരിഹാരമനുഷ്ഠിക്കണം[3].

അദ്ദേഹം തീരുമാനങ്ങൾ എടുത്ത വിധവും നടപ്പാക്കിയ രീതിയും ശ്രദ്ധേയമാണ്. സെന്റ് തോമസ് കോളേജിലെ പ്രധാനപ്പെട്ട ജോലിയിൽ നിന്ന് പിന്മാറുവാൻ 1925-ൽ അദ്ദേഹം തീരുമാനിച്ചു. കോളേജിൽ അഭിമുഖീകരിക്കേണ്ടി വന്ന പ്രശ്നങ്ങൾ വെളിപ്പെടു ത്തേണ്ടതില്ലെന്നും അദ്ദേഹം തീരുമാനിക്കുകയുണ്ടായി.[4] അദ്ദേഹം തന്റെ തീരുമാനം പാലിക്കുകയും ആരോടും ഒരിക്കലും ഇതെപ്പറ്റി ഒന്നും പറയുകയും ചെയ്തില്ല. അതുകൊണ്ട് ആ പ്രശ്നങ്ങൾ എന്താ യിരുന്നുവെന്നോ ആരുമൂലമായിരുന്നുവെന്നോ നമുക്കും അജ്ഞാ തമാണ്.


ഭയം നിർമാർജനം ചെയ്ത് ആത്മധൈര്യമുള്ളവരാകുവാൻ മറ്റുള്ളവരെയും അദ്ദേഹം പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അപ്രകാരംതന്നെ സിസ്റ്റേഴ്സിനെയും പരിശീലിപ്പിച്ചു. എല്ലാ ബുദ്ധിമുട്ടുകളും പ്രതികൂലസാഹചര്യങ്ങളും രോഗങ്ങളും അസ്വസ്ഥതകളും സഹനങ്ങളും ധീരതയോടെ അഭിമുഖീകരിച്ച് സന്തോഷത്തോടുകൂടി സ്വീകരിച്ചാൽ പരിപൂർണതയിലേക്ക് വളരു

വാൻ സഹായിക്കുമെന്ന് അദ്ദേഹം പ്രബോധനം നൽകി. അതുകൊണ്ട് ഇപ്രകാരമുള്ള യാതൊന്നും തള്ളിക്കളയരുത്[5] എന്ന് അദ്ദേഹം ഉപദേശിച്ചു.

---

## അടിക്കുറിപ്പുകൾ

1. Oral Testimony., ff. 5-6, Mrs Annie Kochappan.
2. Lights from heaven., December 11, 1932, p. 360.
3. Ibid., December 12, 1932, p. 361.
4. Ibid., September 4, 1922, p. 344.
5. Exhortations., Sr Corthuna CSC, June 1951, f. 40.



ഫോറം ൨

റെജിസ്റ്റർ നമ്പ്ര 2843/B

ദൈവകൃപയാലെയും ശ്ലീഹാസ്ഥാനത്ത സിംഹാസനത്തിന്റെ

മനോഗുണത്താലെയും

പാലൂസിന്റെ

മെത്രാനും തൃശ്ശൂർ വികാരി അപ്പൊസ്തൊലിക്കായും ആയ

നാം

മേനാച്ചേരി യോഹന്നാൻ

മെത്രാൻ

നമ്മുടെ ശ്ലീഹാസ്ഥാനത്ത വികാരിയാത്തിലുൾപ്പെട്ട
ബ. പട്ടക്കാർക്ക കൊടുക്കുന്ന അനുവാദങ്ങൾ.

മിശിഹായിൽ സ്നേഹിക്കപ്പെട്ട . . . [illegible] . . . ഇതിന്റെ താഴെ വിവരിച്ച നിശ്ചയപ്പെടുത്തിയിരിക്കുന്ന പ്രകാരമായി ൩ം അനുവാദങ്ങൾ നാം തന്നിരിക്കുന്നു.

൧. ദിവ്യപൂജ അണെക്കുന്നതിന്നും, ദൈവവചനം പ്രസംഗിക്കുന്നതിന്നും, പരിശുദ്ധ ഊഴിയം നടത്തുന്നതിന്നും (കുമ്പസാരിപ്പിക്കുന്നതിന്നുള്ള അനുവാദം ഇതിൽ ഉൾപ്പെടുകയില്ല.)

൨. കർമ്മലമാതാവിന്റെയും അമലോത്ഭവമാതാവിന്റെയും വെന്തീഞ്ഞ ഏല്പിക്കുന്നതിന്നും മരണനെരത്തിൽ ഇവക്കുള്ള ദോഷപൊറുതി കൊടുക്കുന്നതിന്നും.

൩. പള്ളിക്കടുത്തതും കുർബാനക്ക പെരുമാറുന്നതുമായ ചീലവെഞ്ചനാദികളെ വെഞ്ചരിക്കുന്നതിന്നും.

൪. കൊന്തകൾ, കുരിശുകൾ, കാശുരൂപങ്ങൾ, ശുദ്ധമാകപ്പെട്ടവരുടെ ചെറിയ കൊത്തുരൂപങ്ങൾ എന്നവയെ വെഞ്ചരിക്കുന്നതിന്നും വിശുദ്ധ സിംഹാസനം നൽകിയിരിക്കുന്ന ദോഷപൊറുതി ഇവയ്ക്കു കൊടുക്കുന്നതിന്നും.

൫. തിരുസ്സഭയുടെ ഒരുമ്പാടിൽ മരിക്കുന്നവർക്ക പാട്ടണ്ടെങ്കിൽ കുമ്പസാരവും കുർബാന കൈക്കൊള്ളപ്പാടും കഴിഞ്ഞശേഷം മരണസമയത്തിൽ ഇങ്ങിനെയുള്ളവർക്ക ശുദ്ധ: മാർപ്പാപ്പാ കല്പിച്ചിരിക്കുന്ന ദോഷപൊറുതി കൊടുക്കുന്നതിന്നും.

൬. തക്ക കാരണങ്ങളെപ്പറ്റി സാധാരണ നേർച്ചകളെ മാററി ഭക്തിക്കടുത്ത പ്രവൃത്തിയായി പകർത്തി കല്പിക്കുന്നതിന്നും, ഘനമായ കാരണത്തെപ്പററി അയത്തു മാപ്പുചെയ്യുന്നതിന്നും.

Permissions

## ആത്മനിയന്ത്രണം

ജീവിതത്തിലുടനീളം ഊക്കനച്ചൻ അച്ചടക്ക ബോധമുള്ള വ്യക്തിയായിരുന്നു. അദ്ദേഹം ചിട്ടയായ ജീവിതം നയിച്ചു. സെമിനാരി കാലം മുതൽ ഈ സുകൃതത്തിൽ വളരുവാൻ പരിശ്രമിച്ചിരുന്നു എന്നതിന് ഡയറിയിൽ ധാരാളം തെളിവുകൾ ഉണ്ട്. വൈദികനായതിനുശേഷം തന്റെ പരിശ്രമങ്ങൾ അദ്ദേഹം ഉപേക്ഷിച്ചില്ല. തിരുപ്പട്ടം സ്വീകരിച്ച് പതിനഞ്ച് വർഷങ്ങൾ പിന്നിട്ടപ്പോൾ സ്വയം നിയന്ത്രിക്കുന്നതിനായി അദ്ദേഹം ദൃഢമായ പ്രതിജ്ഞകളെടുക്കുന്നുണ്ട്: രണ്ടാഴ്ചയിലൊരിക്കൽ കുമ്പസാരിപ്പിക്കുവാനല്ലാതെ അപരാഹ്നത്തിൽ മഠങ്ങൾ സന്ദർശിക്കുകയില്ല. ഭക്ഷണത്തെ സംബന്ധിച്ച്: പ്രഭാതത്തിൽ കാപ്പി, ഉച്ചക്ക് ഭക്ഷണം, നാലുമണിക്ക് ഒരു കപ്പ് കാപ്പി, രാത്രിയിൽ എട്ട് മണിക്ക് അത്താഴം. ഇതിനിടയിൽ യാതൊന്നും ഭക്ഷിക്കുകയില്ല.[1]

ഓരോ വർഷവും ഈ പ്രതിജ്ഞകൾ നവീകരിക്കുകയും പുരോഗമിക്കുവാൻ പരിശ്രമിക്കുകയും ചെയ്തിരുന്നതായി ഡയറി വ്യക്തമാക്കുന്നു. ഒരു വർഷത്തിനുശേഷം 1923-ൽ മുൻവർഷമെടുത്ത പ്രതിജ്ഞകൾ നവീകരിച്ച് ആത്മീയ ജീവിതം ദൃഢീകരിക്കുകയും ചെയ്തു.[2]


സ്വയം നിയന്ത്രിക്കുന്ന കാര്യത്തിൽ അദ്ദേഹം വളരെയധികം ശ്രദ്ധ ചെലുത്തിയിരുന്നു. തിരുപ്പട്ടം സ്വീകരിച്ചതിന്റെ രജത ജൂബിലി ആഘോഷങ്ങൾക്കു മുമ്പ് അദ്ദേഹം സ്വയം ചില മുൻകരുതലുകളെടുക്കുകയും ചെയ്തു. 1932 ഡിസംബർ 20-ാം തീയതി അദ്ദേഹം തന്റെ മനസ്സിനെ ഇപ്രകാരം ഒരുക്കി: ഭയാനകമായ പരീക്ഷകൾ എന്നെ വലയം ചെയ്യും. ജനങ്ങൾ എന്നെ പ്രശംസിക്കുകയും പ്രകീർത്തിക്കുകയും ആശംസകൾ നേരുകയും ചെയ്യും. അപ്പോൾ ഒന്നുമല്ലാതിരിക്കെ എന്തോ ആണെന്നു ഞാൻ ചിന്തിക്കും. തത്ഫലമായി അങ്ങ് എന്നെ എതിർക്കും! ഭക്ഷണങ്ങൾ, ആഘോഷങ്ങൾ എന്നിവയിൽ വിനാശകരമായ ദുർവ്യയം ഉടലെടുക്കാം. അതുകൊണ്ട് ധാരാളം പ്രാർഥിക്കുക, ധ്യാനിക്കുക, ദൈവതിരുമുമ്പിൽ വ്യാപരിക്കുക, എളിമയുള്ളവനായിരിക്കുക[3]. അമ്മയായ മേരിയോടുകൂടി നിരന്തരമായ പ്രാർഥനയിൽ ചെലവഴിക്കുക. പരിശുദ്ധാത്മാവിനെ സ്വീകരിക്കുക.[4]

സന്യാസം ചിട്ടയായ ജീവിതമാണെന്നും എപ്പോഴും ആത്മസംയമനമുള്ളവരായിരിക്കണമെന്നും അദ്ദേഹം പ്രബോധനം നൽകി.

സിസ്റ്റേഴ്സിനെയും ഇടവകജനങ്ങളെയും ഇത് പരിശീലിപ്പിക്കുകയും ചെയ്തു.

## അടിക്കുറിപ്പുകൾ

1. Lights from heaven., September 4, 1922, p. 345.
2. Ibid., August 20-25, 1923, p. 349.
3. Ibid., December 20, 1932, p. 382.
4. Ibid., December 20, 1932, p. 382.



രെജിസ്റ്റർ നമ്പ്ര

ദൈവകൃപയാലെയും ശ്ലീഹന്മാരുടെ സിംഹാസനത്തിന്റെ

മനോഗുണത്താലെയും

പാറല്യുസിന്റെ

മെത്രാനും തൃശ്ശൂർ വികാരി അപ്പൊസ്തോലിക്കായും ആയ നാം

മേനാച്ചേരി യോഹന്നാൻ

മെത്രാൻ

ഈശോമിശിഹായിൽ സ്നേഹിക്കപ്പെട്ട

.......................................................

കർത്താവിൽ സമാധാനം.

താഴെ വിവരിച്ചിരിക്കുന്ന അനുവാദം താങ്കൾക്കു തരുന്നതിനുമുമ്പായി കുമ്പസാരത്തിന്റെ എത്രയും വലിയ ചുമതലയുള്ളതായ ഉദ്യോഗം യഥാക്രമം നടത്തുന്നതിനു ആവശ്യമായ സംഗതികൾ ഏതെല്ലാമെന്നു സംക്ഷേപമായി അറിയിക്കുന്നതു ഏററം ആവശ്യമെന്നു നാം വിചാരിക്കുന്നു.

ആയതിനു ഒന്നാമതായി ദോഷങ്ങളുടെ സ്വഭാവവും, വർഗ്ഗഭേദവും, അവയുടെ സാഹചര്യങ്ങളും സർവ്വേശ്വരന്റെയും തിരുസ്സഭയുടെയും പ്രമാണങ്ങളും അവ മനുഷ്യപ്രവൃത്തികളോടു സംബന്ധിക്കുന്നവിധം എങ്ങിനെയെന്നും തിരിച്ചറിഞ്ഞു വിധിക്കുന്നതിനും മതിയാകുന്ന അറിവു സമ്പാദിച്ചിരിപ്പാൻ ആവശ്യമാകുന്നു. ഇതിനു പ്രത്യേക പോംവഴി ഇടവിടാതുള്ള പഠനമത്രെ. രണ്ടാമതു "വൈദ്യ! നിന്നെത്തന്നെ നീ പൊറുപ്പിക്ക" എന്നുള്ള ആ വേദവാക്യം താങ്കളുടെമേൽ തന്നെ സംഭവിച്ചു എന്നു വരാതിരിപ്പാൻ സുകൃതനടപടിയും പുണ്യജീവിതവും ആചരിക്കേണ്ടതാകുന്നു. ഈ രണ്ടു സംഗതികളും സദാ മനസ്സിൽ ധരിച്ചുകൊണ്ടു പട്ടക്കാരന്റെ ഈ മഹാ ചുമതല നിറവേറുന്നതിനു എപ്പോഴും ഒരുങ്ങിയിരിപ്പാൻ ഉത്സാഹിക്കയും വേണം.

എന്നാൽ കുമ്പസാരിപ്പാൻ വരുന്നവർ പാപവിമോചനത്തിന്നായി നമ്മുടെ കർത്താവീശോമിശിഹാ ഏർപ്പെടുത്തി സ്ഥാപിച്ച ഈ പരിശുദ്ധ കൂദാശക്കു അണയുമ്പോൾ ഇതു വാസ്തവമായി കൈക്കൊള്ളുന്നതിനു ആവശ്യമായ ആയത്തത അവർക്കുണ്ടോ എന്നു അന്വേഷിക്കുന്നതു താങ്കളുടെ കടമാകുന്നു. അതായതു (൧) അവർക്കു വേണ്ടുന്ന മനസ്താപം ഉണ്ടോ എന്നും, പാപങ്ങളിൽനിന്നു ഒഴിവാൻ ഉറപ്പുള്ള പ്രതിജ്ഞയും, പാപത്തിന്മേലുള്ള വെറുപ്പും (൨) അറിഞ്ഞു കഴിയേണ്ട വേദരഹസ്യങ്ങളെ പഠിച്ചറിഞ്ഞിട്ടുണ്ടോ (൩) ദോഷം ചെയ്യുന്നതിനുള്ള അണയപ്പെട്ട കാരണം ഉപേക്ഷിക്കുന്നതിനു ഒരുങ്ങിയിരിക്കുന്നോ (൪) ആളുകൾക്കും വസ്തുക്കൾക്കും വരുത്തിയിരിക്കുന്ന ചേതനാശങ്ങളെ തീർക്കുന്നതിനും (൫) പകയും ശത്രുത്വവും വിട്ടുവീട്ടുന്നതിനും (൬) പരസ്യമായ ഉതപ്പുകളെ നീക്കുന്നതിനും അസ്സമ്മതിക്കുന്നോ എന്നും അന്വേഷിക്കണം. കല്പിക്കുന്ന പ്രായശ്ചിത്തങ്ങൾ പ്രത്യേകം ഔഷധത്തിന്നുതകുന്നതായിരിക്കണം. അതായതു [illegible] ദോഷങ്ങളിൽനിന്നു അകററുവാൻ തക്കതായിരിക്കണം. ശേഷമുള്ള പ്രായശ്ചിത്തങ്ങൾ പാപങ്ങളുടെ അവസ്ഥക്കും ദോഷക്കാരുടെ വശത്തിനും തക്കതിൻവണ്ണം വിവേകത്തോടുകൂടെ കല്പിക്കയും വേണം.

Permission, Confession

# 10

## വ്യക്തിത്വം രൂപം പ്രാപിക്കുന്നു

കുട്ടികൾക്കു സഹജമായിട്ടുള്ള ഒരു ഗുണവിശേഷമാണ് ചില ആദർശപുരുഷൻമാരെ കണ്ടുപിടിച്ച് അവരെ അനുകരിച്ചു ജീവിക്കുക എന്നത്. അറിഞ്ഞോ അറിയാതെയോ എല്ലാവരിലും തന്നെ ഇത്തരമൊരാഭിമുഖ്യം പ്രകടമാണ്. പാപമൊഴിച്ചു സകല കാര്യങ്ങളിലും മനുഷ്യരോടു തുല്യത പ്രാപിച്ചിട്ടുള്ള ഒരാളാണ് യേശു (ഹെബ്രാ. 4:15). അവിടുന്ന് വിദൂരസ്ഥനോ, അപരിചിതനോ, അപ്രാപ്യനോ, അന്യനോ അല്ല. മനുഷ്യരോടുകൂടി വസിച്ച് അവർക്കു താങ്ങും തണലും മാർഗദർശിയുമായിത്തീരുവാൻ ഹൃദയപൂർവം ആഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്ന നിസ്വാർഥനും, വിശാലമനസ്കനും, മഹാശക്തനും, സ്നേഹസാമ്രാട്ടുമാണ് യേശു. ഞാൻ വഴിയും സത്യവും ജീവനുമാണ് (യോഹ.14:6) എന്ന് ശങ്കകൂടാതെ ധൈര്യപൂർവം പ്രസ്താവിച്ചുകൊണ്ടാണ് തന്നെ അനുഗമിക്കുന്നതിന് ഓരോരുത്തരേയും അവിടുന്നു മാടിവിളിക്കുന്നത്. അജ്ഞതയുടെയും അസത്യത്തിന്റെയും കാപട്യത്തിന്റെയും കണികപോലും യേശുവിലില്ല. പ്രസന്നവദനനും, സമ്പർക്കം പുലർത്തുന്നതിന് ഉത്സുകനുമാണ് യേശു. ആദർശനിഷ്ഠ, സ്ഥിരചിത്തത, വിവേകപൂർണത, ദൃഢമനസ്കത... ഇങ്ങനെ പോകുന്നു അവിടുത്തെ ഗുണഗണങ്ങൾ. കയ്യാലപ്പുറത്തെ തേങ്ങാ

പോലെയോ, കാറ്റിലാടുന്ന ഞാങ്കണ പോലെയോ ചഞ്ചല മനസ്സ നായിരുന്നില്ല അവിടുന്ന്. യുഗാന്ത്യത്തോളം പുതുമയാർന്ന ജീവിതാ ദർശങ്ങളാണ് യേശു നൽകിയത്. സുമുഖനും നിരാലംബനുമായ ജോൺ, യേശുവിനെ തന്റെ ആദർശപുരുഷനായി സ്വീകരിച്ചു. എന്റെ ജീവിതത്തിലും മരണത്തിലും ഞാൻ യേശുവിന്റേതു മാത്രമായിരിക്കും.[1] യേശുവാണ് എന്റെ മാതൃക.[2] തന്റെ ആദർശപുരുഷനെ അനുകരി ക്കുവാൻ ജോൺ ഉത്സുകനായി. എല്ലായിടത്തും യേശുവിനെ ഞാൻ പിഞ്ചെല്ലും.[3] ജോണിന്റെ ആശ്വാസദായകനും യേശുതന്നെയായി രുന്നു. യേശുവിനേക്കാൾ നല്ല ആശ്വാസദായകൻ ആരാണ്?[4] അനാ ഥത്വത്തിന്റെയും നിരാലംബതയുടെയും മൂശയിൽ ജോണിനെ വളർ ത്തിയെടുത്തത്, യേശുവിന്റെ ആദർശങ്ങൾ ജീവിതത്തിലേയ്ക്കു പകർത്തി, ദരിദ്രർക്കും അനാഥർക്കും അത്താണിയായിക്കൊണ്ട്, യേശുവിന്റെ വിമോചനസന്ദേശം അവിടുത്തെ മക്കൾക്ക് പകർന്നു നൽകി ഉദ്ധരിക്കുവാനാണെന്ന് കാലവിളംബമെന്യേ സ്വജീവിതത്തി ലൂടെ അദ്ദേഹം തെളിയിച്ചു.

സുവിശേഷാദർശങ്ങൾക്കനുസൃതമായി ജീവിക്കുവാൻ സെമി നാരിയിൽ വച്ച് പരിശീലനം ലഭിച്ചു. അങ്ങനെ വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങളിൽ അടിയുറച്ചുവളർന്ന് ക്രിസ്തു വിനുവേണ്ടി സകലമനുഷ്യരേയും നേടുവാനുള്ള തീക്ഷ്ണതയാൽ അദ്ദേഹം ജ്വലിക്കുവാൻ തുടങ്ങി. ഭക്തിയുടേയും ഏകാന്തതയുടേയും ചൈതന്യവും പരസ്നേഹ തൽപരതയും നിറഞ്ഞു നിൽക്കുന്നതാ യിരുന്നു അവിടത്തെ ജീവിതക്രമീകരണങ്ങൾ. താൻ ഭാവിയിൽ നയിക്കാനിരിക്കുന്ന പൗരോഹിത്യജീവിതത്തിലേയ്ക്കുള്ള കാൽ വയ്പായിട്ടാണ് ഈ കാലഘട്ടം അദ്ദേഹം വിനിയോഗിച്ചത്.

---

**അടിക്കുറിപ്പുകൾ**

1. Lights from heaven., 1903.
2. Ibid., June 25, 1903.
3. Ibid., 1903.
4. Ibid., June 8, 1903.

## എളിമയുടെ പര്യായം

മനുഷ്യൻ ദൈവത്തിൽ പൂർണമായും ആശ്രയിച്ചു നിൽക്കുന്നുവെന്ന സത്യമാണ് എളിമയുടെ മൗലികമായ ആശയം (സങ്കീ.103). എളിമ തന്നെത്തന്നെ ബഹുമാനിക്കുന്നു (പ്രഭാ.10:28). എളിമ ആത്മാർഥതയുടെ ഉറവിടമാണ് (പ്രഭാ.10:27), ആത്മീയതയുടെ നിദർശനമാണ് (പ്രഭാ.19:26).

മനുഷ്യർക്ക് അഭ്യസിക്കുവാൻ പ്രയാസമുള്ളതും ദിവ്യഗുരു തന്നിൽനിന്ന് പഠിക്കുവാൻ ആവശ്യപ്പെടുന്നതുമായ പുണ്യമാണ് എളിമ. നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ; ഞാൻ ഹൃദയ ശാന്തയും എളിമയും ഉള്ളവനാകുന്നു. ദൈവം നമ്മിൽ വന്നു നിറയുന്നതിനും അവിടുത്തെ പരിഗണന ലഭിക്കുന്നതിനും അവശ്യം വേണ്ട ഗുണമാണ് വിനയം എന്നും വിനയശീലനായിരിക്കുന്നതിലാണ് യഥാർഥ മഹത്വം അടങ്ങിയിരിക്കുന്നത്[1] എന്നും ജോൺ യേശുവിൽ നിന്നും അമ്മയിൽ നിന്നും പഠിച്ചറിഞ്ഞു. അതുകൊണ്ട് അദ്ദേഹം പ്രാർഥിച്ചു: എല്ലാവരാലും ചവിട്ടിമെതിക്കപ്പെടുന്ന മണൽത്തരി പോലെ എന്നെ എളിമയുള്ളവനാക്കണമെ.[2] ആധ്യാത്മിക ഡയറിക്കുറിപ്പിൽ പലയിടത്തും എളിമയെപ്പറ്റിയുള്ള പരാമർശം കാണാം. പാപത്തിൽനിന്ന് അകന്നിരിക്കുവാനും വിശുദ്ധിയിൽ വളർന്നുവരുവാനും എളിമ അവശ്യ ഘടകമാണ്. തറയിൽ കിടക്കുന്നവന് വീഴുമെന്ന ഭയത്തിനവകാശമില്ലാത്തതുപോലെ എളിമയുള്ളവൻ പാപത്തിൽ വീഴുന്നില്ല. അവന്റെ എല്ലാ സുകൃതങ്ങളും എളിമകൊണ്ട് ആവരണം ചെയ്തിരിക്കുന്നു. അഹങ്കാരമാകുന്ന കാറ്റിനാൽ അത് ചിന്നിച്ചിതറിപോകുന്നില്ല.[3] ദൈവത്തിന്റെ പ്രീതിപാത്രമാകുവാൻ തന്നെ വിനയശീലനാക്കണമേയെന്ന് ജോൺ നിരന്തരം പ്രാർഥിച്ചിരുന്നു. എളിമയുള്ളവൻ എപ്പോഴും ദൈവത്തിന് പ്രിയങ്കരനാണ്; ദൈവം അവനെ അനുഗ്രഹിക്കുന്നു.[4] ഇതിന് ധാരാളം തെളിവുകളും അതനുസരിച്ചുള്ള വാഗ്ദാനങ്ങളും വിശുദ്ധഗ്രന്ഥത്തിലുണ്ട്.

ദൈവം അഹങ്കാരികളെ താഴ്ത്തുകയും വിനയശീലമുള്ളവരെ അനുഗ്രഹങ്ങൾ നൽകി ഉയർത്തുകയും ചെയ്യുന്നു. ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമ ഇതാണ് നമ്മെ പഠിപ്പിക്കുന്നത്. പൊടിയും ചാമ്പലുമായ ഞാൻ അങ്ങയുടെ വാഗ്ദാനങ്ങളെ ത്യജിച്ച് അങ്ങയുടെ മുൻകരുതലുകളെ നിന്ദിച്ചു. എന്റെ പിതാവേ, എന്നെ വിനയശീലമുള്ളവനാക്കണമെ. അഹങ്കാരികളെ ദൈവം വെറുക്കുന്നു. അഹംഭാവമുള്ളിടത്ത് അവമാനവുമുണ്ട്. അഹങ്കാരിയായ മനുഷ്യൻ പുണ്യ

മദ്യസിക്കുന്നത് കാറ്റിനു മുമ്പിൽക്കൂടി പൊടിയും വഹിച്ചു കൊണ്ടു പോകുന്നതുപോലെയാണ്. നല്ല അസ്തിവാരമില്ലാത്ത ഞാൻ എന്നെ ത്തന്നെ വിശുദ്ധനായി കണക്കാക്കുന്നു എന്ന് ലജ്ജയോടുകൂടി ഏറ്റുപറയുന്നു. ദൈവമേ, എന്നെ സഹായിക്കണമേ, എന്നെ വിന യമുള്ളവനാക്കണമേ.[5]

എളിമയുടെ പ്രാധാന്യം എത്രമാത്രമാണെന്നും ഒരു വൈദികന് അത് എന്തുമാത്രം ആവശ്യമായിരിക്കുന്നുവെന്നും ജോൺ വിവരി ക്കുന്നത് ശ്രദ്ധേയമാണ്: കെട്ടിടത്തിന് ഉയരം കൂടുന്തോറും അസ്തി വാരത്തിന്റെ ആഴവും കൂടും. പൗരോഹിത്യം ഏറ്റവും ഉദാത്ത മായതാണ്, തത്ഫലമായുളവാകേണ്ട എളിമ അത്രയും ആഴമേറി യതായിരിക്കണം. വൃക്ഷത്തിന് ഉയരം കൂടുന്തോറും വേരിന്റെ താഴ്ചയും കൂടും... താൻ പൊടിയും ചാമ്പലുമാണെന്ന് അബ്രാഹം ഏറ്റുപറയുകയും തെരഞ്ഞെടുക്കപ്പെട്ടവരുടെ പിതാവായിത്തീരു കയും ചെയ്തു! ദൈവമേ, ഞാൻ പാപിയാണ്, എന്നിൽനിന്നകന്നു പോകണമേയെന്ന് പാത്രോസ് പറഞ്ഞപ്പോൾ നീ മനുഷ്യരെ പിടിക്കു ന്നവനാകും എന്നു പറഞ്ഞ് യേശു അവനെ അനുഗ്രഹിച്ചു. അതു പോലെതന്നെ നമ്മുടെ കർത്താവ് ശതാധിപനെ പ്രശംസിച്ചു. ദൈവമേ, എന്നെ എളിമയുള്ളവനാക്കണമെ. ഇതാ കർത്താവിന്റെ ദാസി എന്ന് മറിയം പറഞ്ഞ ക്ഷണത്തിൽ അവൾ ദൈവമാതാവായി. എളിമയിൽ വേരൂന്നി വളരുവാൻ അമ്മേ, എന്നെ അനുഗ്രഹിക്കണമേ. കാരണം യേശു പറയുന്നു: നിങ്ങളിലാരെങ്കിലും ഒന്നാമനാകാനാഗ്രഹിക്കുന്നു വെങ്കിൽ അവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. വീണ്ടും യേശു ഉദ്ബോധിപ്പിക്കുന്നു: എന്നിൽ നിന്നു പഠിക്കുക... ഞാൻ ചെയ്തതു പോലെ നിങ്ങളും പരസ്പരം കാലുകൾ കഴുകുവിൻ. ആത്മാവിൽ ദരിദ്രർ ഭാഗ്യവാൻമാർ അതായത് എളിമയുള്ളവർ, നിങ്ങൾ ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ... തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും. ഈ പുണ്യത്തിന്റെ ആവശ്യകത എത്ര സ്ഥലങ്ങളിൽ എത്ര വിധത്തിലാണ് വെളിപ്പെടുത്തിയിരിക്കുന്നത്. പുരോഹിതനായി അഭിഷിക്തനായവൻ തന്റെ സ്ഥാനമഹിമയാൽ ത്തന്നെ, അജഗണങ്ങൾക്കു വേണ്ടി പ്രാർഥിക്കുകയും അവരെ അനു രഞ്ജിപ്പിക്കുകയും വേണം. വിനയമുള്ളവരെയല്ലാതെ മറ്റാരെയാണ് യേശു പരിഗണിക്കുക. സാത്താന് ഈ പുണ്യം സഹിക്കാനാവാ ത്തതാണ്. അതുകൊണ്ട് സാത്താന്റെ പരീക്ഷകളെ അതിജീവിക്കുന്ന തിനും അവനെ പരാജയപ്പെടുത്തുന്നതിനും ഇതിനേക്കാൾ നല്ലൊരു മാർഗമില്ല.[6]

എളിമയുടെ ഉദാത്തമായ മാതൃകയാണ് കഴുതപ്പുറത്തു സഞ്ചരിച്ച യേശു (ലൂക്ക 19:34) നമുക്കു നൽകിയത്. യേശു നൽകുന്ന എളിമയുടെ പാഠം ഹൃദിസ്ഥമാക്കിക്കൊണ്ട് അവിടുത്തെ അരുമ ശിഷ്യനാകുവാൻ ജോൺ ആഗ്രഹിച്ചു: ത്രിത്വത്തിലെ രണ്ടാമത്തെ ആൾ മനുഷ്യനായി അവതരിക്കുന്നു. ഏറ്റവും വലിയ എളിമപ്പെടുത്തൽ ഇതാണ്; കാൽവരിയിലേതിനേക്കാൾ വലുതാണിത്. മാംസം ധരിക്കുന്നതോടുകൂടി യേശു മാനവകുടുംബത്തിലെ അംഗമായി മാറുന്നു. ആ കുടുംബത്തിലെ മാതാപിതാക്കൾ ആദവും ഹവ്വയുമാണ്; അതിലെ മറ്റംഗങ്ങൾ കായേൻ..., ആഡംബര പ്രിയരായ റോമാക്കാർ, അഹംഭാവികളായ ഗ്രീക്കുകാർ... എന്നിവരും. അവന്റെ സഹോദരന്മാർ എല്ലാ രൂപത്തിലും നിറത്തിലുമുള്ള അശുദ്ധതകൾ ചെയ്തവരുമാണ്-വിഗ്രഹാരാധന... തുടങ്ങി എല്ലാ ദുഷ്പ്രവൃത്തികളിലും മുങ്ങിക്കുളിച്ചവരുമാണ്... മൃഗങ്ങളെപ്പോലെ തിന്നു കുടിച്ച്, ചുറ്റി സഞ്ചരിച്ച്, ഉറങ്ങിക്കഴിഞ്ഞുകൂടുന്നവർ... തന്റെ നിത്യപിതാവിന്റെ മുമ്പിൽ യേശു എന്തുമാത്രം വിനീതനാക്കപ്പെട്ടു! ഇതെല്ലാം എന്നോടുള്ള സ്നേഹത്തെ പ്രതിയാണ്. എന്റെ ആത്മാവേ, നിന്റെ മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവുമായ സഹോദരനോട് സ്നേഹത്തോടെ സംസാരിക്കുക. യേശു പോകുന്നിടത്തെല്ലാം അവിടുത്തെ അനുഗമിക്കുകയും എളിമയെ സ്നേഹിക്കുകയും, യേശുവിനെ പ്രതി പരസ്യമായ എളിമപ്പെടുത്തലുകൾ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്യുക. എന്നെ എളിമപ്പെടുത്തുമ്പോൾ നാൽപതോ അമ്പതോ ആളുകൾ മാത്രമേ ഉണ്ടാകുകയുള്ളു. എന്നാൽ എല്ലായ്പോഴും പിതാവിന്റെ മഹത്വം തന്നിൽ ദർശിച്ച മാലാഖമാരുടെയും, സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും സൃഷ്ടിക്കപ്പെടാനിരിക്കുന്നതുമായ എല്ലാ സൃഷ്ടിജാലങ്ങളേക്കാളുമുപരിയായ തന്റെ പിതാവിന്റെയും മുമ്പിൽ വച്ച് യേശു വിനീതനാക്കപ്പെട്ടു.[7] സ്വർഗത്തിൽ യേശുവിന്റെ മഹത്വം നീ ദർശിക്കുക. പ്രകാശ പുഞ്ജത്തിന്റെ തിളക്കമാർന്ന ശോഭ സഹിക്കാനാവാതെ മാലാഖമാർ തങ്ങളുടെ ചിറകുകൊണ്ട് മുഖം മറയ്ക്കുന്നു! അതേ, യേശു സക്രാരിയിൽ ഒരു ചെറിയ അപ്പക്കഷണമായി സ്ഥിതി ചെയ്യുന്നു... മഹത്വപൂർണ്ണനായ രാജാവിനെയും പൊടിയും ചാമ്പലും നീചപുഴുവുമായ മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുവാൻ ഒരു കൂദാശ സ്ഥാപിച്ചു. ദൈവമേ, എന്നെ വിനയമുള്ളവനാക്കണമേ.[8] യേശു നമ്മിൽ നിന്നുമാഗ്രഹിക്കുന്ന ആദ്യത്തെ ഗുണം വിനയമാണ്. ഈ പുണ്യമഭ്യസിക്കുവാനായി വിനയശീലയായ തന്റെ അമ്മയുടെ മാധ്യസ്ഥ്യം ജോൺ എപ്പോഴും യാചിച്ചുകൊണ്ടിരുന്നു. ദിവ്യമാതൃത്വ

ത്തെപ്പറ്റി മേരിയോടു പറഞ്ഞപ്പോൾ അവൾക്കതിന്റെ അർഥം മന സ്സിലായില്ല. കാരണം അവൾ വളരെ എളിയ രീതിയിലാണ് അവ ളെപ്പറ്റി ചിന്തിച്ചിരുന്നത്.[9] ദൈവമാതാവ് തന്റെ ഇളയമ്മയുടെ അടുത്തേ യ്ക്ക് ആദ്യം പോകുകയും അഭിവാദനം ചെയ്യുകയും കുടുംബത്തിലെ എല്ലാ ജോലികളും ചെയ്യുകയും ചെയ്യുന്നു. മാതാവിന്റെ എളിമ കാണുക. അമ്മേ, എന്നെ വിനയശീലനാക്കണമേ.[10]

തന്റെ അമ്മയായ പരി. കന്യകാമറിയത്തിന്റെയും മാതൃകയായ ഈശോയുടെയും പാഠശാലയിൽ നിന്നും വിനയത്തിൻറ മഹനീയ പാഠങ്ങൾ ജോൺ അഭ്യസിച്ചു. അതുകൊണ്ട് ധീരമായൊരു പ്രതി ജ്ഞയും അദ്ദേഹം എടുത്തു: പ്രശംസകൊണ്ട് മയങ്ങിപ്പോവുകയോ, വഞ്ചിതരാകുകയോ, അർഹിക്കാത്ത ബഹുമാനം സ്വീകരിക്കുകയോ ചെയ്യരുത്.[11]

ഉപമിക്കാനാവാത്ത വിധത്തിൽ ഊക്കനച്ചൻ വിനയാന്വിതനാ യിരുന്നു. പിതാവായ ദൈവത്തിനു മുമ്പിൽ താൻ ഒന്നുമല്ല എന്ന് അദ്ദേഹം കരുതി. സെമിനാരിക്കാലം മുതൽതന്നെ അദ്ദേഹം എളി മയുള്ളവനായിരുന്നു. കാന്റി സെമിനാരിയിൽ നിന്ന് തിരിച്ചെത്തിയ ഊക്കനച്ചൻ രൂപതാധ്യക്ഷന്റെ സെക്രട്ടറി, കത്തീഡ്രൽ വികാരി, മൈനർ സെമിനാരി റെക്ടർ, യൂണിവേഴ്സിറ്റി കോളേജിന്റെ മാനേ ജർ എന്നിങ്ങനെ രൂപതയിലെ പ്രധാനപ്പെട്ട ജോലികളിൽ നിയമി തനായി. അപ്പോഴും പേരും പെരുമയും നൽകുന്ന ഇവയിൽ നിന്നും പിന്മാറി രൂപതയുടെ മിഷൻ പ്രദേശമായ കുന്ദംകുളത്തും സമീപ പ്രദേശങ്ങളിലും പോയി എളിയ ശുശ്രൂഷകളിൽ മുഴുകുവാൻ അദ്ദേഹം ആഗ്രഹിച്ചു. അവിടത്തെ ഇടവകകളുടെ അന്നത്തെ സ്ഥിതി വളരെ ശോചനീയമായിരുന്നു, ജീവിതനിലവാരം വളരെ ദരിദ്രമായിരുന്നു, സാമ്പത്തിക വ്യവസ്ഥ ദയനീയമായിരുന്നു, കത്തോലിക്ക കുടുംബ ങ്ങൾ വളരെ കുറവായിരുന്നു, യാത്രാസൗകര്യവും വിരളമായിരുന്നു. വളരെ തുച്ഛമായ അലവൻസും മറ്റു അസൗകര്യങ്ങളുമായിരുന്നെ ങ്കിലും[12] അദ്ദേഹം സംതൃപ്തനായിരുന്നു.

തിരുപ്പട്ട സ്വീകരണത്തിന്റെ രജത ജൂബിലി വേളയിൽ കൂടുതൽ വിനയമുള്ളവനായിരിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. ആഘോ ഷങ്ങളും ഭക്ഷണവുമെല്ലാം ലാളിത്യപൂർണമായിരിക്കണമെന്നും ധാരാളിത്തം പാടില്ലെന്നും ജനങ്ങളുടെ പ്രശംസകളിലും ആശംസ കളിലും അമിതമായി ആനന്ദം കണ്ടെത്തരുതെന്നും കൂടുതൽ പ്രാർഥിച്ച് എളിമയുള്ളവനാകണമെന്നും പ്രതിജ്ഞയെടുത്തു.

അദ്ദേഹം സിസ്റ്റേഴ്സിനെയും വിനയാന്വിതരായിരിക്കുവാൻ പരിശീലിപ്പിച്ചു. എളിമ എല്ലാ പുണ്യങ്ങളുടെയും മാതാവാണെന്ന് അദ്ദേഹം അവരെ പഠിപ്പിച്ചു. ഈശോയെപ്പോലെ എളിമയുള്ളവരായി ദൈവത്തിന് സമ്പൂർണ്ണ സമർപ്പണം നടത്തണമെന്ന് അദ്ദേഹം ഉപദേശിച്ചു. സമർപ്പിതജീവിതത്തിൽ എളിമ അവശ്യ ഘടകമാണെന്നും എളിമയുള്ളവരിൽ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ പുണ്യങ്ങൾ ഉണ്ടാകുമെന്നും അദ്ദേഹം പ്രബോധനം നൽകി.[13]

തന്റെ പുത്രിമാർ നാലാമതൊരു വ്രതമെടുക്കുന്നുണ്ടെങ്കിൽ അത് എല്ലാ സാഹചര്യങ്ങളിലും എപ്പോഴും എളിമയുള്ളവരായിരിക്കും എന്നതായിരിക്കണമെന്നും ആ വിനയാന്വിതൻ ആഗ്രഹിച്ചിരുന്നു. സമുദായം അവഗണിച്ചവരിലേക്കിറങ്ങിച്ചെല്ലുവാൻ ഈ സുകൃതാഭ്യസനവും ലാളിത്യപൂർണമായ ജീവിതശൈലിയും അദ്ദേഹത്തെ വളരെയധികം സഹായിച്ചു.

വീരോചിതമായി വിനയം ജീവിച്ച്
ലാളിത്യ പൂർണമായ ജീവിതശൈലി സ്വന്തമാക്കി
എളിയ മക്കളെ ചങ്കോടുചേർത്തു പിടിച്ച വിനീത ഹൃദയൻ !!!

---

**അടിക്കുറിപ്പുകൾ**

1. Lights from heaven., October, 1904.
2. Ibid., May 2, 1903.
3. Ibid., October 12, 1903.
4. Ibid., October 12, 1903.
5. Ibid., August 26, 1903.
6. Ibid., October 12, 13, 14, 1903.
7. Ibid., November, 1904.
8. Ibid., October 22, 1903.
9. Ibid., November 14, 1903.
10. Ibid., November 8, 1904.
11. Confrences., 1946.
12. Souvenir Adaranjali., p. 53.
13. Exhortations., Sr Corthuna CSC, June 1951, ff. 19-21, 39.


## പരിത്യാഗം പ്രവൃത്തിപഥത്തിൽ

ദൈവത്തിൽ നിന്നകന്നുപോയ മനുഷ്യരെ ദൈവത്തിലേയ്ക്കടുപ്പിക്കുവാൻ ദൈവപുത്രനായ ക്രിസ്തു ഈ ഭൂമിയിലേയ്ക്കു വന്നു. യേശുവിന്റെ ജീവിതം സഹനത്തിന്റെ ജീവിതമായിരുന്നു, മനുഷ്യവംശത്തെ രക്ഷിക്കുന്നതിനുവേണ്ടി കുരിശുമരണംവരെ അവിടുന്ന് സന്തോഷത്തോടെ സഹിച്ചു. അങ്ങനെ സഹനത്തിന്റെ മഹത്തായ മാതൃക യേശു നമുക്കു നൽകി. തന്നെ അനുഗമിക്കാനാഗ്രഹിക്കുന്നവരെല്ലാവരും സ്വയം ത്യജിച്ച് അവനവന്റെ കുരിശുമെടുത്ത് യേശുവിന്റെ പിന്നാലെ ചെല്ലുവാനാണ് (ലൂക്ക 9:23) അവിടുന്ന് ആവശ്യപ്പെട്ടത്. യേശുവിനെ അനുഗമിക്കുന്നവന്റെ പിതൃസ്വത്താണ് കുരിശ്, അഥവാ സഹനം. ലോകത്തിന്റെ മുഴുവൻ പാപത്തിനു പരിഹാരമനുഷ്ഠിച്ച ദിവ്യഗുരു തന്നിൽനിന്നുമാവശ്യപ്പെടുന്നതും അതേ ജീവിതം തന്നെയാണെന്ന് ജോൺ വിവേചിച്ചറിഞ്ഞു. യേശുവിന്റെ പരിത്യാഗജീവിതം അദ്ദേഹത്തിന് ശക്തി പകർന്നു: ജനിക്കുവാനൊരിടം യേശുവിന് നിഷേധിക്കപ്പെട്ടു; തുറസ്സായ നഭോമണ്ഡലത്തിൽ, മരം കോച്ചുന്ന തണുപ്പിൽ അവിടുന്ന് ജനിച്ചു. എന്തുമാത്രം അഴുക്കാണ് അവിടെയുണ്ടായിരുന്നത്! എന്റെ ദിവ്യരക്ഷകന്റെ ഹൃദയമേ, ബാല്യത്തിൽത്തന്നെ അങ്ങ് എത്രമാത്രം സഹിച്ചു. പരിച്ഛേദനകർമത്തിൽ എന്തുമാത്രം രക്തം ചിന്തപ്പെട്ടു. യേശുവേ, ഞാൻ അങ്ങയെക്കാൾ ശിശുവാണ്. ശക്തിദുർഗമേ, ധൈര്യവും സഹനശക്തിയും എനിക്കു നൽകണമെ. തനിക്കു സംഭവിക്കുവാനിരിക്കുന്നതെല്ലാമറിയാമായിരുന്ന ഈശോ ദേവാലയത്തിൽ സ്വയം സമർപ്പിക്കുന്നു. എന്ത് ഉദാരതയാണിത്! ഹേറോദേസ് യേശുവിന്റെ ജീവൻ അന്വേഷിക്കുന്നു. സ്വയരക്ഷയ്ക്കുവേണ്ടി യേശുവിന് ഒളിച്ചോടേണ്ടിവരുന്നു. ആ യാത്രയിൽ, ആ ഇളം പൈതൽ എന്തുമാത്രം ക്ലേശം അനുഭവിച്ചിട്ടുണ്ടാകും. വിരക്തി എന്താണെന്ന് നമ്മെ–എന്നെ–പഠിപ്പിക്കുന്നതെങ്ങനെയാണെന്നു കാണുക. ഞാൻ ഈ ലോകത്തോട് വിരക്തിയുള്ളവനായിരിക്കട്ടെ.[1] മനുഷ്യന്റെ ക്രൂരത, സംസ്കാര ശൂന്യത, ആയുധങ്ങളുടെ ഭാരം, കാഠിന്യം, യേശുവിന്റെ മൃദുലമായ ശരീരം, ആ ശരീരത്തിനേറ്റ പ്രഹരങ്ങൾ, മുറിവുകൾ... സ്നേഹ യേശുവേ, എനിക്കുവേണ്ടിയാണ് അങ്ങു സഹിച്ചത്... നമുക്കു പകരമായി കാഠോരമർദനങ്ങൾക്കു സ്വയം സമർപ്പിച്ചുകൊണ്ട് യേശുവിന് നമ്മോടുള്ള അനന്ത സ്നേഹവും, അടിമയോളം താഴുന്ന വിനയവും, സഹന ശക്തിയും, ക്ഷമയും പ്രകടമാക്കി. യേശുവിനെ തൂണിൽച്ചേർത്തുബന്ധിച്ചിരുന്ന കയർ

ആരും മുറിച്ചുമാറ്റിയില്ലായിരുന്നുവെങ്കിൽ അവിടെവച്ചുതന്നെ അവിടുന്നു മരിക്കുമായിരുന്നു. തന്റെ നിസ്സഹായത വളരെ ആഴത്തിൽ മനസ്സിലാക്കിയ ദൈവപുത്രനായ യേശു, ദൈവം തന്നെയുപേക്ഷിച്ചോയെന്നു ചിന്തിച്ചുപോയി. എന്നാൽ അവിടുന്നു പരാതി പറഞ്ഞില്ല. നമുക്കു പാഠം നൽകുന്നതിനാണ് അവിടുന്നങ്ങനെ ചെയ്തത്. യേശു ഒരുവനിൽ നിന്നും-ദൈവത്തിൽ നിന്നു പോലും-ആശ്വാസം തേടുന്നില്ല. സ്വയം സഹിച്ചുകൊണ്ട് എനിക്ക് നല്ലൊരു പാഠം നൽകിയ യേശുവേ, ഞാനങ്ങയോടു നന്ദി പറയുന്നു.[2]

യേശു ഇന്നും പരിത്യാഗം ആവശ്യപ്പെടുന്നുണ്ട്. യേശു മർദിതനും, അവമാനിതനും, അപ്രീതിക്കു പാത്രീഭൂതനുമായി എന്നത് യാഥാർഥ്യമാണ്. അവിടുന്ന് പരിത്യാഗം ആവശ്യപ്പെടുന്നു.[3] യേശുവിനെ പിഞ്ചെല്ലുന്നവർ ഇടുങ്ങിയ വഴിയിലൂടെ ചരിക്കണമെന്നും കുരിശുവഹിക്കണമെന്നും അവിടുന്ന് ആഹ്വാനം ചെയ്യുന്നു: വിസ്താരമേറിയ വഴി നാശത്തിലേയ്ക്കു നയിക്കുന്നു. ധാരാളം പേർ അതിലൂടെ പ്രവേശിക്കുന്നു. അവിടെ നിയമമില്ല, നിയന്ത്രണമില്ല, കന്നുകാലികളെപ്പോലെ തങ്ങൾക്കിഷ്ടമുള്ളിടത്തെല്ലാം അവർ അലഞ്ഞു തിരിയുന്നു. ഹാ, എന്റെ പാപം; ഇടുങ്ങിയ വഴിയിലേയ്ക്ക് ഞാൻ പിൻവാങ്ങണം, എനിക്കതുമതി. ഇടുങ്ങിയ വഴി എനിക്കു മാത്രമുള്ളതാണ്. എന്റെ ചുമടിന്-അതായത് എന്റെ വികാരങ്ങളും, സമ്പത്തും ബഹുമാനവുമാകുന്ന പെട്ടികളും-അവിടെ സ്ഥലമില്ല. ദൈവവും ഞാനും മാത്രം. ഈ വഴി തെരഞ്ഞെടുക്കുന്നവർ ചുരുക്കമാണ്, വളരെ ചുരുക്കമാണ്. കാരണം ഈ വഴി ബുദ്ധിമുട്ടുള്ളതാണ്. മറ്റേതിൽ സ്വാഭീഷ്ടമനുസരിച്ചു ചരിക്കാം. എന്റെ ആത്മാവേ, ബുദ്ധിമുട്ടുകൾ സഹിച്ച് അനുഗൃഹീതരുടെ ഗണത്തിൽച്ചേരുക. യേശു പറയുന്നു: സ്വന്തം കുരിശെടുത്ത് നിനക്കു മുമ്പേ പോവുകയും കുരിശിൽ മരിക്കുകയും ചെയ്ത യേശുവിനെ മാത്രം നീ അനുഗമിക്കുക. എന്റെ ബലഹീനതയും ഭീരുത്വവും മാറ്റി, മാതാവിന്റെ മധ്യസ്ഥതാൽ കുരിശിൽ വലിയൊരു പങ്ക് എനിക്കു നൽകണമേയെന്നു ഞാൻ യാചിക്കുന്നു; ഞാൻ അങ്ങയെപ്പോലെയാകട്ടെ.[4]

കുരിശിന്റെ ശ്രേഷ്ഠതയെപ്പറ്റി ജോൺ വിവരിക്കുന്നത് ശ്രദ്ധേയമാണ്: ദൈവപുത്രൻ അത് തോളിലേറ്റി, തന്റെ രക്തത്താൽ അതു കുതിർന്നു; തന്റെ മരണക്കിടക്കയായി കുരിശുപയോഗിച്ചു. ശ്രേഷ്ഠമായ കുരിശേ ഞാൻ ആരാധിക്കുന്നു. നമ്മുടെ രക്ഷയുടെ ഉപകരണമല്ലേ അത്? ഒരു താക്കോലിന്റെ ധർമം അതു നിർവഹിക്കുന്നില്ലേ?



കുരിശ് നമ്മുടെ പടച്ചട്ടയാണ്, നമ്മുടെ പ്രത്യാശയാണ്. ഞാൻ ദുഃഖിതനാകുമ്പോൾ കുരിശിൽ നിന്നും എനിക്ക് ധൈര്യം ലഭിക്കട്ടെ.[5]

യേശുവിന്റെ പരിത്യാഗ ജീവിതവും, കുരിശിന്റെ ശ്രേഷ്ഠതയും സഹനത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ആവശ്യകതയും പഠിച്ചറിഞ്ഞ ജോൺ തന്റെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രതിജ്ഞകളെടുക്കുന്നു;

എന്റെയും മറ്റുള്ളവരുടെയും പാപത്തിന് പരിഹാരമായും, പാപികളുടെ മാനസാന്തരത്തിനായും, യേശുവിന്റെ സഹനങ്ങളോട് കൂടുതൽ സാദൃശ്യം പുലർത്തുന്നതിനും, എന്നെ മേരിയുമായി കൂടുതൽ ബന്ധിപ്പിക്കുന്നതിനുമായി എല്ലാദിവസവും മുള്ളരഞ്ഞാണം ധരിക്കും. എന്റെ ആത്മാവേ, പരീക്ഷകൾ ഉണ്ടാകും; എന്നാൽ നാം എപ്പോഴും പരീക്ഷിക്കപ്പെടരുത്. ഗത്സെമൻ തോട്ടത്തിലെ യേശുവിനെ പിൻചെല്ലുക.

കൂട്ടായ്മയുടെ എല്ലാ നിയമങ്ങളും ആത്മാക്കളുടെ രക്ഷയ്ക്കായി കാക്കുകയും ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി ദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നതിന് ശ്രദ്ധയുള്ളവനായിരിക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ തിരുസഭ അതു വെറുതെ നൽകുന്നില്ല. മാത്രമല്ല പലപ്പോഴും വീരോചിതമായ പരസ്നേഹ പ്രവൃത്തികളിലൂടെ അതു നൽകുകയും ചെയ്യുന്നു. മറ്റെല്ലാ പ്രായശ്ചിത്തങ്ങളും പതിവുപോലെ അനുഷ്ഠിക്കുക.

നിനക്കു പ്രായശ്ചിത്താരൂപിയുണ്ടെങ്കിൽ ലോകവസ്തുക്കളിൽ നിന്നും നിന്റെ സഹോദരന്മാരിൽ നിന്നും ലഭിക്കുന്ന അനിഷ്ടകാര്യങ്ങൾ നിന്റെയും മറ്റുള്ളവരുടെയും പാപപ്പരിഹാരത്തിനായി സ്വീകരിക്കുവാൻ സാധിക്കും.[6]

യേശുവിനോട് അനുരൂപനാകുന്നതിനായി അതിയായി ആഗ്രഹിച്ച ജോൺ അവിടുത്തെ സഹനത്തിലും പങ്കുചേർന്നു. ശരീരത്തിനും ആത്മാവിനുമെതിരായ പീഡനങ്ങളുണ്ടാകും; പ്രശസ്തിയും പ്രതാപവും വാഗ്ദാനം ചെയ്തുകൊണ്ട് പിശാചും അവന്റെ സേവകരും

നീചരായ മനുഷ്യരും നിന്നെ പരീക്ഷിച്ചേക്കാം. പാപം ചെയ്തതിനു പരിഹാരമായുള്ള വേദന പീഡനമല്ല... യേശു തന്റെ ജീവിതത്തിൽ മറ്റാരും സഹിക്കാത്തത്ര പീഡനങ്ങൾ ക്ഷമയോടെ സഹിച്ചു. യേശുവേ, ഞാനങ്ങയെ സ്നേഹിക്കുകയും അങ്ങയെപ്പോലെയാകുവാൻ ഉൽക്കടമായാഗ്രഹിക്കുകയും ചെയ്യുന്നു. അങ്ങയോടും അങ്ങയുടെ മാതാവിനോടുമുള്ള സ്നേഹത്തെപ്രതി കൂടുതൽ കൂടുതൽ സഹിക്കുവാൻ എനിക്കു നൽകുക.[7] ശുശ്രൂഷിക്കേണ്ടിവരുമ്പോൾ ഞാൻ സന്തോഷിക്കുകയും പുറന്തള്ളപ്പെടുമ്പോൾ ഞാൻ എന്റെ ഗുരുവിനു സമനാകുകയാണെന്ന് മനസ്സിലാക്കുകയും ചെയ്യും. എന്തു വില കൊടുക്കേണ്ടിവന്നാലും, എത്രതന്നെ വേദനാജനകമായിരുന്നാലും ഏതെങ്കിലും വിധത്തിൽ സഹിക്കേണ്ടിവരുമ്പോൾ ഞാൻ ക്ഷീണിതനാവുകയില്ല. കാരണം ഞാൻ അപ്പോൾ എന്റെ ഗുരുവിനും അമ്മക്കും തുല്യനാകുന്നു.[8]

ഗുരുവിനെ അനുകരിച്ച് പാപപ്പരിഹാരബലിയായി മാറാമെന്നു പ്രതിജ്ഞ ചെയ്ത ജോൺ വൈദികനായശേഷം അതിൽ ഉത്തരോത്തരം വളരുന്നതായിക്കാണാം.ദൈവത്തെ അനുഭവിക്കുന്നതിനായി അവിടുത്തെ സ്നേഹവും അനുഗ്രഹങ്ങളും ലഭിക്കുന്നതിനായി വേണ്ടിവന്നാൽ എല്ലാം ഉപേക്ഷിക്കണം. അനുദിനം കുരിശിന്റെ വഴി നടത്തുമ്പോൾ എനിക്കു കുറെ ആശ്വാസം ലഭിക്കുന്നതുകൊണ്ട് ഞാനതു കൂടുതൽ ഭക്തിയോടുകൂടി നടത്തണം.സമയം കിട്ടുമ്പോഴെല്ലാം മധ്യാഹ്നത്തിൽ നടത്തുന്ന വി. കുർബാന സന്ദർശനം ഭയഭക്തിയോടുകൂടി നടത്തുകയും, നമ്മുടെ കർത്താവിന്റെ പീഡാസഹനത്തെപ്പറ്റി ധ്യാനിക്കുകയും, പ്രായശ്ചിത്തമനുഷ്ഠിക്കുകയും പരിത്യാഗപ്രവൃത്തികൾ ചെയ്യുകയും വേണം. നിരന്തരമായി സഹിക്കുന്നതിനുള്ള കൃപാവരം പരി. അമ്മയോട് ആത്മാർഥമായി ചോദിച്ചു വാങ്ങണം. സാധിക്കുമ്പോഴെല്ലാം വാതിലടച്ചു മുട്ടിന്മേൽ നിന്നുകൊണ്ട് സായാഹ്ന പ്രാർഥന ചൊല്ലും.[9]

ആത്മീയജീവിതത്തിന്റെ അനിവാര്യഘടകമാണ് പരിത്യാഗജീവിതം. ആത്മീയവളർച്ചയിൽ പരിത്യാഗങ്ങളനുഷ്ഠിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയ ആ വത്സല പിതാവ്, തന്റെ മക്കളും ഇതേ ജീവിതം നയിച്ച് വിശുദ്ധിയിൽ ഉത്തരോത്തരം വളരണമെന്ന് ആഗ്രഹിക്കുന്നു. അതിനുവേണ്ട മാർഗങ്ങളും അദ്ദേഹം നിർദേശിക്കുന്നുണ്ട്: നിന്റെ പഞ്ചേന്ദ്രിയങ്ങൾ ലോകത്തിലേയ്ക്ക് അടയ്ക്കപ്പെട്ടിരിക്കട്ടെ.[10]

ഈ ആധുനികയുഗത്തിൽ പരിത്യാഗങ്ങളനുഷ്ഠിക്കേണ്ട ആവശ്യമില്ല എന്നു ചിന്തിക്കുന്നത് സന്യാസോചിതമല്ല. കാരണം സന്യാസികൾ ഈശോയുടെ കുരിശു ചുമക്കുന്നതിന് വിളിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളാണ്; തങ്ങളുടേയും മറ്റുള്ളവരുടേയും മാനസാന്തരത്തിനും പാപപ്പരിഹാരത്തിനും വേണ്ടി അവർ ഈശോയുടെ കുരിശു ചുമക്കുന്നതിൽ പങ്കെടുക്കണം. അതുകൊണ്ട് മത്സ്യത്തിന്റെ സ്വാഭാവികസ്ഥാനം വെള്ളത്തിലായിരിക്കുന്നതുപോലെ യഥാർഥ സന്യാസികളുടെ സ്വാഭാവിക സ്ഥാനം മിശിഹായുടെ കുരിൻചുവട്ടിലാണ്. സഹനത്തിന്റെ ആവശ്യകതയും കുരിശിന്റെ മഹത്വവും പഠിച്ചറിഞ്ഞ ഊക്കനച്ചനു പറയുവാൻ കഴിഞ്ഞു: കുരിശിനോട് അടുത്തെങ്കിലേ അതിന്റെ മാധുര്യം മനസ്സിലാകുകയുള്ളു.[11] ഞാൻ ദുഃഖിതനാകുമ്പോൾ കുരിശിൽ നിന്നും എനിക്ക് ധൈര്യം ലഭിക്കട്ടെ.[12]

പ്രശ്നരഹിതമായ ഒരു ജീവിതമായിരുന്നില്ല ഊക്കനച്ചന്റേത്. പ്രശ്നങ്ങളും പ്രതിസന്ധികളും സംഘർഷങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തിൽ കാർമേഘപടലങ്ങൾ പരത്തിയിട്ടുണ്ട്. എല്ലാം ശാന്തതയോടും സമചിത്തതയോടും പ്രസന്നതയോടുംകൂടി അഭിമുഖീകരിക്കുവാനും അതിജീവിക്കുവാനും സാധിച്ചു എന്നത് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നു. ഈശോയോടും പരിശുദ്ധ അമ്മയോടും തുടർച്ചയായി നടത്തിയ സംഭാഷണങ്ങളും സ്വകാര്യത പങ്കുവക്കലും പ്രശ്നങ്ങളുടെ യഥാർഥ അവസ്ഥയിലേക്ക് ദിവ്യവെട്ടം വീശാൻ ഇടയാക്കി. പരിശുദ്ധാത്മാവുമായുള്ള നിരന്തരമായ സമ്പർക്കത്തിലൂടെ വിപരീത സാഹചര്യങ്ങളെ ധീരതയോടും ശാന്തതയോടും കൂടി അഭിമുഖീകരിക്കുന്നതിനും വിവേകത്തോടും വിവേചനയോടുംകൂടി അതിജീവിക്കുന്നതിനും സാധിച്ചു. അതിലെല്ലാം ദൈവത്തിന്റെ കരുണയും കരുതലും തിരിച്ചറിഞ്ഞപ്പോൾ അനുഭവിച്ച ആന്തരിക സന്തോഷം മുഖത്തും ചെയ്തികളിലും എപ്പോഴും പ്രകടമായിരുന്നു. ഇത് അദ്ദേഹത്തിന്റെ ദർശനങ്ങൾ തിളക്കമുള്ളതാക്കിമാറ്റി. മറ്റുള്ളവർക്ക് അത് ദൈവത്തിന്റെ ഇടപെടലായി അനുഭവപ്പെട്ടു.

സഹനങ്ങൾ ദൈവമഹത്വം പ്രാപിക്കുന്നതിനുള്ള ചവിട്ടുപടികളായിക്കണ്ട ഊക്കനച്ചൻ തന്റെ പുത്രിമാരെ ഉപദേശിച്ചു: കുരിശുകൾ ദൈവസ്നേഹത്തിന്റെ അടയാളമാണ്. ദൈവം തന്നെ സ്നേഹിക്കുന്നവരെ ക്രൂശിതനായ തന്റെ ഏകജാതനോട് തുല്യരാക്കുന്നു. കുരിശുകൾ നമ്മുടെ ആത്മീയ രോഗം പൊറുപ്പിച്ച് നമ്മെ ദൈവത്തി

ലേക്കടുപ്പിക്കുന്നു. ഈ ലോകത്തിൽ കുരിശുകളും കഷ്ടതകളും അയക്കുന്നത് മനുഷ്യർ വഴിപിഴച്ചു പോകാതിരിക്കുവാനുള്ള ഒരു ചൂരൽ കഷായമായി കണക്കാക്കാം.[13] ഗോതമ്പുമണി നിലത്തു വീണ് അഴുകുന്നില്ലെങ്കിൽ ഫലം പുറപ്പെടുവിക്കാൻ സാധിക്കുകയില്ല എന്ന തിരുവചനത്തിന്റെ അർഥം മനസ്സിലാക്കണം എന്നും സ്വയം ബലി ചെയ്യപ്പെടാതെ നമ്മുടെ മുമ്പിൽ ബലിവസ്തുക്കൾ ഉണ്ടാവുകയില്ല എന്നും സന്യാസത്തിൽ സഹനത്തിനും പരിത്യാഗത്തിനും അങ്ങനെയാണ് സ്ഥാനം ലഭിക്കുക എന്നും അദ്ദേഹം ഉപദേശിച്ചു.[14] സഹനങ്ങളിലൂടെ ശക്തി സംഭരിച്ച് നിത്യകിരീടം സ്വന്തമാക്കുവാൻ ആ വത്സല താതൻ തന്റെ മക്കളോട് ആഹ്വാനം ചെയ്തു.

പരിത്യാഗജീവിതം ജോണിന്റെ ജീവിതത്തിന് ശക്തിയും ആത്മീയ കൃപകളും നൽകി; ആത്മാക്കൾക്കുവേണ്ടി ജീവനർപ്പിക്കുവാൻ അത് അദ്ദേഹത്തിന് ആത്മബലം പ്രദാനം ചെയ്തു.

ജീവിതത്തിലെ കയ്പേറിയ അനുഭവങ്ങളെ ദൈവകൃപകളാക്കി മാറ്റിയ ജോൺ വേദനയിൽപ്പെട്ടുഴലുന്നവരെ കൈപിടിച്ചുയർത്തി!!!

---

**അടിക്കുറിപ്പുകൾ**

1. Lights from heaven., June 22, 23, 1903.
2. Ibid., October 26, 27, 1903.
3. Ibid., July 3, 1903.
4. Ibid., September 22, 23, 1903.
5. Ibid., September 14, 1903.
6. Ibid., December 11-20, 1903.
7. Ibid., July 26, 1904.
8. Ibid., September 27, 1904.
9. Ibid., 1922.
10. Ibid., April, 1902.
11. Confrences., 1946.
12. Lights from heaven., September 14, 1903.
13. Confrences., 1946.
14. Souvenir Adaranjali., p. 30.



## ശാന്തശീലൻ

യേശുവിന്റെ ഹൃദയത്തിന്റെ പ്രത്യേക ഗുണമാണ് ശാന്തത. ഈ ഗുണം തന്നിൽനിന്നും പഠിക്കുവാൻ യേശു ആവശ്യപ്പെടുന്നു. ശാന്തതയെ അവിടുന്ന് ശ്ലാഘിച്ചു സംസാരിക്കുന്നുണ്ട്-ശാന്തശീലർ ഭാഗ്യവാന്മാർ; അവർ ഭൂമി അവകാശമാക്കും (മത്താ.5:5). ശാന്തത-എല്ലാവർക്കും ഒരുവനെ സമീപസ്ഥനാക്കുകയും, എല്ലാവരേയും അവനിലേക്കടുപ്പിക്കുകയും ചെയ്യുന്നു.

അവശർക്കും ആലംബഹീനർക്കും വേണ്ടി പ്രവർത്തിക്കുവാൻ തീരുമാനിച്ചുറച്ച ജോൺ യേശുവിന്റെ ശാന്തത തന്നിലേക്കു പകർത്തി. ആചാരോപചാരങ്ങളിലുള്ള വിനയം, കോപത്തിന്റെ നിയന്ത്രണം, വേദനകൾ മൗനമായി സഹിക്കുക ഇവയെല്ലാം ശാന്തതയുടെ അവിഭാജ്യ ഘടകങ്ങളാണ്. പരിഹാസങ്ങൾ ഞാൻ ഭയപ്പെടുന്നു, ഒഴിഞ്ഞുമാറുന്നു. അവ അഭിമുഖീകരിക്കുവാൻ ഞാൻ ശ്രമിക്കുന്നില്ല. യേശുവിന്റെ ശാന്തതയുള്ള ഹൃദയം എനിക്കു ശാന്തത പ്രദാനം ചെയ്യട്ടെ. ശാന്തത അഭ്യസിക്കുന്നതിനായി യേശു തന്റെ ഹൃദയം മാതൃകയായി നൽകുന്നു. അവൻ ചതഞ്ഞ ഞാങ്ങണ ഒടിക്കുകയില്ല, എരിയുന്ന തീ കെടുത്തുകയുമില്ല. എനിക്കും ആത്മാക്കൾക്കുവേണ്ടി പ്രവർത്തിക്കുന്ന എല്ലാവർക്കും അങ്ങയുടെ ഹൃദയത്തെ അനുകരിക്കുവാനുള്ള കൃപനൽകണമെ. നിർമലയായ അമ്മേ, അങ്ങയുടെ മകനിലുള്ള ഈ പുണ്യത്തെ അങ്ങു സ്നേഹിക്കുകയും അങ്ങിലേയ്ക്കു പകർത്തുകയും ചെയ്തു.[1] യേശുവിന്റെ ഹൃദയത്തെ അനുകരിക്കുവാനുള്ള ദാഹത്താൽ ഹൃദയശാന്തതയും എളിമയുമുള്ള ഈശോ എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് അനുരൂപമാക്കണമേയെന്ന് അദ്ദേഹം ആവർത്തിച്ചപേക്ഷിക്കുമായിരുന്നു. ഈ പുണ്യം നിരന്തരമായ പരിശ്രമം കൊണ്ടുമാത്രമെ സ്വായത്തമാക്കുവാൻ സാധിക്കൂ എന്ന് വി. ഫ്രാൻസീസ് സാലസിന്റെ ജീവിതമാതൃകയിലൂടെ അദ്ദേഹം മനസ്സിലാക്കി. അമ്മയുടെ മധ്യസ്ഥതയാൽ അത് തന്റെ സ്വഭാവത്തിന്റെ അവിഭാജ്യഘടകമാക്കിമാറ്റുവാൻ സാധിക്കുമെന്ന് അദ്ദേഹം പ്രത്യാശിക്കുകയും ചെയ്തു. ശാന്തതയുടെ അനന്തരഫലങ്ങളെപ്പറ്റി ജോൺ വിവരിക്കുന്നത് ഇപ്രകാരമാണ്: അവരുടെ വിജയകരമായ നിമിഷങ്ങളിൽ ആർക്കും അപ്രീതി വരുത്താതെ, ലോകം മുഴുവനും സ്വന്തമാക്കണമെന്നതുപോലെയുള്ള സംഘർഷങ്ങളെല്ലാം അകറ്റി, എല്ലാവരേയും തങ്ങളിലേക്കാകർഷിക്കും. യേശു തന്നെത്തന്നെ നമുക്ക് മാതൃകയായി നൽകുകയും, തന്നെ സ്നേ

ഹിക്കാത്തവരുടെ അത്യാർത്തി ശമിപ്പിക്കുകയും, സമ്മാനം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. യേശു എത്രയെത്ര മാർഗങ്ങളാണ് അവലംബി ക്കുന്നത്! അങ്ങയുടെ ശാന്തതയുള്ള ഹൃദയത്തെ ആരാണ് സ്നേ ഹിക്കാതിരിക്കുക[2]...

ഊക്കനച്ചന്റെ സ്വഭാവ വൈശിഷ്ട്യത്തെപ്പറ്റി അനുഭവസ്ഥർ പറയുന്നതിങ്ങനെ: അദ്ദേഹത്തിന്റെ മധുരമായ പെരുമാറ്റം എടു ത്തുപറയേണ്ടതാണ്.[3] സദാ പുഞ്ചിരിക്കുന്ന അദ്ദേഹത്തിന്റെ മുഖത്ത് ദൈവികമായ ഒരു ചൈതന്യം എപ്പോഴും ദൃശ്യമായിരുന്നു.[4] അദ്ദേഹ ത്തിന്റെ പെരുമാറ്റം സംസ്കാര സമ്പന്നമായിരുന്നു.[5]

തന്റെ സേവനരംഗങ്ങളിലെല്ലാം അനേകർക്കു താങ്ങും തണലു മായി മാറിയ ആ ശിഷ്യന്റെ പ്രാർഥന ഗുരു ശ്രവിക്കുക തന്നെ ചെയ്തു. ജോൺ ശാന്തതയുടെ വിളനിലമായി മാറി!

---

**അടിക്കുറിപ്പുകൾ**

1. Lights from heaven., July 19, 1904.
2. Ibid., July 19, 1904.
3. Souvenir Adaranjali., p. 30.
4. Ibid., p. 35.
5. Ibid., p. 38.



## കരുണാർദ്രഹൃദയൻ

നിങ്ങളുടെ പിതാവു കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ എന്ന ആഹ്വാനം മനുഷ്യരോടുള്ള ദൈവിക മനോഭാവത്തിന്റെ അതുല്യ നിദർശനമായി നിൽക്കുന്നു. തന്റെ ശിഷ്യരിൽ നിന്ന് ക്രിസ്തു ആവശ്യപ്പെടുന്ന പൂർണത അടങ്ങിയിരിക്കുന്നത് (മത്താ. 5:48) സ്വർഗീയ പിതാവുമായുള്ള ഈ താദാത്മ്യം പ്രാപിക്കലിലാണ്. കരുണയെന്ന വികാരത്തെക്കാൾ പ്രായോഗികതലത്തിലേയ്ക്കു നീങ്ങുന്ന മനസ്സിന്റെ സ്ഥായിയായ മനോഭാവത്തിനാണ് യേശു പ്രാധാന്യം നൽകുന്നത്. അവിടുത്തെ ദയ കുരുടനു കാഴ്ച നൽകാനും (മത്താ. 20:34), കുഷ്ഠരോഗിയെ സൗഖ്യമാക്കാനും (മർക്കോ. 1:41), അജ്ഞർക്ക് അറിവു നൽകാനും (മർക്കോ. 6:34), മൃതരെ ഉയിർപ്പിക്കാനും (ലൂക്ക 7:13), വിശക്കുന്നവർക്ക് ഭോജനം നല്കാനും (മത്താ. 15:32), യഹൂദനിയമത്തിന്റെ നൂലാമാലകളിൽനിന്നും മോചിപ്പിക്കുവാനും (മത്താ. 9:14-15) പ്രേരണ നൽകുന്നു. മനുഷ്യനെ അവന്റെ പാപങ്ങളോടും പരിമിതികളോടും കൂടി സമ്പൂർണ മനുഷ്യനാക്കുവാൻ യേശുവിന്റെ കരുണക്കു കഴിയുന്നു.

യേശുവിന്റെ കരുണയും ആർദ്രതയും അനുഭവിച്ചറിഞ്ഞ ജോൺ വി. ഗ്രന്ഥത്തിലൂടെ അത് വിശദീകരിക്കുന്നു: വിശുദ്ധഗ്രന്ഥത്തിൽ പലയിടത്തും നമ്മുടെ കർത്താവ് കരഞ്ഞതായി പറയുന്നുണ്ട്-പുൽക്കൂട്ടിൽ, ലാസറിന്റെ കുഴിമാടത്തിൽ... കരയുന്നതിന് എനിക്ക് ചെലവൊന്നും വരുന്നില്ലെങ്കിലും യേശുവിനോട് ഒട്ടിച്ചേർന്നിരിക്കുന്നതിനുവേണ്ടി തകർക്കപ്പെട്ട ഒരു ഹൃദയമെങ്കിലും എനിക്കുണ്ടായിരിക്കണം. ഇപ്പോൾ സന്തോഷിക്കുന്നവരെ നിങ്ങൾ വിലപിക്കും. യേശുവിന്റെ ഈ വാക്കുകൾ എന്നിൽ ഭയമുളവാക്കുന്നു. യേശുവേ, പശ്ചാത്താപത്തിന്റെയും ആർദ്രതയുടെയും ഭക്തിയുടെയും കണ്ണുനീർ എനിക്കു തരിക. അമ്മേ, യേശുവിന്റെ കണ്ണുനീരിനോടു കൂടി എന്റേതും ചേർത്ത് ദൈവമഹത്വത്തിനായി അങ്ങ് അത് സമർപ്പിക്കണമെ. യേശു ചിരിച്ചതായി സുവിശേഷത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ലെന്ന് വി.ബേസിൽ രേഖപ്പെടുത്തുന്നു: വേദനിക്കുന്നവരോടു കൂടി വേദനിക്കുന്നതും ചിരിക്കുന്നവരോടുകൂടി ചിരിക്കുന്നതും മനുഷ്യപ്രകൃതിയുടെ പൂർണതയാണ്. എന്നാൽ ആർത്തട്ടഹസിക്കുമ്പോൾ അതിൽ അതിശയോക്തി എന്ന അപൂർണതയുണ്ടാകും. യേശു അവരോടും സഹതപിക്കുന്നു. കാരണം അവിടുന്ന് എല്ലായ്പോഴും

വേദനിച്ചവനാണ്. നശ്വര ഭാഗ്യത്തിനുവേണ്ടിയുള്ള അപരിമിതമായ വ്യഗ്രതകളെല്ലാം ത്യജിക്കുവാനും, പിതൃഗൃഹത്തിൽ നിന്നും വളരെ യകലെ ദുഃഖിച്ചു കഴിയുന്നവരെ പിതാവിലേക്കാനയിച്ച് ആ സ്നേഹ പിതാവിന്റെ ആലിംഗനവും തലോടലും അനുഭവവേദ്യമാക്കി കൊടുക്കുവാനും യേശു പറയുന്നു.[1] കരുണാർദ്രമായ സ്നേഹത്തോടെ, പിതൃസഹജമായ ഉത്കണ്ഠയോടെ പിതാവ് നമ്മെ പരിപാലിച്ചു കൊണ്ടിരിക്കുന്നു. എന്നെ മുഴുവനായും അവിടുത്തെ കരങ്ങളിലേക്ക് ഞാൻ വിട്ടുകൊടുക്കും. ഇത്രയും നല്ല പിതാവിനെ എത്ര പ്രാവശ്യം ഞാൻ വേദനിപ്പിച്ചിട്ടുണ്ട്! ദൈവമേ, ഇനിമുതൽ ഞാൻ അങ്ങേക്ക നുയോജ്യനായ മകനായിരിക്കും. ഞാൻ അങ്ങയെ സ്നേഹത്തോ ടുകൂടി പിതാവേ എന്നു വിളിക്കട്ടെ.[2]

മക്കൾക്ക് സംരക്ഷണം നൽകുന്നതിൽ വ്യഗ്രചിത്തയായ അമ്മ യുടെ കരുണാർദ്രതയും ജോൺ വിവരിക്കുന്നുണ്ട്: കണ്ണുനീരിന്റെ ഈ താഴ്വരയിൽ, തന്റെ മക്കൾ അപകടങ്ങൾക്കു വിധേയരാകുന്നതും ശത്രുക്കളാൽ ചുറ്റപ്പെടുന്നതും കണ്ട് മനസ്സലിഞ്ഞ മറിയം രക്ഷോ പാധിയായി ഉത്തരീയവും തന്റെ കാപ്പയുടെ കീഴിൽ സംരക്ഷ ണവും നൽകി, കരുണാർദ്രസ്നേഹത്തോടെ, മാതൃസഹജമായ ഉത്കണ്ഠയോടെ, നമുക്കുവേണ്ടി ധാരാളം ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നു! മറിയത്തിന്റെ ദയാകടാക്ഷത്തെ ഞാൻ സ്തുതിക്കുകയും അവളെ ഇത്രയും നന്മസ്വരൂപിണിയായി സൃഷ്ടിച്ച തിനും ഞങ്ങൾക്കു മാതാവായി നൽകിയതിനും ഞാൻ ദൈവ ത്തോടു നന്ദി പറയുകയും ചെയ്യുന്നു.[3] തിരുസഭയെ നയിക്കുന്ന തിനും ശത്രുക്കളുടെ കെണികളിൽ നിന്നു സംരക്ഷിക്കുന്നതിനുമായി, തിരുസഭയുടെ മധ്യസ്ഥയും സംരക്ഷകയുമെന്ന പദവികൾ നൽകി നമ്മുടെ കർത്താവ് മറിയത്തെ അലങ്കരിച്ചു. ഒരമ്മയുടെ കരുണാർ ദ്രമായ സ്നേഹത്തോടുകൂടി മറിയം തിരുസഭയെ സംരക്ഷിക്കുന്നു. മാതാവിന്റെ സംരക്ഷണവും സന്മനസ്സാകുന്ന പരിചയും എനിക്കും നൽകണമേയെന്നു പ്രാർഥിച്ചുകൊണ്ട് എന്നെ ഞാൻ അമ്മക്ക് സമർപ്പിക്കുന്നു.[4] അമ്മയുടെ കരുണാർദ്രസ്നേഹം വ്യക്തിപരമായി അനുഭവിച്ചറിഞ്ഞ ജോണിന് തന്റെ അനുഭവം എത്രതന്നെ പറ ഞ്ഞാലും മതിവരുമായിരുന്നില്ല. യേശുവിനെ കുത്തിയ അതേ കുന്തം കൊണ്ട് മേരിയുടെ ഹൃദയാന്തർഭാഗവും കുത്തിപ്പിളർക്കപ്പെട്ടു. മേരി ജീവിച്ചിരുന്നതുകൊണ്ട് കൂടുതൽ തീവ്രമായി അനുഭവപ്പെട്ടു. മാധു ര്യമുള്ള ആ അമ്മയോട് കരുണാർദ്രനായിരിക്കുക. തന്റെ മക്കൾക്ക്

ഇങ്ങനെയൊരു അഭയസ്ഥാനം ലഭിച്ചതിൽ മറിയം അതീവ സന്തുഷ്ട യായി. അമ്മേ, അവിടേക്ക് എന്നെ നയിക്കുക, നിത്യകാലം ഞാൻ അവിടെ വസിക്കട്ടെ.[5] വീണ്ടും അദ്ദേഹം തുടരുന്നു: യേശുവിനോടും പാപികളോടും പ്രത്യേകിച്ച് എന്നോടുമുള്ള കരുണാർദ്രസ്നേഹം കൊണ്ട് കത്തിയുരുകി ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഒരു മെഴുകു തിരി പോലെയായിരുന്നു പരി. അമ്മ.[6] നമ്മുടെ അമ്മയുടെ നാമം ശ്രവിക്കുന്ന മാത്രയിൽ നമ്മിൽ കരുണയും ആർദ്രതയും ജനിക്കുന്നു.[7]

യേശുവിന്റെയും മറിയത്തിന്റെയും സ്വന്തമായിരുന്ന വാഴ്ത്ത പ്പെട്ട മാർഗരറ്റ്മേരി, തന്നെ മുഴുവനും സ്നേഹത്തോടെ യേശുവിനു സമർപ്പിച്ചു. തൽഫലമായി കരുണാർദ്രസ്നേഹം അവളിൽ ഉളവാക്കിയ ഫലങ്ങൾ ജോൺ വിവരിക്കുന്നതിങ്ങനെ: യേശു, സന്തോഷത്തോടെ അവളെ സ്വീകരിച്ചു.ഈശോയുടെ തിരുഹൃദയത്തിനനുരൂപയും അതേ ഹൃദയത്തിന്റെ പ്രേഷിതയുമാകുവാൻ അവൾ ശൈശവ ത്തിൽത്തന്നെ മാതാവിന് സ്വയം സമർപ്പിച്ചു. അമ്മ അവളെ രൂപ പ്പെടുത്തിക്കൊള്ളും എന്നവൾ വിശ്വസിച്ചു. ദൈവംതന്നെ അസൂ യാർഹമാംവിധം അവളെ വീക്ഷിച്ചു. നിന്റെ ഭാരം എന്നിൽ ഇറക്കി വക്കുക എന്ന് ഒരിക്കൽ യേശു അവളോടു പറഞ്ഞു. സർവശക്ത നായ ദൈവത്തിന്റെ കരങ്ങളിലേക്ക് സ്വയം വിട്ടുകൊടുത്ത അരുമ ശിശു! മറിയം അവളോട് പറഞ്ഞു: നീ ഒന്നും ഭയപ്പെടേണ്ട; ഞാൻ നിന്റെ അമ്മയാണ്! എന്റെ സഹോദരിയോടു കാണിച്ച കരുണാർദ്രതക്ക് യേശുവേ, അമ്മേ, ഞാൻ നന്ദിപറയുന്നു. അവൾക്കു നിന്നോടുണ്ടാ യിരുന്ന സ്നേഹം അനുകരിക്കുവാൻ എന്നെ യോഗ്യനാക്കണമെ.[8]

അതുപോലെത്തന്നെ എല്ലാ വസ്തുക്കളേക്കാളുമുപരിയായി വി. ഫ്രാൻസീസ് അസ്സീസി ദൈവത്തെ സ്നേഹിച്ചു; എന്റെ ദൈവമേ, എന്റെ സമസ്തവുമേ. യേശുവിന്റെ പീഡാസഹനങ്ങളെ ഫ്രാൻസീസ് സ്നേഹിക്കുകയും അതേപ്പറ്റി ധ്യാനിക്കുകയും നമ്മുടെ കർത്താവി നോടു കരുണാർദ്രതയോടെ പെരുമാറുകയും ചെയ്തു. അതുകൊണ്ട് യേശുവിന്റെ തിരുമുറിവുകൾ സ്വന്തം ശരീരത്തിൽ സംവഹിക്കുവാൻ വിശുദ്ധനു സാധിച്ചു. ദൈവത്തെ ഞാൻ എങ്ങനെയാണ് സ്നേഹി ക്കുന്നത്? എന്റെ ദൈവമേ, എല്ലാ വസ്തുക്കളേക്കാളുമധികമായി -എന്നെക്കാളുമധികമായി-അങ്ങയെ സ്നേഹിക്കുവാൻ അനുവദി ക്കണമെ.[9]

തന്റെ ഗുരുവിലും അമ്മയിലും നിറഞ്ഞുകവിഞ്ഞൊഴുകിയിരുന്ന കരുണാർദ്രസ്നേഹം, യേശുവിന്റെ പ്രതിപുരുഷനിലും ഉണ്ടാകണമെന്നു മനസ്സിലാക്കിയ ജോൺ അതിനായി ഇടതടവില്ലാതെ ആത്മാർഥതയോടെ പ്രാർഥിച്ചിരുന്നു: ജനേസറത്ത് തടാകത്തിനരികെവച്ച് തന്റെ പാപങ്ങളെ പ്രതി വി. പത്രോസ് വിലപിച്ചു. പ്രായശ്ചിത്തം ചെയ്യുന്നതിനായി അവസരം പാർത്തിരുന്നു. കരുണാർദ്രനായ ദൈവം അതു നൽകുകയും ചെയ്തു. എന്റെ സമീപനം എങ്ങനെയാണ്? ഒരു വൈദികനിൽ അവശ്യം നിറഞ്ഞു നിൽക്കേണ്ട ഗുണമാണ് സ്നേഹം.[10] എന്നെ സ്നേഹിക്കുന്നതിനായി സമർപ്പിച്ച ദൈവത്തെ ഞാൻ തന്നെ വേദനിപ്പിച്ചു; പീഡിപ്പിച്ചു. അനന്തസ്നേഹത്തിന്റെ വേദനകൾ കഴുകിക്കളയുന്നതിന് രക്തക്കണ്ണുനീരും കരുണാർദ്രതയും നൽകണമേ എന്ന് പ്രാർഥിക്കുക.[11]

ആവശ്യക്കാരന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുക എന്നത് പരിശുദ്ധ അമ്മയിൽ നിന്നും ഊക്കനച്ചൻ പഠിച്ചെടുത്ത ഗുണങ്ങളിൽ ഒന്നാണ്. ഊക്കനച്ചൻ ജാതിമതഭേദമെന്യെ എല്ലാവരെയും സഹായിച്ചിരുന്നു എന്ന് ചൊവ്വന്നൂരിലെ കണ്ണനായ്ക്കൽ ചിന്നൻ കുരിയപ്പൻ സാക്ഷ്യപ്പെടുത്തുന്നു: പാവപ്പെട്ടവരെ സഹായിക്കുന്നതിനായി അച്ചൻ ചിട്ടി നടത്തിയിരുന്നു. അതിന്റെ നടത്തിപ്പിന് ഒരു കമ്മിറ്റിയും കൃത്യമായ നിയമങ്ങളും ഉണ്ടായിരുന്നു. സ്വന്തമായൊരു ഭവനം നിർമിക്കാൻ സ്ഥലമില്ലാത്തവർക്ക് അദ്ദേഹം സ്ഥലം നൽകിയിരുന്നു. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുവാൻ അച്ചൻ എപ്പോഴും സന്നദ്ധനായിരുന്നു... യാക്കോബായക്കാരുമായി അദ്ദേഹം സ്നേഹത്തിലായിരുന്നു. ഹിന്ദുക്കൾ ധാരാളമുള്ള ഒരു സമൂഹത്തിൽ നിന്ന് അദ്ദേഹം പഞ്ചായത്ത് പ്രസിഡണ്ടായി നിയമിതനാവുകയും പിന്നീട് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അദ്ദേഹം എല്ലാം വളരെ ചിട്ടയായും ക്രമമായും ചെയ്തിരുന്നു.[12] അച്ചൻ പാവപ്പെട്ടവർക്ക് വീട് പണിതു നൽകുകയും കുടുംബങ്ങൾ സന്ദർശിക്കുകയും എപ്പോഴും അനുകമ്പയോടെ പെരുമാറുകയും ചെയ്തിരുന്നു. അദ്ദേഹം ജനങ്ങൾക്കുവേണ്ടി നിലകൊണ്ടു. വളരെ ആത്മാർഥതയുള്ള, കരുണയുള്ള, ധീരനായ ഒരു സഹായി. ജനം അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. അതുകൊണ്ടാണ് പലവട്ടം അദ്ദേഹം പഞ്ചായത്ത് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടത്.[13] എന്തുപ്രശ്നമുണ്ടായാലും ജനം അദ്ദേഹത്തിന്റെ അടുത്തേക്ക് ഓടിച്ചെന്നിരുന്നു. അദ്ദേഹം എല്ലാം പരിഹരിച്ചുകൊടുത്ത് അവരെ സഹായിച്ചിരുന്നു.[14]

ഈശോയുടെ കരുണാർദ്ര ഹൃദയത്തിന്റെ സ്പന്ദനങ്ങൾ ജോൺ തന്റെ ജീവിത പ്രമാണമാക്കി മാറ്റി. പാവപ്പെട്ടവരിലേക്കും നിരാലംബരിലേക്കും ഇറങ്ങിച്ചെന്നപ്പോൾ അത് ചിറപൊട്ടിയൊഴുകി.

മഴക്കാലത്ത് പണിയില്ലാതെ വിഷമിക്കുന്നവർക്ക് ഭക്ഷണവും മറ്റു സാധനങ്ങളും നൽകുമായിരുന്നു. ചിലപ്പോൾ സ്വന്തം ഭക്ഷണം പോലും നൽകിയിരുന്നു.[15] ജോസഫ് പുലിക്കോട്ടിൽ കോർ എപ്പിസ്കോപ്പ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു: ഊക്കനച്ചൻ മാനേജരായിരിക്കുമ്പോൾ എന്റെ അമ്മ ആർത്താറ്റ് സ്കൂളിൽ പഠിപ്പിച്ചിരുന്നു. സാമ്പത്തികമായി അദ്ദേഹം ഞങ്ങളെ സഹായിച്ചിട്ടുണ്ട്. ഞാൻ അദ്ദേഹത്തിന്റെ പക്കൽ നിന്നും പതിവായി പണം വാങ്ങിക്കൊണ്ടു വന്നിട്ടുണ്ട്. പാവങ്ങളോടും വേദനിക്കുന്നവരോടും അദ്ദേഹത്തിന് പ്രത്യേക പരിഗണനയുണ്ടായിരുന്നു. എല്ലാവരും അദ്ദേഹത്തെ ആദരിച്ചിരുന്നു.[16]

സമൂഹത്തിലും മറ്റുള്ളവരോടും ഉദാരമതികളായിരിക്കണമെന്ന് അദ്ദേഹം ഉപദേശിക്കുകയും സിസ്റ്റേഴ്സിനെ പരിശീലിപ്പിക്കുകയും ചെയ്തു. ജാതി മത വർഗ വർണ ഭേദമെന്യേ എല്ലാ ഭവനങ്ങളിലേക്കും സ്നേഹത്തിന്റെ സന്ദേശവുമായി അദ്ദേഹം അവരെ പറഞ്ഞയച്ചു. അവർ അഗതികളിലും രോഗികളിലും ഈശോയെ ദർശിച്ച് ശുശ്രൂഷിച്ചു. ഈശോയുടെ കരുണയും ആർദ്രതയും നിറഞ്ഞ സ്നേഹം പാവപ്പെട്ടവർക്കും, ആലംബഹീനർക്കും, അനാഥർക്കും സമുദായം അവഗണിച്ചവർക്കും അനുഭവവേദ്യമാക്കിക്കൊടുക്കുക എന്ന മാധുര്യമേറുന്ന നിയമം അദ്ദേഹം തന്റെ വത്സലപുത്രിമാർക്കു നൽകി.

പാവപ്പെട്ടവർക്കുവേണ്ടിത്തുടിച്ച
പാവപ്പെട്ടവരിലേക്കിറങ്ങിച്ചെന്ന്
പാവപ്പെട്ടവരെ ഉദ്ധരിച്ച
പാവപ്പെട്ടവരുടെ സ്വന്തമായി മാറിയ
കരുണാർദ്ര ഹൃദയം!

---

## അടിക്കുറിപ്പുകൾ

1. Lights from heaven., July 20, 1904.
2. Ibid., July 30, 1904.
3. Ibid., July 16, 1904.
4. Ibid., November, 1904.
5. Ibid., 1903, p. 30.
6. Ibid., 1903, p. 23.
7. Ibid., September 10, 1904.
8. Ibid., October 8, 1903.
9. Ibid., October 5, 1903.
10. Ibid., 1902, p. 3.
11. Ibid., 1903, p. 22.

12. Oral Testimony., f. 12, Chinnan Kuriappan Kannanaikkal.
13. Oral Testimony., f. 9, Mr Augustine A P, Alukkal, Chiralayam.
14. Oral Testimony., f. 30, Mr Kochappan Muringathery.
15. Oral Testimony., f. 41, Sr Petronila CSC.
16. Oral Testimony., f. 26, Cor Episcopa Joseph Pulikkottil.





## മനുഷ്യരുടെ രക്ഷയിൽ തൽപരൻ

ദൈവത്തിന്റെ പ്ലാനും പദ്ധതിയും അനുസരിക്കാതെ അവിടുത്തെ സ്നേഹവലയത്തിൽനിന്നും അകന്നുപോയ മനുഷ്യവംശത്തെ വീണ്ടെടുത്തു രക്ഷിച്ച് പിതാവിന്റെ സ്നേഹം അനുഭവവേദ്യമാക്കിക്കൊടുത്ത യേശു ആത്മാക്കൾക്കു വേണ്ടി ദാഹിക്കുന്നു. തന്റെ അമൂല്യ രക്തം അനേകർ ഉപയോഗശൂന്യമാക്കുന്നതു കണ്ട യേശു വിങ്ങിക്കരഞ്ഞു. അത് അവിടുത്തെ വേദന വർധിപ്പിച്ചു.[1] ആത്മാക്കൾക്കുവേണ്ടിയുള്ള യേശുവിന്റെ ദാഹം ശമിപ്പിക്കേണ്ടത് താനാണെന്ന് ജോണിന് സെമിനാരിയിൽ വച്ചുതന്നെ ബോധ്യമായി. യേശുവിന്റെ മാതൃക അദ്ദേഹത്തിനു പ്രചോദനമരുളി: തന്റെ പിതാവിന്റെ മഹത്വവും മനുഷ്യവംശത്തിന്റെ ദുരിതങ്ങളും കണ്ട യേശു സ്വയം മറന്ന് തന്നെത്തന്നെ പരിത്രാണ കർമത്തിനായി സമർപ്പിക്കുന്നു.[2] എന്നാൽ ധാരാളം ആത്മാക്കൾ സ്വാർഥലാഭം അന്വേഷിക്കുന്നതും ക്രിസ്തുവിന്റെ ആഗ്രഹങ്ങളെ അവഗണിക്കുന്നതും കണ്ടപ്പോൾ ആ ഹൃദയം അതീവ ദുഃഖിതമായി.[3] കാരണം ദൈവത്തിന്റെ ഛായയായ ആത്മാവ് പ്രകൃത്യാതന്നെ ശ്രേഷ്ഠമാണ്, പരിത്രാണ കർമത്തിലൂടെ രക്ഷിക്കപ്പെട്ട ആത്മാവ് അനുഗ്രഹങ്ങളാൽ സമ്പന്നയാണ്. തന്റെ സ്രഷ്ടാവിന്റെ പൂർണതയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നതിനാൽ അത് ഏറ്റവും ശ്രേഷ്ഠമാണ്. അതുകൊണ്ട് നിന്റെ തന്നെ രക്ഷയ്ക്കായി പരിശ്രമിക്കുകയും മറ്റുള്ളവരുടെ രക്ഷ അവഗണിക്കാതിരിക്കുകയും ചെയ്യുക.[4] അമ്മ നമുക്കു നൽകുന്ന മാതൃകയും ഇതുതന്നെയാണ്. പാപികളുടെ മാനസാന്തരത്തിനായി പ്രായശ്ചിത്തമനുഷ്ഠിച്ചു പരിഹാരം ചെയ്യുവാൻ അമ്മ തന്റെ മക്കളോട് ആഹ്വാനം ചെയ്യുന്നു: സ്വന്തം സന്തോഷമെല്ലാം മാറ്റിവച്ചുകൊണ്ട് ലോകത്തെ രക്ഷിക്കുന്നതിനായി മറിയം യേശുവിനെ ലോകത്തിലേക്കയക്കുന്നു.[5] ബാലനായ യേശുവിനെ പരിച്ഛേദനം ചെയ്തപ്പോൾ, രക്തം ഒഴുകുന്നതു കണ്ടപ്പോൾ ആ അമ്മയുടെ ഹൃദയം കുത്തിപ്പിളർക്കപ്പെട്ടു. പാപികൾ കുന്നുകൂടുന്നു. പാപത്തിന്റെ കനത്ത ഭാരം എന്റെ മകന്റെമേൽ വന്നു പതിയുന്നു. പ്രായശ്ചിത്തമനുഷ്ഠിച്ച് പരിഹാരം ചെയ്യുക.[6]

തന്റെ അമ്മയുടെയും ഗുരുവിന്റെയും മാതൃക പിൻചെന്ന് ആത്മാക്കൾക്കായി അശ്രാന്ത പരിശ്രമം നടത്തുവാൻ ജോൺ നിരന്തരം പ്രാർഥിച്ചിരുന്നു: യേശു പാപത്തെ വെറുത്തു, പാപികൾക്കു വേണ്ടി പ്രാർഥിച്ചു; തന്റെ പിതാവിനെ പ്രീതിപ്പെടുത്തി, രക്ഷണീയകൃത്യത്തിന്റെ കാര്യം പിതാവുമായി ചർച്ച നടത്തി. യേശുവേ, അങ്ങയെ

അനുഗമിക്കുവാൻ എന്നെ പഠിപ്പിക്കണമെ.[7] ആത്മാക്കൾക്കുവേണ്ടി ഞാൻ വ്യയം ചെയ്യപ്പെടണം.[8]

യേശു ഭൂമിയുടെ ഉപ്പായിരുന്നു. അതുകൊണ്ട് അവിടുന്ന് ലോകത്തെ മുഴുവനും വീണ്ടെടുത്തു രക്ഷിച്ചു. യേശുവിന്റെ വചനം വായിച്ച് ജീവിതത്തിൽ പരിവർത്തനം വരുത്തുന്നവരും അവിടുത്തെ മാതൃകയായി സ്വീകരിക്കുന്നവരും നശിക്കുകയില്ല. ഉത്തമനായ ഗുരുവേ, എന്നെ അങ്ങേക്ക് അനുരൂപനാക്കണമെ.[9]

യേശുവിന്റെ മാതൃകയനുസരിച്ച് ആത്മാക്കളെ രക്ഷിക്കുവാനായി ജോൺ പ്രതിജ്ഞയെടുത്തു: എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആത്മാക്കളെ രക്ഷിക്കുന്നതിനായിട്ടാണ് പിതാവ് എന്നെ അയച്ചത്. വളരെ വലിയ സഹനങ്ങളിലൂടെ ഞാനത് നേടിക്കൊടുത്തു. നീയും ഇതുപോലെ ചെയ്യുക. പരിശുദ്ധാത്മാവിനെ സ്വീകരിക്കുക, സഹായം ആർക്കും നിഷേധിക്കരുത്. ദൈവത്തിനെതിരായി മനുഷ്യൻ ചെയ്യുന്ന പാപങ്ങൾ മോചിക്കുന്നതിന് ദൈവത്തിന്റെ ശക്തി, ദൈവം മനുഷ്യനു നൽകുന്നു. ആത്മാക്കളുടെ മാനസാന്തരത്തിനായി എല്ലാ മാർഗങ്ങളും ഉപയോഗിക്കുക.[10] പാപികളുടെ മാനസാന്തരത്തിനും വിശ്വാസപ്രചരണത്തിനുമായി മറിയം പ്രാർഥിച്ചു. ഞാനും അപ്രകാരം ചെയ്യും.[11] ജീവന്റേയും രക്ഷയുടേയും ജലമുള്ള ഉറവയിലേക്ക് എന്നെ കൊണ്ടുവന്നു. ദാനമായി ഞാൻ സ്വീകരിച്ചു. ദാനമായിത്തന്നെ ഞാൻ നൽകുകയും ചെയ്യും.[12]

നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നവനാണ്. ഒരാടുപോലും നശിച്ചു പോകുവാൻ അവൻ ആഗ്രഹിക്കുന്നില്ല (ലൂക്ക 15:4). ഇടയധർമം ഇതു തന്നെയാണെന്ന് യേശു പഠിപ്പിക്കുന്നു. അതുകൊണ്ട് ആത്മാക്കൾക്കായി ദാഹിക്കുവാനും ദൈവരാജ്യം വിസ്തൃതമാക്കുവാനുമായി ജോൺ ആത്മാർഥമായാഗ്രഹിച്ചു. സെമിനാരിയിലായിരിക്കുമ്പോൾ പാപികൾക്കും മർദനമനുഭവിക്കുന്നവർക്കും വേണ്ടി അദ്ദേഹം പ്രാർഥിച്ചിരുന്നു. മാധുര്യമുള്ള യേശുവെ, യാതൊരുവനും നശിച്ചു പോകുവാൻ അനുവദിക്കരുതേ.[13] ആത്മാക്കൾക്കായുള്ള ജോണിന്റെ തീരാദാഹമാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. പുരോഹിതനായി അഭിഷിക്തനായപ്പോൾ തന്റെ ജീവിതം അതിനായി മാറ്റിവച്ചു. ഈശോയുടെ തിരുഹൃദയത്തോടും മാതാവിന്റെ വിമലഹൃദയത്തോടും ചേർത്ത്, ദൈവത്തിന്റെ ഉപരിമഹത്വത്തിനും ആത്മാക്കളുടെ രക്ഷക്കുമായി ഏതു നിമിഷത്തിലും കത്തിയെരിയുന്നതിനായി

ഞാൻ എന്നെത്തന്നെ സമർപ്പിച്ചു.[14] ദൈവരാജ്യം വിസ്തൃതമാക്കുന്നതിനായി അരയും തലയും മുറുക്കി അദ്ദേഹം പുറപ്പെട്ടു. ലോകത്തെ രക്ഷിക്കുന്നതിനായി വേണ്ടിവന്നാൽ നാമും രക്തം ചിന്തണം. പാപച്ചേറ്റിൽ നിന്നും ഞാൻ ഉയർത്തപ്പെട്ടു. എന്നാൽ പാപകൂപത്തിൽ കഴിയുന്ന അനേകായിരം പേർ ഇനിയുമുണ്ട്. യേശുവിന്റെ രക്ഷണീയകൃത്യത്തിന് പ്രതിസമ്മാനമായി പാപച്ചേറ്റിൽ കഴിയുന്നവരെ ഞാൻ ഉയർത്തിക്കൊണ്ടുവരണം.[15] ആത്മാക്കൾക്കായുള്ള തീക്ഷ്ണതയാൽ ലോകം മുഴുവൻ ചുറ്റിസഞ്ചരിക്കുവാനാഗ്രഹിച്ച ഊക്കനച്ചൻ അതു വിവരിക്കുന്നതു ശ്രദ്ധേയമാണ്: ഒരു വൈദികന്റെ ഏറ്റവും വലിയ ഉത്തരവാദിത്വം ആത്മാക്കളെ നേടുന്നതിനായി തീക്ഷ്ണതയോടെ പ്രയത്നിക്കുകയാണ്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ യോഗ്യതയും അതുതന്നെയാണ്. ആത്മാക്കളെ രക്ഷിക്കുന്നതിനായി ഉത്ക്കടമായാഗ്രഹിക്കുകയും പ്രതികൂല സാഹചര്യങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം അവഗണിച്ച് അതിനായി പരിശ്രമിക്കുകയും വേണം. ഇത് ദൈവരാജ്യത്തിന്റെ വിസ്തൃതിക്കും ദൈവത്തിന്റെ ഉപരിമഹത്വത്തിനുമായി, തീക്ഷ്ണമായി കത്തിയെരിയുന്ന ആഗ്രഹമാണ്. ആത്മാക്കളുടെ രക്ഷയിലൂടെയും, ലോകം, പിശാച്, ശരീരം എന്നീ ശത്രുക്കളെ നിഹനിക്കുന്നതിലൂടെയും ഇത് സാധിതമാകുന്നു. ഇതിനെ വിശുദ്ധമായ അസൂയ എന്നു വിളിക്കാം. അതുകൊണ്ട് ദൈവം അസൂയാലുവാണ്. ഇക്കാര്യത്തിൽ ദൈവവും മനുഷ്യനും തമ്മിൽ വളരെ വലിയൊരന്തരമുണ്ട്. ശത്രുക്കളെ-ലോകം, പിശാച്, ശരീരം-കീഴടക്കുന്നതിനുള്ള കഴിവു കുറവാണ് മനുഷ്യനിലെ അസൂയ. എന്നാൽ ദൈവത്തിൽ നേരെമറിച്ചും.

ആത്മാക്കളെ നേടുന്നതിനായി വളരെ വലിയ വില കൊടുക്കേണ്ടതായി വരും. അതായത് സഹനം, മരണം... ഇത് എല്ലായിടത്തും പ്രത്യേകിച്ചു മിഷൻ പ്രദേശങ്ങളിലും ആവശ്യമാണ്. തിരുസഭ ഇത് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ദൈവത്തെ മഹത്വപ്പെടുത്തുവാൻ ആത്മാക്കളെ പ്രാപ്തരാക്കുന്നതുകൊണ്ട് ഇത് വളരെ വലിയൊരു പുണ്യമാണ്. അനന്തനന്മയും പരിപൂർണതയുമായ ദൈവത്തിന് നമുക്കു നൽകുവാൻ സാധിക്കുന്ന പ്രതിസമ്മാനം ഇതു മാത്രമാണ്. ഇനിയും ചെയ്തു കഴിയാത്തതായി എന്താണുള്ളതെന്ന് വി. ഫ്രാൻസീസ് സേവ്യറിനെപ്പോലെ ആത്മാക്കൾക്കായുള്ള തീക്ഷ്ണതയാൽ എരിയുന്ന വൈദികനും അന്വേഷിക്കുന്നു.

അതുകൊണ്ട് പഠനവും അനുദിനകൃത്യങ്ങളുമെല്ലാം വൈദികശുശ്രൂഷക്കുള്ള ഒരുക്കമായി ചെയ്യണം. അങ്ങനെ ധാരാളം ആത്മാക്കളെ

രക്ഷിക്കുവാൻ സാധിക്കും. അപ്പോൾ സ്വാർഥ സ്നേഹത്തിന് യാതൊരു സ്ഥാനവുമുണ്ടാവുകയില്ല. ഞാൻ ഇത് സംതൃപ്തി ലഭിക്കുന്നതിനുവേണ്ടിയോ, പ്രശംസിക്കപ്പെടുന്നതിനുവേണ്ടിയോ ചെയ്യുകയില്ല. പ്രത്യുത ആത്മാക്കളെ രക്ഷിക്കുന്നതിനുവേണ്ടിയാണ് ഇവയെല്ലാം ചെയ്യുന്നത്. മിഷണറി ദൈവത്തെ മഹത്വപ്പെടുത്തുന്നതിനായി അയയ്ക്കപ്പെടുന്നു. നമ്മുടെ അടിസ്ഥാനപരമായ ലക്ഷ്യവും അതുതന്നെയായിരിക്കണം. ഉറവയുള്ളിടത്ത് അരുവിയുമുണ്ടാകും. ഉറവയിൽ നിന്നും അരുവി ഒഴുകുന്നതുപോലെ സ്നേഹത്തിന്റെ ഉറവയായ ദൈവത്തിൽ നിന്നും സ്നേഹം മനുഷ്യരിലേക്കൊഴുകുന്നു.

ഒരാൾ ദൈവസ്നേഹത്താൽ പ്രചോദിപ്പിക്കപ്പെടുമ്പോൾ ആത്മാക്കൾക്കായുള്ള തീക്ഷ്ണത അയാളിൽ ഉളവാക്കുന്ന അനന്തമായ ദൈവത്തിനു മാത്രമെ മനുഷ്യ ഹൃദയത്തെ സംതൃപ്തമാക്കുവാൻ സാധിക്കൂ. ആത്മാക്കൾക്കായി പ്രയത്നിക്കുവാൻ ദൈവസ്നേഹം നമ്മെ നിർബന്ധിക്കുന്നു. കാരണം ദൈവത്തെ അറിഞ്ഞു സ്നേഹിച്ച് അവിടുത്തേക്കു ശുശ്രൂഷ ചെയ്യുവാനായിട്ടാണ് അവിടുന്ന് മനുഷ്യനെ സൃഷ്ടിച്ചത്. ഞാൻ അവിടുത്തെ സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു. എന്നാൽ അതുകൊണ്ടുമാത്രം അവിടുന്നു തൃപ്തനാകുന്നില്ല. ഇരുപതോ, നൂറോ ആത്മാക്കളെ മാനസാന്തരപ്പെടുത്തിയതുകൊണ്ടുമാത്രം ഞാനും സംതൃപ്തനാകരുത്. ഈ ലോകം മുഴുവനും മാനസാന്തരപ്പെട്ട് ദൈവത്തിലേക്ക് തിരിഞ്ഞാലും ആത്മാക്കൾക്കുവേണ്ടിയുള്ള തീക്ഷ്ണതയാൽ എരിയുന്ന ഒരാൾ സംതൃപ്തനാകുന്നില്ല. കാരണം ദൈവം അനന്തസ്നേഹമാണ്. അതുകൊണ്ട് സൃഷ്ടികൾ അവിടുത്തേക്കു നൽകുന്ന മഹത്വം ദൈവത്തിന്റെ അനന്തമഹത്വത്തിനുമുമ്പിൽ കേവലം നിസ്സാരമാണ്. ഇതിനായി നന്നായി പ്രാർഥിക്കണം. ജനങ്ങളെ ഉദ്ബുദ്ധരാക്കിക്കൊണ്ട് അവർക്കു പരിപൂർണത പ്രാപിക്കുവാനുള്ള ഉൽപ്രേരകമായി നിലകൊള്ളണം.[16] ആത്മാക്കൾക്കായി ദാഹിച്ച യേശുവിന്റെ ദാഹം ശമിപ്പിക്കുന്നതിനുള്ള തീവ്രമായ ആഗ്രഹമല്ലേ ഇത് വിളിച്ചറിയിക്കുന്നത്. ധാരാളം പേർ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ ആത്മാക്കൾക്കായുള്ള പ്രവർത്തനം ത്വരിതമാകും[17] എന്നു മനസ്സിലാക്കി വൈദികരുടെ ഒരു സമൂഹം രൂപീകരിക്കുവാൻ പോലും അദ്ദേഹം ആഗ്രഹിച്ചു.[18] മിഷണറിമാരുടെ പ്രവർത്തനം സുഗമമാക്കുവാൻ ആത്മാക്കളെ ഒരുമിച്ചു കൂട്ടുന്നതും പ്രചോദനമരുളുന്നതും യേശുവാണല്ലോ.[19]

താൻ സ്ഥാപിക്കുന്ന സന്യാസിനി സമൂഹം മിഷൻ ചൈതന്യം ഉൾക്കൊള്ളണമെന്ന് ആ പ്രേഷിതവര്യൻ അത്യധികം ആഗ്രഹിച്ചു.

ഭൂഗോളത്തിന്റെ എല്ലാഭാഗത്തും അവർ മിഷൻ പ്രവർത്തനത്തിൽ വ്യാപൃതരാകുന്നതു കാണുവാൻ അദ്ദേഹം അഭിലഷിക്കുകയും ചെയ്തു. മനുഷ്യവംശം മുഴുവനും ദൈവത്തിലേക്കു തിരിയുവാൻ ആഗ്രഹിക്കുകയും അതിനായി അശ്രാന്തം പരിശ്രമിക്കുകയും ചെയ്ത ഊക്കനച്ചൻ നന്മ ചെയ്യുവാൻ എന്റെ കൈകളെയും അങ്ങേക്കുവേണ്ടി ഓടുവാൻ എന്റെ കാലുകളെയും സ്വതന്ത്രമാക്കണമെയെന്നും[20] തീക്ഷ്ണമതികളായ അനേകം പ്രേഷിതരെ അയക്കണമെ[21] എന്നും നിരന്തരം പ്രാർഥിച്ചിരുന്നു.

പാപികൾക്കുവേണ്ടി പ്രാർഥിച്ച തന്റെ ഗുരുവിനെ അനുകരിച്ച്, പാപികളെ ഉദ്ധരിക്കുന്നതിനായി, പാപികളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന നല്ലയിടയൻ!

പാപികളെ നേടിയെടുത്ത്, ദൈവമഹത്വത്തിനും ദൈവരാജ്യ വ്യാപനത്തിനുമായി അവിരാമം പരിശ്രമിച്ച യേശുവിന്റെ അരുമ ശിഷ്യൻ!!

ആത്മാക്കളെ നേടുന്നതിനായി, ലോകം മുഴുവൻ ചുറ്റി സഞ്ച രിക്കുവാൻ, കാടും മേടും താണ്ടുവാൻ ആഗ്രഹിച്ച പ്രേഷിതവര്യൻ!!!

സമുദായം സൃഷ്ടിക്കുകയും അതേ സമുദായം അവഗണിക്കു കയും ചെയ്തവരെ രക്ഷിച്ച് ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ പാടുവാൻ വെമ്പൽകൊണ്ട യഥാർഥ മിഷണറി!!!

---

## അടിക്കുറിപ്പുകൾ

1. Lights from heaven., 1903, p. 22.
2. Ibid., 1903, p. 13.
3. Ibid., December 4, 1903.
4. Ibid., December 3, 1903.
5. Ibid., May 17, 1903.
6. Ibid., May 13, 1903.
7. Ibid., June 27, 1903.
8. Ibid., August 24, 1904.
9. Ibid., July 28, 1904.
10. Ibid., April 30, 1903.
11. Ibid., May 31, 1903.
12. Ibid., November 6, 1903.
13. Ibid., 1903.
14. Ibid., August 1, 1904.
15. Ibid., 1902, p. 2.
16. Ibid., p. 387.
17. Ibid., December 28, 1906.

18. Ibid., September 2-7, 1924.
19. Ibid., 1903.
20. Ibid., September 26, 1903.
21. Ibid., August 17, 1904.



## ശത്രുസ്നേഹം പരിശീലിച്ച ക്രിസ്തുശിഷ്യൻ

സ്നേഹത്തിന്റെ ഉദാത്തമായ പാഠങ്ങൾ നൽകിയ യേശു ശത്രുക്കളെ സ്നേഹിക്കുന്നവരാണ് യഥാർഥ ക്രിസ്തുശിഷ്യർ എന്നു പഠിപ്പിച്ചു (മത്താ. 5:44). തന്റെ മാതൃകയായ യേശുവിനെ അനുകരിച്ച ജോൺ, ഈശോമിശിഹായുടെ ശത്രുസ്നേഹം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കണമെന്ന്[1] തന്റെ മക്കളെ ഉപദേശിച്ചു. ശത്രുക്കൾക്കുവേണ്ടി പ്രാർഥിക്കുകയും അവരോട് ക്ഷമിക്കുകയും ചെയ്ത യേശുവിന്റെ ജീവിതവുമായി തന്റെ ജീവിതത്തെ ജോൺ താരതമ്യപ്പെടുത്തി: തന്നെ അടിച്ച ഭൃത്യരോട് യേശുവിന് നീരസമോ, കോപമോ, വൈരാഗ്യമോ, അവജ്ഞയോ, യാതൊന്നുമില്ല. എന്നെ ദ്രോഹിക്കുന്നവരോട്, എന്നെ വ്രണപ്പെടുത്തുന്നവരോട് ഞാനും അങ്ങനെയാണോ? എന്റെ ശത്രുക്കൾക്ക് ഞാൻ സൗമ്യശീലനാണോ? മനുഷ്യരുടെ അപരാധങ്ങളെപ്പറ്റി കുറ്റമാരോപിക്കുവാൻ യേശു നിർബന്ധിക്കപ്പെടുകയാണെങ്കിൽ അവയെല്ലാം നമ്മുടെ അജ്ഞത മൂലമാണെന്ന് അവിടുന്ന് പറയുന്നു... പിതാവേ, ഇവരോട് ക്ഷമിക്കണമെ.[2]

തന്നെ ദ്രോഹിച്ചവരെ രക്ഷിക്കുന്നതിനായി യേശു കുരിശുമരണം കൈവരിച്ചു. അതുകൊണ്ടും തൃപ്തനാകാതെ അവരെ തീറ്റിപ്പോറ്റുന്നതിനായി സ്വന്തം മാംസരക്തങ്ങൾ നല്കി. അവരെ ശക്തിപ്പെടുത്തുന്നതിനും നയിക്കുന്നതിനുമായി തന്റെ ആത്മാവിനേയും നൽകി (യോഹ. 16:13). എത്ര ഉദാത്തമായ സ്നേഹം!

ശത്രുസ്നേഹത്തിന്റെ മഹനീയ മാതൃക നൽകിയ ദിവ്യഗുരുവിനെ അനുകരിച്ച് ജീവിതകാലം മുഴുവനും ശത്രുക്കൾക്കുവേണ്ടി ഊക്കനച്ചൻ പ്രാർഥിച്ചിരുന്നു. തന്റെ ഓരോ ബലിയർപ്പണത്തിലും അദ്ദേഹം അവരെ അനുസ്മരിച്ചു. അങ്ങനെ ശത്രുസ്നേഹം യേശുവിന്റെ മുദ്രയും മുദ്രാവാക്യവുമാണെന്നും അത് ശത്രുക്കളേയും മിത്രങ്ങളാക്കുവാൻ പോന്നതാണെന്നും സ്വജീവിതത്തിലൂടെ അദ്ദേഹം തെളിയിച്ചു. അച്ചായിയുടെ മൃതസംസ്കാര ശുശ്രൂഷയുമായി ബന്ധപ്പെട്ടു നടന്ന പ്രശ്നം ഇതിന് നല്ലൊരു തെളിവാണ്.

ചൊവ്വന്നൂർ കത്തോലിക്ക ദേവാലയത്തിന് രണ്ട് ഗേറ്റുകളുണ്ട്. ഒന്ന് പടിഞ്ഞാറു വശത്ത് മറ്റൊന്ന് തെക്കുവശത്ത്. ഇയ്യാൽ, മരത്തംകോട്, കിടങ്ങൂർ, പന്തല്ലൂർ എന്നീ ഗ്രാമങ്ങളിലും ചൊവ്വന്നൂരിന്റെ തെക്കുവശത്തും ആരെങ്കിലും മരിച്ചാൽ മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര ദേവാലയാങ്കണത്തിൽ പ്രവേശിക്കേണ്ടത്

തെക്കുവശത്തെ ഗേറ്റിൽക്കൂടിയും പോർക്കുളം, അയ്യംപറമ്പ് എന്നീ സ്ഥലങ്ങളിലും ചൊവ്വന്നൂരിന്റെ വടക്കുവശത്തും ആരെങ്കിലും മരിച്ചാൽ വിലാപയാത്ര ദേവാലയാങ്കണത്തിൽ പ്രവേശിക്കേണ്ടത് പടിഞ്ഞാറുവശത്തെ ഗേറ്റിൽക്കൂടിയും ആയിരുന്നു. ഇത് പള്ളിയോഗ തീരുമാനമാണ്. വികാരിയച്ചന്റെ നേതൃത്വത്തിൽ പള്ളിയോഗം തീരുമാനിക്കുന്നത് ഇടവകയിൽ നടപ്പാക്കുന്നു. ഇടവക ജനങ്ങൾ ഇവ അനുസരിക്കേണ്ടതുമാണ്. മറിച്ച് ശക്തരായ ഒന്നോ രണ്ടോ പേരുടെ ആഗ്രഹങ്ങൾക്ക് വികാരി അച്ചൻ വിധേയപ്പെട്ടാൽ ഇടവകയുടെ സുഗമമായ നടത്തിപ്പിന് ബുദ്ധിമുട്ടുളവാകും. മാത്രമല്ല സാധാരണ ജനത്തിന് നീതി ലഭിക്കുകയുമില്ല.

മണലിൽ ചേറു കൊച്ചപ്പൻ പ്രസ്തുത യോഗതീരുമാനത്തിൽ അസന്തുഷ്ടനായിരുന്നു. ഈ യോഗതീരുമാനം അനുസരിക്കുകയില്ലെന്നും പ്രായമായ തന്റെ അമ്മൂമ്മ മരിച്ചാൽ ഒരു വൈദികന്റെ സാന്നിധ്യമില്ലെങ്കിൽപോലും പടിഞ്ഞാറുവശത്തെ ഗേറ്റിൽക്കൂടി വിലാപയാത്ര ദേവാലയാങ്കണത്തിൽ പ്രവേശിക്കുമെന്നും പരസ്യമായി പറഞ്ഞു. 1951 ആഗസ്റ്റ് 7-ാം തീയതി ചേറു കൊച്ചപ്പന്റെ അമ്മൂമ്മ അച്ചായി മൃതിയടഞ്ഞു. കൊച്ചപ്പന്റെ മുതിർന്ന ബന്ധുക്കൾ അരുതായ്മകൾ ചെയ്യരുതെന്ന് ഉപദേശിച്ചെങ്കിലും അനുസരിച്ചില്ല.[3] വികാരി എന്ന നിലയിൽ ഊക്കനച്ചന് ശക്തമായ തീരുമാനമെടുക്കേണ്ടിവന്നെങ്കിലും ജനങ്ങൾക്ക് അത് വലിയൊരു പാഠമായിരുന്നു. അച്ചായിയുടെ മകൻ മണലിൽ ചേറു പൊറിഞ്ചു ആലപ്പാട്ടു പിതാവിനെഴുതിയ അപേക്ഷയിൽ പറയുന്നു... വികാരി അച്ചനെ അനുസരിക്കാതിരുന്ന ചേറുക്കുട്ടിയെ നിയമാനുസൃതം ശിക്ഷിക്കണം.[4]

പിന്നീട് വീട്ടിൽ തുടർച്ചയായുണ്ടായ രോഗങ്ങൾ തങ്ങളുടെ വികാരിയച്ചനെ അനുസരിക്കാതിരുന്നതുകൊണ്ടാണോ എന്ന് സ്വന്തക്കാരുടെയും ബന്ധുക്കളുടെയുമിടയിൽ സംസാരമുണ്ടായി. കൊച്ചപ്പന്റെ ഭാര്യ ആനിക്ക് കണ്ണിനു രോഗമായപ്പോൾ ഡോക്ടർമാർ ശസ്ത്രക്രിയ നിർദേശിച്ചു. എല്ലാ സജ്ജീകരണങ്ങളോടും കൂടി ടെമ്പോ ട്രാവലർ പുറപ്പെടുന്നതിനു മുമ്പ് ആനി ഊക്കനച്ചന്റെ കബറിടത്തിൽ ചെന്ന് പ്രാർഥിച്ചു: ഊക്കനച്ചാ, ഞങ്ങളുടെ കുടുംബത്തോട് ക്ഷമിച്ചു എന്നതിന് അടയാളമായി ശസ്ത്രക്രിയ കൂടാതെ എനിക്കു തിരിച്ചു വരാനാകണം. ആശുപത്രിയിൽ ചെന്ന് ശസ്ത്രക്രിയക്കായി ഓപ്പറേഷൻ തിയറ്ററിൽ പ്രവേശിപ്പിച്ച ആനിയെ ടെസ്റ്റുകൾ നടത്തിയ ശേഷം ശസ്ത്രക്രിയ ആവശ്യമില്ലെന്നു പറഞ്ഞ് തിരിച്ചുവിട്ടു. ഈ

സുഖപ്രാപ്തി ഊക്കനച്ചന്റെ മാധ്യസ്ഥ്യം മൂലമാണെന്ന് ആനിയും കുടുംബവും വിശ്വസിക്കുന്നു. പ്രാർഥനാമുറിയിൽ ഈശോയുടെ തിരുഹൃദയത്തിനു താഴെ ഊക്കനച്ചന്റെ ഫോട്ടോ അലങ്കരിച്ചുവച്ച് അവർ മാധ്യസ്ഥ്യം യാചിക്കുന്നു[5].

എതിർത്തവരോടും പരിഹസിച്ചവരോടും കുറ്റമാരോപിച്ചവരോടും സത്പേരു നശിപ്പിക്കുവാൻ പരിശ്രമിച്ചവരോടും നിരുപാധികം ക്ഷമിച്ച് അനുഗ്രഹം വർഷിക്കുന്ന വലിയ കാരുണ്യം.

---

**അടിക്കുറിപ്പുകൾ**

1. Confrences., 1946.
2. Light from heaven., 1903, p. 24.
3. Letter of Fr Augustine John Ukken to Bp. G. Alappatt on 3 September 1951.
4. Letter of Manalil Cheru Porinchu to Bp. G. Alappatt on 28 August 1951.
5. Oral Testimony., ff. 5-6, Mrs Annie Kochappan.

## പാപത്തെ ഭയപ്പെടുന്നവൻ

പാപത്തെയും അതിന്റെ കാഠിന്യത്തെയും പറ്റിയുള്ള പരാമർശങ്ങൾ എത്ര വേണമെങ്കിലും വിശുദ്ധ ഗ്രന്ഥത്തിൽ കണ്ടെത്താനാകും. ദൈവത്തിൽനിന്നുള്ള മനുഷ്യന്റെ അകൽച്ചയാണ് പാപം. അതിനാൽ പാപിയായ മനുഷ്യൻ അനുതാപം വഴി, മാനസാന്തരം വഴി, വിശ്വാസ സ്ഥിരീകരണം വഴി, ഏറ്റുപറച്ചിൽ വഴി, ദൈവസ്നേഹത്തിലേയ്ക്കു പിന്തിരിയണം (ലൂക്ക 15:7,10,24).

ഈശോ പാപത്തെക്കുറിച്ചല്ല പാപിയെക്കുറിച്ചാണ് കൂടുതൽ ശ്രദ്ധാലുവായിരുന്നത്. പാപമൊഴികെ മറ്റെല്ലാറ്റിലും യേശു മനുഷ്യരെപ്പോലെയായി (ഹെബ്രാ. 4:15). അവിടുന്ന് പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും പാപികളുടെ മധ്യേ ജീവിക്കുകയും ചെയ്തു. എന്നാൽ എന്റെ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ (മത്താ. 5:48) എന്നാണ് അവിടുന്ന് നമ്മോടാഹ്വാനം ചെയ്യുന്നത്. പിതാവിന്റെ പൂർണതയിലേക്കു നടന്നടുക്കുവാൻ ഉത്ക്കടമായാഗ്രഹിച്ച ജോൺ, മാതാവിനോടും യേശുവിനോടും തന്നെത്തന്നെ താരതമ്യപ്പെടുത്തുമായിരുന്നു. നിസ്സാരമായ തെറ്റുകൾപോലും നിർമാർജനം ചെയ്ത് വിശുദ്ധിയിൽ വളർന്നുവരുവാൻ അദ്ദേഹം പരിശ്രമിച്ചു. ദൈവത്തെക്കുറിച്ചുള്ള അറിവും അനുഭവവും വർധിച്ചുവന്നപ്പോൾ പാപബോധവും അദ്ദേഹത്തിൽ വർധിച്ചുവന്നു. വീഴ്ചകളുണ്ടായപ്പോഴെല്ലാം മനസ്തപിച്ചുകൊണ്ട്, പിതാവിന്റെ സ്നേഹം അനുഭവിക്കുവാൻ ആ ഹൃദയം തിടുക്കം കൂട്ടി. ദുഃഖനിർഭരവും മരണം കൊടികുത്തി വാഴുന്നതുമായ ഒരു അപൂർണലോകത്തെയല്ല ദൈവം സൃഷ്ടിച്ചത് എന്ന ചിന്ത എന്നെ ആഴത്തിൽ സ്പർശിച്ചു. ദൈവത്തിന്റെ പദ്ധതി മനുഷ്യൻ തകിടം മറിച്ചു. ഒരു പാപം മൂലം ഇത്രയധികം തിന്മകൾ ലോകത്തിൽ വന്നുഭവിച്ചു. പാപത്തെ പ്രതി എന്തുമാത്രം ഭീതി നമ്മിലുളവാകണം? മറിയമേ, അങ്ങുമാത്രം നിഷ്കളങ്കയായി നിലകൊണ്ടു; അങ്ങയുടെ മനസ്സു മാത്രം ആദത്തിന്റേതിൽ ഉൾക്കൊണ്ടില്ല; പാപം വരുത്തിവക്കുന്ന കൊടിയ വിപത്ത് ഞങ്ങളെ പഠിപ്പിക്കണമേ.[1]

പാപികളുടെമേലുള്ള ദൈവത്തിന്റെ അനന്തമായ കാരുണ്യത്തെയാണ് ധൂർത്തപുത്രന്റെ ഉപമയിലൂടെ ഈശോ പഠിപ്പിച്ചത്. പശ്ചാത്തപിക്കുന്ന മക്കളെ വാത്സല്യത്തോടെ സ്വീകരിക്കുന്ന വത്സല പിതാവിന്റെ ചിത്രം ജോൺ വിവരിക്കുന്നുണ്ട്: കുടുംബം സമ്പൽസമൃദ്ധവും,

വിശ്വസ്തനായ തന്റെ മകനും കുടുംബത്തിലെ മറ്റംഗങ്ങളും തന്റെ കൂടെയുണ്ടെങ്കിലും പിതാവ് ദുഃഖാർത്തനാണ്; തന്നിൽനിന്നകന്നു പോയ മകനെപ്പറ്റി ആകാംക്ഷാഭരിതനുമാണ് എന്ന ചിന്ത എന്നെ ആഴമായി സ്പർശിച്ചു. എന്നെപ്പോലെയുള്ള പാപികളിൽ അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ട് സ്നേഹനിർഭരമായ ആ ഹൃദയത്തിലേക്ക് അവരെ മാടിവിളിക്കുകയും അവിടുത്തെ പക്കലണയുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അവിടുത്തെ പക്കലണയുമ്പോൾ ശകാരത്തിന്റേതായ ഒരു വാക്കുപോലും ഉരിയാടാതെ അവരെ മാറോടു ചേർത്ത് ആശ്ലേഷിക്കുന്നു.[2]

യേശുവിന്റെ അഭിഷിക്തനാകുവാനുള്ള ജോൺ തന്റെ ബലഹീനത മനസ്സിലാക്കിക്കൊണ്ട് പിതാവേ, തെറ്റിപ്പോയി എന്ന് ഏറ്റുപറഞ്ഞ് തന്റെ സ്നേഹതാതനിൽ ആശ്വാസം കണ്ടെത്തുന്നു. ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള മധ്യസ്ഥനും, ദൈവം മനുഷ്യനെ തട്ടിവീഴ്ത്തുമ്പോൾ അതിൽ ഇടപെടേണ്ടവനുമായിരിക്കണം ഒരു വൈദികൻ എന്ന ചിന്ത ഈ ധ്യാനത്തിൽ എനിക്കു ലഭിച്ചു... അതേസമയംതന്നെ മറ്റു മനുഷ്യരെപ്പോലെ അവനും പാപത്തിൽ ജനിച്ചവനും പാപമയമായ സ്വഭാവത്തോടുകൂടിയവനുമാണ്. ദൈവമഹത്വത്തേക്കാളുപരിയായി പിതാവേ, ഞാൻ അങ്ങേ തിരുനാമത്തെ അനാദരിക്കുകയും അങ്ങേ അഭിഷിക്തഗണത്തെ മലിനമാക്കുകയും ചെയ്യുന്നുവെങ്കിൽ എന്നെ പലായനം ചെയ്യിക്കണമേയെന്ന്, കഴിഞ്ഞ കാലത്തെ എന്റെ ക്രമരഹിതമായ ജീവിതത്തെപ്പറ്റി ചിന്തിച്ചപ്പോൾ ഞാൻ ദൈവത്തോടു പറഞ്ഞു. അടുത്ത ക്ഷണത്തിൽത്തന്നെ എനിക്ക് ധൈര്യം ലഭിക്കുകയും, എന്നെ അങ്ങ് സംരക്ഷിക്കണമേയെന്ന് യാചിക്കുകയും ചെയ്തു. കാരണം ഉപയോഗശൂന്യമായ ഉപകരണങ്ങൾ വൈദഗ്ദ്ധ്യമുള്ള കലാകാരനിലൂടെ മഹത്വപൂർണമാക്കപ്പെടുകയും ആ മഹത്വം അവയിൽത്തന്നെ ആരോപിക്കാതിരിക്കുകയും ചെയ്യുന്നു.[3]

തന്റെ ബലഹീനതയും പാപാവസ്ഥയുമോർത്ത് ജോൺ ഇടതടവില്ലാതെ വിലപിച്ചിരുന്നു. സ്വന്തം പാപത്തെക്കുറിച്ചു ബോധ്യം വന്നപ്പോൾ ഞാൻ എത്രയോ ദുർഭഗൻ (റോമ 7:24) എന്നു വിളിച്ചു പറഞ്ഞ വി. പൗലോസിനെപ്പോലെ സ്വന്തം പാപങ്ങൾ ബോധ്യപ്പെട്ടപ്പോൾ ഞാൻ ദൈവത്തിന്റെ കരുണക്കും സ്നേഹത്തിനുമെതിരായി തെറ്റുചെയ്ത കൊടുംപാപിയാണ്, നന്ദിഹീനനാണ്,[4] സമൂഹത്തിൽ ഒരു കളങ്കമാണ്[5] എന്നുപറഞ്ഞ് ജോൺ ഉറക്കെ വിലപിച്ചു. കരഞ്ഞു കരഞ്ഞ് എന്റെ കിടക്ക ഞാൻ നനച്ചു (സങ്കീ. 6:6) എന്നു പറഞ്ഞ

സങ്കീർത്തകന്റെ ചേതോവികാരമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. വിശുദ്ധ അഗസ്റ്റിനെപ്പോലെ ജോണും ഒരു ഏറ്റുപറച്ചിൽ നടത്തി. നിസ്സാര തെറ്റുകൾപോലും വലിയ ഗൗരവത്തോടുകൂടിക്കാണുകയും, യേശുവിനെയും അമ്മയെയും വേദനിപ്പിച്ചതിൽ അതീവ ദുഃഖിത നാവുകയും ചെയ്ത ജോൺ അതാതു സമയങ്ങളിൽ മനസ്തപിച്ച് പ്രായശ്ചിത്തമനുഷ്ഠിച്ചിരുന്നു. ഞാൻ പാപത്തെ വെറുക്കുകയും പരിശുദ്ധവും മാലിന്യമേശാത്തതുമായ ജീവിതം നയിച്ചു കൊള്ളാമെന്ന് അങ്ങയോടു പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു. അങ്ങ് എന്നെ സഹായിക്കുക. എന്റെ മഹോന്നതവിളി ആവശ്യപ്പെടുന്നതുപോലെ പാപത്തോടുള്ള വെറുപ്പും ഭയവും എന്നിലുളവാക്കണമേ. അമ്മേ, അങ്ങയുടെ വിളി പോലെത്തന്നെ എന്റേതും യേശുവിനെ ലോകത്തിനു പ്രദാനം ചെയ്യുന്നതിനു വേണ്ടിയുള്ളതാണ്. അമ്മേ, പാപിയായ എന്നെ സഹായിക്കണമേ.[6]

ഊക്കനച്ചൻ ആത്മീയ ജീവിതത്തിൽ സദാ ജാഗ്രത പുലർത്തിയിരുന്നതായി കാണാം. തന്റെ മാതൃകകളായ ഈശോയും പരിശുദ്ധ അമ്മയുമായും താരതമ്യം നടത്തി വിലയിരുത്തി അപൂർണതകൾ കണ്ടെത്തി, എഴുതി, സമയബന്ധിതമായി തിരുത്തി പരിത്യാഗവും പ്രായശ്ചിത്തവുമനുഷ്ഠിച്ച് വിശുദ്ധിയിൽ വളരുവാൻ സ്ഥിരവും സ്ഥായിയുമായി പ്രയത്നിക്കുന്ന ഒരു ആത്മാവിന്റെ തിളക്കം ഡയറി വ്യക്തമാക്കുന്നുണ്ട്. തിരുപ്പട്ടം സ്വീകരിച്ച് ആറാമത്തെ വർഷം 1913-ൽ അദ്ദേഹം തന്റെ ആത്മീയ ജീവിതം വിലയിരുത്തി തീരുമാനമെടുക്കുന്നു: ഓരോദിവസവും എന്നെ പൂർണമായും ദൈവത്തിനു സമർപ്പിച്ചുകൊണ്ടും ആത്മാക്കളുടെ രക്ഷയ്ക്കായി എപ്പോഴും പ്രവർത്തിച്ചുകൊണ്ടും ക്രിസ്തുവിനെപ്പോലെയാകണം. അതിനേക്കാൾ താഴ്ന്ന പടിയിലുള്ള പരിപൂർണത പുരോഹിതനായ എനിക്കു യോജിച്ചതല്ല.[7] 1922 സെപ്തംബറിൽ അദ്ദേഹം തീരുമാനമെടുത്തതിങ്ങനെ: അതീവ പരിചയം പാപത്തിനുള്ള ഒരവസരമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. തിരുഹൃദയത്തിന്റെ അനുഗ്രഹങ്ങളിലാശ്രയിച്ചുകൊണ്ട് ഞാൻ അവ ഉപേക്ഷിക്കണം. അനുശാസന നടപടികൾക്കായി മൂന്നു മാസമെടുക്കണം. വിശേഷ ദിവസങ്ങളൊഴിച്ചുള്ള എല്ലാ വെള്ളിയാഴ്ചകളിലും ശനിയാഴ്ചകളിലും 15 മിനിറ്റു സമയം മുള്ളരഞ്ഞാണം ധരിക്കണം.[8] സാധിക്കുമ്പോഴെല്ലാം വാതിലടച്ച് മുട്ടുകുത്തിനിന്നുകൊണ്ട് സായാഹ്ന പ്രാർഥന ചൊല്ലണം.[9] വീണ്ടും അദ്ദേഹം കുറിച്ചുവയ്ക്കുന്നു: ദൈവത്തെ അനുഭവിക്കുന്നതിനായി, അവിടുത്തെ സ്നേ

ഹവും അനുഗ്രഹങ്ങളും ലഭിക്കുന്നതിനായി വേണ്ടിവന്നാൽ എല്ലാം ഉപേക്ഷിക്കണം. അനുദിനം കുരിശിന്റെ വഴി കൂടുതൽ ഭക്തിയോടുകൂടി നടത്തണം. മധ്യാഹ്നത്തിൽ നടത്തുന്ന പരി. കുർബാന സന്ദർശനം ഭയഭക്തിയോടുകൂടി നടത്തുകയും നമ്മുടെ കർത്താവിന്റെ പീഡാസഹനം ധ്യാനിക്കുകയും വേണം.[10] ജീവിതത്തെ മുഴുവൻ-സെമിനാരിപ്രവേശനത്തിനു മുമ്പ്, സെമിനാരി കാലഘട്ടം, പൗരോഹിത്യ ജീവിതം-1932-ൽ ജൂബിലിയവസരത്തിൽ അദ്ദേഹം വിലയിരുത്തുന്നുണ്ട്. പാപത്തെ വ്രണത്തോടും വാതത്തോടും കുഷ്ഠത്തോടുമാണ് അദ്ദേഹം താരതമ്യപ്പെടുത്തുന്നത്. ആഴമായ പാപബോധത്തിൽ നിന്നും പശ്ചാത്താപത്തിൽ നിന്നും ഉത്ഭൂതമായ കണ്ണുനീരോടുകൂടിയാണ് ഈ ധ്യാനം നടത്തിയതെന്ന് അദ്ദേഹം തുറന്നു സമ്മതിക്കുന്നു. കാരണം ദൈവത്തിന്റെ അനന്ത പരിശുദ്ധിയുമായി തുലനം ചെയ്യുമ്പോൾ താൻ ഒരു മഹാപാപിയാണെന്ന്, മഹാദ്രോഹിയാണെന്ന് അദ്ദേഹം ഏറ്റുപറഞ്ഞു. തലമുതൽ കാൽപാദംവരെ വ്രണങ്ങൾ നിറഞ്ഞവൻ. പരിഹാരമനുഷ്ഠിക്കാതെ മരിക്കരുതേയെന്ന് ഞാൻ പ്രാർഥിച്ചു.[11]

തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ ജോൺ, പിതാവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞു. അതിന് പ്രതിസമ്മാനമായി പാപത്തിന്റെ നീർക്കയത്തിൽപെട്ടുഴലുന്നവരെ കൈപിടിച്ചുയർത്തുന്നതിനായി സ്വജീവിതം ഉഴിഞ്ഞുവച്ചു. പാപത്തെ വെറുത്ത ആ ക്രിസ്തുശിഷ്യൻ, താൻ അനുഭവിച്ചറിഞ്ഞ സ്നേഹം പാവങ്ങൾക്കും പാപികൾക്കും പകർന്നുകൊടുക്കുവാൻ വെമ്പൽ കൊണ്ടു!

---

## അടിക്കുറിപ്പുകൾ

1. Lights from heaven., December, 9-17, 1904. p.290
2. Ibid., December, 9-17, 1904. p.293
3. Ibid., December, 9-17, 1904. p.289
4. Ibid., August 19, 1903; December 11, 1932.
5. Ibid., September 2-7, 1924.
6. Ibid., December 5, 1903.
7. Ibid., September 28, 1913, p. 340.
8. Ibid., September 4, 1922, p. 343.
9. Ibid., September 4, 1922, p. 346.
10. Ibid., September 4, 1922, p. 348.
11. Ibid., December 12, 1932, p. 361.

## അധ്വാനശീലൻ

എല്ലായിടത്തും എല്ലായ്പോഴും യേശുവിനെ അനുകരിച്ച ജോൺ, യേശുവിന്റെ അധ്വാനശീലവും സ്വജീവിതത്തിലേയ്ക്കു പകർത്തി. തന്റെ മാതാവിനെയും വളർത്തുപിതാവിനെയും സഹായിച്ച യേശു, താൻ ദൈവപുത്രനാണെന്ന സത്യം മറച്ചു വച്ചു. അങ്ങനെ ഈശോ അധ്വാനത്തെ മഹത്തരമാക്കി, അധ്വാനം ആത്മാവിനും ശരീരത്തിനും ഉപകരിക്കുമെന്നും[1] തെളിയിച്ചു. പാത്രം കഴുകുക, നിലം അടിച്ചു വൃത്തിയാക്കുക മുതലായ വീട്ടുപണികൾ യേശു ചെയ്യുന്നു. അങ്ങ് ഏറ്റവും വലിയ വീട്ടു ജോലിക്കാരനാകണമെന്നും ലോകം പ്രതീക്ഷിച്ചിരുന്ന ഉദ്ധാരകനാകണമെന്നും ദൈവം നിശ്ചയിച്ചിരുന്നു.[2] യേശുവിനെ അനുകരിച്ച്, സെമിനാരിയിലെ ഏറ്റവും നിസ്സാരമായ ജോലികൾപോലും ജോൺ സന്തോഷത്തോടെ ചെയ്തുപോന്നു. എല്ലാവർക്കും എപ്പോഴും അദ്ദേഹം സംലഭ്യനായിരുന്നു. ഉദാരമായി ജോലി ചെയ്തും, പ്രതിഫലമോ, നന്ദിയോ ഇച്ഛിക്കാതെയും[3] ജോൺ മുന്നോട്ടു നീങ്ങി. അധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ (2 തെസ. 3:10) എന്ന പൗലോസിന്റെ അനുശാസനവും നെറ്റിയിലെ വിയർപ്പുകൊണ്ട് ഉപജീവനം നടത്തുക (ഉൽപ. 3:19) എന്ന ദൈവകൽപനയും ജോൺ ശിരസാവഹിച്ചു. യേശുവിന്റെ ദാരിദ്ര്യം വാരിപ്പുണരുന്നവർക്ക് അധ്വാനം ഭൂഷണമാണെന്ന് അദ്ദേഹം മനസ്സിലാക്കി. യേശുവിന്റെ മാതൃക പിഞ്ചെന്ന ജോൺ തന്റെ സഹചാരികൾക്ക് ജീവിക്കുന്ന മാതൃകയായി മാറി. ആശ്രമത്തിലെ എല്ലാ ജോലികളും തന്റെ മക്കൾ ചെയ്യണമെന്ന്[4] അദ്ദേഹം ആഗ്രഹിച്ചിരുന്നു. അത് ശുദ്ധനിയോഗത്തോടുകൂടിയായിരിക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധവുമുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം ഉപദേശിച്ചു: ഓരോ ജോലിയും മരണത്തിനു വേണ്ടിയുള്ള ഒരുക്കമായി ചെയ്യുക,[5] അനുദിന പ്രവൃത്തികളെ വിശുദ്ധീകരിച്ചുകൊണ്ട് ക്രിസ്തുവിനെ അനുകരിക്കുക.[6] ഒരു സന്യാസിനിയുടെ ഓരോ പ്രവൃത്തിയും ഓരോ ആരാധനപ്രകരണമായി ദൈവത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു; പ്രവൃത്തികൾ ത്യാഗാരൂപിയിൽ ചെയ്യുമ്പോൾ അവ ബലിക്കടുത്തതായിത്തീരുന്നു.[7] യേശു തന്റെ ജീവിതത്തിൽ ചെയ്താലെന്നപോലെ ഓരോ പ്രവൃത്തിയും ചെയ്യുക.[8]

തന്റെ വ്യക്തിത്വത്തിന് ശരിയായ രൂപം നൽകാൻ സെമിനാരിയിലെ നീണ്ട കാലഘട്ടം ജോൺ പ്രയോജനപ്പെടുത്തി. മനുഷ്യർ കാര്യമായിക്കരുതുന്നതും ക്രിസ്തുവിന്റെ പുരോഹിതന് ഭൂഷണമായിട്ടുള്ളതുമായ എല്ലാ ഗുണങ്ങളേയും വിലമതിക്കാൻ അദ്ദേഹത്തിന്

ഈ സാഹചര്യം വേദിയൊരുക്കി. മറ്റുള്ളവരെ ശ്രവിക്കാനുള്ള സന്നദ്ധതയും മാനുഷികാവശ്യങ്ങളുടെ വ്യത്യസ്ത സാഹചര്യങ്ങളിൽ സ്നേഹനിർഭരമായ ചൈതന്യത്തോടെ സഹതാപാർദ്രമായ മനഃസ്ഥിതി പ്രദർശിപ്പിക്കാനുള്ള കഴിവും ഈ കാലയളവിൽ അദ്ദേഹം നേടിയെടുത്തു. അടുത്ത ഭാവിയിൽത്തന്നെ അനാഥരുടെയും ആലംബഹീനരുടെയും പിതാവായി മാറിയ ജോൺ, പരിശീലനമാകുന്ന മൂശയിൽക്കിടന്ന് നീണ്ട പത്തുവർഷക്കാലം തന്റെ ഭാവിജീവിതത്തിനാവശ്യമായ മുത്തുകൾ ശേഖരിച്ചു. അതെ, ആ പ്യൂപ്പദശയിലൂടെ ജോൺ എന്ന അനാഥബാലൻ പൂർണവളർച്ചയെത്തിയ ക്രിസ്തുശിഷ്യനായി, വേദനിക്കുന്നവരുടെ അവലംബമായി, ആതുരരുടെ ആശ്വാസമായി, അടിച്ചമർത്തപ്പെട്ടവരുടെ വിമോചന സ്വരമായി മാറി! മൂന്നു വർഷത്തെ പരസ്യ ജീവിതത്തിനായി മുപ്പതുവർഷം ഒരുങ്ങിയ ക്രിസ്തുവിനെപ്പോലെ, ക്രിസ്തുവിന്റെ അഭിഷിക്തനാകുവാനായി ജോൺ നീണ്ട പത്തുവർഷങ്ങൾ ഒരുങ്ങി.

## അടിക്കുറിപ്പുകൾ

1. Confrences., 1946.
2. Lights from heaven., December, 1904.
3. Ibid., August 16, 1904.
4. Confrences., 1946.
5. Lights from heaven., December 14, 1906.
6. Ibid., December, 1904.
7. Confrences., 1946.
8. Lights from heaven., June 20, 1904.



## മിഷൻ ചൈതന്യം

കാന്റി സെമിനാരിയിൽ വൈദിക പരിശീലനം നേടിക്കൊണ്ടിരുന്ന കാലത്തുതന്നെ ഊക്കനച്ചൻ മിഷൻ ചൈതന്യത്താൽ ജ്വലിച്ചിരുന്നു. ആ കാലഘട്ടത്തിൽ സീറോമലബാർ സഭയിലെ വൈദികർക്ക് ഭാരതപ്പുഴക്ക് വടക്കും പമ്പാനദിക്കു തെക്കും മിഷൻ പ്രവർത്തനത്തിനു പോകുവാൻ അനുവാദമില്ലായിരുന്നു. അതുകൊണ്ട് തന്റെ രൂപതയിൽത്തന്നെ പുതിയ മിഷൻ രംഗങ്ങൾ കണ്ടെത്തുവാനുള്ള പരിശ്രമങ്ങൾ അദ്ദേഹം നടത്തിയിരുന്നതായി ഡയറി വ്യക്തമാക്കുന്നു. വി. പീറ്റർ ക്ലാവറിന്റെ മിഷൻ പ്രവർത്തനം ധ്യാനവിഷയമാക്കിയ ഊക്കനച്ചൻ വിശുദ്ധന്റെ മാധ്യസ്ഥ്യം തേടുന്നുണ്ട്: വീട്ടുജോലികൾ ചെയ്യുന്നതിൽ പീറ്റർ സംതൃപ്തി കണ്ടെത്തുകയും ഒരു അത്മായ സഹോദരനായി ജീവിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ പൗരോഹിത്യ പദവിയിലേക്കുയർത്തിയപ്പോൾ, പാപികളുടെയും സാധാരണക്കാരുടെയും സ്നേഹിതനായ തന്റെ ഗുരുവിനെ അനുകരിച്ച് വെറുക്കപ്പെട്ടവരും അവഗണിക്കപ്പെട്ടവരുമായ നീഗ്രോ വർഗക്കാരുടെ രക്ഷക്കായി അവരെപ്പോലെയായിക്കൊണ്ട് തന്റെ ശേഷിച്ച ആയുഷ്കാലം മുഴുവൻ – 40 വർഷങ്ങൾ– സമർപ്പിച്ചു... നീഗ്രോ വർഗക്കാരുടെ ആത്മീയവും ശാരീരികവുമായ ആവശ്യങ്ങളിൽ ശ്രദ്ധ ചെലുത്തി, സ്വന്തം ജീവൻ പോലും അപകടത്തിലാക്കിക്കൊണ്ട്, ക്രൂരരായ അവരുടെ യജമാനന്മാരിൽ നിന്നും പീറ്റർ അവരെ സംരക്ഷിച്ചു... അങ്ങയുടെ ഉപവിയുടെ ഒരു ചെറിയ കണികയെങ്കിലും എനിക്കും മറ്റു വൈദികർക്കും നൽകുക; നമ്മുടെ നാട്ടിൽ അസമത്വത്തിൽ കഴിയുന്ന പുലയരുടെ വേദന ലഘൂകരിച്ച്, അവരുടെ അവസ്ഥ മെച്ചപ്പെടുത്തി നല്ല സാമൂഹ്യവ്യവസ്ഥിതിയിലേക്ക് കൊണ്ടുവരുവാൻ ഞങ്ങൾ കിണഞ്ഞു പരിശ്രമിക്കട്ടെ. അടിമത്വം അവസാനിപ്പിച്ച് വിശ്വസാഹോദര്യം സ്ഥാപിക്കുവാനാണ് യേശു വന്നത്[1]...

രൂപതയിൽ അദ്ദേഹം കണ്ടെത്തിയ മറ്റൊരു മിഷൻ പ്രവർത്തനമാണ് കുന്ദംകുളത്തും സമീപപ്രദേശങ്ങളിലുമുള്ള യാക്കോബായക്കാരുടെ പുനരൈക്യം. തൃശൂരിലെ സെന്റ് തോമസ് കോളേജിന്റെ മാനേജർ സ്ഥാനം ഉപേക്ഷിച്ചു കുന്ദംകുളത്തുപോയി മിഷൻ പ്രവർത്തനത്തിൽ ഏർപ്പെടുവാൻ അദ്ദേഹം ആഗ്രഹിച്ചു.[2]

തൃശൂർ രൂപതയുടെ വടക്കെ അതിർത്തിയിൽ സ്ഥിതിചെയ്തിരുന്ന ചൊവ്വന്നൂർ, ചിറളയം, ആർത്താറ്റ്, വെള്ളറക്കാട്, ഇയ്യാൽ മറ്റു

സമീപ ഗ്രാമങ്ങൾ ഉൾപ്പെടുന്ന കുന്ദംകുളം പ്രദേശം ആ കാല ഘട്ടത്തിൽ രൂപതയിലെ വലിയൊരു മിഷൻ പ്രദേശമായിരുന്നു. 1920-കളിൽ ഈ ഇടവകകളിലെ സ്ഥിതി വളരെ ശോചനീയമായിരുന്നു എന്ന് അന്നത്തെ ഒരു വികാരി അച്ചൻ 1922-ൽ രൂപതാ കാര്യാലയ ത്തിനയച്ച എഴുത്തിൽ നിന്ന് വ്യക്തമാണ്: ഒരു ഇടവകയിലെ എല്ലാ ജോലികളും-വികാരി, ട്രസ്റ്റി, കപ്യാർ, കണക്കെഴുത്ത്, തൂപ്പുജോലി- ഒരാൾതന്നെ ചെയ്യാമെന്നോ എല്ലാ ജോലികളും യാതൊരു പ്രതി ഫലവും വാങ്ങാതെ ചെയ്യാമെന്നോ പൗരോഹിത്യം സ്വീകരിച്ചപ്പോൾ ഞാൻ വ്രതം ചെയ്തിട്ടൊന്നുമില്ല. ഇവയെല്ലാം ചെയ്യുവാനുള്ള ഉത്ത രവാദിത്വബോധമൊന്നും എനിക്കില്ല. ചിറളയം കൂടാതെ മറ്റുരണ്ടു പള്ളികൾകൂടി എനിക്കിപ്പോൾ ശ്രദ്ധിക്കുവാനുണ്ട്. എന്നാലിപ്പോൾ ചൊവ്വന്നൂർകൂടി ജോലി ചെയ്യണമെന്ന് അങ്ങ് പറയുന്നു. കാലിൽ മുറിവുള്ളതുകൊണ്ട് ¼ മൈൽപോലും നടക്കുവാൻ എനിക്ക് സാധ്യ മല്ല. ചൊവ്വന്നൂർ ഇടവകാതിർത്തിയിലുള്ള ഇയ്യാലിൽ ലഭിക്കുന്ന പല്ലക്ക് മാത്രമാണ് യാത്രക്കുള്ള മാർഗം. ചൊവ്വന്നൂർ ഇടവകക്കാർ വളരെ പാവപ്പെട്ടവരാണ്. പല്ലക്ക് വാഹകർ ഇയ്യാലിൽ നിന്ന് വരണം. അത് വളരെ ചെലവു വരുത്തും, മാത്രമല്ല അസാധ്യവുമാണ്. അതു കൊണ്ട് അത്യാവശ്യ ശുശ്രൂഷകൾക്കായി വളരെയധികം ദൂരം നടക്കു വാൻ ഞാൻ നിർബന്ധിതനാകുന്നു. തുടർന്നും ഈ ഭാരം വഹിക്കു വാൻ എനിക്ക് സാധ്യമല്ല. ഇത്രയും ഭാരമേറിയ ചുമതലകളിൽ നിന്ന് എന്നെ ഒഴിവാക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.[3]

മൂന്നോ അതിൽ കൂടുതലോ മിഷൻ സ്റ്റേഷനുകളിൽ ശുശ്രൂഷ ചെയ്യേണ്ടിയിരുന്നതുകൊണ്ട് വികാരിയച്ചന് വളരെ ദൂരം നടക്കേ ണ്ടതുണ്ടായിരുന്നു. പള്ളികളും താമസ സൗകര്യവുമെല്ലാം താൽക്കാ ലികമായുണ്ടാക്കിയ ഷെഡ്ഡുകളിലായിരുന്നു. സാമ്പത്തിക സ്ഥിതിയും മോശമായിരുന്നു. പലപ്പോഴും വികാരിയച്ചന് സ്വന്തം പോക്കറ്റിൽ നിന്നും പണം ചെലവഴിക്കണമായിരുന്നു. വൈദികർക്കു ലഭിച്ചിരുന്ന അലവൻസ് 10 രൂപയായിരുന്നു.


ഊക്കനച്ചന് ഈ പ്രദേശം നന്നായറിയാമായിരുന്നു. മൈനർ സെമിനാരി റെക്ടറായിരിക്കെ നാലുമാസം ഈ പ്രദേശത്ത് ശുശ്രൂഷ ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ എഴുത്തിനെപ്പറ്റിയും അദ്ദേഹത്തിനറി യാമായിരുന്നു. അദ്ദേഹം രൂപതാ ആലോചനാ സമിതി അംഗമായി രുന്നു. ആ അവസരത്തിൽ ഏക യൂണിവേഴ്സിറ്റി കോളേജിന്റെ മാനേജർ, പ്രൊഫസർ എന്നീ നിലകളിൽ അദ്ദേഹം സേവനം ചെയ്തു

കൊണ്ടിരിക്കുകയായിരുന്നു. ശമ്പളം 60 രൂപ. നല്ല പേര്, പ്രശസ്തി. ഈ അവസരത്തിൽ അദ്ദേഹം രൂപതയിലേക്ക് ഒരു അപേക്ഷ വയ്ക്കുന്നുണ്ട്: കോളേജിലെ ജോലികൾ വേണ്ടെന്നുവച്ച് വേദ പ്രചാരവേലക്കായി പോകുവാൻ അനുവദിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.[4]

അതിർത്തികളിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശം താൻ സ്വപ്നം കണ്ട മിഷൻ പ്രവർത്തനത്തിന് ഏറ്റവും അനുയോജ്യമാണെന്ന് അദ്ദേഹം കണ്ടെത്തി. സഭൈക്യപ്രവർത്തനങ്ങൾ ഊർജസ്വലമാക്കുവാനും യാക്കോബായ സൗഹൃദം സ്ഥാപിച്ചെടുക്കുവാനും അടിമത്വമനുഭവിക്കുന്ന ദരിദ്രസഹോദരങ്ങൾക്ക് സ്വാതന്ത്ര്യം നൽകുവാനുമുള്ള പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പ്രദേശം. അതിനായി അദ്ദേഹം അത്യധ്വാനം ചെയ്തു എന്ന് കവലക്കാട്ട് വറീതിന്റെ പുനരൈക്യത്തിനായി ആലപ്പാട്ട് പിതാവിനെഴുതിയ എഴുത്തിൽ നിന്നും വ്യക്തമാണ്.[5]

## അടിക്കുറിപ്പുകൾ

1. Lights from heaven., September 9, 1904, p. 251.
2. Ibid., September 4, 1922, p. 346.
3. Vicar Chiralayam Church to Very Rev Fr Anthony Pudussery, Administrator of Thrichur Vicariate on 18 March, 1922.
4. Matton Assumption F C Convent., Chronicle, vol. 1, pp. 56-57.
5. Fr Ukken to Bishop Alappatt on the reunion of Kavalakkatt Vareeth.



Acquittance Register, St Thomas College, Thrissur

## ദൈവതിരുമനസ്സ് നിറവേറ്റുന്നവൻ

ദൈവമേ, അങ്ങയുടെ ഹിതം നിറവേറ്റുവാൻ ഇതാ ഞാൻ വന്നിരിക്കുന്നു (ഹെബ്രാ. 10:9) എന്നുപറഞ്ഞ യേശുവും, ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ (ലൂക്ക 1:38)! എന്നു പറഞ്ഞുകൊണ്ട് ദൈവത്തിന്റെ പദ്ധതിക്കു പൂർണസമ്മതം നൽകിയ പരി.കന്യകാമറിയവും ദൈവതിരുമനസ്സ് നിറവേറ്റിയ മഹോന്നത വ്യക്തികളാണ്. ജോണിന്റെ മാതൃകയും മറ്റാരുമല്ലല്ലോ. വിഭിന്ന സാഹചര്യങ്ങളിലും വ്യത്യസ്ത പരിതഃസ്ഥിതിയിലും തന്നെ അയച്ച പിതാവിന്റെ ഇഷ്ടം സ്വന്തം ഇഷ്ടമാക്കി മാറ്റിയ യേശു, പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായതുപോലെ, ദൈവതിരുമനസ്സ് നിറവേറ്റുകയാണ് തന്റെയും കർത്തവ്യമെന്ന് ജോൺ പഠിച്ചറിയുകയും അതിനായി സ്വയം സമർപ്പിക്കുകയും ചെയ്യുന്നു. ഈ സമർപ്പണത്തിൽ നിന്നും അദ്ദേഹത്തെ വ്യതിചലിപ്പിക്കുവാൻ യാതൊന്നും ശക്തമായിരുന്നില്ല എന്ന് കാലവിളംബമെന്യേ ജോണിന്റെ ജീവിതം തെളിയിക്കുകയും ചെയ്തു. യേശു മറിയത്തെ വളരെയധികം സ്നേഹിച്ചു... മറിയം അവളേക്കാളുപരിയായി അവളുടെ മകനെ സ്നേഹിച്ചു; അവളുടെ പ്രവൃത്തി ഉചിതവുമായിരുന്നു. പിതാവ്, തന്റെ പരസ്യജീവിതത്തിനായും തിരുസഭാസ്ഥാപനത്തിനായും നിശ്ചയിച്ച സമയമായെന്നും, ഇനിയൊരിക്കലും തന്റെ അമ്മയുടെ കൂടെ ജീവിക്കുവാനോ, വീട് സന്ദർശിക്കുവാൻ പോലുമോ സാധിക്കുകയില്ലെന്നും യേശു, തന്റെ അമ്മയോട് പറയുന്നു... അടുത്തകാലത്ത് മേരിക്ക് തന്റെ ഭർത്താവിനെ നഷ്ടമായി, അവളെ സഹായിക്കുവാൻ ആരുമില്ല, അവൾക്ക് ഏകദേശം അമ്പതു വയസ്സായി... എന്നിട്ടും ദൈവതിരുമനസ്സ് നിറവേറ്റുന്നതിനായി അവൾ തത്രപ്പെടുന്നു... എനിക്ക് എന്തൊരു നല്ല പാഠമാണിത്. എന്റെ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ ജോലി ദൈവതിരുമനസ്സ് നിറവേറ്റുകയാണെന്ന്, പരിപൂർണതയാണെന്ന് ഇവിടെ ഞാൻ വ്യക്തമായി കാണുന്നു. സ്വർഗീയ മഹത്വത്തിന്റെ പ്രകാശനത്തിനോ, തന്റെ പിതാവിന്റെയോ, വി. യോഹന്നാന്റെയോ സാക്ഷ്യത്തിനോ കാത്തുനിൽക്കാതെ, ജനങ്ങളോടു പ്രസംഗിക്കുന്നതിനും തന്റെ ജോലി എന്താണെന്നു തെളിയിക്കുന്നതിനുമായി യേശു പുറപ്പെടുകയും വിനയാന്വിതനായി, പ്രാർഥനക്കും ഉപവാസത്തിനുമായി മരുഭൂമിയിലേയ്ക്കു പിൻവാങ്ങുകയും ചെയ്യുന്നു. ഞാനും വിനയാന്വിതനായിരിക്കണം.[1]

എന്നെ അയച്ച പിതാവിന്റെ ഇഷ്ടം നിർവഹിക്കുന്നതാണ് എന്റെ ഭക്ഷണം (യോഹ. 4:32) എന്ന് യേശു പറയുന്നു. പിതാവിന്റെ

തിരുമനസ്സ് നിറവേറ്റുക എന്നതായിരുന്നു അവിടുത്തെ ജീവിതലക്ഷ്യം. ശരീരം ഭക്ഷണംകൊണ്ടു ജീവിക്കുന്നതുപോലെ ദൈവതിരുമനസ്സു നിറവേറ്റിക്കൊണ്ട് ആത്മാവ് ജീവിക്കുന്നു.[2] ദൈവതിരുമനസ്സെന്തെന്നു മനസ്സിലാക്കി അതനുസരിച്ചു പ്രതികരിച്ച പ്രവാചകന്മാരെയും പിതാക്കന്മാരെയും നാം വി. ഗ്രന്ഥത്തിൽക്കാണുന്നുണ്ട് (ജെറ. 1:4-10; ഏശ. 6:8). അതുപോലെതന്നെ ദൈവതിരുമനസ്സെന്തെന്നറിഞ്ഞിട്ടും അതിൽനിന്നും വ്യതിചലിച്ചവരെയും (യോന 1:1; ഉൽപ. 6:13-22) നാം വി. ഗ്രന്ഥത്തിൽ കണ്ടുമുട്ടുന്നുണ്ട്. ദൈവത്തിന്റെ വ്യക്തമായ വിളി ശ്രവിച്ചിട്ടും ഞാൻ എന്റെ പിതാവിനെ സംസ്കരിക്കട്ടെ (മത്താ.8:21-22)! എന്ന് ഒഴികഴിവു പറയുന്ന യുവാവിനെ ഊക്കനച്ചൻ തന്റെ ഡയറിയിൽ വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: പിതാവിനെ സംസ്കരിക്കുക എന്നത് നല്ല പ്രവൃത്തിയാണ്. എന്നാൽ ദൈവത്തിന്റെ വിളിയാണ് ഈ നിമിഷത്തിൽ അനുസരിക്കേണ്ടത്. കാരണം ദൈവ തിരുമനസ്സ് അതാണ്. ദൈവം തിരുമനസ്സാകുമ്പോൾ മാത്രം എല്ലാ പ്രവൃത്തികളും നല്ലതായിത്തീരുന്നു.[3] അതുകൊണ്ട് ദൈവത്തിന്റെ പരിപാലനയിൽ തന്റെ ജീവിതത്തെപ്പറ്റി ചില പദ്ധതികളുണ്ടെന്നും അത് തന്റെ ജീവിതത്തിന് രൂപരേഖ നൽകുമ്പോൾ വിശ്വാസ ത്തോടും സന്തോഷത്തോടും കൂടി എല്ലാം സ്വീകരിക്കണമെന്നും[4] അദ്ദേഹം തീരുമാനിച്ചുറക്കുകയും ജീവിതാനുഭവങ്ങളിലൂടെ അത് തെളിയിക്കുകയും ചെയ്തു. അതിന്റെ പാരമ്യത്തിൽ ഊക്കനച്ചൻ ഉറക്കെ പ്രഘോഷിച്ചു: എന്റെ സ്വർഗീയ പിതാവിന്റെ കരങ്ങളിൽ എന്നെ പൂർണമായും ഞാൻ സമർപ്പിക്കുന്നു. എന്റെ കാര്യം അവി ടുന്ന് നോക്കിക്കൊള്ളും.[5]

അദ്ദേഹത്തിന്റെ പ്രാർഥന ഇപ്രകാരമായിരുന്നു: പിതാവായ ദൈവമേ, അങ്ങയുടെ തിരുമനസ്സ് എന്നിൽ നിറവേറട്ടെ. എന്നെപ്പ റ്റിയുള്ള അങ്ങയുടെ പ്ലാനും പദ്ധതിയും അറിഞ്ഞ് അതിനനുസൃതമായി വിശ്വസ്തതയോടെ എന്റെ ഉത്തരവാദിത്വം നിർവഹിക്കട്ടെ. അങ്ങനെ ഞാൻ വഴി അങ്ങ് കൂടുതൽ മഹത്വപ്പെടട്ടെ.[6]

താൻ മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോൾ ദൈവം പ്രത്യേകം തെരഞ്ഞെടുത്തു എന്നും ദൈവത്തിന്റെ കൃപയാൽ വിളിച്ചു (ഗലാ.1:16) എന്നും ജോണിന് പൂർണബോധ്യമുണ്ടായിരുന്നു. ഇത് യേശുവിന്റെ പ്രവാചകദൗത്യം തുടർന്നുകൊണ്ടു പോകുവാനാണെന്ന് ഈ കാല യളവിൽ അദ്ദേഹം വിവേചിച്ചറിഞ്ഞു. അനീതിക്കെതിരെ ശബ്ദ മുയർത്തി, അടിമച്ചങ്ങല പൊട്ടിച്ചെറിഞ്ഞ് യേശുവിന്റെ സ്നേഹ

സാമ്രാജ്യം ദരിദ്രരുടെ ഇടയിൽ സ്ഥാപിക്കുവാൻ ആ സമർപ്പിതൻ വെമ്പൽ കൊണ്ടു. ദൈവത്തിന്റെ പദ്ധതിക്ക് പരിപൂർണസമ്മതം നൽകിയ ആ ക്രിസ്തുശിഷ്യൻ, വിവിധതരം ബന്ധനത്തിൽ കഴിയുന്നവരുടെ മോചനദ്രവ്യമായി മാറി!

---

## അടിക്കുറിപ്പുകൾ

1. Lights from heaven., December, 1904.
2. Ibid., July 28, 1903.
3. Ibid., September 10, 1903.
4. Ibid., December 19, 1932.
5. Ibid., November 3, 1907.
6. Ibid., December 13, 1907.



## വിശുദ്ധനാകുവാനുള്ള അഭിവാഞ്ച

വിശുദ്ധി ജന്മസിദ്ധമായി ലഭിക്കുന്ന ഒന്നല്ല, മറിച്ച് ആർജിച്ചെടുക്കേണ്ടതാണ്. സ്ഥിരമായ കഠിന പ്രയത്നത്തിലൂടെ ജോൺ വിശുദ്ധിയിൽ വളർന്നുകൊണ്ടിരുന്നു. ധ്യാനമനനങ്ങളിലൂടെ ആത്മീയതയിൽ വളരുവാനുള്ള ശക്തി സംഭരിച്ച് അദ്ദേഹം ദൈവത്തെ മഹത്വപ്പെടുത്തി.

നിസ്സാരമായ പാപങ്ങൾ പോലും വെറുത്തുപേക്ഷിച്ചുകൊണ്ട് തന്നെ സ്നേഹിച്ച നല്ല പിതാവിന് പ്രതിനന്ദിപ്രകാശിപ്പിച്ച ജോൺ, അതിന്റെ പരമകാഷ്ഠയെന്നപോലെ ഒരു വിശുദ്ധനാകുവാൻ ഉൽക്കടമായാഗ്രഹിച്ചു. തനിക്കു ലഭിച്ച എല്ലാ കൃപാവരങ്ങൾക്കുമുള്ള ഉചിതമായ പ്രത്യുത്തരം വിശുദ്ധിയിലുള്ള തന്റെ വളർച്ചയാണെന്ന് അദ്ദേഹം വിശ്വസിച്ചു. വൈദികനായ ഞാൻ വിശുദ്ധിയിൽ വളർന്നുവരണം. ഉയർന്ന പദവിയിലുള്ള വിശുദ്ധിയാണ് എനിക്കനുയോജ്യമായിട്ടുള്ളത്.[1] താൻ ബലഹീനനാണെന്നും എന്നാൽ അമ്മയുടെയും ഗുരുവിന്റെയും സഹായത്തോടെ ഇതെല്ലാം സാധ്യമാണെന്നുമുള്ള വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. എങ്കിലും നിന്നെക്കൂടാതെ നിന്നെസൃഷ്ടിച്ച ദൈവം നിന്നെക്കൂടാതെ നിന്നെ രക്ഷിക്കുകയില്ല എന്ന് ജോൺ അടിവരയിട്ടു വിശ്വസിക്കുകയും ദൈവത്തിന്റെ പദ്ധതിയോടു പൂർണമായി സഹകരിക്കുകയും ചെയ്തു. അതുകൊണ്ട് ഒരു വിശുദ്ധനാകുവാൻ എനിക്ക് സാധിക്കുന്നതെല്ലാം ഞാൻ ചെയ്യുകയും ബാക്കിയുള്ളതിനു യേശുവിൽ ആശ്രയിക്കുകയും ചെയ്തു.[2] വളരെ വലിയ അനുഗ്രഹങ്ങൾ നമ്മിലേക്കു വർഷിക്കുന്നതിനു വളരെ കുറച്ചുമാത്രം യേശു ചോദിക്കുന്നു. ജോണിന്റെ തന്നെ വാക്കുകളിലൂടെ ഇതു വ്യക്തമാകുന്നുണ്ട്: യേശു അവളോട് അല്പം ജലം ചോദിക്കുന്നു. പകരം ജീവന്റെ ജലം നൽകുന്നു. ധാരാളം നൽകുന്നതിനായി യേശു വളരെ കുറച്ചുമാത്രം ചോദിക്കുന്നു. എന്നെ ഒരു വിശുദ്ധനാക്കുന്നതിനായി അവിടുന്ന് എന്റെ മനസ്സ് ചോദിക്കുന്നു. യേശുവേ, ഞാനിത് നന്നായി ഗ്രഹിക്കട്ടെ.[3] അയോഗ്യനും നിഷ്ഠൂരപാപിയുമായ എന്നെ ഇത്രയും സമുന്നതമായ പദവിയിലേക്ക്-വൈദികവൃത്തിയിലേയ്ക്ക് ദൈവമേ, അങ്ങ് വിളിച്ചു. അനുദിനം ധാരാളം അനുഗ്രഹങ്ങളും പ്രേരണകളും നിർദേശങ്ങളും നൽകി ഒരു വിശുദ്ധനാകുവാൻ എന്നോടാഹ്വാനം ചെയ്യുന്നു. അങ്ങയുടെ അനുഗ്രഹങ്ങളിൽ നിന്നും ഞാനൊരിക്കലും വ്യതിചലിക്കുകയില്ല. ഒരു വിശുദ്ധനാകുവാൻ ഞാൻ പരിശ്രമിക്കും; അതു വ്യക്തമാണ്. എന്റെ വിശുദ്ധീകരണമാണ് വൈദിക

വിളിയിലൂടെ അങ്ങ് ലക്ഷ്യമാക്കുന്നത്. അതുകൊണ്ട് എല്ലാം-സഹായം, മാധ്യസ്ഥ്യം-അങ്ങിൽ നിന്നും ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ ദൈവമേ, എന്റെ ഹൃദയനാഥാ, എല്ലാ മഹത്വവും ബഹുമാനവും അങ്ങയുടേതാണ്.[4] യേശുവിന്റെ ആഗ്രഹമനുസരിച്ച് ഒരു വിശുദ്ധനാകുവാൻ ആത്മാർഥതയോടെ പ്രാർഥിക്കും.[5] യേശുവേ, ഒരു വിശുദ്ധനാകുവാൻ എന്നെ സമൃദ്ധമായനുഗ്രഹിക്കൂ.[6]

പിതാവിലുള്ള ദൃഢമായ വിശ്വാസം വിശുദ്ധ പദവിയിലെത്തിക്കുമെന്ന് ജോണിനറിയാമായിരുന്നു. കാരണം വിശുദ്ധരെല്ലാം സാധാരണ മനുഷ്യരായിരുന്നു. എന്നാൽ പാപത്തിലകപ്പെട്ടപ്പോഴും ദൈവത്തിലുള്ള പ്രത്യാശ അവർ കൈവെടിഞ്ഞില്ല. ജോണിന്റെ ധ്യാനങ്ങൾ ഇതിലേക്ക് വെളിച്ചം വീശുന്നുണ്ട്: പാപം വർധിച്ചിടത്ത് കൃപ അതിലേറെ വർധിച്ചു. മനുഷ്യന് ദൈവത്തിനെതിരായി ചെയ്യാനാവുന്ന ഏറ്റവും വലിയ ദ്രോഹവും അനീതിയുമാണ് നിരാശ. കാരണം അത് ദൈവത്തിന്റെ മഹോന്നത ഗുണത്തെ കവർന്നെടുക്കുന്നു. മനുഷ്യൻ തന്നോടു തന്നെയും ദൈവത്തിനെതിരായും അനീതി പ്രവർത്തിക്കുന്നു. ഞാൻ അറിഞ്ഞവനെ ഞാൻ വിശ്വസിച്ചു. എന്റെ പിതാവാണ് എന്നെ ദത്തെടുത്തത്. എന്റെ രക്ഷകന്റെ മരണം അനുസ്മരിക്കുമ്പോൾ പാപമോ അതിന്റെ എണ്ണമോ എന്നെ ഭയപ്പെടുത്തുന്നില്ല. ഈശോയുടെ തിരുവിലാവിലെ മുറിവിൽ എനിക്കഭയസ്ഥാനമുണ്ട്. തന്റെ വിടർത്തിയ കൈകൾകൊണ്ട് ലോകത്തെ മുഴുവനും യേശു മാടിവിളിക്കുന്നു. തന്റെ ചാഞ്ഞ തലകൊണ്ട് യേശു എന്നെ ചുംബിക്കുന്നു. യേശുവേ, എന്നെ ഒരു വിശുദ്ധനാക്കണമെ.[7] പിതാവായ ദൈവത്തിന്റെ മുമ്പിൽ ഞാൻ ഒന്നുമല്ലായെങ്കിലും അവിടുന്ന് എന്നിലേക്കു നിരവധി അനുഗ്രഹങ്ങൾ വർഷിക്കുകയും വർഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഞാനൊരു വിശുദ്ധനാകും.[8]

അവനും അവൾക്കും ആകാമെങ്കിൽ എന്തുകൊണ്ട് എനിക്കും ആയിക്കൂടാ...[9] എന്ന പരാമർശം ഡയറിയിലുടനീളം കാണാം. ഞാൻ മഹോന്നതകാര്യങ്ങൾക്കായി വിളിക്കപ്പെട്ടിരിക്കുന്നു; അധമകാര്യങ്ങളെപ്പറ്റി ചിന്തിക്കുവാനുള്ളവനല്ല ഞാൻ[10] എന്ന് അദ്ദേഹം കലവറകൂടാതെ പ്രഘോഷിച്ചു. അതിനനുസൃതമായി തന്റെ ജീവിത സാഹചര്യങ്ങളെല്ലാം അദ്ദേഹം ക്രമീകരിക്കുകയും ചെയ്തു.

ഊക്കനച്ചൻ ജീവിതത്തിലുടനീളം ആത്മാർഥതയുള്ള, വിശ്വസ്തതയുള്ള, സത്യസന്ധനായ, ആദരണീയനായ, തീക്ഷ്ണമതിയായ, വിശുദ്ധനായ ഒരു വ്യക്തിയായിരുന്നു എന്ന് അനുഭവസ്ഥർ

സാക്ഷ്യപ്പെടുത്തുന്നു.[11] ഈശോയോടും പരിശുദ്ധ അമ്മയോടും താരതമ്യം ചെയ്ത് തന്റെ അപൂർണതകൾ കണ്ടെത്തിയപ്പോഴെല്ലാം അനുതാപക്കണ്ണുനീർ വീഴ്ത്തി പ്രായശ്ചിത്തമനുഷ്ഠിച്ച് പരിഹാരം ചെയ്യുവാനുള്ള എളിമ അദ്ദേഹത്തിനുണ്ടായിരുന്നു.[12] അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തിന്റെ അടിസ്ഥാനങ്ങൾ ഡയറിയുടെ നാല് വാല്യങ്ങളും വ്യക്തമാക്കുന്നുണ്ട്: Lights from Meditations, Monthly Recollections etc. Vol.I, Vol.II, Resolutions Vol.I and Vol.II. ഇതിൽ ആദ്യത്തെ മൂന്നു വാല്യങ്ങളും നാലാമത്തേതിന്റെ ആദ്യഭാഗവും എഴുതിയത് 1902-1907 കാലഘട്ടത്തിലാണ്. അന്ന് അദ്ദേഹം കാന്റി സെമിനാരിയിലായിരുന്നു. Resolutions Vol.II-ന്റെ രണ്ടാംഭാഗം അദ്ദേഹം പുരോഹിതനായതിനുശേഷം എഴുതിയിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ സെമിനാരി കാലഘട്ടത്തിലെ ധ്യാനചിന്തകളും പ്രതിജ്ഞകളും തന്റെ ആത്മീയജീവിതം കെട്ടിപ്പടുത്തുയർത്തുന്നതിൽ എപ്രകാരം സഹായിച്ചു എന്ന് വികാരിയായിരുന്ന ഇടവകകളിലെയും മഠങ്ങളിലെയും രേഖകൾ വ്യക്തമാക്കിത്തരുന്നു.

ജീവിതം നിത്യതയിലേക്കുള്ള ഒരു തീർഥയാത്രയാണെന്നും[13] അവിടെ അപ്പച്ചനും അമ്മച്ചിയും തന്നെ കാത്തിരിക്കുന്നുണ്ടെന്നും[14] അദ്ദേഹം വിശ്വസിച്ചു. അനുദിന ജീവിതത്തിലെ പരിത്യാഗങ്ങളും എളിമപ്പെടുത്തലുകളും സഹനവുമെല്ലാം നിത്യജീവിതത്തിലേക്കുള്ള സമ്പത്തായി അദ്ദേഹം കണ്ടു.[15] പരിശുദ്ധ അമ്മയിൽനിന്നും ഈ നന്മകളെല്ലാം അദ്ദേഹം പഠിച്ചു.[16] വിശുദ്ധ ജീവിതം നയിക്കുവാൻ അദ്ദേഹം പരിശുദ്ധ അമ്മയുടെ സഹായം തേടിയിരുന്നു, ഈശോയോട് അനുഗ്രഹം യാചിച്ചിരുന്നു.[17] എന്നെ ഒരു വിശുദ്ധനാക്കണമെ എന്ന് അദ്ദേഹം നിരന്തരം പ്രാർഥിച്ചിരുന്നു.[18]

വിശുദ്ധ ജീവിതം നയിക്കുവാൻ അദ്ദേഹം സിസ്റ്റേഴ്സിന് പ്രേരണ നൽകി. സാധാരണ പ്രവൃത്തികൾ അസാധാരണമായി ചെയ്യുന്നതാണ് വിശുദ്ധി[19] എന്ന് അദ്ദേഹം പഠിപ്പിച്ചു. അദ്ദേഹം പഠിപ്പിച്ചതിങ്ങനെ: അനുദിന ജീവിതത്തിലെ എല്ലാ ജോലികളും നന്നായി ചെയ്യുക, നന്നായി പ്രാർഥിക്കുക, അനുതപിച്ച് പ്രായശ്ചിത്തമനുഷ്ഠിക്കുക, എളിമയും അനുസരണവും പരിശീലിക്കുക, എല്ലാറ്റിലുമുപരിയായി ഈശോയെ സ്നേഹിക്കുക. ഇങ്ങനെ പുണ്യപൂർണതയിലേക്കു വളരാം. മരണംവരെ ദൈവത്തിന്റെയും സഹോദരങ്ങളുടെയും മുമ്പിൽ പ്രസാദവരാവസ്ഥയിലുള്ള ജീവിതമാണിത്. പുണ്യപൂർണത ഒരു ദിവസംകൊണ്ട് ആർജിച്ചെടുക്കാവുന്ന ഒന്നല്ല, അനു

ദിനം അതിനായി പരിശ്രമിക്കണം. ജീവിതം പുണ്യപൂർണതയിലേക്കുള്ള ഒരു തീർഥയാത്രയാണ്.[20] അദ്ദേഹത്തിന് പ്രധാനപ്പെട്ടത് നീണ്ട ജീവിതമല്ല, നല്ല ജീവിതമാണ്.[21]

ഊക്കനച്ചന്റെ സഹവികാരിയായിരുന്ന ഫാ. പോൾ ചാഴൂർ സാക്ഷ്യപ്പെടുത്തുന്നതിങ്ങനെ: എല്ലാവരുടെയും മനസ്സിൽ ഊക്കനച്ചന് വലിയസ്ഥാനമുണ്ടായിരുന്നു. ചെറിയവനോ, വലിയനോ എന്ന നോട്ടം അദ്ദേഹത്തിനില്ലായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ എല്ലാവരും വലിയവർതന്നെ. വിശുദ്ധനായ വലിയ അച്ചൻ.[22]

അദ്ദേഹത്തിന്റെ ആഴമേറിയ ആത്മീയതക്ക് വ്യക്തമായ തെളിവ് റോമിൽ നിന്നുള്ള ഒരു കത്ത് നൽകുന്നുണ്ട്. വരാപ്പുഴ പുത്തൻ പള്ളി സെമിനാരിയിൽ നിന്ന് റോമിലേക്കയച്ച ഒരു അപേക്ഷയിൽ ഇങ്ങനെ വായിക്കുന്നു: സെമിനാരി പരിശീലനത്തിനായി വിദേശത്തുനിന്നും വൈദികരെ വിട്ടുതരണം. ഊക്കൻ യോഹന്നാൻ അച്ചനെപ്പോലെയുള്ളവർ അവിടെയുണ്ടല്ലോ. അവരെ ഉപയോഗപ്പെടുത്തിയാൽ പോരെ. പിന്നെ എന്തിനാണ് വിദേശത്തുനിന്ന്... എന്നായിരുന്നു റോമിൽ നിന്നും ലഭിച്ച മറുപടി.

അനാഥനായി വളർന്നുവന്ന തന്നെ ദൈവം കൈപിടിച്ചുയർത്തിയതിനുള്ള കൃതജ്ഞതാപ്രകാശനമായിരുന്നു ആ ധന്യജീവിതം.[23] വിശുദ്ധിയിൽ വളർന്ന്, വിശുദ്ധരുടെ ഗണത്തിൽ ചേർന്ന് അതിനു നന്ദി പ്രകാശിപ്പിക്കുവാൻ മറിയത്തിന്റെ ആ അരുമസന്താനം ആഗ്രഹിച്ചു. തന്റെ ആഗ്രഹം അമ്മ നിരസിക്കുകയില്ല എന്ന് അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് ഞാൻ സ്വർഗത്തിലിരുന്ന് ഇന്നത്തേക്കാളധികമായി നിങ്ങളെ സഹായിക്കും[24] എന്ന വാഗ്ദാനം ആ വത്സലതാതൻ തന്റെ തനയർക്കു നൽകി.

---

## അടിക്കുറിപ്പുകൾ

1. Lights from heaven., December, 1903.
2. Ibid., July 24, 1903.
3. Ibid., July 28, 1903.
4. Ibid., December 11, 1903.
5. Ibid., December 20, 1903.
6. Ibid., December 28, 1903.
7. Ibid., August 19, 1903.
8. Ibid., December, 1903.
9. Ibid., July 30, August 28, September 12, 1903.
10. Ibid., November 11, 1903.

11. Oral Testimony., A P Augustine, Alukkal, Chiralayam.
12. Lights from heaven., p. 161.3, 162, 163.
13. Ibid., April, 1902, p. 2.
14. Ibid., April, 1902, p. 1.
15. Ibid., April, 1902, pp. 2, 3.
16. Ibid., pp. 110.4, 240.2.
17. Ibid., p. 325.
18. Ibid., pp. 336, 383.
19. Exhortations., Sr Alberta CSC; 1 June, 1951, f. 3.
20. Exhortations., Sr Corthuna CSC; June, 1951, f. 26.
21. Exhortations., Sr Corthuna CSC; June, 1951, f. 46.
22. Souvenir Adaranjali., pp. 89-91.
23. Lights from heaven., p.14
24. Oral Testimony., Sr Hyacinth CSC, Sr Louvisa CSC.



# 11

# കാന്റി സെമിനാരിയിലെ അവസാനവർഷം

**1906 ഡിസംബർ 22!**

ജോൺ ശെമ്മാശൻ ആറാം പട്ടം സ്വീകരിച്ച പാവനദിനമായിരുന്നു അത്. ദൈവത്തെ ശുശ്രൂഷിക്കുന്നതിനായി പൂർണമായി സമർപ്പിച്ച തന്നെ ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനായി അദ്ദേഹം വിട്ടുകൊടുത്തു. എന്റെ സബ്ഡീക്കൻ പട്ടത്തിലൂടെ തന്റെ വിശുദ്ധ സ്ഥലത്തേക്ക് യേശു എന്നെ പൂർണമായും കൊണ്ടുപോയി. യേശുവിന്റെ പാവനമായ സേവനത്തിനായി സമർപ്പിക്കപ്പെട്ട ഒരു പാത്രമാകുന്നു ഞാൻ.[1] ആത്മീയവും ശാരീരികവുമായ വ്യക്തിത്വവികസനത്തിനുള്ള തീവ്രമായ പരിശീലനമാണ് സെമിനാരിയിലെ അവസാനവർഷം അദ്ദേഹത്തിനു ലഭിച്ചത്. അതിന്റെ വെളിച്ചത്തിൽ ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ അദ്ദേഹം തീരുമാനിച്ചുറച്ചു. ദൈവമഹത്വത്തിനായുള്ള എന്റെ തീക്ഷ്ണത എന്റെ വിശുദ്ധീകരണത്തിലും പഠനത്തിലും ഉൾപ്പെടണം. ദൈവത്തോടും ആത്മാക്കളോടുമുള്ള സ്നേഹത്താൽ എരിയുന്ന, ഒരു നല്ല വിശുദ്ധനാകുവാൻ ഞാൻ തീവ്രമായി ശ്രമിക്കണം. ഈ അവസാനവർഷത്തിലെ എന്റെ പഠനമെല്ലാം സന്തോഷത്തോടുകൂടിയും ആത്മാർഥമായും നടത്തണം.

എന്റെ അധികാരികൾക്കു കീഴ്‌വഴങ്ങി, എന്നെ ഏൽപിച്ചിരിക്കുന്ന പ്രീഫെക്ടിന്റെ ജോലി നന്നായി ചെയ്യുവാൻ ശ്രമിക്കുകയും, എന്റെ സഹോദരങ്ങളെ കൂടുതൽ നല്ലവരാക്കുന്നതിനോ, അവരുടെ തെറ്റുകൾ തിരുത്തുന്നതിനോ ആയി സ്നേഹത്തോടും ബഹുമാനത്തോടും കൂടി വാക്കുകൾ ഉപയോഗിക്കുകയും വേണം. എന്തുകൊണ്ടെന്നാൽ ഒരു പ്രീഫെക്ട് എന്ന നിലയിലും സെമിനാരിയിലെ മൂത്തയാൾ എന്ന നിലയിലും ആ സ്വാധീനം എനിക്കുണ്ട്. കൂട്ടായ്മയെ ഞാൻ സ്നേഹിക്കുകയും ഇനിയുള്ള ജീവിതത്തിൽ മറ്റു പുരോഹിതരെ സ്വാധീനിക്കത്തക്കവിധം ഒരു നല്ല വ്യക്തിയായി മാറുകയും വേണം. ധാരാളം പേർ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ ആത്മാക്കൾക്കായുള്ള പ്രവർത്തനം ത്വരിതമാകും.[2] അങ്ങനെ തന്റെ സെമിനാരി ജീവിതത്തിന്റെ അവസാന കാലഘട്ടത്തിൽ എല്ലാവരേയും തീക്ഷ്ണതയുള്ളവരാക്കുക എന്നത് തന്റെ പ്രേഷിതവേലയായി ജോൺ സ്വീകരിച്ചു.[3] അതിന് എല്ലാ നിയമങ്ങളും പ്രത്യേകിച്ച് മൗനവും പാലിക്കുമെന്നും[4] അദ്ദേഹം പ്രതിജ്ഞ ചെയ്തു.

സെമിനാരിയിൽ അവശേഷിച്ചിട്ടുള്ള ആറുമാസക്കാലം സർവപ്രധാനമായും തന്റെ പവിത്രീകരണത്തിനും ശുശ്രൂഷക്കാവശ്യമായ സമസ്തജ്ഞാന സമ്പാദനത്തിനുമായി[5] ജോൺ ചെലവഴിച്ചു. അങ്ങനെ തന്റെ ദൗത്യനിർവഹണത്തിനായുള്ള സമ്പത്തെല്ലാം ശേഖരിച്ച ജോൺ തിരുപ്പട്ടം സ്വീകരിക്കുന്ന ദിവസത്തെ പ്രാർഥന എന്താണെന്ന് വിശദീകരിക്കുന്നു: എന്നെ, ഈശോയുടെ തിരുഹൃദയത്തെ അനുകരിക്കുന്ന ഒരു ഉത്തമ വൈദികനാക്കുക; അല്ലെങ്കിൽ ഉപേക്ഷിക്കുക, ഞാൻ മരിച്ചുകൊള്ളട്ടെ. പാപത്തിന്റെ ഖനിയിൽ നിന്നും നീചരിൽ നീചരായ മനുഷ്യരിൽ നിന്നും ദൈവമേ, അങ്ങ് എന്നെ വിളിച്ചു. അത് സ്വാർഥപരമായി ജീവിക്കുവാനല്ല. അമ്മേ, എന്നെ വിശദ്ധീകരിക്കുക. വിശുദ്ധമായ എന്റെ ദൈവവിളിയുടെ യഥാർഥ ചൈതന്യം എനിക്കു നൽകണമെ.[6]

അനാഥനും പാപിയുമായ തന്നെ പൗരോഹിത്യമെന്ന ഉന്നത വിളി നൽകി ഉയർത്തിയതിന് കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ ജോൺ, ഈശോയുടെ തിരുഹൃദയത്തിന് സ്വയം സമർപ്പിച്ചു. തിരുപ്പട്ട സ്വീകരണത്തിന്റെ തലേ ആഴ്ചയിലാണ് അദ്ദേഹം ഈ സമർപ്പണം നടത്തിയത്. എന്റെ അയോഗ്യതയും ഒരുക്കമില്ലായ്മയും പൂർണമായും അറിഞ്ഞുകൊണ്ട്, യേശുവിന്റെ ദിവ്യസ്നേഹാഗ്നിയാൽ ശുദ്ധീകരിക്കപ്പെടുന്നതിനും ആ അഗ്നിനാളത്താൽത്തന്നെ പ്രകാശിപ്പിക്കപ്പെ

ടുന്നതിനും, ശക്തി സ്രോതസ്സായ തിരുഹൃദയത്താൽത്തന്നെ ശക്ത നാക്കപ്പെടുന്നതിനും ദിവ്യഹൃദയത്തിന്റെ മഹത്വം പ്രകീർത്തിക്കുന്നതി നുമായി വലിയ പ്രത്യാശയോടുകൂടി ഏറ്റവും മാധുര്യമുള്ള ഈശോ യുടെ തിരുഹൃദയത്തിലേയക്ക് ഞാൻ പ്രവേശിച്ചു. തന്റെ തിരുക്കുമാരന്റെ ഹൃദയത്തോട് അനുരൂപമാക്കപ്പെടേണ്ടതിനായി ഞാൻ അമ്മയുടെ കാപ്പയുടെ കീഴിൽ സ്ഥിതി ചെയ്തു. പിതാവായ ദൈവമേ അങ്ങ യുടെ തിരുമനസ്സ് എന്നിൽ നിറവേറട്ടെ. എന്നെപ്പറ്റിയുള അങ്ങയുടെ പ്ലാനും പദ്ധതിയും അറിഞ്ഞ് അതിനനുസൃതമായി വിശ്വസ്തതയോടെ എന്റെ ഉത്തരവാദിത്വം ഞാൻ നിർവഹിക്കട്ടെ. അങ്ങനെ ഞാൻ വഴി അങ്ങ് കൂടുതൽ മഹത്വപ്പെടട്ടെ. നീചനും നന്ദിഹീനനുമായ ഈ ബാലനിൽ കനിവുണ്ടാകണമെ.[7] പൗരോഹിത്യം സ്വീകരിക്കുന്നതി നായി ജോൺ എത്രമാത്രം ഒരുങ്ങി എന്ന് ഈ സമർപ്പണം വ്യക്ത മാക്കുന്നുണ്ടല്ലോ. തന്റെ പൗരോഹിത്യ ജീവിതത്തിന് ഊടും പാവും നൽകുന്ന രൂപരേഖയും ഈയവസരത്തിൽ അദ്ദേഹം ഉണ്ടാക്കി. പുരോഹിതൻ മറ്റൊരു ക്രിസ്തുവാണ്; ക്രിസ്തുവിന്റെ സുഗന്ധ പരിമളമാണ്. ഞാനും അപ്രകാരമായിരിക്കണം.[8]

**പുരോഹിതൻ** :

- ❖ ലോകസുഖങ്ങൾ ആഗ്രഹിക്കാതെ ലോകത്തിൽ ജീവിക്കുന്നവനാണ്.
- ❖ ഒരു കുടുംബത്തിന്റെയും സ്വന്തമാകാതെ ഓരോ കുടുംബത്തിലും അംഗമാകുന്നവനാണ്.
- ❖ എല്ലാ ദുഃഖങ്ങളിലും പങ്കുചേരുന്നവനാണ്.
- ❖ എല്ലാ ഹൃദയരഹസ്യങ്ങളിലേയ്ക്കും കടന്നു ചെല്ലുന്നവനാണ്.
- ❖ എല്ലാ വ്രണങ്ങളും സുഖപ്പെടുത്തുന്നവനാണ്.
- ❖ മനുഷ്യരിൽ നിന്നു പുറപ്പെട്ട് അവരുടെ പ്രാർഥന കൾ ദൈവസന്നിധിയിൽ എത്തിക്കുന്നവനാണ്.
- ❖ ദൈവത്തിൽനിന്നും മടങ്ങി മനുഷ്യർക്ക് പാപ മോചനവും സമാധാനവും പ്രത്യാശയും കൊണ്ടു വരുന്നവനാണ്.
- ❖ പരസ്നേഹത്താൽ ജ്വലിക്കുന്നതും ബ്രഹ്മ ചര്യത്തിൽ സുദൃഢമായ ഹൃദയമുള്ളവനുമാണ്.

❖ എല്ലായ്പോഴും ക്ഷമിക്കുകയും പഠിപ്പിക്കുകയും ആശ്വസിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നവനാണ്.

ഇത്രയും ഉൽകൃഷ്ടമായ ജീവിതമാണ് പുരോഹിതന്റേത് എന്ന് ഈ കാലയളവിൽ അദ്ദേഹം പഠിച്ചറിഞ്ഞു.

അദ്ദേഹം തന്റെ സമർപ്പണം ഇടക്കിടക്ക് നവീകരിച്ചു കൊണ്ടിരുന്നു. ക്രിസ്തുവിനെപ്പോലെയാകുവാനുള്ള അദ്ദേഹത്തിന്റെ ശമിക്കാത്ത ദാഹം ഓരോ നവീകരണത്തിലും പ്രകടമാകുന്നുണ്ട്: മഹാപുരോഹിതനായ ക്രിസ്തു തന്റെ ഉത്തരവാദിത്വനിർവഹണത്തിലും അപ്രകാരം തന്നെയായിരുന്നു. ഞാൻ ഓരോ ദിവസവും എന്നെ പൂർണമായും ദൈവത്തിന് സമർപ്പിച്ചുകൊണ്ടും ആത്മാക്കളുടെ രക്ഷയ്ക്കായി എപ്പോഴും പ്രവർത്തിച്ചുകൊണ്ടും ക്രിസ്തുവിനെപ്പോലെയാകണം. അതിനേക്കാൾ താഴ്ന്ന പടിയിലുള്ള പരിപൂർണത പുരോഹിതനായ എനിക്കു യോജിച്ചതല്ല. അതുകൊണ്ട് കൂദാശകൾ പരികർമം ചെയ്യുമ്പോൾ ഞാൻ തീക്ഷ്ണമതിയായിരിക്കണം. പണമിടപാടുകളിൽ നീതി പുലർത്തുകയും മനഃസാക്ഷിക്കനുയോജ്യമായവ മാത്രം പ്രവർത്തിക്കുകയും വേണം. ഞാൻ ആരെയും അമിതമായി സ്നേഹിക്കുകയോ സ്നേഹം തേടി ആരുടെയെങ്കിലും പക്കൽ പോകുകയോ ഇല്ല. സ്നേഹം ലഭിക്കുന്നതിനുവേണ്ടി ആരെയെങ്കിലും സ്പർശിക്കുകയോ, എന്നെ സ്പർശിക്കുവാൻ അനുവദിക്കുകയോ ഇല്ല.[9]

## 1907 നവംബർ 3 !

ക്രിസ്തുവിന്റെ അഭിഷിക്തനാകുവാൻ ഒരുങ്ങിക്കൊണ്ടിരുന്ന ജോണിന് ഒരു മാസം മാത്രം ബാക്കിയുള്ളു. ഈ ഒരു മാസവും കൂടി കഴിഞ്ഞാൽ താൻ അഭിഷിക്തനാകും. പുരോഹിതധർമം നിർവഹിക്കുന്നതിനായി തന്റെ ജന്മനാട്ടിലേക്ക് തിരിച്ചെത്തണം. ജോൺ തന്റെ നിജസ്ഥിതി ഓർത്തു. മാതാപിതാക്കളില്ല; സഹോദരീസഹോദരന്മാരുമില്ല, അടുത്ത ബന്ധുമിത്രാദികളും വിരളം. സ്വന്തപ്പെട്ടവരും ബന്ധപ്പെട്ടവരുമായി ആരുംതന്നെയില്ല. നാട്ടുകാർ തന്നെ തിരിച്ചറിയുമോ? സ്വന്തം നാട്ടിൽ താൻ വിജാതീയനായി മാറുമോ? ജോൺ അറിയാതെ തന്നെ കണ്ണുനീർ ധാര ധാരയായൊഴുകി. യാത്രയ്ക്കനുയോജ്യമായ വസ്ത്രങ്ങളോ മറ്റു അവശ്യവസ്തുക്കളോ ഇല്ല. അതെ, ദരിദ്രനായ അനാഥൻ! താൻ നിർവഹിക്കേണ്ട പരിത്രാണകർമത്തിന്റെ യഥാർഥചിത്രം മുന്നിൽക്കണ്ട യേശു വികാരതരളി

തനായി (മർക്കോ. 14:33–36). ജോൺ ശെമ്മാശന്റെ സ്ഥിതിയും മറിച്ചായിരുന്നില്ല. എന്നാൽ പിതാവിൽ നിന്നും ശക്തിയാർജിച്ച യേശുവിനെപ്പോലെ (മത്താ. 26:45–46) ജോൺ പിതാവിലേയ്ക്കു തിരിഞ്ഞു. നാളിതുവരെയും തന്നെ സംരക്ഷിച്ചുകൊണ്ടുവന്ന യേശു തന്റെ എല്ലാക്കാര്യവും നോക്കിക്കൊള്ളും എന്ന വിശ്വാസം അദ്ദേഹം വീണ്ടെടുത്തു. വർഷങ്ങൾക്കുമുമ്പ് തന്റെ പിതാവും മാതാവും ഗുരുവും മാതൃകയുമായി യേശുവിനെ സ്വീകരിച്ചതാണല്ലോ. ജോൺ തന്റെ ബലഹീനതയോർത്ത് ലജ്ജിച്ചു. ദൈവപരിപാലനയിൽ ദൃഢമായി വിശ്വസിച്ചു. ജോൺ ആ രംഗം വിവരിക്കുന്നതിപ്രകാരമാണ്: എന്റെ ദാരിദ്ര്യവും യാത്രയ്ക്കുള്ള വസ്ത്രങ്ങളും മറ്റു അവശ്യവസ്തുക്കളും വാങ്ങുവാനുള്ള കഴിവുകേടും ഓർത്തു ഞാൻ വളരെയധികം ദുഃഖിച്ചു. എന്നാൽ ഇന്ന് എന്റെ സ്വർഗീയ പിതാവിന്റെ കരങ്ങളിൽ എന്നെ പൂർണമായും ഞാൻ അർപ്പിച്ചു. എന്റെ കാര്യം അവിടുന്നു നോക്കിക്കൊള്ളും. ഞാൻ ദീർഘസമയം പ്രാർഥിക്കുകയും മനസ്താപപ്രകരണങ്ങൾ ചൊല്ലുകയും ചെയ്തു. കഷ്ടം! ഭാവി സുരക്ഷിതമാക്കുന്നതിനായി പ്രവർത്തിച്ചു. ലജ്ജ തോന്നുന്നു. അങ്ങയെ പ്രീതിപ്പെടുത്തുന്നതിനായി ഞാൻ എന്തു ചെയ്യണമെന്ന് എന്റെ ദൈവമേ എനിക്കു കാണിച്ചുതരണമെ. അങ്ങ് ഒരുക്കിക്കൊണ്ടിരിക്കുന്ന ജോലിയിലേയ്ക്ക് എന്നെ നയിക്കണമെ. അങ്ങനെ പാപം നിർമാർജനം ചെയ്തുകൊണ്ട് മരിക്കുവാൻ ഞാൻ അഭിലഷിക്കുന്നു. ഞാൻ ജീവിക്കുന്നെങ്കിൽ അങ്ങയുടെ മഹത്വത്തിനായി മാത്രം, അങ്ങയുടെ തിരുമനസ്സു നിറവേറ്റുന്നതിനായി മാത്രം ആയിരിക്കട്ടെ. എന്റെ ഗുരുവായ യേശുവേ, അമ്മേ, എന്നെ സഹായിക്കണമെ.[10] യേശുവിന്റെയും അമ്മയുടെയും സഹായത്തോടെ പൂർവാധികം തീക്ഷ്ണതയോടുകൂടി ആ മഹത്ദിനത്തിനായി ജോൺ ഒരുങ്ങി.

---

## അടിക്കുറിപ്പുകൾ

1. Lights from heaven., 1906, p. 321.
2. Ibid., 1906, p. 330.
3. Ibid., April 28, 1907, p. 331.
4. Ibid., August 4, 1907, p. 333.
5. Ibid., June 20, 1907.
6. Ibid., October 6, 1907.
7. Ibid., December 13, 1907.
8. Ibid., December 20, 1907.
9. Ibid., September 28, 1913.
10. Ibid., November 3, 1907.



PONTIFICIUM SEMINARIUM KANDIENSE.

Ego ______ Rector Pontificii Seminarii Kandiensis testificor ______ tum Philosophicorum tum Theologicorum studiorum curriculum **cum Laude** perlustrasse, et ultimum de his universis scientiis examen etiam **cum Laude** subiisse.

Rector.

Kandiae die ______ 19..



CLEMENS PAGNANI, O. S. B.
DEI ET APOSTOLICAE SEDIS GRATIA,
EPISCOPUS KANDIENSIS.

Universis et singulis praesentes litteras inspecturis notum facimus atque testamur quod anno a Nativitate Domini millesimo nongentesimo *die vigesima secunda Decembris Sabbato quatuor temporum* Ordines celebrantes, dilectum nobis in Christo *Joannem Ukken e vic. ap. Trichurensi et hujus Pontificii Seminarii alumnum* in aetate, moribus et vita, natalibusque, ac doctrina examinatum, et idoneum in omnibus requisitis repertum *et a suo Ordinario juste dimissum ad primam clericalem tonsuram* rite et canonice promovimus. In quorum fidem has litteras, nomine sigilloque nostro munitas, dedimus *Kandy* die, mense, et anno ut supra.

*+ Clemens O S B*
*Ep. Kandiensis*

Certificate Ordination

# 12

## ക്രിസ്തുവിന്റെ അഭിഷിക്തൻ

**1907 ഡിസംബർ 21 !**

ചിരകാലപ്രതീക്ഷകൾ പൂവണിഞ്ഞ പുണ്യദിനം! നീണ്ട പത്തു വർഷത്തെ പ്ര്യൂപ്പദശക്കു ശേഷം യേശുവിന്റെ സ്നേഹ സന്ദേശം പാവങ്ങൾക്കു പകർന്നുകൊടുക്കുവാനായി തൈലാഭിഷേകത്താൽ കേരളക്കരയിലെ ഒരു അനാഥബാലൻ ക്രിസ്തുവിന്റെ അഭിഷിക്ത നായി മാറിയ മഹത്ദിനമായിരുന്നു അത്.

തൈലാഭിഷേകത്തെപ്പറ്റി താൻ പഠിച്ചറിഞ്ഞ കാര്യങ്ങൾ ജോൺ ശെമ്മാശന്റെ മനോദർപ്പണത്തിലൂടെ മിന്നൽപിണർപോലെ കടന്നു പോയി: ദൈവത്തിനു പ്രതിഷ്ഠിക്കുന്നതിന്റെ അടയാളമായി മഹാ പുരോഹിതനെ പഴയനിയമത്തിൽ തൈലാഭിഷേകം ചെയ്തിരുന്നു (1 ദിന. 29:22; ലേവ്യ. 4:3–5; ദാനി. 9:25). ഇങ്ങനെ ശുദ്ധീകരിക്കപ്പെടുന്ന പുരോഹിതൻ ദൈവത്തിനായി മാറ്റിവയ്ക്കപ്പെടുന്നു (ലേവ്യ. 4:5;16:32). പഴയനിയമത്തിലെ അഭിഷേക കർമത്തിന്റെ അർഥങ്ങളെല്ലാം പരി പൂർണമായി പൂർത്തിയാക്കിയ അഭിഷിക്തൻ ക്രിസ്തുവാണ്. അവിടുന്ന് പ്രവാചകനായും, രാജാവായും, പുരോഹിതനായും അഭിഷേകം ചെയ്യ പ്പെട്ടു. പരിശുദ്ധാത്മാവിനാലും ശക്തിയാലും അവിടുന്ന് പൂശപ്പെട്ടു (ലൂക്ക 4:18; അപ്പ. പ്ര. 10:38). പരസ്യജീവിതത്തിന്റെ ആരംഭത്തിൽ


പുരോഹിതൻ
മറ്റൊരു
ക്രിസ്തുവാണ്;
ക്രിസ്തുവിന്റെ
സുഗന്ധപരിമളമാണ്.

ഞാൻ ഓരോ
ദിവസവും എന്നെ
പൂർണമായും
ദൈവത്തിനു
സമർപ്പിച്ചുകൊണ്ടും
ആത്മാക്കളുടെ
രക്ഷക്കായി
എപ്പോഴും
പ്രവർത്തിച്ചു
കൊണ്ടും
ക്രിസ്തുവിനെ
പോലെയാകണം.
അതിനേക്കാൾ
താഴ്ന്ന
പടിയിലുള്ള
പരിപൂർണത
പുരോഹിതനായ
എനിക്കു
യോജിച്ചതല്ല.

സ്വീകരിച്ച ആ പരിശുദ്ധാത്മാഭിഷേകം ദൈവദാസന്റെ പ്രബോധന, പ്രഘോഷണ ദൗത്യനിർവഹണത്തിനായിരുന്നു. അത് കാൽവരിയിൽ പൂർത്തിയായി (ഏശ. 42:17; 1 യോഹ. 5:6).



Rt. Rev. Dr. D. Clemens Pagnani O.S.B.

കാന്റിസെമിനാരിയിലെ പള്ളി മണികൾ മുഴങ്ങി. ഗായകസംഘം താളലയത്തിൽ പാടി. അഭിഷിക്തനാകാനുള്ളവൻ വിനയാന്വിതനായി അൾത്താരയിലേക്കു നീങ്ങി. മാലാഖമാരും വാനവഗണവും സ്വർഗത്തിലിരുന്ന് പുഷ്പവൃഷ്ടി നടത്തി. ആ ശുഭമുഹൂർത്തത്തിൽ കാന്റിമെത്രാൻ ഡോക്ടർ ക്ലെമൻസ് പഗ്നാനി ഒ.എസ്. ബി. യുടെ കൈവയ്പു പ്രാർഥനയിലൂടെ ജോൺ, ക്രിസ്തുവിന്റെ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു.[1] ദൈവമഹത്വത്തിനും ദൈവജനസേവനത്തിനുമായി ജീവിതം സമർപ്പിക്കുന്നു എന്ന് ജോൺ പരസ്യമായി പ്രഖ്യാപിച്ചു. വികാരത്തിന്റെ വലിയൊരു വേലിയേറ്റംതന്നെ അദ്ദേഹത്തിൽ ഉളവായി. അദ്ദേഹം എടുത്തിരുന്ന പ്രതിജ്ഞകളും പ്രാർഥനകളും സമർപ്പണവുമെല്ലാം പാവനമായ ആ അൾത്താരയിൽ വിശുദ്ധവസ്തുക്കളോടൊപ്പം കാഴ്ചയർപ്പിച്ചു.



St. Xavier's Chapel, Kandy

ആനന്ദാശ്രുക്കൾ ജോണിന്റെ കവിൾത്തടത്തിലൂടെ ഉരുണ്ടുനീങ്ങി. ഊക്കനച്ചന്റെ ജീവിതത്തിലെ ഏറ്റവും അവിസ്മരണീയവും സന്തോഷകരവുമായ ദിനം എന്ന് അതിനെ വിശേഷിപ്പിക്കാം. ദിവ്യകാരുണ്യനാഥനെ ആദ്യമായി കരങ്ങളിൽ സംവഹിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യം ലഭിച്ചു. പിറ്റേ ദിവസം 1907 ഡിസംബർ 22-ാം തീയതി അദ്ദേഹം കാന്റിയിൽത്തന്നെ പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു.[2] അനാഥനായ തന്നെ ഇത്രയും

മഹോന്നതമായ പദവിയിലേയ്ക്കുയർത്തിയതിനുള്ള കൃതജ്ഞതാ പ്രകാശനമായിരുന്നു ആ ബലിയർപ്പണം. ഇതിനു തന്നെ സഹായിച്ച എല്ലാവരേയും അദ്ദേഹം ആദ്യ ദിവ്യബലിയിൽ അനുസ്മരിച്ചു. അവശർക്കും ആലംബഹീനർക്കും ആശ്രയമേകി, കരുണാർദ്രസ്നേഹത്തോടെ അവരെ കൈപിടിച്ചുയർത്തണമെന്നുള്ള അദ്ദേഹത്തിന്റെ ജീവിതാഭിലാഷം ഒരിക്കൽക്കൂടി ജോൺ ഈശോക്കു സമർപ്പിച്ചു.

ത്യാഗശീലം, മേലധികാരികളുടെ കല്പനകളോട് ആദരവും കീഴ്‌വഴക്കവും, പ്രതികൂല സാഹചര്യങ്ങളെ ചെറുത്തുനിന്ന് അടരാടാനുള്ള പ്രത്യയസ്ഥൈര്യവും ദൈവഭക്തിയും വിശുദ്ധിയും നവവൈദികന്റെ കൈമുതലായിരിക്കുമെന്നു സെമിനാരി അധികൃതർ അന്ന് സാക്ഷ്യപ്പെടുത്തിയിരുന്നു. ആ സാക്ഷ്യം യാഥാർഥ്യമാണെന്ന് സ്വജീവിതത്തിലൂടെ ജോൺ തെളിയിക്കുകയും ചെയ്തു.



---

**അടിക്കുറിപ്പുകൾ**

1. Early Documents 5.
2. Pune Papal Seminary Admission Register., p. 72.

# 13

## നവാഭിഷിക്തൻ കേരളക്കരയിൽ

ഒരു ദശവർഷക്കാലം കാൻ്റി സെമിനാരിയിൽ വൈദിക പഠനം നടത്തിയ ജോൺ വിപുലമായ ദൈവശാസ്ത്രജ്ഞാനവും സംസ്കാര സമ്പത്തും പ്രവൃത്യുന്മുഖമായ ദൈവസ്നേഹവും നിറഞ്ഞ ഒരു വൈദികനായി, ക്രിസ്തുവിന്റെ സന്നദ്ധഭടനായി, നവവൈദിക തീക്ഷ്ണതയോടെ, ദിവ്യനാഥന്റെ സ്നേഹസന്ദേശവുമായി മലയാളക്കരയിൽ തിരിച്ചെത്തി. തൃശൂർ ചെന്ന് മേനാച്ചേരി യോഹന്നാൻ മെത്രാനച്ചനെ മുഖം കാണിച്ചു;[1] കുശലപ്രശ്നങ്ങൾ നടത്തി. പണ്ഡിതനും, കർമ്മോത്സുകനും കൃത്യൈകനിരതനും, അനുസരണശാലിയും, വിനയശീലനുമായ ഒരു നവവൈദികനെയാണ് രൂപതയ്ക്കു ലഭിച്ചതെന്ന് രൂപതാധ്യക്ഷനു മനസ്സിലായി. രൂപതാധ്യക്ഷന്റെ അനുഗ്രഹാശിസുകളോടെ സ്വന്തം ഇടവകയായ പറപ്പൂർക്ക് അദ്ദേഹം യാത്രയായി. ഇടവകയിൽ സ്വന്തം തറവാട്ടുനാമധാരികൾ ആരുമുണ്ടായിരുന്നില്ല. അദ്ദേഹം പറപ്പൂർ പള്ളിയിൽച്ചെന്ന് കുറ്റിക്കാട്ട് ബഹു. ഔസേപ്പച്ചനെ അന്വേഷിച്ചു. ബഹു. ഔസേപ്പച്ചൻ ആറു വർഷങ്ങൾക്കുമുമ്പ് മാന്നാനം കർമ്മലീത്ത സഭയിൽ ചേർന്നുവെന്നറിഞ്ഞു. അദ്ദേഹത്തെ ഒന്നു കാണുവാൻ എന്താണ് മാർഗമെന്നു ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ അന്നത്തെ കൈക്കാരനായ ഞാലിൽ ചിറ്റിലപ്പിള്ളി ചുമ്മാരു ലോനപ്പൻ, അദ്ദേഹം എൽത്തുരുത്ത് ആശ്രമത്തിലുണ്ടെന്നു പറഞ്ഞു. കൊച്ചച്ചനു


സന്തോഷമായി. ഉടൻതന്നെ അദ്ദേഹം കാൽനടയായി എൽത്തുരുത്തിലേക്കു പുറപ്പെട്ടു. അന്ന് വാഹനസൗകര്യങ്ങളൊന്നുമുണ്ടായിരുന്നില്ല. മുള്ളൂർ കായൽ കടന്ന്, വിലങ്ങൻകുന്ന് കയറിയിറങ്ങി വൈകുന്നേരം ഏഴര മണിയോടുകൂടി എൽത്തുരുത്ത് ആശ്രമത്തിൽ ചെന്നെത്തി. ആശ്രമവാസികളുടെ സന്ധ്യാപ്രാർഥനാ സമയമായിരുന്നു. മണികൊട്ടി. ഒരു ബ്രദർ വന്നു. വിവരം പറഞ്ഞു. സന്ദർശനമുറിയിൽ കാത്തിരിപ്പായി. പ്രാർഥന കഴിഞ്ഞ് കുറ്റിക്കാട്ടച്ചൻ സന്ദർശനമുറിയിലേയ്ക്കു വന്നു. കൊച്ചച്ചൻ അദ്ദേഹത്തിന്റെ കാൽക്കൽ വീണ് നമസ്കരിച്ചു. ഹേ, എന്താണിത്? എനിക്കു മനസ്സിലായില്ല. കൊച്ചച്ചൻ എവിടുന്നാ? ഔസേപ്പച്ചൻ ചോദിച്ചു. അച്ചൻ സെമിനാരിയിലേയ്ക്ക് പറഞ്ഞുവിട്ട ഊക്കൻ ലോനപ്പനാണ് ഞാൻ. ഓ, മനസ്സിലായി എന്നു പറഞ്ഞ് അദ്ദേഹം കൊച്ചച്ചനെ എഴുന്നേൽപിച്ച് പിടിച്ചു തഴുകി. അല്പസമയം അവർ അവിടെയിരുന്ന് സംസാരിച്ചു. കൂട്ടത്തിൽ തന്റെ കൂടെ പോരണമെന്നും പിറ്റേദിവസം രാവിലെ ഏഴുമണിക്കാണ് ഇടവകയിൽ തന്റെ കുർബാനയെന്നും മറ്റും കൊച്ചച്ചൻ പറഞ്ഞു. ഞാൻ പ്രിയോരച്ചനോട് ഒന്നു പറയട്ടെ എന്നു പറഞ്ഞുകൊണ്ട് ഔസേപ്പച്ചൻ അകത്തേക്കു പോയി. അപ്പോൾ പോകണ്ട എന്നും അത്താഴം കഴിഞ്ഞ് കുറച്ചുസമയം ഉറങ്ങിയിട്ട് അതിരാവിലെ മൂന്നു മണിക്ക് ആശ്രമം വക കാളവണ്ടിയിൽ പോകാമെന്നും പ്രിയോരച്ചൻ പറഞ്ഞു. രാവിലെ മൂന്നു മണിക്കു പുറപ്പെട്ട അവർ കൃത്യം ഏഴു മണിക്കുതന്നെ പറപ്പൂർ പള്ളിയിലെത്തി. നവവൈദികനെ സ്വീകരിക്കുന്നതിനായി വലിയൊരു ജനാവലി പള്ളിയിലും പരിസരത്തുമായി തടിച്ചുകൂടിയിട്ടുണ്ടായിരുന്നു. ആരുമില്ലാത്തവനെ സ്വീകരിക്കുവാൻ അനേകായിരങ്ങൾ തിങ്ങിക്കൂടി. എളിയവന്റെ പ്രാർഥന ദൈവം നിരസിക്കുകയില്ലല്ലോ. മകനേ, നീ ആകുലനാകേണ്ട, അസ്വസ്ഥനുമാകേണ്ട, നിന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം (യോഹ.14:12)എന്നു പറഞ്ഞ പിതാവായ ദൈവത്തിന്റെ പരിപാലനാവൈഭവം അവിടെ പ്രകടമായി. ദൈവത്തിന്റെ അദൃശ്യകരം എല്ലാവർക്കും ദൃശ്യമായി. ഊക്കൻ കൊച്ചച്ചന്റെ കുർബാന പറപ്പൂർ പള്ളിയിൽ വളരെ മോടിയായി നടന്നു.[2] ഔസേപ്പച്ചനും പള്ളി വികാരി ബഹു. ഗീവർഗീസ് ഊക്കനച്ചനും[3] ഇരുവശത്തും നിന്ന് കാർമികനെ സഹായിച്ചു. കുണ്ടുകുളം, കുന്നത്ത്, ചിറ്റിലപ്പിള്ളി മുതലായ കുടുംബങ്ങളിലെ എല്ലാ കാരണവൻമാരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. കുർബാന കഴിഞ്ഞപ്പോൾ കൊച്ചച്ചാ, അച്ചന് ദൈവാനുഗ്രഹമുണ്ടാകുമെന്നു പറഞ്ഞ് ഔസേപ്പച്ചൻ ഊക്കനച്ചനെ അനുഗ്രഹിച്ചു.[4] അതുപോലെയുള്ള സ്നേഹോഷ്മളമായ സ്വീകരണം അമ്മ

യുടെ ഇടവകയായ ഏനാമാക്കൽ അന്നത്തെ വികാരി ബഹു. ലേപ്പോർദ് പുളിക്കൽ അച്ചന്റെ[5] നേതൃത്വത്തിൽ നൽകുകയുണ്ടായി. അവിടത്തെ കർമലമാതാവിന്റെ പള്ളിയിൽ വച്ചാണല്ലോ അദ്ദേഹം മാമ്മോദീസ സ്വീകരിച്ചത്. അങ്ങനെ പറപ്പൂർ നാടും ഏനമ്മാവ് ഇടവകയും തൊയക്കാവും ധന്യമായി. ആഘോഷങ്ങൾക്കുശേഷം തന്നെപ്പറ്റിയുള്ള ദൈവത്തിന്റെ പ്ലാനും പദ്ധതിയും അറിയുന്നതിനായി അദ്ദേഹം അന്നത്തെ തൃശൂർ രൂപതാധ്യക്ഷനായിരുന്ന മാർ യോഹന്നാൻ മേനാച്ചേരി മെത്രാനെ സമീപിച്ചു. അധികാരിയിൽ ദൈവത്തെ ദർശിച്ചുകൊണ്ട് കൊച്ചച്ചൻ നിയമനപത്രിക സന്തോഷത്തോടെ സ്വീകരിച്ചു. മെത്രാനച്ചന്റെ അനുഗ്രഹാശിസുകളോടെ തന്റെ പ്രഥമശുശ്രൂഷാ രംഗത്തേക്ക് കാലെടുത്തുവച്ചു.

---

## അടിക്കുറിപ്പുകൾ

1. Souvenir Adaranjali., p. 9.
2. Souvenir Adaranjali., pp. 9, 10.
3. Archives of Thrissur Archeparchy.
4. Souvenir Adaranjali., p. 10.
5. Archives of Thrissur Archeparchy.



പാലയൂര് ഫൊറോന പള്ളിവികാരി ഉറക്കൻ പെ: ബ: ജോൺ അച്ചൻ അവർകളുടെ ഷഷ്ട്യബ്ദപൂർത്തീകരണദിനാഘോഷാവസരത്തിൽ മേപ്പടി പള്ളി ഇടവകയിൽപ്പെട്ട ഒരുമനയൂര് ചെറുപുഷ്പം കുരിശുപള്ളി അംഗങ്ങൾ സമർപ്പിക്കുന്ന

മംഗളാശംസ.

വാത്സല്യവന്ദ്യപിതാവെ!

അങ്ങയുടെ അറുപതു് സംവത്സരകാലത്തെ ജീവിതോദ്ദേശത്തെ സഫലീകൃതമാക്കി കൃതകൃത്യനായിരിക്കുന്ന ഈ അവസരത്തിൽ അങ്ങയോടൊപ്പം ഞങ്ങൾക്കുള്ള സീമാതീതമായ സന്തോഷത്തേയും, അങ്ങുന്നു് ഞങ്ങൾക്ക് ചെയ്തുതന്നിട്ടുള്ള നിരവധി നന്മകളേയും, അങ്ങയോടു ഞങ്ങൾക്കുള്ള സ്നേഹബഹുമാനാദരവുകളേയും ഈ എളിയ മംഗളപത്രദ്വാരാ പ്രകാശിപ്പിച്ചുകൊള്ളുന്നു.

അങ്ങുന്നു് ഈ ഇടവകഭരണം കയ്യേററതോടുകൂടി ഇടവകയെ നാനാവിധത്തിൽ പരിഷ്കരിക്കുവാനും വിശിഷ്യ ഇടവകാതിർത്തിയിലുള്ള കുഗ്രാമങ്ങളെ ആദ്ധ്യാത്മികവും സന്മാർഗ്ഗികവും സാമുദായികവും ആദിയായ സംഗതികളിൽ ഉദ്ധരിക്കുവാനും അങ്ങയുടെ ശ്രദ്ധയെ പതിപ്പിച്ചു. തൽഫലമായി ഇടവകപള്ളിയിൽനിന്നു സുമാറു രണ്ടര നാഴികദൂരം സ്ഥിതിചെയ്യുന്നതും കേവലം ദരിദ്രരാൽ അധിവസിക്കപ്പെടുന്നതുമായ ഒരുമനയൂർ കരയിലേക്കാണ് അങ്ങയുടെ സത്വരശ്രദ്ധ ആദ്യമായി ആനയിക്കപ്പെട്ടുവെന്നുള്ളതു് എന്നും സ്മരണീയമാണ്.

നിർദ്ധനരാൽ അധിവസിക്കപ്പെടുന്ന രാജ്യം; മൂലധനമില്ലാത്ത കുരിശുപള്ളി; സ്ഥലസൌകര്യം കുറഞ്ഞ കെട്ടിടം; അജ്ഞാനാന്ധകാരത്താൽ ആവൃതമായ ജനാവലി; ഇത്യാദികളെ തരണംചെയ്തു ദിവ്യപൂജാർപ്പണം തുടങ്ങുവാൻ ആരാൽ സാദ്ധ്യമാകും?– അതേ അവിടുത്തെ കരുണാസമ്പൂർണ്ണമായ മനസ്സല്ലാതെ മററാരാണ് സധൈര്യം മുന്നിട്ടിറങ്ങി പ്രവൃത്തിക്കുവാൻ ഉദ്യുക്തനായതു്?

ഞായറാഴ്ചകളിലും മററു കടമുള്ളദിവസങ്ങളിലും പ്രസ്തുത കുരിശുപള്ളിയിൽ ഒരോ ദിവ്യപൂജ അർപ്പിക്കുവാൻ അങ്ങുന്നനുഭവിക്കുന്ന കഷ്ടതകൾ സീമാതീതമാണ്. തൽഫലമായി സ്ഥലത്തെ നിവാസികൾക്കു പ്രത്യേകിച്ചു് വൃദ്ധന്മാർക്കും കുട്ടികൾക്കും സ്ത്രീകൾക്കും ദിവ്യപൂജകാണുന്നതിന്നു വളരെ സൌകര്യം സിദ്ധിക്കുകയും കുട്ടികളുടെ മതപഠനത്തിൽ പ്രത്യേകശ്രദ്ധപതിയുകയും ജനങ്ങളിൽ ഒട്ടാകെ ഒരു പുതിയ കത്തോലിക്കാജീവൻ ഉളവാകുകയും ചെയ്തിരിക്കുന്നു.

അല്ലയോ വാത്സല്യപിതാവെ! അങ്ങുന്നു് ഞങ്ങൾക്കുചെയ്തുതന്നിട്ടുള്ള ഏതൊരുവക നന്മകൾക്കും പ്രതിനന്ദി പ്രദർശിപ്പിക്കുവാൻ ഞങ്ങൾ അയോഗ്യരെങ്കിലും അങ്ങുന്നു് ചിരകാലം മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ വേലചെയ്തു് വിശേഷഫലങ്ങളെ പുറപ്പെടുവിക്കുവാൻവേണ്ട അനുഗ്രഹങ്ങൾ കൈവരുവാൻ വിശുദ്ധ ചെറുപുഷ്പമദ്ധ്യസ്ഥതയിൽ ഞങ്ങൾ സദാ ദൈവത്തോടു പ്രാർത്ഥിച്ചുകൊള്ളുന്നു. ഞങ്ങളുടെ ഈ കുരിശുപള്ളിയിൽ എന്നും പൂജാർപ്പണം തുടർന്നുകൊണ്ടുപോകുവാൻ വേണ്ടത്ര ആനുകൂല്യങ്ങൾ അങ്ങയോട് അഭ്യർത്ഥിച്ചുകൊണ്ടു് ഈ എളിയമംഗളപത്രത്തെ അങ്ങയുടെ പാദങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

ഒരുമനയൂർ,
29—12—1940.

എന്നു, അങ്ങയുടെ വിനീതമക്കളായ
ഒരുമനയൂർ ചെറുപുഷ്പം കുരിശുപള്ളി അംഗങ്ങൾ.

ബാലദീപം പ്രസ്സ്, – ചാവക്കാട്.

മംഗളപത്രം, ഒരുമനയൂർ

# 14

## പൗരോഹിത്യ ജീവിതവും അജപാലന ശുശ്രൂഷയും

ഫാദർ അഗസ്റ്റിൻ ജോൺ ഊക്കന്റെ പൗരോഹിത്യ ശുശ്രൂഷയെ മൂന്ന് ഘട്ടങ്ങളായി തിരിക്കാം.

**ആദ്യഘട്ടം** : 1907–1928 രൂപത ആസ്ഥാനവുമായി ബന്ധപ്പെട്ട ശുശ്രൂഷകൾ.

**രണ്ടാം ഘട്ടം** : ഒരു മിഷണറിയാകണമെന്ന തന്റെ ചിരകാലാഭിലാഷം പൂവണിയും വിധം രൂപതയുടെ പ്രാന്തപ്രദേശമായ കുന്ദംകുളവും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ചുള്ള അജപാലന ശുശ്രൂഷ.

**മൂന്നാം ഘട്ടം** : ചാരിറ്റി സന്യാസിനി സമൂഹത്തിന്റെ സ്ഥാപനം. രണ്ടും മൂന്നും ഘട്ടങ്ങൾ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു.


തന്റെ മാതൃകകളായ യേശുവിനെയും പരിശുദ്ധ അമ്മയെയും പോലെ കരുണയുടെ ആൾരൂപമായി മാറുവാനാണ് പൗരോഹിത്യമെന്ന ശ്രേഷ്ഠമായ വിളി നൽകി പിതാവായദൈവം തന്നെ തെരഞ്ഞെടുത്തതെന്ന ഉത്തമബോധ്യം ഊക്കനച്ചന് മരണംവരെ ഉണ്ടായിരുന്നു. ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ദൈവത്തിന്റെ അനന്ത

കാരുണ്യത്തിനുള്ള നന്ദി പ്രകാശനമായിരുന്നു അദ്ദേഹത്തിന്റെ പൗരോഹിത്യ ശുശ്രൂഷാ ജീവിതം. വ്യത്യസ്ത ജീവിത സാഹചര്യ ങ്ങളിലും അനുഭവങ്ങളിലും ഈശോയിൽ ശിശുസമാനം ആശ്രയിച്ച് മുന്നോട്ടു നീങ്ങിയപ്പോൾ വേദനിക്കുന്ന നാനാജാതി മതസ്ഥർക്ക് അദ്ദേഹം മാതാവും പിതാവും സഹോദരനും സഹോദരിയും ഗുരുവും രക്ഷകനും കൂട്ടുകാരനുമായി മാറി.[1] ഏതവസ്ഥയിലായിരിക്കുന്ന വർക്കും അദ്ദേഹം ഒരു അഭയകേന്ദ്രമായിരുന്നു.[2] ഏൽപിച്ച എല്ലാ ഉത്തരവാദിത്വ നിർവഹണത്തിലും അദ്ദേഹം ആത്മാർഥത പുലർത്തി. അദ്ദേഹത്തിന്റെ അജപാലന ശുശ്രൂഷയും ആത്മീയതയും ജനങ്ങ ളുടെ ശ്രദ്ധ പിടിച്ചുപറ്റി. ഒരു മാതൃകാ പുരോഹിതനെയാണ് ജനം അദ്ദേഹത്തിൽ ദർശിച്ചത്.[3]

---

### അടിക്കുറിപ്പുകൾ

1. Oral Testimony., f. 12, Chinnan Kuriappan Kannanaikkal.
2. Oral Testimony., f. 30, Mr Kochappan Muringathery.
3. Souvenir Adaranjali., pp. 27, 28.




നിയമന പത്രിക, സെന്റ് തോമസ് സ്കൂൾ, തൃശൂർ

**ആദ്യഘട്ടം:**

## സെന്റ് തോമസ് സ്കൂളിന്റെ അസിസ്റ്റന്റ് മാനേജർ 1907 ഡിസം.– 1909 സെപ്തം.



സെന്റ് തോമസ് സ്കൂൾ, തൃശൂർ

പരിശീലനം പൂർത്തിയാക്കി പുറത്തുവരുന്ന നവവൈദികരെ പരിചയസമ്പന്നരായ വൈദികരുടെ കീഴിൽ നിയമിക്കുകയാണല്ലോ പതിവ്. തദനുസാരം 1907 ഡിസംബറിൽ സെന്റ് തോമസ് സ്കൂളിന്റെ അസിസ്റ്റന്റ് മാനേജരായി ഊക്കനച്ചൻ നിയമിതനായി. അന്നത്തെ മാനേജരും റെക്ടറുമായിരുന്ന ബഹു. ചിറയത്ത് ഔസേപ്പച്ചന് താങ്ങും തണലുമായി അദ്ദേഹം പ്രവർത്തിച്ചു. അസിസ്റ്റന്റ് മാനേജർക്ക് അക്കാലത്ത് കുട്ടികളുടെ ശിക്ഷണവും മറ്റുമാണ് പ്രധാനമായി നിർവഹിക്കാനുണ്ടായിരുന്നത്. കാന്റിയൻ ഫലിതങ്ങളും ശിക്ഷണവും ഈ ഉദ്യോഗം വിജയപ്രദമായി നടത്തുവാൻ അദ്ദേഹത്തെ സഹായിച്ചു. സദാ സുസ്മേരവദനനായ ഊക്കൻ കൊച്ചച്ചൻ കുട്ടികളുടെ സ്നേഹഭാജനമായി മാറി. പഠനത്തിലെന്നപോലെ കുട്ടികളുടെ മതാധ്യയനത്തിലും സന്മാർഗ വളർച്ചയിലും അദ്ദേഹം ശ്രദ്ധചെലുത്തി. തീക്ഷ്ണതയുള്ള വൈദികൻ! തങ്ങളുടെ അസിസ്റ്റന്റ് മാനേജരെപ്പറ്റി ആ ബാലമനസ്സുകളിൽ രൂപീകൃതമായ അഭിപ്രായമതായിരുന്നു. ദിവ്യകാരുണ്യഭക്തി, തിരുഹൃദയഭക്തി, മരിയഭക്തി തുടങ്ങിയവ ആ കുരുന്നു ഹൃദയങ്ങളിൽ കരുപ്പിടിപ്പിക്കുന്നതിന് ഈ അവസരം അദ്ദേഹം ഉപയോഗപ്പെടുത്തി. മാനസികവും കായികവുമായ വിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള സൗകര്യമുണ്ടാക്കിക്കൊടുത്തിരുന്നെങ്കിലും വൃഥാ സമയം നഷ്ടപ്പെടുത്തുന്നതിന് അദ്ദേഹം അവരെ അനുവദിച്ചിരുന്നില്ല. വേദോപദേശം പഠിപ്പിക്കുന്നതിനായി കൃത്യം നാലുമണിക്ക് അദ്ദേഹം ക്ലാസ്സുമുറിയിൽ സന്നിഹിതനാകുമായിരുന്നു. വാത്സല്യം തുളുമ്പുന്ന പുഞ്ചിരിയോടും നല്ല വാക്പാടവത്തോടും കൂടി സ്വർഗസ്ഥനായ പിതാവേ മുതലുള്ള നമസ്കാരങ്ങൾ അദ്ദേഹം ഇംഗ്ലീഷിൽ പഠിപ്പിച്ചു. കുട്ടികളെക്കൊണ്ട് നല്ല ഉച്ചത്തിൽ ഉച്ചാരണ

ശുദ്ധിയോടെ ഇംഗ്ലീഷ് പ്രാർഥനകളും മറ്റും വായിപ്പിച്ചിരുന്നു എന്ന് അന്നത്തെ എട്ടാം ക്ലാസ് വിദ്യാർഥി ആയിരുന്ന ഫാ. ജോസഫ് ചുങ്കത്ത് അനുസ്മരിക്കുന്നു. മാതാവിന്റെ ഗാനത്തോടുകൂടി ക്ലാസ്സ് അവസാനിപ്പിക്കുവാൻ ആ മേരീഭക്തൻ ബദ്ധശ്രദ്ധനായിരുന്നു. വർഷാരംഭത്തിൽത്തന്നെ ഇംഗ്ലീഷിലുള്ള വേദപാഠ പുസ്തകവും ദിവസേനയുള്ള ഓരോ സൂചനയോടുകൂടിയ ഒരു കലണ്ടറും മുംബൈയിൽ നിന്നും വരുത്തി കുട്ടികൾക്ക് നൽകുമായിരുന്നു.[1] മതബോധനം നൽകുക[2] എന്നത് അദ്ദേഹത്തിന്റെ പ്രതിജ്ഞ ആയിരുന്നല്ലൊ. എല്ലാ മാസാദ്യ വെള്ളിയാഴ്ചയും കുട്ടികൾക്കായി ആ യുവവൈദികൻ പ്രാർഥനാസമ്മേളനം നടത്തിയിരുന്നു.[3] ഇതും അദ്ദേഹത്തിന്റെ പ്രതിജ്ഞകളിൽ ഒന്നായിരുന്നു. ശരീരത്തിനു ഭക്ഷണമെന്നപോലെയാണ് ആത്മാവിനു പ്രാർഥന എന്ന് ആ പിഞ്ചുഹൃദയങ്ങൾ മനസ്സിലാക്കി. തെറ്റുകൾ കണ്ട് കണ്ണടച്ചുകളയാതെ, വേദനിപ്പിക്കാതെ സന്ദർഭോചിതം അവ തിരുത്തിക്കൊടുക്കുന്നതിനും, അങ്ങനെ തിരുത്തപ്പെടുന്ന വ്യക്തിയുടെ വിശ്വാസാദരങ്ങൾ സമാർജിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. സമയത്തും അസമയത്തും ഉത്സാഹിയായിരിക്കുക, ദീർഘശാന്തതയോടും പഠിപ്പോടുംകൂടി ശാസിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക (2 തിമോ. 4:2) എന്ന വി. പൗലോസിന്റെ പ്രബോധനമനുസരിച്ച് പ്രിയപുത്രരെ എന്നപോലെ അദ്ദേഹം അവരെ ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഇപ്രകാരമുള്ള പ്രവർത്തനങ്ങളാൽ കുട്ടികൾ അദ്ദേഹത്തിൽ ഒരു മാനേജരെയല്ല, മറിച്ച് ഒരു വത്സല പിതാവിനെയാണ് ദർശിച്ചത്. 1909 സെപ്തംബർ വരെ പ്രസ്തുത സ്ഥാനം അദ്ദേഹം വഹിച്ചു. തുടർന്ന് അദ്ദേഹത്തെ ഇടവക ഭരണത്തിനായി നിയോഗിച്ചു.

---

**അടിക്കുറിപ്പുകൾ**

1. Souvenir Adaranjali., p. 64.
2. Lights from heaven., December 20, 1903.
3. Ibid., December 20, 1903.

## കണ്ടശാംകടവു വികാരി 1909 സെപ്തം.- 1909 ഡിസം.31



കണ്ടശാംകടവ് പള്ളി

ഈശ്വരസാന്നിധ്യം എപ്പോഴും അനുഭവിച്ചുകൊണ്ടിരുന്ന ഊക്കൻ ജോണച്ചൻ, ആ സാന്നിധ്യം മറ്റുള്ളവർക്കുകൂടി അനുഭവവേദ്യമാക്കുന്നതിനും, ക്രൈസ്തവരെ വിശ്വാസപക്വതയും പൂർണതയും പ്രാപിക്കാൻ അഭ്യസിപ്പിക്കുന്നതിനുമായി, ദൈവസ്നേഹത്താൽ എരിയുന്ന ഒരു ഹൃദയവുമായി തൃശൂർ നിന്നും പതിനഞ്ചു കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന കണ്ടശാംകടവിലെത്തി. തന്നെയും തന്റെ അജഗണത്തെയും യേശുവിനു സമർപ്പിക്കുന്നതിനായി അൾത്താരയുടെ മുമ്പിലേക്ക് അദ്ദേഹം നടന്നു നീങ്ങി. നിർന്നിമേഷനായി അല്പസമയം അവിടെ ചെലവഴിച്ചു. തിരുപ്പട്ടം സ്വീകരിച്ച അവസരത്തിൽ ജ്ഞാനത്തിൽ പക്വതയാർജിക്കുവിൻ എന്നും നിങ്ങളുടെ അധ്യാപനം ദൈവജനത്തിന് ആധ്യാത്മികമായ ഔഷധമായിരിക്കട്ടെ എന്നും മെത്രാൻ ഉദ്ബോധിപ്പിച്ചതും തനിക്കു ലഭിച്ച അജപാലനപരിശീലനവുമെല്ലാം അദ്ദേഹത്തിന്റെ മനോമുകുരത്തിൽ തെളിഞ്ഞുനിന്നു. ഒരു ഇടവക വികാരിയുടെ അജപാലനധർമം ക്രൈസ്തവ തത്വപ്രബോധനവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുകയാണല്ലൊ. എന്നാൽ വെറും പ്രബോധനം കൊണ്ടുമാത്രമായില്ല അഭ്യസനവും ആവശ്യമാണ്. പുരോഹിതൻ വിശ്വാസപ്രബോധകനാണ്. ഓരോ വിശ്വാസിയും തന്റെ ദൈവവിളിയെ സുവിശേഷപ്രബോധനങ്ങളനുസരിച്ച് അനുവർത്തിക്കുന്നുണ്ടോയെന്നും, ആത്മാർഥവും കർമോന്മുഖവുമായ സ്നേഹത്തിലേക്കും ക്രിസ്തു നമുക്കായി നേടിത്തന്ന സ്വാതന്ത്ര്യത്തിലേക്കും, പരിശുദ്ധാരൂപിയാൽ അവർ ആനീതരാകുന്നുണ്ടോയെന്നും നോക്കാൻ വൈദികനു കടമയുണ്ട്.[1] നവംനവങ്ങളായ ചിന്താധാരയോടുകൂടി നല്ല ഇടയനും പുരോഹിതശ്രേഷ്ഠനുമായ യേശുവിൽനിന്നും ശക്തിയാർജിച്ച് അദ്ദേഹം തന്റെ മേച്ചിൽപുറത്തേക്കിറങ്ങി.

ഇടയൻ തന്റെ മേച്ചിൽപുറത്ത് എത്തിയപ്പോൾത്തന്നെ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു-കുടുംബസന്ദർശനം. തന്റെ ഇടവക

യിലെ ഓരോ വീടും സന്ദർശിച്ച് അവരുടെ ആത്മീയവും ഭൗതികവും മാനസികവുമായ സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കുക എന്നതായിരുന്നു ഈ സന്ദർശനത്തിന്റെ പ്രധാന ഉദ്ദേശം. യഥാർഥത്തിൽ ദിവ്യചൈതന്യം പ്രസരിപ്പിക്കുന്ന കുടുംബങ്ങൾ വാർത്തെടുക്കുവാൻ വേണ്ടി, സഹാനുഭൂതിയോടും ക്ഷമയോടുംകൂടെ സ്നേഹത്തിൽ അവരെ ശക്തിപ്പെടുത്തിക്കൊണ്ട്, അവരുടെ പ്രയാസങ്ങളിൽ അദ്ദേഹം അവരോടൊത്തു നിന്നു. പാപത്തിന്റെ ഇരുളടഞ്ഞ പാതയിൽ ചരിച്ചു നട്ടംതിരിയുന്ന മനുഷ്യമക്കളെ തേടിപ്പിടിച്ച് സുകൃതജീവിതത്തിനു പ്രേരിപ്പിക്കുവാൻ ഈ സന്ദർശനം അദ്ദേഹത്തെ സഹായിച്ചു. ഏതെങ്കിലും കുടുംബത്തിൽ അസ്വസ്ഥതയുണ്ടെന്നറിഞ്ഞാലുടനെ അദ്ദേഹം അങ്ങോട്ടു പുറപ്പെടുകയായി. കുടുംബാംഗങ്ങളെ ഓരോരുത്തരേയും വിളിച്ചുകണ്ട് കാര്യങ്ങൾ ചോദിച്ചറിയുക എന്നത് അദ്ദേഹത്തിന്റെ സവിശേഷതയാണ് . കുടുംബപ്രേഷിതത്വത്തിന്റെ പ്രാധാന്യം അദ്ദേഹം മുൻകൂട്ടി കാണുകയും അതിനായി സ്വയം മുന്നോട്ടുവരികയും ചെയ്തു. ദുഃഖിക്കുന്നവരെ ആശ്വസിപ്പിക്കുകയും, കലഹങ്ങൾ പരസ്പരം പറഞ്ഞുതീർക്കുവാൻ അവർക്കവസരം കൊടുക്കുകയും ചെയ്യുമായിരുന്നു. അവസാനം ഓരോരുത്തർക്കും ആവശ്യമായ ഉപദേശങ്ങൾ നൽകി അവരെ സംതൃപ്തരാക്കും. എല്ലാറ്റിലുമുപരിയായി അദ്ദേഹം പരിഗണിച്ചിരുന്നതു സമാധാനവും പരസ്പര സ്നേഹവുമാണ്. അതുതന്നെയാണല്ലൊ ദൈവപുത്രരുടെ ലക്ഷണവും. യഥാർഥമായ സഹോദരസ്നേഹത്താൽ വിപ്ലവബുദ്ധികളെയും വിദ്വേഷകാരികളെയും ദൈവമക്കളായി മാറ്റിയെടുക്കുവാൻ ആ ദൈവസ്നേഹിക്ക് അധികം പ്രയാസപ്പെടേണ്ടി വന്നില്ല. അദ്ദേഹത്തെ ദർശിക്കുന്ന എത്രവലിയ പാപിയും കഠിനഹൃദയനും ദൈവികമായ സംതൃപ്തിയും സമാധാനവും പ്രാപിക്കുമെന്നത് ആർക്കും നിഷേധിക്കാനാവില്ല. അസമാധാനത്തിന്റെയും അസംതൃപ്തിയുടെയും കേളീരംഗമായിരുന്ന അനേകം കുടുംബങ്ങളെ ദൈവത്തിലേക്കടുപ്പിക്കുവാൻ ചുരുങ്ങിയ കാലംകൊണ്ട് അദ്ദേഹത്തിനു കഴിഞ്ഞു. വസ്തുതർക്കങ്ങൾ, മുതലേർപ്പാടുകൾ മുതലായവ നിമിത്തം ഭിന്നിച്ചും പിണങ്ങിയും കഴിഞ്ഞിരുന്നവരെയും ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടിവന്നു. ഉപദേശിച്ചും, സാന്ത്വനവാക്കുകൾ പറഞ്ഞും, പരസ്പരം അവരെ അനുരഞ്ജിപ്പിച്ചും, അവർക്കുവേണ്ടി നിരന്തരം പ്രാർഥിച്ചും, അദ്ദേഹമവരെ സൗഹാർദത്തിലേയ്ക്കു തിരിച്ചുവിട്ടു. പ്രശ്നങ്ങൾക്കുമുമ്പിൽ അദ്ദേഹം ഒരിക്കലും അസ്വസ്ഥനായിരുന്നില്ല. പ്രശ്നങ്ങൾക്കു പരി

ഹാരം കണ്ടെത്തുവാൻ അദ്ദേഹത്തിനു പ്രത്യേക പാടവംതന്നെ യുണ്ടായിരുന്നു; പ്രത്യേകിച്ച് കുടുംബപ്രശ്നങ്ങൾ.

തന്റെ ആടുകളെ അറിയുന്നതിനുവേണ്ടി അവരുടെ മധ്യത്തി ലേയ്ക്കിറങ്ങിച്ചെല്ലുകയും അവരുടെ സുഖാസുഖങ്ങൾ അന്വേഷിച്ച റിയുകയും ചെയ്ത ഒരു നല്ല ഇടയനെയാണ് ഇടവക ജനങ്ങൾ ഊക്കനച്ചനിൽ ദർശിച്ചത്. കുട്ടികളുടെ മതപഠനം ഊർജിതപ്പെടു ത്തുകയും, ദിവ്യബലിയിൽ സജീവമായി പങ്കുകൊള്ളുന്നതിനും, കൂദാശകൾക്ക് ഭക്തിപൂർവമണയുന്നതിനും, മറ്റു ഭക്താഭ്യാസങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നതിനും, അദ്ദേഹം വിശ്വാസികളെ ഉപ ദേശിക്കുകയും ചെയ്തു.


കാലത്തിനൊത്ത് മാറിവരുന്ന തിരുസഭയുടെ ആരാധനാക്രമത്തെ അദ്ദേഹം സ്നേഹിച്ചു. തിരുനാളുകൾക്കുമുമ്പ് നൊവേനകൾ നടത്തു കയും തിരുനാളുകൾ വിശ്വാസികളുടെ ഹൃദയങ്ങളിൽ ഭക്തി ജനി പ്പിക്കത്തക്കവിധം ആഘോഷിക്കുകയും ചെയ്തിരുന്നു. സ്വർഗത്തിലെ വലിയ തിരുനാളാഘോഷത്തിന്റെ ഒരു മുന്നോടിയെന്ന് അദ്ദേഹം തിരുനാളുകളെ നിർവചിച്ചു. ഭക്താനുഷ്ഠാനങ്ങളിൽ ഒന്നായ വണക്ക മാസ പ്രാർഥനകൾ ഭക്തിപൂർവമായി ആചരിക്കണമെന്ന് അദ്ദേഹം വിശ്വാസികളെ ഉദ്ബോധിപ്പിച്ചു.

ഈവിധ പ്രവർത്തനങ്ങൾക്കിടയിലും പല പ്രതിസന്ധിഘട്ടങ്ങ ളെയും അദ്ദേഹം തരണം ചെയ്തിട്ടുണ്ട്. നല്ലയിടയനായ മിശിഹായെ ഇവിടെയെല്ലാം അദ്ദേഹം മാതൃകയാക്കിയിരുന്നു. അനിഷ്ടകാരിക ളോട് എതിരിടേണ്ട സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ എളിമ എതിരാ ളിയെ പരാജയപ്പെടുത്തുവാൻ പര്യാപ്തമായിരുന്നു. ഭിന്നാഭിപ്രായ മുള്ളവരുമായി ഇടപെടേണ്ടിവരുമ്പോൾ അദ്ദേഹത്തിൽ തെളിഞ്ഞു പ്രകാശിച്ചിരുന്ന വിശാലവീക്ഷണവും സഹിഷ്ണുതയും ആരെയും ആകർഷിക്കുവാൻ പോരുന്നതായിരുന്നു. ചുറുചുറുക്കും ജീവിത പരിശുദ്ധിയും ആരുടെയും ശ്രദ്ധപിടിച്ചുപറ്റുന്ന വ്യക്തിവിലാസവും ഉണ്ടായിരുന്ന സംസ്കൃതചിത്തനും വിശാലഹൃദയനും സർവോ പരി ദൈവസ്നേഹിയുമായ ഒരു യുവവൈദികനെ വികാരിയായി ലഭിച്ച പ്രശസ്തമായ കണ്ടശാംകടവ് ഇടവക എത്രയും ധന്യമായി. ഈ കാലയളവിൽ അദ്ദേഹം വാടാനപ്പിള്ളി ഇടവകയുടെ നടത്തു വികാരി ആയിരുന്നു. പള്ളിയിലെ എല്ലാ രജിസ്റ്ററുകളും അദ്ദേഹം വളരെ കൃത്യമായി സൂക്ഷിച്ചിരുന്നു.

കുചേലകുബേര ഭേദമെന്യേ, ജാതി മത വർഗ വർണ ഭേദമില്ലാതെ പ്രായമായവർക്കും യുവാക്കൾക്കും കുട്ടികൾക്കും അദ്ദേഹത്തിന്റെ സംഭാഷണവും ഹൃദയം കവരുന്ന മന്ദഹാസവും പെരുമാറ്റവും സംപ്രീതിജനകമായിരുന്നു. എന്നാൽ ഇതനുഭവിക്കുവാൻ ഏതാനും മാസം മാത്രമെ അവർക്കു ഭാഗ്യം ലഭിച്ചുള്ളു. പരസ്നേഹത്തിനും വിനയത്തിനും പ്രാമുഖ്യം നൽകിക്കൊണ്ട് അജപാലന ശുശ്രൂഷ നിർവഹിച്ച ഊക്കനച്ചനെ, യേശുവിന്റെ വയലിലേക്കു തീക്ഷ്ണതയുള്ള ജോലിക്കാരെ പരിശീലിപ്പിച്ചെടുക്കുന്നതിനായി മൈനർ സെമിനാരി റെക്ടറായി നിയമിച്ചു.

## അടിക്കുറിപ്പുകൾ

1. II Vat. Council., Presbyterorum Ordinis, 6.


FORM A. 1.
NO. 2274.
നമ്പ്ര [illegible]

ദൈവകൃപയാലെയും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ മനോഗുണത്താലെയും
പാറാലൂസിന്റെ മെത്രാനും
തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കായുമായ

നാം

മേനാച്ചേരി യോഹന്നാൻ

മെത്രാൻ.

[illegible]
കത്തനാർക്ക ആശീർവ്വാദം

നാം താങ്കളെ [illegible] പള്ളിയുടെ വികാരി ആയി നിശ്ചയിച്ചുകൊണ്ട ടി. പള്ളിയിന്മേലും അതിലുൾപ്പെട്ട ജനങ്ങളുടെമേലും മററം പൂർണ്ണാധികാരം തരികയും ആത്മാവുകളുടെ ജ്ഞാനഗുണത്തെ ജാഗ്രതയായി വർദ്ധിപ്പിക്കണമെന്നും പള്ളിയുടെ ലൌകികമായ കാര്യാദികളേയും സൂക്ഷിക്കണമെന്നും കല്പിക്കയും ചെയ്യുന്നു. ഞായറാഴ്ച ദിവസങ്ങളിൽ സുവിശേഷം പ്രസംഗിക്കുന്നതും അതിന്റെ പൊരുൾ പറഞ്ഞുകൊടുക്കുന്നതും ബ: വികാരിയുടെ കടമയാകുന്നു.

പള്ളി സ്കൂളുകളുടേയും മററ സ്കൂളുകളുടേയും കാര്യാദികളെ അന്വേഷിക്കുന്നതിന്ന പ്രത്യേകം താല്പര്യമുണ്ടാകണം. അവറ്റെ അഭിവൃദ്ധി വരുത്തി ന്യായമായ എല്ലാ പോംവഴികളേയും പ്രയോഗിച്ച കുട്ടികളുടെ എണ്ണം വർദ്ധിച്ച വരുവാൻ ഉത്സാഹിക്കയും ടി. കുട്ടികളെ ആഴ്ചയിൽ രണ്ടു ഊഴം സ്കൂളുകളിലും ഞായറാഴ്ച, ഉച്ചതിരിഞ്ഞ പള്ളിയിലും വെച്ച വേദോപദേശം പഠിപ്പിക്കയും വേണം.

വിശേഷിച്ച [illegible] പള്ളിയുടെ കൈക്കാരന്മാരും യോഗക്കാരും ഇടവകക്കാരെല്ലാവരും താങ്കളെ വികാരിയായി കൈക്കൊണ്ടു യോഗ്യമായ കീഴ്വഴക്കവും വണക്കവും തങ്കൽ ചെയ്യുന്നതിന്നും കൈക്കാരന്മാര മാസംതോറം വികാരിക്കുള്ള ശമ്പളം ക്രമമായി തരുന്നതിന്നും നാം പ്രമാണിക്കയും ചെയ്യുന്നു.

ഇത തൃശ്ശിവപേരൂരനിന്ന 190[illegible] കാലം [illegible] മാസം [illegible] നു-

[illegible]

☞ പോരുംമുമ്പ കൈവശമുള്ള പള്ളിക്കാര്യം ബന്ധിച്ച കല്പനകളും മററം വരുന്ന ബ: വികാരിക്ക ഏല്പിച്ചു കൊടുക്കയും, ചെല്ലുന്ന പള്ളിയിലും അപ്രകാരം ഏററ വാങ്ങുകയും വേണം. അതുപ്രകാരം തരാത്തപക്ഷം വിവരം ബോധിപ്പിക്കയും വേണം.

[illegible]

നിയമന പത്രിക, കണ്ടശാംകടവ്

## മൈനർ സെമിനാരി റെക്ടർ 1910 ജനു. 1–1917 ഡിസം. 31



മൈനർ സെമിനാരി

ഒരു രൂപതയുടെ സിരാകേന്ദ്രമാണ് സെമിനാരി. മുളയെടുക്കുന്ന ദൈവവിളികളെ വളർത്തിയെടുത്ത് ഗുരുവും പുരോഹിതനും അജപാലകനുമായ യേശുക്രിസ്തുവിന്റെ മാതൃകയിൽ ഉത്തമരായ ആത്മപാലകരെ സൃഷ്ടിക്കുക എന്നതാണല്ലോ സെമിനാരി പരിശീലനത്തിന്റെ ലക്ഷ്യം. വിദ്യാർഥികളുടെ പരിശീലനം ബുദ്ധിപൂർവമായ നിയമങ്ങളെ മാത്രമല്ല പരിശീലകരെക്കൂടി വളരെയധികം ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് പരിശീലനം നൽകുന്നവർ ഉത്തമരായിരിക്കണം. അവർ ഉറച്ച വിജ്ഞാനം, അജപാലനാത്മകമായ അനുഭവങ്ങൾ, പ്രത്യേകതരത്തിലുള്ള ആത്മീയവും അധ്യാപനപരവുമായ പരിശീലനം എന്നിവയുള്ളവരായിരിക്കണം.[1]

ആദർശധീരനും, കർമനിരതനും, വിനയാന്വിതനും, ദൈവസ്നേഹത്താൽ കത്തിജ്വലിക്കുന്നവനുമായ റെക്ടറച്ചനിൽ ഒരു യഥാർഥ പിതാവിനെയാണ് അവർ ദർശിച്ചത്. അച്ചൻ അവർക്ക് ഒരേസമയം പിതാവും മാതാവും ഗുരുവും സ്നേഹിതനുമായിരുന്നു. കുട്ടികളുടെ ബഹുമുഖ വളർച്ചക്കാവശ്യമായ എല്ലാ അനുകൂലസാഹചര്യങ്ങളും സെമിനാരിയിൽ അദ്ദേഹം നല്കി. ലളിതജീവിതം നയിച്ചിരുന്ന അദ്ദേഹം എപ്പോഴും അവർക്ക് സമീപസ്ഥനായിരുന്നു. പ്രാർഥനക്കും പഠനത്തിനും വിനോദത്തിനും അവയർഹിക്കുന്ന പ്രാധാന്യം നല്കുകയും ഇവക്കെല്ലാം അദ്ദേഹം തന്നെ മാതൃകയാവുകയും ചെയ്തു.



മൈനർ സെമിനാരി റെക്ടർ

ഈശോയിൽ നിന്നുപഠിക്കുക, ഈശോയെപ്പോലെയാകുക- അദ്ദേഹം ആവർത്തിച്ചുപദേശിക്കുമായിരുന്നു. സ്ഥലകാല സാഹച ര്യങ്ങൾക്കിണങ്ങുന്ന വിധത്തിൽ യാഥാർഥ്യബോധത്തോടെ പരി ശീലനപരിപാടികൾ അദ്ദേഹം ആസൂത്രണം ചെയ്തു. ക്രിസ്തുവിന്റെ രഹസ്യത്തിൽ കേന്ദ്രീകരിച്ചുള്ളതായിരിക്കണം പരിശീലനമെന്ന് ആരംഭം മുതലേ അദ്ദേഹം വൈദികവിദ്യാർഥികളെ ഉപദേശിച്ചിരുന്നു. മാനു ഷികവും മാനസികവുമായ പക്വത തന്റെ മക്കൾ കൈവരിക്കുന്നതി നായി ചില പ്രായോഗിക പരിശീലനവും അദ്ദേഹം നൽകി. ദിവ്യ കാരുണ്യഭക്തി, തിരുഹൃദയഭക്തി, ദൈവമാതൃഭക്തി എന്നിവയിൽ വളർന്നു വരുവാൻ റെക്ടറച്ചന്റെ മാതൃക അവർക്കു പ്രേരണ നൽകി. ദിവ്യസക്രാരിയിലിരിക്കുന്ന സ്നേഹത്തിന്റെ തടവുകാരനെ കൂടെക്കൂടെ സന്ദർശിക്കുവാൻ അദ്ദേഹം അവരെ നിഷ്കർഷിച്ചിരുന്നു. ഈശോ യുടെ തിരുഹൃദയത്തിന്റെ എളിമയും അമ്മയുടെ വിശ്വാസവും പര സ്നേഹചൈതന്യവും അനുകരിക്കുവാൻ അദ്ദേഹം അവരെ ഉപദേ ശിച്ചു. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ അടിസ്ഥാനപുണ്യങ്ങ ളിൽ വളർന്ന് ക്രിസ്തു സാരൂപ്യം പ്രാപിക്കുന്നതിനുള്ള മാർഗനിർ ദേശങ്ങളും അദ്ദേഹം നല്കി.

കുട്ടികളുടെ ക്ഷേമസൗകര്യാദികളിൽ അദ്ദേഹം മികച്ച ശ്രദ്ധയും സ്നേഹാന്വേഷണവും ചെലുത്തിയിരുന്നു. രാത്രി ഭക്ഷണം കഴി ഞ്ഞുള്ള ഉല്ലാസ സമയത്തു റെക്ടറച്ചൻ, വിദ്യാർഥികളിൽ ഒരുവനെ പ്പോലെയായി മാറുമായിരുന്നു. മാന്യത വിടാതെയുള്ള തമാശകളും, പ്രോത്സാഹജനകമായ വിമർശനങ്ങളും, രസം ഊറുന്ന അനുദിന സംഭവങ്ങളും, മുറിപ്പെടുത്താത്ത കളിയാക്കലും ഗുരുശിഷ്യഭേദമെന്യേ പരസ്പരം കൈമാറിക്കൊണ്ടുള്ള ഉല്ലാസം പുതിയൊരുണർവ് ജനി പ്പിക്കുന്നതായിരുന്നു.[2] സ്നേഹംകൊണ്ടു തുടിക്കുന്ന ഒരു മാതൃഹൃ ദയമാണ് ഊക്കനച്ചനുണ്ടായിരുന്നത്. ഒരിക്കൽ ഗുരുവും ശിഷ്യ രുമൊത്ത് ഒരുവിനോദയാത്ര നടത്തി. ബോട്ടായിരുന്നു വാഹനം. അന്നു രാത്രി അവർ ആൾത്താമസമില്ലാത്ത ഒരു വീട്ടിൽ താമസിച്ചു. അന്ന് ഗുരുവിന്റെ മാതൃഹൃദയത്തിന്റെ ആഴവും പരപ്പും കണ്ടാസ്വദി ക്കുവാൻ, അനുഭവിച്ചറിയുവാൻ ശിഷ്യന്മാർക്ക് അവസരം ലഭിച്ചു. വിദ്യാർഥികളുടെ കുളി, ഭക്ഷണം, കിടപ്പ്, സുഖനിദ്ര എന്നീ ആവശ്യ ങ്ങൾ സുഖപ്രദമായി നടക്കുന്നതിനുവേണ്ട സജ്ജീകരണങ്ങൾ ഉത്സാ ഹപൂർവം ശരിപ്പെടുത്തിയശേഷം ഓരോരുത്തരേയും സമീപിച്ച് ഓരോ കാര്യവും തൃപ്തികരമായോ എന്ന് വ്യക്തിപരമായന്വേഷിച്ച്

പോരായ്മകൾ പരിഹരിക്കുകയും സ്വയം മറന്ന് ഒരമ്മയെപ്പോലെ ബദ്ധപ്പെട്ട് ഓടി നടക്കുകയും ചെയ്തു. തന്റെ ശിഷ്യരിൽ ആരെങ്കിലും വല്ല രോഗവും പിടിപെട്ടു കിടപ്പിലായാൽ സ്വന്തം സുഖസൗകര്യങ്ങൾ ത്യജിച്ചും, വേണ്ടി വന്നാൽ രാത്രിമുഴുവൻ ഉറക്കമിളച്ചിരുന്നും അദ്ദേഹം അവർക്കാവശ്യമായ ശുശ്രൂഷ ചെയ്തുകൊടുത്തിരുന്നു. പഠനത്തിൽ പിന്നോക്കമായവരെ അദ്ദേഹം പ്രത്യേകം പരിഗണിക്കുകയും അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തിരുന്നു.[3]

റെക്ടറച്ചനെ മുറിയിൽച്ചെന്നു കണ്ട് വിശേഷങ്ങൾ അറിയുകയും അറിയിക്കുകയും ചെയ്യുക സെമിനാരി പരിശീലനകാലഘട്ടത്തിലെ ഒരു വഴക്കമാണ്. ശിഷ്യർ തന്റെ  മുറിയിൽവന്നു കഴിഞ്ഞാൽ വാത്സല്യത്തോടെ അദ്ദേഹം ക്ഷേമാന്വേഷണങ്ങൾ നടത്തും. അവരുടെ പഠനം, ആത്മീയവും ശാരീരികവുമായ വളർച്ച, കുടുംബകാര്യങ്ങൾ എല്ലാം ഒരു വത്സലപിതാവിനെപ്പോലെ അന്വേഷിച്ചറിയും. കൂടുതൽ വളർച്ചക്കാവശ്യമായ ഉപദേശങ്ങളും നിർദേശങ്ങളും നൽകുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തന്റെ ശിഷ്യരിൽ അപാകതകൾ കണ്ടാൽ അവരെ വേദനിപ്പിക്കാതെ സ്നേഹത്തോടെ തിരുത്തിക്കൊടുത്ത് അവരുടെ വിശ്വാസം അദ്ദേഹം ആർജിച്ചിരുന്നു. തന്നെപ്പോലെതന്നെ സ്വശിഷ്യഗണവും അച്ചടക്കത്തിലും, കൃത്യനിഷ്ഠയിലും, ആചാരോപചാരങ്ങളിലും ശരിയായ ശിക്ഷണം നേടണമെന്ന് അദ്ദേഹത്തിന് നിഷ്കർഷയുണ്ടായിരുന്നു. മുറിയിലേയ്ക്ക് അല്പം ഭയത്തോടെയാണ് ശിഷ്യർ കടന്നു ചെന്നിരുന്നതെങ്കിലും സന്തോഷവാന്മാരായി, സ്നേഹത്തിൽ വളർന്നവരായി അവർ തിരിച്ചുപോയിരുന്നു.[4]

സംഭാഷണം നടത്തേണ്ട വിധത്തെപ്പറ്റിയും തന്റെ ഡയറിക്കുറിപ്പിൽ അദ്ദേഹം വിവരിക്കുന്നുണ്ട്: സംസാരം എന്നു പറയുമ്പോൾ സംസാരിക്കുന്ന ഒരാളും സംസാരം ശ്രദ്ധിക്കുന്ന മറ്റൊരാളും ഉണ്ടായിരിക്കുകയും സഹപാഠികളിൽ നിന്നും എന്തെങ്കിലും അറിയുവാൻ ശ്രമിക്കുകയും ചെയ്യുന്നു. നന്നായി സംഭാഷണം നടത്തുന്നവരുടെ എണ്ണം കുറവാണ്; ശ്രദ്ധിക്കുന്നവർ അതിനേക്കാൾ കുറവാണ്. ഓരോരുത്തരും അവരവർക്കഭിരുചിയുള്ളതും ശക്തവുമായ ആശയങ്ങൾ അവതരിപ്പിക്കുന്നു. അവരെ സംസാരിക്കുവാനനുവദിക്കുകയും അതിനുശേഷം അവയെപ്പറ്റി ആഴമായ പഠനം നടത്തുകയും ചെയ്യാം.[5] അദ്ദേഹത്തിന്റെ സംഭാഷണം എത്ര മാധുര്യമുള്ളതായിരുന്നുവെന്നും മറ്റുള്ളവരെ ശ്രവിക്കുവാൻ എന്തു മാത്രം സമയം അദ്ദേഹം ചെലവഴിച്ചിരുന്നുവെന്നും ഇതിൽ നിന്നും വ്യക്തമാണല്ലോ. ഇക്കാല

യളവിലാണ് ആലപ്പാട്ടുതിരുമേനി സെമിനാരിയിൽ ചേർന്നത്. അങ്ങനെ ഒരു മെത്രാനെ വളർത്തിയെടുക്കുന്നതിൽ നിർണായകമായ പങ്കുവഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.[6]

ഊക്കനച്ചന്റെ സംസാരചാതുരി ശിഷ്യഗണത്തിൽ അത്ഭുതം ഉളവാക്കുവാൻ പോരുന്നതായിരുന്നു. പ്രസംഗങ്ങളിലും ദീർഘ സംഭാഷണവേളയിലും രസംതുളുമ്പുന്ന അനുഭവകഥകളും ഉദാഹരണങ്ങളും ഒപ്പം അവസരോചിതവും ആലോചനാമൃതവുമായ ആപ്ത വാക്യങ്ങളും എടുത്തുവിളമ്പി ശ്രോതാക്കളുടെ ശ്രദ്ധപിടിച്ചുപറ്റി, അവരെ ആഹ്ലാദചിത്തരും സംതൃപ്തരുമാക്കുവാൻ അദ്ദേഹത്തിന് അസാമാന്യമായ കഴിവുണ്ടായിരുന്നു.[7] അദ്ദേഹത്തിന്റെ സെമിനാരി ജീവിതത്തിനിടയിൽ ലഭിച്ച പരിശീലനത്തെ പാലൂട്ടി വളർത്തിയതിന്റെ പ്രതിഫലനമായിരുന്നു ആ സുവിശേഷപ്രഘോഷണങ്ങൾ. അദ്ദേഹം തന്നെ അത് വിവരിക്കുന്നുണ്ട്: സുവിശേഷ പ്രഘോഷണം ഹ്രസ്വമായിരിക്കണം. കഥനം ഹ്രസ്വവും നല്ലതുമായിരിക്കുകയും ഉദാഹരണങ്ങൾ മനോഹരവും ആധികാരികവും അവസരോചിതവും ആയിരിക്കുകയും വേണം. നമ്മുടെ കർത്താവ് വി. ഗ്രന്ഥത്തിൽ അവതരിപ്പിച്ചതുപോലെ യുക്തിവാദങ്ങളിൽ കഴിയുന്നത്ര താരതമ്യ പഠനം നടത്തുക. ഭാഷ ശ്രേഷ്ഠവും ആംഗ്യങ്ങൾ നിയന്ത്രിതവുമായിരിക്കണം. കുറെയധികം സ്നേഹവായ്പും അതിശയോക്തികളും പ്രദാനം ചെയ്യണം. ഉച്ചാരണം വ്യക്തവും, അവധാനവും, ശബ്ദം നൈസർഗികവും ഉച്ചാരണത്തിലെ ആരോഹാവരോഹണങ്ങളിൽ വൈവിധ്യവുമുണ്ടായിരിക്കണം.[8] അദ്ദേഹത്തിന്റെ വി.കുർബാനയും സുവിശേഷപ്രഘോഷണങ്ങളും ചൈതന്യം മുറ്റിനില്ക്കുന്നവയും എല്ലാവരിലും സ്വാധീനം ചെലുത്തുവാൻ പോരുന്നവയുമായിരുന്നു. പ്രത്യേകമായൊരു ശിക്ഷണക്ഷമതയും സംപൂജ്യതയും അദ്ദേഹത്തിന്റെ വാക്കുകൾക്ക് നവ്യമായ ഫലദായകത്വം പ്രദാനം ചെയ്തു. കരുണാത്മകമായ ശക്തിയിലൂടെ, വിശ്വാസത്തിലും ജീവിതത്തിലും യഥാർഥമായ മാറ്റം വരുത്തുന്നതിനുള്ള ശക്തി അദ്ദേഹത്തിന്റെ വാക്ചാതുര്യത്തിന്റെ വിജയമാണ്. ശിഷ്യഗണത്തിന് അദ്ദേഹം ആന്തരികമായ ദൈവസ്വരത്തിന്റെ വിശ്വസ്തനായ ഉപകരണമായിരുന്നു.[9]

ആധ്യാത്മികമേഖലയിൽ ഏവർക്കുമൊരു മാതൃകയും ശിഷ്യഗണത്തിന് ആത്മീയദീപവുമായിരുന്നു ഊക്കനച്ചൻ. രാവിലെ മുഖം കഴുകുന്നതിനുമുമ്പുതന്നെ കപ്പേള തുറക്കണമെന്ന് പള്ളി ജോലിക്കാരോട് അദ്ദേഹം നിർദേശിച്ചിരുന്നു. കപ്പേള തുറക്കുന്ന സമയത്തുതന്നെ

ഊക്കനച്ചൻ അവിടെയുണ്ടാകുമായിരുന്നു. ഈശ്വരസായൂജ്യത്തിലെ ത്തിയ റെക്ടറച്ചനെയാണ് ശിഷ്യഗണം പിന്നീട് കണ്ടിരുന്നത്. ആദ്യം പള്ളിയിലെത്തുക, അവസാനം പള്ളിയിൽനിന്നും പോവുക എന്നത് അദ്ദേഹത്തിന്റെ ദിനചര്യയുടെ ഭാഗമായിരുന്നു. ഊക്കനച്ചന്റെ വിജയ രഹസ്യവും ശക്തിസ്രോതസ്സും മറ്റൊന്നുമായിരുന്നില്ല. ജപമാലയും ആത്മശോധനയും ശിഷ്യഗണത്തോടൊപ്പംതന്നെയാണ് അദ്ദേഹം നടത്തിയിരുന്നത്. ഇവയ്ക്കെല്ലാം ആദ്യം പള്ളിയിലെത്തുന്നതും ഊക്ക നച്ചൻ തന്നെയായിരുന്നു. തികഞ്ഞ ആത്മീയതയും, ക്രിയാത്മക തയും അദ്ദേഹത്തിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു.[10]

തന്റെ മക്കളിൽ ആരുടെയെങ്കിലും മുഖം വാടികണ്ടാൽ ആ കരുണാർദ്രഹൃദയന്റെ മനസ്സലിയും; അദ്ദേഹം ഉത്കണ്ഠാകുലനാ കുകയും ചെയ്യും. കാരണം ആരാഞ്ഞ് അത് നിവാരണം ചെയ്യുവാൻ അദ്ദേഹത്തിന്റെ മാതൃഹൃദയം തുടിക്കുമായിരുന്നു. അവരെ സന്തോ ഷിപ്പിച്ചു പറഞ്ഞുവിടുവാൻ അദ്ദേഹത്തിന് പ്രത്യേകപാടവം തന്നെയു ണ്ടായിരുന്നു. വേദനിക്കുന്നവരോടും ദുഃഖിക്കുന്നവരോടും അദ്ദേഹത്തിന് പ്രത്യേക പരിഗണനയുണ്ടായിരുന്നു. വേദനയെന്തെന്ന് അനുഭവിച്ചറി ഞ്ഞിട്ടുള്ളവനാണല്ലോ ഊക്കനച്ചൻ.

ആവശ്യക്കാരെ വെറുതെ വിടുന്ന സ്വഭാവവും അദ്ദേഹത്തിന്റെ നിഘണ്ടുവിലില്ലായിരുന്നു. റെക്ടറുടെ വടിയും തൊപ്പിയും മാറ്റിവച്ച്, ദൈവത്തിനുവേണ്ടി ശിഷ്യഗണത്തെ നേടുന്നതിനായി, വി. പൗലോസിനെ പ്പോലെ ഊക്കനച്ചനും അവരിൽ ഒരാളെപ്പോലെയായി (1 കൊറി. 9:23). ഉല്ലാസയാത്രയ്ക്കും, സായാഹ്നസഞ്ചാരത്തിനുംമറ്റുമിറങ്ങുമ്പോൾ തമാശ പറഞ്ഞു മത്സരിക്കുന്ന റെക്ടറച്ചനിൽ അവർ തങ്ങളുടെ സ്നേ ഹിതനെയാണ് കണ്ടത്.[11]

ദൈവം വിളിച്ചിട്ടുള്ളവരെ മാത്രം തെരഞ്ഞെടുത്ത് കളകൾ തള്ളി ത്യാഗശീലവും ദൈവഭക്തിയും യുവാക്കളിൽ കുത്തിവച്ച് യേശുവിന്റെ കാല്പാടുകൾ അനുധാവനം ചെയ്യുന്നതിനുതകുന്ന ശിക്ഷണം നൽകാൻ ഫാദർ ജോണിനു കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ഉപദേശ ശകലങ്ങൾ മാഞ്ഞുപോകാത്തവണ്ണം തങ്ങളിൽ പതിഞ്ഞിട്ടു ണ്ടെന്ന് ശിഷ്യഗണം ഇന്നും സാക്ഷ്യപ്പെടുത്തുന്നു. റെക്ടറച്ചനിൽ നിന്നു ലഭിച്ച ആദർങ്ങളും കർമധീരതയും കൃത്യനിഷ്ഠയും ചുരു ക്കത്തിൽ അദ്ദേഹത്തിന്റെ ശിക്ഷണം മേജർ സെമിനാരി ജീവിത ത്തിന് വളരെയധികം സഹായിച്ചുവെന്ന് ആലപ്പാട്ട് തിരുമേനിയും മറ്റും അംഗീകരിച്ചു സംസാരിച്ചിരുന്നു.[12]

ഈ കാലയളവിൽ കുറച്ചു നാൾ അദ്ദേഹം വിജയപുരം പള്ളി വികാരിയായി ശുശ്രൂഷ ചെയ്തിട്ടുണ്ട്.[13] 1913-ൽ നാലുമാസം ചൊവ്വന്നൂർ, ചിറളയം പള്ളികളുടെ വികാരി ആയിരുന്നു.[14] യാക്കോബായക്കാരുടെ കേന്ദ്രവും ധാരാളം ദരിദ്രർ വസിച്ചിരുന്നതുമായ ഈ പ്രദേശങ്ങൾ രൂപതയുടെ മിഷൻ പ്രദേശമായാണ് പരിഗണിക്കപ്പെട്ടിരുന്നത്. വളരെ ഉത്തരവാദിത്വത്തോടുകൂടി കടമകൾ നിർവഹിച്ച അദ്ദേഹത്തെ 1913 ജൂലൈ മാസത്തിൽ മെത്രാനച്ചന്റെ സെക്രട്ടറിയായി നിയമിച്ചു.



വിജയപുരം പള്ളി

## അടിക്കുറിപ്പുകൾ

1. II Vat. Council., Optatam Totius, 4, 5.
2. Souvenir Adaranjali., p. 3.
3. Souvenir Adaranjali., p. 5.
4. Souvenir Adaranjali., p. 4.
5. Lights from heaven., June 25, 1905.
6. Souvenir Adaranjali., p. 22.
7. Souvenir Adaranjali., p. 5.
8. Lights from heaven., May 20, 1907.
9. Souvenir Adaranjali., p. 5.
10. Souvenir Adaranjali., p. 6.
11. Souvenir Adaranjali., p. 5.
12. Souvenir Adaranjali., p. 22.
13. Early Documents 12.
14. Archives of Thrissur Archeparchy- Chowannur 1913, f. 1.

## മേനാച്ചേരി യോഹന്നാൻ മെത്രാനച്ചന്റെ സെക്രട്ടറി
**1913 ജൂലൈ - 1917 ജനു. 13**

റെക്ടറായിരിക്കുമ്പോൾത്തന്നെ ഫാദർ ഊക്കൻ മേനാച്ചേരി യോഹന്നാൻ മെത്രാനച്ചന്റെ സെക്രട്ടറി സ്ഥാനവും കൂടെ വഹിച്ചു. എല്ലാ കാര്യങ്ങളിലും മെത്രാനച്ചന്റെ വലംകൈയായി അദ്ദേഹം പ്രവർത്തിച്ചു. പ്രഗത്ഭനായ ഒരു ഉപദേഷ്ടാവായിരുന്നു അദ്ദേഹം. ആർക്കും സഹായം നിഷേധിക്കാത്ത ഊക്കനച്ചൻ, പ്രശ്നങ്ങളുമായി എത്തുന്ന പലർക്കും ആശ്വാസമായി മാറി. മനുഷ്യർ ഉന്നയിക്കുന്ന സങ്കീർണ പ്രശ്നങ്ങൾക്ക് ശരിയായ മറുപടി നൽകുവാൻ വിശുദ്ധ ഗ്രന്ഥത്തിലും വിശുദ്ധ ലിഖിതങ്ങളിലും നിന്ന് അദ്ദേഹം ജ്ഞാനം സമ്പാദിച്ചു. അങ്ങനെ ജ്ഞാനത്തിൽ പക്വതയാർജിക്കുവിൻ എന്ന് തിരുപ്പട്ടത്തിന്റെ അവസരത്തിൽ മെത്രാൻ ഉദ്ബോധിപ്പിച്ചത് അദ്ദേഹത്തിൽ അന്വർഥമായിക്കൊണ്ടിരുന്നു. അത് അദ്ദേഹത്തെ സമീപിച്ചവർക്ക് ആത്മീയ ഔഷധമായി മാറി. കോപത്താൽ ജ്വലിക്കുന്നവരെ ശാന്തതകൊണ്ട് അദ്ദേഹം കീഴടക്കി. അദ്ദേഹത്തിന്റെ നയചാതുര്യത്താൽ, അന്ന് രൂപതയിൽ കത്തിക്കാളിക്കൊണ്ടിരുന്ന പല പ്രശ്നങ്ങൾക്കും ശമനമുണ്ടാക്കുവാൻ കഴിഞ്ഞു. അവയിലൊന്നാണ് അരണാട്ടുകരയിലെ സെമിത്തേരി പ്രശ്നം. എൽത്തുരുത്ത് കർമലീത്താശ്രമത്തിൽ അധഃകൃതരായ പല ഹൈന്ദവരും വന്നു താമസിച്ച് ക്രിസ്തുമതം പഠിച്ച് പരിശീലിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നു. ജ്ഞാനസ്നാനാർഥികളായി അവിടെ താമസിക്കുന്ന കാലത്ത് ചിലപ്പോൾ ചിലർ മരിക്കാറുണ്ട്. അങ്ങനെ മരിക്കുന്നവരുടെ മൃതശരീരം അടുത്തുള്ള ഏതെങ്കിലും പള്ളി സെമിത്തേരിയിൽ സംസ്കരിക്കുവാൻ അനുവാദം തരണമെന്ന് എൽത്തുരുത്ത് പ്രിയോരച്ചൻ തൃശൂർ മെത്രാനോട് അപേക്ഷിച്ചു. അടുത്തുള്ള അരണാട്ടുകര കിഴക്കെ പള്ളി സെമിത്തേരിയിൽ അവരെ സംസ്കരിക്കുവാൻ മെത്രാൻ തിരുമേനി അനുവാദവും നല്കി. എന്നാൽ അരണാട്ടുകരയിലെ കിഴക്കെ പള്ളി ഇടവകക്കാർ അതിനു വഴങ്ങിക്കൊടുത്തില്ല. തങ്ങളുടെ പിതാക്കന്മാരെ സംസ്കരിച്ചിരിക്കുന്ന പുണ്യഭൂമിയിൽ എൽത്തുരുത്ത് മാർഗം കൂടിയ പുലയരേയും പറയരേയും കൊണ്ടുവന്ന് സംസ്കരിക്കുവാൻ അവർ വിസമ്മതിച്ചു. ഞാൻ വഴിയും സത്യവും ജീവനുമാകുന്നു; എന്നിലൂടെ ചരിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല (യോഹ.14:6) എന്നരുളിച്ചെയ്ത ദിവ്യഗുരുവിന്റെ നല്ലമാർഗത്തിലൂടെ ചരിക്കാമെന്ന് പരസ്യമായി പ്രഖ്യാപിച്ച ഇവരെ, തങ്ങളെക്കാൾ താഴ്ന്നവരായിക്കണ്ട

അരണാട്ടുകരയിലെ 'സത്യക്രിസ്ത്യാനികൾക്ക്' പിതാവിന്റെ കല്പന മാനിക്കുവാൻ കഴിഞ്ഞില്ല. വർണവിവേചനം രൂക്ഷമായിരുന്ന കാലഘട്ട വുമായിരുന്നല്ലോ അത്. അതുകൊണ്ട് കല്പന ദയവായി പിൻവലി ക്കണെ എന്ന് അവർ അപേക്ഷിച്ചു. മനുഷ്യവർഗത്തെ മുഴുവൻ രക്ഷിക്കുന്നതിനായി കുരിശുമരണം വരിച്ച യേശുവിൽ വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചവരെ ഒരു കത്തോലിക്ക സെമിത്തേരി യിൽ സംസ്കരിക്കുന്നതിൽ എന്താണ് തെറ്റെന്ന് മെത്രാൻ തിരുമേ നിക്കും മനസ്സിലായില്ല. മരണശേഷവും അയിത്താചരണം നില നിൽക്കുമെന്ന് വിശ്വസിക്കാതിരുന്നതിൽ തെറ്റൊന്നുമില്ലല്ലോ. അവ രെല്ലാവരും ഒന്നായിത്തീരുവാൻ (യോഹ. 17:11) എന്നാണല്ലോ ക്രിസ് തുവും പ്രാർഥിച്ചത്.

മാസങ്ങൾ പലതും കഴിഞ്ഞു. അങ്ങനെയിരിക്കുമ്പോൾ എൽത്തു രുത്തിൽ മാമ്മോദീസ മുങ്ങിയവരുടെ ഒരു ശിശു മരിച്ചു. ബന്ധപ്പെട്ടവർ ആ ശിശുവിനെ സംസ്കരിക്കുവാൻ അരണാട്ടുകര കിഴക്കെ പള്ളിയി ലേയ്ക്കു കൊണ്ടുവന്നു. ഇടവകക്കാർ തടഞ്ഞു. മൃതശരീരം മടക്കി അയച്ചു. കൽപന ലംഘനം! മെത്രാൻ കോപിഷ്ഠനായി. അരണാ ട്ടുകര ഇടവകക്കാർക്ക് വാശി മൂത്തു. അവർ പള്ളി അടച്ചുപൂട്ടി, വികാരിയച്ചനെ പറഞ്ഞുവിട്ടു. തിരുക്കർമാദികളെല്ലാം നിലച്ചു. വികാരി ബഹു. കോയിക്കര അച്ചൻ പടിഞ്ഞാറെ പള്ളിയിലേയ്ക്കും പോയി. ആരെങ്കിലും മരിച്ചാൽ ജനങ്ങൾ രണ്ടുവരിയായി നടന്ന് പ്രാർഥന ചൊല്ലി മൃതശരീരം കൊണ്ടുപോയി സംസ്കരിക്കും. നവജാതശിശു ക്കൾക്ക് ജ്ഞാനസ്നാനം നൽകിയിരുന്നില്ല. മേലൂസ് ശീശ്മയുടെ കെടുതികളിൽനിന്നും സഭ ഉണർന്നെഴുന്നേറ്റുവരുന്നതേയുള്ളു. സഭയെ ആട്ടിയുലക്കുന്ന പാഷണ്ഡതകളുണ്ടായപ്പോഴെല്ലാം വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ട് ജപമാലയാകുന്ന പരിചയിലൂടെ ശത്രുക്ക ളോട് പോരാടി വിജയിക്കാമെന്ന[1] അനുഭവസമ്പത്തുള്ള ഊക്കനച്ചൻ ഈ പ്രതിസന്ധിയേയും നേരിടുവാൻ രംഗത്തിറങ്ങി. അമ്മയിലാശ്രയി ക്കുന്നവരെ കൈവെടിയുവാൻ അവൾക്കു സാധ്യമല്ല[2] എന്ന് മേരിയുടെ അരുമസന്താനം അനുഭവിച്ചറിഞ്ഞിട്ടുള്ളതുമാണ്. ഈ പ്രശ്നത്തേയും സാഹചര്യങ്ങളേയും അദ്ദേഹം നല്ലതുപോലെ പഠിച്ചു. ഇതിന്റെ ഗൗരവം അർഹിക്കുംവിധത്തിൽ സെക്രട്ടറിയായിരുന്ന ഊക്കനച്ചൻ, മെത്രാനച്ചനെ അറിയിച്ചു. തത്ഫലമായി ആദ്യ കല്പന പിൻവലിക്കു കയും പുതിയൊരു കല്പന പുറപ്പെടുവിക്കുകയും ചെയ്തു. അരണാ ട്ടുകര പള്ളി തുറന്നു. വികാരിയച്ചൻ ആഗതനായി. പ്രശാന്തമായൊ രന്തരീക്ഷം അവിടെ ആവിർഭവിക്കുകയും ചെയ്തു.[3]

അരമനയിലെത്തുന്നവരോടു ക്ഷേമാന്വേഷണം നടത്തി കുടുംബാന്തരീക്ഷം സംജാതമാക്കുവാൻ അദ്ദേഹത്തിനു പ്രത്യേകമായൊരു കഴിവുതന്നെയുണ്ടായിരുന്നു.



Bishop's House, Thrissur

സഹോദര വൈദികരോട് ഒരു കുടുംബത്തിലെ അംഗത്തെപ്പോലെ സ്നേഹത്തോടെ പെരുമാറി. രോഗികളോ, കഷ്ടതകളനുഭവിക്കുന്നവരോ, അത്യധ്വാനത്താൽ ക്ലേശിക്കുന്നവരോ, ജീവിതത്തിൽ ഒറ്റപ്പെട്ടവരോ, മർദിതരോ ആയ വൈദികരോട് അദ്ദേഹം പ്രത്യേക താത്പര്യം കാണിച്ചു. ക്ഷീണിതരായ അപ്പസ്തോലന്മാരെ കർത്താവുതന്നെ വിശ്രമത്തിനായി ക്ഷണിച്ചു. നിങ്ങൾ വിജനമായ ഒരു സ്ഥലത്തുചെന്ന് അല്പം വിശ്രമിക്കുക (മർക്കോ. 6:31). കൂടാതെ ആത്മീയവും ബുദ്ധിപരവുമായ ജീവിതത്തിൽ പുരോഗമിക്കുവാൻ അവരെ സഹായിക്കുകയും ചെയ്തു. ജീവിതസായാഹ്നത്തിലെത്തിയവരോട് അദ്ദേഹം ആത്മാർഥമായ സ്നേഹാദരവ് പ്രകടിപ്പിച്ചു. ഇപ്രകാരമുള്ള സ്നേഹാന്വേഷണ മനോഭാവത്തിന്റ മകുടോദാഹരണമാണ് തോപ്പിൽ പണിതുയർന്ന വൈദികാശ്വാസമന്ദിരം. പ്രായാധിക്യത്താലോ, രോഗകാരണത്താലോ അവശരായ വൈദികർക്കു വിശ്രമജീവിതം നയിക്കുവാനോ, ചികിത്സിച്ചു താമസിക്കുവാനോ അന്നുവരെ പ്രത്യേകമായ സംവിധാനങ്ങളൊന്നുമുണ്ടായിരുന്നില്ല. രൂപതാ സെക്രട്ടറിയും, ഉപദേഷ്ടാവും, തോപ്പ് സ്ഥാപന ഡയറക്ടറുമായിരുന്ന ഊക്കനച്ചന്റെ ഒത്താശയും ഉത്സാഹയത്നങ്ങളും കൊണ്ടുമാത്രമാണ് ഇക്കാര്യത്തിൽ മേനാച്ചേരി തിരുമേനിക്കുണ്ടായിരുന്ന അഭിനിവേശം കല്ലും കുമ്മായവുമായി രൂപംകൊണ്ട് തോപ്പിൽ ഉയർന്നത്. 1915-ൽ പ്രസ്തുത മന്ദിരത്തിന്റെ ആശിർവാദകർമവും ഉദ്ഘാടനവും നടക്കുകയുണ്ടായി.[4] രോഗികളോടും നിസ്സഹായരോടും എപ്പോഴും അദ്ദേഹം കരുണാർദ്രതയോടെ പെരുമാറി. എത്ര വലിയ ജോലിയും അതിന് അദ്ദേഹത്തിനു തടസ്സമായിരുന്നില്ല. ചൊട്ടയിലെ ശീലം ചുടലവരെ എന്നാണല്ലോ ചൊല്ല്. ചെറുപ്പം മുതൽ ഊക്കനച്ചന്റെ ഹൃദയമാകുന്ന വളക്കൂറുള്ള മണ്ണിൽ ദൈവം പാകിയ കരുണാർദ്രസ്നേഹമെന്ന വിത്ത് മുളച്ച് വളർന്നുകൊണ്ടിരിക്കുകയായിരുന്നു.

അത് തഴച്ചുവളർന്ന് ഫലംചൂടി മറ്റുള്ളവർക്ക് ആ ഫലം ആസ്വാദ്യമാക്കി ക്കൊടുത്തു.

മേനാച്ചേരി പിതാവിന്റെ ഉപദേഷ്ടാവുകൂടിയായിരുന്നു ഊക്കൻ ജോണച്ചൻ.[5] ആത്മീയ ജീവിതപ്രയാണത്തിൽ ഈശ്വരസായൂജ്യ ത്തിലെത്തിയ ഒരു വ്യക്തിക്ക്, ഈശ്വരനുമായി ആലോചിച്ച്, ഈശ്വര ഹിതമറിഞ്ഞ്, അധരത്തിലൂടെ അത് പകർന്നു കൊടുക്കുക വൈഷ മ്യമേറിയ ഒന്നായിരുന്നില്ല. പ്രതികൂല സാഹചര്യങ്ങളും പ്രശ്നങ്ങളും തന്റെ അമ്മക്കും ഗുരുവിനും സമർപ്പിച്ച് മാതൃപൂജയും ഗുരുപൂജയും നടത്തുന്ന ഊക്കനച്ചൻ ആത്മസംയമനത്തിൽ അദ്വിതീയനാണ്. അദ്ദേഹത്തിന്റെ ആത്മശക്തിക്കു തുല്യമായി മറ്റൊന്നുമില്ലെന്നുള്ളത് സുവിദിതമാണ്. അതുകൊണ്ടുതന്നെ അദ്ദേഹം സർവാദരണീയ നായി മാറി. മനസ്സിനെ കീഴടക്കാൻ കഴിയുന്നവൻ സാമ്രാട്ടിനേക്കാൾ ആദരണീയനാണ്.

''ആത്മസംയമനം നിത്യം ചെയ്തിടുന്ന മഹാപുമാൻ
രാജ്യം പിടിച്ചടക്കുന്ന വീരനേക്കാളുമുത്തമൻ''

എന്നാണല്ലോ കവിവാക്യം. ശരിയാണ്, ആത്മസംയമനത്തിൽ എല്ലാവരേയും അതിശയിച്ച ആ മഹാത്മാവ് സർവരുടെയും ഹൃദ യങ്ങളിൽ സ്ഥാനംപിടിച്ചു. രണ്ടു ജോലികളും അദ്ദേഹം സ്തുത്യർ ഹമാംവിധം നിർവഹിച്ചു. പൂർവകാലത്തെ കാന്റി സെമിനാരി ശിക്ഷണം പൂർവോക്ത മനോഭാവം സൃഷ്ടിക്കുവാൻ പര്യാപ്തമാ യിരുന്നു. തികഞ്ഞ ഒരു കാന്റിയൻ വൈദികനായ ഫാദർ ഊക്കൻ സെമിനാരിയിലും രൂപതാ കച്ചേരിയിലും ഒരുപോലെ ശോഭിച്ചു.

---

## അടിക്കുറിപ്പുകൾ

1. Lights from heaven., October 4, 1903; September 15, October 2, 1904.
2. Ibid., May 28, 1903.
3. Souvenir Adaranjali., pp. 10,11.
4. Souvenir Adaranjali., p. 6.
5. Souvenir Adaranjali., p.6.

## Episcopal Candidate

എറണാകുളം വികാരിയാത്തിലെന്നപോലെ തൃശൂർ വികാരിയാത്തിലും മെത്രാനച്ചന് സഹായിയായി ഒരു മെത്രാനെ നിയമിക്കണമെന്ന ആവശ്യം 1915-ൽ ഉയർന്നു. നിർദേശിക്കപ്പെട്ട ഒരേയൊരു പേര് ഫാ. അഗസ്റ്റിൻ ജോൺ ഊക്കന്റേതായിരുന്നു. കാന്റിയിൽ താമസിച്ചിരുന്ന അന്നത്തെ അപ്പസ്തോലിക് ഡലഗേറ്റ് സെലസ്കി വഴി തൃശൂർ വികാരിയാത്തിൽ നിന്നും റോമിലേക്ക് പരിശുദ്ധ പിതാവിനയച്ച എഴുത്ത് വായിക്കുന്നതിങ്ങനെ: വർധിച്ചുവരുന്ന പ്രായവും ഓഫീസ് ജോലികളുടെ ഭാരവും മൂലം പിൻതുടർച്ചാവകാശമുള്ള ഒരു സഹായിയെ ഈ ജോലികൾ നിർവഹിക്കുവാൻ നിയമിക്കണമെന്ന് പരിശുദ്ധ സിംഹാസനത്തോടപേക്ഷിക്കുവാൻ വികാരി അപ്പസ്തോലിക്ക ഡോ. ജോൺ മേനാച്ചേരിക്ക് പ്രേരണ നൽകുന്നു. ഇതിന് ഏറ്റവും അനുയോജ്യനായ വ്യക്തിയായി പിതാവ് നിർദേശിക്കുന്ന പേര് ഫാ. ജോൺ ഊക്കന്റേതാണ്.[1] അദ്ദേഹത്തെ അനുകൂലിക്കാതെ അയച്ച കത്തിൽ പറയുന്നതിങ്ങനെ: ഒരു പള്ളിയിൽ പോലും വികാരിയാകാത്ത ചെറുപ്പം വൈദികനെ എന്തുകൊണ്ട് തെരഞ്ഞെടുക്കുന്നുവെന്ന് മനസിലാകുന്നില്ല[2] എന്നാണ്. അന്ന് ഊക്കനച്ചന് വയസ് 35. അദ്ദേഹം മൈനർ സെമിനാരി റെക്ടറും മെത്രാനച്ചന്റെ സെക്രട്ടറിയുമായിരുന്നു.

ഇത് പരിഹരിക്കുന്നതിനായി ഊക്കനച്ചനെ 1918 ജനുവരി 1-ാം തീയതി കത്തീഡ്രൽ വികാരിയായി നിയമിച്ചു.

---

**അടിക്കുറിപ്പുകൾ**

1. ACCO, DISM 1902-1921, Protocol No. 36545, Petition without date from Trichur to the Holy Father sent through Zaleski which was transmitted to Rome from Kandy on 2 April 1915.
2. ACCO, DISM 1902-1921, Protocol No. 36545.

## ലൂർദ് കത്തീഡ്രൽ വികാരി 1918 ജനു.1 – 1918 ഡിസം. 21



ലൂർദ് കത്തീഡ്രൽ

വളരെ തീക്ഷ്ണമതിയായ ഒരു വികാരിയച്ചനെയാണ് ലൂർദ് കത്തീഡ്രലിനു ലഭിച്ചത്. അതി വിദഗ്ദ്ധമായ ഭരണനൈപുണ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അഭി പ്രായ വ്യത്യാസമുള്ള തന്റെ അജ ഗണങ്ങളെ നയചാതുര്യത്തോടെ വശീകരിക്കുന്നതിനും ഏതു സങ്കീ ർണ പ്രശ്നത്തിനും പരിഹാരം കണ്ടെത്തുന്നതിനും അദ്ദേഹത്തിന് അസാമാന്യമായ കഴിവുണ്ടായി രുന്നു. അദ്ദേഹത്തിന്റെ ദൃഢനിശ്ചയ ത്തോടും ദീർഘവീക്ഷണത്തോടും കൂടിയ പ്രവർത്തനശൈലി അനുകരണീയമാണ്. ഉറച്ച വിശ്വാസവും പ്രേഷിത തീക്ഷ്ണതയും സേവനമനോഭാവവും പാണ്ഡിത്യവും ഒന്നു ചേർന്ന അദ്ദേഹത്തിന് ജനങ്ങളുടെ ഹൃദയം കവരുന്നതിന് കഴിഞ്ഞു.[1]

വളരെ ചുരുങ്ങിയ കാലഘട്ടം മാത്രമെ കത്ത്രീഡൽ വികാരി യായി ഉണ്ടായിരുന്നുള്ളു എങ്കിലും യുവതലമുറയെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തേണ്ടതിന്റെ ആവശ്യകത മനസിലാക്കി മത ബോധനക്ലാസ്സുകൾക്ക് വലിയപ്രാധാന്യം നൽകി. ഇടവകയുടെ പടിഞ്ഞാറുഭാഗത്തുള്ളവർക്ക് മതബോധന ക്ലാസ്സുകളിൽ എത്തു വാൻ സാധിച്ചിരുന്നില്ല. പടിഞ്ഞാറെ കോട്ടയിൽ മതബോധന ഹാൾ പണികഴിപ്പിച്ച് അധ്യാപനം അവിടെ ആരംഭിച്ചു.[2]

ആരും കടന്നുചെല്ലാത്ത, എല്ലാവർക്കും അറപ്പും വെറുപ്പും ജനിപ്പിക്കുന്ന, തൃശൂർ പട്ടണത്തിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന കൊക്കാല ചേരി സന്ദർശിക്കുന്നതിനും അസന്മാർഗികത യിൽ കഴിഞ്ഞിരുന്ന അവരെ സന്മാർഗത്തിലേക്കാനയിക്കുവാനു മുള്ള ശ്രമങ്ങളും അദ്ദേഹം നടത്തിയിരുന്നു. അന്ന് അവിടെയുണ്ടാ യിരുന്ന കപ്പേളയിൽ ആഴ്ചയിൽ രണ്ട് ദിവസം അദ്ദേഹം ദിവ്യബലി അർപ്പിച്ചിരുന്നു. ഈ കപ്പേളക്ക് വിശുദ്ധ അഗസ്റ്റിന്റെ നാമം നിർദേ ശിച്ചത് ഊക്കനച്ചൻ തന്നെ ആയിരുന്നു[3]. ആത്മാക്കൾക്കുവേണ്ടി യുള്ള തീക്ഷ്ണതയാൽ എരിഞ്ഞ അദ്ദേഹം വിശുദ്ധ ഫ്രാൻസീസ്

സേവ്യറിനെപ്പോലെ യേശുവിന് ഇനിയും ചെയ്തു തീർക്കുവാനുണ്ടായിരുന്ന ജോലിയിൽ വ്യാപൃതനാകുവാൻ[4] ആഗ്രഹിച്ചു. എന്നാൽ ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത് തൃശൂർ രൂപതാസ്ഥാനവുമായി ബന്ധപ്പെട്ട ഇടങ്ങളിൽ മാത്രം സ്തുത്യർഹമായി ശുശ്രൂഷ ചെയ്തുപോന്ന അദ്ദേഹത്തിന് 1918 ഡിസംബർ 21-ാം തീയതി ഓണംകേറാമൂലയായ കോട്ടപ്പടിയിലേക്ക് സ്ഥലംമാറ്റം ലഭിക്കുകയുണ്ടായി. മേനാച്ചേരി മെത്രാനച്ചന് ഊക്കനച്ചനോടുണ്ടായിരുന്ന താൽപര്യത്തിന് മങ്ങലേൽക്കുകയും ചെയ്തു.

ഈ സ്ഥലംമാറ്റം തികച്ചും തെറ്റിദ്ധാരണയുടെ പേരിലായിരുന്നുവെന്ന് പൗരസ്ത്യ തിരുസംഘത്തിന്റെ അന്നത്തെ അപ്പസ്തോലിക് ഡെലഗേറ്റ് ആർച്ച് ബിഷപ് ബയോൺഡിയുടെ 1919 ഡിസംബർ 28-ലെ ഒരു എഴുത്തിൽ നിന്നും വ്യക്തമാണ്.[5] അപ്പസ്തോലിക് ഡെലഗേറ്റ് ആർച്ച് ബിഷപ് ബയോൺഡി വിശദീകരണം ആവശ്യപ്പെട്ടു.[6] ഇത് എന്റെ ചുമലിന് താങ്ങാവുന്നതിലും വലിയ ഭാരമാണ്. എങ്കിലും അധികാരിക്ക് വിധേയപ്പെട്ട് സന്തോഷത്തോടെ സ്വീകരിക്കുന്നു. ഇതായിരുന്നു മറുപടി. മറ്റു പ്രതികരണങ്ങളൊന്നും ഊക്കനച്ചനിൽ നിന്നുമുണ്ടായില്ല. അദ്ദേഹത്തിന്റെ ഡയറിയിലും ഇതേപ്പറ്റിയാതൊന്നും പരാമർശിച്ചിട്ടില്ല. അനുസരണം എങ്ങനെ പരിശീലിക്കണമെന്ന് സെമിനാരി കാലഘട്ടത്തിൽത്തന്നെ അദ്ദേഹം പഠിച്ചിരുന്നു.[7]

---

**അടിക്കുറിപ്പുകൾ**

1. Souvenir Adaranjali., p. 22.
2. A paper cutting from “The Cochin Argus” dated 14 July 1917.
3. Souvenir Adaranjali., p. 87.
4. Lights from heaven., P. 385.
5. Pietro Fumasoni Biondi, Delegate Apostolic of India to Cardinal Niccolo Marini, Prefect of the Congregation for the Oriental Churches, on December 28, 1919, f. 1.
6. Ibid.,
7. Lights from heaven., 4 September 1922, p. 343.

## കോട്ടപ്പടി പള്ളി വികാരി 1918 ഡിസംബർ 21–1921 ഏപ്രിൽ



കോട്ടപ്പടി പള്ളി

കോട്ടപ്പടിയിലും ക്രിസ്തു സ്നേഹത്തിന്റെ ജ്വാലയിൽ വെന്തെരിഞ്ഞ് ദരിദ്രരെയും അഗതികളെയും മാറോടുചേർത്തു. ഉള്ളുനോക്കാതെ ഉള്ളതു മാത്രം നോക്കി മനുഷ്യൻ വിലയിരുത്തപ്പെടുന്ന സത്രങ്ങളിൽ ഇടം ലഭിക്കാത്തവരെയൊക്കെ ചേർത്തുപിടിച്ച് ഇടം നൽകി. മൂന്ന് പ്രായമായ സ്ത്രീകളും ഏഴ് കുട്ടികളും ആ അനാഥാലയത്തിലുണ്ടായിരുന്നു.[1] കോട്ടപ്പടി വികാരിയായിരിക്കെതന്നെ അദ്ദേഹം കുന്ദംകുളം അടുത്തുള്ള ആർത്താറ്റ് വികാരിയുമായിരുന്നു. യാക്കോബായ സമൂഹവുമായി സൗഹൃദം സ്ഥാപിക്കുവാൻ അദ്ദേഹം വളരെയധികം പരിശ്രമിച്ചു. അദ്ദേഹത്തിന്റെ പരിശ്രമങ്ങൾക്ക് പ്രകടമായ ഉദാഹരണമാണ് ആർത്താറ്റ് യാക്കോബായ പള്ളിയും കത്തോലിക്ക പള്ളിയുമായി നൂറ്റാണ്ടുപഴക്കമുണ്ടായിരുന്ന വഴക്ക് അവസാനിപ്പിക്കാൻ സാധിച്ചത്. കൊച്ചിരാജാവ് ഇടപെട്ട് ഈ സംഭവത്തിൽ കുറിയിട്ടപ്പോൾ പള്ളിയും പരിസരവും യാക്കോബായക്കാർക്കും പറമ്പ് കത്തോലിക്ക പള്ളിക്കും ലഭിച്ചു. കുന്ദംകുളം–ഗുരുവായൂർ റോഡിനോടു ചേർന്നുള്ള പള്ളിപ്പറമ്പിൽനിന്ന് ഇരുപതു സെന്റ് സ്ഥലം തങ്ങൾക്കുകിട്ടണമെന്ന് ആവശ്യപ്പെട്ട് ബഹു. ഊക്കനച്ചൻ മുഖാന്തിരം യാക്കോബായക്കാർ ആലപ്പാട്ട് തിരുമേനിക്ക് അപേക്ഷ സമർപ്പിച്ചു. അങ്ങനെ ചെയ്താൽ രണ്ടു സഭക്കാരും തമ്മിലുള്ള വഴക്ക് അവസാനിപ്പിക്കാനാകും എന്ന് ഊക്കനച്ചൻ എഴുതിയിരുന്നു. അഭിവന്ദ്യ പിതാവിന്റെ അനുമതിയോടുകൂടി ആവശ്യപ്പെട്ട സ്ഥലം യാക്കോബായക്കാർക്കു നൽകി. ഇരുസഭക്കാരും തമ്മിലുള്ള സൗഹൃദം അഭിവൃദ്ധിപ്പെട്ടു. അതിന്റെ സ്മാരകമാണ് കുരിശുപള്ളി.[2] യാക്കോബായ സമൂഹവുമായി അദ്ദേഹത്തിന് നല്ല ബന്ധവും സ്വാധീനവുമുണ്ടായിരുന്നു.

ആർത്താറ്റ് പള്ളിയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാൻ അദ്ദേഹം കുറി ആരംഭിച്ചു. ഊക്കനച്ചനാണ് ആർത്താറ്റുള്ള സെന്റ് തോമസ് ലോവർ പ്രൈമറി സ്കൂൾ ആരംഭിച്ചത്.[3] അദ്ദേഹം

കോട്ടപ്പടി വികാരിയായിരുന്നപ്പോൾ മറ്റം വികാരി അച്ചനെ സഹായിക്കുക പതിവായിരുന്നു.[4] ഇടവക ജനങ്ങളുടെ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കായി തീക്ഷ്ണതയോടെ അധ്വാനിച്ച് അദ്ദേഹം പൊതുജന സമ്മതിനേടി.


ഫാദർ ഊക്കൻ കോട്ടപ്പടി വികാരി ആയിരിക്കുമ്പോഴാണ് മേനാച്ചേരി യോഹന്നാൻ മെത്രാൻ ദിവംഗതനായത്. 1919 ഡിസംബർ 19-ാം തീയതി വൈവിധ്യത്തിലാണ്ട തൃശൂർ വികാരിയാത്തിന് പുതിയൊരു വികാരി അപ്പസ്തോലിക്ക ഉണ്ടായത് 1921 ഏപ്രിൽ 5-ാം തീയതിയാണ്.



ആർത്താറ്റ് പള്ളി

## അടിക്കുറിപ്പുകൾ

1. Thrissur Sacred Heart CMC Convent, Chronicle, pp. 47-48.
2. Souvenir Adaranjali., pp. 90-91.
3. Arthat St Thomas L P School, Log book, p. 1.
4. Souvenir Adaranjali., p. 38.



നമ്പ്ര് 4461

ദൈവകൃപയാലേയും ശ്ലീഹായുടെ സിംഹാസനത്തിന്റെ
മനോഗുണത്താലേയും പാർളുസിന്റെ മെത്രാനും
തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കായുമായ
നാം
മേനാച്ചേരി യോഹന്നാൻ
മെത്രാൻ.

[illegible]

അച്ചന്ന് ആശീർവ്വാദം.

നാം താങ്കളെ ഈ പത്രത്തിനാലെ ......കോട്ടപ്പടി......പള്ളിയുടെ വികാരിയായി നിയമിച്ചുകൊണ്ട്, ടി. പള്ളിയേയും ഇടവകക്കാരേയും ശുദ്ധ: പള്ളിയുടെ ക്രമം അനുസരിച്ച് ഭരിക്കുന്നതിന്ന് ആവശ്യമായ അധികാരം ഇതിനാലെതന്നെ താങ്കൾക്ക തന്നിരിക്കുന്നു.

താങ്കളുടെ കീഴുള്ള ജനങ്ങളുടെ ആത്മിക അഭിവൃദ്ധിക്കായി ശ്രമിക്കുന്നതും, ഞായറാഴ്ചകളിലും ശേഷം കടമുള്ള ദിവസങ്ങളിലും സുവിശേഷത്തെ അടിസ്ഥാനപ്പെടുത്തി പ്രസംഗം പറയുന്നതും, ഞായറാഴ്ചകളിലും മററും സമയോചിതമായി വേദോപദേശം പഠിപ്പിക്കുന്നതും, സ്കൂളുകൾ ഏർപ്പെടുത്തി കുട്ടികളുടെ സംഖ്യയിലും പഠിത്തത്തിലും വർദ്ധനവു വരുത്തുന്നതും, പള്ളിയുടെ ലൌകികകാര്യങ്ങളെ ഫലപ്രദമായി അന്വേഷിക്കുന്നതും, മാമ്മോദീസ, ആണ്ടുകുമ്പസാരം, വിവാഹം, മരണം എന്നിവയുടെ റജിസ്റ്ററുകൾ ശരിയായി എഴുതിവെക്കുന്നതും, പള്ളിയുടെ ശുചിയിന്മേൽ വിശേഷവിധം ജാഗരൂകനായിരിക്കുന്നതും, താങ്കളുടെ കടമകളിൽ പ്രധാനമായവയാകുന്നു.

കൂടാതെ ഇടവകക്കാരെല്ലാവരും താങ്കളെ വികാരിയായി സ്വീകരിച്ച് താങ്കൾക്ക യോഗ്യമായ അനുസരണയും ആചാരവും ചെയ്യുന്നതിന്ന് നാം അവരോടു കല്പിക്കയും ചെയ്യുന്നു.

[illegible] പള്ളിയിൽനിന്ന നമ്മുടെ അറിവോടുകൂടെ കൊടുത്തുവരുന്ന ശമ്പളം അതാതുമാസം താങ്കൾക്ക് പററുകയും ചെയ്യാം.

താങ്കൾ ജോലിയിൽനിന്ന് ഒഴിഞ്ഞുപോകുന്നതിന്നുമുമ്പ പഴയ വികാരിത്വം സംബന്ധിച്ച കല്പനകളും മററും റിക്കാർട്ടുസഹിതം ചാർജ്ജ് പുതിയവികാരിക്ക് ഏല്പിച്ചുകൊടുക്കുകയും ....1918 [illegible]....പുതിയജോലിയിൽ പ്രവേശിക്കയും വേണം.

എന്ന് തൃശ്ശിവപേരൂർ നമ്മുടെ അരമനയിൽനിന്നും } 1918 [illegible] മാസം 12 നു

നിയമന പത്രിക, കോട്ടപ്പടി

## Episcopal Candidate for a Second Time

ബിഷപ് ജോൺ മേനാച്ചേരിയുടെ കാലശേഷം പുതിയ മെത്രാനെ നിയമിക്കുന്ന പാനലിലേക്ക് നിർദേശിക്കപ്പെട്ട പേരുകളിൽ ഫാ. അഗസ്റ്റിൻ ജോൺ ഊക്കനുമുണ്ടായിരുന്നു. അവരുടെ റിപ്പോർട്ടുകൾ ഊക്കനച്ചനെപ്പറ്റിയുള്ള വ്യക്തമായ ചിത്രം നൽകുന്നുണ്ട്.[1] ഇന്ത്യയുടെ മുൻ അപ്പസ്തോലിക് ഡലഗേറ്റ് ആർച്ച് ബിഷപ് സെലസ്കി 1921 ജനുവരി 16-ാം തീയതി പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ടിന് അയച്ച റിപ്പോർട്ടും ഇത് വ്യക്തമാക്കുന്നുണ്ട്.[2] എന്നാൽ അദ്ദേഹത്തെ അനുകൂലിക്കാത്തവർ ചൂണ്ടിക്കാണിച്ചത് ഊക്കനച്ചൻ ഒരു അനാഥനാണ്[3] എന്നായിരുന്നു.

അദ്ദേഹത്തിന്റെ ചെറുപ്പത്തിൽ മാതാപിതാക്കൾ വിടപറഞ്ഞതുകൊണ്ട് അദ്ദേഹം അനാഥനായതാണ്. താൻ ഒരു അനാഥനാണെന്നും പരിശുദ്ധ അമ്മയുടെ മകനാണെന്നും സെമിനാരി പരിശീലന കാലഘട്ടത്തിൽ അദ്ദേഹം കൂടെക്കൂടെ പറയുമായിരുന്നു. അതുകൊണ്ടുതന്നെ അമ്മയുടെ അത്യുത്കൃഷ്ടമായ പുണ്യങ്ങൾ ജീവിതത്തിലേക്കു പകർത്തി സ്വയം രൂപീകൃതനാകുവാനുള്ള തീവ്രമായ പരിശ്രമവും നടത്തിയിരുന്നു.[4] ദൈവിക പുണ്യങ്ങളും സാന്മാർഗിക പുണ്യങ്ങളും സുവിശേഷോപദേശങ്ങളും അമ്മയിൽ നിന്നു പഠിച്ച് അദ്ദേഹം വളർന്നുവന്നു.

---

**അടിക്കുറിപ്പുകൾ**

1. Protocol No. 5060, Ladislao Zaleski, Patriarch of Antioch to the Cardinal Prefect of the Congregation on 16 January 1921, f. 2v.
2. Protocol No. 5060, Ladislao Zaleski, Patriarch of Antioch to the Cardinal Prefect of the Congregation on 16 January 1921, f. 2v.
3. Protocol No. 5073, Report of Vicar Apostolic of Ernakulam dated 22 December 1920, enclosure f. 2 of Msgr. Pietro Pisani Delegate Apostolic of India to the Cardinal Niccolo Marini, Prefect of the Congregation for the Oriental Churches on 29 December 1920.
4. Lights from heaven., 23 May 1903, p. 49.

## സെന്റ് തോമസ് കോളേജ് മാനേജർ 1921–1925

കേരളത്തിലെ കത്തോലിക്ക കലാലയങ്ങളുടെ മുത്തശ്ശിയും സാംസ്കാരിക നഗരിയായ തൃശൂരിന്റെ തിലകക്കുറിയുമാണ് തൃശൂർ സെന്റ് തോമസ് കോളേജ്. കോളേജിന്റെ ചരിത്രത്തിൽ വികസനത്തിന്റെ രാജപാത വെട്ടിത്തുറന്നവരിൽ പ്രഥമഗണനീയനാണ് ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ.


സെന്റ് തോമസ് കോളേജ്

കോളേജിന്റെ മാനേജരായിരുന്ന മോൺ. ഫ്രാൻസീസ് വാഴപ്പിള്ളി തൃശൂർ രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടതിനെ തുടർന്നാണ് ഊക്കനച്ചൻ സെന്റ് തോമസ് കോളേജ് മാനേജരായി നിയമിതനായത്.[1] വെറും രണ്ട് വർഷം പൂർത്തിയാക്കാത്ത കോളേജിന്റെ ശൈശവദശ പിന്നിടാൻ ഊക്കനച്ചന് ഏറെ അധ്വാനിക്കേണ്ടി വന്നിട്ടുണ്ട്. അന്നത്തെ കേരളത്തിലെത്തന്നെ ഏറ്റവും വലിയ ഹൈസ്കൂളായിരുന്നു 1116 വിദ്യാർഥികളുള്ള സെന്റ് തോമസ് ഹൈസ്കൂൾ. നൂറിലധികം വരുന്ന വിദ്യാർഥികളും അഞ്ച് അധ്യാപകരും ഒരു ലൈബ്രേറിയനും രണ്ട് പ്യൂൺമാരുമടങ്ങുന്നതായിരുന്നു സെന്റ് തോമസ് കലാലയം. ഈ രണ്ട് സ്ഥാപനങ്ങളുടേയും അമരക്കാരനായി ചാർജെടുത്ത ഊക്കനച്ചൻ ഈ സ്ഥാപനങ്ങളെ ഭൗതിക തലത്തിലും അക്കാദമിക തലത്തിലും ഉയർത്തി. പഠനരംഗത്തും കലാ-കായിക-സാഹിത്യ രംഗത്തും കോളേജിന്റെ യശ്ശസുയർത്താൻ അന്നത്തെ പ്രിൻസിപ്പാൾ മോൺ. പാലോക്കാരനുമൊത്ത് ഊക്കനച്ചൻ സജീവമായി പ്രവർത്തിച്ചു.[2]

കോളേജിന്റെ ഇന്റർ മീഡിയറ്റിന് 1922 ഫെബ്രുവരി 21-ന് മദ്രാസ് യൂണിവേഴ്സിറ്റിയുടെ അനുമതിയോടെ സയൻസ് ഗ്രൂപ്പ് ആരംഭിച്ചത് ഊക്കനച്ചനാണ്. 1920 കളിൽ കേരളത്തിൽ ഫസ്റ്റ് ഗ്രേഡ് കോളേജുകൾ ഒന്നുംതന്നെ ഇല്ലായിരുന്നു. കേരളത്തിലെ സാധാരണക്കാരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ചവിട്ടുപടികൾ സ്വപ്നം കാണാൻ പോലും പറ്റാത്ത സമയം. ഈ അവസരത്തിലാണ് സെന്റ് തോമസ്

കോളേജിനെ ഫസ്റ്റ് ഗ്രേഡ് കോളേജായി ഉയർത്തുവാൻ ഊക്കന ച്ചൻ നടപടികൾ തുടങ്ങിയത്. 1925-ൽ ഡിഗ്രി കോഴ്സ് ആരംഭിക്കു വാൻ അനുമതി ലഭിക്കുകയും ചെയ്തു.

കേരളത്തിലെ കലാലയങ്ങളിൽ മാഗസിൻ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ഊക്കനച്ചനും പാലോക്കാരനച്ചനും കൂടിയാ ലോചിച്ച് 1924-ൽ കോളേജിന്റെ ആദ്യ മാഗസിൻ പ്രസിദ്ധീകരിച്ചത്. അദ്ദേഹം കോളേജിൽ ഫ്രഞ്ചും ലത്തീനും പഠിപ്പിച്ചിരുന്നു.[3] ഊക്ക നച്ചന് അറുപത് രൂപ ശമ്പളം ലഭിച്ചിരുന്നു.[4]

മാനേജരായിരുന്ന കാലമത്രയും അദ്ദേഹം തൃശൂർ സേക്രഡ് ഹാർട്ട് കർമലീത്ത മഠത്തിന്റെ കപ്ലോനുമായിരുന്നു. അനുദിനം ഉപ ദേശ ശകലങ്ങൾ നൽകിയും മാസധ്യാനവും വാർഷിക ധ്യാനവും നടത്തിയും അദ്ദേഹം അവരെ ആത്മീയതയിൽ വളർത്തി.[5]

വളരെ സ്തുത്യർഹമാം വിധം കോളേജിൽ സേവനമനുഷ്ഠിക്കു മ്പോഴും സ്വന്തം ആത്മീയ വളർച്ചയിൽ അദ്ദേഹം ശ്രദ്ധ ചെലുത്തി യിരുന്നു. ആത്മീയമായി നവീകരിക്കപ്പെടണം എന്ന ചിന്ത അദ്ദേ ഹത്തെ അലട്ടി. കോളേജിലെ ജീവിതവുമായി പൊരുത്തപ്പെട്ടു പോകുവാൻ അദ്ദേഹത്തിന് ബുദ്ധിമുട്ട് അനുഭവപ്പെട്ടു. തന്റെ അധി കാരിയുമായി അഭിപ്രായ സമന്വയം ഉണ്ടാകാതിരിക്കുകയും ചെയ്തു. വാർഷിക ധ്യാനത്തിനുശേഷം അദ്ദേഹം എഴുതുന്നതിങ്ങനെ: എന്റെ വീക്ഷണങ്ങൾ എന്റെ അധികാരിയുടേതുമായി യോജിപ്പിച്ചുകൊണ്ടു പോകുവാൻ ബുദ്ധിമുട്ട് തോന്നുന്നു. എന്തുവില കൊടുക്കേണ്ടി വന്നാലും ഞാൻ അവ പൊരുത്തപ്പെടുത്തിക്കൊണ്ടുപോകണം. അധി കാരി ദൈവത്തിന്റെ സ്ഥാനമാണ് വഹിക്കുന്നത്. ദൈവത്തിന്റെ സ്ഥാനത്തു നിന്നുകൊണ്ട് തീരുമാനമെടുക്കേണ്ടത് അധികാരി മാത്ര മാണ്. ദൈവതിരുമുമ്പാകെ ഈ കാര്യങ്ങളുടെയെല്ലാം ഉത്തരവാ ദിത്വം അധികാരിക്കാണ്. അദ്ദേഹം പരിശുദ്ധാത്മാവിനാൽ നയിക്ക പ്പെടുന്നു.[6] ഇത് ഒരു പ്രശ്നമായി പർവതീകരിക്കുവാൻ അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല എന്ന് അദ്ദേഹത്തിന്റെ തന്നെ വാക്കു കളിൽ നിന്നും വ്യക്തമാണ്. കോളേജിൽ... കാരണം കൊണ്ട് എന്റെ വഴികളും പ്രവൃത്തികളും അംഗീകരിക്കപ്പെടുന്നില്ല. ബഹുമാനാദരവിനു വേണ്ടിയുള്ള എന്റെ വിശപ്പ് പരിത്യാഗമനുഷ്ഠിച്ച് പരിത്യജിക്കുന്ന തിനുള്ള ഒരവസരമാണിത്. എന്നെ അവഗണിക്കുന്നതിനും സ്വയം പരിഗണന താൽപര്യപ്പെടുന്ന എന്റെ അധികാരിയെ അനുസരിക്കു ന്നതിനുമുള്ള അവസരമാണിത്. ഇത്തരത്തിലുള്ള യാതൊന്നും ഞാൻ ആരിലും ആരോപിക്കുകയില്ല.[7]

ആരിലും ഒരു കുറ്റവും ആരോപിക്കുകയില്ല എന്ന ശ്രേഷ്ഠമായ തീരുമാനം ആജീവനാന്തം പാലിച്ചതുകൊണ്ട് വ്യക്തി ആരെന്നോ, പ്രശ്നം എന്തെന്നോ അറിയില്ല.

സ്വയം വിശുദ്ധീകരണത്തിനുള്ള തീവ്രമായ ശ്രമം 1922-ൽ അദ്ദേഹം നടത്തുന്നുണ്ട്. സെമിനാരി ജീവിതത്തിനുശേഷമുള്ള ഈ പതിനഞ്ചു വർഷങ്ങളിൽ എന്റെ വിശുദ്ധ ജീവിതത്തിന് മങ്ങലേറ്റി ട്ടുണ്ടെന്ന് വേദനയോടുകൂടിത്തന്നെ പറയട്ടെ. ദൈവാനുഗ്രഹത്തിലാ ശ്രയിച്ചുകൊണ്ട് എന്റെ വിശുദ്ധീകരണത്തിനായി മറ്റൊരു ശ്രമം കൂടി നടത്തുവാൻ ആഗ്രഹിക്കുന്നു.[8]

ചില സുഹൃദ്ബന്ധങ്ങൾ ആത്മീയ പുരോഗതിക്ക് തടസ്സമാ ണെന്ന തിരിച്ചറിവിൽ അദ്ദേഹം പരിത്യാഗമനുഷ്ഠിക്കുവാനും പ്രാർ ഥിക്കുവാനും നിശ്ചയിക്കുന്നു. അതീവ പരിചയം പാപത്തിനുള്ള ഒരവസരമാണെന്നു ഞാൻ മനസ്സിലാക്കുന്നു. തിരുഹൃദയത്തിന്റെ അനുഗ്രഹങ്ങളിലാശ്രയിച്ചുകൊണ്ടു ഞാൻ അവ ഉപേക്ഷിക്കണം. വിശേഷദിവസങ്ങളൊഴിച്ചുള്ള എല്ലാ വെള്ളിയാഴ്ചകളിലും ശനി യാഴ്ചകളിലും പതിനഞ്ചു മിനിറ്റു സമയം മുള്ളരഞ്ഞാണം ധരിക്കു കയും വേണം. സാധിക്കുമ്പോഴെല്ലാം വാതിലടച്ചു മുട്ടിൻമേൽ നിന്നു കൊണ്ട് സായാഹ്നപ്രാർഥന ചൊല്ലും.[9]

സെന്റ് തോമസ് കോളേജിന്റെ മാനേജരും പ്രൊഫസറുമായി രിക്കെ മറ്റു രൂപതാ വൈദികരെയപേക്ഷിച്ച് അഞ്ചോ ആറോ ഇരട്ടി അലവൻസ് ലഭിക്കുമ്പോഴും പൗരോഹിത്യ ദൈവവിളിയുടെ ആത്മ സംതൃപ്തി അദ്ദേഹത്തിന് ലഭിച്ചിരുന്നില്ല. ഒരു ആത്മീയ സംഘർഷം അദ്ദേഹത്തെ വേട്ടയാടി. 1922-1925 കാലഘട്ടത്തിൽ തീക്ഷ്ണതയുള്ള ഒരു മിഷണറിയായിത്തീരുവാൻ മനസ്സിനെ അദ്ദേഹം ഒരുക്കി.


കോളേജിലെ ഉത്തരവാദിത്വം ഉപേക്ഷിക്കുവാൻ അദ്ദേഹം തീരു മാനിച്ചു. അതൊരു വഴിത്തിരിവായിരുന്നു.അത് ഒരു വൈകാരിക തീരുമാനമായിരുന്നില്ല. അന്ന് പ്രായം 42 വയസ്സ്. ആവശ്യത്തിന് സമയമെടുത്ത് പക്വമായി എടുത്ത ഒരു തീരുമാനം.

---

**അടിക്കുറിപ്പുകൾ**

1. Early Documents 15.
2. Souvenir Nallidayante Nalvazhikal., pp. 156-158.
3. Souvenir Nallidayante Nalvazhikal., pp. 156-158.
4. St Thomas College, Acquittance Register, pp. 46-47.
5. Lights from heaven., 20-25 August, 1923, p. 349.

6. Ibid., 4 September, 1922, p. 343.
7. Ibid., 4 September, 1922, p. 344.
8. Ibid., 4 September, 1922, p. 342.
9. Ibid., 4 September, 1922, p. 343.


THE
VICARIATE APOSTOLIC
OF
TRICHUR.

A.Kol.MB.CSC.G.15
No. 4960
Bishop's House,
Trichur 30—5—1921

നിയമന പത്രിക, സെന്റ് തോമസ് കോളേജ്, തൃശൂർ

## ആത്മീയ പുനർനിർമിതി

ആത്മീയ ജീവിതം നവീകരിച്ച്, അറ്റകുറ്റപ്പണിയൊക്കെ ചെയ്ത് ശക്തിപ്പെടുത്തി പുതുക്കിപ്പണിയണമെന്ന് തീരുമാനിച്ച ഊക്കനച്ചൻ എങ്ങനെ ഒരു മിഷണറി ആകാമെന്ന് ധ്യാനിക്കുവാൻ തുടങ്ങി. രൂപതാധ്യക്ഷൻ അനുവദിക്കുകയാണെങ്കിൽ ഒരു സന്യാസി ആകുവാൻ അദ്ദേഹം ആഗ്രഹിച്ചു. 1922 സെപ്തംബർ, 1923 സെപ്തംബർ, 1924 സെപ്തംബർ, 1925 സെപ്തംബർ എന്നീ വർഷങ്ങളിലെ ആധ്യാത്മിക ഡയറിക്കുറിപ്പുകൾ ആത്മീയ വളർച്ചയിലുള്ള അദ്ദേഹത്തിന്റെ ശമിക്കാത്ത ദാഹം വ്യക്തമാക്കുന്നുണ്ട്.

നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാസഹനങ്ങളെപ്പറ്റി ധ്യാനിച്ചപ്പോൾ ആത്മാക്കൾക്കുവേണ്ടി എന്നെത്തന്നെ വ്യയം ചെയ്യണമെന്ന ചിന്ത എന്റെ മനസ്സിൽ ആഴമായി പതിഞ്ഞു. എന്നോടുള്ള സ്നേഹത്തെ പ്രതി അവിടുന്നു സ്വയം മരണത്തിനു വിട്ടുകൊടുത്തു. യേശുവിനോടുള്ള സ്നേഹത്താൽ ആത്മാക്കളുടെ രക്ഷയ്ക്കായി ജോലിചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു.[1] മാസങ്ങളിൽ ലഭിക്കുന്ന സംഭാവനകൊണ്ടു മാനസാന്തരപ്രവർത്തനങ്ങൾ നടത്തണം.[2] ഇതിനായി പരിത്യാഗപ്രവൃത്തികൾ ചെയ്യണമെന്നും അദ്ദേഹം തീരുമാനിച്ചുറച്ചു. ആത്മാക്കളുടെ രക്ഷയ്ക്കായി കൂടുതൽ പ്രവർത്തിക്കണമെന്നും തന്റെ ജീവിതം മുഴുവനും അതിനായി വ്യയം ചെയ്യണമെന്നും ധ്യാനമനനങ്ങളിലൂടെ അദ്ദേഹത്തിനു ബോധ്യമായി. ഈശോയുടെ തിരുഹൃദയത്തോടുള്ള സ്നേഹവും ഉപേക്ഷിക്കപ്പെട്ട ആത്മാക്കളോടുള്ള തീക്ഷ്ണതയുംമൂലം എന്നെ അവർക്കനുരൂപനാക്കി വീരോചിതമായ പ്രവൃത്തികൾ ചെയ്യണം. അതു നവീകരിക്കുകയും വേണം.[3] തന്നെ ദൈവം പ്രത്യേകമായി തെരഞ്ഞെടുത്തതു സമുദായം ഉപേക്ഷിച്ച ആത്മാക്കളെത്തേടി പുറപ്പെടുന്നതിനും, വേണ്ടിവന്നാൽ അവർക്കുവേണ്ടി ജീവൻ വെടിയുന്നതിനുമാണെന്ന് ഊക്കനച്ചന് ഉൾവെളിച്ചം ലഭിച്ചു. ഉന്നതസ്ഥാനമഹിമകൾ അതിന് തടസ്സമാകുമോ എന്നദ്ദേഹം ഭയന്നു. ദൈവത്തിനു തന്നെപ്പറ്റി പ്രത്യേക പ്ലാനുണ്ടെന്നും ആ പ്ലാൻ താൻ തകർത്തുകളയുകയാണോ[4] എന്നുപോലും അദ്ദേഹം ചിന്തിച്ചു.

ഇസ്രായേലിന്റെ മതവിശ്വാസത്തെയും ധാർമികതയെയും നിലനിർത്തുന്നതിനു ചില നിർണായകഘട്ടങ്ങളിൽ ഇസ്രായേലിൽ ഉദിച്ചുയർന്ന പ്രവാചകരെപ്പോലെ, പട്ടിണിയും അടിമത്വവും രോഗവും പാപവും കാർന്നുതിന്നുന്ന ഗ്രാമങ്ങളിലേക്ക്, സ്നേഹത്തിൽ കുതിർന്ന സേവനശിഖയുമായി കടന്നുചെന്ന് അവരെ വചനം കൊണ്ടു നിറ

ക്കണമെന്ന് അദ്ദേഹം തീരുമാനിച്ചുറച്ചു. ദൈവത്തോടും മനുഷ്യരോടും സമഗ്രമായി ബന്ധപ്പെട്ടുകൊണ്ട് വിമോചനത്തിന്റെ ചാലുകൾ സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും കീറി സ്നേഹത്തിലും സമത്വ ത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു പുതിയ യുഗത്തി നായി പ്രവർത്തിക്കുന്ന വിമോചകനാകുവാനാണ് മാതാവിന്റെ ഉദ രത്തിൽവച്ചുതന്നെ ദൈവം തെരഞ്ഞെടുത്തതെന്ന് അദ്ദേഹം ദൃഢ മായി വിശ്വസിച്ചു. അതുകൊണ്ട് മോശയെപ്പോലെ ജനങ്ങൾക്ക് അപ്പം നൽകുന്നവനും നിയമപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നവനു മായി താനും മാറണം. ആത്മീയമായി മരിച്ച വ്യക്തികൾക്കു ജീവൻ തിരിച്ചുകൊടുക്കേണ്ടതും തന്റെ കടമയാണ്. പാവപ്പെട്ടവർക്കും ചൂഷി തർക്കും ആശ്രയമായിരുന്ന ക്രിസ്തുവിനെപ്പോലെ ലോകത്തിൽ ദൈവത്തിന്റെ പ്രതിരൂപമായി നിലകൊള്ളുവാനാണ് താൻ വിളി ക്കപ്പെട്ടിരിക്കുന്നത്. ഇതിനായി ഗ്രാമങ്ങളിലേയ്ക്കിറങ്ങിച്ചെല്ലണം. മാത്രമല്ല ഇതേ ലക്ഷ്യത്തോടുകൂടിയ സന്യാസ സഭകൾ ആരംഭിക്കു കയും വേണം. ഊക്കനച്ചൻ തന്റെ മനസ്സിൽ രൂപരേഖ തയ്യാറാക്കി. ദൈവം അനുവദിക്കുകയാണെങ്കിൽ കോളേജുമായുള്ള എന്റെ ബന്ധം വിച്ഛേദിക്കുകയും കുന്ദംകുളത്തുപോവുകയും അവിടെ ഒരു ചെറിയ പള്ളി, അനാഥശാല, പ്രായമായവർക്കായുള്ള അഭയകേന്ദ്രം, വർക്ക് ഷോപ്, പ്രസ്സ് എന്നിവ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ തുടങ്ങുകയും വേണം. സാധിക്കുമെങ്കിൽ വൈദികർക്കും, സഹോദര ന്മാർക്കും, കന്യകാസ്ത്രീകൾക്കുമായി സഭകൾ രൂപീകരിക്കണം.[5] ചെറുപ്പം മുതൽക്കേ താൻ പൂവിട്ടു പൂജിച്ചുവന്ന ആഗ്രഹത്തിന് – അവ ശർക്കും ആലംബഹീനർക്കും സമുദായം ഉപേക്ഷിച്ചവർക്കുമായി ജീവിതം മാറ്റിവയ്ക്കുക, അവരുടെയിടയിൽ കരുണാർദ്രതയോടെ പ്രവർത്തിക്കുക–രൂപരേഖ നൽകിയെങ്കിലും അതിനു മാംസവും മജ്ജയും നൽകി സജീവരൂപം നൽകുന്നതിന് ഇരുപതു നീണ്ട വർഷ ങ്ങൾ അദ്ദേഹത്തിനു കാത്തിരിക്കേണ്ടതായിവന്നു. ദൈവപരിപാല നയിൽ ദൃഢമായ വിശ്വാസമുണ്ടായിരുന്ന അദ്ദേഹം ആശ കൈവെ ടിയാതെ, പ്രത്യാശയോടെ ആ സുദിനത്തിനായി കാത്തിരുന്നു.

തൃശൂർ പട്ടണത്തിൽ പ്രവർത്തിച്ചിരുന്ന ഊക്കനച്ചൻ എന്തു കൊണ്ട് കുന്ദംകുളം തന്റെ പ്രവർത്തനരംഗമാകണമെന്ന് ആഗ്രഹിച്ചു? കേരളത്തിലെ ക്രൈസ്തവ വിഭാഗങ്ങളിൽ കത്തോലിക്ക സഭ കഴി ഞ്ഞാൽ അംഗസംഖ്യകൊണ്ട് അടുത്ത സ്ഥാനത്തു നിൽക്കുന്നതു യാക്കോബായ സഭയാണ്. 1876 മുതൽ യാക്കോബായ സഭ വളരെ

വേഗത്തിൽ പ്രചരിക്കുവാൻ തുടങ്ങി. തൃശൂർ രൂപതയിൽ ഇതിന്റെ ആസ്ഥാനം തൃശൂർ നിന്നും ഇരുപതു കിലോമീറ്റർ അകലെ തൃശൂരിന്റെ വടക്കുഭാഗത്തു സ്ഥിതിചെയ്യുന്ന കുന്ദംകുളമായിരുന്നു. കുന്ദംകുളം ഇന്നും യാക്കോബായ സെന്ററായാണ് അറിയപ്പെടുന്നത്. വളരെ വേഗത്തിൽ വ്യാപിച്ചുകൊണ്ടിരുന്ന യാക്കോബായ സഭയുമായി സൗഹൃദത്തിലായില്ലെങ്കിൽ സഭാനൗകയെ അത് ആട്ടിയുലയ്ക്കു മെന്നു ക്രാന്തദർശിയായ ഊക്കനച്ചൻ മനസ്സിലാക്കി. ആ കാലഘട്ടത്തിൽ കുന്ദംകുളത്ത് കത്തോലിക്ക സ്ഥാപനങ്ങളൊന്നുമില്ലായിരുന്നു. അതു കൊണ്ട് കത്തോലിക്ക വിശ്വാസികൾപോലും യാക്കോബായ വിശ്വാസം സ്വീകരിക്കുമോ എന്ന് അദ്ദേഹം ഭയന്നു. അടുത്ത ഭാവിയിൽ വരുവാനി രിക്കുന്ന സഭൈക്യത്തെപ്പറ്റിയുള്ള പഠനങ്ങൾ അദ്ദേഹം മുൻകൂട്ടി കണ്ടിരുന്നു.

ദൈവത്തിന്റെ സഭ ഒന്നുമാത്രമെയുള്ളുവെന്നും എല്ലാ ക്രൈസ്ത വസഭകളും തമ്മിലുള്ള ഐക്യം പുനഃസ്ഥാപിക്കുക എന്നത് ക്രിസ്തു വിന്റെ ആഗ്രഹമാണെന്നും അദ്ദേഹം മനസ്സിലാക്കി. ക്രിസ്തുവിന്റെ ദൗത്യം തുടർന്നുകൊണ്ടുപോകുന്ന പുരോഹിതന്റെയും ധർമം ഇതു തന്നെയായിരിക്കണം.

മാത്രമല്ല കുന്ദംകുളത്തുണ്ടായിരുന്ന കത്തോലിക്കർ ദരിദ്രരായി രുന്നു. പട്ടിണിപ്പാവങ്ങൾ! പാപത്തിനും രോഗത്തിനും അടിമകളാ യവർ! അനീതിക്കും ചൂഷണത്തിനും വിധേയരായവർ! ദരിദ്രരോടു താദാത്മ്യം പ്രാപിച്ചുകൊണ്ട് ദരിദ്രരായ തന്റെ സഹോദരങ്ങൾക്കുവേണ്ടി തന്നെത്തന്നെ ഹോമബലിയായർപ്പിക്കുവാൻ അദ്ദേഹം തീരുമാ നിച്ചു. അടിമത്വത്തിന്റെ ക്രൂരനുകം പേറുന്ന തന്റെ ജനത്തിന്റെ രോദനം കേട്ടപ്പോൾ തന്റെ സുരക്ഷിതത്വവും സൗകര്യങ്ങളും വലിച്ചെറിഞ്ഞ് അപകടം ഏറ്റുവാങ്ങുവാൻ, അവർക്കായി ജീവൻ ബലിയർപ്പിക്കു വാൻ ഓടിയ മോശയെപ്പോലെ അധാർമിക വ്യവസ്ഥിതികളോടും മർദകശക്തികളോടും പോരാടി, വിമോചകനായ ക്രിസ്തുവിന്റെ കൂദാശയായി മാറുവാൻ ഊക്കനച്ചൻ ഉൽക്കടമായാഗ്രഹിച്ചു. അന്ധ വിശ്വാസത്തിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് സുവിശേഷ പ്രഘോഷണം നടത്തുക, സാധിക്കുമെങ്കിൽ സുവിശേഷപ്രഘോ ഷണത്തിനായി മിഷണറിമാരെ അയക്കുക, വിഗ്രഹാരാധകരെ അന്വേ ഷിച്ചു കണ്ടുപിടിക്കുക, അവിശ്വാസം നിർമാർജനം ചെയ്യുക, ഏക മതവിശ്വാസം പ്രചരിപ്പിക്കുക, വേദപാഠക്ലാസ്സുകൾ, അനാഥശാല, തൊഴിൽപരിശീലനകേന്ദ്രങ്ങൾ, പ്രസ്സ് എന്നിവ നടത്തുക[6]–ഇങ്ങനെ

യൊരു കർമപരിപാടിയും അദ്ദേഹം ആസൂത്രണംചെയ്തു. ഇതിനായി പ്രാർഥനയിലൂടെ ശക്തിയാർജിക്കണമെന്ന് അദ്ദേഹം മനസ്സിലാക്കി. പ്രാർഥനയിൽനിന്നുമാണല്ലോ പ്രവർത്തനത്തിനുള്ള ശക്തി നമുക്കു ലഭിക്കുക.

ജീവിതത്തിലെ പ്രധാന സംഭവങ്ങൾക്കുമുമ്പ് യേശു പ്രാർഥനയിൽ സമയം ചെലവഴിച്ചിരുന്നു (ലൂക്ക 9:28). ബാഹ്യലോകത്തുനിന്നും വിരമിച്ച് എവിടെയെങ്കിലുമിരുന്ന് രഹസ്യമായി ദൈവത്തെ സ്തുതിക്കുകയും പ്രാർഥിക്കുകയും ചെയ്യണമെന്ന ചിന്ത എന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു.[7] തന്നോടുകൂടി സഹിക്കുന്നവർക്ക് യേശു തന്റെ ഉദാരതയാൽ പ്രദാനം ചെയ്യുന്ന ശക്തിയും മഹത്വവും കാണിച്ചു തന്നുകൊണ്ട് എന്നെ തന്നിലേക്ക് മാടിവിളിച്ചു. യേശുവിനെ അടുത്തനുഗമിക്കാമെന്നും കൂടുതൽ നന്നായി ശുശ്രൂഷിക്കാമെന്നും ഞാൻ പ്രതിജ്ഞ ചെയ്തു.[8]

തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നതിനും ഈ കാലയളവിൽ ഊക്കനച്ചൻ പരിശ്രമിക്കുകയുണ്ടായി. ഈശോയുടെ തിരുഹൃദയത്തിന്റെ അഭിലാഷങ്ങൾക്കനുസരിച്ച് സമൂഹജീവിതം നയിക്കുന്നതിനായി വൈദികരുടെ ഒരു സംഘടന രൂപീകരിക്കണമെന്ന ആശയം ഈ ദിവസങ്ങളിൽ എന്നിലുദിച്ചു. വി. ഫ്രാൻസീസ് സാലസും വി. കൊച്ചുത്രേസ്യയും അഭ്യസിച്ച തിരുഹൃദയഭക്തി ഞാനും അഭ്യസിക്കണം.[9]

കോളേജ് മാനേജരായിരിക്കുമ്പോൾ കോളേജിനോടു ചേർന്നുള്ള ഒരു കെട്ടിടത്തിൽ അദ്ദേഹം ഒരു അനാഥാലയം നടത്തിയിരുന്നു. സിഎംസി സിസ്റ്റേഴ്സ് അദ്ദേഹത്തെ സഹായിച്ചിരുന്നു. കോട്ടപ്പടിയിലെ അനാഥാലയത്തിലുണ്ടായിരുന്നവർ സംരക്ഷണവും സുരക്ഷിതത്വവും ആവശ്യപ്പെട്ട് മെത്രാനച്ചനെ സമീപിച്ചപ്പോൾ അദ്ദേഹം അതിന്റെ ഉത്തരവാദിത്വം ഊക്കനച്ചനെയാണ് ഏൽപിച്ചത്. വൃദ്ധരായ മൂന്ന് സ്ത്രീകളും ഏഴ് കുട്ടികളും അനാഥാലയത്തിലുണ്ടായിരുന്നു. ഊക്കനച്ചനാണ് സാമ്പത്തികമായും അവരെ സഹായിച്ചിരുന്നത്. അദ്ദേഹം അനാഥാലയം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചു. കോട്ടപ്പടിയിൽ നിന്നുള്ള കൊമ്പൻ റോസയും അദ്ദേഹത്തെ സഹായിച്ചിരുന്നു. അവരും ഒരു അന്തേവാസി ആയിരുന്നു.[10]

ഈ കാലയളവിലും അദ്ദേഹം കുട്ടികളിൽ ദൈവമാതൃഭക്തി വളർത്തിയിരുന്നു. സൊഡാലിറ്റി സംഘടനയിലെ പെൺകുട്ടികൾക്കായി മാസത്തിൽ ഒരു സമ്മേളനം എന്റെ അധ്യക്ഷതയിൽ ആരംഭിക്കുകയും ഒരു മണിക്കൂർ പ്രാർഥനായോഗം നടത്തുകയും ചെയ്യും.[11]

1921 മുതൽ 1925 വരെയുള്ള കാലഘട്ടം ഊക്കനച്ചന്റെ വൈദിക ജീവിതത്തിലെ വലിയൊരു വഴിത്തിരിവായിരുന്നു എന്നു പറയാം. താൻ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു ലോകത്തിലേക്ക് അയക്കപ്പെട്ടിരിക്കുന്നതിന്റെ ലക്ഷ്യം ലോകത്തിൽ യേശുവിന്റെ പ്രവാചകദൗത്യം തുടരുന്നതിനാണെന്നും പഴയനിയമത്തിലെ ഗോത്ര പിതാക്കളുടെയും പ്രവാചകരുടെയും ദൈവവിളിപോലെ തന്റെ ദൈവവിളിയും സമൂഹത്തിന്റെ സമഗ്രമായ വിമോചനത്തിനു വേണ്ടി യാണെന്നും അദ്ദേഹം വിവേചിച്ചറിഞ്ഞു. ആ കാലഘട്ടത്തിൽ തിരു സഭയുടെ ആവശ്യവും അതുതന്നെയായിരുന്നു. തന്റെ അധികാരിയി ലൂടെ ദൈവം ഏൽപിച്ച ജോലി സ്തുത്യർഹമാംവിധം നിർവഹി ക്കുന്നതോടൊപ്പം ആത്മീയ ശാക്തീകരണത്തിലും പാവങ്ങളുടെ ഉദ്ധാരണത്തിലും അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. കാലത്തിന്റെ പൂർണ തയിൽ തന്റെ ദൗത്യനിർവഹണം ആരംഭിക്കാനാകുമെന്നും അദ്ദേഹം പ്രത്യാശിച്ചു. കോളേജിലെ ജോലി അവസാനിപ്പിച്ച് മിഷൻ പ്രവർത്ത നത്തിനായി പോകണമെന്ന ഊക്കനച്ചന്റെ ആഗ്രഹം പരിഗണിച്ച് 1925 നവംബർ മാസത്തിൽ അദ്ദേഹത്തെ മറ്റം പള്ളിവികാരിയായി നിയമിച്ചു.

---

**അടിക്കുറിപ്പുകൾ**

1. Lights from heaven., 6 September, 1924.
2. Ibid., 5 September, 1922.
3. Ibid., 23  August, 1923.
4. Ibid., 4 September, 1922, p. 347.
5. Ibid., 2 September, 1924.
6. Ibid., 1925, p. 354.
7. Ibid., 1925, p. 352.
8. Ibid., 1925, p. 354.
9. Ibid., 1925, p. 354.
10. Thrissur Sacred Heart CMC Convent Chronicle, pp. 47-48.
11. Lights from heaven., 4 September, 1922, p. 346.



## മറ്റം പള്ളി വികാരി 1925 നവംബർ – 1928


മറ്റം പള്ളി

ഊക്കനച്ചൻ മറ്റം ഇടവകയിൽ വളരെ സ്തുത്യർഹമായ വിധത്തിൽ അജപാലന ശുശ്രൂഷ ചെയ്തു. ഇടവകയുടെയും പ്രദേശത്തിന്റെയും ആത്മീയവും ഭൗതികവും സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചക്കും പുരോഗതിക്കുമായി അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. മറ്റത്തിൽ ഒരു മഠം ആരംഭിക്കുന്നതിനുള്ള ഊക്കനച്ചന്റെ പരിശ്രമങ്ങളോട് FCC യുടെ അധികാരികൾ സഹകരിച്ചപ്പോൾ ഇടവകയുടെ ആധ്യാത്മികാഭിവൃദ്ധിക്കിടയാക്കിയ ക്ലാരമഠം അവിടെ സ്ഥാപിതമായി.[1] പെൺകുട്ടികളുടെ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനായി നിലവിലുണ്ടായിരുന്ന സ്കൂൾ ഏറ്റെടുക്കുന്നതിനും മതബോധനം സജീവമാക്കുന്നതിനുമായാണ് ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ ശാഖാഭവനം അദ്ദേഹം ആരംഭിച്ചത്.[2] അതിനാവശ്യമായ എല്ലാ കത്തിടപാടുകളും അദ്ദേഹം നടത്തുകയും ചെയ്തു.[3] ബാലികാബാലന്മാർക്കായി അദ്ദേഹം മരിയൻ സൊഡാലിറ്റി സ്ഥാപിച്ച്[4] ദൈവമാതൃഭക്തിയിൽ അവരെ വളർത്തി. ദൈവമാതാവിനെ ബഹുമാനിക്കുന്നവർക്ക് ഈശോ പ്രതിസമ്മാനം നൽകുമെന്ന പ്രത്യാശ നൽകിക്കൊണ്ട് അദ്ദേഹം ആബാലവൃദ്ധം ജനങ്ങളെയും മറിയം വഴി ഈശോയിലേക്കാനയിച്ചു. പാപിക്കും പുണ്യവാനും ഒന്നുപോലെ ശരണത്തോടെ അടുത്തുചെല്ലാവുന്ന ഒരമ്മയാണ് മറിയം. അവളിൽ അഭയം പ്രാപിച്ചാൽ പാപിയും സ്വർഗീയ തുറമുഖത്ത് ചെന്നെത്തും.[5] കുടുംബപ്രാർഥന മുടക്കം കൂടാതെ നടത്തണമെന്ന് അദ്ദേഹം ഉപദേശിച്ചു.

വിശ്വാസികൾക്ക് സൗകര്യപൂർവം ദിവ്യബലിയിൽ സംബന്ധിക്കുന്നതിനായി കൂനംമൂച്ചിയിൽ ദേവാലയം പണിയുന്നതിന് താൽപര്യമെടുത്തു.[6] ദേവാലയ ജീവനക്കാരുടെ വേതനം വർധിപ്പിച്ചതിലൂടെ[7] അദ്ദേഹത്തിന്റെ നീതിബോധമാണ് പ്രകടമായത്. ഇടവകയുടെ സാമ്പത്തിക ഭദ്രതക്കായി വ്യക്തമായ നിയമസംഹിതയോടുകൂടി അദ്ദേഹം കുറി നടത്തിയിരുന്നു.[8] അനുദിന ദിവ്യബലി

സജീവമാക്കുന്നതിനായി അദ്ദേഹം ഗായകസംഘം രൂപീകരിക്കുകയും സംഗീതോപകരണങ്ങൾ പരിശീലിപ്പിക്കുകയും ചെയ്തു.[9]

തന്റെ അജഗണത്തെ വ്യക്തിപരമായി അറിയുന്നതിനും മാർഗ ഭ്രംശം സംഭവിച്ചവരെ സത്പനഥാവിലേക്ക് കൊണ്ടുവരുന്നതിനുമായി അദ്ദേഹം ഓരോ കുടുംബവും കയറിയിറങ്ങി. കുടുംബങ്ങളുടെ സമാധാനപരമായ നിലനിൽപിനായി വളരെയധികം അധ്വാനിച്ച അദ്ദേഹം അവരുടെ സുഹൃത്തായി മാറി.[10] യാത്രാസൗകര്യം വർധിപ്പിക്കുന്നതിനായി റോഡ് നിർമിച്ചതും ഊക്കനച്ചനാണ്.[11] രേഖാലയം വൃത്തിയായും ഭംഗിയായും ചിട്ടയായും ക്രമപ്പെടുത്തി. ആളൂർ സ്കൂളിന്റെ മൂന്നാമത്തെ മാനേജരായിരുന്നു ഊക്കനച്ചൻ.

തികഞ്ഞ ആധ്യാത്മികതയുടെ അടയാളങ്ങൾ അദ്ദേഹത്തിൽ ദൃശ്യമായിരുന്നു. സന്യാസ, വൈദിക ദൈവവിളികൾ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ബഹു. മലാക്കിയാസച്ചനും യൂസ്തൂസ് അച്ചനും CMI സഭയിൽ ചേരുവാൻ ശ്രമിച്ചപ്പോൾ അവർക്ക് നേരിടേണ്ടിവന്ന പ്രതിസന്ധികളെ തരണം ചെയ്യുവാൻ ഊക്കനച്ചൻ മുന്നോട്ടുവരികയും ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്തു.[12]

യാക്കോബായസഭ അതിവേഗത്തിൽ പ്രചരിക്കുന്നതുകണ്ട് തിരുസഭയുടെ ആ അരുമസന്താനം ഉത്കണ്ഠാകുലനായി. കുന്ദംകുളം കേന്ദ്രമാക്കിയായിരുന്നല്ലൊ അവർ പ്രവർത്തിച്ചിരുന്നത്. സഭാമക്കൾ പോലും സത്യവിശ്വാസം ഉപേക്ഷിക്കുമോ എന്നു ഭയന്ന അദ്ദേഹം അന്നത്തെ തൃശൂർ രൂപതാധ്യക്ഷനായിരുന്ന ഡോ. ഫ്രാൻസീസ് വാഴപ്പിള്ളി തിരുമേനിയെ വിവരം അറിയിച്ചു. യാക്കോബായ കേന്ദ്രമായ കുന്ദംകുളത്ത് കത്തോലിക്ക കന്യകാസ്ത്രീകൾക്കായി ഒരു മഠവും ഒരു പ്രൈമറിസ്കൂളും ആരംഭിക്കുകയാണെങ്കിൽ സഭയുടെ പ്രവർത്തനം ഊർജിതപ്പെടുത്താനാവും എന്ന് ആ പാവനാത്മാവു വിശ്വസിച്ചു. അദ്ദേഹം നിരന്തരമായി സമ്മർദം ചെലുത്തിയതിന്റെ ഫലമായി കർമലീത്ത സന്യാസിനി സമൂഹത്തിന്റെ ഒരു ശാഖാഭവനം 1926-ൽ കുന്ദംകുളത്ത് (ചിറളയം) ആരംഭിച്ചു. നാലു കന്യകാസ്ത്രീകളാണ് ആരംഭത്തിൽ അവിടെ ഉണ്ടായിരുന്നത്. മഠത്തിന്റെ പ്രാരംഭ ദശയിൽ ധാരാളം ബുദ്ധിമുട്ടുകളും യാക്കോബായ സമ്മർദവും ഉണ്ടായിരുന്നതിനാൽ അന്നു മറ്റത്തിൽ വികാരിയായിരുന്ന ഊക്കനച്ചൻ കുന്ദംകുളത്തുചെന്നു കന്യകാസ്ത്രീകളെ സഹായിക്കുകയും ബുദ്ധിമുട്ടുകളിൽ ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു. 1927-ൽ ചിറളയത്ത്

സ്കൂൾ കെട്ടിടത്തിനു കല്ലിട്ടു. ഈ കർമത്തിലും മറ്റം പള്ളിവികാരിയായിരുന്ന ഊക്കനച്ചൻ സന്നിഹിതനായിരുന്നു. മഠം, ലോവർ പ്രൈമറി സ്കൂൾ, വൈദിക മന്ദിരം എന്നിവയുടെ നിർമാണം പൂർത്തീകരിക്കുകയും സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.[13]


പുരോഹിതൻ, പ്രവാചകൻ, നായകൻ എന്നീ നിലകളിൽ അദ്ദേഹം തന്റെ അജഗണങ്ങളുടെ സ്വന്തമായി മാറി. മറ്റം ഇടവകയുടെ സർവതോന്മുഖമായ വളർച്ചക്കായി അക്ഷീണം പ്രയത്നിച്ച ഊക്കനച്ചന് ജനഹൃദയങ്ങളിൽ ലഭിച്ച അംഗീകാരം വളരെ വലുതായിരുന്നു. ഈയവസരത്തിലും ആത്മാക്കളെ രക്ഷിക്കുന്നതിനായി കൂടുതൽ യത്നിക്കണം, കൂടുതൽ സമയം ചെലവഴിക്കണം എന്ന ചിന്ത അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു.

ദൈവം എന്നെ നിത്യനരകാഗ്നിയിൽ നിന്നും വിമുക്തനാക്കിയതിന്റെ സ്മാരകമായി നിത്യശിക്ഷയ്ക്ക് അർഹമായിക്കഴിയുന്ന ആത്മാക്കളെ രക്ഷിക്കണമെന്ന തീവ്രമായ ചിന്ത എന്നെ അലട്ടി. ഗത്സെമൻ തോട്ടത്തിലെ യേശുവിന്റെ പ്രാണവേദന നന്നായും വ്യക്തമായും എനിക്കു മനസ്സിലായി. ദൈവപുത്രൻ കുരിശു ചുമലിലേറ്റുന്നതിനും ഇടറിവീഴുന്നതിനും മനുഷ്യരുടെ പാപത്തോടുള്ള തൃഷ്ണ കാരണമാക്കുന്നു... പാപത്തിന്റെ മണൽക്കൂന!! ആത്മാക്കൾക്കു വേണ്ടി ജോലി ചെയ്യുന്നതിനുള്ള പ്രചോദനം എനിക്കു ലഭിച്ചു. അങ്ങനെ പീഡാസഹനംകൊണ്ട് പിളർക്കപ്പെട്ട ഹൃദയത്തിന്റെ ഫലങ്ങൾ അനേകായിരങ്ങൾക്കു ലഭിക്കുവാനിടയാകട്ടെ. നിസ്സാര ശുശ്രൂഷകൾക്കുപോലും പ്രതിഫലം നൽകുന്നതിൽ വിശ്വസ്തനായ ദൈവത്തിന്റെ ഉപരി മഹത്വത്തിനായി പ്രയാസമുള്ള ജോലികൾ പോലും ചെയ്യണമെന്നുള്ള അഭിവാഞ്ഛ എന്നിൽ ഉദയംകൊണ്ടു.[14] അതുകൊണ്ട് വേദപ്രചാര വേലക്കായി പോകുവാൻ അനുവദിക്കണമെന്ന അപേക്ഷ രൂപതാധ്യക്ഷന് സമർപ്പിച്ചു.[15]

ഊക്കനച്ചന്റെ ചിരകാല സ്വപ്നം അന്വർഥമാകും വിധം മറ്റം ഇടവകയിൽ നിന്നും രൂപതയുടെ മിഷൻ പ്രദേശമായ ചൊവ്വന്നൂർക്ക് 1928 ജനുവരി 28-ാം തീയതി അദ്ദേഹം സ്ഥലം മാറിപ്പോയി.[16] ഊക്കനച്ചന്റെ ജീവിതവും ശുശ്രൂഷകളും 1928 മുതൽ മരണംവരെ (1956) കുന്ദംകുളവും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ചായിരുന്നു.

## അടിക്കുറിപ്പുകൾ

1. Souvenir Adaranjali., p. 21.
2. Mattom Assumption Franciscan Clarist Convent, Chronicle vol. 1, p. 25.
3. Mattom Assumption Franciscan Clarist Convent, Chronicle vol. 1, p. 25.
4. Souvenir Adaranjali., p. 21.
5. Lights from heaven., p. 71, 206.
6. Mattom Parish Pallioyagam, 1 May 1927, p. 200.
7. Mattom Parish Pallioyagam, 9 January 1927, p. 194.
8. Mattom Parish Pallioyagam, 23 January 1927, p. 195.
9. Mattom Parish Pallioyagam, 7 November 1926, p. 190.
10. Souvenir Adaranjali., p. 21.
11. Mattom Assumption Franciscan Clarist Convent, Chronicle vol. 1, p. 27.
12. Souvenir Adaranjali., pp. 38-39.
13. Chiralayam Holy Child CMC Convent, Chronicle, Book No. 1 vol. 1, pp. 24-26.
14. Lights from heaven., pp. 355-357.
15. Mattom Assumption Franciscan Clarist Convent, Chronicle vol. 1, p. 57.
16. Priests' Appointment Register - 1928.



റൈ. ബ. ഏ. ജെ. ഊക്കൻ അച്ചൻ അവർകളുടെ

ഷഷ്ടിപൂർത്തിമഹോത്സവത്തിൽ

മംഗളപത്രം.

വന്ദ്യദിവ്യശ്രീമൻ,

ആളൂർ,
6-8-'116.

മംഗളപത്രം, ആളൂർ



ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയം (പഴയത്)

# 15

# അജപാലന ശുശ്രൂഷ രണ്ടാംഘട്ടം ഒരു മിഷണറി

1928 ജനുവരിയിൽ വേദപ്രചാര പ്രവർത്തനങ്ങൾക്കായി ഊക്കനച്ചന് ചൊവ്വന്നൂർക്ക് സ്ഥലം മാറ്റം ലഭിച്ചു. തൃശൂർ പട്ടണത്തിൽ നിന്നും ഇരുപത് കിലോമീറ്റർ അകലെ, വടക്കെ അതിർത്തിയിൽ, കുന്ദംകുളത്തിനടുത്ത് സ്ഥിതി ചെയ്യുന്ന ചെറിയൊരു ഗ്രാമം. സാംസ്കാരികം, സാമ്പത്തികം, ആധ്യാത്മികം, സാന്മാർഗികം എന്നീ തലങ്ങളിൽ വളരെ ശോചനീയാവസ്ഥ അവിടെ നിലനിന്നിരുന്നു. യാക്കോബായ സമൂഹത്തിന്റെ ഈറ്റില്ലമായിരുന്നു ഈ പ്രദേശം. ദരിദ്രർ തിങ്ങിപ്പാർത്തിരുന്ന അതിർത്തിയിലെ ഒരു ഗ്രാമം. ജാതിവ്യവസ്ഥ അതിരൂക്ഷമായിരുന്നു. താഴ്ന്ന ജാതിയിലുൾപ്പെട്ടിരുന്ന അനേകർ ഇവിടെയുണ്ടായിരുന്നു. ഇത് രൂപതയുടെ മിഷൻ പ്രദേശമായി കണക്കാക്കപ്പെട്ടിരുന്നു. സെന്റ് തോമസ് കോളേജ് മാനേജരായിരിക്കുമ്പോൾത്തന്നെ അവിടെ പോയി മിഷൻ പ്രവർത്തനത്തിൽ വ്യാപൃതനാകുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു.

ഡയറി പറയുന്നതിങ്ങനെ: നമ്മുടെ രൂപതാധ്യക്ഷന്റെ അനുമതിയോടുകൂടി ഞാൻ ഒരു സന്യാസ സമൂഹത്തിൽ പ്രവേശിക്കുകയോ, ഒരു എളിയ ജോലി സ്വീകരിക്കുകയോ ചെയ്യും. സന്യാസ വൈദികനാകുവാനുള്ള അനുമതി നിഷേധിക്കുകയാണെങ്കിൽ കുന്ദംകുളം സർക്കാർ ആശുപത്രിക്കടുത്ത് പ്രായമായവർക്കും

രോഗികൾക്കുമായി ഒരു ഭവനം ആരംഭിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ ദിവ്യബലിയും മറ്റു ശുശ്രൂഷകളും സ്ഥിരമായി നടത്തുകയും വേണം. അങ്ങനെ പാഷണ്ഡകരിൽ നിന്നും രക്ഷിക്കണം.[1]

## ചൊവ്വന്നൂർ പള്ളി വികാരി 1928 ജനു. 28–1954

അന്നൊരു ശനിയാഴ്ചയായിരുന്നു. സമയം സായംസന്ധ്യ, ചൊവ്വന്നൂർ പള്ളിയിലേക്ക് കാന്തിക വ്യക്തിത്വമുള്ള ഒരു വന്ദ്യവൈദികൻ കടന്നു വരുന്നു. അന്തരീക്ഷത്തിലാകെ ഒരു മഹനീയ ശോഭയുടെ കളിയാട്ടം. അതേ! ചൊവ്വന്നൂരിൽ ക്രിസ്തീയ ചൈതന്യത്തിന്റെ നവ്യപ്രകാശം പരത്തുവാൻ ഇടവക വികാരിയായി കടന്നുവന്ന ബഹു. ജോൺ ഊക്കനച്ചന്റെ ഔദ്യോഗിക ആഗമനമായിരുന്നു അത്.[2]


സെന്റ് തോമസ് പള്ളി, ചൊവ്വന്നൂർ

ചൊവ്വന്നൂർ സെന്റ് തോമസ് പള്ളി സ്ഥാപിതമായത് 1892-ൽ ആണ്. മേലൂസ് ശീശ്മക്ക് അടിപ്പെട്ട ഒരു ദേവാലയമായിരുന്നു അത്. അക്കാലത്ത് ചൊവ്വന്നൂർ ഇടവകപ്പള്ളിയിൽ ഞായറാഴ്ച മാത്രമെ വി. കുർബാന അർപ്പിക്കപ്പെട്ടിരുന്നുള്ളു. കുർബാനയിൽ സംബന്ധിക്കുവാൻ ഇടവകജനങ്ങളിൽ പലരും ചിറളയം പള്ളിയിലേക്ക് പോവുകപതിവായിരുന്നു. ഈ രണ്ട് പള്ളികളും അക്കാലത്ത് ഒരു വികാരിയുടെ കീഴിലായിരുന്നു. ഊക്കനച്ചൻ ചൊവ്വന്നൂർ വികാരിയായി നിയമിതനായപ്പോൾ ആ പള്ളിയുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. ഓലമേഞ്ഞ ഒരു ഷെഡ്, മണ്ണുകൊണ്ടു പണിതുയർത്തിയ ഭിത്തി, ചാണകം മെഴുകിയ തറ. വി. കുർബാന അർപ്പിക്കുന്നതിനുതകുന്ന അൾത്താരയോ,



ജനങ്ങൾക്ക് ദിവ്യബലിയിൽ പങ്കുകൊള്ളുന്നതിനു വേണ്ട സ്ഥല സൗകര്യങ്ങളോ, പള്ളിയിലേക്ക് നടന്നെത്തുന്നതിനുവേണ്ട വഴിയോ അക്കാലത്തുണ്ടായിരുന്നില്ല. ഇയ്യാൽ, അയ്യംപറമ്പ്, പാറേമ്പാടം, പോർക്കുളം, കുണ്ടന്നൂർ, വെള്ളറക്കാട് എന്നീ കരകളിൽപ്പെട്ടവരെല്ലാം ചൊവ്വന്നൂർ ഇടവകക്കാരായിരുന്നു. ഇടവകപ്പള്ളിയുമായി അകന്നബന്ധം പുലർത്തുവാനേ അവർക്കന്ന് സാധ്യമായിരുന്നുള്ളു.[3]

ദേവാലയത്തിന്റെ അനുദിന ചെലവുകൾ വഹിക്കുന്നതിനോ, കുർബാനക്കുള്ള വീഞ്ഞ്, കുന്തുരുക്കം മുതലായവ വാങ്ങുന്നതിനോ, വികാരിയച്ചന് അലവൻസ് നൽകുന്നതിനോ, 1% തെരട്ടു ഫീസ് നൽകുന്നതിനോ ഉള്ള സാമ്പത്തികശേഷി പള്ളിക്കില്ലായിരുന്നു[4]. 1913-ൽ നാലുമാസം ഊക്കനച്ചൻ ചിറളയം, ചൊവ്വന്നൂർ പള്ളികളുടെ വികാരിയായിരുന്നു.[5] കുന്ദംകുളത്തും പരിസരത്തുമുള്ള കത്തോലിക്ക സമൂഹങ്ങളുടെ ദയനീയാവസ്ഥയെപ്പറ്റിയുള്ള വ്യക്തമായ അറിവോടുകൂടിയാണ് അദ്ദേഹം ചൊവ്വന്നൂർ എത്തിയത്.


താൻ വിഭാവനം ചെയ്ത ദൗത്യനിർവഹണത്തിനു വേദി കണ്ടെത്തി എന്നദ്ദേഹത്തിനു തോന്നി. കാലതാമസംവിനാ കർമ ഭൂമിയിലേക്കിറങ്ങുന്നതിനു മുമ്പ് തന്റെ തീരുമാനങ്ങളെല്ലാം അമ്മയെ അറിയിച്ച് അമ്മയുടെ അനുഗ്രഹാശിസ്സുകൾ വാങ്ങി. അന്ന് മാതാവിനു പ്രതിഷ്ഠിതമായ ദിവസവുമായിരുന്നല്ലോ. സ്നേഹത്തിലും, സമത്വത്തിലും, നീതിയിലും അധിഷ്ഠിതമായ പുതിയ യുഗത്തിനായി വാദിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വിമോചകനായ പ്രവാചകനായി അദ്ദേഹം തന്റെ അജഗണങ്ങളുടെയിടയിലേക്ക് ഇറങ്ങിച്ചെന്നു. മനുഷ്യനെ മനുഷ്യൻ സ്നേഹിക്കാത്ത അടിമത്ത വ്യവസ്ഥിതിയിലേയ്ക്ക് മോചനത്തിന്റെ പുത്തൻ ചാലുകളിലൂടെ സ്നേഹത്തിന്റെ പതഞ്ഞൊഴുകുന്ന പ്രവാഹത്തെ ഒഴുക്കിക്കൊണ്ട് തന്റെ ദൈവവിളി തന്റെതന്നെ സുസ്ഥിതിക്കുവേണ്ടിയല്ല മറിച്ച്, മറ്റുള്ളവരുടെ സേവനത്തിനു വേണ്ടിയാണെന്ന് അദ്ദേഹം തെളിയിച്ചു. സാമൂഹ്യാനീതികളിൽ ധാർമികരോഷം കൊള്ളുകയും മർദിതനും ചൂഷിതനും വേണ്ടി നിലകൊള്ളുകയുമായിരുന്നല്ലോ പ്രവാചകദൗത്യം. നീതിക്കുവേണ്ടി നിലകൊള്ളുവാനും സത്യത്തെയും സ്വാതന്ത്ര്യത്തെയും ജീവിതത്തിലൂടെ പകർന്നുകൊടുക്കുവാനും അദ്ദേഹം മാതൃകയായി സ്വീകരിച്ചത് കരയുന്നവരുടെയും വേദനിക്കുന്നവരുടെയും ദുഃഖത്തിൽ പങ്കുകൊണ്ട ക്രിസ്തുവിനെയാണ്. പാവപ്പെട്ടവർക്കും ചൂഷിതർക്കും ആശ്രയമായിരുന്ന ക്രിസ്തുവിനെപ്പോലെ ലോകത്തിൽ

ദൈവത്തിന്റെ പ്രതിരൂപമായി നിലകൊണ്ട് മാനവരാശിക്ക് വിമോചനം പകർന്നുകൊടുക്കുവാൻ, ദരിദ്രനെ ബന്ധിച്ചിരിക്കുന്ന ചങ്ങലകൾ വിച്ഛേദിക്കുവാൻ, ആദിമ ക്രൈസ്തവ സമൂഹങ്ങളെപ്പോലെ സ്നേഹത്തിലധിഷ്ഠിതമായ സമൂഹം പടുത്തുയർത്തുവാൻ അദ്ദേഹം തന്റെ കർമഭൂമിയിലേക്കിറങ്ങി. വിഭാഗീയചിന്തകൾ മാറ്റി ക്രിസ്തുവിൽ നവജീവിതം നയിക്കുന്നതിന് എല്ലാവരേയും പ്രാപ്തരാക്കിക്കൊണ്ട് (ഗലാ. 3:27–28) മനുഷ്യ-മനുഷ്യബന്ധവും, മനുഷ്യ-ദൈവബന്ധവും അപ്രാപ്യമായതല്ലെന്ന് അദ്ദേഹം വ്യക്തമാക്കി. തൃശൂർ രൂപതയിലെ ഏറ്റവും അവികസിത പ്രദേശമായിരുന്ന ചൊവ്വന്നൂരിനെ എല്ലാ തലങ്ങളിലും വികസിപ്പിച്ചെടുത്ത് ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ച ഒരു ജനതതിയെ വാർത്തെടുക്കുവാൻ അദ്ദേഹം കഠിനാധ്വാനം ചെയ്തു. 1928 ഏപ്രിൽ 6-ാം തീയതി രൂപതാധ്യക്ഷന്റെ അനുമതിയോടു കൂടി അദ്ദേഹം പള്ളിയിൽ കുരിശിന്റെ വഴി സ്ഥാപിച്ചു.[6] മറ്റുള്ളവരുടെ നന്മയിൽ അതീവതല്പരനായിരുന്ന, അവരുടെ വളർച്ചമാത്രം ആഗ്രഹിച്ചിരുന്ന ഊക്കനച്ചൻ അന്ന് സമൂഹത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങളും അനീതിയുമെല്ലാം നീക്കംചെയ്ത്, ജാതിമതഭേദമെന്യേ, എല്ലാവരിലും സ്നേഹം സംജാതമാക്കുവാൻ കരുണാർദ്രതയോടെ പ്രവർത്തിച്ചു. അതിനായി അദ്ദേഹം ആസൂത്രണം ചെയ്ത കർമപരിപാടിയായിരുന്നു കുടുംബസന്ദർശനം.

---

### അടിക്കുറിപ്പുകൾ

1. Lights from heaven., 4 September 1922, pp. 345, 346.
2. Souvenir Adaranjali., p. 53.
3. Souvenir Adaranjali., p. 53.
4. Letter to Curia 1935.
5. Archives of Thrissur Archeparchy, Chowannur 1913, f. 1.
6. Archives of Thrissur Archeparchy, Chowannur 1913, f. 1.


May it please your Excellency.
I humbly beg to be allowed to erect the way of the cross in the Convent, Chowannur.
I shall report it after canonical erection.
Begging your Excellency's blessing
Obediently [illegible]
Chaplain
Chowannur 7.1.'47.

To
Rev. Chaplain, Convent, Chowannur.
Your request to erect the "Way of the Cross" is sanctioned. You have to report it after erection.
Bishop's House, Trichur, 7-1-47.

Permission, to erect the way of the cross

## കുടുംബപ്രേഷിതൻ

തന്റെ ആടുകളെ വ്യക്തിപരമായറിയുകയും കൂട്ടം തെറ്റി ഓടുന്നവയെ അന്വേഷിച്ചിറങ്ങുകയും ചെയ്യുന്നവനാണല്ലോ നല്ല ഇടയൻ. തന്റെ അജഗണങ്ങളുമായി വ്യക്തിപരമായ ബന്ധം പുലർത്തുന്നതിനും ആദിമ ക്രിസ്ത്യാനികളെപ്പോലെ സ്നേഹത്തിന്റെ ചങ്ങല കൊണ്ട് അവരെ ബന്ധിപ്പിക്കുന്നതിനുമായി സ്നേഹത്താൽ തുടിക്കുന്ന ഒരു ഹൃദയവുമായി ഊക്കനച്ചൻ അവരിലേക്ക് ഇറങ്ങിച്ചെന്നു. ജാതി മതഭേദമെന്യേ, കുചേലകുബേര വ്യത്യാസമില്ലാതെ, പാമരനെന്നോ പണ്ഡിതനെന്നോ ഉള്ള പരിഗണനയില്ലാതെ അദ്ദേഹം എല്ലാ വീടുകളും സന്ദർശിച്ചു. അങ്ങനെ ഒരു കുടുംബത്തിന്റെ മാത്രം നാഥനാവാതെ, അദ്ദേഹം എല്ലാവരുടെയും പിതാവായി മാറി. ഉപദേശങ്ങൾ നൽകിയും, ബുദ്ധിമുട്ടുകളിൽ സഹായിച്ചും, പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയും, ആത്മീയ വളർച്ച ത്വരിതപ്പെടുത്തിയും അദ്ദേഹം അവർക്കാവശ്യമായ സഹായങ്ങൾ നൽകി. കുടുംബങ്ങളുടെ സമഗ്ര വികസനം അതാണ് കുടുംബസന്ദർശനംകൊണ്ട് അദ്ദേഹം ലക്ഷ്യമാക്കിയത്. വചനം സ്വീകരിച്ച മറിയം, വചനത്തിനായി ജീവിച്ചു. അത് പകർന്നുകൊടുക്കുവാനായി ബുദ്ധിമുട്ടുകളും പ്രതികൂല സാഹചര്യങ്ങളുമെല്ലാം തൃണവൽഗണിച്ചുകൊണ്ട് ത്വരിതഗതിയിൽ മറിയം പുറപ്പെട്ടു. എലിസബത്തിനെ അവളുടെ ആവശ്യങ്ങളിൽ സഹായിച്ചുകൊണ്ട് ആ കുടുംബത്തെ വചനാധിഷ്ഠിത ജീവിത മാതൃകയിലൂടെ സമ്പന്നമാക്കി. ഇതുപോലെയൊരു വ്യതിയാനം താൻ സന്ദർശിക്കുന്ന ഓരോ കുടുംബത്തിലുമുണ്ടാകണമെന്ന് അദ്ദേഹം നിഷ്കർഷവച്ചിരുന്നു.[1] അതേ, താൻ സന്ദർശിക്കുന്നവരെയും, തന്നെ സന്ദർശിക്കുന്നവരെയും ഈ സംസാരസാഗരത്തിൽനിന്ന് സ്വർഗമാകുന്ന മറുകരയിലെത്തിക്കുവാൻ സാധിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അതിനനുയോജ്യമായ തീർഥങ്ങൾ അതായത് ജ്ഞാനം, ക്ഷമ, ഇന്ദ്രിയനിഗ്രഹം, സർവഭൂതദയ, സത്യം, ആർജവം, ദാനം, ദമം, സന്തോഷം എന്നിവ അദ്ദേഹത്തിൽ സുലഭമായിരുന്നു. പാവപ്പെട്ടവരോടും വേദനിക്കുന്നവരോടും അദ്ദേഹത്തിന് പ്രത്യേക പരിഗണനയുണ്ടായിരുന്നു. സ്വന്തം ആവശ്യങ്ങൾ അവഗണിച്ചുപോലും മറ്റുള്ളവരുടെ ആവശ്യങ്ങൾ അദ്ദേഹം കണ്ടറിഞ്ഞു. അവശരുടെയും വിവശരുടെയും വിളി ഉടനുടൻ ചെവിക്കൊണ്ടിരുന്ന ഊക്കനച്ചൻ എപ്പോഴും അവർക്ക് സംലഭ്യനുമായിരുന്നു. സാധുജനങ്ങളോട് കരുണകാണിച്ചും, നിരാശ്രയരായ സ്ത്രീജനങ്ങൾക്ക്

അഭയം നൽകിയും, അനേകർക്ക് സ്വീകാര്യമായ ആത്മീയോപദേശങ്ങൾ നൽകിയും അദ്ദേഹം ജനഹൃദയങ്ങളിൽ പ്രതിഷ്ഠ നേടി. അതുകൊണ്ട് ഇടവകാംഗങ്ങൾ തമ്മിലുള്ള പല വഴക്കുകളും, നാട്ടുകാരുടെ ഇടയിലെ സങ്കീർണമായ പല പ്രശ്നങ്ങളും, തന്റെ മധ്യസ്ഥതയിൽ രമ്യമായി പരിഹരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

കുടുംബപരമായ വഴക്കുകളും പ്രശ്നങ്ങളും പരിഹരിക്കുവാൻ ജനം അദ്ദേഹത്തെ സമീപിച്ചിരുന്നു. അദ്ദേഹം നീതിമാനാണെന്നും നീതിമാത്രമേ പ്രവർത്തിക്കുകയുള്ളു എന്നും ജനത്തിനറിയാമായിരുന്നു. ഇയ്യാൽ ഗ്രാമത്തിലെ എടക്കളത്തൂർ ഇ.വി. ഫ്രാൻസീസിന്റെ വാക്കുകൾ: ഹിന്ദുക്കളുടെ കുടുംബങ്ങളിൽപോലും കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അവസാനത്തെ വാക്ക് ഊക്കനച്ചന്റേതായിരുന്നു. കുടുംബ സ്വത്ത് വിഭജനം നായർ കുടുംബങ്ങളിൽ വലിയ പ്രശ്നമായിരുന്നു. ഊക്കനച്ചൻ നീതിക്കുവേണ്ടി നിലകൊണ്ടു. അദ്ദേഹത്തിന് അതിന് പ്രത്യേക കഴിവുണ്ടായിരുന്നു.[2] തന്റെ തറവാട് സ്വത്തു വിഭജനത്തിലുണ്ടായ പ്രശ്നങ്ങളിൽ മുൻവികാരിയായിരുന്ന ഊക്കനച്ചൻ എങ്ങനെ ഇടപെട്ടു എന്ന് മാർ പോൾ ചിറ്റിലപ്പിള്ളി വിവരിക്കുന്നതിങ്ങനെ: ഞാൻ ജനിക്കുന്നതിനുമുമ്പ് എന്റെ ഇടവകയിൽ ഊക്കനച്ചൻ വികാരിയായി അഞ്ചുവർഷം ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഞാൻ ഒരു വിദ്യാർഥിയായിരിക്കുമ്പോൾ അദ്ദേഹത്തെ കാണുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. അദ്ദേഹം ചൊവ്വന്നൂർ വികാരിയായിരിക്കുമ്പോൾ ഇരുപത്തിയഞ്ച് വർഷങ്ങൾക്കുശേഷം ഒരു കുടുംബ സുഹൃത്തിനെപ്പോലെ എന്റെ വീട് സന്ദർശിക്കുകയും കുടുംബസമാധാനം നിലനിർത്തുവാൻ പരിശ്രമിക്കുകയും ചെയ്തു.[3]


കുടുംബപ്രേഷിതത്വത്തെപ്പറ്റിയുള്ള ഇന്നത്തെ പഠനം മുൻകൂട്ടിക്കണ്ട ആ ക്രാന്തദർശി എല്ലാ കുടുംബങ്ങളും സന്ദർശിക്കണമെന്നും പാവങ്ങൾക്ക് മുൻഗണന നൽകണമെന്നും[4] പറഞ്ഞുവച്ചു.

കുടുംബം നന്നായാൽ ഇടവകയും സമുദായവും നന്നാകുമെന്നും ഇടവകയുടെ അടിസ്ഥാനഘടകം കുടുംബമാണെന്നും അദ്ദേഹത്തിനറിയാമായിരുന്നു. തന്റെ മക്കളും ഈ പ്രേഷിതവേല തുടർന്നുകൊണ്ടുപോകണമെന്ന് അദ്ദേഹം അഭിലഷിക്കുകയും അതിനാവശ്യമായ പരിശീലനങ്ങൾ പ്രാരംഭദശയിൽത്തന്നെ നൽകുകയും ചെയ്തു.[5] കുടുംബസന്ദർശനത്തിൽനിന്നും ലഭിച്ച അനുഭവസമ്പത്തിലൂടെ സമു

ദായത്തെയും ഗ്രാമത്തെയും ഉദ്ധരിക്കുവാൻ അദ്ദേഹം മുന്നോട്ടു വന്നു.

## അടിക്കുറിപ്പുകൾ

1. Lights from heaven., 10 May, 2, 8 July, 1903.
2. Oral Testimony., ff. 18-19, E V Francis, Edakkalathur, Eyyal.
3. Souvenir Adaranjali., p. 23.
4. Lights from heaven., December 1932.
5. Oral Testimony., Sr Bridget CSC.


Omnia pro Jesu per Mariam.

VICAR APOSTOLIC, No. 2317 23 DEC. 1909 TRICHUR.

1909

നിയമന പത്രിക, മൈനർ സെമിനാരി റെക്ടർ

## ഗ്രാമോദ്ധാരകൻ

ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് എല്ലാവരോടും സഹോദരബുധ്യാ പെരുമാറിയ ഊക്കനച്ചൻ അജ്ഞതയിലും, അന്ധകാരത്തിലും, അനാചാരത്തിലും, വിധി വിശ്വാസത്തിലും, ജാതിപ്പോരിലും കിടന്നുഴലുന്ന ഗ്രാമീണരെ ഉദ്ധരിക്കുവാൻ സ്നേഹത്തിന്റെ കൈത്തിരിയുമായി അവരുടെയിടയിലേയ്ക്കിറങ്ങിച്ചെന്നു. പറയന്മാരുടെ കോളനിയിലെ നിത്യസന്ദർശകനായിരുന്ന ഊക്കനച്ചൻ അവരുടെ ജിവിതനിലവാരം ഉയർത്തുന്നതിനായി അക്ഷീണം പ്രയത്നിച്ചു[1] എന്ന് പ്രൊഫസർ അമ്മാളു അനുസ്മരിക്കുന്നു. സമൂഹത്തിലെ ദുർബല വിഭാഗങ്ങളോടുള്ള കാരുണ്യവും നീതിബോധവും സ്നേഹവും ക്രൈസ്തവ ജീവിതശൈലിയുടെ മുഖമുദ്രയാണല്ലോ. തന്റെ വൈദികപരിശീലന കാലത്തുതന്നെ അദ്ദേഹം ഇതിനായി ഒരുങ്ങിയിരുന്നു: സംസ്കാരസമ്പന്നമായ ഈ ഭൂമുഖത്തുനിന്നും തെറ്റുകളും അശുദ്ധിയും ഒപ്പിമാറ്റണമേയെന്നും, ഭാരതത്തിലെ അവിശ്വാസികളിൽ നിന്നും അജ്ഞതയും അന്ധവിശ്വാസവും ദൂരീകരിക്കണമേയെന്നും പ്രാർഥിക്കുകയും അതിനായി പ്രയത്നിക്കാമെന്നു പ്രതിജ്ഞ ചെയ്യുകയും ചെയ്യുക.[2] വേദനയനുഭവിക്കുന്ന, അടിമത്തത്തിൽ കഴിയുന്ന–അത് ആത്മീയമോ ഭൗതികമോ ആയിരുന്നാലും–ജനതതിക്കു വേണ്ടി അദ്ദേഹം എക്കാലവും പ്രാർഥിച്ചിരുന്നു; അവരെ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു കൊണ്ടുവരുവാൻ പ്രയത്നിച്ചുമിരുന്നു. വടക്കെ ആഫ്രിക്കയിലെ സങ്കരവർഗത്തിൽപെട്ട നീഗ്രോവംശജരുടെ പീഡനങ്ങൾക്കു വിധേയരായ ക്രിസ്ത്യാനികളായ അടിമകളിൽ അലിവു തോന്നിയ പരി. അമ്മ, പീറ്റർ നൊളാസെസ്, റൈമണ്ട് പെന്റാഫോർട്ട്, അരാഗൺ രാജാവ് എന്നിവർക്കു പ്രത്യക്ഷപ്പെട്ട് സ്ഥാനഭ്രഷ്ടരാകേണ്ടിവന്നാൽപോലും അടിമകളെ രക്ഷിയ്ക്കുന്നതിനുവേണ്ടി ഒരു സഭ ആരംഭിക്കുവാൻ ആവശ്യപ്പെട്ടു. അമ്മയുടെ കരുണ കണ്ടാലും! അവളുടെ കാരുണ്യത്തെ സ്തുതിക്കുകയും അവളോടു നന്ദി പറയുകയും ചെയ്യുക. മലബാറിലെ പുലയന്മാരുടെ അടിമത്തം അവസാനിപ്പിക്കണമേയെന്ന് അമ്മയോടു പ്രാർഥിക്കുക.[3] അമ്മയുടെ ചൈതന്യം അതേപടി സ്വാംശീകരിച്ച മകൻ, വേദനിക്കുന്നവരുടെ പ്രശ്നങ്ങൾ തന്റെ തന്നെ പ്രശ്നങ്ങളായി കണക്കാക്കി, അവരുടെ വേദന സ്വന്തം വേദനയായി അദ്ദേഹത്തിനനുഭവപ്പെട്ടു.

അന്നത്തെ മലബാറിൽ ഉൾപ്പെട്ടിരുന്ന പ്രദേശമാണ് തൊയക്കാവ്. അവിടെയുള്ള താഴ്ന്ന ജാതിയിൽപെട്ടവരുടെ ആധാരം

അവർക്ക് ലഭ്യമാക്കുവാൻ അദ്ദേഹം പഞ്ചായത്ത് ഓഫീസുകൾ കയറിയിറങ്ങി. മത്സ്യത്തൊഴിലാളികളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുവാൻ അക്ഷീണം പ്രയത്നിച്ചു.[4]

ദൈവത്തിന്റെ സൃഷ്ടപ്രപഞ്ചമാകുന്ന സ്നേഹവിരുന്ന് എല്ലാവർക്കും അനുഭവവേദ്യമാക്കിക്കൊടുക്കുവാൻ, അടിമത്തത്തിന്റെ നുകം പേറുന്ന ഗ്രാമീണരെ സ്വതന്ത്രരാക്കുവാൻ അദ്ദേഹം അവിരാമം പ്രയത്നിച്ചു. എല്ലാ മനുഷ്യരും സഹോദരീസഹോദരന്മാരാണെന്നും, ദൈവത്തിന്റെ മക്കളാണെന്നും, പിതാവിന്റെ സ്വത്തിന് അവകാശികളാണെന്നും അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു.

തോട്ടിറമ്പുകളിലും വഴിവക്കുകളിലും കായലോരങ്ങളിലും തെരുവുകളിലുമൊക്കെ അടിമകളായി ജീവിച്ചിരുന്നവരുടെ ഇടയിൽ വലിയ മിഷണറിയും ഇടയനും വിമോചകനുമായി വർത്തിച്ചു. അവകാശ സംരക്ഷണത്തിനായി സർക്കാർ ഓഫീസുകൾ കയറിയിറങ്ങി. അന്ന് നിലനിന്നിരുന്ന ജന്മി – കുടിയാൻ വ്യവസ്ഥിതിക്കെതിരെ ശക്തമായി പടപൊരുതി. സംരക്ഷണത്തിനായി നിയതമായ നിയമങ്ങളോടെ കമ്മിറ്റി രൂപീകരിച്ച് കുറി സമ്പ്രദായം ആരംഭിച്ചു. തറവാട്ടുസ്വത്തായി ലഭിച്ച ഭൂമി ഇന്നും ഞങ്ങളുടെ കൈവശമുള്ളത് ഊക്കനച്ചൻ സഹായിച്ചതുകൊണ്ടാണെന്ന് ചൊവ്വന്നൂർ ഗ്രാമവാസികൾ പരസ്യമായി പറയുന്നു. ഇവരെയെല്ലാം സ്നേഹത്തിന്റെ കൂദാശയാക്കി നെഞ്ചിലേറ്റി.

ഭൂസ്വത്തിനവകാശികളായിരുന്നിട്ടും ആധാരം മുതലാളിമാരുടെ പക്കലായിരുന്നതുകൊണ്ട് അടിമത്തമനുഭവിച്ചിരുന്ന സാധാരണ ജനങ്ങളുടെ ആധാരമെല്ലാം മുതലാളിമാരിൽനിന്നും വാങ്ങി യഥാർഥ ഉടമസ്ഥർക്ക് തിരിച്ചുകൊടുത്തു.[5] അലഞ്ഞുതിരിയുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിപാടികൾ അദ്ദേഹം ആസൂത്രണം ചെയ്തു. ഉപജീവനമാർഗമില്ലാതെ കഷ്ടപ്പെടുന്നവർക്ക് സാമ്പത്തിക സഹായം നൽകി കച്ചവടമാരംഭിക്കുവാൻ അദ്ദേഹം പ്രേരണ നൽകി. അവഗണിക്കപ്പെട്ടവരേയും സ്ത്രീകളേയും ഉദ്ധരിച്ച് ദൈവപുത്രരുടെ സ്വാതന്ത്ര്യം അനുഭവവേദ്യമാക്കിക്കൊടുക്കുകയും ചെയ്തു.[6]

പാവങ്ങളെയും പാപികളെയും കൂടെ പാർപ്പിച്ചും ഭവനങ്ങൾ പണിതുകൊടുത്തും അദ്ദേഹം അവരുടെ ജീവിതത്തിൽ സമൂല പരിവർത്തനം വരുത്തി. മാനസിക രോഗികൾക്ക് അഭയം നൽകി.

ആരും എത്തിനോക്കാത്ത ചേരിയിലെ ജനങ്ങളുടെ ദുരിതപൂർണ മായ ജീവിതത്തിന് പരിഹാരമുണ്ടാക്കുവാൻ കഠിനപ്രയത്നം ചെയ്തു. ചേരിയിലെ നിത്യസന്ദർശകനായി മാറി.[7]

അച്ചൻ തമ്പുരാൻ, വലിയ തമ്പുരാൻ, രാജാവ് എന്നീ അപര നാമങ്ങളാൽ ജനഹൃദയങ്ങളിൽ അദ്ദേഹം സമാരാധ്യനായി. കാരണം അവരുടെ ആവശ്യങ്ങളിൽ അഭയം നൽകിയിരുന്നത് അദ്ദേഹമാ യിരുന്നല്ലോ. ജോലി ലഭിച്ച് മറ്റു നാടുകളിൽ പോയിരുന്ന യുവാക്കൾ അക്ഷരജ്ഞാനം കുറവായിരുന്ന തങ്ങളുടെ മാതാപിതാക്കൾക്കു എഴുത്തുകളയച്ചിരുന്നത് ഊക്കനച്ചന്റെ അഡ്രസ്സിലായിരുന്നു എന്നു പറയുമ്പോൾ അദ്ദേഹത്തിന് ജനങ്ങളിലുണ്ടായിരുന്ന സ്വാധീനവും വിശ്വാസവും ഊഹിക്കാവുന്നതേയുള്ളു. ബഹുജനത്തിന്റെ ആദ രവും സമ്മതവും ആർജിച്ച ഊക്കനച്ചൻ അധികം താമസിയാതെ ത്തന്നെ ചൊവ്വന്നൂർ പഞ്ചായത്തു പ്രസിഡണ്ടായി ഐക്യകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. ഇന്നുകാണുന്ന അയ്യംപറമ്പ്-ചൊവ്വന്നൂർ റോഡ്, ഒഴുക്കുപാറ റോഡ് എന്നിവ അദ്ദേഹത്തിന്റെ പരിശ്രമഫല മായി ഉണ്ടായതാണ്.[8]

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഇംഗ്ലീഷ് വിദ്യാഭ്യാസവും ഭരണസംവിധാനങ്ങളും നിലവിൽ വന്നു. പ്രാദേ ശിക സ്വയംഭരണ സംവിധാനം നിലവിൽ വന്നത് 1914-ൽ ആണ്. ഇത് പഞ്ചായത്ത് എന്ന് അറിയപ്പെട്ടിരുന്നു. 1914-ൽ അഞ്ച് പഞ്ചായ ത്തുകളാണ് ഉണ്ടായിരുന്നത്. 1919 ആയപ്പോഴേക്കും പഞ്ചായത്തു കളുടെ എണ്ണം നാൽപത് ആയി. കൊച്ചി രാജാവിന്റെ ഭരണസമിതി യാണ് പഞ്ചായത്ത് പ്രസിഡണ്ടിനെയും കൗൺസിലർമാരെയും നിയമിച്ചിരുന്നത്. അറിയപ്പെടുന്നവരും വിദ്യാസമ്പന്നരും പൊതു ജനസമ്മതരുമായവരെയാണ് ഇതിലേക്ക് പരിഗണിച്ചിരുന്നത്. ഇവ രുടെ കാലാവധി മൂന്നു വർഷമായിരുന്നു. മുപ്പതുരൂപവരെ മൂല്യമുള്ള സിവിൽ കേസുകൾ കൈകാര്യം ചെയ്യുവാനുള്ള അധികാരം പഞ്ചാ യത്തിനുണ്ടായിരുന്നു. 1940 ആയ പ്പോഴേക്കും പഞ്ചായത്ത് പ്രസിഡ ണ്ടിനെയും കൗൺസിലർമാരെയും വോട്ടുചെയ്ത് തെരഞ്ഞെടുക്കുന്ന രീതി നിലവിൽ വന്നു. നികുതി അട ച്ചിരുന്നവർക്കാണ് വോട്ടവകാശമു ണ്ടായിരുന്നത്.



ചൊവ്വന്നൂർ പഞ്ചായത്ത് ഓഫീസ്

ഫാ. ഊക്കൻ മേൽപറഞ്ഞ രണ്ടു രീതികളിലും പഞ്ചായത്ത് പ്രസിഡണ്ടായിട്ടുണ്ട്. ജനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ അഭിവൃദ്ധിക്കായി അദ്ദേഹം കഠിനാധ്വാനം ചെയ്തു. അകത്തോലിക്കർക്കും അക്രൈസ്തവർക്കുമിടയിൽ പ്രവർത്തിക്കുമ്പോഴും കത്തോലിക്കാ പൗരോഹിത്യത്തിന്റെ ശ്രേഷ്ഠത അദ്ദേഹം കാത്തു സംരക്ഷിച്ചു. ജനങ്ങൾ അദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. ജനങ്ങളുടെയും നാട്ടിലെയും പ്രശ്നങ്ങൾക്ക് അദ്ദേഹം സമാധാനപരമായി പരിഹാരം കണ്ടെത്തിയിരുന്നു.[9] ഇതിനായി മറ്റുള്ളവരിലും അദ്ദേഹം പ്രേരണ ചെലുത്തി.

വസ്തുതർക്കങ്ങൾ, മുതലേർപ്പാടുകൾ, കുടുംബവഴക്കുകൾ എന്നിവ സമാധാനപരമായി അവസാനിപ്പിച്ച് ഏകപിതാവിന്റെ മക്കളെന്ന നിലയിൽ സ്നേഹവും ഐക്യവും സംജാതമാക്കി ആദിമ ക്രൈസ്തവസമൂഹം അവിടെയും രൂപീകരിക്കുവാൻ അദ്ദേഹം ദിനരാത്രങ്ങൾ ചെലവഴിച്ചു. ഇപ്രകാരം യഥാർഥമായ ഐക്യം ഹൃദയത്തിന്റെയും മനസ്സിന്റെയും ഐക്യത്തിൽ നിന്നാണ് ഉറവെടുക്കുന്നതെന്ന് അദ്ദേഹം ലോകത്തിനു കാണിച്ചുകൊടുത്തു. ആരേയും അദ്ദേഹം അവഗണിച്ചില്ലെന്നുമാത്രമല്ല എല്ലാവരോടും സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മുമ്പിൽ എല്ലാവരും വലിയവരായിരുന്നു.[10]

ഗ്രാമോദ്ധാരണത്തിലൂടെ നാടിന്റെ മുഖച്ഛായ മാറ്റാനാകുമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. അതിനായി ഊക്കനച്ചൻ സ്വീകരിച്ച മാർഗം കരുണാർദ്രസ്നേഹത്തോടെ എല്ലാവരേയും സമീപിക്കുക എന്നതായിരുന്നു. കരുണാർദ്രഹൃദയനായ യേശുവിന്റെ മാതൃക അദ്ദേഹം പിഞ്ചെന്നു. സമുദായം ബഹിഷ്കരിച്ചവരും നിരാലംബരുമായ സ്ത്രീകളുടെയും കുട്ടികളുടെയും ദാരുണാവസ്ഥയിൽ മനസ്സലിഞ്ഞ ആ ആശ്രിതവത്സലൻ അവർക്കായി ഒരു അനാഥശാല തുടങ്ങുവാൻ തീരുമാനിച്ചു. സാധുജനങ്ങളെ എന്തു വിലകൊടുത്തും സഹായിക്കണമെന്നാഗ്രഹിച്ചിരുന്ന അദ്ദേഹം ദൈവപരിപാലനയിലാശ്രയിച്ചുകൊണ്ട് 1929-ൽ ചൊവ്വന്നൂർ പള്ളിക്കു സമീപം ഒരു പറമ്പു വാങ്ങി. പാവപ്പെട്ടവരും, നിരാശ്രയരും, അവശരും, സമുദായം ബഹിഷ്കരിച്ചവരുമായ സ്ത്രീകൾക്കും കുട്ടികൾക്കുമായി അങ്ങനെ ഒരഭയകേന്ദ്രം സ്ഥാപിതമായി. ഒരു വർഷം കഴിഞ്ഞ് 1930 നവംബർ 21-ാം തീയതി പാവങ്ങളെ സമുദ്ധരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സ്ത്രീകൾക്കായി ഒരു ഭക്തസംഘടനയും അദ്ദേഹം അവിടെ ആരംഭിച്ചു.[11]

സഭയുടെ ആരംഭം എന്ന് ഇതിനെ വിശേഷിപ്പിക്കാം. പരി. അമ്മയുടെ സമർപ്പണദിവസമായ അന്ന് അവരെയെല്ലാവരേയും അദ്ദേഹം മാതാവിന്റെ വിമലഹൃദയത്തിനു സമർപ്പിച്ചു. അതിലെ അംഗങ്ങൾ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും നിറഞ്ഞവരും, വിനയശീലരും, എല്ലാവർക്കും എപ്പോഴും സംലഭ്യരും, ജനങ്ങളിലേയ്ക്കിറങ്ങിച്ചെല്ലുന്നവരുമായിരിക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ഭക്തസംഘടനയിലെ ആദ്യത്തെ അന്തേവാസികൾ ഏഴു സ്ത്രീകളായിരുന്നു. ഉന്നതകുലജാതരെങ്കിലും അവരെല്ലാം അർപ്പണമനോഭാവമുള്ളവരും വിനയാന്വിതരുമായിരുന്നു. താൻ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾക്ക് അവർ അനുയോജ്യരാണെന്ന് അദ്ദേഹത്തിനു ബോധ്യമായി. അവരെ പരിശീലിപ്പിക്കുന്നതിനായി കർമലീത്ത സന്യാസിനികളുടെ സഹായം അദ്ദേഹം തേടിയിരുന്നു. സ്വാഭാവികമായ നിരവധി പ്രതിസന്ധികളോടു മല്ലടിച്ച് അതു മുന്നോട്ടു നീങ്ങി.

മനുഷ്യന്റെ സാമൂഹിക സാംസ്കാരികാവശ്യങ്ങൾ നിർവഹിക്കപ്പെടുന്നതും, അവനെ ബുദ്ധിജീവിയും കർമനിരതനും ഊർജസ്വലനുമാക്കിത്തീർക്കുന്നതും വിദ്യാഭ്യാസമാണല്ലൊ. മനുഷ്യവ്യക്തിത്വത്തെ പൂർണമായി വികസിപ്പിച്ച്, എല്ലാം ക്രിസ്തുവിൽ നവീകരിച്ച് ഒരു പുതിയ ആകാശവും പുതിയ ഭൂമിയും പടുത്തുയർത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന തിരുസഭ മാനവപുരോഗതിക്കുവേണ്ടി കണ്ടുപിടിച്ചിരിക്കുന്ന മാർഗവും വിദ്യാഭ്യാസമാണ്. ഉന്നത നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപോയി വിദ്യാഭ്യാസം നടത്തുവാൻ സാധിക്കാതിരുന്ന, സംസ്കാരം എത്തിനോക്കിയിട്ടില്ലാത്ത പാവപ്പെട്ട ഗ്രാമീണജനതയ്ക്കുവേണ്ടി അദ്ദേഹം ഒരു സ്കൂൾ ആരംഭിച്ചു. ഇന്നത്തെ സ്കൂൾ സ്ഥിതിചെയ്യുന്ന അതേ വളപ്പിൽത്തന്നെ അദ്ദേഹം ഒരു ചെറിയ തറകെട്ടിച്ചു. പണിതീരാതിരുന്നതുകൊണ്ട് തൽക്കാലം ചൊവ്വന്നൂർ പള്ളിക്കെട്ടിടത്തിന്റെ വരാന്തയിൽ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ ചില സാങ്കേതിക പ്രശ്നങ്ങൾ മൂലം അത് തുടർന്നുകൊണ്ടുപോകുവാൻ അദ്ദേഹത്തിനു സാധിച്ചില്ല.[12] ഇങ്ങനെ വേദനിക്കുന്നവരുടെ കണ്ണുനീരൊപ്പി അവരെ കൈപിടിച്ചുയർത്തുവാൻ അദ്ദേഹം അവിരാമം ശ്രമിച്ചു.

ഊക്കനച്ചൻ വേദനിക്കുന്നവരുടെ അത്താണിയായിരുന്നു. കരുത്തനായ അദ്ദേഹത്തിന് മറ്റുള്ളവരുടെ കണ്ണുനീർത്തുള്ളികൾ കണ്ടുനിൽക്കുവാൻ കരുത്തില്ലായിരുന്നു എന്നു പറഞ്ഞാൽ അത് പതിരറ്റ

ഒരു പരമാർഥം മാത്രമാണ്. ഒരിക്കൽ ധനികനായ ഒരാൾ ഒരു വലിയ ബിസിനസ്സ് നടത്തി. ബിസിനസ്സ് പൊളിഞ്ഞ് എല്ലാം നഷ്ടമായ അയാൾ പുരയിടംപോലും പണയം എഴുതി. മനസ്സുനിറയെ വേദനയുമായി അയാൾ ഊക്കനച്ചനെ സമീപിച്ചു. അയാളെ അനുഗ്രഹിച്ചുകൊണ്ട് ഊക്കനച്ചൻ പറഞ്ഞു: മകനേ, നീ സമാധാനത്തിൽ പോകൂ; നിനക്കു നഷ്ടമായത് നിനക്കുതന്നെ തിരിച്ചെടുക്കുവാൻ സാധിക്കും. അദ്ദേഹത്തിന്റെ അനുഗ്രഹവചസ്സുകൾ ഏതാനും കൊല്ലങ്ങൾക്കുള്ളിൽ അക്ഷരംപ്രതി നിറവേറി. വേദനിക്കുന്നവരോടുകൂടി അദ്ദേഹം വേദനിക്കുകയും സാന്ത്വനവാക്കുകളാലും സാമ്പത്തിക സഹായം നൽകിയും അവരെ ഉയർത്തിക്കൊണ്ടുവരികയും ചെയ്തു. കുന്ദംകുളം, ചിറളയം, ചൊവ്വന്നൂർ, വെള്ളറക്കാട്, ഇയ്യാൽ എന്നീ പ്രദേശങ്ങളിലുള്ളവർ തങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തിയത് അവരുടെ താങ്ങും തണലുമായ ഊക്കനച്ചനിൽ നിന്നുമാണ്. സദാ പുഞ്ചിരിക്കുന്ന അദ്ദേഹത്തിന്റെ മുഖത്ത് ദൈവികമായ ഒരു ചൈതന്യം എപ്പോഴും ദൃശ്യമായിരുന്നു. ക്രിസ്തുവിന്റെ ആ ദിവ്യചൈതന്യം ഉൾക്കൊണ്ടിരുന്ന അദ്ദേഹം ഒരു വലിയ ആന്തരികജീവിതത്തിന്റെ ഉടമയായിരുന്നു.[13] അതിന്റെ പ്രതിഫലനമായിരുന്നു അദ്ദേഹത്തിന്റെ ബാഹ്യപ്രവർത്തനങ്ങൾ.

---

**അടിക്കുറിപ്പുകൾ**

1. Oral Testimony., Prof. Ammalu.
2. Lights from heaven., 2 October 1904.
3. Ibid., 24 September; 1904.
4. Oral Testimony., Sr Dorthy CSC.
5. Oral Testimony., f. 9, Kannanaikkal Chinnan.
6. Oral Testimony., Mr A P Augustine, Alukkal, Chiralayam.
7. Oral Testimony., Martha, Chiralayam.
8. Oral Testimony., Devasy Chiriyankandath.
9. Sabhayum Sthapakanum., p. 81.
10. Oral Testimony., Sr Mary Vincent CMC.
11. Chowannur Presentation CSC Convent, Chronicle, p. 1.
12. Souvenir Adaranjali., pp. 25-27.
13. Souvenir Adaranjali., pp. 33-35.

## യഥാർഥ മിഷണറി



എല്ലാ മനുഷ്യരും രക്ഷ കണ്ടെത്തണമെന്ന ദൈവേച്ഛയാണ് മിഷൻ പ്രവർത്തനത്തിന്റെ പിന്നിലുള്ളത്. ഈ ലക്ഷ്യത്തോടുകൂടി അയക്കപ്പെടുന്നവനാണല്ലോ മിഷണറി. ദൈവത്താൽ പ്രത്യേക ഉദ്ദേശത്തോടുകൂടി അയക്കപ്പെട്ടവനാകയാൽ അവിടുത്തെ മിഷണറിയാണ് ക്രിസ്തു. നഷ്ടപ്പെട്ടതിനെ കണ്ടുപിടിക്കുകയും രക്ഷിക്കുകയുമാണ് (ലൂക്ക 19:10) ക്രിസ്തുവിന്റെ മിഷൻ. ക്രിസ്തുതന്നെ സ്വന്തം മിഷനെപ്പറ്റി പറയുന്നു: ദരിദ്രരോടു സുവിശേഷം പ്രസംഗിക്കാൻ അവൻ എന്നെ അഭിഷേചിച്ചിരിക്കുന്നു. ഹൃദയതാപമുള്ളവരെ സമാശ്വസിപ്പിക്കുവാനും ബന്ധിതർക്കു സ്വാതന്ത്ര്യവും അന്ധർക്കു കാഴ്ചയും നൽകാനും അവൻ എന്നെ അയച്ചു (ലൂക്ക 4:18-19). ആദ്യത്തെ പ്രേഷിതനായ ക്രിസ്തു പന്ത്രണ്ടാമത്തെ വയസ്സിൽ ത്തന്നെ പ്രേഷിതദൗത്യം ആരംഭിക്കുന്നു. ഇതെപ്പറ്റി മനനം ചെയ്ത ഊക്കനച്ചൻ പ്രേഷിതപ്രവർത്തനത്തിനായി തയ്യാറെടുക്കുന്നു; യേശുവിന്റെ അതേ തീക്ഷ്ണതയ്ക്കായി പ്രാർഥിക്കുകയും ചെയ്യുന്നു: ലോകം പാപച്ചേറ്റിൽ കിടന്നുരുണ്ടിരുന്നതുകൊണ്ട് യേശുവിന്റെ സന്തോഷം, വിശുദ്ധരായ തന്റെ മാതാപിതാക്കളോടുകൂടിയായിരിക്കുന്നതിലായിരുന്നു. എന്നാൽ മാതാപിതാക്കളെ വിട്ട് പിതാവിന്റെ കാര്യങ്ങളിൽ അവിടുന്ന് വ്യാപൃതനാകുന്നു. എനിക്കും ഇതേ വികാരവിചാരങ്ങളാണ് വേണ്ടത്. ഈ ലക്ഷ്യപ്രാപ്തിക്കായി എനിക്കിഷ്ടപ്പെട്ട ചിലതൊക്കെ ഇന്നു ഞാൻ ഉപേക്ഷിക്കും. തത്വശാസ്ത്രജ്ഞന്മാരെ ശാന്തതയോടെ യേശു പഠിപ്പിക്കുന്നു. എനിക്ക് അങ്ങനെ പഠിപ്പിക്കേണ്ടിവരില്ല. എന്നാൽ എന്റെ വാക്കുകളിലൂടെ, മാതൃകയിലൂടെ, പ്രാർഥനയിലൂടെയെല്ലാം എന്തുമാത്രം നന്മയാണ് ചെയ്യുവാൻ സാധിക്കുക. എന്റെ പിതാവിന്റെ കാര്യങ്ങളിൽ ഞാൻ വ്യാപൃതനായിരിക്കേണ്ടവനാണെന്നു നിങ്ങൾക്കറിഞ്ഞുകൂടെ? യേശു പന്ത്രണ്ടാമത്തെ വയസ്സിൽ മാത്രമല്ല ജീവിതകാലം മുഴുവൻ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവിടുന്ന് നമ്മുടെ മാതൃകയാണ്. എന്നിട്ടും പന്ത്രണ്ടാ

മത്തെ വയസ്സിൽ നേരിട്ട് അവിടുന്ന് മിഷൻ പ്രവർത്തനത്തിൽ വ്യാപൃതനാകുന്നു. യേശുവിന്റെ ഹൃദയമെ എന്നെ തീക്ഷ്ണതയുള്ളവനാക്കണമെ.[1] ക്രിസ്തുവിന്റെ ഭൗമിക ജീവിതാവസാനത്തോടെ അവസാനിക്കാനുള്ളതല്ലായിരുന്നു അവിടുത്തെ പ്രേഷിതത്വം. യേശുവിന്റെ ദ്വിതീയാഗമനംവരെയും അത് തുടരണം. ഇതിനായി അവിടുന്ന് ശിഷ്യന്മാരെ തെരഞ്ഞെടുക്കുകയും അവർക്കാവശ്യമായ നിർദേശങ്ങളും ഉപദേശങ്ങളും നൽകി ദൗത്യനിർവഹണത്തിനായി പറഞ്ഞുവിടുകയും ചെയ്തു. വചനം പ്രഘോഷിക്കുന്നതിനായി ഈരണ്ടുപേരെ എല്ലാ അധികാരങ്ങളും നൽകി അവിടുന്ന് പറഞ്ഞുവിടുന്നു. പരസ്പരം സഹായിക്കുവാനും, ആശ്വസിപ്പിക്കുവാനും, തങ്ങൾ പഠിപ്പിക്കുന്ന തത്വങ്ങൾക്ക് സാക്ഷ്യം വഹിക്കുവാനുമായിട്ടാണ് ഈരണ്ടുപേരെയായി അവിടുന്ന് പറഞ്ഞുവിട്ടത്. എന്റെ ഗുരുവിന്റെ ജോലി തുടർന്നുകൊണ്ടുപോകുന്നതിന് എന്റെ സഹോദരരുമായി ഞാൻ സ്നേഹത്തിൽ കഴിയണം. തന്റെ പ്രേഷിതർക്കാവശ്യമായ എല്ലാ സഹായങ്ങളും സംരക്ഷണവും യേശു നൽകുന്നു.[2]

തീർഥാടകയായ സഭ സ്വഭാവത്താലെത്തന്നെ പ്രേഷിതയാണ്. ദൈവസ്നേഹം എല്ലാ ജനപദങ്ങൾക്കും അനുഭവവേദ്യമാക്കി പകർന്നുകൊടുക്കുവാൻ ക്രിസ്തു പ്രേഷിതയാക്കിയിരിക്കുന്ന സഭയ്ക്ക് ഇനിയും അതിവിപുലമായ മിഷൻ പ്രവർത്തനങ്ങൾ അവശേഷിച്ചിട്ടുണ്ട്.[3] ഇതേപ്പറ്റി ഊക്കനച്ചന് പൂർണബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് സഭ ആഗ്രഹിക്കുന്ന വിധത്തിൽ പ്രേഷിതപ്രവർത്തനം നടത്തുന്നതിനായി അദ്ദേഹം പ്രാർഥിക്കുന്നു: അനേകായിരങ്ങൾ ഇനിയും മരണത്തിന്റെ ഛായയിൽ കഴിയുന്നതുകണ്ട് അനന്തസ്നേഹമായ യേശുവിന് അലിവ് തോന്നുകയും അവിടുന്ന് വിലപിക്കുകയും ചെയ്യുന്നു. സുവിശേഷത്തിന്റെ പ്രകാശത്തിനായി ദാഹിക്കുവാൻ മറിയം നമ്മോടു പറയുന്നു. എനിക്കും എല്ലാ വൈദികർക്കും അങ്ങയുടെ ഉപവിയുടെയും തീക്ഷ്ണതയുടെയും ചെറിയൊരംശമെങ്കിലും നൽകുക. കർത്താവേ, തീക്ഷ്ണമതികളായ അനേകം പ്രേഷിതരെ അയക്കണമെ. എന്റെ ഈ പ്രാർഥന അങ്ങയുടെയും പ്രേഷിതരുടെ രാജ്ഞിയായ മറിയത്തിന്റെയും പ്രാർഥനയോടു ചേർത്ത് ഞാൻ സമർപ്പിക്കുന്നു.[4] യേശുവിന്റെ പ്രേഷിത ചൈതന്യം തന്നിലേക്കു പകർത്തിയ ഊക്കനച്ചൻ, അതുവരെയും ആരും എത്തിനോക്കിയിട്ടില്ലായിരുന്ന ഗ്രാമപ്രദേശങ്ങൾ തന്റെ വയലേലയായി തെരഞ്ഞെടുത്തു. എല്ലാവരേയും രക്ഷിക്കണമെന്ന യേശുവിന്റെ

പദ്ധതിയിൽ അജ്ഞരും അപരിഷ്കൃതരുമായ ഗ്രാമീണരും ഉൾപ്പെടുന്നുണ്ടല്ലോ. അവരെ രക്ഷിക്കുവാൻ, അവർക്ക് വചനം പകർന്നുകൊടുക്കുവാൻ ക്രിസ്തുവിന്റെ അതേ ചൈതന്യം ഉൾക്കൊണ്ട മിഷണറിയായ ഊക്കനച്ചൻ തീക്ഷ്ണതയോടെ പ്രവർത്തിച്ചു; അതിനുവേണ്ടി തന്റെ സമയവും ആരോഗ്യവും നീക്കിവച്ചു. സഭ അവളുടെ സാന്നിധ്യം ജനതാമധ്യത്തിൽ യാഥാർഥ്യമാക്കേണ്ടത് അവരുടെ ഇടയിൽ ജീവിക്കുന്നവരോ, അവരുടെ മധ്യത്തിലേക്കു നിയുക്തരായവരോ ആയ തന്റെ സന്താനങ്ങളിലൂടെയാണ്. ഈ യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ട് സംസ്കാരം എത്തിനോക്കിയിട്ടില്ലാത്ത ഗ്രാമീണരുടെ ഇടയിൽ ക്രിസ്തുവിനു ഫലപ്രദമായി സാക്ഷ്യം നൽകുവാൻ അവരുമായി അദ്ദേഹം പരസ്പര സ്നേഹത്തിലും ആദരവിലും വർത്തിച്ചു. ദൈവം നമ്മെ സ്നേഹിച്ച സ്നേഹത്താൽ – നമുക്കു പരസ്പരം ഉണ്ടാകണമെന്ന് അവിടുന്നാഗ്രഹിക്കുന്ന അതേ സ്നേഹ ചൈതന്യത്താൽ (യോഹ.4:11) – പൂരിതനായി അദ്ദേഹം അവരിലേക്കിറങ്ങിച്ചെന്നു. ക്രിസ്തുവിന്റെ സ്നേഹ സന്ദേശം വിശ്വം മുഴുവനും എത്തിക്കുന്നതിന് ധാരാളം മിഷണറിമാരെ ഇനിയും ആവശ്യമുണ്ടെന്ന് ക്രാന്തദർശിയായ ഊക്കനച്ചൻ കണ്ടു. യേശുവിന്റെ ആഗ്രഹവും അതു തന്നെയാണ്. കൊയ്ത്തു വളരെ വേലക്കാരോ ചുരുക്കം; ആകയാൽ വിളവിന്റെ നാഥനോട് വേലക്കാരെ അയക്കുവാൻ പ്രാർഥിക്കുക (മത്താ.9:37–38). ഇതേ ആശയം ഊക്കനച്ചന്റെ ഡയറിക്കുറിപ്പിലും പ്രതിഫലിക്കുന്നുണ്ട്. യേശുവിന്റെ രക്ഷണീയ കർമത്തിനു ശേഷം പത്തൊൻപത് ശതാബ്ദങ്ങൾ കടന്നുപോയി. എന്നിട്ടും എത്രയധികം പേർ അന്ധകാരത്തിൽ കഴിയുന്നു. തീക്ഷ്ണതയുള്ള മിഷണറിമാരുടെ എണ്ണം വർധിപ്പിക്കണമെ.[5] മിഷൻ പ്രവർത്തനം നടത്തുക – ഊക്കനച്ചന്റെ ശമിക്കാത്ത ദാഹമായിരുന്നു. മിഷണറിമാർ ഇറങ്ങിച്ചെല്ലാത്ത വ്യത്യസ്ത തുറകളിലേക്കു കടന്നുചെന്ന് പ്രതികൂല സാഹചര്യങ്ങളെ ക്ഷമയോടെ അതിജീവിച്ച് യേശുവിൽ നിന്നും ശക്തി സംഭരിച്ച് അവിടുത്തെ അവർക്കു കാണിച്ചു കൊടുക്കുവാൻ അദ്ദേഹം വെമ്പൽ കൊണ്ടു. ഇതിനായി ധാരാളം പേർ മുന്നോട്ടു വരണമെന്നും ആ ധന്യാത്മാവ് ആഗ്രഹിച്ചു.

ചൊവ്വന്നൂർ ഇടവകാതിർത്തിയിൽപെട്ട മറ്റൊരു ഗ്രാമമായിരുന്നു ഇയ്യാൽ. അവിടത്തെ കത്തോലിക്കർക്ക് ഇയ്യാലിൽ ഒരു ദേവാലയം വേണം എന്ന ആഗ്രഹവുമായി ഊക്കനച്ചനെ സമീപിച്ചു. ഹൈന്ദവർ തിങ്ങിത്താമസിക്കുന്ന അവിടെ അക്കാലത്ത് ഒരു ദേവാലയം പണിയുക ദുഷ്കരമായിരുന്നു. പ്രശ്നങ്ങളെ ധീരതയോടെ അഭിമുഖീക

രിച്ചിരുന്നവനും കർമനിരതനുമായ ഊക്കനച്ചൻ രംഗത്തിറങ്ങി, വിശ്വാസപ്രചരണത്തിനുവേണ്ടി എന്തും സഹിക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. പാവങ്ങളുടെ ആവശ്യങ്ങൾക്കുനേരെ അദ്ദേഹം ഒരിക്കലും കണ്ണടച്ചിരുന്നില്ല. എല്ലാവിധ എതിർപ്പുകളേയും അതിജീവിച്ചുകൊണ്ട് അദ്ദേഹം ഇയ്യാലിൽ കത്തോലിക്കർക്കുവേണ്ടി ഒരു സ്ഥലം വാങ്ങി, ഒരു ചെറിയ കെട്ടിടം പണിതുയർത്തി, അതിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഇന്ന് ഇയ്യാലിൽ കാണുന്ന കത്തോലിക്ക ദേവാലയം അദ്ദേഹത്തിന്റെ ആദ്യകാലകർമഫലമായി പൂവണിഞ്ഞതാണ്.[6] കാര്യശേഷിയും ഇച്ഛാശക്തിയും ഒത്തിണങ്ങിയ കർമനിരതനായ ഊക്കനച്ചൻ അക്രൈസ്തവരുടെയിടയിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതിനായി തനിക്കു നേരിടേണ്ടിവന്ന പ്രതിസന്ധികളെ ധീരതയോടെ അഭിമുഖീകരിച്ചു.

വർഷങ്ങൾക്കുശേഷം ഇയ്യാൽ കുരിശുപള്ളിയിൽ പെരുന്നാളിന് വി. കുർബാന അർപ്പിക്കുവാൻ ഊക്കനച്ചൻ പോയി. ബാന്റ് വാദ്യം മുഴങ്ങുകയും കതിനവെടികൾ പൊട്ടുകയും ചെയ്തുകൊണ്ടിരുന്നു. പെട്ടെന്ന് ചില സർക്കാർ ഉദ്യോഗസ്ഥർ വന്ന് ആ കുരിശുപള്ളിയിൽ വി. കുർബാന അർപ്പിക്കുവാൻ പാടില്ല എന്നൊരു സർക്കാർ കല്പന അച്ചനെ ഏല്പിച്ചു. എല്ലാവരും സ്തബ്ധരായി. ബാന്റുവാദ്യം നിലച്ചു; കതിനകൾ പൊട്ടാതായി. എല്ലാവരുടെയും മുഖത്തു പരിഭ്രാന്തി പരന്നു. ചെന്നായ് വരുമ്പോൾ ഭയന്നോടുന്ന ആട്ടിൻപറ്റത്തെപ്പോലെ വിശ്വാസികളെല്ലാവരും ഭയവിഹ്വലരായി. എന്താണ് സംഭവിക്കുക എന്ന് എല്ലാവരും പരസ്പരം ചോദിച്ചു. പെട്ടെന്ന് അച്ചനും വേറെ രണ്ടുപേരുംകൂടി കാറിൽ കയറി തൃശൂർക്ക് പുറപ്പെട്ടു. പള്ളിയിൽ കൂടിയിരുന്നവർ പെരുനാൾ കുർബാന മുടങ്ങുമോ എന്ന് ഭയന്നു. ഒരു മണിക്കൂറിനുള്ളിൽ അച്ചൻ തിരിച്ചെത്തി. ഒരു കടലാസുമായി കാറിൽ നിന്നും പുറത്തിറങ്ങി. ബാന്റ് വാദ്യം മുഴങ്ങി; കതിനവെടികൾ വീണ്ടും പൊട്ടി. തുടർന്ന് അച്ചന്റെ ആഘോഷമായ പാട്ടുകുർബാന. ബലിയർപ്പിക്കുവാൻ അദ്ദേഹം ജില്ലാ കളക്ടറുടെ അനുമതി വാങ്ങിയിരുന്നു. അതിനുവേണ്ടിയാണ് അദ്ദേഹം തൃശൂർക്ക് പോയത്.[7] വിശ്വാസം സംരക്ഷിക്കുന്നതിനായി മരിക്കുവാൻപോലും അദ്ദേഹം സന്നദ്ധനായിരുന്നു.

യേശുവിന്റെ ദൗത്യനിർവഹണത്തിനായി അയക്കപ്പെടുന്ന എല്ലാ മിഷണറിമാർക്കും അത്യഗാധമായ ക്ഷമയുണ്ടാകണം; കർത്താവിന്റെ സന്ദർശനം പ്രതീക്ഷിക്കുകയും വേണം. ഭൂഗോളത്തിന്റെ എല്ലാ

ഭാഗത്തും – മരവിപ്പിക്കുന്ന തണുപ്പിലും പൊള്ളുന്ന ചൂടിലും– ആത്മാക്കളെ തേടുന്ന ജോലിയിൽ എല്ലാവരും വ്യാപൃതരാകട്ടെ.[8] മിഷണറിയായ ഊക്കനച്ചന്റെ തീക്ഷ്ണത ഇതിൽനിന്നും വ്യക്തമാണല്ലോ. ഒരു യഥാർഥ പ്രേഷിതവര്യനായിരുന്ന ഊക്കനച്ചൻ തന്റെ പുത്രിമാരോട് ഒരിക്കൽ പറഞ്ഞു: ദൈവം ആവശ്യപ്പെടുന്നിടത്ത് തിടുക്കത്തിൽ ഇറങ്ങിച്ചെല്ലുക[9] എന്ന്. ദൈവം ആവശ്യപ്പെടുന്നതും സഭക്കും കാലഘട്ടത്തിനും അനുയോജ്യവുമായ പ്രേഷിതവേല സ്വീകരിച്ച്, ആത്മാക്കളെ നേടിയെടുത്ത്, ക്രിസ്തുവിന്റെ ആഗ്രഹം സഫലീകരിക്കണമെന്ന് ആ വത്സലപിതാവ് തന്റെ മക്കളെ ഉപദേശിച്ചു. ഒരു മിഷണറി പ്രതിഫലമോ, നന്ദിയോ ഇച്ഛിക്കാതെ, ഉദാരമായി ജോലി ചെയ്യണമെന്നും[10] ആ പ്രേഷിത ശ്രേഷ്ഠൻ ഉദ്ബോധിപ്പിച്ചു. ഈ തീക്ഷ്ണത അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം പ്രതിഫലിച്ചിരുന്നു.


---

### അടിക്കുറിപ്പുകൾ

1. Lights from heaven., 25 June, 1903.
2. Ibid., 19 August, 1904.
3. II Vat. Council., Ad Gentes, 10.
4. Lights from heaven., 17 August, 1904.
5. Ibid., 5 August, 1904.
6. Souvenir Adaranjali., p. 27.
7. Souvenir Adaranjali., p. 27.
8. Lights from heaven., 18 December, 1932.
9. Confrences., 1946.
10. Lights from heaven., 18 August; 1904.



## സുവിശേഷ പ്രഘോഷകൻ



ക്രിസ്തുവിന്റെ ജോലി തുടർന്നു കൊണ്ടുപോകുന്നതിനായി അയക്കപ്പെടുന്ന മിഷണറിക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഗുണമാണ് വി. ഗ്രന്ഥജ്ഞാനം. ക്രിസ്തുവിന്റെ സന്ദേശം അറിയിക്കുകയാണല്ലോ മിഷണറിയുടെ പ്രഥമവും പ്രധാനവുമായ കടമ. അതുകൊണ്ട് എല്ലാ മിഷണറിമാരും സുവിശേഷ പ്രഘോഷകരാണ് (യോഹ. 20:21; മത്താ. 28:19-20; മർക്കോ.16:15-16).

യേശുവിന്റെ ആഗ്രഹമനുസരിച്ച് വചനം പ്രഘോഷിക്കുന്നതിനുള്ള വരത്തിനായി ഊക്കനച്ചൻ നിരന്തരം പ്രാർഥിച്ചിരുന്നു: ലോകത്തിന്റെ വിഷാംശമുള്ളതും മാരകവുമായ ആയുധങ്ങളിൽനിന്നും ഒഴിഞ്ഞു മാറുവാനും, വചനം കാലോചിതമായും സരളമായും പ്രഘോഷിച്ച് ആത്മാക്കളെ രക്ഷിച്ചുകൊണ്ട് ദൈവമഹത്വം വർധിപ്പിക്കുവാനും എന്നെയും ആത്മാക്കളുടെ ജോലിയിൽ വ്യാപൃതരായിരിക്കുന്ന എല്ലാവരേയും അനുഗ്രഹിക്കണമെ.[1] ഇതിന് പരിശുദ്ധാത്മാവിന്റെ കൃപാവരം ആവശ്യമാണ്. യേശുവിന്റെ ആദ്യ ശിഷ്യന്മാർ ശക്തി പ്രാപിച്ചതും പരിശുദ്ധാത്മാവിലൂടെയാണല്ലോ (അപ്പ. പ്ര.2). പരിശുദ്ധാത്മാവിലൂടെ ശക്തിപ്രാപിച്ച് വചന പ്രഘോഷണം നടത്തുന്നതിനുള്ള വരത്തിനായി ഊക്കനച്ചനും പ്രാർഥിച്ചിരുന്നു: വിശുദ്ധ ഗ്രന്ഥജ്ഞാനവും ഭാഷാവരവും പ്രഘോഷണത്തിനും സന്തോഷത്തോടെ സഹിക്കുന്നതിനുമുള്ള ധീരതയും വിജ്ഞാനവും നൽകണമേയെന്ന് ഞാനും പ്രാർഥിക്കണം. ദൈവത്തിന്റെ വചനം വ്യക്തമായും മധുരമായും ശക്തമായും പ്രസംഗിക്കുന്നതിനുള്ള വരത്തിനായി പരിശുദ്ധാത്മാവിനോടു ചേർന്നു സംഭാഷണം നടത്തുക.[2] ഇതിനായി വിശുദ്ധ ഗ്രന്ഥം അതിന്റെ വ്യാഖ്യാനത്തോടുകൂടി അദ്ദേഹം പഠിച്ചിരുന്നു.[3] തന്റെ മക്കളെ പഠിപ്പിക്കുന്നതിനും ഉപദേശം നൽകുന്നതിനും അദ്ദേഹം സുവിശേഷമാണ് ഉപയോഗിച്ചിരുന്നത്.[4] സുവിശേഷപണ്ഡിതനായിരുന്നു ഊക്കനച്ചൻ എന്നതിന് അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകൾ ഉത്തമമായ തെളിവാണ്.

എവിടെയെല്ലാം ക്രിസ്തുവിന്റെ രഹസ്യം വിളംബരം ചെയ്യുവാൻ ദൈവം അവസരം തരുന്നുവോ (കൊളോ. 4:3) അവിടെയെല്ലാം ജീവനുള്ള ദൈവത്തേയും മനുഷ്യരക്ഷക്കായി അവിടുന്ന് അയച്ച ക്രിസ്തുവിനേയും (1 തെസ. 1:9–10) ആത്മവിശ്വാസത്തോടും സ്ഥിരതയോടും കൂടെ (അപ്പ. പ്ര.4:13–19) എല്ലാ മനുഷ്യരോടും (മർക്കോ.16:15) പ്രസംഗിക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. അങ്ങനെ വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ (യോഹ.14:6) വിജാതിയരുടേയും സജാതിയരുടേയും ഇടയിൽ പ്രഘോഷിക്കുവാൻ അദ്ദേഹം ഉൽക്കടമായാഗ്രഹിച്ചു. അതുകൊണ്ട് സുവിശേഷ പ്രഘോഷണം നടത്തുക, സാധിക്കുമെങ്കിൽ സുവിശേഷ പ്രഘോഷണത്തിനായി മിഷണറിമാരെ അയക്കുക[5] എന്ന പ്രതിജ്ഞയും അദ്ദേഹം സ്വീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ തന്നെ സുവിശേഷപ്രസംഗങ്ങൾ ഹൃദയാവർജകങ്ങളായിരുന്നു; ആരെയും ആകർഷിക്കുവാൻ പോന്നവയുമായിരുന്നു.[6]

അദ്ദേഹം കുട്ടികൾക്ക് ബൈബിൾ കഥകൾ പറഞ്ഞുകൊടുക്കുമായിരുന്നു. ബൈബിൾ വാക്യങ്ങൾ പഠിപ്പിക്കുകയും പരീക്ഷ നടത്തി സമ്മാനങ്ങൾ നൽകുകയും ചെയ്തിരുന്നു. ബൈബിളിലെ ചില ഭാഗങ്ങൾ പകർത്തി എഴുതിക്കുമായിരുന്നു.[7] അദ്ദേഹം സമ്മാനമായി നൽകിയിരുന്നത് വിശുദ്ധ ഗ്രന്ഥമാണ്. അവർ അത് വളരെ പൂജ്യമായി സൂക്ഷിക്കുകയും പഠിക്കുകയും ചെയ്യുമായിരുന്നു[8] എന്ന് അനുഭവസ്ഥർ സ്മരിക്കുന്നു. പെന്തക്കുസ്തക്കാർ വചനം വളച്ചൊടിച്ചപ്പോൾ ഇംഗ്ലീഷുകാരുടെ ബൈബിൾ വാങ്ങി വായിക്കുവാൻ മെത്രാനച്ചനിൽ നിന്ന് അനുവാദം വാങ്ങി.[9] അങ്ങനെ സഭാശത്രുക്കൾക്കെതിരെ വചനത്തിന്റെ വാളേന്തിയ തിരുസഭയുടെ ധീരപുത്രനാണ് ഊക്കനച്ചൻ. അദ്ദേഹം ഒരു വചനസ്നേഹി ആയിരുന്നു. അദ്ദേഹത്തിന്റെ ന്യായപ്രമാണ ഗ്രന്ഥം വിശുദ്ധ ഗ്രന്ഥമായിരുന്നു.


യേശു ഏൽപിച്ച ജോലി അതിന്റെ പൂർണതയിൽ നിർവഹിക്കുവാൻ അക്ഷീണം പ്രയത്നിച്ച തീക്ഷ്ണമതിയായ സുവിശേഷ പ്രഘോഷകനായിരുന്നു ഊക്കനച്ചൻ. അദ്ദേഹത്തിന്റെ ജീവിതം തന്നെ ഒരു സുവിശേഷ പ്രഘോഷണമായിരുന്നു.

---

**അടിക്കുറിപ്പുകൾ**

1. Lights from heaven., 20 August, 1904.
2. Ibid., 9 December, 1932.
3. Ibid., 19 December, 1903.

4. Exhortations., Sr Corthuna CSC, June 1951, ff. 30-31.
5. Lights from heaven., 1925, p. 354.
6. Souvenir Adaranjali., pp. 4-5.
7. Oral Testimony., Prof. Ammalu, Mr Kandoran.
8. Oral Testimony., Adv. P V Chandran.
9. Archives of Maria Bhavan CSC Generalate, Kolazhy, 95.


25-7-'09
John Ukken.

Permission to read the Bible of Pentacosts

## മതപ്രബോധകൻ

യേശുവിന്റെ സന്ദേശം എല്ലാവരേയും അറിയിക്കുവാൻ സുവിശേഷ പ്രഘോഷണംപോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ് മതബോധനം. കുട്ടികളുടേയും ചെറുപ്പക്കാരുടേയും ബുദ്ധിക്ക് ക്രമീകൃതമായ മതബോധനം ആവശ്യമാണ്. ദൈവം മനുഷ്യനു വെളിപ്പെടുത്തിത്തന്നിട്ടുള്ളതും സഭ അതിന്റെ നീണ്ട ചരിത്രത്തിൽ കൂടുതൽ വ്യക്തമായി പഠിപ്പിച്ചുപോന്നിട്ടുള്ളതുമായ വിശ്വാസസത്യങ്ങളുടെ മൗലികസിദ്ധാന്തങ്ങൾ അതുവഴിയാണ് അവർ പഠിച്ചു മനസ്സിലാക്കുന്നത്. മതബോധനത്തിൽ തത്വങ്ങൾ ഗ്രഹിക്കുക എന്നതു മാത്രമല്ല അടങ്ങിയിട്ടുള്ളത്; ഒരു ക്രസ്തീയജീവിതത്തിന് അനുഗുണമായ പ്രവർത്തന പരിപാടികൾ നിശ്ചയിച്ച് അവലംബിക്കുന്നതിനുള്ള ശിക്ഷണവും മതബോധനത്തിന്റെ ഭാഗമാണ്. മതബോധനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതുകൊണ്ടാണല്ലോ മതബോധനം, അതേ ലക്ഷ്യത്തോടുകൂടിയ സ്കൂൾ എന്നിവ നടത്തണം[1] എന്ന് അദ്ദേഹം പ്രതിജ്ഞ എടുത്തത്. തിരുഹൃദയഭക്തിയുള്ള ഒരു വൈദികന്റെ ജോലികളിൽ ഒന്നായി അദ്ദേഹം കണ്ടത് വേദപാഠ ക്ലാസുകൾ നടത്തുകയാണ്.[2]

ഊക്കനച്ചൻ സ്കൂളുകളുടെ മാനേജരായിരുന്ന അവസരങ്ങളിലെല്ലാം മതബോധനം വിദ്യാലയങ്ങളിൽ നിർബന്ധമാക്കി. സെന്റ് തോമസ് സ്കൂളിന്റെ അസിസ്റ്റന്റ് മാനേജരായിരുന്ന കാലഘട്ടത്തിൽ അദ്ദേഹം ഒരു മതാധ്യാപകൻ കൂടിയായിരുന്നു. ഇംഗ്ലീഷിലുള്ള വേദപാഠപുസ്തകം ബോംബെയിൽ നിന്നും വരുത്തി കുട്ടികൾക്ക് നൽകുക പതിവായിരുന്നു.[3] വികാരിയായിരുന്ന ഇടവകകളിലെല്ലാം അദ്ദേഹം മതബോധനം സജീവമാക്കുകയും സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. കത്തീഡ്രൽ വികാരിയായിരിക്കുമ്പോൾ 1918-ൽ പടിഞ്ഞാറെ കോട്ടയിൽ അദ്ദേഹം മതബോധന ക്ലാസുകൾ ആരംഭിച്ചു.[4] പാലയൂരിൽ ആൺകുട്ടികൾക്കും മറ്റത്തിൽ പെൺകുട്ടികൾക്കും മതബോധന ക്ലാസുകൾ സജീവമാക്കി.[5] ചൊവ്വന്നൂർ അടുത്ത് പാറേമ്പാടത്ത് മതബോധന ക്ലാസുകൾ ആരംഭിച്ചു.[6] അദ്ദേഹത്തിന്റെ ഷഷ്ഠിപൂർത്തി ആഘോഷിച്ചപ്പോൾ വിവിധ ഇടവകകളും സ്ഥാപനങ്ങളും നൽകിയ മംഗളപത്രങ്ങളിൽ പാലയൂർ, ആളൂർ, പോന്നോർ, ഒരുമനയൂർ, തിരുവെങ്കിടം എന്നിവിടങ്ങളിൽ വിശ്വാസവും ധാർമിക മൂല്യങ്ങളും വളർത്തിയെടുക്കുവാൻ അദ്ദേഹം ചെയ്ത കഠിനാധ്വാനവും പരിശ്രമങ്ങളും വിവരിക്കുന്നുണ്ട്.[7]

ജീവിതാനുഭവങ്ങളെ വിശ്വാസവെളിച്ചത്തിൽ കാണണമെന്ന് അദ്ദേഹം പഠിപ്പിച്ചു.[8] അഹങ്കാരവും വിശുദ്ധിയില്ലായ്മയും വിശ്വാസജീവിതത്തിൽ ശത്രുക്കളാണെന്നും അദ്ദേഹം പ്രബോധനം നൽകി. വിശ്വാസ ജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവ് സഹായിക്കണമെന്നും[9] ദൈവിക രഹസ്യങ്ങളറിയുവാൻ ആഴമായ വിശ്വാസം ആവശ്യമാണെന്നും[10] അദ്ദേഹം ഉപദേശിച്ചു.

വിശ്വാസ പരിശീലനം നൽകുന്നതിനായി അദ്ദേഹം സിസ്റ്റേഴ്സിനെയും അധ്യാപകരെയും ഒരുക്കിയിരുന്നു. ഇതിനായി ഞായറാഴ്ച സമയം നീക്കിവക്കണമെന്നും നന്നായി ഒരുങ്ങി മാത്രമെ മതബോധനം നടത്താവൂ എന്നും അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.[11] പള്ളികളില്ലാതിരുന്ന ഇയ്യാൽ, വെള്ളറക്കാട് മുതലായ സമീപപ്രദേശങ്ങളിലേക്കും മതബോധനത്തിനായി അദ്ദേഹം സിസ്റ്റേഴ്സിനെ പറഞ്ഞുവിട്ടു.[12] ക്രൈസ്തവ വിശ്വാസത്തിൽ എല്ലാവരും വളർന്നുവരുവാൻ അദ്ദേഹം അക്ഷീണം യത്നിച്ചു.

---

### അടിക്കുറിപ്പുകൾ

1. Lights from heaven., 20 December, 1903.
2. Ibid., 1925, p. 354.
3. Souvenir Adaranjali., p. 64.
4. A Paper cutting from ‘The Cochin Argus’ dated 14 July 1917.
5. Archives of Thrissur Archdiocese, Chowannur - 21 - 1948-4.
6. Archives of Thrissur Archdiocese, Chowannur - 21 - 1948-4.
7. Felicitation Letters Aloor, Palayur, Ponnor, Orumanayoor, Thiruvenkidam.
8. Exhortations., Sr Corthuna CSC, June 1951, f. 59.
9. Exhortations., Sr Corthuna CSC, June 1951, f. 59.
10. Exhortations., Sr Corthuna CSC, June 1951, f. 146.
11. Written Testimony., ff. 16-17, Sr Celestine.
12. Written Testimony., ff. 16-17, Sr Celestine.

## എക്യുമെനിസത്തിന്റെ പ്രവാചകൻ

വിവിധ ക്രൈസ്തവസഭകളുടെ പ്രവർത്തനവേദിയാണ് കുന്ദംകുളം എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല. ഇവയിൽ കൂടുതൽ ശക്തിപ്രാപിച്ചുകൊണ്ടിരുന്നതു യാക്കോബായ സഭയായിരുന്നു. എല്ലാ ക്രൈസ്തവസഭകളും തമ്മിൽ ഐക്യം പുന:സ്ഥാപിക്കണമെന്നത് ഊക്കനച്ചന്റെ വലിയൊരാഗ്രഹമായിരുന്നു. അവർ എല്ലാവരും ഒന്നാകാൻ വേണ്ടി (യോഹ.17:20) ക്രിസ്തു തന്റെ മരണത്തിന്റെ തലേരാത്രി സ്വന്തപിതാവിനോടു തീക്ഷ്ണതാപൂർവം പ്രാർഥിച്ചു. ഈ പ്രാർഥനയുടെ അർഥവും വ്യാപ്തിയും കൗൺസിൽ പഠനങ്ങൾക്കു മുമ്പുതന്നെ ഊക്കനച്ചൻ പ്രഘോഷിച്ചിരുന്നു. അതുകൊണ്ടാണ് സഭകളുടെ ഐക്യത്തിനുവേണ്ടി അദ്ദേഹം പ്രവർത്തിച്ചതും സ്വസഹോദരങ്ങളെപ്പോലെ സ്നേഹത്തോടും ബഹുമാനത്തോടുംകൂടി അവരെ സ്വീകരിച്ചതും. തന്റെ പ്രവർത്തന വേദിയായി കുന്ദംകുളം തെരഞ്ഞെടുത്തതിന്റെ ഒരു കാരണം ഇതുതന്നെയായിരുന്നു.[1] ചിറളയം, ചൊവ്വന്നൂർ എന്നീ ഇടവകകളിൽ വികാരിയായിരുന്ന കാലത്തു കുന്ദംകുളത്ത് യാക്കോബായ സഹോദരരുടെ പുനരൈക്യത്തിനുവേണ്ടി അദ്ദേഹം വളരെയധികം പരിശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ദൈവമാതൃഭക്തി ഇതിന് ആക്കം കൂട്ടുകയും ചെയ്തു. ചൊവ്വന്നൂരുള്ള യാക്കോബായ പള്ളിയിൽ മാതാവിന്റെ വിമലഹൃദയത്തിന്റെ രൂപം ഇന്നും കാണാം.1949-ൽ മാതാവിന്റെ വിമലഹൃദയത്തിന് അദ്ദേഹം എല്ലാവരേയും പ്രതിഷ്ഠിച്ചത് ഇതു നമ്മെ അനുസ്മരിപ്പിക്കുന്നു.

മാർ ഇവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യത്തിനുശേഷം ആ പ്രസ്ഥാനത്തിനു കൂടുതൽ ശക്തിയും വ്യാപ്തിയും സിദ്ധിച്ചു.[2] സുദീർഘമായ ഇരുപത്തിയാറു വർഷം ചൊവ്വന്നൂർ വികാരിയായിരുന്ന ഊക്കനച്ചന് അനേകം അകത്തോലിക്കരെ തന്റെ നിരന്തരമായ പ്രാർഥനയും പരിശ്രമവുംവഴി തിരുസഭയിലേയ്ക്കാനയിക്കുവാൻ സാധിച്ചിട്ടുണ്ട്.[3] അജ്ഞതയുടേയും അവിശ്വാസത്തിന്റേയും അന്ധകാരത്തിൽ നിമഗ്നരായിരുന്ന ജനങ്ങൾക്ക് ദൈവത്തിന്റെ അതിരറ്റ അനുഗ്രഹങ്ങളിൽനിന്നും കൈക്കൊണ്ടിരിക്കുന്ന വിശ്വാസ വെളിച്ചം കാണിച്ചുകൊടുക്കുവാനുള്ള തന്റെ വലിയ കടമ മനസ്സിലാക്കി പ്രവർത്തിച്ച വ്യക്തിയാണ് ഊക്കനച്ചൻ. നായർ കുടുംബത്തിൽപെട്ട രണ്ടുപേർ ഉൾപ്പെടെ ഏതാനും ഹിന്ദുക്കളും അദ്ദേഹത്തിന്റെ പരിശ്രമത്താൽ കത്തോലിക്ക സഭയെ ആശ്ലേഷിച്ചു. മാന

സാന്തരപ്പെട്ട ഇവരിൽ ഒരാൾ ഫാദർ ഊക്കന്റെ കൂടെത്തന്നെയാണ് താമസിച്ചത്. കത്തോലിക്ക വിശ്വാസം സ്വീകരിച്ച ഒരു നായർ സ്ത്രീ അനാഥശാലയിലും താമസിച്ചു.

യാക്കോബായക്കാരുമായി സൗഹൃദം സ്ഥാപിക്കുവാൻ അദ്ദേഹം അവിരാമം ശ്രമിച്ചിരുന്നു എന്നതിന് തെളിവാണ് ഇന്ന് ആർത്താറ്റ് കാണുന്ന കുരിശുപള്ളി.[4] ഇന്ത്യയിൽ പുനരൈക്യ പ്രസ്ഥാനത്തിലൂടെ സീറോ മലങ്കര സഭ രൂപീകൃതമായത് 1930–ൽ ആണ്. മാർ ഇവാനിയോസ് പിതാവിന്റെ ഈ പുനരൈക്യ പ്രസ്ഥാനത്തിനു മുമ്പുതന്നെ കത്തോലിക്ക സഭയുമായി ഐക്യപ്പെട്ട വ്യക്തിയാണ് യാക്കോബായ വൈദികനായിരുന്ന ഫാ. ജേക്കബ് പനയ്ക്കൽ. അന്നത്തെ തൃശൂർ രൂപതാധ്യക്ഷനായിരുന്ന മാർ ഫ്രാൻസീസ് വാഴപ്പിള്ളിയുടെ അനുമതിയോടുകൂടി കോട്ടയം വികാരിയാത്തിന്റെ മെത്രാനായിരുന്ന അലക്സാണ്ടർ ചൂളപറമ്പിലിനോട് ആലോചിച്ച് ഫാ. പനയ്ക്കലിനെ കത്തോലിക്ക സഭയിലേക്ക് സ്വീകരിക്കുവാൻ ഊക്കനച്ചന് ഒരു വർഷം പ്രയത്നിക്കേണ്ടതായി വന്നു.[5] ഫാ. ജേക്കബ് പനയ്ക്കൽ (കാക്കു അച്ചൻ) വളരെക്കാലം ഊക്കനച്ചന്റെ കൂടെയാണ് താമസിച്ചത്.[6] അദ്ദേഹത്തിന്റെ എല്ലാ ചെലവും വഹിച്ചതും ഊക്കനച്ചൻ തന്നെയാണ്. പുനരൈക്യ സംരംഭത്തിന്റെ ഉഷ:കാലനക്ഷത്രമായിരുന്നു പനയ്ക്കൽ ബഹു. കാക്കു (യാക്കോബ്) അച്ചൻ. അദ്ദേഹം ബാവാ കക്ഷിക്കാരനും വലിയ പ്രാസംഗികനും ആയിരുന്നു. മെത്രാൻ കക്ഷിയിൽപെട്ട ഒരു പള്ളിയിൽ പ്രസംഗിക്കുവാൻ അദ്ദേഹത്തെ ക്ഷണിച്ചു. പ്രസംഗവേദിയിലേക്കു കയറിയ അദ്ദേഹത്തെ മറ്റൊരു വിഭാഗക്കാർ കൈയ്ക്കു പിടിച്ചിറക്കി. താനുൾപ്പെടുന്ന യാക്കോബായ സഭ ഭിന്നിച്ചു നില്ക്കുന്ന ഒരു സമൂഹമാണെന്നും, ഈ ഭിന്നിപ്പ് ക്രിസ്തീയമല്ലെന്നും, ഭിന്നിപ്പില്ലാതെ നിൽക്കുന്ന കത്തോലിക്ക സഭയാണ് സത്യസഭയെന്നും അദ്ദേഹത്തിനു പിന്നീട് ബോധ്യമാവുകയും കത്തോലിക്ക വിശ്വാസം സ്വീകരിക്കുകയും ചെയ്തു. മാനസാന്തരപ്രവർത്തനത്തിനുവേണ്ടി എന്തുത്യാഗം സഹിക്കുവാനും ഊക്കനച്ചൻ തയ്യാറായിരുന്നു.[7] ക്രിസ്തു ആഗ്രഹിക്കുന്ന ആ ഐക്യത്തിന്റെ പൂർണത കൈവരാൻ പരിശുദ്ധാരൂപിയുടെ പ്രസാദവരത്തിന്റെ പ്രേരണയാൽ പ്രാർഥന, പരിത്യാഗം, പ്രസംഗം, പ്രവർത്തനം എന്നിവ വഴി അദ്ദേഹം വളരെയധികം പ്രയത്നിച്ചു.

അകത്തോലിക്കരെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുവാൻ ലഭിക്കുന്ന ഒരവസരവും അദ്ദേഹം പാഴാക്കിയില്ല. യാക്കോബായ

സഭയിൽ നിന്ന് പുനരൈക്യപ്പെട്ട തിരുവല്ല ബിഷപ് മാർ സെവെരിയൂസിന് യാക്കോബായക്കാരുടെ ശക്തിദുർഗമായ കുന്ദംകുളത്ത് അന്നത്തെ പാലയൂർ വികാരിയായിരുന്ന ഊക്കനച്ചൻ വലിയൊരു സ്വീകരണം നൽകി.[8] എക്യുമെനിക്കൽ പ്രവർത്തനങ്ങളിലുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത അത്ര വലുതായിരുന്നു. കൂടെയുള്ളവർക്ക് അതിന് അദ്ദേഹം പ്രേരണയും നൽകി.

ഇതര ക്രൈസ്തവ വിഭാഗങ്ങളോടുള്ള ഊക്കനച്ചന്റെ മനോഭാവം വെളിപ്പെടുത്തുന്നതാണ് 1940-ൽ അദ്ദേഹം മെത്രാനച്ചനെഴുതിയ ഒരു കത്ത്: മറ്റു ക്രൈസ്തവസഭാവിഭാഗങ്ങളിൽ നിന്നും പെന്തക്കുസ്താസഭയിൽ നിന്നും വരുന്നവരെ കത്തോലിക്ക സഭയിലേക്കു സ്വീകരിക്കുവാനും യാതൊരു തടസവുമില്ലാതെ അവരുടെ വിവാഹം ആശീർവദിക്കുവാനും അനുവദിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. ചിറളയത്തു താമസിക്കുന്ന എന്റെ സഹവികാരിക്കും ഈ അനുവാദം കൊടുക്കണമെന്നപേക്ഷിക്കുന്നു.[9]

മറ്റൊരു തെളിവാണ് പഴഞ്ഞിയിലെ കെ.സി. ജോസഫ് കോർ എപ്പിസ്ക്കോപ്പയുടെ വാക്കുകൾ: അന്ന് ഇവിടെ 20 കത്തോലിക്ക കുടുംബങ്ങളെ ഉണ്ടായിരുന്നുള്ളു. അധികവും യാക്കോബായക്കാർ. മീറ്റിംഗ് വിളിച്ചുകൂട്ടുന്നതറിഞ്ഞാൽ വലിയ എതിർപ്പുണ്ടാകും. അതുകൊണ്ട് അച്ചന്റെ മുറിയിലാണ് മീറ്റിംഗ് വിളിച്ചു കൂട്ടിയിരുന്നത്. പല മീറ്റിംഗുകളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്.[10] കുന്ദംകുളത്ത് സീറോ മലങ്കരക്കാർക്ക് മഠംസ്ഥാപിക്കുവാൻ സ്ഥലം വാങ്ങുന്നതിനായി മാർ ഇവാനിയോസ് പിതാവിനെ അദ്ദേഹം സഹായിച്ചിട്ടുണ്ട്.[11] സഭൈക്യപ്രവർത്തനങ്ങൾക്കായി വിശുദ്ധ എവുപ്രാസ്യമ്മയും ഊക്കനച്ചനും ഒരുമിച്ചു പ്രാർഥിച്ചിരുന്നു.[12]

കാലത്തിന്റെ ചുവരെഴുത്തുകൾ കണക്കിലെടുത്തുകൊണ്ട് സഭൈക്യ പ്രവർത്തനങ്ങളിൽ സജീവമായും, ധിഷണ പ്രാഭവത്തോടുകൂടിയും എല്ലാ കത്തോലിക്കരും പങ്കെടുക്കണമെന്ന[13] കൗൺസിലിന്റെ ഉപദേശം വർഷങ്ങൾക്കു മുൻപുതന്നെ ജിവിതത്തിൽ പ്രായോഗിഗമാക്കിയ ഊക്കനച്ചൻ എക്യുമെനിസത്തിന്റെ പ്രവാചകൻ തന്നെയാണെന്ന് നിസ്സംശയം പറയാം. ആത്മാക്കൾക്കായുള്ള ദാഹത്താൽ കത്തിയെരിയുന്നൊരു ഹൃദയത്തിന്റെ ഉടമയായിരുന്നു ഊക്കനച്ചൻ.

**അടിക്കുറിപ്പുകൾ**

1. Light from heaven., 4 September, 1922, p. 346.

2. Souvenir Adaranjali., p. 40.
3. Souvenir Adaranjali., p. 40.
4. Souvenir Adaranjali., pp. 90-91.
5. Reunion of a Section of the Jacobites in India.
6. Souvenir Adaranjali., p. 91.
7. Souvenir Adaranjali., p. 40.
8. Palayur Parish Palliyogam., p. 92.
9. Letter Submitted to Bishop Francis Vazhappilly by Fr Augustine John Ukken from Palayur in 1940.
10. Oral Testimony., K C Joseph Cor Episcopa.
11. Archives of Mar Ivanios, Trivandrum.
12. Souvenir Nallidayante Nal Vazhikal., p. 162.
13. II Vat. Council., Unitatis Redintegratio, 4.



## ദീനദയാലു

വേദനിക്കുന്നവരോടൊപ്പം വേദനിക്കുകയും കരയുന്നവരോടൊപ്പം കരയുകയും ചെയ്തവനാണ് നമ്മുടെ ഗുരുവായ യേശുനാഥൻ. വേദനിക്കുന്നവരെ ആശ്വസിപ്പിക്കുകയും രോഗികളെ സുഖപ്പെടുത്തുകയും ചെയ്ത ക്രിസ്തുവിന്റെ ജീവിതം സ്വന്തജീവിതത്തിലേക്കു പകർത്തിയ ഊക്കനച്ചൻ ദീനവത്സലനായിരുന്നു. വേദനിക്കുന്നവരുടെ ആവശ്യങ്ങളറിഞ്ഞ് അവർക്കാവശ്യമായ സഹായങ്ങളും സാന്ത്വനവചസ്സുകളും ക്രിസ്തുവിന്റെ സമാധാനവും നല്കി അദ്ദേഹം അവരെ അനുഗ്രഹിച്ച് ആശ്വസിപ്പിച്ചു. ജാതി വ്യവസ്ഥിതിയോടുള്ള കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് എല്ലാവരാലും ത്യജിക്കപ്പെട്ടും വെറുക്കപ്പെട്ടും കഴിഞ്ഞിരുന്നവരെ ആ ദീനവത്സലൻ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു. ഇവരിലെല്ലാം അദ്ദേഹം ക്രിസ്തുവിനെയാണ് ദർശിച്ചത്. പാവങ്ങളോടു പക്ഷം ചേരുന്ന യേശുവിനെപ്പറ്റിയുള്ള പരാമർശങ്ങൾ ഡയറിക്കുറിപ്പുകളിൽ പലയിടത്തും കാണാം.[1] തന്റെ മാതൃകയായ യേശുവിൽനിന്നും ഇവയെല്ലാം പഠിച്ചറിഞ്ഞ ഊക്കനച്ചൻ അവശരേയും വിവശരേയും രോഗികളേയും ആലംബഹീനരേയും കാരാഗൃഹത്തിലടക്കപ്പെട്ടവരേയും മരണാസന്നരേയും അന്വേഷിച്ച് അവരുടെയിടയിലേയ്ക്കിറങ്ങിച്ചെന്നു. സ്വജനങ്ങളുടെ വിയോഗം മൂലവും രോഗത്തിന്റെ യാതനകൾ നിമിത്തവും ക്ലേശിച്ചിരുന്ന ഓരോരുത്തരേയും സഹായിക്കുവാനും ആശ്വസിപ്പിക്കുവാനുമായി വീടുതോറും കയറിയിറങ്ങുവാൻ സ്നേഹതീക്ഷ്ണത അദ്ദേഹത്തെ നിർബന്ധിച്ചു. മരണാസന്നരെ നന്മരണത്തിനായി അദ്ദേഹം ഒരുക്കി. മരണാസന്നയായിക്കിടക്കുന്ന മറിയത്തെ യേശു സന്ദർശിച്ചു ദൈവസ്നേഹത്തിൽ മരിക്കുവാൻ ഒരുക്കിയതുപോലെയായിരിക്കണം നാമും മരണാസന്നരെ ഒരുക്കേണ്ടതെന്ന് അദ്ദേഹം പറയുന്നു: മരണാസന്നയായി, വിവശയായിക്കിടക്കുന്ന മറിയത്തിന്റെ മുറിയിലേക്കു സ്തുതികളാലപിക്കുന്ന മാലാഖ വൃന്ദത്തിന്റെ അകമ്പടിയോടുകൂടി യേശു പ്രവേശിക്കുന്നു. എപ്പോഴും മാധുര്യമുള്ള ആ പേര്-അമ്മേ-എന്നു വിളിച്ചാശ്വസിപ്പിക്കുകയും മരണത്തിനൊരുക്കുകയും ചെയ്യുന്നു. അവിടമെല്ലാം സ്തുതിഗീതങ്ങളാൽ മുഖരിതമാകുന്നു. രോഗീലേപനം സ്വീകരിച്ചതിനുശേഷം മറിയം പറയുന്നു: എന്റെ മകനെ നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേൽപിക്കുന്നു. എത്ര ആനന്ദദായകമായ മരണം! മരണാസന്നരായ എല്ലാവരേയും അമ്മേ, അങ്ങു സഹായിക്കണമെ.

ദൈവസ്നേഹത്തിൽ അവർ മരിക്കട്ടെ.[2] മരണാസന്നർക്കുവേണ്ടി അദ്ദേഹം നിരന്തരം പ്രാർഥിച്ചിരുന്നു. ഇതേ ചൈതന്യം ആ വത്സല താതൻ തന്റെ മക്കൾക്കും പകർന്നുകൊടുത്തു.

രോഗികൾക്കും നിരാശ്രയർക്കും ആശ്വാസം നൽകുക എന്നതു ജീവിതശൈലിയാക്കിയ ഊക്കനച്ചൻ ആശുപത്രി നടത്തുക, അല്ലെങ്കിൽ സന്ദർശിക്കുകയെങ്കിലും ചെയ്യുക[3] എന്ന പ്രതിജ്ഞയും എടുത്തു. കുന്ദംകുളത്ത് സർക്കാർ ആശുപത്രിക്കു സമീപം ഒരു സ്ഥാപനം തുടങ്ങുകയാണെങ്കിൽ തന്റെ ഈ പ്രതിജ്ഞ അനായാസം പ്രാവർത്തികമാക്കാമെന്നും ആ ദീനദയാലു ആഗ്രഹിച്ചു. സർക്കാർ ആശുപത്രികൾ അദ്ദേഹം കൂടെക്കൂടെ സന്ദർശിച്ചിരുന്നു, ആളും അർഥവും നൽകി സഹായിച്ചുമിരുന്നു. ഓരോ മഠത്തോടുമനുബന്ധിച്ച് ഒരു ചെറിയ ഡിസ്പെൻസറിയുണ്ടാകണമെന്നും പാവപ്പെട്ടവരെയും അവശനിലയിൽ കഴിയുന്നവരെയും കുടുംബങ്ങളിൽ പോയി സഹായിക്കണമെന്നും പ്രഥമശുശ്രൂഷ നൽകണമെന്നും അദ്ദേഹം നിർദേശിച്ചിരുന്നു. മൊബൈൽ ക്ലിനിക്കിന്റെ ആവശ്യകത അദ്ദേഹം വളരെ മുമ്പുതന്നെ മനസ്സിലാക്കിയിരുന്നു. ഒരിക്കൽ രോഗീ സന്ദർശനം കഴിഞ്ഞെത്തിയ രണ്ടു സഹോദരിമാർ ഒരു രോഗിയുടെ ദാരുണസ്ഥിതിയെപ്പറ്റി അച്ചനോട് വിശദീകരിച്ചു. പട്ടിണിയും രോഗവുംമൂലം മരണത്തോട് മല്ലടിക്കുന്ന മനുഷ്യൻ! ഭക്ഷണമില്ല,വസ്ത്രമില്ല, കിടക്കുവാൻ ഒരു പായ പോലുമില്ല. വിശദീകരണം കഴിയും മുമ്പേ അവിടെയുണ്ടായിരുന്ന തന്റെ മക്കളെയെല്ലാം അച്ചൻ വിളിച്ചു. സന്യാസിനി സമൂഹത്തിന്റെ ശൈശവദശയായിരുന്നതുകൊണ്ട് ഒരു മേശയല്ലാതെ കട്ടിലോ, കസേരയോ യാതൊന്നും അന്ന് മഠത്തിലുണ്ടായിരുന്നില്ല. എങ്കിലും തേപ്പിന്റെ ഉപയോഗത്തിനുള്ള ആ മേശ രോഗിയുടെ വീട്ടിൽ എത്തിച്ചുകൊടുക്കുവാൻ അച്ചൻ അവരോടു പറഞ്ഞു. സ്വസ്ഥമായി അയാൾ കിടക്കട്ടെ-അതായിരുന്നു ആ ദയാവത്സലന്റെ ഹൃദയമലിഞ്ഞുള്ള പ്രതികരണം. ഭക്ഷണവും മരുന്നുമെല്ലാം അദ്ദേഹം എത്തിച്ചുകൊടുത്തു. മറ്റുള്ളവരുടെ കണ്ണുനീർ കണ്ടുനിൽക്കുവാനുള്ള ശക്തി അദ്ദേഹത്തിനില്ലായിരുന്നു. അവരും ദൈവത്തിന്റെ മക്കളാണ് അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു. മറ്റൊരവസരത്തിൽ രോഗവും ദാരിദ്ര്യവും കാർന്നുതിന്ന ഒരു മനുഷ്യക്കോലം അദ്ദേഹത്തെ സമീപിച്ചു. അറപ്പും വെറുപ്പും ജനിപ്പിക്കുന്ന രൂപം. ആ മനുഷ്യനിൽ ഊക്കനച്ചൻ ക്രിസ്തുവിനെയാണ് ദർശിച്ചത്. അച്ചന്റെതന്നെ ഭക്ഷണം കൊടുത്ത് അയാളുടെ വിശപ്പടക്കി, കുളിപ്പിച്ച് വസ്ത്രവും മരുന്നുമെല്ലാം കൊടുത്ത്

അച്ചന്റെ കൂടെ താമസിപ്പിച്ചു. ഒരു അമ്മയുടെ കരുണാർദ്രതയോടെ അദ്ദേഹം ആ രോഗിയോട് പെരുമാറി. അതുതന്നെയാണല്ലോ മാതാപിതാക്കൾ നഷ്ടപ്പെട്ട ഊക്കനച്ചൻ തന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിൽനിന്നും പഠിച്ചിട്ടുള്ളതും. ഒരാഴ്ച കഴിഞ്ഞപ്പോൾ ആ രോഗി അച്ചന്റെ മുറിയിൽവച്ചുതന്നെ മരണമടയുകയും ചെയ്തു. ആശ്രിതവത്സലന്റെ സ്നേഹവാത്സല്യങ്ങൾ സ്വീകരിച്ച് ധന്യമായ ആ ആത്മാവ് നിത്യസമ്മാനത്തിനായി ഈ ലോകത്തോടുവിടപറഞ്ഞു.[4]

അദ്ദേഹത്തിന്റെ സ്നേഹവും പരിചരണവും ലഭിക്കാത്ത ഒരു രോഗിയും അന്ന് ചൊവ്വന്നൂർ നാട്ടിലുണ്ടായിരുന്നില്ല. ദുഃഖിതരും, പീഡിതരും, രോഗികളും, ആകുലരും അദ്ദേഹത്തിൽ അഭയം കണ്ടെത്തി. അങ്ങനെ അനേകായിരങ്ങൾക്ക് പിതാവായ ദൈവത്തിന്റെ സ്നേഹം ആ മനുഷ്യസ്നേഹി പകർന്നു കൊടുത്തു. എല്ലാവരോടും അദ്ദേഹം കാരുണ്യത്തോടെ പെരുമാറി. ഈ ചെറിയവരിൽ ഒരുവനു ചെയ്തു കൊടുത്തപ്പോൾ നിങ്ങൾ എനിക്കുതന്നെയാണ് ചെയ്തത് (മത്താ. 25:40) എന്ന ക്രിസ്തുവാക്യം അദ്ദേഹത്തിന്റെ കർണപുടങ്ങളിൽ എപ്പോഴും മുഴങ്ങിക്കൊണ്ടിരുന്നു. അതിന്റെ പ്രത്യക്ഷമായ സ്പന്ദനങ്ങളാണ് അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം നാം കാണുക. അയൽക്കാരനോടുള്ള അദ്ദേഹത്തിന്റെ സ്നേഹം പരിത്യാഗം വരെ എത്തിനിൽക്കുന്നതായിരുന്നു. അനുദിന ചെലവുകൾ നിർവഹിക്കുവാൻ കഷ്ടപ്പെട്ടിരുന്നപ്പോഴും പാവപ്പെട്ടവരെ അദ്ദേഹം സഹായിച്ചിരുന്നു. പാവപ്പെട്ടവരോടും വേദനിക്കുന്നവരോടും അദ്ദേഹത്തിന് പ്രത്യേക പരിഗണനയുണ്ടായിരുന്നു. തന്റെ ഭക്ഷണം രോഗികളായ സിസ്റ്റേഴ്സിന് നൽകിയിരുന്നു.[5] ഒരു ദിവസം ഞങ്ങൾക്ക് ഭക്ഷിക്കുവാൻ മഠത്തിൽ ഒന്നുമുണ്ടായിരുന്നില്ല. ആ സമയത്ത് ഒരു ഭിക്ഷക്കാരൻ വന്ന് ഭക്ഷണം ചോദിച്ചു. ഞങ്ങൾ വിശന്നിരിക്കുകയായിരുന്നെങ്കിലും പോക്കറ്റിലുണ്ടായിരുന്നതെടുത്ത് അച്ചൻ അയാൾക്കു നൽകി. തീർച്ചയായും പരസ്നേഹപ്രവർത്തനങ്ങൾക്ക് അദ്ദേഹം ഞങ്ങൾക്കൊരു മാതൃകയാണ്. അദ്ദേഹത്തിന്റെ ഹൃദയത്തിലും ജീവിതത്തിലും പാവപ്പെട്ടവർക്ക് എപ്പോഴും പ്രത്യേക സ്ഥാനമുണ്ടായിരുന്നു[6] എന്ന് സി. ലൈബർത്ത സാക്ഷ്യപ്പെടുത്തുന്നു.

അജഗണത്തിനായി അലയുന്ന ഒരു അജപാലകനെയാണ് ഊക്കനച്ചനിൽ ജനം ദർശിച്ചത്. പകൽസ്വപ്നങ്ങൾ ധാരാളം കണ്ട വലിയ മനുഷ്യൻ. ഈ സ്വപ്നങ്ങളെല്ലാം അദ്ദേഹത്തെ അസ്വസ്ഥനാക്കി;

ഉറക്കം കെടുത്തി. അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ നിരാലംബരും അനാഥരുമായ കുട്ടികൾ, സ്ത്രീകൾ, സമുദായം ഭ്രഷ്ട് കൽപിച്ചവർ, ചാപ്പ കുത്തിയവർ, അഗതികൾ, പാർശ്വവൽക്കരിക്കപ്പെട്ടവർ, വിളുമ്പിൽ കഴിയുന്നവർ, തകർന്ന കുടുംബങ്ങൾ... ചുരുക്കത്തിൽ മുഖവും മനസും ആത്മാവും വിരൂപമാക്കപ്പെട്ടവരെപ്പറ്റിയായിരുന്നു. അവരെ ഉദ്ധരിച്ച് മുഖ്യധാരയിലേക്കു കൊണ്ടുവരുവാൻ അദ്ദേഹം യേശുവിന്റെ വഴിയേ നടന്നു. അത് പുതിയ വഴികളായും വേറിട്ട വഴികളായുമാണ് സാധാരണക്കാർ കണ്ടത്. മറ്റുള്ളവരുടെ സൗഖ്യവും സന്തോഷവും അദ്ദേഹത്തിന്റെ സ്വപ്നങ്ങളായിരുന്നു. അപരന്റെ ജീവിതവഴിയിലേക്ക് ദൈവം കടന്നുവരുവാൻ സാഹചര്യം സൃഷ്ടിച്ചെടുത്തു. കൃപവിളയുന്ന വയലുകളാക്കി ജീവിതങ്ങളെ മാറ്റിയെടുത്തു. മറ്റുള്ളവരുടെ നൊമ്പരത്തിന്റെ ആഴവും ജീവിതത്തിന്റെ ദുരന്തങ്ങളും അദ്ദേഹത്തിന്റെ പ്രാർഥനയായിമാറി. വേദനിക്കുന്നവർക്കായി എന്തൊക്കെ കൂടുതലായി ചെയ്യാനാകും എന്ന് ദിവ്യകാരുണ്യസന്നിധിയിൽ അദ്ദേഹം നിരന്തരം ചോദിച്ചുകൊണ്ടിരുന്നു. ഉൾവിളിക്കനുസരിച്ച് ദൈവം വഴികൾ തുറന്നുതരുമെന്ന ദൃഢമായ വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. പുതിയ വഴികളിലൂടെ സഞ്ചരിച്ചപ്പോൾ അനേകം ജീവിതങ്ങൾ പുനർനിർമിച്ചു നൽകാനായി.

ഒരു വലിയ മനുഷ്യസ്നേഹി ആയിരുന്നു ഊക്കനച്ചൻ. ദൈവത്തിന്റെ ദാനമായ മനുഷ്യജീവൻ അദ്ദേഹം അമൂല്യമായി കണക്കാക്കി. ജീവൻ സംരക്ഷിക്കുവാൻ ഏതററ്റംവരെ പോകുവാനും അദ്ദേഹം തയ്യാറായിരുന്നു. സി. സർഫീന അനുസ്മരിക്കുന്നത് ഇങ്ങനെ: കൊക്കാല ചേരിയിൽ ഓലമേഞ്ഞ ഒരു വീട്ടിൽ ഞങ്ങൾ താമസിച്ചിരുന്ന കാലം. സി. ജൂലിയാനയും സി. ബ്രിജീത്തയും കൂടെയുണ്ടായിരുന്നു. ഒരു ദിവസം കൊക്കാലയിലെ അഴുക്കുചാലിൽ ആരോ ഉപേക്ഷിച്ചിട്ടുപോയ ഒരു ചോരക്കുഞ്ഞ് കരയുന്നത് സ്ഥാപകപിതാവ് കണ്ടു. മനസ്സലിഞ്ഞ അദ്ദേഹം സ്നേഹവായ്പോടെ തുണിയിൽ പൊതിഞ്ഞ ആ കുഞ്ഞിനെ എടുത്ത് ഞങ്ങളെ ഏൽപിക്കുകയും സംരക്ഷിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. എല്ലാ ദിവസവും അച്ചൻ വന്ന് വിവരങ്ങൾ അന്വേഷിക്കുകയും സഹായങ്ങൾ ചെയ്തു തരികയും ചെയ്യുമായിരുന്നു. എന്നാൽ മൂന്നാഴ്ച കഴിഞ്ഞപ്പോൾ ആ കുഞ്ഞ് മരണമടഞ്ഞു. എല്ലാവരുടെയും സങ്കടത്തിന് അതിരില്ലായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹം വിവരിക്കാൻ വാക്കുകൾ വിരളമാണ്.[7] മനുഷ്യരുടെ എല്ലാ തലങ്ങളിലും ഇറ

ങ്ങിച്ചെന്ന മനുഷ്യസ്നേഹി ആയിരുന്നു ഊക്കനച്ചൻ എന്ന് ചിറള യത്തുള്ള എ പി അഗസ്റ്റിൻ ഓർക്കുന്നു. പാലയൂരുള്ള ഒരു മാനസിക രോഗിയെ ചിറളയത്തുള്ള ലൈൻമുറികളിൽ ഒന്നിൽ താമസിപ്പിച്ച് ചികിത്സിച്ചു സുഖപ്പെടുത്തിയത് അതിശയത്തോടുകൂടിയാണ് ഇന്നും ഓർക്കുന്നത്. ഇത് നാട്ടുകാരിൽ ചിലർ എതിർത്തു. എതിർത്തവരെ യെല്ലാം അദ്ദേഹം അനുനയിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്നേഹം വിസ്മയാവഹംതന്നെ.[8]

സമൂഹത്തിലും മറ്റുള്ളവരോടും ഉദാരമതികളായിരിക്കണമെന്ന് ചാരിറ്റി സിസ്റ്റേഴ്സിനോട് അദ്ദേഹം ഉപദേശിച്ചിരുന്നു. തങ്ങളുടെ സ്ഥാപകനിൽനിന്ന് അവർ പാഠമുൾക്കൊണ്ടു. ദൈവത്തോടും സഹോ ദരരോടുമുള്ള സ്നേഹത്തിൽ വളരണമെന്ന് അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു. ജാതി മത വർഗ വർണ ഭേദമെന്യേ ഇടവകയിലെ എല്ലാ ഭവനങ്ങളിലേക്കും സ്നേഹത്തിന്റെ സന്ദേശവുമായി അദ്ദേഹം അവരെ പറഞ്ഞയച്ചു. അവർ അഗതികളെയും രോഗികളെയും ശുശ്രൂ ഷിച്ചു. നേഴ്സിംഗ് പഠിക്കുന്നതിനായി സിസ്റ്റേഴ്സിനെ പറഞ്ഞുവിട്ടു. രോഗികളിലും അഗതികളിലും ഈശോയെ ദർശിക്കണമെന്ന് അദ്ദേഹം പഠിപ്പിച്ചു. പാവങ്ങളുടെ പിതാവ് എന്നാണ് അദ്ദേഹം അറിയപ്പെ ട്ടിരുന്നത്. എത്ര തിരക്കുപിടിച്ച ജീവിതത്തിനിടയിലും രോഗിക ളെയും പാവപ്പെട്ടവരെയും ശുശ്രൂഷിക്കുന്നതിനും സഹായിക്കുന്ന തിനും കുടുംബങ്ങൾ സന്ദർശിക്കുന്നതിനും അദ്ദേഹം സമയം കണ്ടെ ത്തിയിരുന്നു.[9] അദ്ദേഹം ധ്യാനങ്ങളിലൂടെയും ക്ലാസ്സുകളിലൂടെയും സിസ്റ്റേഴ്സിനെ പഠിപ്പിക്കുക മാത്രമല്ല ചെയ്തത് പരിശീലിപ്പിക്കുകയും ചെയ്തു. രോഗികളെയും വൃദ്ധരെയും ശുശ്രൂഷിക്കുന്നതിൽ ഞങ്ങ ളുടെ സ്ഥാപക പിതാവ് മുൻ നിരയിലായിരുന്നു[10] എന്ന് സി. ആഗ്നസ് സാക്ഷ്യപ്പെടുത്തുന്നു. അതേ ജീവിതശൈലി തുടർന്നു കൊണ്ടു പോകുവാൻ തന്റെ മക്കളോട് അദ്ദേഹം ഉപദേശിച്ചു.

**അടിക്കുറിപ്പുകൾ**

1. Light from heaven., December, 1903; 17 December, 1904.
2. Ibid., 24 May, 1903.
3. Ibid., 1925, p. 354.
4. Written Testimony., ff. 1-3, Sr Agnes CSC.
5. Written Testimony., f. 22, Sr Hendrica CSC.
6. Written Testimony., f. 23, Sr Libertha CSC.
7. Oral Testimony., Sr Seraphina CSC, Sr Juliana CSC
8. Oral Testimony., A P Augustine, Alukkal, Chiralayam
9. Written Testimony., f. 14, Sr Bridget CSC.
10. Written Testimony., f. 1-3 Sr Agnes CSC.

## പാവങ്ങളുടെയും അശരണരുടെയും അത്താണി നീതി നിർവഹണത്തിലൂടെ

കുലീന കുടുംബത്തിൽ ഭ്രൂജാതനായവനെങ്കിലും ശൈശവത്തിൽത്തന്നെ മാതാപിതാക്കൾ നഷ്ടപ്പെട്ട ഊക്കനച്ചൻ ദാരിദ്ര്യമെന്തെന്ന് അനുഭവിച്ചറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം ഒരു പ്രതിജ്ഞയെടുത്തു: പാവങ്ങളെ ഉദ്ധരിക്കുന്നതിനായി വേണ്ടിവന്നാൽ യേശുവിനെപ്പോലെ രക്തം ചിന്തണം.[1] ജീവിതാന്ത്യംവരെ യേശുവിനേയും അമ്മയേയും അനുകരിച്ച ഊക്കനച്ചൻ ചെറ്റക്കുടിലുകൾ കയറിയിറങ്ങി. പട്ടിണിപ്പാവങ്ങളുടെ വിളി ശ്രവിച്ചു. ദുർബലരെ ശക്തിപ്പെടുത്തി. അവരോട് കാരുണ്യം കാണിച്ചു. പാവങ്ങളോടും ദുർബലരോടും കരുണാർദ്രതയോടെ പെരുമാറുകയും അവരുടെ ഈ അവസ്ഥ മെച്ചപ്പെടുത്തുവാൻ എല്ലായ്പോഴും പരിശ്രമിക്കുകയും ചെയ്യും[2] എന്ന പ്രതിജ്ഞയും അദ്ദേഹം സ്വീകരിച്ചു. പിൽക്കാലത്ത് അത് ജീവിത പ്രമാണമാക്കി മാറ്റിക്കൊണ്ട് തന്റെ മക്കളുടെ സ്നേഹപൂർണമായ പാലനത്തിനായി നൽകുകയും ചെയ്തു. തന്റെ സഹോദരങ്ങളുടെ കണ്ണീരിൽ കുതിർന്ന ജീവിതം കണ്ട് മനസ്സലിഞ്ഞ അദ്ദേഹം അവരിലേക്കിറങ്ങിച്ചെന്ന് അവർക്കായി ജീവിച്ചു. അദ്ദേഹത്തിന്റെ ഭാവന വിടർന്നു വികസിച്ചു: ദരിദ്രർ അധിവസിക്കുന്ന സമ്പന്ന രാഷ്ട്രമാണ് ഭാരതം. ഭാരതത്തിൽ നിയമം ദരിദ്രനുവേണ്ടിയാണ്. സമ്പന്നന് നിയമത്തിന്റെ പിടിയിൽനിന്നു രക്ഷപ്പെടുന്നതിന് പഴുതുകൾ നിരവധിയാണ്. ഭാരതത്തിന്റെ മക്കൾ തെരുവുകളിൽ ജനിക്കുന്നു, വളരുന്നു, അവിടെത്തന്നെ പിടഞ്ഞുവീണ് മരിക്കുന്നു. ഇവരെയൊക്കെ ഉദ്ധരിക്കുന്നതിനാണ് താൻ പുരോഹിതനായി അഭിഷിക്തനായത്. ഭാരതത്തിൽ ഒരു സ്ഥാപനമായി വളർന്നുകൊണ്ടിരിക്കുന്ന അധാർമികതയും അനീതിയും ചൂഷണവും നിർമാർജനം ചെയ്യുവാൻ തനിക്കു കടമയുണ്ടെന്ന് ഊക്കനച്ചന് ബോധ്യമുണ്ടായിരുന്നു. സുവിശേഷത്തെ സ്ഥലകാലബന്ധമായി വിശകലനം ചെയ്തുകൊണ്ട് ഈ അവസ്ഥാവിശേഷത്തിന് വിരാമമിടാമെന്ന് അദ്ദേഹം അടിവരയിട്ടു വിശ്വസിച്ചു. മരുഭൂമിയിലെ പ്രവാചകസ്വരമായും വിമോചകനായ ക്രിസ്തുവിന്റെ കൂദാശയായും മാറി, നിലവിലിരിക്കുന്ന അധാർമിക വ്യവസ്ഥിതികളോടും മർദകശക്തികളോടും പോരാടി വിശ്വസാഹോദര്യം സംജാതമാക്കുവാൻ അദ്ദേഹം അശ്രാന്തപരിശ്രമം ചെയ്തു. ആത്മീയമായി മരിച്ച വ്യക്തികൾക്ക് ജീവൻ പകർന്നുകൊടുത്തു. ദൈവത്തിന്റെ മുമ്പിൽ വാക്കിലും പ്രവൃത്തിയിലും ശക്തനായ പ്രവാചകനായിരുന്നു (ലൂക്ക 24:19) അദ്ദേഹം.

കരയുന്നവരുടേയും വേദനിക്കുന്നവരുടേയും കണ്ണുനീരൊപ്പിക്കൊണ്ട് അവരെ ഉദ്ധരിക്കുവാൻ അദ്ദേഹം പദ്ധതികൾ ആസൂത്രണം ചെയ്തു. സമുദായം ഉപേക്ഷിക്കുന്ന ശിശുക്കളേയും, മാതാപിതാക്കൾ നഷ്ടപ്പെട്ട് ലോകമഹാസാഗരത്തിൽ ഏകാകിയായിക്കഴിയുന്ന ബാലികാബാലന്മാരെയും സംരക്ഷിക്കുന്നതിനായി അനാഥശാല ആരംഭിക്കുക, ജീവിതത്തിന്റെ സായംസന്ധ്യയിൽ സ്വന്തപ്പെട്ടവരുടെ സ്നേഹശുശ്രൂഷകൾ ലഭിക്കാതെ നിരാശ്രയരായി കഴിയുന്നവർക്ക് അഭയം നൽകുന്ന സംരക്ഷണകേന്ദ്രങ്ങൾ അഥവാ വൃദ്ധമന്ദിരങ്ങൾ ആരംഭിക്കുക, ഭാവിജീവിതത്തെ കരുപ്പിടിപ്പിക്കുവാൻ യാതൊരു വഴിയും കാണാതെ നിരാശയിൽപെട്ടുകഴിയുന്നവരെ പ്രത്യാശയിലേയ്ക്കു നയിക്കുവാൻ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക, അനീതിക്കും അന്ധവിശ്വാസത്തിനും ധർമച്യൂതിക്കുമെതിരെ വിശ്വാസവെളിച്ചം പകർന്നുകൊടുക്കുവാൻ, ആശയസമ്പുഷ്ടവും ആദർശനിർഭരവുമായ ഭാവിതലമുറയെ വാർത്തെടുക്കുവാൻ സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ ആരംഭിക്കുക, നന്മതിന്മകളുടെ പ്രാരംഭപാഠങ്ങൾ പകർന്നുകൊടുത്ത് സന്മാർഗികതയിലധിഷ്ഠിതമായ യുവതലമുറയെ വളർത്തിയെടുക്കുന്നതിനനുയോജ്യമായ കുടുംബാന്തരീക്ഷം സംജാതമാക്കുവാൻ കുടുംബസന്ദർശനം നടത്തുക, അജ്ഞാനാന്ധകാരത്തിൽ കഴിയുന്നവരെ പ്രകാശത്തിന്റെ സത്പന്ഥാവിലേക്കു നയിക്കുവാൻ വിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുക, രോഗത്താൽ വലയുന്നവരെയും വേദനയാൽ ക്ലേശിക്കുന്നവരെയും ആശ്വസിപ്പിക്കുവാൻ ആശുപത്രികൾ നടത്തുക, വിശ്വാസസത്യം പ്രചരിപ്പിക്കുന്നതിനായി സുവിശേഷമാകുകയും സുവിശേഷമേകുകയും ചെയ്യുക, ഈശ്വരസാമീപ്യം അനുഭവവേദ്യമാക്കിക്കൊടുത്തുകൊണ്ട് ഈശ്വരസായൂജ്യത്തിലെത്തുവാൻ സഹായിക്കുന്ന പ്രാർഥനാസമ്മേളനങ്ങൾ നടത്തുക, ഏക ഇടയനും ഏകതൊഴുത്തുമാകുവാൻ ഉതകുന്ന പുനരൈക്യശ്രമങ്ങൾ നടത്തുക, ദൈവപിതാവിന്റെ സമ്മാനമായ പ്രപഞ്ചമാകുന്ന സ്നേഹവിരുന്ന് എല്ലാവർക്കും അനുഭവവേദ്യമാക്കിക്കൊടുക്കുക, കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചു പ്രതികരിക്കുക... ഊക്കനച്ചന്റെ സ്വപ്നങ്ങൾ വളരെ ബൃഹത്തായിരുന്നു. ആരും ആരെയും ചൂഷണം ചെയ്യാത്ത, പാവങ്ങളെയും പാപികളെയും സ്നേഹിക്കുന്ന ഒരു പുതിയ ആകാശവും പുതിയ ഭൂമിയും പടുത്തുയർത്തി നവസമൂഹം സംജാതമാക്കുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു. അതിന്റെ പ്രതിഫലനമെന്നപോലെ സ്ത്രീകളെ ഉദ്ധരിക്കുന്നതിനായി അദ്ദേഹം ഒരു നെയ്ത്തുശാല ആരംഭിച്ചു.

തൊഴിൽരഹിതരായി അലഞ്ഞുതിരിയുന്ന യുവാക്കളെ കൈപിടിച്ചു യർത്തുന്നതിനായി പത്തും അൻപതും രൂപവീതം നൽകി കച്ചവട മാരംഭിക്കുവാൻ സഹായിക്കുകയും പിൽക്കാലത്ത് അവർ വലിയ വ്യവസായികളായിത്തീരുകയും ചെയ്തു. ജന്മിമാരുടെ വിശാലമായ ഭൂസ്വത്ത് കുടിയാന്മാർക്ക് സംലഭ്യമാക്കുവാൻ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. നാട്ടുമുതലാളിമാരിൽ നിന്ന് കൊള്ളപ്പലിശക്ക് പണം കടംവാങ്ങി നശിച്ച ഗ്രാമീണരുടെ ജീവിതം പുനർനിർമിച്ചു നൽകു വാൻ അദ്ദേഹം ചെയ്ത പരിശ്രമങ്ങൾ വർണനാതീതമാണ്. കുടി വെള്ളക്ഷാമം നേരിട്ടപ്പോൾ സ്വന്തമായി വാങ്ങിയ പറമ്പിൽ കിണ റുകുത്തി പാവങ്ങൾക്ക് ജലം സംലഭ്യമാക്കിക്കൊടുത്തു. അന്ന് ഭാരത ത്തിൽ സുപ്രസിദ്ധമായിത്തീർന്നിരുന്ന ഹെർബൊമിനറൽ മരുന്നു കൾ, സാധുജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമായിത്തീരണമെ ന്നുള്ള ഉദ്ദേശത്തോടുകൂടി കൊക്കാല മഠത്തിൽ ശേഖരിച്ച് വിതരണം ചെയ്തിരുന്നു.[3] അഗതി പൂജയിൽ അദ്ദേഹം ആനന്ദം കണ്ടെത്തി.

അത്യാവശ്യസാധനങ്ങളുടെ ദൗർലഭ്യം ഉണ്ടായിരുന്നപ്പോഴും തനിക്കുള്ളത് സ്വസഹോദരങ്ങൾക്കായി അദ്ദേഹം പങ്കുവച്ചു കൊടുത്തു. എല്ലാവർക്കും ആ വിശാലഹൃദയത്തിൽ സ്ഥാനമുണ്ടാ യിരുന്നു; ആരെയും അദ്ദേഹം ഉപേക്ഷിച്ചില്ല; ആർക്കും അദ്ദേഹം സഹായം നിഷേധിച്ചില്ല. വ്യക്തിയുടെയും സമൂഹത്തിന്റെയും സുസ്ഥിതിക്ക് വിഘാതമായി നിൽക്കുന്ന സ്വാർഥതയും അനിയന്ത്രിത മായ ദ്രവ്യാഗ്രഹവും ഉപേക്ഷിക്കുവാനാണല്ലോ യേശുവും ഉപദേ ശിക്കുന്നത്. ഭൗതികതക്കും സ്വാർഥതക്കും അടിപ്പെടുന്ന വ്യക്തിക്കു സംഭവിക്കുന്ന പരാജയം ഭോഷനായ ധനവാന്റെ ഉപമയിലൂടെ അവിടുന്ന് വ്യക്തമാക്കുന്നുണ്ട് (ലൂക്ക 12:13-21). ധനവാന്റെയും ലാസറിന്റെയും ഉപമ നൽകിക്കൊണ്ട് സമ്പത്തിന്റെ ശരിയായ ഉപ യോഗം, സഹോദരങ്ങളോടുള്ള കടപ്പാട് എന്നിവ സംബന്ധിച്ച ദൈ വിക പദ്ധതിയും യേശു സ്പഷ്ടമാക്കുന്നുണ്ട് (ലൂക്ക 16:19-31). യേശു വിന്റെ ഈ സ്നേഹസന്ദേശം സ്വാംശീകരിച്ചുകൊണ്ട് മറ്റുള്ളവർക്കും അതു പകർന്നുകൊടുത്ത് ആദിമക്രൈസ്തവസമൂഹത്തിന്റെ മാതൃ കയിൽ സ്നേഹത്തിലും നീതിയിലും അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ അദ്ദേഹം എല്ലാവരേയും ആഹ്വാനം ചെയ്തു. സത്യവും നീതിയും ഊടും പാവുമായുള്ള ഒരു സമൂഹം രൂപീകരിക്കുവാൻ അദ്ദേഹം വെമ്പൽ കൊണ്ടു. പാവങ്ങളുടെ വേദന സ്വന്തം വേദന യാക്കിപ്പകർത്തിയ അദ്ദേഹം അവരെ ഉദ്ധരിക്കുവാൻ തന്റെ അജഗ


ണങ്ങളെക്കൂടി പ്രേരിപ്പിച്ചു. ചെറുപ്പം മുതൽ താൻ അനുഭവിച്ചറിഞ്ഞ പിതാവിന്റെ സ്നേഹം സ്വസഹോദരങ്ങൾക്കു പകർന്നുകൊടുത്തു കൊണ്ട് ആ സ്നേഹത്തിന് അദ്ദേഹം പ്രതിനന്ദി പ്രകടിപ്പിച്ചു.

ആ ധന്യജീവിതം പാവങ്ങളെ ഉദ്ധരിക്കുവാൻ വേണ്ടിയുള്ളതായിരുന്നു. അതിന്റെ ചലനങ്ങൾ ഊക്കനച്ചന്റെ ജീവിതത്തിലുടനീളം പ്രസ്പഷ്ടമായി കാണാമായിരുന്നു. പാവങ്ങളുടെ സ്നേഹിതനായ യേശുവിന്റെ പ്രതിഛായ അക്കാലത്തെ ജനങ്ങൾ ഊക്കനച്ചനിൽ ദർശിച്ചു. പാവങ്ങളോടും ദുർബലരോടും കരുണയോടെ വർത്തിച്ച ഊക്കനച്ചൻ, മറ്റുള്ളവർക്ക് ഉപവി നിഷേധിക്കുന്നത് കൊലപാതകമായി കണക്കാക്കി. ഇങ്ങനെയുള്ള അനേകം കൊലപാതകങ്ങൾ കണ്ട് ആ സ്നേഹഹൃദയം വളരെയധികം വേദനിച്ചു. അവയ്ക്കെല്ലാം പരിഹാരം ചെയ്യുവാനുള്ള നെട്ടോട്ടമായിരുന്നു ആ ധന്യജീവിതം.

---

## അടിക്കുറിപ്പുകൾ

1. Light from heaven., April, 1902, p. 2.
2. Ibid., 7 August, 1903.
3. Navajeevika, Bulletin of Trichur Diocese., 1949.



നമ്പ്ര 3635

ദൈവകൃപയാലെയും ശ്ലീഹാസ്സുടെത്ത സിംഹാസനത്തിന്റെ
മനോഗുണത്താലെയും
പാർലൂസിന്റെ മെത്രാനും
തൃശ്ശൂർ വികാരി അപ്പൊസ്തോലിക്കായും ആയ

നാം

മേനാച്ചേരി യോഹന്നാൻ

മെത്രാൻ.

അച്ചന്ന ആശീർവ്വാദം.

നാം താങ്കളെ ................................ പള്ളിയുടെ വികാരി ആയി നിശ്ചയിച്ചുകൊണ്ട് ടി. പള്ളിയിന്മേലും അതിലുൾപ്പെട്ട ജനങ്ങളുടെമേലും മററും പൂണ്ണാധികാരം തരികയും ആത്മാവുകളുടെ ജ്ഞാനഗുണത്തെ ജാഗ്രതയായി വർദ്ധിപ്പിക്കണമെന്നും പള്ളിയുടെ ലൌകികമായ കാര്യാദികളേയും സൂക്ഷിക്കണമെന്നും കല്പിക്കയും ചെയ്യുന്നു. ഞായറാഴ്ചദിവസങ്ങളിൽ സുവിശേഷത്തിന്റെ പൊരുൾ പറഞ്ഞുകൊടുക്കുന്നതും പ്രസംഗിക്കുന്നതും ബ: വികാരിയുടെ കടമയാകുന്നു.

പള്ളി ഇസ്കോളയുടേയും മററ സ്കൂളുകളുടേയും കാര്യാദികളെ അന്വേഷിക്കുന്നതിന്ന പ്രത്യേകം താല്പര്യമുണ്ടാകണം. അവയ്ക്ക് അഭിവൃദ്ധി വരുത്തി ന്യായമായ എല്ലാ പോംവഴികളേയും പ്രയോഗിച്ചു കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുവാൻ ഉത്സാഹിക്കയും ടി. കുട്ടികളെ ആഴ്ചയിൽ രണ്ട് ഊഴം സ്കൂളുകളിലും ഞായറാഴ്ച ഉച്ച തിരിഞ്ഞു പള്ളിയിലും വെച്ചു വേദോപദേശം പഠിപ്പിക്കയുംവേണം.

വിശേഷിച്ചു പള്ളിയുടെ കൈക്കാരന്മാരും യോഗക്കാരും ഇടവകക്കാരെല്ലാവരും താങ്കളെ വികാരിയായി കൈക്കൊണ്ടു യോഗ്യമായ കീഴ്വഴക്കവും വണക്കവും താങ്കൾക്കു ചെയ്യുന്നതിന്നും കൈക്കാരന്മാർ മാസന്തോറം വികാരിക്കുള്ള ശമ്പളം ക്രമമായി തരുന്നതിന്നും നാം അവരോടു പ്രമാണിക്കയുംചെയ്യുന്നു.

തൃശ്ശിവപേരൂർ നമ്മുടെ അരമനയിൽനിന്ന് 1917-ാംകാലം ............ മാസം 3-ാംനു-

...... പോരുംമുമ്പു കൈവശമുള്ള പള്ളിക്കാര്യം ബന്ധിച്ച കല്പനകളും മററും വരുന്ന ബ: വികാരിക്ക് ഏല്പിച്ചുകൊടുക്കുകയും, ചെല്ലുന്ന പള്ളിയിലും അപ്രകാരം ഏററുവാങ്ങുകയുംവേണം. അതുപ്രകാരം തരാത്തപക്ഷം വിവരം ബോധിപ്പിക്കയുംവേണം.

നിയമന പത്രിക, ലൂർദ്

## പാപികളുടെ സ്നേഹിതൻ

പാപികളുടെയും പാവങ്ങളുടെയും സ്നേഹിതനായ യേശുവിനെ ലൂക്കാ സുവിശേഷകൻ വളരെ മനോഹരമായി ചിത്രീകരിക്കുന്നുണ്ട്. വി. ലൂക്കയുടെ സുവിശേഷത്തിൽ പാപിനിക്കു സ്നേഹത്തോടെ മോചനം നൽകുന്ന യേശുവിനെ നാം ദർശിക്കുന്നുണ്ട് (ലൂക്ക 7:36-50). പാപികളെത്തേടി കാടും മേടും, മുള്ളും മുൾപ്പടർപ്പും കയറിയിറങ്ങുന്ന നല്ലയിടയനെയും, പുത്രന്റെ വിയോഗത്തിൽ ദുഃഖാർത്തനായിക്കഴിയുന്ന നല്ല പിതാവിനെയും, പുത്രന്റെ തിരിച്ചുവരവിൽ മതിമറന്നു സന്തോഷിച്ചു സ്നേഹം ധൂർത്തടിക്കുന്ന വത്സലതാതനെയും, നഷ്ടപ്പെട്ട നാണയം തിരിച്ചു കിട്ടിയതിൽ ആത്മാർഥമായി സന്തോഷിക്കുന്ന സ്ത്രീയേയും ലൂക്കാ സുവിശേഷകൻ ഭംഗിയായി വരച്ചു കാണിക്കുന്നുണ്ട് (ലൂക്ക 15). നല്ല സമറിയാക്കാരന്റെ ഉപമ വിശദീകരിച്ചുകൊണ്ട് (ലൂക്ക10:25-37) യേശുവിന്റെ കരുണാർദ്രസ്നേഹവും നമ്മെ പറഞ്ഞു മനസ്സിലാക്കുന്നു. ചുങ്കക്കാരിൽ പ്രധാനിയായിരുന്ന സക്കേവൂസിനെ മാനസാന്തരത്തിലേയ്ക്കു നയിച്ചു പുതിയ മനുഷ്യനാക്കിത്തീർക്കുന്നതുവഴി സത്യസന്ധതയുടെയും കാരുണ്യത്തിന്റെയും മഹനീയതയാണ് കാണിച്ചു തരിക (ലൂക്ക 19:1-10). ദൈവവുമായി അനുരഞ്ജനപ്പെടുകയും അനീതിക്കു പരിഹാരം അനുഷ്ഠിക്കുകയും ചെയ്യുന്ന സക്കേവൂസിനെ വി. പൗലോസ് വിശേഷിപ്പിക്കുന്ന പുതിയ സൃഷ്ടിയുടെ (2 കൊറി. 5:17) മാതൃകയായി കണക്കാക്കാം. ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യത്തെ നിശിതമായി വിമർശിക്കുന്ന യേശു നീതിയും കരുണയും വിശ്വസ്തതയും ജീവിതനിയമങ്ങളാക്കണമെന്ന് ഉപദേശിക്കുന്നു. യേശുവിനെ അക്ഷരശ: ജീവിതത്തിലേയ്ക്കു പകർത്തുവാൻ വെമ്പൽകൊണ്ട ഊക്കനച്ചൻ അവിടുത്തെ സ്നേഹസന്ദേശവും ഉപദേശങ്ങളും പ്രവർത്തനരീതികളുമെല്ലാം തന്റെ ജീവിത മാതൃകയാക്കി. എല്ലായിടത്തും എപ്പോഴും യേശു പ്രവർത്തിച്ചാലെന്നപോലെ ഞാനും പ്രവർത്തിക്കും[1] എന്ന പ്രതിജ്ഞയും അദ്ദേഹം എടുത്തു. യേശുവാണ് എന്റെ മാതൃക, അമ്മയാണ് എന്റെ ഉപദേശക.[2] യേശുവിന്റെയും അമ്മയുടെയും മാതൃക സ്വന്തജീവിതത്തിലേയ്ക്കു പകർത്തിയ ഊക്കനച്ചൻ യേശുവിന്റെ സന്ദേശം പൂർണമായും സ്വാംശീകരിച്ചിരുന്നു. വി. ലൂക്കയുടെ സുവിശേഷം തന്റെ ജീവിതവ്രതമായി അദ്ദേഹം പ്രത്യേകം തെരഞ്ഞെടുത്തു. പാപികളോടും പാവങ്ങളോടും കരുണകാണിക്കുന്ന യേശുവിനെയാണല്ലോ നാം അവിടെ കാണുക. വചനം സ്വീകരിച്ച മാത്രയിൽത്തന്നെ പ്രതികൂലസാഹചര്യങ്ങളെല്ലാം

അവഗണിച്ചു പരസ്നേഹപൂരിതയായി മറിയം പുറപ്പെടുന്നതും നാം ദർശിക്കുന്നതു വി. ലൂക്കയുടെ സുവിശേഷത്തിലാണ്. തനിക്കു പ്രത്യേകമായി നൽകിയ സന്ദേശമാണ് ഇതെന്നും തന്റെ മഹോന്നത വിളി ആവശ്യപ്പെടുന്ന ദൗത്യവും മറ്റൊന്നല്ല എന്നും അദ്ദേഹം വിവേചിച്ചറിഞ്ഞു. അതുകൊണ്ട് പാപകൂപത്തിൽ കഴിയുന്ന അനേകരെ ഉദ്ധരിക്കണം[3] എന്ന ദൃഢനിശ്ചയത്തോടെ അദ്ദേഹം തന്റെ പ്രവർത്തന രംഗങ്ങളിലേക്കിറങ്ങി. പാപത്തെ വെറുക്കുകയും പാപികളെ സ്നേഹിക്കുകയും ചെയ്ത യേശുവിനെപ്പോലെ (യോഹ. 4:6) പാപത്തെ വെറുത്തുപേക്ഷിച്ചുകൊണ്ടുതന്നെ പാപികളെ അദ്ദേഹം സ്നേഹിച്ചു. അവരെ കൈപിടിച്ചുയർത്തുവാൻ, ജീവിതത്തിനു പ്രതീക്ഷയും പ്രത്യാശയും നൽകി ജീവിതനൈരാശ്യത്തിൽനിന്നും പ്രതീക്ഷയുടെ വിഹായസ്സിലേയ്ക്കു പറന്നുയരുവാൻ അദ്ദേഹം അവരെ സഹായിച്ചു. അതുകൊണ്ടുതന്നെയാണല്ലോ സത്യവിശ്വാസത്തിൽനിന്നും വ്യതിചലിച്ചവരും, പ്രശ്നങ്ങളിൽപെട്ടുഴലുന്നവരുമായ വൈദികരെ അന്നത്തെ തൃശൂർ രൂപതാധ്യക്ഷനായിരുന്ന മാർ ഫ്രാൻസീസ് വാഴപ്പിള്ളി തിരുമേനി ഊക്കനച്ചന്റെ അടുത്തേയ്ക്കു പറഞ്ഞുവിട്ടത്. അതിഥിപൂജയിൽ അതീവതത്പരനായിരുന്ന ഊക്കനച്ചൻ തന്റെ സഹപ്രവർത്തകരെ സ്നേഹവായ്പോടെ സ്വീകരിച്ചു ശുശ്രൂഷിക്കുകയും കൂടെത്താമസിപ്പിച്ചു സദുപദേശങ്ങൾ നൽകിയും പ്രശ്നങ്ങൾക്കു പരിഹാരം നിർദേശിച്ചും സർവോപരി ജീവിതമാതൃകവഴിയും സത്പന്ഥാവിലേക്കാനയിക്കുകയും ചെയ്തു. പ്രശ്നങ്ങൾക്കു പരിഹാരം ലഭിക്കാതെ നിരാശയുടെ ചുഴിയിൽപെട്ടുഴലുന്നവരുടെ അഭയകേന്ദ്രമായിരുന്നു ഊക്കനച്ചൻ. ഇങ്ങനെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തിയിരുന്നതുകൊണ്ടാവാം വടക്കെ പകുതിയിലെ മെത്രാൻ എന്ന് ആ കാലഘട്ടത്തിൽ അദ്ദേഹത്തെ വിളിച്ചിരുന്നത്.

പാപികളോട് അദ്ദേഹത്തിനു പ്രത്യേക താത്പര്യമുണ്ടായിരുന്നുവെന്ന് ഊക്കനച്ചന്റെ ആധ്യാത്മിക ഡയറിക്കുറിപ്പുകൾ വ്യക്തമാക്കുന്നുണ്ട്. കൂട്ടം തെറ്റിപ്പോയ ആടിനെ അന്വേഷിച്ചിറങ്ങിയ നല്ല ഇടയന്റെയും പിതാവിനെ വിട്ടുപേക്ഷിച്ചുപോയ മകൻ തിരിച്ചെത്തിയപ്പോൾ ആഹ്ലാദപ്രകടനങ്ങൾ നടത്തുന്ന പിതാവിന്റെയും പരാമർശങ്ങൾ ഡയറിയിൽ പലയിടത്തും കാണാം. വൈദികനായ താനും അപ്രകാരം പ്രവർത്തിക്കേണ്ടവനാണെന്നും അദ്ദേഹം പറയുന്നുണ്ട്: എനിക്കുള്ളവയെ ഞാൻ അറിയുകയും എന്റെ ജീവൻ അവർക്കായി നൽകുകയും ചെയ്യുന്നു. എന്റെ എല്ലാ ബലഹീനതകളോടും പ്രയാസ

ങ്ങളോടുംകൂടി യേശു എന്നെ അറിയുന്നു. ആട്ടിടയന് ആടുകളോടുള്ള ബന്ധം വളരെ ആഴത്തിലുള്ളതാണ്. ആടുകളിൽ നിന്നും അവനെ വേർപ്പെടുത്തുവാൻ മരണത്തിനുമാത്രമെ സാധിക്കുകയുള്ളു. യേശുവേ, അങ്ങ് എനിക്കുവേണ്ടി മരിച്ചു. ഞാനങ്ങയോടു നന്ദി പറയുന്നു. നല്ല ഇടയന്റെ അമ്മേ, എല്ലാ വൈദികർക്കും അതേ ഉപവിയും തീക്ഷ്ണതയും നൽകണമെ. അവർ എന്റെ സ്വരം ശ്രവിക്കുകയും എന്നെ അനുഗമിക്കുകയും ചെയ്യുന്നു. ഇടയൻ നയിക്കുന്നിടത്തേക്കെല്ലാം-പച്ചപ്പുൽത്തകിടികളിലേയ്ക്കും ഉണങ്ങിവരണ്ട പ്രദേശങ്ങളിലേക്കും ഒരുപോലെ-അവർ അവനെ അനുഗമിക്കുന്നു. കാരണം അവൻ നല്ല ഇടയനാണ്. എന്റെ ഇടയനെപ്പോലെ ഞാനും ജീവിക്കട്ടെ. എന്റെ കാവൽ മാലാഖയെ എന്നെ സഹായിക്കണമെ.[4] ഇടയധർമം ശരിയായി മനസ്സിലാക്കിയ ഊക്കനച്ചൻ പാപികളെ അന്വേഷിച്ചിറങ്ങുകയും അവരെ സ്നേഹത്തോടെ സ്വീകരിക്കുകയും മനസ്താപത്തിനൊരുക്കുകയും നല്ല ഇടയനിലേക്കു നയിക്കുകയും ചെയ്തു.

തന്റെ നിജസ്ഥിതി മനസ്സിലാക്കി, മനസ്തപിച്ചു തിരിച്ചെത്തിയ മകനെ വാരിപ്പുണർന്ന പിതാവിന്റെ സ്നേഹവാത്സല്യങ്ങളും അദ്ദേഹം വിവരിക്കുന്നുണ്ട്: പിതാവ് മകനു വേണ്ടി തിരച്ചിൽ നടത്തുകയും അകലെ നിന്നുതന്നെ അവനെ തിരിച്ചറിയുകയും ചെയ്യുന്നു. അവർ തമ്മിൽ കണ്ടുമുട്ടിയപ്പോൾ മകനെ മാറോടണച്ച് ചുംബിക്കുകയും അപരാധങ്ങൾ ഏറ്റുപറയുവാൻ സമ്മതിക്കാതിരിക്കുകയും ചെയ്യുന്നു. നമ്മെ വിശ്വാസത്തിൽ വളർത്തുവാൻ ഇതിനേക്കാളധികമായി എന്താണ് വേണ്ടത്? വലിയൊരു വിരുന്ന് ! എല്ലാം ഏറ്റവും നല്ലത്; കൊഴുത്ത കാളക്കുട്ടി, മോതിരം... മാമ്മോദീസയിലെ നിർമലതയാകുന്ന പുറംകുപ്പായം വീണ്ടും നൽകി. സ്നേഹബന്ധത്തിന്റെ പ്രതീകമായ മോതിരവും സമ്മാനിച്ചു. എല്ലാ പാപങ്ങളും ക്ഷമിക്കുകയും മറക്കുകയും ചെയ്തതുകൂടാതെ എല്ലാ അവകാശാധികാരങ്ങളും പുന:സ്ഥാപിക്കുക കൂടി ചെയ്തു.[5] തന്റെ ഗുരുവിന്റെ മാതൃക ഊക്കനച്ചനും പിഞ്ചെന്നു. അതുകൊണ്ട് അനേകം പാപികളെ നേടിയെടുക്കുവാനും അദ്ദേഹത്തിനു സാധിച്ചു.

അസന്മാർഗികതയുടെ ചെളിക്കുണ്ടിൽ കഴിഞ്ഞിരുന്ന അനേകരെ സ്നേഹവാത്സല്യത്തോടെ സത്പന്ഥാവിലേക്കു നയിക്കുവാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ വളരെ വലിയ നേട്ടമാണ്. അവർക്ക് ജീവിതമാർഗം കാണിച്ചു കൊടുക്കുകയും തലചായ്ക്കുവാനൊരിടം നൽകുകയും ചെയ്ത ഊക്കനച്ചനിൽ ആരാണ് പിതാവിന്റെ സ്നേഹം

ദർശിക്കാതിരിക്കുക. അതുകൊണ്ടും തൃപ്തനാകാതെ സമുദായത്തിൽ നിന്നും ബഹിഷ്കൃതരായ സ്ത്രീകളെ ഉദ്ധരിക്കുവാനായി അദ്ദേഹം ഒരു സ്ഥാപനം ആരംഭിക്കുകയും ചെയ്തു. പലവിധത്തിലുള്ള എതിർപ്പുകളുണ്ടായിരുന്നിട്ടും ഇവയെല്ലാം തുടർന്നുകൊണ്ടു പോകുവാൻ അദ്ദേഹത്തിനു പ്രേരണ നൽകിയത് യേശുവിനോടുള്ള സ്നേഹം ഒന്നുമാത്രമാണ്.[6] പാപികളെ സ്നേഹത്തോടെ സമീപിച്ചിരുന്ന അദ്ദേഹത്തിന് അവരുടെ ഹൃദയം കവർന്നെടുക്കുവാൻ സാധിച്ചു. പാപികളെത്തേടി കാടും മേടും കയറിയിറങ്ങിയ നല്ല ഇടയന്റെ പിന്നാലെ ഊക്കനച്ചനും ഓടി. ജീവിതാന്ത്യംവരെയും ഈ ഓട്ടം അദ്ദേഹം തുടരുകയും ചെയ്തു. ആത്മാക്കളെ രക്ഷിക്കുക എന്നത് വൈദിക ധർമമാണെന്നും അതിനായി തീക്ഷ്ണതയോടെ പ്രവർത്തിക്കണമെന്നും അദ്ദേഹം വൈദിക വിദ്യാർഥിയായിരിക്കുമ്പോൾ ത്തന്നെ തീരുമാനിച്ചിരുന്നു.[7] അതുകൊണ്ട് പാപികളുടെ പതനത്തിൽ അദ്ദേഹം അതീവ ദുഃഖിതനാവുകയും അവരുടെ തിരിച്ചുവരവിൽ വളരെയധികം സന്തോഷിച്ച് അവർക്കു സ്വാഗതമരുളുകയും ചെയ്തിരുന്നു. പാപികളുടെ സ്നേഹിതനെയാണ് എക്കാലവും എല്ലാവരും അദ്ദേഹത്തിൽ ദർശിച്ചത്. പാപികളെ രക്ഷിയ്ക്കുന്നതിനായി ജീവിതം വ്യയം ചെയ്ത, പാപികൾക്ക് തന്റെ ഹൃദയത്തിൽ സ്ഥാനം നൽകിയ യേശുവിന്റെ പ്രതിപുരുഷനാണ് ഊക്കനച്ചൻ. അതെ, അദ്ദേഹം പാപികളുടെ സ്നേഹിതനായിരുന്നു.

---

## അടിക്കുറിപ്പുകൾ

1. Light from heaven., 20 June, 1904.
2. Ibid., 25 June, 1903.
3. Ibid., April, 1902, p. 2.
4. Ibid., 17 September, 1903.
5. Ibid., 21 October, 1903.
6. Souvenir Adaranjali., p. 27.
7. Light from heaven., pp. 36, 37, 384, 385, 386, 387.

## സ്നേഹത്തിന്റെ പ്രേഷിതൻ

അയക്കപ്പെടുന്നവനാണല്ലോ പ്രേഷിതൻ. ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ പ്രേഷിതനാണ് യേശുക്രിസ്തു. പിതാവിന്റെ സ്നേഹസന്ദേശവുമായി ഭൂമിയിലേക്കു വന്ന ആദ്യത്തെ പ്രേഷിതനും അവിടുന്നുതന്നെയാണ്. യേശുവിന്റെ വാക്കുകളും പ്രവൃത്തികളും ജീവിതവുമെല്ലാം പിതാവിന്റെ സ്നേഹത്തിന്റെ പ്രതിഫലനം മാത്രമായിരുന്നു. ആ സ്നേഹത്തിന് അതിർവരമ്പുകളില്ലായിരുന്നു. എല്ലാവരേയും യേശുവിലേക്കാകർഷിച്ചതും അവിടുത്തെ സ്നേഹഹൃദയമാണ്. അവിടുത്തെ പ്രവൃത്തികളുടെ ആകത്തുകയായിരുന്നു അത്. കുരിശിൽക്കിടന്നുകൊണ്ട് മരണത്തോട് മല്ലടിക്കുമ്പോഴും തന്റെ ഘാതകർക്കുവേണ്ടി അവിടുന്ന് പ്രാർഥിച്ചു. പിതാവെ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിക്കണമെ (ലൂക്ക 23:34). ഇത്രയും ഉദാത്തമായ സ്നേഹത്തിന്റെ മാതൃകയാണ് യേശു നമുക്കു നൽകിയിട്ടുള്ളത്. ഈ മാതൃക തന്റെ അനുയായികൾ പിന്തുടരണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. അതിനായി അവിടുത്തെ സ്നേഹസന്ദേശം നമുക്കു നൽകുകയും ചെയ്തു. എന്നാൽ ലോകം ഇന്നും സ്നേഹത്തിനുവേണ്ടി പരക്കം പായുകയാണ്. അല്പം സ്നേഹത്തിനുവേണ്ടി എന്തും ചെയ്യുവാൻ മടിക്കാത്ത ഒരു ലോകമാണ് നമുക്കു ചുറ്റുമുള്ളത്. സ്നേഹം എന്തെന്നറിയാത്ത ഒരു ഹൃദയവുമായി സ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന ഒരു ഗണം നമ്മുടെ മുമ്പിലുണ്ട്. ഇവർക്ക് യേശുവിന്റെ സ്നേഹ സന്ദേശം പകർന്നു കൊടുക്കേണ്ടത് തന്റെ കടമയാണെന്നും താൻ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ട് വീണ്ടും ലോകത്തിലേക്കയക്കപ്പെട്ടിരിക്കുന്നത് ഇതിനുവേണ്ടിയാണെന്നും ഊക്കനച്ചൻ പ്രാർഥനാപൂർവം മനസ്സിലാക്കി. അതിനായി ജീവിതം മാറ്റിവക്കുകയും ചെയ്തു.

ആദിമ ക്രൈസ്തവസമൂഹങ്ങളിൽ നിലനിന്നിരുന്ന സ്നേഹം പുനർജീവിപ്പിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണെന്ന് അദ്ദേഹത്തിന് ബോധ്യമായി. ശൈശവദശയിൽ മാതാപിതാക്കൾ നഷ്ടപ്പെട്ടതുമുതൽ അനുഭവിച്ചാസ്വദിച്ച ദൈവസ്നേഹം സഹജീവികൾക്കും പകർന്നുകൊടുക്കുവാനാണ് തന്നെ ഇത്രയും മഹോന്നതമായ പദവിയിലേക്കു വിളിച്ചിരിക്കുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. ആ സ്നേഹത്തിന് സ്നേഹത്തിലൂടെത്തന്നെ അദ്ദേഹം പ്രതിനന്ദി പ്രകാശിപ്പിച്ചു. ഇതേപ്പറ്റിയുള്ള  പരാമർശങ്ങൾ ഊക്കനച്ചന്റെ ആധ്യാത്മിക ഡയറിക്കുറിപ്പുകളിലുടനീളം കാണാം. നിന്റെ ദൈവമായ കർത്താവിനെ

പൂർണഹൃദയത്തോടെ സ്നേഹിക്കുക. ആദ്യത്തേതും ഏറ്റവും വലുതുമായ ദൈവകൽപന ഇതാണ്. സ്നേഹിക്കുവാൻ എത്ര എളുപ്പമാണ്. അതിനായി അവിടുന്ന് നമ്മുടെ ഹൃദയം ആവശ്യപ്പെടുന്നു. ദൈവത്തിന്റെ അനന്തനന്മയറിയാവുന്ന ഒരാൾക്ക് ദൈവത്തേക്കാളുപരിയായി മറ്റു വസ്തുക്കളെ സ്നേഹിക്കുവാൻ എങ്ങനെയാണ് സാധിക്കുന്നത്? എല്ലാറ്റിന്റേയും ആരംഭവും അവസാനവും ഇതു തന്നെയാണ്. ഇവിടത്തെ നമ്മുടെ സ്നേഹജീവിതത്തിന്റെ തുടർച്ച മാത്രമാണ് സ്വർഗം.

രണ്ടാമത്തെ കല്പന: നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക. എനിക്കു തിന്മവരുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല; സമൃദ്ധിയാണ് സ്വാഗതാർഹമായിട്ടുള്ളത്. എന്റെ ദൈവമേ, യഥാർഥ ഉപവി എനിക്കു നൽകണമെ. സഹോദരതുല്യം എല്ലാവരേയും ഞാൻ സ്നേഹിക്കട്ടെ. ഇതിൽ എല്ലാ നിയമങ്ങളും എല്ലാ പ്രവാചകസംഹിതകളും അടങ്ങിയിരിക്കുന്നു. നമ്മുടെ ആത്മീയ മന്ദിരത്തിന്റെ നിർമിതി എത്ര എളുപ്പമാണ്. ഈ രണ്ടു നിയമങ്ങൾ അനുസരിച്ചാൽ മാത്രം മതി. ദൈവകല്പനകൾക്കനുസരിച്ചു ജീവിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.[1] അദ്ദേഹം വീണ്ടും തുടരുന്നു: ദൈവത്തിന്റെ അനന്ത നന്മ അനുഭവിച്ചറിയാത്ത ഒരു നിമിഷവും നമ്മുടെ ജീവിതത്തിലുണ്ടാവുകയില്ല. തന്റെ അനന്തകരുണയാൽ നമ്മിലേക്ക് അനുഗ്രഹങ്ങൾ തുടർച്ചയായി വർഷിച്ചുകൊണ്ടിരിക്കുന്ന ആ വലിയ ഉപകാരിയെപ്പറ്റിയുള്ള ചിന്തയും നന്ദിയും നമ്മിൽ എപ്പോഴുമുണ്ടാകേണ്ടതല്ലേ? ദൈവമേ, അങ്ങയുടെ അറുതിയില്ലാത്ത അനുഗ്രഹങ്ങൾക്ക് പ്രത്യേകിച്ച് എന്നെ സെമിനാരിയിൽ കൊണ്ടുവന്നതിന് ഞാൻ എപ്പോഴും കൃതജ്ഞത ഉള്ളവനായിരിക്കട്ടെ.[2] ഈ കൃതജ്ഞതാ പ്രകാശനമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം മുഴുവനും. ദൈവത്തിൽ നിന്നും അദ്ദേഹത്തിനു ദാനമായി ലഭിച്ച ഈ സിദ്ധി വളർത്തിയെടുത്തു ദാനമായിത്തന്നെ അദ്ദേഹം മറ്റുള്ളവർക്കു നൽകി. സ്നേഹം ത്യാഗമെന്തെന്നറിയുന്നില്ലല്ലോ. ഉപവിയുടെ ഉറവിടമായ ദൈവത്തിൽ നിന്നും ശക്തി സംഭരിച്ച ആ പ്രേഷിതനെ സ്നേഹത്തിന്റെ ദാഹജലത്തിനായി കേഴുന്ന പാവപ്പെട്ടവരിലേക്ക് അയച്ചു. അവർക്കു സ്നേഹം പകർന്നുകൊടുത്തുകൊണ്ടു സ്നേഹതാതനിലേക്ക് അദ്ദേഹം അവരെ ആനയിച്ചു. സ്നേഹത്തിലൂടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനാവും എന്ന് സ്വജീവിതത്തിലൂടെ അദ്ദേഹം തെളിയിച്ചു. നിരാശയിൽപെട്ടവർക്കു പ്രതീക്ഷ പകർന്നുകൊടുത്തു

കൊണ്ടും തൊഴിൽരഹിതർക്കു ജോലിസാധ്യതകളും ഭവനരഹിതർക്കു പാർക്കാനൊരിടവും അന്ധകാരശക്തികൾക്കു അടിമപ്പെട്ടവർക്ക് സ്വാതന്ത്ര്യവും ആതുരർക്കാശ്വാസവും നൽകിക്കൊണ്ട് സമുദായത്തിലെ തിന്മകളെല്ലാം നിർമാർജനം ചെയ്ത് യേശുവിന്റെ സ്നേഹം എല്ലാവർക്കും അനുഭവവേദ്യമാക്കിക്കൊടുക്കുവാൻ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. അവർക്കെല്ലാം അദ്ദേഹത്തിന്റെ സാമീപ്യംതന്നെ ആശ്വാസദായകമായിരുന്നു. പ്രശ്നങ്ങളുടെ തീച്ചൂളയിൽ കത്തിദഹിക്കുന്നവരെ ശാന്തിയും സമാധാനവും നൽകി സമാശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞുവിടുന്ന കാഴ്ച ഇപ്പോഴും പലരും നന്ദിയോടെ സ്മരിക്കുന്നു.[3]

സ്നേഹത്തിന്റെ ഒരു പുതിയ അധ്യായം തുറന്നുവച്ചുകൊണ്ട് ക്രിസ്തുവിന്റെ സ്നേഹ സാമ്രാജ്യത്തിലേക്കു പതിതരേയും പാവപ്പെട്ടവരേയും ആനയിക്കുവാൻ നിയോഗിച്ചയച്ച ആ പ്രേഷിതന്റെ സ്നേഹവലയത്തിൽ ഉൾപ്പെടാത്തവരായി ആരുമുണ്ടായിരുന്നില്ല. ആരെയും നിരുത്സാഹപ്പെടുത്താതെ, എല്ലാവർക്കും പ്രോത്സാഹനങ്ങൾ നൽകി അവരുടെ ജീവിതത്തിന് അർഥവും വ്യാപ്തിയും നൽകിക്കൊണ്ട് ആ ജീവിതം ധന്യമാക്കി. എല്ലാവർക്കും നന്മചെയ്തുകൊണ്ടു കടന്നുപോയ തന്റെ ദിവ്യഗുരുവിനെ അനുകരിച്ച് ഊക്കനച്ചനും എല്ലാവർക്കും നന്മ ആശംസിച്ചു; അതുമാത്രം ആഗ്രഹിച്ചു; അതിനായി പ്രവർത്തിച്ചു. ഈ പ്രവൃത്തി യുഗാന്ത്യോന്മുഖമായിരിക്കണമെന്ന ആഗ്രഹത്തോടെ അദ്ദേഹം ഒരു സ്നേഹസമൂഹം സ്ഥാപിക്കുകയും **സ്നേഹിക്കുകയാണ് നിങ്ങളുടെ ജോലി; സ്നേഹത്തിൽ നിങ്ങളെ ആരും പിന്നിലാക്കാതിരിക്കട്ടെ**[4] എന്ന് ഉപദേശിക്കുകയും ചെയ്തു. താൻ സ്ഥാപിച്ച സന്യാസിനി സമൂഹത്തിനു മുഖമുദ്രയായി അദ്ദേഹം നൽകിയത് സ്നേഹമാണ്. സഹനത്തിലൂടെ മാറ്റുരച്ചുനോക്കിയ സ്നേഹം സേവനത്തിലൂടെ എല്ലാവർക്കും അനുഭവവേദ്യമായി. മനുഷ്യ ബലഹീനതകളെ കണക്കിലെടുത്ത് കാരുണ്യവും സ്നേഹവും കലർന്ന ഭാവത്തിൽ പെരുമാറുവാൻ നമ്മോടുപദേശിക്കുന്നതുപോലെയുള്ള അനുഭവപാഠങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നും എത്ര വേണമെങ്കിലും അടർത്തിയെടുക്കുവാൻ സാധിക്കും. മനുഷ്യത്വമുള്ളവർക്കേ മറ്റുള്ളവരുടെ വ്യക്തിത്വത്തെ മാനിക്കുവാൻ സാധിക്കുകയുള്ളൂ. ആര് എപ്പോൾ അദ്ദേഹത്തെ സമീപിച്ചാലും അവരെ സ്നേഹാദരവോടെ സ്വീകരിക്കുവാൻ തന്റെ ജോലിത്തിരക്കോ, വിഷമപ്രശ്നങ്ങളോ, ഔദ്യോഗിക കടമകളുടെ നിർവഹണമോ അദ്ദേഹത്തിന് ഒരു തടസ്സമായിരുന്നില്ല. അദ്ദേഹത്തിന്റെ

ജീവിതത്തിലുടനീളം സ്നേഹ പുഷ്കലമായ ആശയാദർശങ്ങളുടെ ബഹിർസ്ഫുരണം കാണാം. മനുഷ്യജീവിതത്തെ ദൈവികമാക്കുന്നതെന്താണോ അതാണ് വിശുദ്ധി. സാക്ഷാൽ വിശുദ്ധിതന്നെയാണ് സ്നേഹം. സ്നേഹത്തിനു മറഞ്ഞിരിക്കുക സാധ്യമല്ല. മറ്റുള്ളവരിലേയ്ക്കു പ്രവഹിക്കുവാനും സ്നേഹവിഷയത്തിലേക്കു എല്ലാവരേയും ആനയിക്കുവാനും അത് വെമ്പൽ കൊള്ളുന്നു. ചെറുപ്പം മുതൽ അദ്ദേഹത്തിൽ വേരൂന്നി തഴച്ച ദിവ്യകാരുണ്യ ഭക്തിയാണ് അദ്ദേഹത്തിന്റെ ജീവിതത്തിനു രൂപവും ഭാവവും നൽകിയത്. മനുഷ്യരോടുള്ള അതിരറ്റ സ്നേഹമാണല്ലോ ദിവ്യകാരുണ്യവാസത്തിനു ക്രിസ്തുനാഥനെ പ്രേരിപ്പിച്ചത്. ക്രിസ്തു തന്നെത്തന്നെ കാൽവരിയിൽ ബലിയർപ്പിച്ചതു പോലെ അദ്ദേഹം ക്രിസ്തുവിൽ ക്രിസ്തുവഴിയായി സ്വയം ബലിയർപ്പിച്ചുകൊണ്ട് ബലി ജീവിതവും, ജീവിതം ബലിയുമാക്കിത്തീർത്തു (1 കൊറി. 11: 23-26). ദിവ്യകാരുണ്യംപോലെ എല്ലാവർക്കും സ്വീകരിക്കാനും ഉൾക്കൊള്ളാനും പാകത്തിൽ അദ്ദേഹം തന്റെ ജീവിതത്തെ അനുരൂപപ്പെടുത്തി. ദിവ്യകാരുണ്യനാഥനോടുള്ള അഗാധസ്നേഹത്തിൽ നിന്ന് ഉറവെടുത്ത സ്നേഹചൈതന്യമാണ് മനുഷ്യസ്നേഹത്തിൽ അദ്ദേഹത്തിനു പ്രചോദനമരുളിയത്.

ഏതെങ്കിലും കാര്യത്തിനായി തന്നെ സമീപിക്കുന്നവരുടെ പക്കലേക്കു തികഞ്ഞ ആത്മാർഥതയോടും സ്നേഹത്തോടുംകൂടി ഇറങ്ങിച്ചെല്ലുവാൻ ആ നല്ല ഇടയൻ ഒരിക്കലും താമസം വരുത്തിയിരുന്നില്ല. അദ്ദേഹത്തിന്റെ സ്നേഹമാധുര്യം അനുഭവിച്ചറിഞ്ഞിട്ടുള്ള എല്ലാവരും ഒരേ സ്വരത്തിൽ പ്രകീർത്തിച്ചിട്ടുള്ള ഒരു സത്യമുണ്ട്: എനിക്കു തോന്നുന്നു, അച്ചന് എന്നോടാണ് കൂടുതൽ സ്നേഹമെന്ന്.[5] ഉള്ളിൽ നിറഞ്ഞുകവിഞ്ഞ വിശുദ്ധി, അതേ കറകളഞ്ഞ ദൈവസ്നേഹം, അതിൽനിന്നുറവെടുത്ത മനുഷ്യസ്നേഹം അതാണ് ഊക്കനച്ചനെക്കുറിച്ച് ഇപ്രകാരം പറയുവാൻ മറ്റുള്ളവരെ പ്രേരിപ്പിച്ചത്. രോഗികളോടും തെറ്റുചെയ്യുന്നവരോടും സാമ്പത്തിക പരാധീനതകൾകൊണ്ടു വിഷമിക്കുന്നവരോടും സ്നേഹത്തോടെ പെരുമാറുവാൻ ഒരസാമാന്യ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. യാതൊരു കൊടുങ്കാറ്റിനും ആ പ്രശാന്തതയെ ഇളക്കുന്നതിനു കഴിയുമായിരുന്നില്ല.


സ്നേഹം ഒന്നു മാത്രമാണ് ലോകത്തിനു ജീവൻ നൽകുന്നത്. ദൈവം നമ്മിൽനിന്നും ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും ഇതുതന്നെയാണ്. പ്രപഞ്ചത്തിലെ സൃഷ്ടിജാലങ്ങളിൽ സ്നേഹത്തിന്റെ

മാധുര്യം ആസ്വദിക്കുവാൻ കഴിയുന്ന ഏക സൃഷ്ടി മനുഷ്യനാണ്. മനുഷ്യൻ സ്നേഹശൂന്യനായിത്തീർന്നാൽ അവൻ ചൈതന്യരഹിതനും മൃഗതുല്യനുമാകുന്നു. സ്നേഹത്തിന്റെ അഭാവത്തിൽ ചൈതന്യ രഹിതമായിത്തീർന്ന ഒരന്തരീക്ഷത്തിൽ സ്നേഹത്തിന്റെ ചൈതന്യം പകർന്നുകൊണ്ട് ഊക്കനച്ചൻ അതിനെ ചേതനയുള്ളതാക്കിത്തീർത്തു. അവൻ എല്ലാവർക്കും എല്ലാമായി നന്മ ചെയ്തു കൊണ്ടു കടന്നുപോയി (അപ്പ.പ്ര.10:38) എന്നു ക്രിസ്തുവിനെപ്പറ്റി പറഞ്ഞിരുന്നതു ഊക്കനച്ചനിലും നിറവേറിയെന്നു നിസ്സംശയം പറയാവുന്നതാണ്. അദ്ദേഹത്തിന്റെ സ്നേഹമസൃണമായ സേവനങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനു സ്ഥിരപ്രതിഷ്ഠ നേടിക്കൊടുത്തു. സ്നേഹം പകർന്നുകൊടുക്കുന്ന ഒരു കൈത്തിരിയായി അദ്ദേഹം പ്രകാശിച്ചു. കാലത്തിന്റെ യവനികയിൽ ജ്യോതിസമാനം അദ്ദേഹം ഇന്നും വിരാജിക്കുന്നു. സ്നേഹത്തിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുവിൻ (1 തെസ. 4:10) എന്ന് ഇന്നും അദ്ദേഹം മൗനമായി ആഹ്വാനം ചെയ്യുന്നു.

---

**അടിക്കുറിപ്പുകൾ**

1. Light from heaven., 9 September, 1903.
2. Ibid., 25 August, 1903.
3. Oral Testimony., Kochappan Muringathery, Chowannur.
4. Oral Testimony., Sr Thomaseena CSC.
5. Oral Testimony., A P Augustine, Alukkal, Chiralayam.


Chaplain
16. x. '47.
Bishop's House,
Trichur,
18-10-47.
DIOCESE OF TRICHUR
Bp of Trichur

10 Days Rosary in October

## വൈദികരോടുള്ള പരിഗണന

ബുദ്ധിമുട്ടനുഭവിക്കുന്ന വൈദികർക്ക് ഊക്കനച്ചൻ എപ്പോഴും സംലഭ്യനും സഹായകനുമായിരുന്നു. ഫാ. കാക്കു പനയ്ക്കൽ, ഫാ. അന്ത്രയോസ്, ഫാ. ഫ്രാൻസീസ് ബ്രഹ്മകുളം എന്നിവർ അതിന് ഉദാഹരണങ്ങളാണ്.

കുന്ദംകുളത്ത് അതിപുരാതന യാക്കോബായ കുടുംബത്തിൽ പെട്ട ഒരു വൈദികനായിരുന്നു ഫാ. കാക്കു പനയ്ക്കൽ. അദ്ദേഹം നല്ലൊരു വാഗ്മിയായിരുന്നു. ഫാ. ഊക്കന്റെ സഹായത്തോടുകൂടി 1928-ൽ അദ്ദേഹം കത്തോലിക്ക സഭയിലേക്ക് പുനരൈക്യപ്പെട്ടു. കുന്ദംകുളം പോലെയുള്ളൊരു യാക്കോബായ സെന്ററിൽ ജീവിക്കുവാൻ ഫാ. പനയ്ക്കൽ വളരെയധികം കഷ്ടപ്പെട്ടു. ഈ സാഹചര്യത്തിൽ ഊക്കനച്ചൻ അദ്ദേഹത്തെ സഹായിച്ചു. പുനരൈക്യപ്പെട്ടതിനുശേഷം മൂന്നുമാസം അദ്ദേഹം ഊക്കനച്ചന്റെ കൂടെ താമസിച്ചു. പുതുശേരിയിൽ വൈദികമന്ദിരത്തിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. ചാരിറ്റി സിസ്റ്റേഴ്സ് അദ്ദേഹത്തെ സഹായിച്ചിരുന്നു. ഫാ. പനയ്ക്കൽ പ്രായത്താലും രോഗത്താലും അവശതയനുഭവിച്ചപ്പോൾ ഊക്കനച്ചൻ ഒരു പിതാവിനെപ്പോലെ അദ്ദേഹത്തെ ശുശ്രൂഷിച്ചു.[1]

ഒരു കത്തോലിക്ക പുരോഹിതനായിരുന്ന ഫാ. അന്ത്രയോസ് വിവാഹം ചെയ്ത് ചൊവ്വന്നൂരിന്റെ സമീപപ്രദേശമായ മരത്തംകോട് താമസിച്ചിരുന്നു. ഊക്കനച്ചൻ അദ്ദേഹവുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. ഊക്കനച്ചന്റെ കരുണാർദ്രമായ പെരുമാറ്റത്തിലൂടെ മരണത്തിനുമുമ്പ് അന്ത്രയോസച്ചനെ നേടുവാൻ അദ്ദേഹത്തിനു സാധിച്ചു. അന്ത്രയോസച്ചന്റെ മാനസാന്തരത്തിനായി ഉപവസിച്ചു പ്രാർഥിക്കുവാൻ സിസ്റ്റേഴ്സിനോട് ഊക്കനച്ചൻ ആവശ്യപ്പെട്ടിരുന്നു. മരിക്കുന്നതിനുമുമ്പ് ഊക്കനച്ചൻ അദ്ദേഹത്തെ തന്റെ വസതിയിൽ കൊണ്ടുവന്ന് ശുശ്രൂഷിച്ചു. ഊക്കനച്ചന്റെ ഇടപെടലിലൂടെ സഭയുമായി അനുരഞ്ജനപ്പെട്ട് കൂദാശകൾ സ്വീകരിച്ചാണ് അദ്ദേഹം മരിച്ചത്.[2]

വൈദികരോടുള്ള ഊക്കനച്ചന്റെ കരുണാമസൃണമായ ഇടപെടലിന് മറ്റൊരുദാഹരണമാണ് ഫാ. ബ്രഹ്മകുളത്തിന്റേത്. അദ്ദേഹം പാലയൂരിൽ ഊക്കനച്ചന്റെ സഹവികാരിയായിരുന്നു. ഫാ. ബ്രഹ്മകുളത്തിന്റെ വികലമായ പെരുമാറ്റത്തെപ്പറ്റി ഇടവകയിൽ സംസാരമുണ്ടായി. അദ്ദേഹം അത് നിരസിച്ചു. എന്നാൽ തന്റെ വികാരിയച്ചൻ


ഉപദേശിക്കാറുണ്ടായിരുന്നു എന്ന് സമ്മതിക്കുകയും ചെയ്തു. രൂപതയിലെ വികാരി ജനറാളച്ചൻ അദ്ദേഹത്തെ വിളിച്ച് ശക്തമായ താക്കീത് നൽകി. ഫാ. ബ്രഹ്മകുളത്തിന്റെ പെരുമാറ്റം ശ്രദ്ധിക്കണമെന്നും അദ്ദേഹത്തിന്റെ ഉത്തരവാദിത്വ നിർവഹണം നിരീക്ഷിക്കണമെന്നും ഫാ. ഊക്കന് നിർദേശം നൽകുകയും ചെയ്തു.[3] ഈ കൽപന ഫാ. ബ്രഹ്മകുളത്തെ അസ്വസ്ഥനാക്കി. തന്റെ സഹവികാരിയുടെ അസ്വസ്ഥത മനസ്സിലാക്കിയ ഊക്കനച്ചൻ മെത്രാനച്ചനെഴുതി: ഈ അപേക്ഷ ഞാൻ കണ്ടു. അദ്ദേഹത്തിന്റെ മനസ്സ് ശാന്തമാക്കണമെന്ന് ഞാൻ അഭിവന്ദ്യ പിതാവിനോട് അപേക്ഷിക്കുന്നു.[4] ഫാ. ഊക്കനിൽ നിന്നും ഭാവാത്മകമായ മറുപടി ലഭിച്ച് രണ്ട് മാസങ്ങൾക്കുശേഷം ബിഷപ് ഫ്രാൻസീസ് വാഴപ്പിള്ളി ഫാ. ബ്രഹ്മകുളത്തിനെഴുതി: അച്ചന്റെ വികാരിയച്ചനായ ഫാ. ജോൺ ഊക്കനിൽ നിന്നും നല്ല റിപ്പോർട്ടാണ് ലഭിച്ചതെന്നറിയിക്കുവാൻ സന്തോഷമുണ്ട്.[5]

പുരോഹിത കൂട്ടായ്മയെ അദ്ദേഹം സ്നേഹിക്കുകയും പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇതിനായി Priests' union ആരംഭിച്ചു. സഹോദര വൈദികരോടുള്ള അദ്ദേഹത്തിന്റെ കരുണയും കരുതലും കാവലും ആദരവുമൊക്കെ അനുകരണാർഹമാണ്.

---

## അടിക്കുറിപ്പുകൾ

1. Written Testimony., ff. 1-3, Sr Agnes CSC.
2. Written Testimony., ff. 4-6, Sr Alberta CSC.
3. Archives of Thrissur Archdiocese., p-3-1940-1, 2 No. 291/40 Trichur, 1-2-1940.
4. Archives of Thrissur Archdiocese., p-3-1940-4, 4a, on 29.03.1940 from Palayur.
5. Archives of Thrissur Archdiocese., p-3-1940-4, 4a note of Bishop Francis Vazhzppilly on 18 May 1940.



നിയമന പത്രിക, വിജയപുരം

## സഹോദരിമാരോടുള്ള പരിഗണന

കൂട്ടായ്മയെ സ്നേഹിച്ചിരുന്ന വ്യക്തിയാണ് ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ. ധാരാളം പേർ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ അനേകം ആത്മാക്കളെ നേടാനാകും[1] എന്ന് അദ്ദേഹം വിശ്വസിച്ചു. സിസ്റ്റേഴ്സിന് സമൂഹത്തിൽ ചെയ്യാനാകുന്ന ശുശ്രൂഷയെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ശുശ്രൂഷ ചെയ്തിരുന്ന ഇടവകകളിലെല്ലാം സിസ്റ്റേഴ്സിനായി ഭവനം ആരംഭിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം അവരോട് ഉപവിയോടുകൂടി പെരുമാറുകയും ചെയ്തു. സമൂഹം രൂപീകരിക്കുവാനും മഠം പണിയുവാനും അദ്ദേഹം അവരെ സഹായിച്ചതെങ്ങനെയെന്ന് നാളാഗമങ്ങൾ വ്യക്തമാക്കുന്നു. പലപ്പോഴും തന്റെതന്നെ പണവും ഇതിനായി ചെലവഴിച്ചിട്ടുണ്ട്. വിശുദ്ധ മറിയം ത്രേസ്യ ഹോളിഫാമിലി കോൺഗ്രിഗേഷൻ ആരംഭിച്ചപ്പോൾ അതിന്റെ ആദ്യഭവനം 1913 തുലാം 7-ാം തീയതി വെഞ്ചിരിക്കുവാൻ ദൈവത്താൽ നിയോഗിതനായത് അന്നത്തെ മെത്രാന്റെ സെക്രട്ടറിയായിരുന്ന ഊക്കനച്ചനാണ്.[2] തങ്ങളുടെ ആദ്യത്തെ കപ്ലോനച്ചനായ ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ സമൂഹം രൂപീകരിക്കുവാൻ എങ്ങനെ സഹായിച്ചു എന്ന് തൃശൂർ സേക്രഡ് ഹാർട്ട് കർമലീത്താമഠം നാളാഗമം വിവരിക്കുന്നുണ്ട്. അത് അവസാനിക്കുന്നത് ഈ വാക്കുകളിലാണ്: ഞങ്ങളുടെ കപ്ലോനായ ഫാ. ജോൺ ഊക്കൻ മൂന്നുമാസംകൊണ്ട് മഠം പണി പൂർത്തിയാക്കുവാൻ കഠിനപ്രയത്നം ചെയ്തു. അദ്ദേഹത്തിന്റെ പരിശ്രമമില്ലായിരുന്നുവെങ്കിൽ ചുരുങ്ങിയ കാലഘട്ടംകൊണ്ട് ഇത്രയും മനോഹരമായൊരു ഭവനം പണിയുവാൻ സാധിക്കുമായിരുന്നില്ല.[3] കുന്ദംകുളത്തിനടുത്ത് ചിറളയം മഠത്തിലെ നാളാഗമത്തിൽ നാം ഇപ്രകാരം വായിക്കുന്നു: ഊക്കനച്ചൻ മറ്റം പള്ളിവികാരിയും മഠം കപ്ലോനുമായിരുന്നെങ്കിലും ഞങ്ങളോട് അദ്ദേഹത്തിന് വലിയ അനുകമ്പയായിരുന്നു; ഞങ്ങളുടെ പ്രശ്നങ്ങളിൽ വലിയ ആശ്വാസവുമായിരുന്നു. അദ്ദേഹം ഞങ്ങളെ വളരെയധികം പ്രോത്സാഹിപ്പിച്ചു. ചിലപ്പോഴൊക്കെ മറ്റത്തിലേക്ക് കൊണ്ടുപോവുകയും ചെയ്തു. ഒരു മഠം പണിയുന്നതിനെപ്പറ്റി അദ്ദേഹം മെത്രാനച്ചനോടും ജനറാളമ്മയോടും സംസാരിക്കുകയുണ്ടായി. ആയിടക്ക് അദ്ദേഹം പാലയൂർക്ക് സ്ഥലം മാറിപ്പോയി. മഠം പണിയാൻ സാധിക്കാത്തതിൽ അദ്ദേഹത്തിന് വലിയ സങ്കടമുണ്ടായിരുന്നു. പിന്നീട് വാഴപ്പിള്ളി പിതാവിന്റെ അംഗീകാരം ലഭിച്ചപ്പോൾ അന്നത്തെ കപ്ലോനായിരുന്ന ഫാ. ജോസഫ് തോട്ടുങ്കലിന്റെ കൂടെ ഊക്കനച്ചൻ പുതിയ മഠത്തിന് തറക്കല്ലിട്ടു.

ഊക്കനച്ചൻ സ്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കണമെന്നത് ദൈവത്തിന്റെ പ്ലാനായിരുന്നു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെയും പരിത്യാഗത്തിന്റെയും ഫലമാണ് മനോഹരമായ മഠവും വിറകുപുര, തൊഴുത്ത്, കിണർ എന്നിവയും. കൂടാതെ കിഴക്കു ഭാഗത്തുള്ള വരാന്ത, ഗോവണി, വൈദികർക്കുള്ള മുറി എന്നിവ പുനർനിർമിക്കുകയും ചെയ്തു. ഞങ്ങളുടെ സുസ്ഥിതിക്കായി അദ്ദേഹം കഷ്ടപ്പെട്ടു. ഇവക്കെല്ലാം ഞങ്ങൾ അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. ഞങ്ങൾ എപ്പോഴും അദ്ദേഹത്തോട് നന്ദിയുള്ളവരാണ്.[4]

മറ്റത്തിൽ ക്ലാരിസ്റ്റ് കോൺവെന്റ് ആരംഭിക്കുന്നതിനും മഠത്തിനും സ്കൂളിനുമായി സ്ഥലം വാങ്ങുന്നതിനും മഠം പണിയുന്നതിനുമായി അദ്ദേഹത്തിന് ഏറ്റെടുക്കേണ്ടിവന്ന ബുദ്ധിമുട്ടുകൾ വിവരിച്ചതിനു ശേഷം അസംപ്ഷൻ മഠം നാളാഗമം പറയുന്നതിങ്ങനെ: മഠം പണിയുന്നതിനായി സ്വന്തം ആരോഗ്യം പരിഗണിക്കാതെ രാത്രിയും പകലും അദ്ദേഹം കഠിനാധ്വാനം ചെയ്തു.[5]

ഈ പരസ്നേഹചൈതന്യമാണ് ചാരിറ്റി കോൺഗ്രിഗേഷന്റെ ഉത്ഭവത്തിനു പിന്നിലുള്ളത്. ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കണമെന്ന് അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു, ക്ലാസ്സുകൾ നല്കി, പരിശീലനവും നൽകി.[6] സിസ്റ്റേഴ്സിൽ ദൈവസ്നേഹവും പരസ്നേഹവും വളർത്തി കരുണയുടെയും സ്നേഹത്തിന്റെയും സംസ്കാരം രൂപപ്പെടുത്തിയെടുക്കുവാൻ പരിശീലനത്തിന്റെ ആരംഭം മുതൽതന്നെ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു: നാം സ്നേഹത്തോടുകൂടി പെരുമാറണം. നമ്മുടെതന്നെ പേരിനുവേണ്ടി ഒന്നും ചെയ്യരുത്; എല്ലാവരോടും ക്ഷമയോടുകൂടി വ്യാപരിക്കണം. പ്രാർഥനയിലൂടെയും ധ്യാനമനനങ്ങളിലൂടെയും ദൈവസ്നേഹത്തിൽ വളർന്നുവരണം; പ്രവർത്തനങ്ങളെല്ലാം പ്രാർഥനയാക്കി മാറ്റണം; സാക്ഷ്യജീവിതം നയിക്കണം. ആരെങ്കിലും രോഗികളായാൽ പരസ്നേഹചൈതന്യത്തോടും ഉദാരതയോടും കൂടി ശുശ്രൂഷിക്കണം. പ്രാർഥനയിലൂടെയും പരിത്യാഗത്തിലൂടെയും മാനസാന്തര പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടണം.[7] മഗ്ദലേന മറിയത്തിന്റെ ഉദാഹരണത്തിലൂടെ ദൈവത്തെ സ്നേഹിക്കുവാൻ അദ്ദേഹം ഉപദേശിച്ചു. ഒരു സന്യാസിനി ഈശോയെ സ്നേഹിക്കുന്നതിന് ഇത് നല്ലൊരു പാഠമാണ്. അനുദിന ജീവിത സാഹചര്യങ്ങളെല്ലാം സ്നേഹത്തോടും ക്ഷമയോടുംകൂടി സ്വീകരിക്കുക. ഏറ്റവും എളിയ ശുശ്രൂഷയും സ്നേഹത്തോടുകൂടി ചെയ്യണം.[8]

പരസ്നേഹം പരിപൂർണതയിലെത്തുന്നതിനുള്ള ഗോവണിയാണെന്നും സ്നേഹം ദയയും ക്ഷമയുമുള്ളതാണെന്നും അത് മറ്റുള്ളവരുടെ നന്മയും അഭിവൃദ്ധിയും മാത്രമാണ് ലക്ഷ്യമാക്കുന്നതെന്നും അദ്ദേഹം ഉപദേശിച്ചു.[9] പരസ്നേഹചൈതന്യത്തിന് അദ്ദേഹം അവർക്കൊരു വലിയ മാതൃകയായിരുന്നു. എല്ലാവരോടുമുള്ള സ്നേഹചൈതന്യമാണ് ഊക്കനച്ചന്റെ ഏറ്റവും വലിയ ഗുണം.[10]

ഓരോരുത്തരുടെയും ആവശ്യം കണ്ടറിഞ്ഞ് അദ്ദേഹം പരസ്നേഹപ്രവൃത്തികൾ ചെയ്തു. സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്ക് പണം നൽകി, ചിലരെ ജോലികണ്ടെത്തുവാനും, ബിസിനസ് തുടങ്ങുവാനും സഹായിച്ചു. കൈത്തൊഴിൽ ചെയ്ത് ഉപജീവനമാർഗം കണ്ടെത്തുന്നതിനായി നെയ്ത്തുശാല, ആണിയുണ്ടാക്കൽ തുടങ്ങിയവ ആരംഭിച്ചു. ഫാ. തോമസ് അക്കരപ്പറ്റി പരസ്നേഹപ്രവർത്തനങ്ങൾക്കായി നൽകിയ 25 ഏക്കർ സ്ഥലം ഏറ്റെടുത്ത് മഠം ആരംഭിച്ചു.[11]


ഊക്കനച്ചന്റെ ശുശ്രൂഷാചൈതന്യം വ്യക്തമാക്കുന്നതാണ് മിസ്റ്റർ പൊറിഞ്ചു വാറുണ്ണിയുടെ വാക്കുകൾ: എനിക്ക് ആറ് വയസ്സുള്ളപ്പോൾ അപ്പൻ മരിച്ചു. അപ്പന് സിലോണിൽ ജോലിയുണ്ടായിരുന്നു. അപ്പന്റെ സമ്പാദ്യമായ 9000 രൂപ, പെട്ടി, ആഭരണങ്ങളും മറ്റുസാധനങ്ങളും കൊണ്ടുവരുവാൻ സഹായിച്ചത് ഊക്കനച്ചനാണ്. അമ്മയും ഞാനും കുറച്ചുനാൾ അച്ചന്റെ സ്ഥലത്ത് താമസിച്ചിട്ടുണ്ട്. ഞങ്ങളുടെ അസ്വസ്ഥതകളെല്ലാം നീക്കുവാൻ അച്ചനാണ് മുൻകൈ എടുത്തത്. കുറച്ചു വർഷങ്ങൾക്കുശേഷം അമ്മയും മരിച്ചു. തുടർന്ന് അമ്മയുടെ വീട്ടുകാർ എന്നെ സംരക്ഷിച്ചുപോന്നു. അന്ന് അച്ചൻ പാലയൂർ വികാരിയായിരുന്നു. അമ്മ വീട്ടുകാർക്ക് എന്നെ വേണ്ടവിധത്തിൽ സംരക്ഷിക്കാനാകില്ലെന്നു കണ്ടപ്പോൾ പള്ളിമേടയിൽ സംരക്ഷിക്കാമെന്ന് അച്ചൻ അവരോടു പറഞ്ഞു.[12] ഊക്കനച്ചൻ വളർത്തിക്കൊണ്ടുവന്ന സ്നേഹസംസ്കാരത്തിന്റെ ചുരുൾ അഴിയുന്നത് ഇപ്രകാരമാണ്. തന്റെ ഉറവിടങ്ങളായ ഈശോയിൽ നിന്നും പരിശുദ്ധ അമ്മയിൽ നിന്നുമാണ് അദ്ദേഹം എല്ലാം പഠിച്ചത്.

---

**അടിക്കുറിപ്പുകൾ**

1. Light from heaven., pp. 237, 330.
2. Puthenchira Holy Family CHF Convent., Chronicle, p. 1, 13 October 1913.
3. Thrissur Sacred Heart CMC Convent., Chronicle, p. 46, 12 March 1922.
4. Chiralayam Holy Child CMC Convent., Chronicle(Book No. 1 vol. 1) 1926 to 22.06.1952, pp. 24-26.

5. Mattom Assumption FCC Convent., Chronicle vol. 1, p. 26.
6. Written Testimony., f. 14, Sr Bridget CSC.
7. Exhortations., Sr Corthuna CSC, June 1951, ff. 30-31.
8. Exhortations., Sr Corthuna CSC, June 1951, f. 33.
9. Exhortations., Sr Alberta CSC, June 1951, f. 5.
10. Oral Testimony., f. 40, Sr Petronila CSC.
11. Early Documents 33.
12. Written Testimony., f. 28, Mr Porinchu Varunny Vazhappilly.



പാലയൂര് ഫൊറോനപള്ളി വികാരി വെ. ബ.
ഉഴക്കൻ അഗസ്റ്റ്യൻ യോഹന്നാൻ അച്ചൻ അവർകളുടെ
സന്നിധാനത്തിൽ ടി. പള്ളി ഇടവകയിൽപെട്ട
തിരുവങ്കടം കുരിശുപള്ളിയംഗങ്ങൾ
സപ്രഹർഷം സമർപ്പിക്കുന്ന

## അനുമോദനപത്രം.

വെ. ബ. അച്ചാ,

കാലചക്രഗതിയിൽ പെട്ടുഴലുന്ന ജനാവലിക്ക് ശരിയായ മാർഗ്ഗനിർദ്ദേശം ചെയ്തുവരുന്ന അങ്ങയുടെ പരിപാവനമായ ലാളനങ്ങളേറ്റു വളർന്നുവരുന്ന മക്കളായ ഞങ്ങൾ, അങ്ങ് മാനവായുസ്സാകുന്ന സാഗരത്തിന്റെ അർദ്ധഭാഗം തരണംചെയ്തെത്തിയിരിക്കുന്ന ഈ മഹനീയാവസരത്തിൽ അങ്ങയെ ഹാർദ്ദമായി അനുമോദിക്കുകയും സച്ചിദാനന്ദസ്വരൂപനായ ജഗദീശ്വരനെ പുകഴ്ത്തുകയും ചെയ്തുകൊള്ളുന്നു.

ഞങ്ങളുടെ, വിശുദ്ധ തോമാസ് അപ്പസ്തോലന്റെ പരിപാവനമായ പാദസ്പർശമേററു പരിപൂതമാക്കപ്പെട്ടതും ചരിത്രപ്രസിദ്ധവുമായ ഇടവകഭരണം ഏറെറടുത്തിട്ട് ഏകദേശം രണ്ടു സംവത്സരങ്ങൾ മാത്രമേ പൂർത്തിയായിട്ടുള്ളുവെങ്കിലും ഏതൊരു പുണ്യാത്മാവ് ഇവിടെ ക്രൈസ്തവദീപം പ്രകാശിപ്പിച്ചുവോ ആ പുണ്യാത്മാവിന്റെ അനുഗ്രഹത്തെ പൂർത്തീകരിക്കുന്നതിനുവേണ്ടി അശ്രാന്തം പരിശ്രമം ചെയ്തുവരുന്ന അങ്ങയുടെ മഹത്സേവനങ്ങൾ ശ്ലാഘനീയങ്ങളത്രെ. കേവലം ശൈശവാവസ്ഥയിലിരിക്കുന്ന ഞങ്ങളുടെ പിഞ്ചുദേവാലയത്തിൽ ഞായറാഴ്ചകളിലും കടമുള്ള മററിതരദിനങ്ങളിലും ദിവ്യപൂജ അർപ്പിക്കപ്പെടുന്നതിനും [illegible] കുഗ്രാമമായ തിരുവങ്കടത്തെ സന്ദർശിക്കുന്നതിനുമായി മേലധികാരത്തുനിന്നു ഒരു വൈദികനെ വരുത്തിത്തന്നതു അങ്ങയുടെ പ്രേഷിതതീക്ഷ്ണതയിലുള്ള നിഷ്കളങ്കമായ സേവനമല്ലാതെ മറെറന്താണ് വെളിപ്പെടുത്തുന്നതു! ആത്മീയവും ലൗകികവുമായ മററിതരകാര്യങ്ങളിൽ ജാതിമതഭേദമെന്യേ അങ്ങു നിർവ്വഹിച്ചിട്ടുള്ളതും നിർവ്വഹിച്ചുപോരുന്നതുമായ കാര്യങ്ങൾ ബഹുജനസമക്ഷം തങ്കലിപികളാൽ ലേഖനം ചെയ്യപ്പെടേണ്ടവയാണ് എന്നുള്ളതിൽ ഞങ്ങളും ചാരിതാർത്ഥ്യംകൊള്ളുന്നു. മാതൃദേവാലയമാകുന്ന പാലയൂർ പള്ളിയിൽനിന്നു വളരെ ദൂരത്തു സ്ഥിതിചെയ്യുന്ന ഞങ്ങൾക്കു ശവസംസ്കാരാദി തിരുകർമ്മങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുകളെ പരിഗണിച്ചു ഞങ്ങളുടെ കൊച്ചുപള്ളിയോടനുബന്ധിച്ചു ഒരു ശ്മശാനവും കൂടി അങ്ങയുടെ ഷഷ്ട്യബ്ദപൂർത്തിമഹാമഹസ്മാരകമായി നിർമ്മിച്ചുകിട്ടുവാൻ അങ്ങു അശ്രാന്തം പരിശ്രമം ചെയ്യുമെന്നു ഞങ്ങൾ വിശ്വസിച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ മിസ്സത്തിലെ വൈദികവൃന്ദത്തിലത്യുച്ചസ്ഥാനം പ്രശോഭിക്കുന്ന അങ്ങയുടെ ഈ ഷഷ്ട്യബ്ദപൂർത്തിമഹാമഹത്തിൽ അങ്ങയെ ഒരിക്കൽക്കൂടി ഹാർദ്ദമായി അനുമോദിക്കുകയും അങ്ങു ആരോഗ്യവാനായി വളരെക്കാലം ഈ ഇടവകഭരണം നടത്തി ഞങ്ങളെ പരിരക്ഷചെയ്യുന്നതിനു ഭാഗ്യമുണ്ടാകുവാൻ ജഗദീശ്വരനെ നമിച്ചുകൊണ്ടും അങ്ങയുടെ പൂജാർപ്പണങ്ങളിലും പ്രാർത്ഥനകളിലും സാധുക്കളായ ഞങ്ങളെ ഓർക്കുവാൻ അപേക്ഷിച്ചുകൊണ്ടും ഈ അനുമോദനപത്രത്തെ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

എന്ന്,

അങ്ങയുടെ വിനീതമക്കളായ
തിരുവങ്കടം കുരിശുപള്ളി അംഗങ്ങൾ.

തിരുവങ്കടം,
29 – 12 – 40

Vijaya Printingworks, Kottapadi

മംഗളപത്രം, തിരുവെങ്കിടം

## കാലത്തിന്റെ പ്രവാചകൻ

ഇസ്രായേലിന്റെ മതവിശ്വാസത്തെയും ധാർമികതയെയും നിലനിർത്തുന്നതിനു ചില നിർണായക ഘട്ടങ്ങളിൽ ഇസ്രായേലിൽ ഉദിച്ചുയർന്ന അസാധാരണ വ്യക്തികളായിരുന്നു പ്രവാചകർ. ഇസ്രായേലിന്റെ മനഃസ്സാക്ഷിയായിട്ടാണ് പ്രവാചകർ രംഗപ്രവേശം ചെയ്തത്. സാമൂഹ്യാനീതികളിൽ ധാർമികരോഷം കൊള്ളുകയും മർദിതനും ചൂഷിതനുംവേണ്ടി നിലകൊള്ളുകയുമായിരുന്നു പ്രവാചക ദൗത്യം. അധർമം കാണുമ്പോൾ രക്തം തിളച്ചിരുന്ന അവർ തങ്ങളുടെ നാടിനും ജനങ്ങൾക്കും വേണ്ടി ധീരമായി പ്രവർത്തിച്ചു. എല്ലാ പ്രവാചക വിളിയും ലക്ഷ്യം വച്ചതും പൂർണമായതും നിത്യ പ്രവാചകനായ ക്രിസ്തുവിൽ മാത്രമാണ്. പ്രവാചകൻ ഹൃദയ രഹസ്യങ്ങൾ അറിയുന്നവനും അതു വെളിപ്പെടുത്തുന്നവനുമാണ് (യോഹ. 4:19).

ഓരോ നൂറ്റാണ്ടിലും സഭയിലെ ആവശ്യങ്ങൾക്കനുസരിച്ചു ദൈവം ഓരോ പ്രത്യേക വ്യക്തികളെ തെരഞ്ഞെടുക്കുന്നു. കാൽവരിയെ ലക്ഷ്യംവച്ചുകൊണ്ട് പ്രവാചകദൗത്യം നിർവഹിക്കുകയും ത്യാഗോജ്ജ്വല ജീവിതത്തിന്റെ പരിസമാപ്തിയെന്നവണ്ണം ആത്മബലി നടത്തുകയും ചെയ്ത ക്രിസ്തുവിന്റെ ജീവിതശൈലിയോടു താദാത്മ്യം പ്രാപിക്കുകയും അതിനെ സ്വന്തമാക്കുകയും ചെയ്തുകൊണ്ട് മൂല്യങ്ങൾക്കും, വ്യക്തിബന്ധങ്ങൾക്കും, ഈശ്വരാനുഭവത്തിനും, യഥാർഥ സമാധാനത്തിനും, സ്ഥായിയായ സ്നേഹത്തിനും വേണ്ടി മനുഷ്യൻ നട്ടം തിരിഞ്ഞിരുന്ന ഒരു കാലഘട്ടത്തിൽ, പ്രവാചകദൗത്യവുമായി ഊക്കനച്ചൻ രംഗപ്രവേശം ചെയ്തു. പണം മനുഷ്യമഹത്വത്തിന്റെ മാനദണ്ഡമായി പരിണമിക്കുന്ന നിർഭാഗ്യകരമായ അവസ്ഥ നിലനിന്നിരുന്ന അക്കാലത്ത് ജീവിതത്തിന്റെ ഏതു തുറയിലും അക്രമവും അനീതിയും അഴിമതിയും അസമത്വവും കൊടികുത്തി വാണിരുന്നു. ഈ വ്യവസ്ഥിതിക്കെതിരെ ശബ്ദമുയർത്താൻ, അപകർഷതാബോധത്തിലും മനസ്സിടിവിലുമൊക്കെ കഴിയുന്നവരെ കൈപിടിച്ചുയർത്തുവാൻ, പ്രതീക്ഷയുടെ പ്രതീകമായ യേശുവിനെ അനുഭവവേദ്യമാക്കിക്കൊടുക്കുവാൻ, സ്നേഹത്തിൽ ചാലിച്ചെടുത്ത സേവനശിഖയുമായി അദ്ദേഹം അവരിലേക്കിറങ്ങിച്ചെന്നു. കാലത്തിന്റെ ഗതി വിഗതികൾ മനസ്സിലാക്കി പക്വതയോടെ ഈ ലോകത്തിൽ വ്യാപരിക്കുവാൻ, കാലത്തിനനുയോജ്യമായി ഉയർന്നു ചിന്തിക്കുവാൻ, ഉണർന്നു പ്രവർത്തിക്കുവാൻ യേശു തന്റെ അനുയായികളോടാഹ്വാനം

ചെയ്യുന്നുണ്ട് (ലൂക്ക 12:54-57). ഇതിനു ലോകത്തിന്റെ ചിന്താധാര എന്താണെന്നു നാം മനസ്സിലാക്കണം. കാലത്തിന്റെ ചുവരെഴുത്തുകളും തജ്ജന്യമായ വെല്ലുവിളികളും നാം അറിഞ്ഞിരിക്കണം. താൻ ജീവിച്ച കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചു പ്രതികരിച്ച പ്രവാചകനായിരുന്നു ഊക്കനച്ചൻ. അക്കാലത്തെ സാമൂഹ്യപശ്ചാത്തലം കണക്കിലെടുത്തപ്പോൾ, സമസൃഷ്ടങ്ങളുടെ രക്ഷയ്ക്കായി ആദിമസഭയിൽ നിലനിന്നിരുന്ന പരസ്നേഹചൈതന്യം പുനർജീവിപ്പിക്കേണ്ടതു കാലത്തിന്റെ ആവശ്യമാണെന്ന് അദ്ദേഹത്തിനു ബോധ്യമായി. സാമൂഹ്യസേവനപ്രധാനമായ രംഗങ്ങളിൽ സന്യാസിനി സന്യാസികൾ പ്രവേശിക്കുന്നത് അത്രതന്നെ ആശാസ്യമോ അഭിനന്ദനാർഹമോ ആയി പരിഗണിക്കപ്പെടാതിരുന്ന കാലഘട്ടവുമായിരുന്നു അത്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ വ്യത്യസ്തങ്ങളായ ആവശ്യങ്ങളുള്ള മനുഷ്യരുടെ ഇടയിലേക്കിറങ്ങിച്ചെന്ന് യേശുവിനെപ്പോലെ പ്രതികരിക്കുവാൻ ഊക്കനച്ചൻ തീരുമാനിച്ചു. സ്വയം ദാനത്തിന്റെ ഉജ്ജ്വലപ്രഭ എല്ലാ യുഗങ്ങളിലേക്കും ഹൃദയങ്ങളിലേക്കും ചൊരിഞ്ഞ കാൽവരിയിലെ യാഗത്തിന്റെ തനിമ തന്നിലൂടെ തനിക്കു ചുറ്റുമുള്ളവർക്ക് അനുഭവവേദ്യമാക്കിക്കൊടുക്കുവാൻ അദ്ദേഹം വെമ്പൽ കൊണ്ടു. പൗരസ്ത്യപശ്ചാത്തലത്തിൽ ക്രൈസ്തവമൂല്യങ്ങൾക്കു ശോഭ പകരുവാൻ, സേവനത്തിന്റെയും രമ്യപ്പെടലിന്റെയും ഉയർത്തലിന്റെയും വിമോചനത്തിന്റെയും പ്രവർത്തനം നിർവഹിക്കുവാൻ അദ്ദേഹം തന്റെ ജീവിതം മാറ്റിവച്ചു. അസമത്വത്തിലും അടിമത്വത്തിലും കഴിയുന്നവരെ സ്വാതന്ത്ര്യത്തിലേക്കു നയിച്ചു വിശ്വസാഹോദര്യം സംജാതമാക്കണമെന്ന തന്റെ അഭിലാഷം ആധ്യാത്മിക ഡയറിക്കുറിപ്പുകളിൽ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.[1] മലബാറിൽ അടിമത്വത്തിൽ കഴിയുന്ന പുലയരുടെ മോചനത്തിനായി ചലനങ്ങൾ നടന്നുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. അദ്ദേഹം അവർക്കുവേണ്ടി മധ്യസ്ഥപ്രാർഥന നടത്തുകയും അവരുടെ മോചനത്തിനായി പ്രവർത്തിക്കുവാൻ ശക്തിയാർജിക്കുകയും ചെയ്യുന്നുണ്ട്.[2]

കാലഘട്ടത്തിന്റെ വെല്ലുവിളികൾ കണക്കിലെടുത്തുകൊണ്ട് ശക്തമായി പ്രതികരിക്കണമെന്നും അവർക്കുവേണ്ടി പ്രാർഥിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. തിരുസഭക്കെതിരെ ശത്രുക്കൾ ആഞ്ഞടിക്കുമ്പോൾ ജപമാല മുറുകെപ്പിടിച്ചുകൊണ്ട് അവരെ നേരിടണമെന്നും വിശ്വാസം സംരക്ഷിക്കണമെന്നും അദ്ദേഹം

ഉപദേശിക്കുന്നു. സഭ ഫ്രാൻസിൽ ദുർബലയായപ്പോൾ അവളെ ശക്തിപ്പെടുത്തുന്നതിന് അദ്ദേഹം പ്രാർഥിച്ചിരുന്നതായി നമുക്ക് കാണുവാൻ സാധിക്കും.[3] അസത്യത്തിൽ നിന്നു സത്യത്തിലേയ്ക്കും അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേയ്ക്കും, മരണത്തിൽ നിന്നു മരണമില്ലായ്മയിലേയ്ക്കും ഭാരതമക്കളെ ആനയിക്കേണ്ടത് സ്വന്തം കർത്തവ്യമായി അദ്ദേഹം കണക്കാക്കി.[4] സഭക്കെതിരെ ശീശ്മകളും പാഷണ്ഡതകളുമെല്ലാം ഉയർന്ന് സഭാനൗകയെ ആട്ടിയുലച്ചപ്പോൾ അവയിൽ നിന്നെല്ലാം മതാനുയായികളെ സംരക്ഷിക്കുന്നതിനായി ഒരു കോട്ടമതിൽ ഉണ്ടാക്കണമെന്നും അവിടെ സന്യസ്തർ തീക്ഷ്ണ തയോടെ പ്രവർത്തിക്കണമെന്നും അദ്ദേഹം ഊന്നിപ്പറയുന്നുണ്ട്. അബദ്ധ സിദ്ധാന്തങ്ങളിൽ നിന്നും സത്യവിശ്വാസം സംരക്ഷിക്കുന്ന തിനായി, പ്രാർഥനായോഗങ്ങൾ സംഘടിപ്പിക്കുകയും, സാമൂഹ്യ സമ്പർക്കമാധ്യമങ്ങളിലൂടെ ജാഗ്രതയോടെ പ്രവർത്തിച്ച്, തിരുസഭയി ലേയ്ക്ക് ജനങ്ങളെ ആകർഷിക്കണമെന്നും അദ്ദേഹം ശക്തമായി പറയുന്നു.[5] സന്യാസികൾ സുഖലോലുപതയിൽ കഴിയാതെ മനുഷ്യ മത്സ്യങ്ങളെ പിടിക്കുവാനുള്ളവരാണെന്നും മനുഷ്യരെ അന്വേഷിച്ച് അവർ പോകണമെന്നും അതു കാലത്തിന്റെ ആവശ്യമാണെന്നും അദ്ദേഹം വിവേചിച്ചറിഞ്ഞു.[6] കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക നുസരിച്ച് അദ്ദേഹം പ്രതികരിച്ചിരുന്നു എന്നാണല്ലോ ഇവയെല്ലാം വ്യക്തമാക്കുന്നത്.

ബി.സി. എട്ട്, ഒമ്പത് നൂറ്റാണ്ടുകളിൽ ഇസ്രായേലിന്റെ മനഃസാ ക്ഷിയായി രംഗപ്രവേശം ചെയ്ത പ്രവാചകരെപ്പോലെ ഇരുപതാം ശതാബ്ദത്തിൽ കേരളക്കരയിൽ പ്രത്യക്ഷപ്പെട്ട കരുണയുടെ പ്രവാ ചകനായിരുന്നു ഊക്കനച്ചൻ. ആരും എത്തിനോക്കാത്ത കുടുംബങ്ങ ളിലേക്കും, ഗ്രാമങ്ങളിലേക്കും, ചേരികളിലേക്കും കടന്നുചെന്നുകൊണ്ട് വിവിധതരം ബന്ധനത്തിൽ കഴിയുന്നവരെ സ്വതന്ത്രരാക്കി, സത്യത്തിലും നീതിയിലും അധിഷ്ഠിതമായ സമൂഹത്തിനു രൂപം കൊടുക്കുവാൻ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. പ്രകൃതിവിഭവങ്ങൾ എല്ലാ മനു ഷ്യർക്കും അവകാശപ്പെട്ടവയാണെന്ന സഭയുടെ പ്രബോധനം മുൻകൂട്ടി കണ്ടുകൊണ്ട് അക്കാലത്തു നിലനിന്നിരുന്ന മുതലാളിത്ത വ്യവ സ്ഥിതിക്കെതിരെ അദ്ദേഹം ധീരമായി പോരാടി.


ഓരോ കാലഘട്ടത്തിന്റെയും സ്പന്ദനങ്ങൾ മനസ്സിലാക്കി, പക്വത യോടെ പ്രതികരിക്കുവാൻ പ്രവാചകവിളി സ്വീകരിച്ച ഊക്കനച്ചൻ തന്റെ മക്കളെ ഉപദേശിച്ചിരുന്നു. ഇതിനു കാലഘട്ടത്തിന്റെ ഗതി വിഗതികൾ അവർ മനസ്സിലാക്കണം. അവയോടു സുവിശേഷത്തി

നനുസൃതം പ്രതികരിക്കുകയും വേണം. ചുരുക്കത്തിൽ, ഒരു കൈയിൽ വിശുദ്ധ ഗ്രന്ഥവും മറുകൈയിൽ വാർത്താവിനിമയ മാധ്യമങ്ങളുമേന്തി ജാഗ്രതയോടെ അവർ ഉണർന്നു പ്രശോഭിക്കണം. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ധാർമികാധഃപതനവും അഴിമതിയും വ്യാപകമായപ്പോൾ, സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ ധാർമികതക്കു സ്ഥാനം നൽകിക്കൊണ്ടു മനുഷ്യ മനഃസാക്ഷിയെ ഉണർത്തുവാൻ അദ്ദേഹം ആജീവനാന്തം പരിശ്രമിച്ചു. സമൂഹത്തിന്റെ എല്ലാ രംഗങ്ങളിലുമുള്ള പാളിച്ചകളുടെ നടുവിൽ നിഷ്ക്രിയനായിരിക്കാതെ, ലോകത്തിൽ നീതി സ്ഥാപിക്കുവാനായി വന്ന മിശിഹായുടെ അനുയായിക്കനുയോജ്യമായ ചിന്താഗതിയോടെ സ്നേഹത്തിന്റെ ആയുധവുമേന്തി അദ്ദേഹം മുന്നേറി. ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും അടയാളമായി അദ്ദേഹം നിലകൊണ്ടു. ദൈവത്തെയും അയൽക്കാരനെയും സ്നേഹിച്ചുകൊണ്ടു മനുഷ്യമാഹാത്മ്യത്തെ ഉയർത്തിപ്പിടിക്കുവാൻ അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. അതിന്റെ വ്യക്തമായ പ്രതിഫലനമായിരുന്നു ആ ധന്യജീവിതം. കാലത്തിന്റെ വെല്ലുവിളികൾക്കനുസരിച്ചു പ്രതികരിച്ച ഊക്കനച്ചൻ കാലഘട്ടത്തെ തിരിച്ചറിഞ്ഞ് ലോകത്തിന് വഴിവിളക്കാകുക എന്ന് ഇന്നും മൗനമായി ഉദ്ബോധിപ്പിക്കുന്നു.

---

### അടിക്കുറിപ്പുകൾ

1. Light from heaven., 9 September, 1904.
2. Ibid., 15, 24 September, 1904.
3. Ibid., 16 September, 1932.
4. Ibid., 2 October, 1904.
5. Ibid., 1922, p. 346, 1924, p. 351.
6. Ibid., 2 December, 1932.



Rev. Fr. A. J. Ukken
CHOWANNOOR. P. O.
KUNNAMKULAM
T. C. STATE-S. INDIA.

Chowannoor,
18. 8. 1956

I have great pleasure to inform the public that Marathamcode in the Chiramanangad village, T.C. State is a poor locality.

To their good luck Doctor A. J. Kuriakos M. B; B S, B; M D. H. has opened there a dispensary, The East Indian Homoeo. He is a kind hearted man and treats the poor kindly and give medicine freely to the deserving.

I recommend this good Doctor and his Institution to the generous public.

Yours truly A.J.Ukken

Recomendation letter to start a clinic at Marathamcode

## ക്രാന്തദർശി

വരുവാൻ പോകുന്ന കാര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് അവയ്ക്കനുസൃതമായി പ്ലാനും പദ്ധതിയുമുണ്ടാക്കി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നവനെയാണു ക്രാന്തദർശി എന്നു വിളിക്കുക. സാധാരണക്കാരിൽനിന്നും വ്യത്യസ്തമായി കാര്യങ്ങൾ മുൻകൂട്ടി ദർശിക്കുന്ന വ്യക്തി. ഊക്കനച്ചനെ പരിചയമുള്ളവരെല്ലാം, അദ്ദേഹത്തിന്റെ പ്രവർത്തനശൈലി മനസ്സിലാക്കിയിട്ടുള്ളവരെല്ലാം അദ്ദേഹത്തിനു നല്കുന്ന വിശേഷണങ്ങളിലൊന്നാണ് ക്രാന്തദർശി എന്നത്. എന്താണ് അദ്ദേഹത്തിന് ഈ വിശേഷണം നേടിക്കൊടുത്തത്? ഊക്കനച്ചന്റെ ദീർഘവീക്ഷണം എല്ലാവരേയും അതിശയിപ്പിക്കുന്നതായിരുന്നു. ശാസ്ത്രയുഗമായ ഇരുപതാം നൂറ്റാണ്ടിന്റെ ചിന്താധാരകളും പ്രവർത്തനോന്മുഖതയും എന്തായിരിക്കുമെന്നും അതനുസരിച്ചു തിരുസഭയിൽ ഉണ്ടാകുവാൻ പോകുന്ന ചലനങ്ങൾ എന്തൊക്കെയായിരിക്കണമെന്നും അദ്ദേഹം മുൻകൂട്ടിക്കണ്ടു. ആ ദീർഘവീക്ഷണത്തിൽ നിന്നും ചിറകുപൊട്ടി വിടർന്ന ചിന്താശകലങ്ങൾ പ്രവൃത്തിപഥത്തിൽ ക്കൊണ്ടുവന്ന് തന്റെ സഹജീവികളെക്കൂടി ഉദ്ബുദ്ധരാക്കി, ഉണർന്ന് പ്രവർത്തിക്കുവാൻ, ഉയർന്നു ചിന്തിക്കുവാൻ പ്രേരണ നല്കുന്ന ഉൽപ്രേരകമായിരുന്നു ഊക്കനച്ചൻ. കർത്താവിൽ എല്ലാം നവീകരിക്കുക എന്ന സന്ദേശവുമായി പതിതർക്കും പീഡിതർക്കും ആശ്വാസവും ആലംബവുമേകാൻ കാന്റിയിലെ മൂശയിൽക്കിടന്നു രൂപം കൊണ്ട ആ കർമയോഗി 1907-ൽ കേരളത്തിന്റെ മണ്ണിൽ കാലുകുത്തി. നവീകരണത്തെപ്പറ്റി കാര്യമായി ചിന്തിക്കുകപോലും ചെയ്യാത്ത ഒരു കാലഘട്ടം. അന്നാണ് ഭാഗ്യസ്മരണാർഹനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാർപാപ്പ സ്വീകരിച്ച ഈ പുതിയ സന്ദേശവുമായി ആ യുവയോഗി കടന്നുവന്നത്. ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും ആകർഷിക്കുകയും അവരുടെ ചിന്താഗതിയെ സ്വാധീനിക്കുകയും ചെയ്ത മഹാസംഭവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടാം വത്തിക്കാൻ കൗൺസിലിനു പറയുവാൻ ഉണ്ടായിരുന്നതും ഇതുതന്നെയായിരുന്നു: ക്രിസ്തുവിൽ എല്ലാം നവീകരിക്കുക!! രണ്ടാം വത്തിക്കാൻ കൗൺസിൽ നമുക്ക് തന്ന ഈ ആഹ്വാനം അരനൂറ്റാണ്ടു മുമ്പ് ലോകത്തിനു നൽകുവാൻ പ്രേരണയുൾക്കൊണ്ടു എന്നത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തെ വിളിച്ചറിയിക്കുകയാണ് ചെയ്യുന്നത്.

ശാസ്ത്രോദീപ്തമായ ആധുനികയുഗത്തിൽ ലോകമെങ്ങും ബൃഹത്തായ പരിവർത്തനങ്ങൾ നാമ്പെടുക്കുകയും പൊട്ടിവിടരുകയും ചെയ്തു. നവംനവങ്ങളായ കണ്ടുപിടുത്തങ്ങൾ മനുഷ്യപുരോഗതിക്ക് ആക്കം കൂട്ടി. മനുഷ്യൻ സ്വശക്തിയിൽ വിശ്വസിക്കാനും ദൈവത്തേയും ആത്മീയ മൂല്യങ്ങളേയും മാറ്റിവച്ചുകൊണ്ട് ശാസ്ത്രസംസൃഷ്ടമായ ഒരു ഭൗമിക പറുദീസ കെട്ടിപ്പടുക്കാമെന്നും വ്യാമോഹിച്ചു. ശാസ്ത്രം, സംസ്കാരം, സാങ്കേതിക വിജ്ഞാനീയം എന്നീ മണ്ഡലങ്ങളിൽ തുടരെത്തുടരെ വന്നു ഭവിച്ചിട്ടുള്ള വിപ്ലവകരങ്ങളായ പരിണാമങ്ങൾക്കനുസൃതം തിരുസഭയിലും ചില മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമായിത്തീർന്നു. തിരുസഭയിൽത്തന്നെ ആന്തരികമായൊരു നവീകരണവും അതിൽനിന്നുദ്ഭൂതമാകുന്ന പുനഃസംവിധാനങ്ങളും ആവശ്യമാണെന്ന് പരക്കെ ബോധ്യമായി. അങ്ങനെ ലോകത്തിന്റെ നടുവിൽ പ്രതിഷ്ഠിക്കപ്പെട്ട രക്ഷാചിഹ്നമായി തിരുസഭയെ പുനരവരോധിക്കാൻ–ചരിത്രത്തിന്റെ കേന്ദ്രമാക്കി അവളെ മാറ്റാൻ– ഒരു യത്നം നടന്നു. അതാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. തിരുസഭയുടെ ബഹുമുഖമായ നവീകരണമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ദേശിച്ചിരുന്നത്.

ഊക്കനച്ചൻ ആദ്യമായി ശ്രമിച്ചത് ആത്മീയവും ലൗകികവും സാമ്പത്തികവും സാംസ്കാരികവും സാമുദായികവുമായ എല്ലാ രംഗങ്ങളിലും വ്യതിയാനം വരുത്തുന്നതിനാണ്. സ്നേഹത്തിന്റെയും സേവനത്തിന്റെയും മഹനീയമാതൃക ലോകത്തിനു കാണിച്ചുകൊടുത്തുകൊണ്ട് സമുദായ പരിഷ്കരണത്തിനുവേണ്ടി മുമ്പോട്ടിറങ്ങിയ ഒരു കർമയോഗിയായിരുന്നു അദ്ദേഹം. വിശുദ്ധ കുർബാനയെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഉന്നയിച്ച ആശയങ്ങൾ ദീർഘദർശനം ചെയ്തുകൊണ്ടാണ് അദ്ദേഹം നവീകരണ പരിപാടികൾ ആരംഭിച്ചത്. വി. കുർബാനയുടെ അപ്പസ്തോലനായിരുന്ന അദ്ദേഹം സമുദായത്തിന്റെ പരിവർത്തനവും രക്ഷയും ക്രിസ്തുവിന്റെ ഈ ലോകത്തിലുള്ള ദിവ്യകാരുണ്യ സാമ്രാജ്യത്തിൽ ദർശിച്ചു. സ്നേഹത്തിന്റെ തടവുകാരനെ കൂടെക്കൂടെ സന്ദർശിച്ചുകൊണ്ട് സ്നേഹത്തിന്റെ വറ്റാത്ത ഉറവകളായി മാറുവാൻ അദ്ദേഹം ജനങ്ങളോടാഹ്വാനം ചെയ്തു. ദൈവത്തെ 'പിതാവേ' എന്നു വിളിക്കുവാൻ ഉപദേശിച്ച അദ്ദേഹം ഇന്നു നാം ചൊല്ലുന്ന 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർഥനയും തന്റെ മക്കളെ പഠിപ്പിച്ചു. പരിശുദ്ധ അമ്മയോട് പുത്രനിർവിശേഷമായ സ്നേഹവും ഭക്തിയു

മുണ്ടായിരുന്ന അദ്ദേഹം മാതാവിന്റെ അമലോത്ഭവം വിശ്വാസസത്യ മായി എല്ലാവരും അംഗീകരിച്ചു കാണുവാൻ ഉൽക്കടമായാഗ്രഹിച്ചു. ആ സത്യത്തെപ്പറ്റിയുള്ള വ്യക്തമായ അവബോധവും അദ്ദേഹത്തി നുണ്ടായിരുന്നു. പരി. കന്യകയിൽ സ്വന്തം അമ്മയെ ദർശിച്ച അദ്ദേഹം അവളെപ്പറ്റിയുള്ള കൗൺസിൽ പഠനം മുൻകൂട്ടിക്കണ്ടിരുന്നു. യേശു വിന്റെയും അമ്മയുടെയും മാതൃക അനുകരിച്ചുകൊണ്ട് നവീകരണ ത്തിന്റെ ചാലുകൾ കീറാനാകും എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. ഉത്തമനായ സമുദായോദ്ധാരകനായിരുന്നല്ലോ യേശു. സ്നേഹ ത്തിന്റെ ആയുധവുമേന്തി നവീകരണത്തിന് ആരംഭമിട്ട യേശു സമൂ ഹത്തിലെ ഉച്ചനീചത്വങ്ങളും ബാഹ്യമാത്രമായ ആചാരങ്ങളും ചോദ്യം ചെയ്യുവാൻ മറന്നില്ല. യേശുവിനെ അനുകരിച്ച് ജനങ്ങ ളിലേക്കിറങ്ങിച്ചെന്ന് സമുദായത്തെ സമഗ്രമായി ഉദ്ധരിക്കേണ്ടതിന്റെ ആവശ്യകത ഊക്കനച്ചൻ അന്നുതന്നെ മനസ്സിലാക്കിയിരുന്നു.

ഒരേ പിതാവിന്റെ മക്കളായ മനുഷ്യരെല്ലാം സഹോദരീസഹോദര ന്മാരാണെന്നും, പിതാവിന്റെ സമ്മാനമായ പ്രപഞ്ചമാകുന്ന ഭൂസ്വ ത്തിന് എല്ലാവരും ഒരുപോലെ അവകാശികളാണെന്നുമുള്ള പഠനങ്ങൾ പ്രാബല്യത്തിൽ വന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. എന്നാൽ ഏതാണ്ട് അര ശതാബ്ദത്തിനു മുമ്പുതന്നെ ഇതേ സന്ദേശ വുമായി ഗ്രാമങ്ങളിലേക്കു കടന്നുചെന്ന ഒരു മനുഷ്യസ്നേഹി ഉണ്ടാ യിരുന്നു; ഊക്കനച്ചൻ! നിലവിലിരുന്ന ജന്മി – കുടിയാൻ വ്യവസ്ഥിതി ക്കെതിരെ ശക്തമായി പ്രതികരിച്ചുകൊണ്ട് എല്ലാവർക്കും പിതാവിന്റെ സ്നേഹവിരുന്ന് അനുഭവവേദ്യമാക്കിക്കൊടുത്ത അദ്ദേഹം ഇന്നത്തെ തിരുസഭാപഠനങ്ങൾ മുൻകൂട്ടിക്കണ്ട ക്രാന്തദർശിയല്ലായിരുന്നുവെന്ന് ആരാണ് പറയുക.

വിശ്വാസത്തിലും സന്മാർഗനിഷ്ഠയിലും അധിഷ്ഠിതമായ യുവ തലമുറയെ വാർത്തെടുക്കുന്നതിൽ കുടുംബത്തിനുള്ള പ്രാധാ ന്യത്തെപ്പറ്റി ബോധവല്ക്കരണം നടന്നുകൊണ്ടിരിക്കുന്ന കാലഘട്ട മാണല്ലോ ഇത്. വളർന്നുവരുന്ന തലമുറക്കാവശ്യമായ പ്രാഥമിക പാഠങ്ങൾ പകർന്നുകൊടുക്കുന്ന ഗുരുകുലമാണ് കുടുംബം. പരി പാവനമായ കുടുംബാന്തരീക്ഷത്തിൽ മാത്രമേ പരിപക്വമായ, ആദർശ സമ്പന്നമായ ഒരു ഭാവിക്കു രൂപവും ഭാവവും നൽകുവാൻ സാധി ക്കുകയുള്ളു. സാമൂഹികരംഗത്തും കുടുംബത്തിനുള്ള പ്രാധാന്യം നിഷേധിച്ചുകൂടാ. സുശക്തവും സന്തുഷ്ടവും ശ്രേയസ്കരവുമായ ഒരു സമൂഹം മുളയെടുക്കുന്നത് ആദർശസമ്പന്നരായ മാതാപി

താക്കളിൽനിന്നുമാണ്. ഭാരതീയ സംസ്കാരത്തിന്റെയും ക്രൈസ്തവ വിശ്വാസത്തിന്റെയും അവിഭാജ്യഭാഗമാണ് കുടുംബ ബന്ധങ്ങളുടെ പവിത്രത. ഇങ്ങനെ വിശകലനം ചെയ്യുമ്പോൾ ചിന്തിക്കുന്ന ഏതൊരുവന്റേയും ശ്രദ്ധയിൽപെടുന്ന ഒരു പ്രവർത്തനരംഗമാണ് കുടുംബ പ്രേഷിതത്വം. ഇത് ഇന്നിന്റെ ഒരാവശ്യമായി പരിഗണിക്കുന്നുണ്ടെങ്കിൽ വർഷങ്ങൾക്കുമുമ്പ് ആരും കടന്നുചെല്ലാത്ത ഒരു പ്രേഷിതരംഗം കൂടിയായിരുന്നു. അങ്ങനെയുള്ളൊരു കാലഘട്ടത്തിൽ, കുടുംബ പ്രേഷിതത്വത്തെപ്പറ്റിയുള്ള ഇന്നത്തെ പഠനങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് പാപികളെയും പാവങ്ങളെയും ഉദ്ധരിച്ചു നീതിനിഷ്ഠമായ ഒരു യുഗപ്പിറവിക്കായി ദിനരാത്രങ്ങൾ അക്ഷീണം പ്രയത്നിച്ച കുടുംബ പ്രേഷിതനായിരുന്നു ഊക്കനച്ചൻ. പുതുമയിലേയ്ക്കുള്ള ഈ കാൽവയ്പ് അന്നു വിമർശനബുധ്യാ വീക്ഷിച്ചിരുന്നവർ പലരുമുണ്ടായിരുന്നുവെങ്കിലും ഇന്ന് ആ രംഗത്തേയ്ക്കിറങ്ങാത്തതിൽ അവരെല്ലാം കുണ്ഠിതരാണ്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും സംഭ്രമജനകമായ വിധത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന മൂല്യത്തകർച്ചയേയും സദാചാരഭ്രംശത്തേയും പറ്റി ഉറക്കെ ചിന്തിക്കാത്തവർ ഇന്നു വിരളമാണ്. എന്നാൽ വിശ്വസാഹോദര്യം സ്ഥാപിക്കുക എന്ന യേശുവിന്റെ ആദർശം മുറുകെപ്പിടിച്ചുകൊണ്ട് ഏകദേശം അരനൂറ്റാണ്ടുമുമ്പു മുതൽക്കേ അതിനായി പ്രവർത്തിച്ച ആദർശധീരനും നീതിമാനായ കർമനിരതനും വിശ്വമാനവികതയുടെ ആൾരൂപവുമായിരുന്നു ഊക്കനച്ചൻ. അത്മായ പ്രേഷിതത്വത്തെപ്പറ്റിയുള്ള കൗൺസിൽ പഠനങ്ങൾ മുൻകൂട്ടി കണ്ടതുകൊണ്ടല്ലേ തന്റെ ഇടവകഭരണത്തിൽ അത്മായർക്കു സജീവ ഭാഗഭാഗിത്വം നൽകിയത്.

സുവിശേഷമാകുക, സുവിശേഷമേകുക എന്ന മുദ്രാവാക്യവുമായി വചനപ്രഘോഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ഇന്ന് നിരവധിയാണ്. ജീവന്റെയും രക്ഷയുടെയും സന്ദേശമായ ദൈവവചനത്തിലൂടെ മാത്രമെ വ്യക്തിയെയും സമൂഹത്തെയും നവീകരിക്കാനാവൂ എന്ന ബോധ്യം ഇന്ന് എല്ലാവർക്കുമുണ്ട്. വചനപ്രഘോഷണം സ്ഥലകാലബദ്ധമായിരിക്കണം. അപ്പോൾ അതിൽ നിന്നും യഥാർഥ ഫലമുണ്ടാവുകയും ചെയ്യും. ദൈവരാജ്യത്തിന്റെ സുവിശേഷം ഞാൻ പ്രസംഗിക്കേണ്ടിയിരിക്കുന്നു (ലൂക്ക 4:43) എന്നാണ് ക്രിസ്തു തന്നെപ്പറ്റി പറഞ്ഞിട്ടുള്ളതും ലൂക്കയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും. ഈ സാക്ഷ്യം വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്; കാരണം അതു ക്രിസ്തുവിന്റെ ദൗത്യം പൂർണമായി വ്യക്തമാക്കുന്നു.

അതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത് എന്ന് അവിടുന്നു തുടർന്നു പ്രസ്താവിച്ചു. നഗരങ്ങൾ തോറും ചുറ്റിനടന്നു പാവപ്പെട്ട വർക്ക്, ദൈവദത്തമായ ഉടമ്പടിയുടേയും വാഗ്ദാനങ്ങളുടേയും പൂർത്തീകരണമായ സന്തോഷവാർത്ത അറിയിക്കുക എന്നതാണ് പിതാവിനാൽ അയയ്ക്കപ്പെട്ട തന്റെ ദൗത്യം എന്നാണ് ക്രിസ്തു ഇവിടെ പ്രഖ്യാപിച്ചത്. ഈ സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമാ യിരുന്നു അത്ഭുതാവഹമായ അവിടുത്തെ ജീവിത രഹസ്യം-അവി ടുത്തെ മനുഷ്യാവതാരവും അത്ഭുതപ്രവർത്തനങ്ങളും അധ്യാപ നവും അപ്പസ്തോല സംഘത്തിന്റെ തെരഞ്ഞെടുപ്പും ശിഷ്യഗ ണത്തിന്റെ നിയമനവും കുരിശിലെ യാഗവും പുനരുത്ഥാനവും തന്റെ ജനത്തിന്റെ ഇടയിലുള്ള നിത്യസാന്നിധ്യവുമെല്ലാം. ക്രിസ്തു തന്റെ ദൗത്യമായി പ്രഖ്യാപിച്ച സുവിശേഷപ്രഘോഷണം തന്നെയാണ് തന്റെയും ദൗത്യമെന്ന് ഊക്കനച്ചൻ ജീവിച്ചു കാണിച്ചു. ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും പോയി മിഷണറിമാർ സുവിശേഷം പ്രഘോഷിക്കണമെന്നു[1] തീരുമാനിച്ചുറച്ച ഊക്കനച്ചൻ നേരിട്ടുള്ള ഇവാഞ്ചലൈസേഷന്റെ ആവശ്യകതയെപ്പറ്റിയല്ലേ മുൻകൂട്ടി പ്രഖ്യാ പിച്ചത്.

ഇന്ന് വ്യക്തികളിലും സമൂഹങ്ങളിലും നടമാടുന്ന പ്രശ്നങ്ങൾ ക്കുള്ള പ്രധാന കാരണം വചനം ജീവിക്കുന്നില്ല എന്നതുതന്നെ യാണ്. ഇതു മുൻകൂട്ടിക്കണ്ടതുകൊണ്ടല്ലേ വചനം ശക്തമായും വ്യക്തമായും ഹൃദയസ്പർശകമായും പ്രഘോഷിക്കണമെന്നും[2] വചനം അതിന്റെ വ്യാഖ്യാനത്തോടുകൂടി പഠിക്കണമെന്നും[3] അദ്ദേഹം ഉപദേശിച്ചത്. സുമാതിയോളജിയുടെ എല്ലാ വാല്യങ്ങളും അദ്ദേഹ ത്തിന്റെ ലൈബ്രറിയിലുണ്ടായിരുന്നു. ഊക്കനച്ചന്റെ വചനബദ്ധത യാണ് ഇവയെല്ലാം ഉച്ചൈസ്തരം വിളിച്ചു പറയുക.

സുവിശേഷപ്രഘോഷണത്തിന്റെ അവിഭാജ്യഘടകമാണല്ലോ മതബോധനം. മതബോധനത്തെ സഭ എക്കാലവും തന്റെ പ്രാഥമിക കർത്തവ്യങ്ങളിലൊന്നായി കരുതിപ്പോന്നു എന്ന് 1979 ഒക്ടോബർ 19-ാം തീയതി പരി. പിതാവ് ജോൺ പോൾ രണ്ടാമൻ പുറപ്പെടുവിച്ച കാത്തെക്കേസി ത്രദേന്തേ എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ പ്രഥമ വാക്യത്തിൽ പറയുന്നു. മതബോധനം എല്ലാ തലങ്ങളിലും- കുടുംബം, വിദ്യാലയം, ഇടവക - നൽകണമെന്നും ഈ അപ്പസ്തോ ലിക പ്രബോധനത്തിൽ വ്യക്തമാക്കുന്നുണ്ട്. ഇതേ ആഗ്രഹം തന്നെ വർഷങ്ങൾക്കു മുമ്പ് ഊക്കനച്ചനും പ്രകടിപ്പിച്ചു: മതബോധനം


നൽകുക, അതിനായി സ്കൂളുകൾ നടത്തുക[4] എന്ന പ്രതിജ്ഞയെടുത്ത ഊക്കനച്ചൻ തന്റെ എല്ലാ പ്രവർത്തനരംഗങ്ങളിലും അതിന് ആവശ്യമായ പ്രാധാന്യം നൽകുകയും സമ്മാനങ്ങളും പ്രോത്സാഹനങ്ങളും നൽകി പരിപോഷിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹം തന്നെ നല്ലൊരു മതാധ്യാപകനായിരുന്നു. ഇതിന്റെ പ്രാധാന്യത്തെപ്പറ്റി അദ്ദേഹം മക്കളെ ബോധ്യപ്പെടുത്തുകയും സ്വന്തം ഇടവകയിലും അടുത്തുള്ള ഇടവകകളിലേക്കും അവരെ മതപ്രബോധകരായി പറഞ്ഞുവിടുകയും ചെയ്യുമായിരുന്നു. ഇടവകയുടെ സർവതോന്മുഖമായ അഭിവൃദ്ധിക്കായി സന്യാസികൾ സജീവമായി പ്രവർത്തിക്കണമെന്നും അദ്ദേഹം അവരെ ഉപദേശിച്ചു. ഇവയെല്ലാം അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തെയാണ് വിളിച്ചറിയിക്കുക.

രക്ഷയുടെ സന്ദേശം ധാരാളമായി സ്വീകരിക്കുന്നതിന് ഇടയാക്കുകയും അങ്ങനെ മനുഷ്യമഹാകുടുംബത്തിന്റെ ഐക്യത്തിനായി വഴിതുറക്കുകയും അതിനായി കളമൊരുക്കുകയും ചെയ്യുക രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. എല്ലാ ക്രൈസ്തവസഭകളും തമ്മിലുള്ള ഐക്യം പുനഃസ്ഥാപിക്കുകയെന്നത് ഇതിൽ പരമപ്രാധാന്യമർഹിക്കുന്നു. സത്യം സംരക്ഷിക്കുവാനും അതു പ്രചരിപ്പിക്കുവാനും സഭ എന്നും അത്യുത്സുകയാണ്. കാരണം എല്ലാ മനുഷ്യരും സത്യം അറിയണമെന്നും രക്ഷ പ്രാപിക്കണമെന്നും ആഗ്രഹിക്കുന്ന ദൈവത്തിന്റെ (1 തിമോ. 2:4) പദ്ധതിപ്രകാരം വെളിപ്പെടുത്തിയ സത്യം പൂർണമായി ഏറ്റു പറയാത്തിടത്തോളം കാലം മനുഷ്യർക്കു പരിപൂർണചൈതന്യം പ്രാപിക്കുവാനോ മാനസികപ്പൊരുത്തം കൈവരുത്താനോ സാധിക്കുകയില്ല. വെളിപ്പെടുത്തപ്പെട്ട ഈ സത്യങ്ങളോടു ചേർന്നു നില്ക്കുന്നവയാണല്ലോ യഥാർഥ സമാധാനവും നിത്യരക്ഷയും. ഇക്കാര്യം നേരത്തെ തന്നെ മനസ്സിലാക്കിക്കൊണ്ടാണ് സഭൈക്യത്തിനുവേണ്ടി ഊക്കനച്ചൻ ആത്മാർഥമായി പരിശ്രമിച്ചത്. യാക്കോബായ സൗഹൃദം പുനഃസ്ഥാപിക്കുന്നതിനു വേണ്ടി യാക്കോബായക്കാരുടെ പ്രവർത്തനവേദിയായ കുന്ദംകുളത്ത് കത്തോലിക്കാസ്ഥാപനം ആരംഭിക്കണമെന്ന് അദ്ദേഹം അന്നത്തെ രൂപതാധ്യക്ഷനോട് ആവശ്യപ്പെടുകയും ചിറളയത്ത് കർമലീത്ത സന്യാസിനി സമൂഹത്തിന്റെ ഒരു ശാഖാഭവനം ആരംഭിക്കുകയും ചെയ്തു. യാക്കോബായക്കാരുടെ ആത്മസുഹൃത്തായിരുന്നു ഊക്കനച്ചൻ. അനേകം അകത്തോലിക്കരെ തന്റെ നിരന്തരമായ പ്രാർഥനയും പരിശ്രമവും വഴി അദ്ദേഹം തിരുസഭയിലേക്കാനയിച്ചു. അവരെ വളരെ ആത്മാർഥത

യോടെ സ്നേഹിക്കുകയും അവരുടെ ആവശ്യങ്ങളിൽ സഹായിക്കുകയും ചെയ്തിരുന്നു. വിശുദ്ധ കർമങ്ങളിൽ സംബന്ധിക്കുന്നതിനായി ദേവാലയത്തിൽ എത്തുന്നവരെ സ്നേഹത്തോടെ സ്വീകരിക്കുക അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. ക്രിസ്തുവിന്റെ ദൗത്യം തുടർന്നുകൊണ്ടുപോയ ഊക്കനച്ചനിൽ മറ്റൊരു ക്രിസ്തുവിനെ അവർ ദർശിച്ചു. അതുതന്നെയാണ് സഭൈക്യ പ്രസ്ഥാനത്തിൽ അദ്ദേഹത്തിന്റെ വിജയരഹസ്യം. ദൈവവുമായുള്ള ഗാഢൈക്യത്തിൽ നിന്നു മാത്രമേ ഇപ്രകാരം പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു. പ്രാർഥനയുടെ മനുഷ്യർക്കേ അതിനുള്ള വരം ലഭിക്കൂ. ഭാവിയെ മുൻകൂട്ടി ദർശിക്കുന്നതിനും അവയ്ക്കനുസൃതമായി ജീവിതം ക്രമീകരിക്കുന്നതിനും എല്ലാ മണ്ഡലങ്ങളിലും ആവശ്യമായ മുൻകരുതലുകൾ ചെയ്യുന്നതിനുമുള്ള ശക്തിയും ധൈര്യവും അദ്ദേഹം തന്റെ മാതൃകയായ യേശുവിൽ നിന്നും സ്വീകരിച്ചു. സ്വയം ക്രാന്തദർശിയായിരുന്നതുപോലെ തന്റെ മക്കളും ദീർഘവീക്ഷണമുള്ളവരായിരിക്കണമെന്നും ഭാവികാലത്തെ മുന്നിൽക്കണ്ടുകൊണ്ട് സന്യാസിനി സമൂഹത്തിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണമെന്നും ആ പ്രവാചകൻ പ്രബോധനം നൽകി.

## അടിക്കുറിപ്പുകൾ

1. Light from heaven., 18 December, 1932.
2. Ibid., 7 September, 1924.
3. Ibid., 19 December, 1903.
4. Ibid., 20 December, 1932.



സത്ചിന്തകൾ

## കുന്ദംകുളംകാരുടെ കണ്ണിലുണ്ണി

മനുഷ്യപുത്രൻ വന്നിരിക്കുന്നതു ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനാണ്. മറിയം സ്വയം ദാസി എന്നു വിളിക്കുന്നു. എന്റെ അമ്മ ദാസിയാണെങ്കിൽ ഞാൻ എല്ലാവരുടെയും ദാസനാണ്.[1] ശുശ്രൂഷയുടെ പുതിയ അധ്യായം തുടങ്ങിവച്ച യേശുവിനെ എല്ലാക്കാര്യങ്ങളിലും അനുകരിച്ച്[2] ഊക്കനച്ചന്റെ ജീവിതവും ശുശ്രൂഷയുടേതായിരുന്നു. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു (ലൂക്ക 4:18) എന്നാണ് ക്രിസ്തു തന്റെ ദൗത്യത്തെപ്പറ്റി പറഞ്ഞത്. എല്ലാവരേയും സഹോദരതുല്യം സ്നേഹിച്ച ഊക്കനച്ചന് പാവങ്ങളോടു പ്രത്യേക പരിഗണനയുണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലോ. കുടിൽ തൊട്ടു കൊട്ടാരംവരെ എല്ലാവർക്കും അദ്ദേഹം സമീപസ്ഥനും സംലഭ്യനും ആയിരുന്നു. ജാതി മത ഭേദമെന്യേ എത്ര വലിയ പ്രശ്നങ്ങൾക്കും അദ്ദേഹം പരിഹാരം നിർദേശിച്ചിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യം അനിതരസാധാരണമായിരുന്നു. ഇതു വ്യക്തമാക്കുന്ന ഒരു സംഭവമാണ് കുന്ദംകുളത്തെ പ്രസിദ്ധി നേടിയ കാവടിക്കേസ്.

ഊക്കനച്ചൻ ചിറളയം പള്ളിവികാരിയായിരുന്ന കാലം. കാവടിക്കാർ കുന്ദംകുളത്തു വലിയ അങ്ങാടിയിലുള്ള വലിയ പള്ളിയുടെ മുമ്പിൽ വരുമ്പോൾ കൊട്ടുനിർത്തി ആദരവോടെ കടന്നുപോകുകയായിരുന്നു പതിവ്. ആ വർഷം അവർ കൊട്ടുനിർത്താതെ കാവടിയുമായി തുള്ളിച്ചാടി പള്ളി കടന്നു. അതിൽ കോപാക്രാന്തരായ പുരുഷന്മാർ വീടുകളിൽനിന്നും ചാടിയിറങ്ങി. വഴക്കായി വാക്കേറ്റമായി–വാക്കേറ്റം മൂത്ത് കൈയേറ്റമായി. ചിലർ കാവടി ഇട്ട് ഓടിപ്പോയി. അവസാനം അതു കേസായി. പലരേയും പോലീസ് അറസ്റ്റ് ചെയ്തു. സംഭവത്തിന്റെ സ്ഥിതിഗതികൾ മനസ്സിലാക്കി കർമധീരനായ ഊക്കനച്ചൻ രംഗത്തിറങ്ങി. ഒരു ദിവസം കോടതിയിൽ കയറിച്ചെന്നു ജഡ്ജിയുമായി സംഭാഷണം നടത്തി. അതിന്റെ ഫലമായി ഇരുവിഭാഗക്കാരും ഒത്തുതീർപ്പിലാകുകയും ചെയ്തു. അങ്ങനെ ഊക്കനച്ചൻ കുന്ദംകുളംകാരുടെ കണ്ണിലുണ്ണിയായി മാറി.[3] ജനങ്ങളുടെ വിശ്വാസം ആർജിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. ഇതുപോലെ പ്രതിസന്ധികളെ തരണം ചെയ്ത് എപ്പോഴും ശാന്തിയും സമാധാനവും ഏവർക്കും പ്രദാനം ചെയ്ത സംഭവങ്ങൾ നിരവധിയാണ്. ആത്മാവിന്റെ കൃപകൾകൊണ്ട് നിറഞ്ഞവർക്കേ ഇതിനുള്ള ധൈര്യം ലഭിക്കൂ.

അദ്ദേഹത്തിനു ജനങ്ങളിലുണ്ടായിരുന്ന സ്വാധീനം വളരെ വലുതായിരുന്നുവെന്നു നവജീവിക വ്യക്തമാക്കുന്നു: 1935-ൽ കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ട് തൃശിവപേരൂർക്ക് എഴുന്നള്ളിയ അവസരത്തിൽ പല കത്തോലിക്ക സ്ഥാപനങ്ങളും സന്ദർശിക്കുകയുണ്ടായി. ഈ സ്ഥാപനങ്ങളിൽ ഒരോന്നിലും വച്ചു തത്ഭാരവാഹികൾ തിരുമേനിയെ ഹാരമണിയിക്കുകയും ഭക്തിപ്രകടനങ്ങൾ നടത്തുകയും ചെയ്തതിനു പുറമേ, പട്ടണത്തിലും പരിസരങ്ങളിലും കൂടി തിരുമനസ്സുകൊണ്ട് ഓരോരോ സ്ഥലങ്ങളിലേക്ക് എഴുന്നള്ളിയ അവസരത്തിൽ രാജവീഥിയിൽ കെട്ടി അലങ്കരിച്ചിരുന്ന പൂപ്പന്തലുകളിൽ വച്ചു ഹാരമണിയിച്ചു. ചിറളയം പള്ളിവികാരി ഊക്കൻ പെ. ബഹു. യോഹന്നാൻ അച്ചൻ അവർകൾ ചിറളയം പള്ളിക്കുവേണ്ടി മാല അണിയിച്ചു.[4]

ഊക്കനച്ചന്റെ ദൈവമാതൃഭക്തി വളരെ പ്രസിദ്ധമാണ്. മൈ ഡിയർ മമ്മാ എന്നു വിളിച്ചുകൊണ്ട് എല്ലാ കാര്യങ്ങളും അദ്ദേഹം അമ്മയോടു പറയുമായിരുന്നു. 1949-ൽ നടന്ന സംഭവം മാതാവിനോട് ഊക്കനച്ചനുണ്ടായിരുന്ന ഭക്തിയും ജനങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്വാധീനവും വ്യക്തമാക്കുന്ന ഒന്നായിരുന്നു. പരിശുദ്ധ കന്യകാമറിയം 1917-ൽ ഫാറ്റിമായിൽ പ്രത്യക്ഷപ്പെട്ടത് ഒരു കലാകാരൻ രൂപകൽപന ചെയ്തു. ഇത് ആദ്യമായി കേരളക്കരയിലേയ്ക്കു കൊണ്ടുവന്നത് 1949-ൽ ആയിരുന്നു. മാതൃഭക്തനായ ഊക്കനച്ചൻ അതിയായി സന്തോഷിച്ചു. അദ്ദേഹം അത്യുത്സാഹിയായി. അമ്മക്കു വളരെ വലിയൊരു വരവേൽപു നൽകണം. തന്റെ ആഗ്രഹം അദ്ദേഹം ജനങ്ങളെ അറിയിച്ചു. തങ്ങളുടെ അച്ചൻ തമ്പുരാന്റെ ആഗ്രഹമല്ലേ. വിവിധ മതസ്ഥരായ ആബാലവൃദ്ധം ജനങ്ങൾ കുന്ദംകുളത്തു തിങ്ങിക്കൂടി. മാതാവിനു തൃശൂരു നൽകിയ സ്വീകരണത്തെ കിടപിടിക്കുവാൻ പോരുന്ന ഉജ്ജ്വലമായൊരു സ്വീകരണം നാമമാത്രമായ കത്തോലിക്കരുള്ള കുന്ദംകുളത്തു നൽകുവാൻ അദ്ദേഹത്തിനു സാധിച്ചു.[5] മാതാവിന്റെ വിമലഹൃദയത്തിന് അദ്ദേഹം എല്ലാവരേയും പരസ്യമായി പ്രതിഷ്ഠിച്ചു.[6] ദൈവമാതൃഭക്തിയിലൂടെ യാക്കോബായ സഹോദരങ്ങളെ നേടിയെടുക്കുവാൻ അദ്ദേഹം അക്ഷീണം പ്രയത്നിച്ചിരുന്നു.

ദൈവത്തിനും ദൈവമക്കൾക്കുമായി ജീവിച്ച ഒരു കർമയോഗിയായിരുന്നു ഊക്കനച്ചൻ. അദ്ദേഹത്തിന്റെ വിശാലമായ ഹൃദയത്തിൽ എല്ലാവർക്കും ഇടം ഉണ്ടായിരുന്നു. സ്ഥലകാല സാഹചര്യങ്ങൾ

മനസ്സിലാക്കി ജനങ്ങളിലേക്കിറങ്ങിച്ചെന്ന്, അവരുടെ ആവശ്യങ്ങൾ സ്വന്തം ആവശ്യമായി കണക്കാക്കി പ്രതികരിച്ച ഊക്കനച്ചൻ നാടിന്റെയും നാട്ടുകാരുടെയും ആരാധ്യപുരുഷനായി മാറി. ഇന്നും ജനഹൃദയങ്ങളിൽ ചിരഞ്ജീവിയായി അദ്ദേഹം നിലകൊള്ളുന്നു.

## അടിക്കുറിപ്പുകൾ

1. Light from heaven., pp. 26, 79.
2. Ibid., 13 October, 1903.
3. Souvenir Adaranjali., p. 11.
4. Navajeevika., September 1935.
5. Sabhayum Sthapakanum., p. 81.
6. Sabhayum Sthapakanum., p. 81.



## ധ്യാനപ്രസംഗകൻ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തൃശൂർ രൂപത കണ്ട പ്രസിദ്ധരായ ധ്യാനപ്രസംഗകരിൽ ഒരാളായിരുന്നു ഉപവി സന്യാസിനി സമൂഹത്തിന്റെ സ്ഥാപക പിതാവ് പെ. ബഹു. അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. അദ്ദേഹം പ്രബോധനവരം എന്ന പ്രത്യേകദാനം കൊണ്ട് അനുഗൃഹീതനായിരുന്നു. അദ്ദേഹത്തിന്റെ വാഗ്വിലാസം പ്രസിദ്ധമാണ്. തന്റെ പ്രസംഗങ്ങൾ എഴുതി ഒരുങ്ങുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളെ പൊതുവെ നാലായി തിരിക്കാം: 1) പൊതുജനങ്ങളെ ഔദ്യോഗികമായി സംബോധന ചെയ്തു നടത്തിയ പ്രസംഗങ്ങൾ 2) സന്യാസിനികളെ ധ്യാനിപ്പിക്കുന്നതിനായി നടത്തിയ സുവിശേഷ പ്രഘോഷണങ്ങൾ 3) സ്വന്തം രൂപതയിലെ വൈദികരെ ധ്യാനിപ്പിക്കുന്നതിനായി നടത്തിയ വചന പ്രഘോഷണങ്ങൾ 4) തന്റെ മക്കളുമായി പൈതൃകമായി നടത്തിയ ചർച്ചാസമ്മേളനങ്ങൾ. അദ്ദേഹത്തിന്റെ ശൈലി സരളവും, സ്വന്തമായ ആലങ്കാരിക വാക്കുകളൊന്നുമില്ലാത്തതും, ദൈവവചനം സ്വതസിദ്ധമായ സൗന്ദര്യത്തോടുകൂടി പ്രഘോഷിക്കുന്നതും സ്ഥലകാല സാഹചര്യങ്ങൾക്കനുയോജ്യവുമായിരുന്നു. അദ്ദേഹത്തിന്റെ ഭാഷ ശ്രേഷ്ഠവും ആംഗ്യങ്ങൾ നിയന്ത്രിതവുമായിരുന്നു. ഉപദേശമാകട്ടെ ശക്തവും, പ്രചോദനം നൽകുന്നതും, ശ്രോതാക്കളുടെ ജീവിതത്തിൽ മാറ്റം വരുത്തുവാൻ ഉതകുന്നതുമായിരുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ സാരാംശം മുഴുവനും അദ്ദേഹത്തിന്റെ ചിന്തയിലുണ്ടെന്നു വ്യക്തമാക്കുവാൻ പോന്നവയായിരുന്നു ആ പ്രസംഗങ്ങൾ. കരുണാത്മകമായ ശക്തിയിലൂടെ വിശ്വാസത്തിനനുസൃതമായി ജീവിതത്തിൽ യഥാർഥമായ മാറ്റം വരുത്തുന്നതിനുള്ള ശക്തി അദ്ദേഹത്തിന്റെ വാക്ചാതുര്യത്തിന്റെ വിജയമായിരുന്നു.[1] അതെ, അദ്ദേഹം ആന്തരികമായ ദൈവസ്വരത്തിന്റെ വിശ്വസ്തനായ, ഉപകാരപ്രദമായ ഉപകരണമായിരുന്നു. ദൈവവചനം വ്യക്തമായും, മധുരമായും, ഹൃദയസ്പർശകമായും, സ്ഥലകാലബദ്ധമായും പ്രസംഗിക്കണമെന്നത് അദ്ദേഹത്തിന്റെ പ്രതിജ്ഞകളിലൊന്നായിരുന്നല്ലോ. അതിനുള്ള കൃപാവരത്തിനായി പരിശുദ്ധാത്മാവിനോട് അദ്ദേഹം നിരന്തരം പ്രാർഥിച്ചിരുന്നു.[2]

യേശുവിന്റെ കരുണയും ആർദ്രതയും നിറഞ്ഞ സ്നേഹമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പ്രഭാഷണവിഷയം. സുവിശേഷത്തിലെ വിവിധ സംഭവങ്ങളെ പ്രായോഗിക ജീവിതത്തിൽ പകർത്തേണ്ടതെങ്ങനെയെന്ന് അദ്ദേഹം ഹൃദയാവർജകമായി വിശദീകരിക്കുക

പതിവായിരുന്നു. നമ്മുടെ കർത്താവിന്റെ പീഡാസഹനത്തെപ്പറ്റിയുള്ള ധ്യാനം കണ്ണുനീർ പ്രവാഹത്തിലാണ് അവസാനിച്ചിരുന്നത്. യേശുവിന്റെ രക്ഷണീയകൃത്യത്തിനു പ്രതിസമ്മാനമായി ആത്മാക്കളെ രക്ഷിക്കുന്ന ജോലിയിൽ എല്ലാവരും വ്യാപൃതരാകണമെന്ന് അദ്ദേഹം ഉപദേശിച്ചിരുന്നു.[3] ദൈവവിളി എന്ന ദൈവദാനത്തെപ്പറ്റി പരാമർശിക്കാതെ ഊക്കനച്ചൻ ഒരു ധ്യാനവും അവസാനിപ്പിച്ചിരുന്നില്ല. ഈ മഹാദാനത്തിനു പ്രതിനന്ദി പ്രകാശിപ്പിക്കേണ്ടത് ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വിശുദ്ധമായ ജീവിതം കാഴ്ചവച്ചുകൊണ്ടായിരിക്കണമെന്നും ആ വാഗ്മി ഉദ്ബോധിപ്പിച്ചു.[4] അദ്ദേഹത്തിന്റെ പ്രസംഗങ്ങൾക്കു പ്രത്യേകമായൊരു വശ്യശക്തിയുണ്ടായിരുന്നു. അവ ശ്രോതാക്കളെ മനഃപരിവർത്തനത്തിലേക്കും നവചൈതന്യത്തിലേക്കും നയിക്കുവാൻ പോന്നവയുമായിരുന്നു. കാരുണ്യ പ്രവൃത്തികളിലൂടെയെന്നതുപോലെത്തന്നെ ധ്യാനപ്രസംഗങ്ങളിലൂടെയും അനേകരെ അദ്ദേഹം മാനസാന്തരപ്പെടുത്തുകയും മന്ദോഷ്ണതയിൽ നിന്നും ചൈതന്യമുറ്റ ജീവിതം നയിക്കുവാൻ സഹായിക്കുകയും ചെയ്തു.

നിരന്തരപ്രയത്നത്തിലൂടെ നേടിയെടുത്ത ധ്യാനകലയിലൂടെയാണ് അദ്ദേഹത്തിന് ഇതു സാധിച്ചത്. അനുദിന ധ്യാനം അദ്ദേഹം ഒരിക്കലും മുടക്കിയിരുന്നില്ല.[5] തന്റെ ഗുരുവായ യേശുവിനെ അനുകരിച്ച ആ ശിഷ്യൻ പ്രണിധാനത്തിന്റെ മനുഷ്യനായിരുന്നു. ഈ പ്രാർഥനാനുഭവത്തിൽ അദ്ദേഹം വളർച്ച പ്രാപിച്ചിരുന്നതായി ഡയറി വ്യക്തമാക്കുന്നുണ്ട്. അതിന്റെ ബഹിർസ്ഫുരണങ്ങളായിരുന്നു അദ്ദേഹത്തിന്റെ ധ്യാനപ്രസംഗങ്ങൾ. അതുകൊണ്ട് അവ ഹൃദയസ്പർശകങ്ങളായിരുന്നു, അവ ശ്രവിക്കുവാൻ ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. ആത്മാവിന്റെ കൈയൊപ്പുള്ള സുവിശേഷ പ്രഘോഷകനായിരുന്നു ഊക്കനച്ചൻ.

---

## അടിക്കുറിപ്പുകൾ

1. Souvenir Adaranjali., pp. 4-5.
2. Light from heaven., 7 September, 1924; 9 December, 1932.
3. Ibid., 20-25 August, 1923; 2-7 September, 1924; 1925; p. 353.
4. Ibid., 1925, p. 352.
5. Ibid., 11 December, 1903.

## അതിഥിസൽക്കാര പ്രിയൻ


സ്വീകരണ മുറി

ആതിഥ്യം എന്നു പറയുമ്പോൾ അപരിചിതനായ ഒരു വ്യക്തിയോടു കാണിക്കുന്ന ഉപചാരമാണല്ലോ സൂചിപ്പിക്കുക. വീട്ടിലെത്തുന്ന ഒരുവനോടു കാണിക്കുന്ന സ്വീകരണ മനോഭാവത്തെയും ഔദാര്യത്തോടു കൂടിയ പെരുമാറ്റത്തെയും ഈ പദം സൂചിപ്പിക്കുന്നുണ്ട്. പ്രത്യേക വാസസ്ഥലമില്ലാതെ അലഞ്ഞുതിരിഞ്ഞിരുന്ന ഇസ്രായേൽ ജനതയുടെ ജീവിത ശൈലിയിൽ ആതിഥേയ മനോഭാവം രൂഢമൂലമായിരുന്നു. തങ്ങളുടെ പ്രാഥമിക ഗുണവിശേഷങ്ങളിൽ ഒന്നായി ആതിഥേയ മനോഭാവത്തെ അവർ കരുതി. അതിഥിയെ അവനെ സ്നേഹിക്കുന്ന ദൈവത്തിന്റെ നാമത്തിലാണ് അവർ സ്വീകരിക്കുകയും സ്നേഹിക്കുകയും പരിചരിക്കുകയും ചെയ്തിരുന്നത് (നിയമ.10:18). ഏറ്റവും വലിയ അതിഥിസൽക്കാരപ്രിയൻ ദൈവമാണ് (സങ്കീ.15:1,23:5). അവിടുന്ന് എപ്പോഴും നമ്മെ സ്വീകരിക്കുന്നു. അപ്പനും അമ്മയും ഉപേക്ഷിച്ചാലും കർത്താവ് നമ്മെ കൈക്കൊള്ളും (സങ്കീ.27:10), തീക്ഷ്ണമായ ആതിഥ്യമര്യാദ ക്രൈസ്തവ ജീവിതത്തിന്റെ ഒരു മാനദണ്ഡമായി പരിഗണിക്കപ്പെടുന്നു (റോമ12:13).സഭയിലെ ശ്രേഷ്ഠന്മാർക്കുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളിൽ ഒന്നായി അതിഥിസൽക്കാര പ്രിയത്തെ എടുത്തുകാണിക്കുന്നുണ്ട് (1 തിമോ.3:2).

ഈശോയുടെ പരസ്യജീവിതകാലത്ത് അവിടുന്ന് മിക്കവാറും മറ്റുള്ളവരുടെ ആതിഥ്യം സ്വീകരിച്ചുകഴിഞ്ഞിരുന്നു. ഫരിസേയന്റെ വീട്ടിൽ (ലൂക്ക 7:36), സമരിയായിൽ (ലൂക്ക 9:51), മർത്തായുടെ വീട്ടിൽ (ലൂക്ക 10:38) ഫരിസേയ പ്രമാണിയുടെ വീട്ടിൽ (ലൂക്ക14:1), സക്കേവൂസിന്റെ വീട്ടിൽ (ലൂക്ക 19:5), ശിമയോന്റെ വീട്ടിൽ (മർക്കോ.1:29), ലേവിയുടെ ഭവനത്തിൽ (മർക്കോ. 2:15), കുഷ്ഠരോഗി ശിമയോന്റെ വീട്ടിൽ (മർക്കോ.14:3). ഈശോ ആതിഥ്യമര്യാദ പഠിപ്പിച്ചിരുന്നു. അന്ത്യ അത്താഴവേളയിൽ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി അവിടുന്ന് ആതിഥ്യമര്യാദ പ്രകടിപ്പിച്ചു. കാലുകഴുകൽ പരസ്നേഹത്തിന്റെയും

വീട്ടിലേക്ക് ഒരാൾക്ക് സ്വാഗതം അരുളുന്നതിന്റെയും അടയാളമായി കരുതപ്പെട്ടിരുന്നു (ലൂക്ക 7:36-46). ആദിമ സഭയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് ആതിഥ്യമര്യാദ വളരെയധികം സഹായിച്ചിട്ടുണ്ട്. ക്രിസ്തു ശിഷ്യന്മാരെ അയയ്ക്കുന്നത് ജനങ്ങളുടെ ആതിഥ്യമനോഭാവം പരിഗണിച്ചുകൊണ്ടാണ് (മർക്കോ. 6:8-11). ദൈവമഹത്വത്തിനായി ക്രിസ്തു നമ്മെ സ്വീകരിക്കുന്നതാണ് നാം പരസ്പരം സ്വീകരിക്കേണ്ടതിന്റെ അടിസ്ഥാനമെന്ന് വി. ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നു (റോമ 15:7).

മിശിഹാ തന്റെ കരുണയാൽ നമ്മെ എല്ലാവരേയും സ്വീകരിച്ചതുപോലെ നാമും അവിടുത്തെ നാമത്തിൽ എല്ലാവരേയും സ്വീകരിക്കണം. വ്യക്തിപരമായ താൽപര്യം നോക്കാതെ അവഗണിക്കപ്പെട്ടവരുടെ, എളിയവരുടെ, സഹായം അർഹിക്കുന്നവരുടെ പക്കലേക്കുചെന്ന് അവരെ ക്ഷണിക്കുന്നതിന് ഈശോ ആവശ്യപ്പെടുന്നു (ലൂക്ക 10:34). ആതിഥ്യമര്യാദ വിശ്വാസത്തിനുള്ള സാക്ഷ്യം വഹിക്കൽ കൂടിയാണ് (ലൂക്ക 19:1-10). അപരിചിതനിലൂടെ, അവഗണിക്കപ്പെട്ടവരിലൂടെ സ്വീകരിക്കപ്പെടുന്നത് താൻ തന്നെയാണെന്ന് ഈശോ വെളിപ്പെടുത്തുന്നു (മത്താ. 25:35-40).

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ ആതിഥ്യമര്യാദയും (ഉൽപ.18:2-8), തന്റെ ആ ഗുണത്തിൽ അഭിമാനം കൊള്ളുന്ന ജോബും (ജോബ് 31:31), ശരിയായ രീതിയിൽ പ്രകടിപ്പിക്കുന്ന ആതിഥ്യമര്യാദയെ പ്രശംസിക്കുന്ന ഈശോയും (ലൂക്ക 7:44) നമ്മെ പഠിപ്പിക്കുന്നത്, ഇത് ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമായ സഹോദരസ്നേഹത്തിന്റെ, കാരുണ്യത്തിന്റെ പ്രവൃത്തിയാണെന്നാണ്.

പരസ്നേഹം ജീവിതപ്രമാണമാക്കിയ ഊക്കനച്ചൻ സ്വജീവിതത്തിലൂടെ കാണിച്ചു തന്നതും തന്റെ മക്കളെ പഠിപ്പിച്ചതും ഇതുതന്നെയാണ്. വാഹന സൗകര്യങ്ങൾ വളരെ വിരളമായിരുന്ന അക്കാലത്ത് യാത്രകഴിഞ്ഞു ക്ഷീണിച്ചവശരായി വരുന്ന എല്ലാവരേയും-അപരിചിതരെയും സുപരിചിതരെയും-സുസ്മേര വദനനായി അദ്ദേഹം സ്വീകരിച്ചിരുന്നു. അവരോട് കുശലാന്വേഷണങ്ങൾ നടത്തുന്നതിനിടയിൽ അതിഥികൾക്കാവശ്യമായ ഭക്ഷണം, വസ്ത്രം, താമസ സൗകര്യങ്ങൾ ആദിയായവ നൽകുന്നതിൽ അദ്ദേഹം വ്യഗ്രചിത്തനാകുന്നത് കാണാം. സ്വന്തം ഉപയോഗത്തിനായി വച്ചിരുന്ന സാധനങ്ങൾ പോലും നൽകി അതിഥികളെ അദ്ദേഹം സംതൃപ്തരാക്കിയിരുന്നു. അത്യാവശ്യ വസ്തുക്കളുടെ അഭാവം നേരിട്ടിരുന്നപ്പോഴും

അതിഥികൾക്ക് എല്ലാം സുലഭമായി നൽകുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.[1] അദ്ദേഹത്തെ സമീപിച്ചിരുന്ന എല്ലാവരേയും ഹൃദ്യമായി സ്വീകരിച്ച് സഹോദരതുല്യം പെരുമാറി കുടുംബാന്തരീക്ഷം സംജാതമാക്കുവാൻ ഊക്കനച്ചന് അധിക സമയം ആവശ്യമായിരുന്നില്ല. സന്യാസിനി സമൂഹത്തിന്റെ ആരംഭദശയിൽ, അവശ്യ വസ്തുക്കളുടെ അഭാവം അതികലശലായിത്തീർന്നപ്പോൾ തങ്ങളുടെ മക്കളെയും സഹോദരിമാരെയുമെല്ലാം സ്വഗൃഹത്തിലേക്കു തിരിച്ചുകൊണ്ടുപോകുവാൻ മാതാപിതാക്കളും സഹോദരന്മാരും ഊക്കനച്ചനെ സമീപിച്ചു. സ്വതസിദ്ധമായ പുഞ്ചിരിയോടെ, ഹൃദ്യമായി അച്ചൻ അവരെയെല്ലാം സ്വീകരിച്ചു. അച്ചൻ ഞങ്ങളെ ഇതുപോലെയാണ് സ്വീകരിക്കുന്നതെങ്കിൽ ഞങ്ങളുടെ മക്കളെയും സഹോദരിമാരെയും ഈ അച്ചൻ സംരക്ഷിച്ചുകൊള്ളും-അവരുടെ പ്രതികരണം അതായിരുന്നു.[2]

ആതിഥ്യപൂജ ഈശ്വരപൂജക്കു തുല്യം എന്നാണല്ലോ ഭാരതീയ ദർശനം. ഇതേ ദർശനം തന്നെ ഊക്കനച്ചൻ തന്റെ മക്കൾക്കു പകർന്നുകൊടുത്തു. എല്ലാവരേയും സന്തോഷത്തോടുകൂടി സ്വീകരിച്ചു സൽക്കരിക്കണമെന്ന് അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചിരുന്നു. ഭക്ഷണം തികയാതിരുന്ന അവസരങ്ങളിൽപോലും ഉള്ളത് അതിഥികൾക്കു നൽകി ആതിഥ്യമര്യാദ പ്രദർശിപ്പിച്ച സംഭവങ്ങൾ നിരവധിയാണ്. ഭക്ഷിക്കുവാൻ റേഷനരി മാത്രം ലഭിച്ചിരുന്നപ്പോഴും ലഭിക്കുന്നതിന്റെ എട്ടിലൊരംശം അതിഥികൾക്കായി മാറ്റിവക്കുവാൻ ആതിഥ്യമര്യാദ അദ്ദേഹത്തെ നിർബന്ധിച്ചു. പാർലർ ജോലിക്കാരി ഹൃദ്യമായി സ്വീകരിക്കുന്നവളും ആവശ്യക്കാരുടെ വിളികൾക്ക് താമസം വിനാ പ്രത്യുത്തരിക്കുന്നവളും ആയിരിക്കണമെന്ന് ആ അതിഥി സൽക്കാരപ്രിയൻ കൂടെക്കൂടെ നിഷ്കർഷിച്ചിരുന്നു. ആവശ്യക്കാരെ കാത്തിരുത്തി വിഷമിപ്പിക്കരുത് (പ്രഭാ. 4:1) എന്ന് അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് ഉപദേശിച്ചു.[3] തന്റെ കരുണയാൽ നമ്മെ എല്ലാവരെയും സ്വീകരിച്ച യേശുവിന്റെ കരുണയും ആർദ്രതയും നിറഞ്ഞ സ്നേഹം ജീവിതത്തിലുടനീളം അനുഭവിച്ചറിഞ്ഞ ആ ആശ്രിതവത്സലൻ ആതിഥ്യ പൂജയിൽ ആനന്ദം കണ്ടെത്തി, പൈതൃകമായി തന്റെ മക്കൾക്ക് കൈമാറുകയും ചെയ്തു.

**അടിക്കുറിപ്പുകൾ**

1. Oral Testimony., Sr Bridget CSC.
2. Oral Testimony., Sr Thomaseena CSC.
3. Oral Testimony., Sr Petronila CSC, Sr Hendrica CSC.

## കലാസ്വാദകൻ

സുന്ദരമായതെന്തും-ആസ്വാദ്യകരമായതെന്തും കലയാണല്ലോ. നിരന്തരമായ അഭ്യസനം കൊണ്ടുമാത്രമെ കലയിൽ വളർച്ച പ്രാപിക്കുവാൻ സാധിക്കുകയുള്ളു. ഫാദർ ഊക്കൻ നല്ലൊരു കലാസ്വാദകനും കലാപ്രേമിയും കലാപ്രോത്സാഹകനുമായിരുന്നു. പ്രസംഗകലയിലും കവിതയിലും അദ്ദേഹം നിപുണനായിരുന്നു.[1] പ്രസംഗിക്കുമ്പോഴുള്ള അദ്ദേഹത്തിന്റെ ഭാവം ശ്രോതാക്കളെ ആകർഷിക്കുവാൻ പോന്നതായിരുന്നു. നർമരസം കലർത്തി, ഉപമകളും, സംഭവങ്ങളും, മഹത്‌വാക്യങ്ങളും കോർത്തിണക്കിക്കൊണ്ടുള്ള ആ വചനവിരുന്ന് എല്ലാവർക്കും ആസ്വാദ്യകരമായിരുന്നു, തുടർന്നും കേൾക്കുവാനുള്ള ആഗ്രഹം ജനിപ്പിക്കുന്നവയുമായിരുന്നു. അതെ, അവ ജീവാമൃത് തന്നെയായിരുന്നു.[2]

അക്കാലത്തെ പ്രസിദ്ധരായ ഗായകരിൽ ഒരാളായിരുന്നു ഫാദർ ഊക്കൻ. താളലയത്തോടുകൂടിയ അദ്ദേഹത്തിന്റെ സംഗീതമാധുരി ആസ്വദിക്കാത്തവർ ആ കാലഘട്ടത്തിൽ തൃശൂർ രൂപതയിൽ വിരളമായിരുന്നു. ഈണത്തിൽ പാടി അദ്ദേഹം കലാപ്രേമികൾക്ക് ഇമ്പം പകർന്നുകൊടുത്തു. ഇടവകകളിൽ ഗായകസംഘം രൂപീകരിക്കുവാനും സംഗീതോപകരണങ്ങൾ പരിശീലിപ്പിക്കുവാനും അദ്ദേഹം അതീവ ശ്രദ്ധചെലുത്തിയിരുന്നു.[3] ആശയങ്ങൾ ക്രോഡീകരിക്കുന്നതിലും ധ്യാനകലയിലും അദ്ദേഹം അദ്വിതീയനായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ഡയറി വ്യക്തമാക്കുന്നുണ്ട്. വർഷങ്ങൾ കഴിയുന്തോറും ഈ കലകളിൽ അദ്ദേഹം പുരോഗതി പ്രാപിക്കുന്നതായും കാണാം. പ്രാർഥനകൾ എഴുതണം[4] എന്ന പ്രതിജ്ഞയെടുത്ത ഊക്കനച്ചൻ നല്ലൊരു എഴുത്തുകാരനും മാധ്യമസംസ്കാരം വളർത്തിയെടുക്കാൻ നടപടികൾ സ്വീകരിച്ചവനും ആയിരുന്നു.[5] മറ്റുള്ളവരെ ശ്രവിക്കുവാനും അവർക്കാവശ്യമായ ഉപദേശങ്ങളും നിർദേശങ്ങളും നൽകുവാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് അത്ഭുതാവഹം തന്നെയാണ്. ശ്രവണകലയിൽ അദ്ദേഹം നിപുണനായിരുന്നു.[6]

വിവിധ കലകളിൽ തന്റെ മക്കൾക്ക് അസൂയാർഹമായ വളർച്ചയുണ്ടാകണമെന്നു ആ നല്ല പിതാവ് ആഗ്രഹിക്കുകയും അതിനുവേണ്ട പരിശീലനവും പ്രോത്സാഹനങ്ങളും നല്കുകയും ചെയ്തു. സംഗീതോപകരണങ്ങൾ വിദഗ്ദ്ധമായി വായിക്കുന്നതിനും ശ്രുതിമധുരമായി പാടുന്നതിനും ആരംഭകാലഘട്ടത്തിൽത്തന്നെ അദ്ദേഹം അവരെ

പരിശീലിപ്പിച്ചു. പൂക്കളും ക്രിസ്തുമസ് കാർഡുകളും ഉണ്ടാക്കുവാൻ വിദഗ്ദ്ധരെക്കൊണ്ട് അദ്ദേഹം അവർക്ക് പരിശീലനം കൊടുത്തു.[7] സ്വന്തം തിരുനാളാഘോഷിക്കുന്ന അവസരത്തിൽ മക്കൾ വിളമ്പുന്ന കലാവിഭവങ്ങളെല്ലാം അദ്ദേഹം ആസ്വദിക്കുകയും പൊതുജനങ്ങൾക്ക് അത് ആസ്വദിക്കുവാൻ അവസരം കൊടുക്കുകയും ചെയ്യുമായിരുന്നു. മാതാവിന്റെ എല്ലാ തിരുനാളുകളും ആ മരിയഭക്തൻ ഉചിതമായി ആഘോഷിച്ചിരുന്നു. ആ ദിവസങ്ങളിൽ പരിശുദ്ധ കന്യകയുടെ ജീവിതത്തിലെ ചില ഭാഗങ്ങൾ തന്റെ മക്കളെക്കൊണ്ടു കലാരൂപത്തിൽ അവതരിപ്പിക്കുകയും പ്രസംഗങ്ങൾ നടത്തുകയും ചെയ്യുമായിരുന്നു. അങ്ങനെ അവ ഹൃദയസ്പർശകവും അവിസ്മരണീയവുമായ അനുഭവമാക്കും. വിശുദ്ധരുടെ തിരുനാളുകളിൽ ഉല്ലാസ സമയത്ത് ആ വിശുദ്ധനെപ്പറ്റി സംസാരിക്കുവാനും ഞൊടിയിടക്കുള്ളിൽ കലാവിരുന്ന് വിളമ്പി ആസ്വാദ്യമാക്കുവാനും അദ്ദേഹം തന്റെ മക്കൾക്കു പരിശീലനം നൽകി.[8]

അതാതു സമയങ്ങളിൽ സമ്മാനങ്ങളും കയ്യടികളും നൽകി അദ്ദേഹം അവരെ പ്രോത്സാഹിപ്പിച്ചു. ജോലി ചെയ്തു ക്ഷീണിച്ചു വരുമ്പോൾ തമാശകൾ പറഞ്ഞ് അവരെ നവോന്മേഷരാക്കുകയും പലതരം കളികൾ നടത്തി അവരെ സന്തോഷചിത്തരാക്കുകയും ചെയ്ത സംഭവങ്ങൾ അനുഭവസ്ഥർ ഇന്നും സ്നേഹത്തോടുകൂടി അനുസ്മരിക്കുന്നു.[9] താൻ സൃഷ്ടിച്ച ഭൂമി എത്ര മനോഹരമായിരിക്കുന്നു എന്നു പറഞ്ഞ സ്രഷ്ടാവിനെപ്പോലെ, പിതാവായ ദൈവം തന്റെ മക്കൾക്ക് അനുഭവവേദ്യമാക്കിക്കൊടുത്ത സ്നേഹവിരുന്ന് ആസ്വദിക്കുന്നതിൽ അദ്ദേഹം അദ്വിതീയനായിരുന്നു. ഞായറാഴ്ചകളിലും ഉല്ലാസദിവസങ്ങളിലും ചൊവ്വന്നൂരുള്ള നരിമടയിലേക്കു തന്റെ മക്കളുമൊത്ത് അദ്ദേഹം പോകുക പതിവായിരുന്നു. ആ മൊട്ടക്കുന്നിന്റെ മുകളിൽ കയറി ചുറ്റുമുള്ള സമതലങ്ങളും താഴ്വരകളും പാടശേഖരങ്ങളും കണ്ടു നിത്യകലാകാരന്റെ കരവിരുതിനെ ആ കവിഹൃദയൻ പാടി സ്തുതിച്ചു. പ്രകൃതിഭംഗിയിൽ ലയിച്ച് അദ്ദേഹം പ്രകൃതിനാഥനിലേക്കെത്തുമായിരുന്നു. മക്കളുമായി ഫലിതങ്ങൾ പറഞ്ഞു മത്സരിച്ചിരുന്ന ആ സ്നേഹതാതൻ ഒരു ശിശുഹൃദയത്തിന്റെ ഉടമയായിരുന്നു.[10] ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന താലന്തു വികസിപ്പിച്ചെടുത്ത് ദൈവമഹത്വത്തിനും ദൈവജനസേവനത്തിനുമായി ഉപയോഗിക്കുവാൻ അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു. അങ്ങനെ ദൈവതിരുമുമ്പിൽ നാമെല്ലാവരും വിശ്വസ്തരായിരിക്കണമെന്ന് ആ ദൈവ

സ്നേഹി അഭിലഷിച്ചു. സൃഷ്ടവസ്തുക്കളിൽ നിന്നു സ്രഷ്ടാവിലേയ്ക്കുയരുവാൻ ഇന്നും അദ്ദേഹം മൗനമായി ഉദ്ബോധിപ്പിക്കുന്നു. ഒരു കലാഹൃദയം അദ്ദേഹം എപ്പോഴും സൂക്ഷിച്ചിരുന്നു.





നരിമട, ചൊവ്വന്നൂർ

## അടിക്കുറിപ്പുകൾ

1. Oral Testimony., Kochappan, Chowannur.
2. Souvenir Adaranjali., pp. 4-5.
3. Mattom Palliyopgam., 7 November 1926, p. 190.
4. Lights from heaven., 20 December, 1932.
5. Souvenir Nallidayante Nalvazhikal.,p. 158.
6. Oral Testimony., Devasy Chiriyankandath, Chowannur.
7. Oral Testimony., Sr Laibertha CSC.
8. Oral Testimony., Sr Bridget CSC.
9. Oral Testimony., Sr Bibiana CSC.
10. Oral Testimony., Sr Thomaseena CSC.



## പ്രകൃതി സ്നേഹി

പിതാവായ ദൈവത്തിന്റെ സ്നേഹവിരുന്നായ സൃഷ്ട പ്രപഞ്ചത്തെ സ്നേഹിച്ച്, ആദരിച്ച്, സംരക്ഷിച്ച് ദൈവത്തെ മഹത്വപ്പെടുത്തിയ പ്രകൃതി സ്നേഹിയാണ് ഊക്കനച്ചൻ. സൃഷ്ടിജാലങ്ങളെ മൂന്നു കുടുംബങ്ങളായി അദ്ദേഹം ദർശിച്ചു - സസ്യകുടുംബം, ജന്തു കുടുംബം, മനുഷ്യകുടുംബം. എല്ലാ കുടുംബങ്ങൾക്കും തുല്യ പ്രാധാന്യത്തോടുകൂടി സംരക്ഷണം നൽകി പിതാവിന്റെ സ്നേഹ വിരുന്ന് സകലർക്കും ആസ്വാദ്യകരമാക്കിക്കൊടുത്തു.[1]

പുല്ലും പുൽക്കൊടിയും പൂവും ചെടിയും പുഴയും കായലും നദിയും തടാകവുമെല്ലാം ഊക്കനച്ചന്റെ ധ്യാനവിഷയങ്ങളാണ്. കൃഷിയിടങ്ങളോടും പൂന്തോട്ടങ്ങളോടും അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നു. ഭൂമി ഹരിതാഭമാക്കി ഫലപുഷ്പ സമ്പന്നമാക്കി പുഷ്ടിപ്പെടുത്തി പ്രകൃതിയുടെ താളലയക്രമവും സന്തുലിതാവസ്ഥയും നിലനിർത്തി. പക്ഷിമൃഗാദികളും അദ്ദേഹത്തിന്റെ സ്നേഹ വലയത്തിൽ ഉൾപ്പെട്ടിരുന്നു. എല്ലാം പിതാവായ ദൈവത്തിന്റെ സ്നേഹവിരുന്നെന്ന് വിശേഷിപ്പിച്ചു. പ്രകൃതിയിൽനിന്ന് പാഠമുൾക്കൊണ്ടു. സൃഷ്ട പ്രപഞ്ചത്തെ മുഴുവനും ദിവ്യകാരുണ്യനാഥനിൽ ദർശിച്ചു. പ്രകൃതി ആസ്വദിച്ച് പ്രകൃതിനാഥനെ വാഴ്ത്തി. പ്രകൃതിയെ ധ്യാനിച്ച് പ്രകൃതിനാഥനിലെത്തണമെന്ന് പ്രബോധനമേകി. സിസ്റ്റേഴ്സിന് ഇതിന് പരിശീലനവും നൽകി. ദൈവത്തിന്റെ സൃഷ്ടികളെക്കുറിച്ച് അവരെ മതിപ്പുള്ളവരും ബോധവതികളുമാക്കുമായിരുന്നു.[2]

ഭൂമി ഉപയോഗയോഗ്യമാക്കാതിരുന്നപ്പോഴെല്ലാം ശക്തമായ തിരുത്തലുകൾ നൽകുകയും ഫലസമ്പന്നമാക്കുവാൻ പ്രേരണ നൽകുകയും ചെയ്തിരുന്നതായി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.[3]

---


**അടിക്കുറിപ്പുകൾ**

1. Written Testimony., ff. 234-235, Sr Thomaseena CSC.
2. Written Testimony., f. 233, Sr Thekla CSC.
3. Written Testimony., f. 17, Sr Fatima CSC.



## ജൂബിലേറിയൻ

യേശുവിന്റെ കരുണയും ആർദ്രതയും ജീവിതത്തിലുടനീളം അനുഭവിച്ചറിഞ്ഞ ഊക്കനച്ചന്റെ ജീവിതം മുഴുവനും അവിടുത്തോടുള്ള നന്ദി പ്രകാശനമായിരുന്നു. യേശുവിന്റെ കരുണയാൽ ഉയർത്തപ്പെട്ട സ്മാരകമാണ് ഞാൻ[1] എന്നാണ് ഊക്കനച്ചൻ സ്വയം വിശേഷിപ്പിച്ചിരുന്നത്. പൗരോഹിത്യ രജതജൂബിലിയാഘോഷിച്ച അവസരത്തിൽ അദ്ദേഹത്തിന്റെ കൃതജ്ഞതാപ്രകാശനം അതിന്റെ ഉച്ചിയിലെത്തി. കർത്താവിനു നന്ദിപറയുവിൻ, അവിടുന്നു നല്ലവനാണ്, അവിടുത്തെ കാരുണ്യം അനന്തമാണ് (സങ്കീ.136) എന്ന് സങ്കീർത്തകനോടൊപ്പം ഊക്കനച്ചനും ഉച്ചൈസ്തരം വിളിച്ചു പറഞ്ഞു. വിശുദ്ധഗ്രന്ഥം അനുശാസിക്കുന്ന തരത്തിലുള്ള ഒരു ജൂബിലി (ലേവ്യ. 25:8-14) ആഘോഷിക്കുവാൻ ഒരുങ്ങിയതായി അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകൾ വ്യക്തമാക്കുന്നുണ്ട്. നീണ്ട ഇരുപത്തിയഞ്ചു വർഷത്തെ ജീവിതത്തെ 1907-1932 തന്റെ മാതൃകയായ യേശുവിന്റെ ജീവിതവുമായി അദ്ദേഹം താരതമ്യപ്പെടുത്തി. കാലങ്ങൾ കുന്നുകൂട്ടുന്ന കെടുതികളിൽ നിന്നും വിടുതൽ പ്രാപിക്കേണ്ട വത്സരമാണല്ലോ ജൂബിലി വർഷം. നഷ്ടപ്പെട്ടുപോയ പിതൃഗൃഹവും പിതൃസ്വത്തുക്കളും തിരികെ സംലഭ്യമാക്കണം. അനുരഞ്ജനം പിതൃപുത്രബന്ധത്തിലും സഹോദരബന്ധങ്ങളിലും



സാധിതമാക്കണം. കാലക്കേടുകൊണ്ട് ജീർണീഭവിച്ച സൗധഭംഗി, പുനരുദ്ധരിച്ച് പുനഃപ്രതിഷ്ഠിക്കണം. സന്തോഷത്തിൽ സഹജരെക്കൂടി പങ്കുചേർത്ത് ഉത്സവാഘോഷങ്ങൾ നടത്തണം. ഇതിനുള്ള കൊമ്പു വിളിയാണ് തനിക്കു ജൂബിലിവർഷം എന്ന് ഊക്കനച്ചന് അറിയാമായിരുന്നു. തന്റെ ജീവിതത്തിലെ ആദ്യനിമിഷം മുതൽ അന്നുവരെ വന്നുഭവിച്ച ജീർണിച്ചതും മുരടിച്ചതുമായ എല്ലാം കണ്ടുപിടിച്ച് നവീകരണം വരുത്തി പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുവാൻ[2] ഒരുമാസം ധ്യാനമനനങ്ങൾക്കായി അദ്ദേഹം നീക്കിവച്ചു. ദൈവാനുഗ്രഹത്തിലാശ്രയിച്ചുകൊണ്ടും ധാരാളം നല്ല മനുഷ്യരുടെ പ്രാർഥനകൾ സ്വീകരിച്ചുകൊണ്ടും[3] തന്റെ ജീവിതത്തിലെ ഓരോ കോണിലേക്കും അദ്ദേഹം കടന്നുചെന്നു. ഊക്കനച്ചൻ തന്നെ അതു വിവരിക്കുന്നുണ്ട്.

തനിക്ക് അസ്തിത്വം നൽകിയതിനെപ്പറ്റി അദ്ദേഹം വിചിന്തനം ചെയ്യുന്നത് ശ്രദ്ധേയമാണ്: പാതാള സ്പർശിയായ ഇല്ലായ്മയിൽ നിന്നും ഒരു ആറ്റംപോലെയുള്ള എന്നെ ദൈവത്തിന്റെ അനന്ത കാരുണ്യം ഉയർത്തിക്കൊണ്ടുവന്നു. ദൈവത്തിന്റെ അനന്ത സ്നേഹം![4]

പുരോഹിതവിളിയേയും ദൗത്യത്തേയും പറ്റി ധ്യാനിച്ചുകൊണ്ട് ഊക്കനച്ചൻ പറയുകയാണ്: ഒരു വലിയ കാന്തമെന്നപോലെ യേശു ശിഷ്യന്മാരെ ആകർഷിക്കുന്നു. അഗ്നിഗോളംപോലെ അവിടുത്തെ മുഖം പ്രകാശമാനമായി, ഉപവികൊണ്ടു ഹൃദയം കരകവിഞ്ഞൊഴുകി. പ്രത്യാശാരഹിതമായ സാഹചര്യങ്ങളിൽനിന്ന് അവിടുന്ന് എന്നെ വിളിച്ചു... മനുഷ്യരെ അന്വേഷിച്ചു പോകുന്നതിനും, ഫലം പുറപ്പെടുവിക്കുന്നതിനും, ആ ഫലം നിലനിൽക്കുന്നതിനും വേണ്ടിയാണ് അവിടുന്ന് എന്നെ വിളിച്ചത്.[5]

സെമിനാരി ജീവിതത്തിനുമുമ്പും സെമിനാരിയിൽ വച്ചും അതിനു ശേഷമുള്ള വൈദികജീവിതത്തിലും അദ്ദേഹത്തിലുണ്ടായ പാകപ്പിഴകളെപ്പറ്റിയും ഈയവസരത്തിൽ അദ്ദേഹം വിചിന്തനം ചെയ്യുന്നുണ്ട്. പാപത്തെ വ്രണത്തോടും വാതത്തോടും കുഷ്ഠത്തോടുമാണ് അദ്ദേഹം താരതമ്യപ്പെടുത്തുന്നത്. ആഴമായ പാപബോധത്തിൽ നിന്നും പശ്ചാത്താപത്തിൽനിന്നും ഉദ്ഭൂതമായ കണ്ണുനീരോടുകൂടിയാണ് ഈ ധ്യാനം നടത്തിയതെന്ന് അദ്ദേഹം തുറന്നു സമ്മതിക്കുന്നു. കാരണം ദൈവത്തിന്റെ അനന്ത പരിശുദ്ധിയുമായി തുലനം ചെയ്യുമ്പോൾ താൻ ഒരു മഹാപാപിയാണെന്ന്, മഹാദ്രോഹിയാണെന്ന് അദ്ദേഹം ഏറ്റുപറഞ്ഞു. തലമുതൽ കാൽപാദംവരെ വ്രണങ്ങൾ നിറഞ്ഞവൻ!

പരിഹാരമനുഷ്ഠിക്കാതെ മരിക്കരുതേയെന്ന് ഞാൻ പ്രാർഥിച്ചു.[6] തുടർന്നു പശ്ചാത്താപത്തെപ്പറ്റി ചിന്തിക്കുന്നതിനിടയിൽ അദ്ദേഹം പറയുന്നു: പത്രോസ് ധൈര്യത്തോടുകൂടി തന്റെ പാപങ്ങൾ ഏറ്റു പറഞ്ഞ ആ നിമിഷത്തിൽ അദ്ദേഹത്തിന്റെ ഗുരുവിന് എന്തൊരാ ശ്വാസം ലഭിച്ചിട്ടുണ്ടാകും. തന്റെ ബലഹീനതയെപ്പറ്റി ബോധ്യമുണ്ടാ യിരുന്ന പത്രോസിനെ കർത്താവ് തന്റെ സഭയുടെ നേതാവായി നിയമിക്കുന്നു. യേശു അവനുവേണ്ടി വരുന്നു. അവനെ വീണ്ടെടു ക്കുന്നു. ഈശോ എന്നോടു പ്രവർത്തിക്കുന്നതും ഇങ്ങനെതന്നെ യാണ്.[7] പത്രോസിന്റെ പാപം ക്ഷമിക്കപ്പെട്ടു. അതുകൊണ്ട് നമ്മുടെ കർത്താവ് അവനെ ശിക്ഷിച്ചില്ല... എത്ര സ്നേഹമുള്ള ഗുരു. ആരാണ് ആ ഗുരുവിനെ ശുശ്രൂഷിക്കാതിരിക്കുക?[8] ധൂർത്തപുത്രന്റെ ഉപമ വിശദീകരിച്ചുകൊണ്ട് ഊക്കനച്ചൻ പറയുകയാണ്: വേദനിക്കുന്ന ഒരു ഹൃദയത്തിന്, പാപം ഏറ്റുപറയുന്നതിനായൊരുങ്ങുന്ന ഒരു ആത്മാവിന് അത് ഒരു തേൻകട്ടയാണ്. ധൂർത്തപുത്രൻ എന്റെ യഥാർഥ പ്രതിഛായയാണ്. പിതാവായ ദൈവത്തിന്റെ കരുണയും ആർദ്രതയും അമാനുഷികമാണ്; അത് ദൈവികവുമാണ്. അതിർവ രമ്പുകളില്ലാത്ത കരുണാർദ്രസ്നേഹം! ഞാൻ നിത്യകാലത്തോളം ദൈവത്തിന്റെ കാരുണ്യം പ്രകീർത്തിക്കും![9]

ദൈവം അദ്ദേഹത്തിൽ ചൊരിഞ്ഞ കരുണാർദ്രസ്നേഹത്തെ പ്പറ്റി എത്ര വിവരിച്ചാലും ഊക്കനച്ചൻ സംതൃപ്തനായിരുന്നില്ല. നന്ദി നിറഞ്ഞ ഹൃദയത്തോടെ, കൃതജ്ഞതാനിർഭരമായ വികാര ത്തോടെ വിനയാന്വിതനായി അദ്ദേഹം അത് അനുസ്മരിക്കുന്നു: നിത്യമായ സ്നേഹത്താൽ ദൈവം എന്നെ സ്നേഹിച്ചു. അനാദികാലം മുതൽ അവിടുന്ന് എന്നെ അറിയുകയും സ്നേഹിക്കുകയും ചെയ്തു. ഞാൻ ദൈവത്തിന്റെ സ്നേഹഭാജനമായി മാറുന്നു! അവിടുത്തെ കരുണാർദ്രസ്നേഹം ഞാൻ അനുഭവിക്കുന്നു. സമയത്തിന്റെ പൂർണ്ണ തയിൽ അവിടുന്ന് എന്നെ സൃഷ്ടിക്കുകയും എനിക്ക് അസ്തിത്വം നൽകുകയും ചെയ്തു. എന്റെ ശൈശവദശയിൽ മാതാപിതാക്കൾ വിടപറഞ്ഞപ്പോൾ ഞാൻ ഈ ലോകമഹാസമുദ്രത്തിൽ നിരാലംബ നായിത്തീർന്നു. എന്നാൽ അങ്ങ് എന്നെ സ്വീകരിച്ചു. എന്റെ വിദ്യാ ഭ്യാസം, സെമിനാരി പ്രവേശനം, അവിടത്തെ സന്തോഷപ്രദമായ ജീവിതം, പൗരോഹിത്യം, രൂപതയിലെ എണ്ണപ്പെടേണ്ട ഉയർന്ന ജോലികൾ, ഇപ്പോഴും ബഹുമാനിക്കപ്പെടുന്ന അവസ്ഥ, ജൂബിലിയാ ഘോഷങ്ങൾ... എല്ലാം അവിടുത്തെ കരുണാർദ്ര സ്നേഹം ഒന്നു

കൊണ്ടുമാത്രമാണ്. ഇതിനു പകരമായി ഞാൻ അവിടുത്തേക്ക് എന്തു നൽകും? എന്റെ ആത്മാവേ, നിന്റെ കർത്താവിനെ നീ പ്രകീർത്തിക്കുക. പിതാവിനും, തിരഹൃദയത്തിനും, അമ്മയ്ക്കും ഞാൻ എന്റെ ജന്മദിനാ ശംസകൾ നൽകി. വലുതോ ചെറുതോ ആയ യാതൊരു പാപവും ചെയ്യുവാൻ എന്നെ അനുവദിക്കല്ലേയെന്നും ആത്മാക്കൾക്കുവേണ്ടി യുള്ള സ്നേഹത്താൽ കത്തിയെരിയുന്നൊരു ഹൃദയം ജന്മദിന സമ്മാനമായി എനിക്കു നൽകണമേയെന്നും ഞാൻ പ്രാർഥിച്ചു.[10]

വിശുദ്ധഗ്രന്ഥം അനുശാസിക്കുന്നതുപോലെ ജീർണിച്ചതും മുര ടിച്ചതുമായതെല്ലാം വെട്ടിനീക്കി, നവോന്മേഷത്തോടെ, പുതിയ ഉണർ വോടെ ജൂബിലിയാഘോഷിക്കുവാൻ അദ്ദേഹം തയ്യാറെടുത്തു. 1932 ഡിസംബർ 22-ാം തീയതി ചൊവ്വന്നൂർ വച്ചാണ് അദ്ദേഹത്തിന്റെ ജൂബിലി ആഘോഷിച്ചത്. ജൂബിലി ആഘോഷം ലളിതമായിരി ക്കണമെന്നും ആർഭാടം ഒട്ടും കലരരുതെന്നും അദ്ദേഹം തീരുമാ നിച്ചു. എളിമയിൽ വളരണമെന്ന് അദ്ദേഹം പ്രതിജ്ഞ എടുക്കു കയും ചെയ്തു.[11]

ജാതി മത വർഗ വർണ ഭേദമെന്യേ എല്ലാവരേയും തന്റെ സന്തോ ഷത്തിൽ അദ്ദേഹം പങ്കുകാരാക്കി. ജൂബിലിദിനത്തിൽ ചൊവ്വന്നൂർ പള്ളി അങ്കണം ജനനിബിഡമായി. അസംഖ്യം വൈദികർ, അതി ലേറെ കന്യകാസ്ത്രീകൾ, കുന്ദംകുളത്തെ പ്രമുഖരായ യാക്കോ ബായ നേതാക്കൾ, ആബാലവൃദ്ധം നാട്ടുകാർ.[12] ജീവിതത്തിലെ തന്റെ കനത്ത നേട്ടങ്ങൾക്കുള്ള കൃതജ്ഞതാനിർഭരമായ ബലിയർപ്പണ മായിരുന്നു അത്. അനാഥനായ തന്നിൽ ദൈവത്തിന്റെ അനന്ത സ്നേഹം വർഷിച്ച അളവില്ലാത്ത അനുഗ്രഹങ്ങൾ അനുസ്മരിച്ച പ്പോൾ നന്ദിനിറഞ്ഞ ആ ഹൃദയത്തിൽ നിന്നും ഗദ്ഗദങ്ങളുയർന്നു. വെളുത്തുതുടുത്ത കവിൾത്തടങ്ങൾ ചെന്താമര വർണമായി. അതി ലൂടെ കണ്ണുനീർ ധാരധാരയായൊഴുകി.

ആത്മാക്കളെ നേടുന്നതിനായി കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കണം. യേശുവിന്റെ കരുണയും ആർദ്രതയും നിറഞ്ഞ സ്നേഹം ഭൂഗോളത്തിന്റെ എല്ലാ ഭാഗത്തുമുള്ള മനുഷ്യമക്കൾക്കെല്ലാം അനുഭവവേദ്യമാക്കിക്കൊടുക്കണം[13] എന്ന ദൃഢനിശ്ചയത്തോടെ വീണ്ടും അദ്ദേഹം തന്റെ കർമഭൂമിയിലേയ്ക്കിറങ്ങി. അതായിരുന്നു അദ്ദേഹത്തിന്റെ ജൂബിലി സ്മാരകം.

*A. M. D. G.*



"ദൈവാനുഗ്രഹങ്ങളെ ഞാൻ നിത്യം കീർത്തിക്കും."

പുന്നാമ്പറമ്പിൽ ഊക്കൻ വടക്കൂട്ട് അഗസ്റ്റിൻ ജോൺ അച്ചൻ
അന്തപ്പൻ അന്നമ്മ എന്നിവരിൽനിന്നു 1880 ഡിസമ്പർ 19-ാംനു- ജാതനായി.

# 1930 ഡിസമ്പ്ര് 19-ാംതിയ്യതിക്ക് 50 വയസ്സ്

1907 ഡിസമ്പർ 21-ാംനു- ഗുരുപ്പട്ടമേററു.

22-ാംനു- നവപൂജ അർപ്പിച്ചു.

1908 ജനവരി 1-ാംനു- തൃശ്ശിവപേരൂർ സെൻറ് തോമാസ്സിൽ അസി. മാനേജരായി.

1909 സപ്റ്റെമ്പർ 1-ാംനു- കണ്ടശ്ശാങ്കടവ്, വാടാനപ്പിള്ളി പള്ളികളുടെ വികാരിയായി.

1910 ജനവരി 1-ാംനു- മുതൽ 1917 ജനവരി 13-ാംനു- വരെ തൃശ്ശിവപേരൂർ തോപ്പിൽ ചെറിയ സെമ്മിനാരിയുടെ റെക്ററായി. വിജയപുരം പള്ളിയും ഇയ്യിടെ നടത്തി.

1913 ജൂലായി 21-ാംനു-മുതൽ 1917 ജനവരി 13-ാംനു-വരെ പരേതനായ നി. വ. ദിവ്യശ്രീ മേനാച്ചേരി മാർ യോഹന്നാൻ മെത്രാൻ തിരുമനസ്സിലെ സിക്രട്ടറിജോലി വഹിച്ചു.

1917 ജനവരി 13-ാംനു- തൃശ്ശിവപേരൂർ ലൂർദ്ദ് ഭദ്രാസനപ്പള്ളിയിൽ വികാരിയായി. ഇതോടുകൂടിതന്നെ സ്ഥലത്തെ തിരുകുടുംബകന്യകാശ്രമത്തിൻെറ ചാപ്ലെനായി.

1918 ഡിസമ്പർ 21-ാംനു- കോട്ടപ്പടി പള്ളി വികാരിയായി. ആത്താററു പള്ളി ഭരണവും ഇയ്യിടെ കഴിച്ചു.

1921 ജൂൺ 4-ാംനു- തൃശ്ശിവപേരൂർ സെൻറ്തോമസ്സ് കോളേജ് മാനേജരും ബോർഡിങ്ങ് റെക്ററും ഫ്രെഞ്ചുഭാഷാലക്ചററുമായി.

ഇക്കാലങ്ങളിൽ സ്ഥലത്തെ കമ്മലീത്തതിരുഹൃദയകന്യകാശ്രമത്തിൻെറ ചാപ്ലെൻ ജോലിയും വഹിച്ചു.

1925 നവമ്പർ 14-ാംനു- മററം പള്ളി വികാരിയായി. സ്ഥലത്ത് ഒരു ക്ലാരിസ്റ്റാകന്യകാശ്രമം സ്ഥാപിച്ചു ചാപ്ലെൻജോലിയും വഹിച്ചു.

1928 ഡിസമ്പർ 28-ാംനു- ഇപ്പോഴത്തെ ചൊവ്വന്നൂരുപള്ളിഭരണം കയ്യേററു.

"എൻെറ ആത്മാവ് ജീവിക്കുന്നു; അതങ്ങേ സ്തുതിക്കും."


ഇതു വായിക്കുന്നവരെല്ലാം താഴെ ഒപ്പിടുന്ന വിനീതദാസനുവേണ്ടി പ്രാർത്ഥിപ്പാറാകണം.

ചൊവ്വന്നൂർ
17—12—1930

ഊക്കൻ അഗസ്റ്റിൻ ജോണച്ചൻ.

## അടിക്കുറിപ്പുകൾ

1. Lights from heaven., 1 December, 1903.
2. Ibid., April, 1902, p. 7.
3. Ibid., 9 December, 1932.
4. Ibid., 10 December, 1932.
5. Ibid., 11 December, 1932.
6. Ibid., 12 December, 1932.
7. Ibid., 14 December, 1932.
8. Ibid., 13 December, 1932.
9. Ibid., 14 December, 1932.
10. Ibid., 19 December, 1932.
11. Ibid., 20 December, 1932.
12. Sovenir Adaranjali., pp. 53-54.
13. Lights from heaven., 18 December, 1932.



ADDRESS PRESENTED TO

**Very Reverend Father Agustin John Ukken,**

**Manager, Little Flower School, PONNOR.**

*Dear and Very Rev. Father,*

We, the teachers of Little Flower School, Ponnor, wish to present this very humble address on the occasion of your Shushtipurthi.

On how many grounds we are indebted to your Reverence no words can tell. Our hearts are too full and we are at a loss forwards. As very young children in Trichur, we knew how kind you always are. It was much the same when we were children of school going age, at the time when you were the Manager of St. Thomas' College High School, Trichur. At school or at church you had a kind word for every-one of us.

At the time when you were transfered from Trichur we were extremely sorry; for as things were, we could never have had any hope of seeing you, nor of enjoying your ineffable kindness. But an event happened which proved to the hilt that what God has chosen to unite, man can never put assunder.

We beg to refer you to the miserable plight in which our school found itself in the year of our Lord 1936, when in the most Providential manner you became the manager of our school and saved the situation. It was then that we were brought once more into contact with you and were once more given the opportunity and the rare pre-velage of enjoying the kindness which we had tasted for years and years during earlier periods of our little lives. But with this difference, that as children we had only blindly tasted your kindness but as young men we could consciously enjoy it.

As Manager, how many things have you done for us and how much have you unconsciously covered yourself with glory! You have by one mere stroke of the pen—by merely affixing your signature as manager of our Little School, fresh life, fresh energy, and fresh spirit to an institution which for months together had been dying inch by inch. One may say without any violation of truth that the simple fact of your management made a school rise out of the ground with new rooms, new buildings, new furniture and new everything. That is to be seen in the popularity of the school. Permit us to remember you that in these four short years there has been an increase of full 50% of the then school going population and that of that population full 60% is Hindus and only 40% Christians.

As teachers we have enjoyed your kindness–a happy lot denied to almost every teacher in most aided schools. We have enjoyed your favour which was extented to us without exception on each several occasion of your visit to our school. Your attaching a Chapel to our school has made us young teachers understand the full significance of making religion, the backbone of all true education. As teachers we have ever seen you reposing full confidence in us and have also seen you breathing into us a new faith, a new hope, and a new love of true charity. Before leaving, we have but one little prayer to add viz., that you will spare no pains to make the Little Flower School of Ponnor a fully devoloped primary one.

May God add to the length of your days here in our midst. Permit us to wish you many happy returns of this—Your Shushtipurthi. May God grant tens of years to you, so that you may live long to teach us and also those of the rising generation the cardinal principles emphasized in Ten Commandments so that we may follow your exam-ple and have our lives too enriched by the Wine of the New Testament. May you very Rev. Father, live for years and help to extend Christian thought, Christian feeling, and Christian charity to greater and still greater numbers of people.

We beg to remain,

DEAR & VERY REV. FATHER,

YOUR MOST OBEDIENT SERVANTS,

Palayoor,
29—12—1940.

The Staff, L. F. S., Ponnor.

Maliyammavoo Press, Trichur.

മംഗളപത്രം, പോന്നോർ

## ചിറളയം പള്ളി വികാരി 1933 ജൂൺ 12– 1939 ജനു. 25



ചിറളയം പള്ളി

1933 ജൂൺ 12–ാം തീയതി ഫാദർ ഊക്കൻ കുന്ദംകുളത്തിന് പടിഞ്ഞാറുഭാഗത്തുള്ള മറ്റൊരു പാവപ്പെട്ട ഇടവകയായ ചിറളയം പള്ളി വികാരിയും അവിടത്തെ കർമലീത്താമഠത്തിന്റെ കപ്ലോനുമായി നിയമിതനായി.[1] അദ്ദേഹം ചിറളയത്തേക്കു താമസം മാറ്റി. അങ്ങനെ ഊക്കനച്ചൻ ചിറളയത്തേയും ചൊവ്വന്നൂരിലേയും വികാരിയായി. 1913–ൽ മൈനർ സെമിനാരി ആയിരിക്കെ നാലുമാസം ചിറളയം പള്ളി വികാരി ആയിരുന്നിട്ടുണ്ട്. ചൊവ്വന്നൂർ ദിവസവും കുർബാന ഇല്ലാതിരുന്നതുകൊണ്ട് സ്ത്രീകൾക്കായുള്ള ഭക്ത സംഘടന ചിറളയത്ത് ഒരു വാടക കെട്ടിടത്തിലേക്കു മാറ്റി. സഭൈക്യ പ്രവർത്തനങ്ങൾ ഊർജസ്വലമാക്കുവാൻ നല്ലൊരു പ്രവർത്തനവേദി അദ്ദേഹത്തിനു ലഭിച്ചു. യാക്കോബായ സൗഹൃദം പുനഃസ്ഥാപിക്കുവാൻ അദ്ദേഹം വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു. സ്വസഹോദരങ്ങളോടെന്നപോലെ യാക്കോബായ സഹോദരങ്ങളുമായി അദ്ദേഹം സൗഹാർദത്തിൽ പ്രവർത്തിച്ചു. പാഷണ്ഡതക്കെതിരെ കനത്ത മതിൽ പണിയണമെന്നും ഏകമത വിശ്വാസം പരിരക്ഷിക്കണമെന്നുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹം ഫലമണിയുവാൻ തുടങ്ങി. വിശ്വാസികളുടെ ആത്മരക്ഷയും അക്രൈസ്തവരുടെ മാനസാന്തരവും അകത്തോലിക്കരുടെ പുന:രൈക്യവും ഒരു പരിധിവരെ വൈദികരുടെ സുകൃത ജീവിതത്തെയും സഹകരണത്തെയും ആശ്രയിച്ചിരിക്കുന്നു എന്നു മനസ്സിലാക്കിയിട്ടാവാം പരിത്യാഗജീവിതത്തിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം ഊന്നിപ്പറഞ്ഞത്. മാനസാന്തര പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വൈദികരുടെ സഹകരണം അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. വേണ്ടിവന്നാൽ ഇതിനായി വൈദികരുടേയും സഹോദരന്മാരുടേയും കന്യകാസ്ത്രീകളുടേയും സമൂഹങ്ങൾ രൂപീകരിക്കണമെന്നുപോലും അദ്ദേഹം അഭിലഷിച്ചു.[2]

ചിറളയത്ത് ഒരു കർമലീത്താമഠവും സ്കൂളും സ്ഥാപിക്കുവാൻ ഊക്കനച്ചൻ ചെയ്ത പരിശ്രമം ആ ഗ്രാമത്തിന്റെ ക്രൈസ്തവീകരണ

ത്തിനും സംസ്കൃതീകരണത്തിനും വളരെയധികം സഹായിച്ചു. മഠത്തിന്റെ ആരംഭദശയിൽ അനുഭവപ്പെട്ട ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ ഊക്കനച്ചൻ പ്രതിജ്ഞാബദ്ധനായിരുന്നു. അദ്ദേഹം മറ്റത്തിൽ നിന്നു വന്ന് ഇടക്കിടക്ക് അവരെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുക പതിവായിരുന്നു. ആരുടെയെങ്കിലും മുഖം വാടിക്കണ്ടാൽ അദ്ദേഹം ഉല്ലാസം നടത്തുകയും തമാശപറഞ്ഞ് എല്ലാവരേയും കുടുകുടാ ചിരിപ്പിക്കുകയും ചെയ്യുമായിരുന്നു.[3] തന്റെ സഹോദരങ്ങൾ വേദനിക്കുന്നത് കാണുവാനുള്ള കരുത്ത് ആ കരുത്തനില്ലായിരുന്നു.

ഫാദർ ഊക്കൻ കുന്ദംകുളത്ത് തുടങ്ങിയ പുനരൈക്യപ്രവർത്തനങ്ങൾക്കു മാർ ഇവാനിയോസിന്റെ തിരുസഭാ പ്രവേശനത്തോടെ വളരെ ആക്കം കൂടി. തിരുവല്ല രൂപതയിൽനിന്നു ചിറളയമടുത്ത് ഒരു ബഥനിമഠം സ്ഥാപിച്ചു. ഇതിനുവേണ്ടി പരിശ്രമിച്ചതും ഒത്താശകൾ ചെയ്തുകൊടുത്തതും ഊക്കനച്ചനാണ്.[4] മാർ സെവേരിയൂസ് മെത്രാപ്പോലീത്താ കുന്ദംകുളത്തു വരുമ്പോഴെല്ലാം ഊക്കനച്ചനെ സന്ദർശിച്ചു പരസ്പരം ആലോചിച്ചാണ് സമസ്തവും ആസൂത്രണം ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ പിൻഗാമി മാർ സഖറിയാസ് അത്തനേഷ്യസും അപ്രകാരംതന്നെ ചെയ്തുകൊണ്ടിരുന്നു.[5] അറിവും, നെറിവും, കഴിവുമുള്ള ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. എന്തിനും ഇറങ്ങിപ്പുറപ്പെടുവാൻ സന്നദ്ധതയുള്ളവൻ, സ്നേഹത്തിന്റെ ഉടമ, ആരെയും ആകർഷിക്കുന്ന വ്യക്തിത്വം. ഇവയെല്ലാം ഒത്തിണങ്ങിയപ്പോൾ മാനസാന്തരങ്ങൾ വളരെയധികം നടന്നു.

ഈ കാലഘട്ടത്തിലാണ് ചിറളയം കർമലീത്താമഠത്തിൽ കുട്ടികൾക്കായി ബോർഡിംഗ് ആരംഭിച്ചത്.[6] അംഗങ്ങളുടെ സംഖ്യ വർധിച്ചപ്പോൾ കൂടുതൽ സ്ഥലസൗകര്യങ്ങൾ ആവശ്യമായിവന്നു. കന്യകാസ്ത്രീകളുടെ കഷ്ടപ്പാടുകളിൽ മനസ്സലിഞ്ഞ ഊക്കനച്ചൻ മഠം പണിയുവാനുള്ള അനുവാദത്തിനായി മെത്രാനച്ചനെ സമീപിച്ചു. അന്നത്തെ രൂപതാധ്യക്ഷനായിരുന്ന മാർ ഫ്രാൻസീസ് വാഴപ്പിള്ളി തിരുമേനി അതു നിരസിച്ചു. ഊക്കനച്ചനു വലിയ ഇച്ഛാഭംഗമായി. 1939-ൽ അദ്ദേഹം പാലയൂർ പള്ളി വികാരിയായി നിയമിതനാവുകയും ചെയ്തു. എന്നാൽ പാലയൂർ നിന്നും ചൊവ്വന്നൂർക്കു തിരിച്ചുവന്നതിനുശേഷം ഊക്കനച്ചൻ തന്നെയാണ് ഈ മഠം പണി നിർവഹിച്ചത്. ദൈവത്തിന്റെ പരിപാലനാവൈഭവം അത്ഭുതാവഹം തന്നെയാണ്. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെയും അശ്രാന്ത

പരിശ്രമത്തിന്റെയും ഫലമായി എല്ലാ സൗകര്യങ്ങളോടും കൂടി 1943-ൽ മഠം പണി പൂർത്തിയായി.[7]


ആർത്താറ്റ് കത്തോലിക്ക പള്ളി വികാരി ആയിരുന്ന ബ. വലിയ വീട്ടിൽ അന്തപ്പനച്ചനും ഇടവക ജനങ്ങളും തമ്മിൽ വഴക്കുണ്ടായപ്പോൾ അവിടെ സമാധാനപരമായ അന്തരീഷം സംജാതമാക്കി വികാരി അച്ചനെ സംരക്ഷിച്ചത് ഊക്കനച്ചനാണ്.[8]

പാവപ്പെട്ടവരെ മൃതസംസ്കാര ശുശ്രൂഷകൾക്ക് സഹായിക്കുന്നതിനായി അദ്ദേഹം കുറി ആരംഭിച്ചു. ഇതിന്റെ നടത്തിപ്പിനായി നിയതമായ നിയമങ്ങളും കമ്മിറ്റിയും രജിസ്റ്ററും ഉണ്ടായിരുന്നു.[9]

മറ്റുള്ളവരുടെ ആവശ്യങ്ങൾ എന്തെന്നു മനസ്സിലാക്കി സഹായിക്കുന്നതിലാണല്ലോ പരസ്നേഹ ചൈതന്യം അടങ്ങിയിരിക്കുന്നത്. നന്മ ചെയ്തുകൊണ്ടു കടന്നുപോയ ക്രിസ്തുവിനെ (മത്ത. 4:23-24) എല്ലാക്കാര്യങ്ങളിലും ഊക്കനച്ചൻ അനുകരിച്ചു. അത് അപരന് അനുഗ്രഹമായി അനുഭവപ്പെട്ടു. 1939 ജനുവരി 25-ാം തീയതി പാലയൂർ പള്ളി വികാരിയായി അദ്ദേഹം നിയമിതനായി.

### അടിക്കുറിപ്പുകൾ

1. Chiralayam Holy Child CMC Convent., Chronicle, vol. 1, p. 11.
2. Light from heaven., 2-7 September, 1924, p. 351.
3. Chiralayam Holy Child CMC Convent., Chronicle, vol. 1, pp. 16-17.
4. Chiralayam Bethany Convent., Chronicle.
5. Chiralayam Bethany Convent., Chronicle.
6. Sabhayum Sthapakanum., p. 19.
7. Chiralayam Holy Child CMC Convent., Chronicle, vol. 1, pp. 25-26.
8. Souvenir Adaranjali., p. 105.
9. Chiralayam Parish., Finance Society Register.


To

Rev Father A. J. Ukken,

Chaplain, Holy Child's Convent,

Cherlayam

Very Rev. and Dear Father!

Long and patiently have we been awaiting the dawn of this beautiful day, to welcome your Reverence to our midst, as the most welcome guest – to pour out into your paternal ears, the humble and respectful love and gratitude that fill our hearts. This is a day of rejoicing for you – a day of inexpressible delight; and thankful we would be, if our unanimously uttered rapturous little voice, would add a grain to the beauty of the Heavenly voice that might be ringing your heart today.

We have but little to say. It is the sweet little song of glowing affection that makes us dumb with joy. You are a Father to us in every sense of the world. Aye, you are the representative of our benevolent Father, who art in Heaven. In sickness and in health, in affliction and in joy we have scarcely need to call you; for before we ourselves are aware of what has befallen us, you are in our midst to laugh our tears away and to spiritualise our joys in a magnificient way. Under your fostering care, the peace of Heaven reigns in the hearts of each one of us. You are the fragrant golden crysanthamum for ever diffusing in its vicinity the sweet odour of Paradise. The courage and consolation you constantly infuse into our weak and infirm souls, the cheerfulness that radiate from your peaceful heart, the neverfailing aid that we meet at your hands to pull on our lives to its Eternal goal, make us feel that you are the indispensable pillar of moses, instituted by the Eternal Providence to guide the children of Israel to the Holy Land! Besides all these, we find

Festal Greetings From Chiralayam

## പാലയൂർ പള്ളി വികാരി 1939 ജനു. 25 – 1941 നവം.10


പാലയൂർ പള്ളി

1939 ജനുവരി 25-ാം തീയതി പാലയൂർ ഫൊറോനാ വികാരിയായും പള്ളിസ്കൂളിന്റെ മാനേജരായും അവിടത്തെ കർമലീത്താ മഠത്തിന്റെ കപ്ലോനായും ഊക്കനച്ചൻ ചാർജെടുത്തു. മാർ തോമാശ്ലീഹായുടെ പാദസ്പർശനമേറ്റ ഈ ഇടവകയെ അതർഹിക്കുന്ന നിലയിലേക്കുയർത്തുവാൻ അദ്ദേഹം അവിരാമം ശ്രമിച്ചു. ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ പ്രേഷിത തീക്ഷ്ണത സ്വാംശീകരിച്ച് അദ്ദേഹം തന്റെ പുരോഹിത, പ്രവാചക, രാജകീയ ദൗത്യം നിർവഹിച്ചു.

പാലയൂർ വികാരിയായി നിയമിതനായപ്പോൾ സ്ത്രീകളുടെ ഭക്തസംഘടനയുടെ ആസ്ഥാനം ചിറളയം വാടക കെട്ടിടത്തിൽ നിന്നും ചൊവ്വന്നൂർ പഴയ ഭവനത്തിലേക്കുതന്നെ മാറ്റി. അവിടെ ഒരു അനാഥശാലയും സ്ഥാപിച്ചിരുന്നു. പാവപ്പെട്ടവരെ എന്തു വില കൊടുത്തും സഹായിക്കണമെന്നല്ലാതെ, തന്റെ പ്രസ്ഥാനങ്ങൾ പരാജയപ്പെടുകയില്ലെ, അന്യർ അപഹസിക്കുകയില്ലെ എന്നു ചിന്തിച്ച് പ്രവർത്തനങ്ങളിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല.[1] ഇവയെല്ലാം ആ കാലഘട്ടത്തിലെ പുതിയ കാൽവയ്പുകളുമായിരുന്നല്ലോ. അതുകൊണ്ടുതന്നെ അനേകം പരിഹാസശരങ്ങൾ അദ്ദേഹത്തെ ലക്ഷ്യമാക്കി എയ്തു. അപ്പോഴെല്ലാം കൂടുതൽ നിശ്ചയദാർഢ്യത്തോടെ നിർധനരും നിരാശ്രയരുമായവരെ ഉദ്ധരിക്കുവാൻ ആ ആശ്രിതവത്സലൻ രംഗത്തിറങ്ങി. എല്ലാം തമ്പുരാൻ നടത്തിത്തരും എന്നു പറഞ്ഞിരുന്ന ഊക്കനച്ചന്റെ ദൈവപരിപാലനയിലുള്ള വിശ്വാസം കാലങ്ങൾ കഴിയുന്തോറും ഉത്തരോത്തരം വർധിച്ചുകൊണ്ടിരുന്നു.[2] അവശരിലേക്കും ആലംബഹീനരിലേക്കും അപ്പോഴും അദ്ദേഹം ശ്രദ്ധ പതിപ്പിച്ചിരുന്നു. എന്തു ത്യാഗം സഹിച്ചും ആവശ്യക്കാരെ സഹായിക്കാനോടിയെത്തുന്ന അദ്ദേഹത്തിന്റെ ആന്തരികഭാവം വ്യക്തമായും ദൃശ്യമായ അനേകം സംഭവങ്ങൾക്ക് പാലയൂരും സാക്ഷ്യം വഹിച്ചു.

**1941 മെയ് 28!**

അങ്ങേക്കുവേണ്ടി പ്രവർത്തിക്കുവാൻ എന്റെ കൈകളേയും അങ്ങേക്കുവേണ്ടി ഓടുവാൻ എന്റെ കാലുകളേയും ശക്തിപ്പെടുത്തണമെ[3] എന്നു പ്രാർഥിച്ച ഊക്കനച്ചന്റെ കൈകൾക്കും കാലുകൾക്കും ദൈവം അനിതര സാധാരണമായ ശക്തി പകർന്ന അവിസ്മരണീയമായ ദിനമായിരുന്നു അത്. ദീനാനുകമ്പ മുറ്റിനിന്നിരുന്ന, കരുണയും ആർദ്രതയും നിറഞ്ഞു കവിഞ്ഞ ഊക്കനച്ചനിൽ അന്ന് അനേകായിരങ്ങൾ ആശ്രയം കണ്ടെത്തി. മെയ് 28-ാം തീയതി വൈകുന്നേരം ഏകദേശം ഏഴു മണിയായപ്പോഴേക്കും പാലയൂരും പരിസരത്തും കാറ്റ് ആഞ്ഞുവീശി. തുള്ളിക്കൊരുകുടം കണക്കെ ശക്തമായ പേമാരി! പിറ്റേ ദിവസം രാവിലെ ഏകദേശം ഒമ്പതുമണിവരെ പ്രകൃതി അതിന്റെ വികൃതി തുടർന്നു. കടൽ ക്ഷോഭിച്ചു. ചാവക്കാട് റോഡെല്ലാം പുഴയായി മാറി. പാലയൂരിനടുത്തുള്ള എടക്കുഴയൂരിൽ ഒരു കപ്പൽ മുങ്ങിപ്പോയി. വീടുകൾ നഷ്ടപ്പെട്ടവർ, പുരയിടങ്ങൾ നശിപ്പിക്കപ്പെട്ടവർ, ജീവിതം അപകടത്തിലായവർ, ജീവൻ അപഹരിക്കപ്പെട്ടവർ, സ്വജനങ്ങളുടെ വിയോഗത്തിൽ വേദനിക്കുന്നവർ, രോഗവും ദാരിദ്ര്യവും മൂലം ക്ലേശിക്കുന്നവർ-എന്തിനേറെപ്പറയുന്നു ആകെ അരക്ഷിതാവസ്ഥ, അസമാധാനാവസ്ഥ. ഊക്കനച്ചൻ ജീവകാരുണ്യപ്രവർത്തനങ്ങളിൽ വ്യാപൃതനായി.[4] മരിച്ചവരെ സംസ്കരിക്കുക, വേദനിക്കുന്നവരെ ആശ്വസിപ്പിക്കുക, വിശക്കുന്നവർക്കു ഭക്ഷണവും പാർപ്പിടമില്ലാത്തവർക്കു പാർപ്പിടവും നൽകുക, രോഗികളെ ശുശ്രൂഷിക്കുക -അദ്ദേഹത്തിന്റെ സേവനങ്ങൾ വിവരിക്കുവാൻ വാക്കുകൾ വിരളമാണ്. വേദനയാൽ ക്ലേശിച്ചിരുന്ന ഓരോരുത്തരേയും സഹായിക്കുവാനും ആശ്വസിപ്പിക്കുവാനുമായി വീടുതോറും കയറിയിറങ്ങുവാൻ സ്നേഹതീക്ഷ്ണത അദ്ദേഹത്തെ നിർബന്ധിച്ചു. മറ്റുള്ളവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി എന്തു ക്ലേശം സഹിച്ചും അതു നിറവേറ്റിക്കൊടുക്കുക എന്നുള്ളതാണല്ലോ സ്നേഹത്തിന്റേയും ശുശ്രൂഷയുടേയും കാതൽ. അത് പ്രവൃത്തി രൂപത്തിൽ പ്രത്യക്ഷപ്പെട്ടപ്പോഴാണ് ആ ചെറ്റക്കുടിലുകളിൽ കയറിയിറങ്ങിയ ശുഭ്രവസ്ത്രധാരിയായ വൈദികനെക്കുറിച്ച് മാലാഖ കടന്നുപോകുന്നുവെന്ന് അന്നാട്ടിലെ ജനങ്ങൾ പറഞ്ഞത്. ആ പാവനപാദങ്ങളുടെ സ്പർശനം പോലും അവരെ ദൈവികരാക്കിയതായിട്ടാണ് അനുഭവപ്പെട്ടത്.[5] ക്രിസ്തുവിനെപ്പോലെയാകുക എന്നതാണ് എന്റെ ഒരേയൊരു പ്രതിജ്ഞ[6] എന്ന് വർഷങ്ങൾക്കു മുമ്പ് തന്റെ ഡയറിയിൽ എഴുതിവച്ചത് അദ്ദേഹത്തിന്റെ ജീവിതത്തിൽ നിറവേറുകയായിരുന്നു.

പാലുവായ് CMC മഠത്തിൽ ദിവ്യകാരുണ്യം എഴുന്നുള്ളിച്ചുവച്ച് സിസ്റ്റേഴ്സിനോട് ആരാധന നടത്തുവാൻ ആവശ്യപ്പെട്ടു. മഠത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു.[7]

അദ്ദേഹം പാവങ്ങളോട് പരിഗണനയുള്ള നല്ല ഒരു അജപാലക നായി വർത്തിച്ചു. പാവപ്പെട്ടവർക്ക് കൈത്താങ്ങാകുവാൻ ജനങ്ങളെ അദ്ദേഹം പ്രബുദ്ധരാക്കി. പള്ളിയോഗങ്ങളിലെ തീരുമാനങ്ങളിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട്. വിവാഹം നടത്താൻ ബുദ്ധിമുട്ടു ന്നവർക്ക് അദ്ദേഹം സാമ്പത്തിക സഹായം നൽകി. പള്ളിയിലെ ഓല, നാളികേരം, അരി എന്നിവ നൽകി പാവപ്പെട്ടവരെ സഹായിച്ചു.

ആൺകുട്ടികൾക്കായി അദ്ദേഹം ഒരു സ്കൂൾ ആരംഭിച്ചു. യാക്കോ ബായ സഭയിൽ നിന്ന് പുനരൈക്യപ്പെട്ട തിരുവല്ല ബിഷപ് മാർ സെവെരിയൂസിന് യാക്കോബായക്കാരുടെ ശക്തിദുർഗമായ കുന്ദം കുളത്ത് വലിയൊരു സ്വീകരണം നൽകി.[8] ഫ്രാൻസിസ്കൻ ക്ലാരി സ്റ്റ് കോൺഗ്രിഗേഷന്റെ ഒരു ശാഖാഭവനം മുതുവട്ടൂർ ആരംഭിച്ചത് ഊക്കനച്ചനാണ്.[9] അദ്ദേഹത്തിന്റെ നീതിബോധം തെളിയിച്ച സംഭ വമാണ് പാലയൂർ സ്കൂളിൽ ജോലി ചെയ്തിരുന്ന ജോൺ മാസ്റ്ററെ അന്യായമായ കേസിൽ നിന്നും രക്ഷിച്ചത്.[10]

ഇങ്ങനെ ആപത്തിൽപെട്ടവരെ സഹായിച്ചും അനീതിക്കെതിരെ ശബ്ദമുയർത്തിയും ഊക്കനച്ചൻ തന്റെ ജീവിതം ധന്യമാക്കി. വൻ കാര്യങ്ങൾ പ്രവർത്തിക്കുവാൻ ദൈവം അദ്ദേഹത്തിന് അവസരങ്ങൾ നൽകി. തനിക്കു ലഭിച്ച അവസരങ്ങളൊന്നും ശാന്തഗംഭീരനായ ആ ധർമിഷ്ഠൻ പാഴാക്കിക്കളഞ്ഞില്ല. അതുതന്നെയാണല്ലോ അദ്ദേഹ ത്തിന്റെ വിജയരഹസ്യവും. സാധാരണകൃത്യങ്ങളിൽ വിശ്വസ്തത പുലർത്തുന്നവരെ അസാധാരണ കൃത്യങ്ങൾക്കായി ദൈവം ഒരു ക്കുന്നു എന്ന് അദ്ദേഹത്തിനു പരിശീലന കാലഘട്ടത്തിൽത്തന്നെ അറിയാമായിരുന്നു. അതുകൊണ്ട് യേശു തന്റെ ജീവിതത്തിൽ ചെയ്താലെന്നപോലെ ഓരോ പ്രവൃത്തിയും ചെയ്യുക എന്ന പ്രതി ജ്ഞയും അദ്ദേഹം എടുത്തിരുന്നു. പ്രതിജ്ഞകൾ എടുക്കുക മാത്ര മല്ല, സാധാരണവും അസാധാരണവുമായ ആത്മശോധനകളിലൂ ടെയും ധ്യാനാവസരങ്ങളിലും അവ എങ്ങനെ പ്രായോഗികമാക്കി യെന്ന് വിലയിരുത്തുകയും ചെയ്യുമായിരുന്നു.

## ഷഷ്ടിപൂർത്തി

ഊക്കനച്ചന്റെ ഷഷ്ടിപൂർത്തിയാഘോഷിച്ചത് പാലയൂർ വച്ചാണ്. അതേപ്പറ്റി നവജീവിക റിപ്പോർട്ടു ചെയ്യുന്നത് ഇപ്രകാരമാണ്:

പാലയൂർ ഫൊറോനാ പള്ളി വികാരി ഊക്കൻ പെ. ബഹു. യോഹന്നാൻ അച്ചൻ അവർകളുടെ ഷഷ്ടിപൂർത്തി സംബന്ധിച്ചു ഡിസംബർ 29-ാം തീയതി പ്രസ്തുത പള്ളിയുടെ മുഖമണ്ഡപ ത്തിൽ വച്ച് ഇടവകക്കാരുടെ വകയായി ഒരു മഹായോഗം റൈറ്റ് റവ. റമ്പാൻ ജോസഫ് പുലിക്കോട്ടിൽ അവർകളുടെ അധ്യക്ഷത യിൽ കൂടുകയുണ്ടായി. തദവസരത്തിൽ സാഹിത്യ ശിരോമണി ബ്രഹ്മശ്രീ പി. സി. വാസുദേവൻ ഇളയത് അവർകൾ ഷഷ്ടിപൂർത്തി എന്നതിനെ അഭിമുഖീകരിച്ചു ശ്രദ്ധേയമായ ഒരു പ്രസംഗം നടത്തി. അധ്യക്ഷ പ്രസംഗത്തിനു പുറമെ ആഘോഷക്കമ്മിറ്റി പ്രസിഡണ്ട് റവ. ഫാ. ഫ്രാൻസീസ് ബ്രഹ്മകുളം അവർകൾ സ്വാഗത പ്രസംഗവും സെക്രട്ടറി റവ. ഫാ. ആന്റണി വെള്ളാനിക്കാരൻ അവർകൾ നന്ദി പ്രകാശനവും നടത്തി. കൂടാതെ പ്രധാന അതിഥിയായ പെ. ബഹു. ഊക്കനച്ചൻ അവർകൾക്ക് അഞ്ച് മംഗളപത്രങ്ങളും സമർപ്പിക്കപ്പെട്ടു. കുട്ടികളുടെ വകയായി നടത്തപ്പെട്ട ധൂർത്തപുത്രൻ എന്ന പ്രഹസന ത്തിനു പുറമെ പല വിനോദപ്രകടനങ്ങളുമുണ്ടായിരുന്നു. യോഗ ത്തിൽ ഒട്ടുവളരെ വൈദികർ, ഉദ്യോഗസ്ഥർ എന്നിവർക്കു പുറമെ നാനാജാതി മതസ്ഥരായ ഒരു വലിയ ജനക്കൂട്ടവും സന്നിഹിതരാ യിരുന്നു. പെ. ബഹു. അതിഥി തന്റെ ബഹുമാനാർഥം നടത്തപ്പെട്ട ചടങ്ങുകൾക്കു നന്ദി പറഞ്ഞു.[11]

1940 ഡിസംബർ 29-ാം തീയതി ഇടവകക്കാർ സമ്മാനിച്ച മംഗള പത്രം അദ്ദേഹത്തിന്റെ ജീവിതത്തെ മുഴുവനും വിലയിരുത്തുന്നുണ്ട്. മംഗളപത്രമാണെങ്കിലും വസ്തുതാകഥനങ്ങൾക്കു വിലയുണ്ടല്ലോ.

വിശുദ്ധ തോമാശ്ലീഹായുടെ കരങ്ങളാൽത്തന്നെ കേരള ഭൂമി യിൽ സ്ഥാപിതമായിട്ടുള്ള ഏഴു പള്ളികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായ പാലയൂർ ഫൊറോനാപള്ളിയുടെയും ഇടവകയുടെയും പാരമ്പര്യത്തേയും പ്രശസ്തിയേയും ദ്വിഗുണീഭവിപ്പിക്കുമാറു ഭരണം നടത്തിപ്പോരുന്ന അങ്ങേക്ക് അറുപതുവയസ്സു പൂർത്തിയാകുന്ന ഈ മഹാസന്ദർഭത്തിൽ അങ്ങയോടു ഞങ്ങൾക്കുള്ള അകൈതവവും നിസ്സീമവുമായ ഭക്തിബഹുമാനാദരങ്ങളെ ഈ മംഗളപത്രദ്വാര പ്രകാശിപ്പിക്കുന്നതിന് അനുമതി നൽകിയതിൽ ഞങ്ങൾ അങ്ങയോട് ആദ്യമായി നന്ദിപ്രകാശിപ്പിച്ചുകൊള്ളുന്നു.

അങ്ങയുടെ ഈ അറുപതുകൊല്ലത്തെ കർമനിരതവും കാര്യ ക്ഷമവുമായ ജീവിതത്തിനിടയിൽ അങ്ങു സഭക്കും സമുദായത്തിനും പൊതുവിലും, തൃശൂർ രൂപതക്ക് പ്രത്യേകിച്ചും ചെയ്തിട്ടുള്ള മഹനീയ

സേവനങ്ങൾ അങ്ങയുടെ ജീവിതവിജയത്തെ എന്നും വിളിച്ചറിയിച്ചു കൊണ്ടിരിക്കുക മാത്രമല്ല, അവ അങ്ങയുടെ അനന്തരഗാമികൾക്ക് പ്രചോദനവും പ്രോത്സാഹജനകവുമായ മാർഗദർശനങ്ങളുമായിരിക്കും. 1907 ഡിസംബർ 21-ന്, 27-ാമത്തെ വയസ്സിൽ അങ്ങ് കാന്റി സെമിനാരിയിൽ വച്ചു പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടതു മുതൽ മൈനർ സെമിനാരി റെക്ടർ, പരേതനായ അഭിവന്ദ്യ മേനാച്ചേരി മാർ യോഹന്നാൻ മെത്രാനച്ചൻ തിരുമനസ്സിലെ സെക്രട്ടറി, തൃശൂർ ലൂർദ് ഭദ്രാസനപള്ളി വികാരി, സെന്റ് തോമസ് കോളേജ് മാനേജർ, കണ്ടശാംകടവ്, കോട്ടപ്പടി, മറ്റം, ചൊവ്വന്നൂർ മുതലായ പള്ളികളിലെ വികാരി എന്നീ നിലകളിൽ തൃശൂർ രൂപതയിലെ ഗൗരവതരങ്ങളും ഉത്തരവാദിത്വമുള്ളതുമായ ജോലികൾ പ്രശസ്ത നിലയിൽ നിർവഹിച്ചിട്ടുള്ളതിനു പുറമെ മറ്റത്തിൽ ഒരു ക്ലാരിസ്റ്റ് കന്യകാശ്രമവും ചൊവ്വന്നൂർ സ്ത്രീകൾക്കായി ഒരു ഭക്തസംഘടനയും അങ്ങയുടെ പരിശ്രമത്തിന്റെ ഫലമായി സ്ഥാപിതമായിട്ടുണ്ടെന്നുള്ളതുമെല്ലാം അങ്ങയുടെ മഹനീയ സേവനത്തിനു മകുടോദാഹരണങ്ങൾ മാത്രമാണ്.

ഏവംവിധങ്ങളായ വിശിഷ്ടതകളാൽ പണ്ടേക്കുപണ്ടേ സമലംകൃതനായിത്തീർന്നിരിക്കുന്ന അങ്ങ് ഞങ്ങളുടെ പുരാതനവും ചരിത്രപ്രസിദ്ധവുമായ ഈ പാലയൂരു പള്ളിയുടെയും ഇടവകയുടെയും ഭരണം തുടങ്ങിയിട്ട് ഒരു കൊല്ലത്തോളമേ ആയിട്ടുള്ളുവെങ്കിലും പള്ളിക്കും ഇടവകക്കും ആത്മീയമായും ഭൗതികമായും കൈവന്നിട്ടുള്ള അഭിവൃദ്ധിയും ഉൽക്കർഷവും സ്തുത്യർഹമാണ്. വിപുലമായ ഈ ഇടവകയിലെ ആത്മീയാഭിവൃദ്ധിയേയും സൗകര്യത്തേയും മുൻനിർത്തി ഒരുമനയൂരും ഗുരുവായൂരും ദിവ്യബലി അർപ്പിക്കുന്നതിന് ഇടയായിത്തീർന്നിട്ടുണ്ടെങ്കിൽ അത് അങ്ങയുടെ കാരുണ്യാതിരേകത്താൽ മാത്രമാണെന്നു ഞങ്ങളെന്നും സ്മരിക്കുന്നതാണ്. കുട്ടികളുടെ വേദോപദേശം, മരിയസഖ്യം, തിരുഹൃദയഭക്തി എന്നീ വിഷയങ്ങളിൽ അങ്ങ് പ്രദർശിപ്പിക്കുന്ന തീക്ഷ്ണത ഇടവകയിൽ ഒരു നവജീവൻ സംജാതമാക്കിയിട്ടുണ്ടെന്നും ഞങ്ങൾ കൃതജ്ഞതാപൂർവം രേഖപ്പെടുത്തിക്കൊള്ളുന്നു.

വിദ്യഭ്യാസ വിഷയത്തിൽ ചിരകാലപരിചയം സിദ്ധിച്ചിട്ടുള്ള അങ്ങ് ആ വിഷയത്തിൽ പ്രദർശിപ്പിക്കുന്ന ശുഷ്കാന്തിയും തീക്ഷ്ണതയും ഒന്നു വേറെ തന്നെയാണ്. ഇന്ന് പള്ളിമൈതാനത്തു പൊങ്ങിനിൽക്കുന്ന മനോജ്ഞമായ ഈ പുതിയ കെട്ടിടം വിദ്യാഭ്യാസ

തൽപരനായ അങ്ങയുടെ ദീർഘദൃഷ്ടിയിലും പരിശ്രമത്തിലും നിന്ന് സംജാതമായിട്ടുള്ളതാണെന്നു പ്രസ്താവിക്കുന്നതിൽ ഞങ്ങൾക്ക് അപാരമായ ചാരിതാർഥ്യമുണ്ട്. അങ്ങ് ഞങ്ങളുടെ സ്കൂളുകളുടെ അഭിവൃദ്ധിക്കായി ചെയ്യുന്ന പരിശ്രമങ്ങൾക്കും അധ്വാനങ്ങൾക്കും ഞങ്ങളും ഞങ്ങളോടു ചേർന്നുകൊണ്ട് പ്രസ്തുത സ്കൂളുകളിലെ അധ്യാപികാധ്യാപകരും അധ്യേതാക്കളും പ്രത്യേകവിധത്തിൽ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

സാമ്പത്തികമായി നാടാസകലം അധഃപതിച്ചിരിക്കുന്ന ഇക്കാലത്തുപോലും അങ്ങ് ഞങ്ങളുടെ പള്ളിയിലെ കോശസ്ഥിതിക്കു കോട്ടം കൂടാതെ കൊണ്ടുപോകാൻ ചെയ്യുന്ന പരിശ്രമം വിജയശ്രീകരമായിത്തീർന്നിരിക്കുന്നുവെന്നു കാണുന്നത് അത്യധികം ആശ്വാസജനകം തന്നെ. എന്നുതന്നെയല്ല, അവിടുന്നു ഭരണം തുടങ്ങിയതിന്റെ ശേഷം പള്ളിയും പരിസരങ്ങളും നവീനവും ചൈതന്യമയവുമായ ഒരു ഭാവം കൈക്കൊണ്ടിരിക്കുന്നതു കാണുന്നതിൽ ഏതൊരിടവകക്കാരനാണ് ആഹ്ലാദിക്കാതിരിക്കുക?

ഇത്ര പ്രശസ്തമായ അങ്ങയുടെ ജീവിതത്തിന്റെ വിജയരഹസ്യം അങ്ങയുടെ സ്വഭാവ വൈശിഷ്ട്യത്തിൽത്തന്നെ ഞങ്ങൾക്കു ദർശിക്കുവാൻ കഴിയും. അങ്ങയുടെ അടിയുറച്ച ആത്മീയ ജീവിതവും സർവരുടെയും മനം കുളുർപ്പിക്കുന്ന ആനന്ദപ്രകൃതിയും പരിപക്വമായ പെരുമാറ്റവും ഹാർദമായ ദീനാനുകമ്പയും ദുഃഖിക്കുന്നവരോടു കൂടി ദുഃഖിക്കുവാനും സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുവാനുമുള്ള സന്നദ്ധതയും അങ്ങയുടെ ജീവിത വിജയ സോപാനത്തിന്റെ കനകപ്പടികളാണെന്നു നിസ്സംശയം പറയാം. അങ്ങയുടെ നൈസർഗികങ്ങളായ പ്രസ്തുത ഗുണവിശേഷങ്ങളോട് അറുപതു കൊല്ലത്തെ ജീവിതാനുഭവങ്ങളും കൂടി സമ്മേളിക്കുമ്പോൾ അന്യാദൃശമായ ഒരു വ്യക്തിമാഹാത്മ്യമാണ് ഞങ്ങൾ അങ്ങയിൽ ദർശിക്കുന്നത്.


മറുപടി പ്രസംഗത്തിൽ ഊക്കനച്ചൻ ഒരു കാര്യം എടുത്തുപറയുകയുണ്ടായി. ഇനി ഞാൻ വാർധക്യത്തിലേക്കു കാലൂന്നിയതുകൊണ്ട് വലിയ കാര്യങ്ങളിൽനിന്നു വിരമിച്ച് വാനപ്രസ്ഥവും സന്യാസവും പാലിച്ച് എന്തെങ്കിലും ആത്മീയകാര്യങ്ങളിൽ ഇടപെടുവാൻ വിചാരിക്കുന്നു.[12] ഞാൻ യേശുവിന്റെ കരുണാർദ്രസ്നേഹത്താൽ ഉയർത്തപ്പെട്ട സ്മാരകമായിരിക്കും എന്നും, സാധുജന സമുദ്ധാരണത്തിനും പരസ്നേഹ പ്രവൃത്തികൾക്കുമായി സന്യാസ സമൂഹങ്ങൾ

രൂപീകരിക്കണമെന്നും ഉള്ള അദ്ദേഹത്തിന്റെ തീരാത്ത ദാഹം നെടുവീർപ്പുകളിലൂടെ ശബ്ദതരംഗങ്ങളായി വായുവിൽ ലയിക്കുകയായിരുന്നു. അപ്പോഴും ആരും ചിന്തിച്ചില്ല ആ മഹാകർമയോഗി ഒരു സന്യാസിനി സമൂഹം സ്ഥാപിച്ച് തിരുസഭക്കു നവജീവനും വിശുദ്ധിയും പകരുമെന്ന്.[13]

പാലയൂർ വികാരിയായിരിക്കുമ്പോഴും ചൊവ്വന്നൂരും ചിറളയത്തുമുള്ള തന്റെ മിഷൻ പ്രവർത്തനം അദ്ദേഹം തുടർന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ പരിഗണിച്ച് അധികാരികൾ സഹവികാരിമാരെ നൽകുകയും ചെയ്തു. 1941 നവംബർ 10-ാം തീയതി അദ്ദേഹത്തെ വീണ്ടും ചൊവ്വന്നൂർ വികാരിയായി നിയമിച്ചു.

## അടിക്കുറിപ്പുകൾ

1. Souvenir Adaranjali., pp. 39, 65, 77.
2. Souvenir Adaranjali., p. 33.
3. Lights from heaven., 26 September, 1903.
4. Souvenir Adaranjali., p. 49.
5. Oral Testimony., DEO, Palayur.
6. Lights from heaven., 2o June, 1904.
7. Paluvay CMC Convent., Chronile.
8. Palayur Parish., Palliyogam, pp. 92, 98.
9. Mammiyoor Little Flower F C Convent., Chronicle, vol. 1, pp. 2-3.
10. Souvenir Adaranjali., pp. 49-50.
11. Navzjeevika., January 1941.
12. Souvenir Adaranjali., p. 65.
13. Souvenir Adaranjali., p. 65.


പാലയൂർ ഫൊറോനാപള്ളി വികാരി
വെരി റവ. ഫാദർ എ. ജെ. ഊക്കൻ അവർകളുടെ
ഷഷ്ടിപൂർത്ത്യാഘോഷാവസരത്തിൽ പ്രസ്തുത പള്ളി ഇടവകക്കാർ
സബഹുമാനാദരം സമർപ്പിക്കുന്ന
മംഗളപത്രം.

പൂജ്യപാദനായ പിതാവേ,

വിശുദ്ധ തോമാശ്ലീഹായുടെ സ്വകരങ്ങളാൽതന്നെ കേരളഭൂമിയിൽ സംസ്ഥാപിതമായിട്ടുള്ള ഏഴ് പള്ളികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായ പാലയൂർ ഫൊറോനാപള്ളിയുടേയും, ഇടവകയുടേയും പാരമ്പര്യത്തേയും, പ്രശസ്തിയേയും [illegible]ഭവിപ്പിക്കുമാറ് ഭരണം നടത്തിപ്പോരുന്ന അവിടുത്തേയ്ക്ക് അറുപതു വയസ്സു പൂർത്തിയാകുന്ന ഈ മഹനീയാവസരത്തിൽ അവിടുത്തോട് ഞങ്ങൾക്കുള്ള അകൈതവവും നിസ്സീമവുമായ ഭക്തിബഹുമാനാദരങ്ങളെ ഈ മംഗളപത്രംമൂലം പ്രകാശിപ്പിക്കുന്നതിന് അനുമതി നല്കിയതിൽ ഞങ്ങൾ അങ്ങയോട് ആത്മാർത്ഥമായി നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

അങ്ങയുടെ ഈ അറുപതുകൊല്ലത്തെ കർമ്മനിരതവും, കാര്യക്ഷമവുമായ ജീവിതത്തിന്നിടയിൽ അവിടുന്ന് സഭയ്ക്കും സമുദായത്തിനും പൊതുവിലും, തൃശൂർ രൂപതയ്ക്ക് പ്രത്യേകിച്ചും ചെയ്തിട്ടുള്ള മഹനീയസേവനങ്ങൾ അങ്ങയുടെ ജീവിതവിജയത്തെ എന്നും വിളിച്ചറിയിച്ചുകൊണ്ടിരിക്കുക മാത്രമല്ല, അവ അങ്ങയുടെ അനന്തരഗാമികൾക്കു ഉത്തേജകങ്ങളും പ്രോത്സാഹജനകങ്ങളുമായ മാർഗ്ഗദർശകങ്ങളായി പരിലസിക്കുകകൂടി ചെയ്യുന്നതായിരിക്കും. 1907 ഡിസമ്പർ 21-ാനു- 27-ാമത്തെ വയസ്സിൽ അവിടുന്ന് കാണ്ടി സെമ്മനാരിയിൽവെച്ചു പൌരോഹിത്യപദത്തിലേക്ക് ഉയർത്തപ്പെട്ടതു മുതൽ, പെററി സെമ്മനാരി റെക്ടർ, പരേതനായ നി. വ ഡി. ശ്രീ മേനാച്ചേരി മാർ യോഹന്നാൻ മെത്രാനച്ചൻ തിരുമനസ്സിലെ സിക്രട്ടറി, തൃശൂർ പുത്തൻ മെത്രാസനപ്പള്ളി വികാരി, സെൻറ് തോമസ് കോളേജ് മാനേജർ, കണ്ടശ്ശാങ്കടവ്, കോട്ടപ്പടി, മററം, ചൊവ്വന്നൂർ മുതലായ പള്ളികളിലെ വികാരി എന്നീ നിലകളിൽ തൃശൂർ രൂപതയിലെ ഗൌരവതരങ്ങളും ഉത്തരവാദിത്വമുള്ളവയുമായ ജോലികൾ പ്രശസ്തനിലയിൽ അവിടുന്നു നിർവ്വഹിച്ചിട്ടുള്ളതിനു പുറമെ മററത്തിൽ ഒരു ക്ലാരിസ്റ്റുകന്യകാശ്രമവും, ചൊവ്വന്നൂർ ഒരു വിധവാശ്രമവും അങ്ങയുടെ പരിശ്രമത്തിൻെറ ഫലമായി സംസ്ഥാപിതമായിട്ടുണ്ടെന്നുള്ളതെല്ലാം അങ്ങയുടെ മഹനീയസേവനത്തിൻെറ ചില ഉദാഹരണങ്ങൾ മാത്രമാണ്.

ഏവംവിധങ്ങളായ വിശിഷ്ടതകളാൽ പണ്ടേയ്ക്കുപണ്ടേ സമലംകൃതനായിത്തീർന്നിരിക്കുന്ന അവിടുന്ന് ഞങ്ങളുടെ പുരാതനവും ചരിത്രപ്രസിദ്ധവുമായ ഈ പാലയൂർ പള്ളിയുടേയും, ഇടവകയുടേയും ഭരണം കയ്യേററു നടത്തുന്നതിൽ ഞങ്ങൾക്ക് അത്യധികമായ സന്തോഷവും സംതൃപ്തിയുമുണ്ട്. അങ്ങുന്ന് ഇവിടത്തെ ഭരണം തുടങ്ങീട്ട് രണ്ടു കൊല്ലത്തോളമേ ആയിട്ടുള്ളുവെങ്കിലും പള്ളിക്കും ഇടവകക്കും ആദ്ധ്യാത്മികമായും, ഭൌതികമായും കൈവന്നിട്ടുള്ള അഭിവൃദ്ധിയും ഉൽക്കർഷവും സ്തുത്യർഹമാണ്. വിപുലമായ ഇടവകയിലെ ജനങ്ങളുടെ ആദ്ധ്യാത്മികാഭിവൃദ്ധിയേയും, സൌകര്യത്തേയും മുൻനിർത്തി [illegible] ദിവ്യബലി അർപ്പിക്കുന്നതിന് ഇടയായിത്തീർന്നിട്ടുണ്ടെങ്കിൽ അതു് അവിടത്തെ കരുണാതിരേകത്താൽ മാത്രമാണെന്നു ഞങ്ങളെന്നും സ്മരിക്കുന്നതാണ്. കുട്ടികളുടെ വേദോപദേശം, മരിയാസഖ്യത, തിരുഹൃദയഭക്തി എന്നീ വിഷയങ്ങളിൽ അവിടുന്നു പ്രദർശിപ്പിക്കുന്ന തീക്ഷ്ണമായ താല്പര്യം [illegible] ഇടവകയിൽ ഒരു നവജീവൻ ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്നു ഞങ്ങൾ കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു.

മംഗളപത്രം, പാലയൂർ

## വീണ്ടും ചൊവ്വന്നൂരിലേക്ക് 1941 നവം.10– 1954

കുന്ദംകുളത്ത് ആരംഭിച്ച മിഷൻ പ്രവർത്തനത്തിൽ പൂർണ മായും മുഴുകുന്നതിനായി ഊക്കനച്ചൻ പ്രസിദ്ധമായ പാലയൂർ നിന്നും 1941 നവംബർ 10–ാം തീയതി[1] വീണ്ടും ചൊവ്വന്നൂർ എത്തി. അദ്ദേഹം ഒരേ സമയം ചൊവ്വന്നൂർ, ചിറളയം, ആർത്താറ്റ്, അഞ്ഞൂർ, വെള്ള റക്കാട് എന്നീ ഇടവകകളിൽ വികാരിയായിരുന്നു. അദ്ദേഹത്തെ സഹായിക്കുവാൻ സഹവികാരിമാരുണ്ടായിരുന്നു. ദരിദ്രമായ ആ പ്രദേശത്തിന്റെ ബഹുമുഖമായ ഉയർച്ചക്കും വളർച്ചക്കുമായി അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. ജാതി മത ഭേദമെന്യെ എല്ലാവരുടെയും സാമൂഹികവും സാമ്പത്തികവുമായ സുസ്ഥിതി അദ്ദേഹം ലക്ഷ്യ മിട്ടിരുന്നു. അക്രൈസ്തവരുടെയും അകത്തോലിക്കരുടെയും ഇട യിൽ പ്രവർത്തിക്കുമ്പോഴും ഒരു കത്തോലിക്കാ പുരോഹിതന്റെ ശ്രേഷ്ഠത അദ്ദേഹം കാത്തുസൂക്ഷിച്ചു. കൊച്ചി രാജ്യത്തെ അധികാരി കൾക്കും ജനങ്ങൾക്കും കളങ്കമില്ലാത്ത അദ്ദേഹത്തിന്റെ വ്യക്തിത്വം ബോധ്യമായതുകൊണ്ടാവാം പലപ്രാവശ്യം ഊക്കനച്ചനെ പഞ്ചാ യത്ത് പ്രസിഡണ്ടായി നിയമിച്ചതും പിന്നീട് തെരഞ്ഞെടുക്കപ്പെ ട്ടതും.[2] കത്തോലിക്കർ നാമമാത്രമായ ഒരു പ്രദേശത്ത് ഒരു കത്തോ ലിക്കാ പുരോഹിതൻ നീണ്ട വർഷങ്ങൾ തുടർച്ചയായി പഞ്ചായത്ത് പ്രസിഡണ്ടായി എന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ വിശ്വാ സ്യതയാണ് വെളിപ്പെടുത്തുന്നത്.

ചൊവ്വന്നൂർ പഞ്ചായത്തിന്റെ സമഗ്രമായ ഉദ്ധാരണമാണ് ഊക്ക നച്ചൻ ലക്ഷ്യമിട്ടത്. അഗതികൾക്കും അനാഥബാല്യങ്ങൾക്കുമായി അദ്ദേഹം ഒരു അനാഥശാല സ്ഥാപിച്ചിരുന്നു. യാത്രാ സൗകര്യം വർധിപ്പിക്കുന്നതിനായി റോഡുകളും കുടിവെള്ളക്ഷാമം പരിഹരി ക്കുന്നതിനായി കിണറുകളും നിർമിച്ചു നൽകി. ഭാവിതലമുറയുടെ വളർച്ചക്കും ഉന്നതിക്കുമായി ഒരു വിദ്യാലയവും സ്ത്രീ ശാക്തീക രണത്തിനായി നെയ്തുശാല, ആണി ഉണ്ടാക്കൽ, വസ്ത്രങ്ങൾ കഴുകി വൃത്തിയാക്കൽ എന്നിവയും ആരംഭിച്ചു.[3] വായനശീലം വർധി പ്പിക്കുന്നതിനായി ഒരു ഗ്രാമീണ വായനാശാല ആരംഭിച്ച് Madras Mail പത്രം വരുത്തിക്കൊടുത്തു. യാത്രാക്ലേശമകറ്റുന്നതിനും സമയ നഷ്ടമുണ്ടാകാതിരിക്കുന്നതിനുമായി ബസിന്റെ സമയം വ്യക്തമാ ക്കുന്ന ബോർഡ് സ്ഥാപിച്ചു.[4]

ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന സാമൂഹ്യാനീതിക്കെതിരെ ശക്തമായി പോരാടി. പാവപ്പെട്ട കർഷകർ അമിതമായ പലിശക്ക്

–36%– തങ്ങളുടെ കൃഷിയിടങ്ങൾ ജന്മിമാർക്ക് പണയം വച്ചിരുന്നു. നിശ്ചിത കാലയളവിനുള്ളിൽ പണം തിരിച്ചു നൽകാൻ കഴിയാതെ വന്നിരുന്നതുകൊണ്ട് കൃഷിയിടത്തിന്റെ ഉടമസ്ഥാവകാശം കർഷകർക്ക് നഷ്ടമാകുമായിരുന്നു. ഒരുപാട് പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട്–സ്വന്തം സത്പേരു നഷ്ടമാകുന്ന സാഹചര്യമുണ്ടായിട്ടും–കർഷകരുടെ തോരാത്ത കണ്ണുനീരിന് പരിഹാരമുണ്ടാക്കുവാൻ അദ്ദേഹം സധൈര്യം നിലകൊണ്ടു. കൃഷിഭൂമി ഫലസമ്പന്നമാക്കുവാൻ സഹായിക്കുകയും ചെയ്തു. ഇന്നും കൃഷിയിടങ്ങൾ ഞങ്ങൾക്ക് സ്വന്തമായി ഉള്ളത് ഊക്കനച്ചൻ സഹായിച്ചതുകൊണ്ടാണെന്ന് ചൊവ്വന്നൂർ നാട്ടുകാർ പരസ്യമായി പറയുന്നു.[5] ദരിദ്ര സന്താനങ്ങളെ സംരക്ഷിക്കുന്നതിനായി അദ്ദേഹം ഇടവകയിൽ കുറി നടത്തിയിരുന്നു. ഒരു കമ്മിറ്റിയാണ് ഇതിന്റെ എല്ലാ കാര്യങ്ങളും നിർവഹിച്ചിരുന്നത്. കുറിയുടെ സുഗമമായ നടത്തിപ്പിനായി നിയമസംഹിതയുമുണ്ടായിരുന്നു.[6]

ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ ഏറ്റവും താഴ്ന്ന ജാതിയിൽ ജനിച്ച്, കടുത്ത ദാരിദ്രത്തിൽ ജീവിച്ച് പഠിക്കുവാൻ പുസ്തകം വാങ്ങാൻ കാശില്ലാതിരുന്നപ്പോൾ മറ്റുള്ളവരുടെ പുസ്തകം ചുമന്നു നടക്കുന്നതിനിടയിൽ ഏടുകൾ മറിച്ചു മറിച്ചു മാത്രം പഠിച്ച് കേന്ദ്രസർക്കാരിന്റെ ക്ലാസ്സ് I ശാസ്ത്രജ്ഞനായി ഉയർന്ന ഡോ. എം. കെ. കണ്ടോരൻ പറയുന്നു ചെറുപ്പകാലത്ത് ഊക്കനച്ചൻ നൽകിയ ബൈബിളാണ് അന്ധകാരാവൃതമായ ജീവിതത്തിൽ വെട്ടവും ബലവും പകർന്നു നൽകിയത്. മുഴുപട്ടിണിയുടെയും ഒരുപാട് നിഷേധങ്ങളുടെയും ചെളിയിൽ കുളിച്ച ജീവിതത്തിന്റെയും ബാല്യകാലാനുഭവങ്ങൾ വളർച്ചയിലേക്കും ഉയർച്ചയിലേക്കുമുള്ള പടവുകളായി കാണുവാൻ പ്രേരണയായത് ഊക്കനച്ചനുമായുള്ള ബന്ധവും സഹവാസവുമാണെന്ന് അദ്ദേഹം അഭിമാനിക്കുന്നു.[7] ശരിയായ ദിശാബോധം നൽകി അസമത്വത്തിൽ കഴിഞ്ഞിരുന്ന ഞങ്ങളെ ഉയർത്തുവാൻ ഊക്കനച്ചൻ ചെയ്ത പരിശ്രമങ്ങൾ വാക്കുകൾക്കതീതമാണ്. ഞങ്ങളുടെ കുടുംബങ്ങളിലെ നിത്യസന്ദർശകനായിരുന്ന അദ്ദേഹം ക്ഷേത്രപ്രവേശനം നിഷിധമായിരുന്ന കാലഘട്ടത്തിൽ ഞങ്ങളെ ചേർത്തുപിടിച്ച് ദൈവഭക്തിയിലും വിശ്വാസത്തിലും വളർത്തി. ഞങ്ങളുടെ കുടുംബത്തിന് ഇന്നും ഊക്കനച്ചൻ കരുതലും കരുണയും സംരക്ഷണവും നൽകിക്കൊണ്ടിരിക്കുന്നു. അടിമത്വത്തിൽ കഴിയുന്നവരുടെ സ്വാതന്ത്ര്യം അദ്ദേഹത്തിന്റെ വലിയ

സ്വപ്നമായിരുന്നു[8] എന്ന് എറണാകുളം മഹാരാജാസ് കോളേജിലെ റിട്ട. പ്രൊഫസർ കെ.ടി. അമ്മാളു നന്ദിയോടെ സ്മരിക്കുന്നു.

കാര്യശേഷിയും ഇച്ഛാശക്തിയും ആത്മീയതയും ഒത്തിണങ്ങിയ കർമനിരതനായിരുന്നു ഊക്കനച്ചൻ. ജാതിയൊ മതമൊ നോക്കാതെ സാമൂഹ്യസേവനം ചെയ്ത മഹത്വ്യക്തി. എല്ലാവരേയും എല്ലാറ്റിനേയും വലുതായി മാത്രം കണ്ട ആത്മീയാചാര്യൻ. കലർപ്പില്ലാത്ത സ്നേഹത്തിന്റെ ഉടമ. പഞ്ചായത്ത് ഭരണത്തിന് റോൾ മോഡൽ... ഇതാണ് ഊക്കനച്ചൻ എന്ന് അഡ്വക്കേറ്റ് പി. വി. ചന്ദ്രൻ അനുസ്മരിക്കുന്നു.[9] അനാഥയായ എന്നെ സ്വീകരിച്ച് സ്വന്തം മകളെപ്പോലെ വളർത്തിയ എന്റെ അപ്പനാണ് ഊക്കനച്ചൻ[10] എന്ന് കുഞ്ഞേത്തി സാക്ഷ്യപ്പെടുത്തുന്നു.

നീതിക്കുവേണ്ടി നിതാന്തം പോരടിക്കുന്നവന്റെ, വ്യവസ്ഥാജീർണതകളെ അഗ്നിനാവുകൾകൊണ്ട് വിമർശിക്കുന്നവന്റെ ശബ്ദമായി അദ്ദേഹം മാറി. അപരന്റെ ചോലയിൽ അമർന്നു പോകുന്ന അനേകം ജീവിതങ്ങളെ ഉദ്ധരിച്ചെടുത്ത് ഈശോയുടെ സ്നേഹം അനുഭവവേദ്യമാക്കിക്കൊടുത്തു. അങ്ങനെ തന്റെ അജപാലന ശുശ്രൂഷയുടെ രണ്ടാം ഘട്ടത്തിൽ ഒരു മിഷണറി എന്ന നിലയിൽ അദ്ദേഹം തീക്ഷ്ണമതിയായിരുന്നു. ആഴമായ സമർപ്പണം, അഗാധമായ എളിമ, യേശുവുമായുള്ള ഐക്യം, പരാതിയില്ലാത്ത ജീവിതം എന്നിവ സ്വന്തമാക്കിയ ഊക്കനച്ചൻ പൊതുജനസമ്മതനായിരുന്നു.

---

### അടിക്കുറിപ്പുകൾ

1. Mammiyoor Little Flower F C Convent., Chronicle, vol. 1, p. 5.
2. Oral Testimony., Raman Nair.
3. Souvenir Adaranjali., pp. 25, 26, 55.
4. Oral Testimony., Devassy Kunjuvareed Chiriyankandath.
5. Oral Testimony., f. 9, Kunnanaikkal Chinnan, f. 10, Devassy Kunjuvareed Chiriyankandath.
6. Chowannur Parish., Palliyogam, 23 March 1930.
7. Oral Testimony., Dr M K Kandoran.
8. Oral Testimony., Prof. K T Ammalu.
9. Oral Testimony., Adv. P V Chandran, Kunnamkulam.
10. Oral Testimony., Kunjethi, Kalloor.

## Episcopal Candidate for a Third Time

തൃശൂർ രൂപതാധ്യക്ഷനായിരുന്ന മാർ ഫ്രാൻസീസ് വാഴപ്പിള്ളി 1942 മെയ് 12-ാം തീയതി പരലോകപ്രാപ്തനായി. അദ്ദേഹത്തിന്റെ പിൻഗാമിക്കായുള്ള തെരച്ചിലിൽ വീണ്ടും അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ പേര് കയറി വന്നു.[1] ഇതിനായി നാമനിർദേശം ചെയ്യപ്പെട്ട പാനലിൽ ഉണ്ടായിരുന്നവരെല്ലാം തൃശൂരും പരിസരത്തുനിന്നുമുള്ള വരായിരുന്നു. ഇതിൽ നിന്നും വ്യത്യസ്തമായി നിർദേശിക്കപ്പെട്ട ഏകപേര് ഊക്കനച്ചന്റേതായിരുന്നു. അന്ന് അദ്ദേഹം രൂപതാ ആസ്ഥാനത്തുനിന്നുമകലെ രൂപതയുടെ മിഷൻ പ്രദേശമായ കുന്ദംകുളത്ത് മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു.

ഒരു നല്ല വൈദികൻ എന്ന പേര് ആജീവനാന്തം അദ്ദേഹം കാത്തുസൂക്ഷിച്ചു. തപോനിഷ്ഠമായ ആത്മീയ ജീവിതശൈലിക്ക് മരണംവരെ മങ്ങലേറ്റില്ല എന്നതിന് ഇത് വ്യക്തമായ തെളിവാണ്.

---

**അടിക്കുറിപ്പുകൾ**

1. ACCO, Scritture Riferite Malabaresi, Trichur 433/42, Apostolic Delegation, Allegato al rapporto N. 17495/43, Candidati proposti.

# നടത്തുവികാരി



വാടാനപ്പിള്ളി



അഞ്ഞൂർ



ഇയ്യാൽ



വെള്ളറക്കാട്




പാറേമ്പാടം



ഗുരുവായൂർ



ഒരുമനയൂർ



പോന്നോർ



ആളൂർ

# 16

# ശുശ്രൂഷാ പൗരോഹിത്യത്തിന്റെ മൂന്നാം ഘട്ടം സന്യാസിനി സമൂഹ സ്ഥാപകൻ

തിരുസഭ അവളുടെ നാഥനിൽ നിന്നു സ്വീകരിച്ച് അവിടുത്തെ ദിവ്യാനുഗ്രഹത്തോടെ എല്ലായ്പോഴും സംരക്ഷിച്ചുപോരുന്ന ദൈവിക ദാനമാണ് സന്യാസം. മാമ്മോദീസയിലെ പ്രസാദവരജീവനിൽ വേരൂന്നി നിൽക്കുന്നതും, ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ സുവിശേഷോപദേശങ്ങളുടെ അനുഷ്ഠാനം വഴിയായി ക്രിസ്തുവിനെ അടുത്തനുഗമിച്ചുകൊണ്ടു ഫലമണിയുന്നതുമാണ് സന്യാസ സമർപ്പണം. ഇങ്ങനെ ഒരാൾ പരമമായ സ്നേഹത്തിന്റെ പ്രവർത്തനം വഴി ദൈവത്തിനു സമ്പൂർണമായി ആത്മാർപ്പണം ചെയ്യുകയും തദ്വാര നവവും അതിവിശിഷ്ടവുമായ അടിസ്ഥാനത്തിന്മേൽ ദൈവ മഹത്വത്തിനും ശുശ്രൂഷക്കുമായി വിശേഷവിധം പ്രതിഷ്ഠിതനാവുകയും ചെയ്യുന്നു. ഇത് വ്യക്തിയിൽ രൂപാന്തരീകരണം വരുത്തുകയും അവന്റെ പ്രവർത്തന ശൈലിക്കു പുതിയ രൂപവും ഭാവവും നൽകുകയും ചെയ്യുന്നു. അങ്ങനെ എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ് എന്ന വിശുദ്ധ ശ്ലീഹായുടെ ജീവിതലക്ഷ്യം സന്യാസിയുടെയും ജീവിതലക്ഷ്യമായി മാറുന്നു. ക്രിസ്തീയ ദൈവവിളിയുടെ കടമകൾ ധീരതയോടെ നിർവഹിക്കാൻ തിരുസഭാംഗങ്ങളെ

യെല്ലാം ശക്തമായി പ്രേരിപ്പിക്കാൻ കഴിവും കടമയുമുള്ള ഒരു ദൃശ്യ ചിഹ്നമായി നിലകൊള്ളുകയാണ് സുവിശേഷോപദേശങ്ങളുടെ അനുഷ്ഠാനം. ഭാവിയിലേത് അന്വേഷിക്കുന്നതല്ലാതെ ഈ ലോകത്തിൽ ശാശ്വതമായ ഒരു വാസസ്ഥലം ദൈവത്തിനില്ല. അതുകൊണ്ടു സന്യാസ ജീവിതം സഭാംഗങ്ങളെ ലൗകികമായ കെട്ടുപാടുകളിൽനിന്നു വിമുക്തരാക്കുന്നതുവഴി ഇഹത്തിൽ വച്ചുതന്നെ ആസ്വദിച്ചുതുടങ്ങുന്ന ആധ്യാത്മിക നന്മകളുടെ യാഥാർഥ്യം സകല വിശ്വാസികളേയും ബോധ്യപ്പെടുത്തുന്നു; മാത്രമല്ല ക്രിസ്തുവിന്റെ രക്ഷാകരകൃത്യം വഴി നവ്യവും നിത്യവുമായ ജീവൻ കൈവന്നിരിക്കുന്നുവെന്ന യാഥാർഥ്യത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. ഇതു കൂടാതെ വരുവാനിരിക്കുന്ന ഉത്ഥാനവും സ്വർഗരാജ്യത്തിന്റെ മഹത്വവും മുൻകൂട്ടി അത് ഉദ്ഘോഷിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ പ്രതാപവാനായി ഭരണം നടത്തുന്ന ക്രിസ്തുവിന്റെ സർവാതിശായിയായ മഹത്വവും പരിശുദ്ധാത്മാവിന്റെ അനന്തശക്തിയും തിരുസഭയിൽ അത്ഭുതാവഹമായി പ്രവർത്തിച്ചുപോരുന്നത് എല്ലാ ജനങ്ങൾക്കും അത് വ്യക്തമാക്കിക്കൊടുത്തു കൊണ്ടിരിക്കുന്നു.[1]

ക്രിസ്തുവിന്റെ മൗതികശരീരം മുഴുവന്റെയും ക്ഷേമത്തിനും ദൈവജനത്തിന്റെ നന്മയ്ക്കുമായി വിവിധതരം സന്യാസ സമൂഹങ്ങളെ സഭ അംഗീകരിക്കുന്നു. ഓരോ സന്യാസ സമൂഹത്തിനും പ്രത്യേക സിദ്ധിയുണ്ട്. ഈ സിദ്ധിയാണ് അവയുടെ വ്യക്തിത്വം വരച്ചുകാണിക്കുന്നത്. പരിശുദ്ധാത്മാവ് വിവിധ വ്യക്തികൾക്കു നൽകുന്ന സിദ്ധികളിൽ വൈവിധ്യമുണ്ട്. അതനുസരിച്ച് അവരുടെ പ്രവർത്തന ശൈലിയിലും ശുശ്രൂഷയിലും വ്യത്യാസമുണ്ടായിരിക്കുകയും ചെയ്യും. എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നുമുള്ള അവിടുത്തെ ആഗ്രഹം ലക്ഷ്യംവച്ചുകൊണ്ടു വ്യത്യസ്ത മാർഗങ്ങളിലൂടെ വിവിധ സന്യാസ സമൂഹങ്ങൾ പ്രവർത്തിക്കുന്നു.

ചൊവ്വന്നൂർ കേന്ദ്രീകരിച്ച് കുന്ദംകുളത്തും പരിസരത്തുമായി ഊക്കനച്ചൻ ആരംഭിച്ച മിഷൻ പ്രവർത്തനം കൂടുതൽ ഊർജസ്വലമാക്കുവാനും വ്യാപിപ്പിക്കുവാനും തദ്വാര അനേകായിരങ്ങളെ ഉദ്ധരിച്ച് രക്ഷിക്കുവാനും ദൈവസ്നേഹം അദ്ദേഹത്തെ നിർബന്ധിച്ചു. കാലഘട്ടത്തിന്റെ ആവശ്യവും അതുതന്നെയായിരുന്നു. സംഘാതമായി പ്രവർത്തിക്കുകയാണെങ്കിൽ ഏതൊരു പ്രവർത്തനവും കൂടുതൽ കാര്യക്ഷമമാകും എന്ന് അദ്ദേഹം വിശ്വസിച്ചു. ചില സംഘടനകൾ രൂപീകരിച്ച് മിഷൻ പ്രവർത്തനം നടത്തണമെന്ന

ആഗ്രഹം അദ്ദേഹം ഡയറിയിൽ രേഖപ്പെടുത്തുന്നുണ്ട്. കുന്ദം കുളത്തും പരിസരത്തുമുള്ള ആത്മാക്കളെ രക്ഷിക്കുന്നതിനായി ചില പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന 1922 ലെ വാർഷിക ധ്യാനത്തിലെടുത്ത തീരുമാനം 1924 സെപ്തംബർ 2–7 ലെ ധ്യാന ത്തിൽ അദ്ദേഹം നവീകരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ആധ്യാത്മിക ഡയറിയിൽ നാം വായിക്കുന്നതിങ്ങനെ: ദൈവം അനുവദിക്കുകയാ ണെങ്കിൽ കോളേജുമായുള്ള എന്റെ ബന്ധം വിഛേദിക്കുകയും കുന്ദംകുളത്തു പോവുകയും അവിടെ ഒരു ചെറിയ പള്ളി, അനാഥ ശാല, പ്രായമായവർക്കായുള്ള അഭയകേന്ദ്രം, വർക്ക്ഷോപ്, പ്രസ്സ് എന്നിവ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങുകയും വേണം. സാധിക്കുമെങ്കിൽ വൈദികർക്കും, സഹോദരന്മാർക്കും സഹോദരിമാർക്കുമായി സഭകൾ രൂപീകരിക്കണം.[2]

യേശുവിനെ അടുത്തനുഗമിക്കുന്നതിനും കൂടുതൽ നന്നായി ശുശ്രൂഷിക്കുന്നതിനും ഒരു സമൂഹം രൂപീകരിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ഡയറിയിൽ ഇപ്രകാരം വായിക്കുന്നു: യേശുവിനെ അടുത്തനുഗമിക്കാമെന്നും കൂടുതൽ നന്നായി ശുശ്രൂഷിക്കാമെന്നും ഞാൻ പ്രതിജ്ഞ ചെയ്തു. കർത്താവേ, അങ്ങ് എവിടെ പോയാലും ഞാനങ്ങയെ അനുഗമിക്കും. ഈശോയുടെ തിരുഹൃദയത്തിന്റെ അഭി ലാഷങ്ങൾക്കനുസരിച്ച് സമൂഹ ജീവിതം നയിക്കുന്നതിനായി വൈദി കരുടെ ഒരു സംഘം രൂപീകരിക്കണമെന്ന ആശയം ഈ ദിവസങ്ങ ളിൽ എന്നിലുദിച്ചു. വിശുദ്ധ ഫ്രാൻസീസ് സാലസും വിശുദ്ധ കൊച്ചു ത്രേസ്യയും അഭ്യസിച്ച തിരുഹൃദയ ചൈതന്യം നിർബന്ധമാക്കു കയും വേണം.[3] അദ്ദേഹം ഫ്രാൻസിൽ നിന്നും വിശുദ്ധ കൊച്ചുത്രേ സ്യയുടെ തിരുശേഷിപ്പ് കൊണ്ടുവന്ന് സൂക്ഷിച്ചിരുന്നു.[4]

അദ്ദേഹം ആഗ്രഹിച്ചതുപോലെ മിഷൻ പ്രവർത്തനത്തിനായി വൈദികരുടെ ഒരു സംഘം രൂപീകരിക്കുവാൻ അക്കാലത്ത് സാധ്യ മായിരുന്നില്ല. കാരണം നിശ്ചിത അതിർത്തിക്ക് പുറത്തുപോയി–ഭാരത പ്പുഴക്ക് വടക്കും പമ്പാനദിക്ക് തെക്കും – മിഷൻ പ്രവർത്തനം നടത്തു വാൻ അനുവാദമില്ലായിരുന്നു.

അദ്ദേഹം അജപാലന ശുശ്രൂഷ ചെയ്ത ഇടങ്ങളിലെല്ലാം സന്യാ സിനികളുടെ ഒരു ശാഖാഭവനം ആരംഭിക്കുവാൻ പരിശ്രമിച്ചു. വിശുദ്ധ മറിയം ത്രേസ്യ സ്ഥാപിച്ച ഹോളി ഫാമിലി സന്യാസിനി സമൂഹ ത്തിന്റെ ആദ്യഭവനം വെഞ്ചിരിക്കുവാൻ മാർ ജോൺ മേനാച്ചേരി പറഞ്ഞു വിട്ടത് അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന ഊക്കനച്ചനെ

യാണ്. മറ്റത്തിലും മുതുവട്ടൂരും (മമ്മിയൂർ) FCC മഠവും ചിറളയത്ത് CMC മഠവും ആരംഭിച്ചത് അദ്ദേഹത്തിന്റെ പരിശ്രമഫലമായിട്ടാണ്. സന്യാസിനിമാർക്ക് ജനങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്താനാകുമെന്നും അങ്ങനെ ധാരാളം ആത്മാക്കളെ രക്ഷിക്കാനാകുമെന്നും അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ട് ഒരു സന്യാസിനി സമൂഹം ആരംഭിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഇതിന് അന്ന് പ്രേരണയായത് മൂന്ന് വസ്തുതകളാണ്.

- 1930 കളിലും 1940 കളിലും സന്യാസ ജീവിതം നയിക്കുവാൻ ആഗ്രഹിച്ചിരുന്ന ധാരാളം യുവതികളുണ്ടായിരുന്നു.
- ആവശ്യത്തിന് വിദ്യാഭ്യാസ യോഗ്യതയോ സാമ്പത്തിക ശേഷിയോ ഇല്ലാത്തതുമൂലം സന്യാസ ജീവിതം ആശ്ലേഷിക്കുവാൻ സാധിക്കാത്ത പാവപ്പെട്ട ധാരാളം സ്ത്രീകളുണ്ടായിരുന്നു.
- ചെറുപ്രായത്തിൽത്തന്നെ വിധവകളായവരും സമർപ്പിത ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവരുമായ ധാരാളം പേരുമുണ്ടായിരുന്നു.[5]


അന്ന് നിലവിലുണ്ടായിരുന്ന സന്യാസിനി സമൂഹങ്ങളിൽ പ്രവേശിക്കുവാൻ ഇത്തരക്കാർക്ക് സാധിക്കുമായിരുന്നില്ല. തൃശൂർ രൂപതയിൽ നിലവിലുണ്ടായിരുന്ന സന്യാസിനി സമൂഹങ്ങൾ പ്രധാനമായും പ്രാർഥനയിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലുമാണ് ഏർപ്പെട്ടിരുന്നത്. അക്കാലത്തെ സാമൂഹ്യപശ്ചാത്തലം കണക്കിലെടുത്തപ്പോൾ സമസ്യഷ്ടങ്ങളുടെ രക്ഷക്കായി ആദിമസഭയിൽ നിലനിന്നിരുന്ന പരസ്നേഹചൈതന്യം പുനരുജ്ജീവിപ്പിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണെന്ന് ഊക്കനച്ചനു ബോധ്യമായി. സാമൂഹ്യസേവന പ്രധാനമായ രംഗങ്ങളിൽ സന്യാസിനികൾ പ്രവേശിക്കുന്നത് അത്രതന്നെ ആശാസ്യമോ അഭിനന്ദനാർഹമോ ആയി പരിഗണിക്കപ്പെടാതിരുന്ന ഒരു കാലഘട്ടവുമായിരുന്നു അത്. രോഗീ ശുശ്രൂഷാരംഗം അവഗണന മാത്രം സ്വീകരിച്ചിരുന്ന ഒരു കാലം. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരചിത്രം മനുഷ്യ മനസ്സുകളിൽ തിങ്ങിനിന്നിരുന്നു. എങ്ങും അരക്ഷിതാവസ്ഥ, അസന്തുഷ്ടി, പട്ടിണിയും അടിമത്തവും രോഗവും പാപവും സാധാരണ ജനങ്ങളെ കാർന്നുതിന്നുകൊണ്ടിരുന്നു. അവരെ മോചിപ്പിക്കേണ്ടത് അടിയന്തിര പ്രശ്നമായിരുന്നു. അതുകൊണ്ട് താൻ ആരംഭിക്കുന്ന സന്യാസിനി സമൂഹത്തിന്റെ കുലമുദ്ര സ്നേഹമായിരിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു.

സ്നേഹിക്കുകയാണ് നിങ്ങളുടെ ജോലി! സ്നേഹത്തിൽ നിങ്ങളെ ആരും പിന്നിലാക്കാതിരിക്കട്ടെ എന്ന് അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് ഉപദേശിച്ചിരുന്നു. പണമോ വിദ്യാഭ്യാസയോഗ്യതയോ ഇല്ലെങ്കിലും ജീവിതലാളിത്യവും വിനയവും അർപ്പണമനോഭാവവും കൈമുതലായുള്ളവരും സാധുജനസമുദ്ധാരണത്തിന് സന്നദ്ധതയുള്ളവരുമാണ് താൻ വിഭാവനം ചെയ്യുന്ന ജീവിതശൈലി പുണരുവാൻ യോഗ്യതയുള്ളവർ എന്ന് അദ്ദേഹം മനസ്സിലാക്കി. ചൊവ്വന്നൂർ 1930 നവംബർ 21-ാം തീയതി ആരംഭിച്ച സ്ത്രീകളുടെ ഭക്തസംഘടനയുടെ കാര്യം ഊക്കനച്ചന്റെ മനോമുകുരത്തിൽ തെളിഞ്ഞുവന്നു. അവരെ പരിശീലിപ്പിച്ചെടുക്കുകയാണെങ്കിൽ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചു പ്രതികരിക്കുന്നതും മറ്റു സന്യാസിനി സമൂഹങ്ങളിൽ നിന്നും വ്യതിരിക്തവുമായ ഒരു പുതിയ സന്യാസിനി സമൂഹത്തിന് ജന്മം കൊടുക്കാനാകും എന്ന് അദ്ദേഹം കണ്ടു. പരിശീലനം നൽകുന്നതിനു കർമലീത്ത സന്യാസിനികളുടെ സഹായം അദ്ദേഹം തേടിയിരുന്നു. അതിനുള്ള അപേക്ഷ അന്നത്തെ തൃശൂർ രൂപതാധ്യക്ഷൻ ഡോ. ഫ്രാൻസീസ് വാഴപ്പിള്ളിക്കു സമർപ്പിച്ചു. എന്നാൽ അംഗീകാരം നൽകുക സാധ്യമല്ലെന്നും ഒരു ഭക്തസംഘടനയായി തുടരുകയാണ് നല്ലതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രതീക്ഷക്കു വിരുദ്ധമായി മറുപടി ലഭിച്ചപ്പോഴും ഊക്കനച്ചൻ എന്ന ദൈവിക മനുഷ്യൻ അചഞ്ചലനായി നിലകൊണ്ടു. സമയത്തിന്റെ പൂർണതയിൽ എല്ലാം നിറവേറും എന്ന പരിധിയില്ലാത്ത വിശ്വാസത്തോടെ ദൈവത്തിൽ ആശ്രയം വച്ച് ആ ദൈവസ്നേഹി പ്രതീക്ഷയോടെ മുന്നോട്ടുനീങ്ങി. 1944 ജൂൺ 16-ാം തീയതിവരെ അത് ഒരു ഭക്തസംഘടനയായി തുടർന്നു. സെന്റ് തോമസ് കോളേജ് മാനേജരായിരിക്കുമ്പോൾ തൃശൂരിൽ നടത്തിക്കൊണ്ടുപോന്നിരുന്ന അനാഥശാലയിലെ ഒരു വിധവയും പ്രസ്തുത ഭക്തസംഘടനയിൽ അംഗമായി ചേർന്നു. 1942 മെയ് 12-ാം തീയതി വാഴപ്പിള്ളി മെത്രാനച്ചൻ പരലോക പ്രാപ്തനായി. 1944 മെയ് 1-ാം തീയതി ഊക്കനച്ചന്റെ പ്രിയ ശിഷ്യൻ ഡോ. ജോർജ് ആലപ്പാട്ട് അഭിനവ മെത്രാനായി അഭിഷിക്തനായി.


മാർ ജോർജ് ആലപ്പാട്ട്

മാർ ജോർജ് ആലപ്പാട്ടുതിരുമേനിയുടെ മെത്രാഭിഷേകാഘോഷങ്ങൾ കഴിഞ്ഞ് ഒരു മാസത്തിനുശേഷം 1944 ജൂണിലെ ആദ്യ

വെള്ളിയാഴ്ച 16-ാം തീയതി ഫാദർ ഊക്കൻ തന്റെ ചിരകാലാഭിലാഷം മെത്രാനച്ചനെ അറിയിച്ചു. അദ്ദേഹം അതിൽ സന്തുഷ്ടിപ്രകടിപ്പിക്കുകയും 1944 നവംബർ 13-ാം തീയതിയിലെ 786/44 - ാം നമ്പർ കല്പനപ്രകാരം ഉപവി സന്യാസിനി സമൂഹം - കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി-എന്ന പേരിൽ ഒരു സന്യാസിനി സമൂഹമായി സ്ഥാപനാനുമതി



The Diocese of Trichur.

BISHOP'S HOUSE
TRICHUR.
Date 13-11-1944

We hereby erect the Diocesan Congregation of "The Sisters of Charity " at Chowannoor, with all the rights and privileges proper to them according to the Sacred canons.

Given at our Episcopal residence, Trichur, on the 13th day of November 1944, feast of St. Stanislaus.

786/44
13-11-44

+ Geo. Alapatt
Bishop of Trichur.

നൽകി അംഗീകരിച്ചാശീർവദിക്കുകയും ചെയ്തു.[6] അംഗീകാരത്തിനായി സമർപ്പിച്ച സംക്ഷിപ്ത നിയ മസംഹിത മെത്രാനച്ചൻ അംഗീകരിച്ച് അംഗങ്ങളുടെ പാലനത്തിനായി നൽകി.[7] 787/44-ാം നമ്പർ കല്പനപ്രകാരം ഫാദർ അഗസ്റ്റിൻ ജോൺ ഊക്കനെ പുതിയ സന്യാസിനി സമൂഹത്തിന്റെ കപ്ലോനായി നിയമിച്ചു.[8] അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നും കൃതജ്ഞതയുടെ സ്തുതിസ്തോത്രങ്ങൾ കരകവിഞ്ഞൊഴുകി. നന്ദി സൂചനയായി രാത്രി മുഴുവൻ അദ്ദേഹം ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ നിർന്നിമേഷനായി ചെലവഴിച്ചു. 1944 നവംബർ 21-ാം തീയതി കാണിക്കമാതാവിന്റെ തിരുനാൾ ദിവസം ഈ സന്യാസിനി സമൂഹം ഔദ്യോഗികമായി സ്ഥാപിതമായി. അന്ന് മെത്രാനച്ചന്റെ 788/44 കല്പനയനുസരിച്ച് മൂന്നു യുവതികൾ സ്ഥാപക പിതാവിൽ നിന്ന് ശിരോവസ്ത്രം സ്വീകരിച്ചു. **സിസ്റ്റർ കൊച്ചുത്രേസ്യ, സിസ്റ്റർ മേരി, സിസ്റ്റർ റീത്ത** എന്നീ മൂന്നുപേരാണ് ഈ സന്യാസിനി സമൂഹത്തിലെ ആദ്യ അംഗങ്ങൾ. സ്വയം മാതാവിന്റെ വിമലഹൃദയത്തിനു സമർപ്പിച്ചതുപോലെ തന്റെ വത്സല മക്കളെയും ആ മരിയഭക്തൻ പരി. അമ്മയുടെ വിമലഹൃദയത്തിനു സമർപ്പിച്ചു.



സി. മേരി　　　സി. കൊച്ചുത്രേസ്യ　　　സി. റീത്ത

പരിശുദ്ധ അമ്മയുടെ സമർപ്പണം പിതാവായ ദൈവത്തിന് ഏറ്റവും സ്വീകാര്യമായിരുന്നതുപോലെ തന്റെ മക്കളുടെ സമർപ്പണം ഈശോക്ക് ഏറ്റം സ്വീകാര്യമായ കാണിക്ക ആയിരിക്കണമെന്ന് ആ വത്സല പിതാവ് ഉപദേശിച്ചു. മാർ തോമാ ശ്ലീഹായുടെ ഭാരത പ്രവേശനവും നവംബർ 21-ാം തീയതിയാണല്ലോ. മാർ തോമാ ശ്ലീഹായുടെ സമർപ്പണത്തിന്റെ സമ്പൂർണത, ആഴമായ വിശ്വാസം, സാക്ഷാത്കാരത്തിന്റെ സായൂജ്യം, സുവിശേഷ പ്രഘോഷണം, പ്രേഷിത തീക്ഷ്ണതയൊക്കെ തന്റെ മക്കളും സ്വന്തമാക്കണമെന്ന് അദ്ദേഹം അഭിലഷിച്ചു.





കുന്ദംകുളത്തിനടുത്തുള്ള ചൊവ്വന്നൂരാണ് ഉപവി സന്യാസിനി സമൂഹത്തിന്റെ മാതൃഭവനം -പ്രസന്റേഷൻ മഠം-സ്ഥാപിക്കപ്പെട്ടത്. 1944 നവംബർ 9-ാം തീയതി മെത്രാനച്ചൻ ഈ മഠം ആശീർവദിക്കുകയും ചെയ്തു.[9]

സമർപ്പിത ജീവിതം സമൂഹപരമായി നയിക്കുന്ന സന്യാസിനികളുടെ ഒരു കുടുംബമാണ് ഉപവി സന്യാസിനി സമൂഹം. ധ്യാനാത്മക ജീവിതവും പ്രവർത്തനാത്മകജീവിതവും ഇവർ ഒരുമിച്ചു കൊണ്ടുപോകുന്നു. യേശുവുമായി ഐക്യപ്പെട്ട് ഒരേ സ്ഥാപകസിദ്ധിയിലൂടെ മുന്നേറിക്കൊണ്ട് ദൈവരാജ്യസ്ഥാപനത്തിനും, വ്യാപനത്തിനുമായി പാവങ്ങളുടെയും പാപികളുടെയുമിടയിൽ ഉപവി സഹോദരിമാർ പ്രവർത്തിക്കുന്നു. ഈ സന്യാസിനി സമൂഹത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം പാവങ്ങളുടെ സമഗ്രമായ ഉദ്ധാരണമാണ്.[10] രോഗികളെ ശുശ്രൂഷിക്കുക, അഗതികൾക്ക് യഥായോഗ്യം അഭയസ്ഥാനവും അന്നദാനവും വിദ്യാഭ്യാസവും നൽകുക എന്നിവയെല്ലാം ഇതിലുൾപ്പെടുന്നു.[11]



സി.എസ്.സി. യുടെ പിള്ളത്തൊട്ടിൽ

ഉപവി സഹോദരിമാർക്കായി ഒരു ജീവിതശൈലിയും ആ വത്സല പിതാവ് രൂപപ്പെടുത്തി. ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹം വ്യക്തമാക്കുന്നതാണ് ഈ **ജീവിതശൈലി:**

❖ ഓരോ ദിവസവും യേശുവുമായി സായൂജ്യത്തിലെത്തി, അവിടുന്നിൽ നിന്നും ചൈതന്യം നുകർന്നെടുത്ത് സഹോദരങ്ങൾക്കു പകർന്നുകൊടുക്കുക. അഗാധമായ എളിമയോടുകൂടി എപ്പോഴും പിതാവിന്റെ ഇഷ്ടം നിറവേറ്റുക.

❖ സ്നേഹത്തിന്റേയും ഐക്യത്തിന്റേയും ഉദാത്ത മാതൃക നൽകിയ പരിശുദ്ധ ത്രിത്വത്തെപ്പോലെ സഹോദരിമാർ പരസ്പരം സ്നേഹവും ഐക്യവും ഉള്ളവരായിരിക്കണം. ലാളിത്യവും, എളിമയും, സംലഭ്യതയും, സന്തോഷവും, പരസ്പര ആദരവും അംഗങ്ങളിൽ നിറഞ്ഞുകവിഞ്ഞ് കുടുംബാരൂപിയോടുകൂടി അവർ ജീവിക്കണം.

❖ അവർ നാലാമതൊരു വ്രതമെടുക്കുന്നുണ്ടെങ്കിൽ അത് എളിമ ആയിരിക്കണം. സ്വന്തം ഇല്ലായ്മയെപ്പറ്റിയുള്ള പരിശുദ്ധമായ അവബോധവും ദൈവപരിപാലനയിൽ പരിധിയും പരിമിതിയുമില്ലാത്ത വിശ്വാസവും അവർക്കുണ്ടായിരിക്കണം.

❖ ദൈവജനത്തിനിടയിൽ പ്രത്യേകിച്ച് പാവങ്ങൾക്കും പാപികൾക്കുമിടയിൽ ഒരിക്കലും നിലക്കാത്ത സ്വയം ദാനം അവർ നിർവഹിക്കണം. അങ്ങനെ ക്രിസ്തുവിന്റെ കരുണയും ആർദ്രതയും നിറഞ്ഞ സ്നേഹം അവർക്ക് അനുഭവവേദ്യമാക്കിക്കൊടുത്ത് ഉദ്ധരിക്കണം. പാവങ്ങളുടെ മനോഭാവത്തോടും വികാരത്തോടും യോജിച്ചുകൊണ്ട് അവരുടെ ആത്മാർഥ സുഹൃത്തിനെപ്പോലെ പുഞ്ചിരിയോടുകൂടി ക്ഷമിച്ച്, സന്തോഷത്തോടുകൂടി സഹിച്ച്, യഥാർഥ സന്തോഷം അവർക്ക് അനുഭവവേദ്യമാക്കിക്കൊടുക്കണം.

❖ ലോകത്തിന്റെ മുഴുവൻ പരിത്രാണകർമം ലക്ഷ്യം വച്ചുകൊണ്ട് ലോകാരൂപിയോടു വിരക്തിയുള്ളവരും പ്രേഷിത തീക്ഷ്ണതയുള്ളവരുമായിരിക്കുക. എല്ലാവർക്കും എപ്പോഴും സംലഭ്യരാകുവാൻ, ദൈവശുശ്രൂഷക്കായി എല്ലായിടത്തും-ലോകത്തിന്റെ മുക്കിലും മൂലയിലും-പോകുവാൻ എല്ലാറ്റിൽ നിന്നും എല്ലാവരിൽ നിന്നുമുള്ള വിരക്തി ആവശ്യമാണ്. സന്യാസിനി സമൂഹത്തിന്റെ ചൈതന്യവും അതുതന്നെയാണ്.

**അങ്ങനെ ഒരു ഉപവിസഹോദരി:**
സ്വാർഥത്തെ മറക്കുന്നവളും
മറ്റുള്ളവരെ പരിഗണിക്കുന്നവളും
വിധിക്കുന്നതിൽ വിവേകം പാലിക്കുന്നവളും
ശ്രവിക്കുവാൻ സന്നദ്ധയും
ആത്മാർഥതയോടെ ബഹുമാനപുരസ്സരം മറുപടി പറയുന്നവളും
വിജയത്തിൽ വിനയശീലയും
പരാജയത്തിൽ ശാന്തശീലയും
സഹകരണ മനോഭാവമുള്ളവളും
ശുശ്രൂഷക്കു സംലഭ്യയും

എപ്പോഴും ദൈവത്തിനും ദൈവജനത്തിനുമായി മാറ്റിവയ്ക്കപ്പെട്ടവളുമായിത്തീരുന്നു. ഇവയെല്ലാം സ്നേഹത്തിന്റെ ഫലങ്ങളാണ് (1 കൊറി.13:4-7).

**ക്രിസ്തുവിന്റെ പെസഹാരഹസ്യം അവളെ:**
അടിമത്വത്തിൽനിന്നു സ്വാതന്ത്ര്യത്തിലേക്കും
അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും
മരണത്തിൽനിന്നു ജീവനിലേക്കും

അഗതിത്വത്തിൽനിന്നു അനന്ത നിക്ഷേപങ്ങളിലേക്കും ഏകാന്തതയിൽനിന്നു ദൈവൈക്യത്തിലേക്കും നയിക്കുന്നു. മറ്റുള്ളവരെ ഇവയിലേക്കെല്ലാം ആനയിക്കുവാൻ പ്രാപ്തയാക്കുന്നു.

അങ്ങനെ എല്ലാവരും ഒന്നായിത്തീർന്ന് (യോഹ.17:22) പിതാവിന്റെ സ്നേഹം അനുഭവിച്ചാസ്വദിച്ച് നവസമൂഹമായി സ്തോത്രഗീതം ആലപിച്ച് നിത്യകിരീടം സ്വന്തമാക്കുന്നു.

**ഉപവിസഹോദരിയുടെ**

മാതൃക യേശുവാണ്.
ലക്ഷ്യം യേശുവാണ്.
വഴി ക്രൂശിതനായ ക്രിസ്തുവാണ്.

---

## അടിക്കുറിപ്പുകൾ

1. II Vat. Council., Lumen Gentium, 43, 44.
2. Lights from heaven., 2-7 September 1924, pp. 350-351.
3. Ibid., 1925, p. 354.
4. Oral Testimony., Sr Petronila CSC
5. Souvenir Adaranjali., p. 39.
6. Early Documents 23.
7. Chowannur Presentation CSC Convent., Chronicle, p. 1.
8. Early Documents 24, 24a.
9. Chowannur Presentation CSC Convent., Chronicle, p. 1.
10. Early Documents 26, 26a.
11. Early Documents 30,31.


No. 784/44
13-11-44

നാം

ജോർജ്ജ് ആലപ്പാട്ട്

FORTITER ET SUAVITER

ദൈവകൃപയാലും ശ്ലീഹായ്ക്കടുത്ത തിരുസിംഹാസനത്തിൻ അനുഗ്രഹത്താലും

തൃശ്ശിവപേരൂർ രൂപതയുടെ മെത്രാൻ

......................................................

അച്ചന്ന് ആശിർവ്വാദം.

നാം താങ്കളെ ഈ പത്രോത്തിമൂലം......................................................

മഠത്തിന്റെ കപ്പളോനായി നിയമിച്ചിരിക്കുന്നു. പ്രസ്തുത മഠാംഗങ്ങൾ താങ്കളെ കപ്പളോനാ

P. T. O.

യ് സ്വീകരിച്ച് താങ്കൾക്കുചിതമായ വിനയോപചാരങ്ങളും അനുസരണവും പ്രദർശിപ്പിക്കേണ്ടതാണെന്നു ഇതിനാൽ നാം അവരോടും ആജ്ഞാപിക്കുന്നു...........................മാസം 13...ാംനു പുതിയ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

എന്ന്, തൃശ്ശിവപേരൂർ
നമ്മുടെ അരമനയിൽനിന്നും
13-11-44

J. C. Alapatt
Bp. of Trichur

നിയമന പത്രിക, സന്യാസിനി സമൂഹ സ്ഥാപകൻ

## സ്ഥാപകസിദ്ധി

സിദ്ധി പരിശുദ്ധാത്മാവിന്റെ ദാനമാണ്. ഇത് എല്ലാ മനുഷ്യർക്കും ലഭിക്കുന്നുണ്ട് (അപ്പ. പ്ര. 10:45-46). എന്നാൽ ഓരോരുത്തർക്കും പ്രത്യേക ദാനങ്ങളാണ് ലഭിക്കുന്നത് (1 കൊറി. 7:7). ഓരോരുത്തരും തങ്ങൾക്കു ലഭിച്ച വ്യത്യസ്ത ദാനത്തെ ദൈവത്തിന്റെ വിവിധ ദാന ങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കണം (1 പത്രോ. 4:10; റോമ 12:6-8). ഓരോ കാല ഘട്ടത്തിലെയും തിരുസഭയുടെ ആവശ്യങ്ങൾക്കനുസരിച്ചു ചില പ്രത്യേക വ്യക്തികൾക്കു ദൈവം പ്രത്യേക സിദ്ധികൾ നൽകുന്നു. വ്യക്തിപരമായി ഓരോരുത്തർക്കും നൽകുന്ന സിദ്ധികളിൽ നിന്നും വിഭിന്നമാണിത്. അതുകൊണ്ട് ഇതിനു ഒരു പ്രത്യേക ദൗത്യവു മുണ്ടായിരിക്കും (എഫേ. 3:7-10). ഇതു വിശുദ്ധരെ പരിപൂർണരാക്കു ന്നതിനും, ശുശ്രൂഷയുടെ ജോലി ചെയ്യുന്നതിനും, ക്രിസ്തുവിന്റെ ശരീരത്തെ പണിതുയർത്തുന്നതിനും വേണ്ടിയാണ് (എഫേ. 4:7-12). ഇത്തരം സിദ്ധി ലഭിക്കുന്നവർക്ക്:

- ❖ തിരുസഭയുടെ കാലികമായ ആവശ്യങ്ങൾ വിവേചിച്ചറിയു വാനുള്ള ആത്മീയപ്രകാശം ലഭിക്കുന്നു.
- ❖ ഈ ആവശ്യങ്ങൾ സഫലീകരിക്കുവാനുള്ള പ്രസാദവരം ലഭിക്കുന്നു.
- ❖ ഇവ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനുള്ള വഴിയും ഉപാധിയും കണ്ടുപിടിക്കുവാൻ സഹായിക്കുന്നു.
- ❖ യേശുവിന്റെ ജീവിതത്തിലെ ഒരു പ്രത്യേക ഗുണത്തോട് ശക്തമായ ആകർഷണമുണ്ടാവുകയും അത് അനുകരിക്കുകയും ചെയ്യുന്നു. തനിക്കു ലഭിച്ച സിദ്ധി നിരന്തരമായ പ്രാർഥന യിലൂടെ സാധനയാക്കി മാറ്റുന്നു.

**സ്ഥാപകസിദ്ധിയുടെ അവശ്യ ഘടകങ്ങൾ:**

- ❖ സുവിശേഷ സത്ബുദ്ധികളെപ്പറ്റിയുള്ള ജീവിതബന്ധിയായ അറിവ്.
- ❖ ആ കാലഘട്ടത്തിലെ തിരുസഭയുടെ ആവശ്യങ്ങളെപ്പറ്റിയുള്ള ഉൾക്കാഴ്ച.
- ❖ ഈ ആവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഏറ്റവും അനു യോജ്യമായ മാർഗങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള കഴിവ്.

❖ യേശുവിന്റെ ജീവിതത്തിലെ ചില പ്രത്യേക നിമിഷങ്ങളെ അടുത്തനുഗമിക്കുന്നതിനുള്ള ഉത്ക്കടമായ ആഗ്രഹം.

സ്ഥാപകന്റെ വ്യക്തിപരമായ സിദ്ധിയും (Founder's charism) സ്ഥാപക സിദ്ധിയും (Founding charism) തമ്മിൽ വ്യത്യാസമുണ്ട്. വ്യക്തിപരമായ സിദ്ധി തന്റെ അനുയായികൾക്ക് കൈമാറിക്കൊടുക്കുവാൻ സാധിക്കുകയില്ല. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സ്ഥാപകസിദ്ധി എല്ലാവരിലേക്കും വ്യാപിക്കുന്നു. അങ്ങനെ കാലഘട്ടത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കുന്നതിനും ആ വിളിക്കനുസരിച്ച് പ്രത്യുത്തരിക്കുന്നതിനും സാധിക്കുന്നു. സ്ഥാപക സിദ്ധി വെളിപ്പെടുത്തപ്പെട്ടതും ക്രിയാത്മകവും സ്ഥായിയായ സമ്പാദ്യവുമായി (പിതൃസ്വത്ത്) സ്ഥാപകന്റെ മരണശേഷവും നിലകൊള്ളുന്നു. വ്യത്യസ്തമായ സാഹചര്യങ്ങളിലും പരിസ്ഥിതിയിലും സമൂഹാംഗങ്ങളെ ഏകോപിപ്പിക്കുന്നതും അവർക്ക് പ്രചോദനം നൽകുന്നതുമായ ഘടകം സ്ഥാപകസിദ്ധിയാണ്. സന്യാസിനി സമൂഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും കേന്ദ്രീകരിക്കേണ്ടത് ഈ സിദ്ധിയിലാണ്. കാലഘട്ടങ്ങൾക്കനുയോജ്യമായ മാറ്റങ്ങൾക്കനുസരിച്ച് സമൂഹാംഗങ്ങളുടെ ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതും അവരെ ഉദ്ബുദ്ധരാക്കുന്നതുമായ അടിസ്ഥാന ഘടകം സ്ഥാപകസിദ്ധിയായിരിക്കണം.

യേശുവിനെ ഏറ്റവും അടുത്തനുഗമിച്ചുകൊണ്ട് തനിക്കു ലഭിച്ച പരിശുദ്ധാത്മാവിന്റെ പ്രത്യേകദാനം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ ഊക്കനച്ചൻ തീരുമാനിച്ചുറച്ചു. യേശുവിന്റെ കരുണാർദ്ര സ്നേഹം ആയിരുന്നു അദ്ദേഹത്തിന്റെ പ്രാർഥനാജീവിതത്തിന്റെ കേന്ദ്രബിന്ദു. അദ്ദേഹത്തിന്റെ ആത്മാവിന്റെ ആന്തരിക സന്ദേശത്തിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട്. ഞാൻ യേശുവിന്റെ കരുണയാൽ ഉയർത്തപ്പെട്ട സ്മാരകമായിരിക്കും.[1] എന്റെ സഹോദരന്മാരിൽ ക്രിസ്തുവിന്റെ വ്യക്തിത്വം ഞാൻ കാണണം. അപ്പോൾ പരസ്നേഹ പ്രവൃത്തികൾ ചെയ്യുവാൻ എളുപ്പമാകും.[2] ക്രിസ്തുവിനെപ്പോലെയാകുക എന്നതാണ് എന്റെ ഒരേയൊരു പ്രതിജ്ഞ.[3] എന്റെ ഗുരുവും രക്ഷകനും മാതൃകയുമായ യേശുവിനെ ഞാൻ അടുത്തനുഗമിക്കും.[4] എല്ലായിടത്തും യേശുവിനെ ഞാൻ പിഞ്ചെല്ലും.[5] എല്ലായിടത്തും എപ്പോഴും എന്റെ നായകനും മാതൃകയുമായ യേശു പ്രവർത്തിച്ചാലെന്നപോലെ ഞാനും പ്രവർത്തിക്കും.[6] ഞാൻ ജീവിക്കുന്നുവെങ്കിൽ അങ്ങയെപ്പോലെയാകുവാൻ, അങ്ങയോടുകൂടിയായിരിക്കുവാൻ ആഗ്രഹിക്കുന്നു.[7] എന്റെ അസ്തിത്വത്തിന്റെ ലക്ഷ്യം ദൈവത്തെ അറിയു

കയും സ്നേഹിക്കുകയുമാണ്.[8] ഈശോയുടെ തിരുഹൃദയം സ്നേഹത്തിന്റെ ഇരിപ്പിടമാണ്.[9] ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും യേശു പ്രവർത്തിച്ചതുപോലെ പ്രവർത്തിച്ചുകൊണ്ട് മറ്റൊരു ക്രിസ്തുവായി മാറി അവിടുത്തെ സ്നേഹം സഹജർക്കു പകർന്നു കൊടുക്കുവാനുള്ള തീരാത്ത ദാഹമാണല്ലോ നാം ഇവിടെ കാണുന്നത്.

ദൈവത്തിന് മനുഷ്യരോടുള്ള കരുണയും ആർദ്രതയും നിറഞ്ഞ സ്നേഹം ലൂക്കാ സുവിശേഷകൻ വിവരിക്കുന്നുണ്ട്. പാപിനിക്ക് മോചനം നൽകി മകളേ എന്നു വിളിച്ച് അംഗീകരിക്കുന്ന നല്ല പിതാവ് (ലൂക്ക 7:36-50), സാർവത്രിക സ്നേഹത്തിന്റെ ഉടമയായ ദൈവം (ലൂക്ക 10:30-35), കാണാതെപോയ ആടിനെ അന്വേഷിച്ചു പോകുന്ന ഇടയനെപ്പോലെ (ലൂക്ക 15:4-7), നഷ്ടപ്പെട്ട നാണയം തേടുന്ന വിധവയെപ്പോലെ (ലൂക്ക 15:8-10), അപ്പൻ മകനെ കാത്തിരിക്കുന്നു (ലൂക്ക 15:11-24). മകൻ അപ്പനെ മറക്കുവാൻ ശ്രമിച്ചപ്പോഴും മകനെക്കുറിച്ചുമാത്രം ചിന്തിക്കുന്ന, ക്ഷമിക്കുന്ന പിതാവ്, അത്ഭുതപ്പെടുത്തുന്ന ഔദാര്യം. അവിടുന്ന് എല്ലാവരേയും ശ്രദ്ധിച്ചു. എല്ലാവർക്കും അവിടുത്തെ ക്ഷമയും സഹായവും വാഗ്ദാനം ചെയ്തു (ലൂക്ക 5:32). ഏറ്റം നിന്ദിതരെയും സമൂഹം പുറന്തള്ളിയവരെയും അവിടുന്ന് സ്നേഹിച്ചു (ലൂക്ക 7:36-50). ഈശോയുടെ സ്നേഹം രണ്ടു ഘട്ടങ്ങളിൽ ഏറെ ശ്രദ്ധേയമായി. ഒന്നാമത്തേത് കുരിശിലാണ്. തന്റെ സഹനത്തിലൂടെയും മരണത്തിലൂടെയും ഈശോ പിതാവിനോടും മനുഷ്യരോടുമുള്ള സ്നേഹം വെളിപ്പെടുത്തി (ലൂക്ക 9:22). രണ്ടാമത്തേത് പരിശുദ്ധ കുർബാനയാണ്. ആത്മദാനത്തിന്റെ പൂർണതയാണ് പരിശുദ്ധ കുർബാന. സ്നേഹത്തിന്റെ ഉദാത്തമായ മാതൃക നൽകിയ യേശുവിനെ അനുകരിക്കുവാനാണ്, യേശുവിനെപ്പോലെയാകുവാനാണ്, യേശു പ്രവർത്തിച്ചതുപോലെ പ്രവർത്തിക്കുവാനാണ് ഊക്കനച്ചൻ പ്രതിജ്ഞകളെടുത്തത്. അതായിരുന്നു അദ്ദേഹത്തിനുലഭിച്ച ആത്മാവിന്റെ പ്രത്യേക ദാനം.

അദ്ദേഹത്തിന്റെ തിരുഹൃദയഭക്തിയും, ദിവ്യകാരുണ്യഭക്തിയും, പരിശുദ്ധ അമ്മയോടുള്ള ഭക്തിയും ഈശോയോടുള്ള ആഴമായ സ്നേഹത്തിൽനിന്നും ഉദ്ഭൂതമായവയായിരുന്നു. അതുകൊണ്ട് യേശുവിനെ അനുകരിക്കുക, സുവിശേഷ ചൈതന്യം പാവപ്പെട്ടവർക്കും പാപികൾക്കും നൽകുക[10] എന്നീ ഉത്തരവാദിത്വങ്ങൾ അദ്ദേഹം തന്റെ മക്കൾക്കു നൽകി.

അസത്യത്തിൽനിന്നും സത്യത്തിലേക്കും, അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കും, മരണത്തിൽ നിന്നും മരണമില്ലായ്മ യിലേക്കും എല്ലാവരേയും പ്രത്യേകിച്ച് നിരാശ്രയരും സമുദായം അവഗണിച്ചവരും പാപികളും അതിർവരമ്പുകളിൽ കഴിയുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരും പാവങ്ങളുമായവരെ ആനയിക്കുക, അവരിൽ ക്രിസ്തുവിനെ ദർശിച്ചുകൊണ്ട് അവരെ കൈപിടിച്ചു യർത്തി പിതാവിന്റെ സ്നേഹവിരുന്ന് അനുഭവവേദ്യമാക്കിക്കൊ ടുക്കുക (മത്താ. 25:40), സ്വയം ശൂന്യവൽക്കരണത്തിലൂടെ (ഫിലി. 2:5-8) യേശുവുമായി താദാത്മ്യം പ്രാപിച്ചുകൊണ്ട് പലവിധ ബന്ധന ത്തിൽ കഴിയുന്നവരുടെ അടിമച്ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ്, സമൂഹ ത്തിൽ നിലനിന്നിരുന്ന എല്ലാ തിന്മകളിൽ നിന്നും അവരെ സ്വതന്ത്ര രാക്കി (ലൂക്ക 4:18-19), പിതാവിന്റെ കരുണാർദ്ര സ്നേഹം ഈ ലോക ത്തിൽവച്ചുതന്നെ അനുഭവവേദ്യമാക്കിക്കൊടുത്ത് സമഗ്രമായി ഉദ്ധ രിക്കുക - അതാണ് ഉപവി സന്യാസിനി സമൂഹത്തിന്റെ സ്ഥാപക സിദ്ധി.

ദൈവിക വെളിപ്പെടുത്തലുകളോട് തിടുക്കത്തിൽ പ്രതികരി ച്ചവളും (ലൂക്ക 1:39-45)[11] അപരന്റെ ദു:ഖങ്ങൾക്ക് അറുതി വരുത്തു ന്നവളുമായ (യോഹ. 2:1-11)[12] പരിശുദ്ധ അമ്മയെപ്പോലെയും കരു ണയുടെ മഹത് പാഠങ്ങൾ പകർന്നു നൽകിയ നല്ല സമറിയാക്കാ രനെപ്പോലെയും (ലൂക്ക 10:25-37)[13] ശുശ്രൂഷ ചെയ്യണമെന്നും അദ്ദേഹം പ്രബോധനം നൽകി. മത്താ 5:48, ലൂക്ക 6:36 എന്നീ തിരുവചനങ്ങൾ ജീവിച്ച് വിശുദ്ധരാകണമെന്ന് അദ്ദേഹം നിരന്തരം ഉപദേശിച്ചു.[14]

ഈ ലക്ഷ്യപ്രാപ്തിക്കായി ലോകത്തിൽ എല്ലായിടത്തും പോക ണമെന്നും അനേകം ആത്മാക്കളെ യേശുവിനായി നേടണമെന്നു മുള്ള ഉൾപ്രചോദനവും അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. ഭൂഗോ ളത്തിന്റെ എല്ലാ ഭാഗത്തും - മരവിപ്പിക്കുന്ന തണുപ്പിലും, പൊള്ളുന്ന ചൂടിലും - ആത്മാക്കളെ തേടുന്ന ജോലിയിൽ എല്ലാവരും വ്യാപൃ തരാകട്ടെ.[15] മിഷണറിമാരെല്ലാവരും പ്രാർഥനയുടെ മനുഷ്യരായി രിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. അടിയുറച്ചതും തീവ്രവുമായ അന്തരംഗ ജീവിതം ബാഹ്യപ്രവർത്തനങ്ങളിൽ മാറ്റു കൂട്ടുകയും, കഴമ്പില്ലാത്തതും, ബാഹ്യമാത്രവുമായ പുണ്യം ബാഹ്യപ്രവർത്തന ങ്ങളിൽ ക്ഷയിക്കുകയും ചെയ്യുന്നു.[16] യേശുവിന്റെ ദൗത്യ നിർവഹണ ത്തിനായി അയയ്ക്കപ്പെടുന്ന എല്ലാ മിഷണറിമാർക്കും, അത്യാഗാ ധമായ ക്ഷമയുണ്ടാകണം, കർത്താവിന്റെ സന്ദർശനം പ്രതീക്ഷിക്കു കയും വേണം.[17]

ദൈവം ആവശ്യപ്പെടുന്നിടത്ത് പരിശുദ്ധ അമ്മയെപ്പോലെ തിടുക്കത്തിൽ ഇറങ്ങിച്ചെല്ലുക[18] എന്നാണ് പ്രവർത്തന മണ്ഡലങ്ങൾ തെരഞ്ഞെടുക്കുന്നതിനെപ്പറ്റി സ്ഥാപക പിതാവ് പറയുന്നത്.

---

## അടിക്കുറിപ്പുകൾ

1. Lights from heaven., 1 December, 1903.
2. Ibid., 2 July, 1903.
3. Ibid., 20 June, 1904.
4. Ibid., 14 December, 1932.
5. Ibid., 1903.
6. Ibid., 11 December, 1903.
7. Ibid., 23 September, 1903.
8. Ibid., 20 June, 1903.
9. Ibid., 19 December, 1932.
10. Confrences., 1946.
11. Lights from heaven., 2 July 1903, p. 65.
12. Ibid., 10 May 1903, p. 44.
13. Ibid., 7 August, 1903, p. 83.
14. Oral Testimony., Sr Alberta CSC, Sr Bridget CSC.
15. Lights from heaven., 18 December, 1932.
16. Confrences., 1946.
17. Lights from heaven., 18 December, 1932.
18. Confrences., 1946.



Frater Rudericus a S. Franc. de Paula

CARMELITA EXCALCEATUS

CAUSARUM SERVORUM DEI EJUSDEM ORDINIS POSTULATOR

Universis praesentes litteras inspecturis fidem facimus atque testamur, ab authenticis Reliquiis quae apud nos servantur, extraxisse particulam ex tunica interiori Sanctae Teresiae a Iesu Infante Virginis quam in theca ex aurichalco formae rotundae chrystallo munita, filo serico coloris rubri et sigillo nostro obsignata collocavimus. In quorum fidem has litteras manu nostra subscriptas et sigillo munitas dedimus.

Datum Romae e Conventu S. Mariae de Victoria die 17 Maji anni 1929

Fr. Rudericus a S. Franc. de Paula Carm. Excalc. Postulator Generalis

GRATIS

Certificate, Relic of St Therese

## ആദ്യകാല പരിശീലനം

സഭാസ്ഥാപകനായ ഫാദർ ഊക്കൻ തന്നെയാണ് ആദ്യത്തെ അംഗങ്ങൾക്ക് പരിശീലനം നൽകിയത്. താൻ രൂപകൽപന ചെയ്തതുപോലെയുള്ള സന്യാസിനികളെ രൂപപ്പെടുത്തുന്നതിന് അത് ആവശ്യവുമാണല്ലോ. വിശുദ്ധഗ്രന്ഥം, ദൈവശാസ്ത്രം, സന്യാസം, ആത്മീയജീവിതം എന്നീ ക്ലാസ്സുകൾ അദ്ദേഹം നൽകിയിരുന്നു. കർമലീത്ത സന്യാസിനി സമൂഹത്തിലെ സി. ജെർത്രൂദ്, സി. ബാപ്റ്റിസ്റ്റ എന്നിവർ അദ്ദേഹത്തെ സഹായിച്ചു. അവർ 1944 നവംബർ 18-ാം തീയതി ചൊവ്വന്നൂർ വന്നു താമസിച്ച് അർഥിനികൾക്കാവശ്യമായ പരിശീലനം നൽകിക്കൊണ്ടിരുന്നു.[1]

ദിവസവും രാവിലെയും വൈകീട്ടും വിശുദ്ധ ഗ്രന്ഥം അടിസ്ഥാനമാക്കി അദ്ദേഹം ധ്യാനം നയിച്ചിരുന്നു. ദിവ്യകാരുണ്യ ഭക്തി, തിരുഹൃദയ ഭക്തി, ദൈവമാതൃ ഭക്തി, വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തി, കാവൽമാലാഖയോടുള്ള ഭക്തി എന്നിവ അവരെ പരിശീലിപ്പിക്കുകയും ചെയ്തു. ക്രൂശിതനായ ഈശോയുമായി ആഴമായ വ്യക്തിബന്ധം വളർത്തിയെടുത്ത് ഉദാത്തമായ സഹനത്തിന്റെയും സ്വയനിഗ്രഹത്തിന്റെയും ശൂന്യവത്ക്കരണത്തിന്റെയും മഹനീയ പാഠങ്ങൾ ജീവിതത്തിലേക്കു പകർത്തണമെന്ന് ഉദ്ബോധിപ്പിച്ചു. നോവിഷ്യറ്റിൽ പ്രവേശിക്കുന്നതിനുമുമ്പ് ഒരു മാസത്തെ ധ്യാനമുണ്ടായിരുന്നു. ആത്മീയ വളർച്ചക്കായി CMI വൈദികരുടെയും മറ്റു വൈദികരുടെയും സഹായം ലഭ്യമാക്കുകയും ചെയ്തു.

അർഥിനികളായിരുന്ന കാലത്തുതന്നെ തന്റെ മക്കൾ സിദ്ധിക്കനുയോജ്യമായ പ്രവർത്തനമേഖലകളിലേയ്ക്കിറങ്ങിച്ചെല്ലണമെന്നത് ഊക്കനച്ചന് നിർബന്ധമായിരുന്നു. അതുകൊണ്ട് ആരംഭം മുതൽക്കേ അവർ രോഗികളെ വീടുകളിൽ പോയി സന്ദർശിച്ച് ആവശ്യമായ ശുശ്രൂഷകൾ നൽകി. പാവപ്പെട്ടവരേയും വൃദ്ധജനങ്ങളേയും സന്ദർശിച്ച് സാന്ത്വനപ്പെടുത്തി. ഗ്രാമീണരുടെ പ്രശ്നങ്ങൾ സ്വന്തം പ്രശ്നങ്ങളായി കണക്കാക്കി നിവാരണമാർഗങ്ങൾ നിർദേശിച്ചു. അങ്ങനെ അവർ ഗ്രാമീണരുടെ സ്വന്തമായി മാറി. പലപ്പോഴും തങ്ങൾക്കായി സൂക്ഷിച്ചിരുന്ന ഭക്ഷണം വിശന്നുവലയുന്ന സഹോദരങ്ങൾക്കു നൽകി ആനന്ദനിർവൃതിയടഞ്ഞു. പാവപ്പെട്ടവരെ പഠിപ്പിച്ചും, രോഗികളെ ശുശ്രൂഷിച്ച് സുഖപ്പെടുത്തിയും, വേദനിക്കുന്നവരെ സാന്ത്വനപ്പെടുത്തിയും, മരണാസന്നരെ നല്ല മരണത്തിനൊരുക്കിയും അവർ

ഭവനങ്ങൾ തോറും കയറിയിറങ്ങി. അങ്ങനെ പാവപ്പെട്ടവരെയും സമുദായം ഉപേക്ഷിച്ചവരെയും കൈപിടിച്ചുയർത്തുന്നതിൽ ഉപവി സഹോദരിമാർ വ്യാപൃതരായി.

ഒരു ദിവസം കുടുംബസന്ദർശനം കഴിഞ്ഞ് തിരിച്ചെത്തിയ സഹോദരിമാർ ദരിദ്രയായ ഒരു സ്ത്രീയുടെ കാര്യം സ്ഥാപക പിതാവിനോടു പറഞ്ഞു. രോഗിയും ദരിദ്രയുമായ അവൾക്ക് ആരുമില്ല. ഉടുക്കുവാൻ ഉടുതുണിയോ, കിടക്കുവാൻ പായയോ ഇല്ല. ശരീരം മുഴുവൻ പഴുത്തൊലിക്കുന്ന വ്രണങ്ങൾ. ദീന വത്സലനായ ഊക്കനച്ചന്റെ മനസ്സലിഞ്ഞു. പാവപ്പെട്ട ആ സ്ത്രീയെ കുളിപ്പിച്ച്, വ്രണങ്ങൾ വൃത്തിയാക്കി, മരുന്നും തൈലവും ലേപനം ചെയ്യുന്നതിനായി തന്റെ മക്കളെ അദ്ദേഹം പറഞ്ഞു വിട്ടു, കിടക്കുവാൻ പായയും, തന്റെ മക്കൾ തയിക്കുവാൻ വച്ചിരുന്ന വസ്ത്രത്തിന്റെ തുണിയും, മരുന്നും, സ്വന്തം ഭക്ഷണവും ആ കരുണാർദ്രഹൃദയൻ കൊടുത്തുവിട്ടു. അവർ വീട് വൃത്തിയാക്കി, രോഗിക്കാവശ്യമായതെല്ലാം ചെയ്തുകൊടുത്തു.[2]

പരിപൂർണ ദാരിദ്ര്യത്തിന്റെ ഒരു സ്ഥലമായിരുന്നു മാതൃമഠം. എന്നാൽ പൂർണ സമാധാനവും സന്തോഷവും അവിടെ അവർ കണ്ടെത്തി. വിശപ്പടക്കാൻ ഭക്ഷണമില്ലാതിരുന്നപ്പോഴും തറയിൽ കിടന്നുറങ്ങുമ്പോഴും അവർക്ക് ആവലാതികളൊന്നുമുണ്ടായിരുന്നില്ല. ഒരവസരത്തിൽ അരിവാങ്ങുവാൻ വച്ചിരുന്ന പൈസ വിശന്നു വലഞ്ഞു വന്ന ഒരാൾക്ക് അദ്ദേഹം കൊടുത്തു. ഇതുകണ്ട് വിസ്മയഭരിതരായ മക്കളോടു സുസ്മേരവദനനായി ആ വത്സല താതൻ മൊഴിഞ്ഞു: അയാൾക്ക് ആരുമില്ലല്ലോ. ഒരു നേരമെങ്കിലും അയാൾ വയറു നിറയെ ഭക്ഷിക്കട്ടെ. നിങ്ങൾക്കു ഞാനുണ്ടല്ലോ.[3] കഷ്ടപ്പാടുകളിൽ ആനന്ദം കണ്ടെത്തുവാനും നിത്യ ജീവിതത്തിലേയ്ക്കുപകരിക്കുന്ന നിധികൾ ശേഖരിക്കുവാനും അച്ചൻ അവരെ അഭ്യസിപ്പിച്ചു. അവർക്കാശ്വാസവും ശക്തിയും പകർന്നുകൊടുത്തുകൊണ്ട് അച്ചനെപ്പോഴും സഹായത്തിനുണ്ടായിരുന്നു.[4]

സന്യാസത്തിന്റെ ആ പിള്ളത്തൊട്ടിലിൽ അംഗങ്ങൾ അനുസരിക്കേണ്ടതായ ക്രമങ്ങളും ടൈംടേബിളും അച്ചൻ എഴുതിക്കൊടുത്തു. പ്രാർഥന, പഠനം, ഭക്ഷണം, മൗനാനുഷ്ഠാനം, ഉല്ലാസം, പ്രേഷിത പ്രവർത്തനങ്ങൾ എല്ലാം ടൈംടേബിളനുസരിച്ചു കൃത്യമായി അവർ ആചരിച്ചിരുന്നു. അച്ചന്റെ മാതൃകയും ഉപദേശവും അവർക്കു പ്രചോദനമരുളി. സന്യാസജീവിതം പുണ്യപൂർണതയിലേക്കുള്ള പരിശീലനക്കളരിയാണെന്നും പുണ്യപൂർണത അടങ്ങിയിരിക്കുന്നത്

ദൈവത്തേയും മനുഷ്യരേയും സ്നേഹിക്കുന്നതിലാണെന്നും അദ്ദേഹം പഠിപ്പിച്ചു. പ്രാർഥനയിലൂടേയും പരസ്നേഹപ്രവർത്തനങ്ങളിലൂടേയും ഒരു സന്യാസിനിയ്ക്ക് ഈ ലോകത്തിൽ നന്മ ചെയ്യാനാകും എന്ന് അദ്ദേഹം പ്രബോധനം നൽകി. ദൈവത്തിന്റെ കരം അവരോടുകൂടെയുണ്ടായിരുന്നു. ദൈവസ്നേഹം, പരസ്നേഹം, അനുസരണം, എളിമ, ദാരിദ്ര്യം, കൃത്യനിഷ്ഠ, നിയമാനുസരണം തുടങ്ങിയ സുകൃതങ്ങൾ വീരോചിതമായി അഭ്യസിക്കുവാൻ അച്ചൻ അവർക്കു പരിശീലനം നൽകിയിരുന്നു. എളിയ പ്രവൃത്തികൾ ചെയ്യുവാനും എളിമ അഭ്യസിക്കുവാനും ഉതകുന്ന മാർഗങ്ങൾ ഉപയോഗിച്ച് സംയമനം ശീലിക്കുവാൻ അവരെ അദ്ദേഹം പഠിപ്പിച്ചു.[5]

ഓരോ വർഷവും വ്യത്യസ്ത ധ്യാനങ്ങൾ സിസ്റ്റേഴ്സിന് നൽകിയിരുന്നു. ജനുവരി മാസത്തിൽ നോവിഷ്യറ്റുകാർക്കും ജൂൺ മാസത്തിൽ ജൂനിയർ സിസ്റ്റേഴ്സിനും ഒരു മാസത്തെ ധ്യാനം നൽകിയിരുന്നു. കൂടാതെ മാസധ്യാനങ്ങളും കൃത്യമായ ക്ലാസ്സുകളും ഉപദേശങ്ങളും നൽകി സന്യാസത്തിന്റെ അടിത്തറ പാകി. സിസ്റ്റേഴ്സിന്റെ അനുദിന ധ്യാനം നയിച്ചിരുന്നതും അദ്ദേഹം തന്നെയാണ്. മാസാദ്യവെള്ളിയാഴ്ച ഈശോയുടെ തിരുഹൃദയത്തെപ്പറ്റി ധ്യാനം നയിച്ച് സ്വയം ശൂന്യവത്ക്കരിച്ച സ്നേഹത്തിന്റെ മഹനീയത വെളിപ്പെടുത്തിക്കൊടുക്കുക പതിവായിരുന്നു. ലാളിത്യപൂർണമായ ജീവിതശൈലി സ്വന്തമാക്കി പാവപ്പെട്ടവരുടെ ഇടയിൽ എളിയ ശുശ്രൂഷകൾ ചെയ്യുവാൻ നിരന്തരം പരിശീലനവും പ്രചോദനവും നൽകി.[6]

ഇത്രയുമായപ്പോൾ ഈ സന്യാസിനി സമൂഹത്തിൽ ചേരുവാൻ ആഗ്രഹിക്കുന്ന യുവതികളുടെ എണ്ണം വർധിച്ചു തുടങ്ങി. ഫാദർ ഊക്കന്റെ ഹൃദയം കുളിർമ പ്രാപിച്ചു. മഠത്തിൽ ചേരുവാനുള്ള അപേക്ഷയുംകൊണ്ട് തന്നെ സമീപിച്ചിരുന്ന അർഥിനികളോട് അദ്ദേഹം പറഞ്ഞിരുന്നതു ജനങ്ങളുടെ ഇടയിലേയ്ക്കിറങ്ങിച്ചെന്ന് അവരെ ആശ്വസിപ്പിക്കുവാനും, പ്രായാധിക്യത്താലും രോഗത്താലും അവർക്കു ചെയ്യുവാൻ സാധിക്കാത്ത വ്യക്തിപരമായ ജോലികളും ആവശ്യങ്ങളും നിർവഹിച്ചുകൊടുക്കുവാനും സന്നദ്ധതയുള്ളവരെയാണ് എനിക്കാവശ്യം എന്നാണ്. ഈ സിദ്ധിയില്ലാത്തവരെ മറ്റു സന്യാസിനി സമൂഹങ്ങളിലേയ്ക്ക് അദ്ദേഹം പറഞ്ഞുവിട്ടു.[8] സിസ്റ്റേഴ്സിന്റെ വളരെ ചെറിയ തെറ്റുകൾ പോലും തിരുത്തി വിശുദ്ധിയിലേക്കു വളർത്തുവാൻ അദ്ദേഹം വളരെയധികം ശ്രദ്ധ ചെലുത്തിയിരുന്നു. സ്ഥാപക പിതാവിൽ നിന്നും നല്ല മാതൃകയും പരിശീലനവുമാണ് ലഭിച്ചിട്ടുള്ളതെന്ന് ആദ്യകാലാംഗങ്ങൾ അനുസ്മരിക്കുന്നു.[9]

തന്റെ മക്കളുടെ വസ്ത്രം നിലവിലുള്ള സന്യാസിനി സമൂഹങ്ങളിൽനിന്നും വ്യത്യസ്തമായിരിക്കണമെന്നു ഫാദർ ഊക്കന് നിർബന്ധമുണ്ടായിരുന്നു. സന്യാസത്തിനു യോജിച്ചതും എന്നാൽ പ്രവർത്തനങ്ങൾക്കു പറ്റിയതും ലളിതവുമായ ഒരു വസ്ത്രം അദ്ദേഹം വിഭാവനം ചെയ്തു. തന്റെ അഭിപ്രായങ്ങൾ അപരരുടെ മുമ്പിൽ വച്ചപ്പോൾ അവർ ചോദിച്ചതു കന്യകാസ്ത്രീകൾ കാതും കഴുത്തും മൂടാതെ നടക്കുകയോ എന്നാണ്.[10] 1945 മാർച്ച് 18-ാം തീയതി രൂപതാധ്യക്ഷൻ ചൊവ്വന്നൂർ മഠത്തിലെത്തി സഭാവസ്ത്രത്തിന്റെ മോഡലുകൾ അംഗീകരിച്ചു. മെയ് 3-ാം തീയതി മെത്രാനച്ചൻതന്നെ ചൊവ്വന്നൂർ മഠത്തിൽ വച്ച് മൂന്നു പ്രഥമാംഗങ്ങൾക്ക് സഭാവസ്ത്രവും പുതുതായി ഒമ്പതുപേർക്കു ശിരോവസ്ത്രവും നൽകി.[11] തലയിൽ വെള്ള ശിരോവസ്ത്രവും ശിരസ്സിൽ പുഷ്പ കിരീടവുമണിഞ്ഞ് കൃതജ്ഞതയുടെ കൂപ്പുകൈകളുമായി നിൽക്കുന്ന പ്രഥമസന്താനങ്ങളെ കണ്ട് തന്റെ അഭിലാഷം പൂവണിഞ്ഞതിൽ സംതൃപ്തനായി ഊക്കനച്ചൻ ദൈവത്തിനു നന്ദി പറഞ്ഞ് കൃതജ്ഞതാസ്തോത്രം ആലപിച്ചു. അങ്ങനെ കേരളത്തിൽ ഉപവി സന്യാസിനി സമൂഹം രൂപം കൊണ്ടു.

സന്യാസിനി സമൂഹത്തിലെ എല്ലാ ജോലികളും സിസ്റ്റേഴ്സ് തന്നെ നിർവഹിക്കണമെന്നായിരുന്നു സ്ഥാപക പിതാവിന്റെ ആഗ്രഹം. നാം നമ്മുടെ ഭൃത്യരാണ് എന്ന് അദ്ദേഹം കൂടെക്കൂടെ പറയുമായിരുന്നു. പട്ടിണിയും അടിമത്തവും രോഗവും പാപവും കാർന്നു തിന്നിരുന്ന ഗ്രാമീണരെ മോചിപ്പിക്കുവാൻ, അവരെ വചനം കൊണ്ടു നിറയ്ക്കുവാൻ, സ്നേഹത്തിൽ കുതിർന്ന സേവനശിഖയുമായി കടന്നുചെല്ലുവാൻ ഇങ്ങനെയൊരു സന്യാസിനി സമൂഹം അത്യന്താപേക്ഷിതമായിരുന്നു. വിഭാഗീയചിന്തകൾ മാറ്റി ക്രിസ്തുവിലുള്ള ജീവിതം നയിക്കുന്നതിന് എല്ലാവരേയും പ്രാപ്തരാക്കുവാൻ ഇതിന്റെ സാന്നിധ്യം സഹായകമായി.

ചൊവ്വന്നൂർ മഠത്തിൽ നടത്തിയ പ്രാഥമിക കാനോനിക നോവിഷ്യറ്റ് എറണാകുളം അതിരൂപതയിലെ അഗതികളുടെ സന്യാസിനി സമൂഹത്തിലെ സിസ്റ്റർ ആഗ്നസിന്റെയും സിസ്റ്റർ സേവ്യറിന്റെയും മേൽനോട്ടത്തിലാണ് നിർവഹിക്കപ്പെട്ടത്.[12] എല്ലാ ദിവസവും രാവിലെയും ഉച്ചകഴിഞ്ഞും ഫാദർ ഊക്കന്റെ ഓരോ ക്ലാസ്സുണ്ടായിരുന്നു. അതുപോലെതന്നെ ദിവസത്തിൽ രണ്ടുനേരം വിശുദ്ധഗ്രന്ഥം അടിസ്ഥാനമാക്കി ധ്യാനവും ആഴ്ചയിലൊരു പ്രാവശ്യം ആചാര



നോവിഷ്യറ്റ് ഭവനം

മര്യാദയെ സംബന്ധിച്ച ക്ലാസ്സുകളും നൽകിയിരുന്നു. എരിയുന്ന ദൈവസ്നേഹത്തോടുകൂടി ആധ്യാത്മിക വിഷയങ്ങളെപ്പറ്റി സമ്യക്കായി, സമാകർഷകമായി അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നു. നോവിസസിലുള്ള സ്വർണം പരിശീലനഘട്ടത്തിൽ പൂർണമായും ശുദ്ധീകരിച്ച് ശോഭായമാനമാക്കണമെന്നത് ഊക്കനച്ചന് നിർബന്ധമായിരുന്നു. പുതുകന്യകാസ്ത്രീകൾ വിളിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധരാകുവാനാണ് എന്ന് അദ്ദേഹം കൂടെക്കൂടെ ഓർമിപ്പിക്കുമായിരുന്നു. നോവിഷ്യറ്റിൽ പ്രവേശിക്കുന്നതിനു മുമ്പ് ആന്തരിക മുറിവുകൾ സുഖപ്പെടുത്തണമെന്നും നോവിഷ്യറ്റിൽ യേശു സായൂജ്യത്തിലെത്തണമെന്നും അദ്ദേഹം നിഷ്കർഷിച്ചിരുന്നു.[13] അദ്ദേഹത്തിന്റെ ഉപദേശങ്ങളും ക്ലാസ്സുകളുമെല്ലാം വിശുദ്ധ ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. വിശുദ്ധ ഗ്രന്ഥപഠനത്തിന് ഒട്ടും പ്രാധാന്യം കൊടുക്കാതിരുന്ന ഒരു കാലഘട്ടത്തിൽ തന്റെ മക്കൾക്ക് ഉപദേശങ്ങളും ക്ലാസ്സുകളും നൽകുന്നതിനും, അവരെ ധ്യാനിപ്പിക്കുന്നതിനും, ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിനുമെല്ലാം അദ്ദേഹം വിശുദ്ധ ഗ്രന്ഥമാണ് ഉപയോഗിച്ചിരുന്നത്.[14] എല്ലാ ദിവസവും വിശുദ്ധ ഗ്രന്ഥത്തിൽനിന്നും ഒരധ്യായമെങ്കിലും അവർ വായിക്കണമെന്ന് അദ്ദേഹം നിർബന്ധിച്ചു. വിശുദ്ധ ലൂക്കയുടെ സുവിശേഷം പകർത്തി എഴുതിക്കുകയും ചെയ്തു. നിശ്ചയിക്കപ്പെട്ട സമയത്തും അനുയോജ്യമായ സ്ഥലത്തും വച്ച് യാമപ്രാർഥന നടത്തണം – ആ വത്സല താതൻ ഉപദേശിച്ചു. വ്രതവാഗ്ദാനത്തിനൊരുക്കമായി ഒരു മാസത്തെ വചനാധിഷ്ഠിത ധ്യാനം അവർക്കുണ്ടായിരുന്നു. തന്റെ മക്കൾ വിശുദ്ധ

ഗ്രന്ഥജ്ഞാനമുള്ളവരും വിശുദ്ധിയുള്ളവരുമായിരിക്കണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചു. ആന്തരിക പരിശുദ്ധിപോലെതന്നെ ബാഹ്യമായ ശുദ്ധിയും അടുക്കും ചിട്ടയും സിസ്റ്റേഴ്സിനുണ്ടായിരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. തന്റെ പുത്രിമാർ എല്ലാവരും ആധ്യാത്മിക ഡയറിക്കുറിപ്പുകൾ എഴുതണമെന്നും അവരവരിലുള്ള അപാകതകൾ എഴുതി തിരുത്തണമെന്നും അങ്ങനെ ആത്മീയ വളർച്ച കൈവരിക്കണമെന്നും അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ആത്മീയ പുരോഗതി പ്രാപിക്കുന്നതിനായി പ്രതിജ്ഞകളെടുത്ത് പ്രാവർത്തികമാക്കണമെന്നും ആ നല്ല പിതാവ് അവരെ ഉപദേശിച്ചു. ഇതിനാവശ്യമായ തിരുത്തലുകളും നിർദേശങ്ങളും അതാതു സമയങ്ങളിൽ അദ്ദേഹം നൽകിപ്പോന്നു.

സ്ഥാപകസിദ്ധിയുടെ പ്രാഥമിക പാഠങ്ങൾ സ്ഥാപകപിതാവു തന്നെ അവർക്ക് പകർന്നുകൊടുത്തു. തീക്ഷ്ണമായ ദൈവസ്നേഹത്തിൽ നിന്നുരുത്തിരിഞ്ഞ ജീവിതലാളിത്യവും സ്നേഹസേവനങ്ങളും വഴി പരിത്യക്തരും അവശരുമായ ദരിദ്രസഹോദരങ്ങൾക്ക് കർത്താവിന്റെ കരുണയും ആർദ്രതയും നിറഞ്ഞ പിതൃസ്നേഹം പങ്കുവച്ച് അവർക്ക് പിതാവും മാതാവും രക്ഷകനുമായിത്തീരുവാൻ തനിക്കു ലഭിച്ച പ്രത്യേക സിദ്ധിയായിരിക്കണം തന്റെ മക്കളുടെ പിതൃസ്വത്ത് എന്ന് അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. ഈ പൈതൃകം സ്വന്തമാക്കാനുതകുന്ന ക്ലാസ്സുകളും പരിശീലനങ്ങളും ആരംഭദശയിൽത്തന്നെ അദ്ദേഹം അവർക്കു നൽകി.എല്ലാവരും കുടുംബസന്ദർശനം നടത്തണമെന്നും ഗ്രാമങ്ങളിലേക്കിറങ്ങിച്ചെല്ലണമെന്നും അദ്ദേഹം നിർദേശിച്ചു. സമുദായം അവഗണിച്ചവരോടും, രോഗികളോടും, സമുദായം സൃഷ്ടിച്ചുവിടുന്ന പാപികളോടും അദ്ദേഹത്തിന് പ്രത്യേക പരിഗണനയുണ്ടായിരുന്നു. രോഗികളെ ശുശ്രൂഷിക്കുന്നതിനായി എല്ലാ സഹോദരിമാരെയും അദ്ദേഹം ഫസ്റ്റ് എയ്ഡ് പഠിപ്പിച്ചു. എല്ലാ മഠങ്ങളോടും ചേർന്നുള്ള ഡിസ്പെൻസറി പാവപ്പെട്ട, നിരാശ്രയരായ രോഗികൾക്ക് ആശാനികേതനങ്ങളായി മാറി. രോഗീപരിചരണത്തിൽ ആഴമായ അറിവും പരിചയവും സമ്പാദിക്കുന്നതിനായി സി. ലൂവീസയെയും സി. ജെനോവയെയും 1945 ഡിസംബർ 27-ാം തീയതി നേഴ്സിംഗ് പഠനാർഥം ബെസ്വാഡയിലേയ്ക്കു പറഞ്ഞയച്ചു.

ഉപവിപുത്രിമാർ നിഷ്കളങ്കവും പരിപൂർണവുമായ ജീവിതം നയിക്കുന്നതിനും, നിസ്വാർഥമായ പരസ്നേഹപ്രവർത്തനങ്ങൾ

ചെയ്യുന്നതിനും, നിരന്തരം ദൈവസാന്നിധ്യസ്മരണയിൽ ജീവിക്കുന്നതിനും അച്ചൻ അവരെ പഠിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്തിരുന്നു. പരസ്പരമുണ്ടാകുന്ന തെറ്റുകുറ്റങ്ങൾ ക്ഷമിക്കുന്നതിനും വീരോചിതമായ പരസ്നേഹത്തിൽ മുന്നേറുന്നതിനും അച്ചൻ അവരെ സഹായിച്ചു. സഹോദരസ്നേഹത്തിൽ പറന്നുയർന്ന ഹൃദയത്തോടെ ബലിയർപ്പിക്കുന്നതിനും വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനും അദ്ദേഹം അവരെ ഒരുക്കി.

സ്നേഹമുള്ള മാതാപിതാക്കൾ തങ്ങളുടെ ഓമനസന്താനങ്ങളെ എന്നപോലെയാണ് ഉപവി സന്യാസിനി സമൂഹത്തെ ഫാദർ ഊക്കൻ വാത്സല്യപൂർവം വളർത്തിക്കൊണ്ടുവന്നത്. സ്ഥാപക പിതാവിൽ നിന്നും അപ്പന്റേയും അമ്മയുടേയും സ്നേഹവും പരിലാളനകളും ഒന്നിച്ചനുഭവിക്കുവാൻ ഭാഗ്യം ലഭിച്ചവരാണ് ഈ സന്യാസിനി സമൂഹത്തിലെ ആദ്യ അംഗങ്ങൾ.[16] ഭൗതികവും ആത്മീയവുമായ കാര്യങ്ങൾ തുടങ്ങി അടുക്കളക്കാര്യങ്ങൾവരെ അന്വേഷിച്ചറിയുവാൻ ആ സ്നേഹമുള്ള പിതാവ് ഒരിക്കലും മറന്നിരുന്നില്ല.[17] സന്യാസിനി സമൂഹത്തിലെ ഓരോ വ്യക്തിയെ സംബന്ധിച്ചും ഏറ്റവും ലഘുവായ കാര്യങ്ങൾപോലും അദ്ദേഹത്തിനറിയാമായിരുന്നു. ആരുടെയെങ്കിലും മുഖം വാടിയിരിക്കുന്നതു കണ്ടാൽ ആ സ്നേഹമുള്ള പിതാവിന്റെ ഹൃദയം വേദനിക്കും. തന്റെ മക്കൾ എപ്പോഴും സന്തോഷചിത്തരും പ്രസന്നവദനരുമായി കാണപ്പെടണമെന്നാണ് അദ്ദേഹം ആഗ്രഹിച്ചിരുന്നത്. മാതാപിതാക്കൾ തങ്ങളുടെ കൊച്ചുമക്കളെ സന്തോഷിപ്പിക്കുവാൻ കൊച്ചുകൊച്ചു സമ്മാനങ്ങൾ നല്കുന്നതുപോലെ, ചിലപ്പോഴൊക്കെ ചില സമ്മാനങ്ങൾ നൽകി തന്റെ വേദനിക്കുന്ന മക്കളെ ആശ്വസിപ്പിക്കുവാൻ അദ്ദേഹം പരിശ്രമിക്കുമായിരുന്നു.

മക്കൾ ഓരോ ചെറിയ ജോലിചെയ്തുകാണുമ്പോഴും ആ പിതൃഹൃദയം ആനന്ദാതിരേകത്താൽ ചാരിതാർഥനായി അഭിനന്ദിക്കുവാൻ സമയം കണ്ടെത്തിയിരുന്നു. അഭിനന്ദനത്തിന്റേയും നന്ദിയുടേയും ഒരു തത്വശാസ്ത്രം അദ്ദേഹത്തിന്റെ ജീവിതത്തിൽ അലിഞ്ഞുചേർന്നിരുന്നു. കുഞ്ഞുകുട്ടികളുടെ പിഴച്ച കാൽവയ്പും പിതാക്കളുടെ കണ്ണിന് കൗതുകപ്രദമാണല്ലോ. പൂക്കൾ ഉണ്ടാക്കുക, അലങ്കാരപ്പണികൾ ചെയ്യുക തുടങ്ങിയ കലാവാസന പ്രകടിപ്പിക്കുന്ന സന്ദർഭങ്ങളിൽ അവ കൺകുളിർക്കെ കണ്ടാനന്ദിക്കുകയും മക്കളുടെ കഴിവുകളിൽ അദ്ദേഹം അഭിമാനിക്കുകയും ചെയ്തിരുന്നു. വിവിധ കലകളിൽ പ്രാവീണ്യമുള്ളവരെ വരുത്തി പാട്ട്, തയ്യൽ എന്നിവ അഭ്യ

സിപ്പിച്ചു. എന്റെ കുഞ്ഞുമക്കളെ വളർത്തിക്കൊണ്ടു വരണം എന്ന് അദ്ദേഹം അവരോട് പറയുമായിരുന്നു.[18]


തെറ്റുചെയ്യുന്ന മക്കളെ ശിക്ഷിച്ചു വളർത്തുന്നത് സ്നേഹമുള്ള പിതാക്കന്മാരാണ്. മക്കളുടെ നന്മ ആഗ്രഹിക്കുന്നവരേ ഇതിനു മുതി രുകയുള്ളു. ഫാദർ ഊക്കൻ തെറ്റുചെയ്യുന്ന മക്കളെ സ്നേഹപൂർവം ശാസിക്കുകയും, അവർക്ക് ചെറിയ ശിക്ഷകൾ കൊടുക്കുകയും ചെയ് തിരുന്നു. മാത്രമല്ല, അവരെ ആശ്വസിപ്പിക്കുക കൂടി ചെയ്തുകൊണ്ട് ആ പിതൃഹൃദയം സംതൃപ്തിയടഞ്ഞിരുന്നു. തെറ്റിനെയല്ലാതെ തെറ്റുചെയ്യുന്നവരെ ഒരിക്കലും അദ്ദേഹം വെറുത്തിരുന്നില്ല. തെറ്റുതി രുത്തുന്നതിനിടയിൽ പ്രതീക്ഷിച്ചതിലധികം അവർ വേദനിച്ചാൽ മാപ്പുചോദിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.[19]

തന്റെ മക്കളിൽ ആരെങ്കിലും രോഗം ബാധിച്ചു കിടപ്പായാൽ ഒരു മാതാവിന്റെ സ്നേഹവായ്പോടും ഒരു പിതാവിന്റെ അനുകമ്പ യോടുംകൂടി സ്വന്തസുഖസൗകര്യങ്ങൾ വിസ്മരിച്ച് രോഗികളെ സന്ദർശിക്കുകയും ആവശ്യമായ ശുശ്രൂഷകൾ നൽകുകയും ചെയ് തിരുന്നു. പലപ്പോഴും സ്വന്തം ഭക്ഷണം പോലും അവർക്കു നൽകി യിരുന്നു. കീശയിൽ പണമില്ലാത്തപ്പോഴും ചികിത്സയ്ക്ക് ഒട്ടും കുറവു വരുത്തിയിരുന്നില്ല. സാന്ത്വനോക്തികളും ഫലിതങ്ങളും പറഞ്ഞ് രോഗിയെ ആശ്വസിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ധൈര്യപ്പെ ടുത്തുകയും ചെയ്തിരുന്ന അദ്ദേഹത്തിന്റെ ദീനാനുകമ്പ വിസ്മയ നീയമാണ്.[20]

തന്റെ മക്കളുടെ വ്യക്തിപരമായ സിദ്ധികൾ മനസ്സിലാക്കി ഓരോ രുത്തരുടെയും അഭിരുചിയനുസരിച്ച് പരിശീലിപ്പിച്ചെടുത്തിരുന്നു. കുന്ദംകുളം ബഥനി ഗേൾസ് ഹൈസ്കൂളിൽ വിട്ട് അർഥിനികളെ അദ്ദേഹം പഠിപ്പിച്ചു. ചേറൂർ ഒരു കെട്ടിടം വാടകയ്ക്കെടുത്ത് ടീച്ചേഴ്സ് ട്രെയിനിംഗിനു വിടാവുന്നവരെ അവിടെയുള്ള സർക്കാർ ട്രെയി നിംഗ് സ്കൂളിലേയ്ക്കു പറഞ്ഞയച്ചു. രോഗീശുശ്രൂഷാരംഗത്ത് ഫല പ്രദമായി പ്രവർത്തിക്കുവാൻ സിസ്റ്റേഴ്സിന്റെ അഭാവം നേരിട്ടപ്പോൾ ടി.ടി.സി. പാസായ സി. ലൂസി, സി. ഹിയാസിന്ത് എന്നിവരെ നേഴ് സിംഗ് പഠിക്കുന്നതിനായി മദ്രാസ് സർക്കാർ ആശുപത്രിയിലേയ്ക്കു പറഞ്ഞയച്ചു. അങ്ങനെ തന്റെ മക്കളുടെ ആത്മീയവും ഭൗതിക വുമായ ഉന്നമനത്തിനുവേണ്ടി ആ സ്നേഹതാതൻ അങ്ങേയറ്റം പരി ശ്രമിച്ചു. സ്ഥാപകസിദ്ധിയിൽ അടിയുറച്ചുനിന്നുകൊണ്ട് കാലത്തി നനുയോജ്യമായ പരിശീലനം നൽകുന്നതിൽ അദ്ദേഹം അതീവ ജാഗ്രത പുലർത്തിയിരുന്നു.

## അടിക്കുറിപ്പുകൾ

1. Snehayogam., p. 19 (History of CSC).
2. Oral Testimony., f. 40, Sr Petronila CSC.
3. Oral Testimony., f. 51, Sr Thomaseena CSC.
4. Oral Testimony., f. 51, Sr Thomaseena CSC.
5. Written Testimony f. 79, Sr Agnes CSC.
6. Exhortations., Sr Alberta CSC, f. 53.
7. Oral Testimony., Sr Theodore, Bhopal.
8. Oral Testimony., Sr Theodore, Bhopal.
9. Written Testimony., f. 10, Sr Anasthasia CSC.
10. Oral Testimony., Sr Grace CSC.
11. Snehayogam., p. 57.
12. Souvenir Adaranjali., p. 78.
13. Oral Testimony., Sr Metilda CSC.
14. Oral Testimony., Sr Grace CSC.
15. Oral Testimony., Sr Bridget CSC; Souvenir Adaranjali., p. 78.
16. Souvenir Adaranjali., p. 29.
17. Oral Testimony., Kunjethi, Kalloor.
18. Written Testimony., Sr Laibertha CSC.
19. Oral Testimony., Sr  Grace CSC.
20. Souvenir Adaranjali., p. 30.




അപേക്ഷ, ശിരോവസ്ത്രം

## ഫാദർ അഗസ്റ്റിൻ ജോൺ ഊക്കൻ ആദ്യ അംഗങ്ങളുമായി നടത്തിയ കോൺഫ്രൻസുകൾ

സന്യാസത്തിൽ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിച്ച വ്യക്തിയാണ് ഉപവി സന്യാസിനി സമൂഹ സ്ഥാപകൻ ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ. ദൈവസ്നേഹത്തിന്റെ സെറാഫായി മാറിയ അദ്ദേഹം പിതാവായ ദൈവത്തിന്റെ കരുണയും കരുതലും കാവലും സഹജർക്ക് പകർന്നു നൽകി കരുണയുടെ സംസ്കാരം വളർത്തിയെടുത്തു. ഇത് യുഗാന്ത്യംവരെ തുടർന്നു കൊണ്ടുപോകുന്നതിനായി തന്റെ മക്കളെ സജ്ജമാക്കുകയും ചെയ്തു. പരിശുദ്ധാത്മാവിന്റെ പ്രത്യേക ദാനം ലഭിച്ച ഊക്കനച്ചൻ ക്ലാസ്സുകൾ, ഉപദേശങ്ങൾ, ധ്യാനങ്ങൾ എന്നിവയിലൂടെ തന്റെ മക്കളുമായി നടത്തിയ സ്നേഹ സംഭാഷണങ്ങളാണ് **കോൺഫ്രൻസുകൾ**.



സന്യാസത്തിന്റെ അടിസ്ഥാന ഘടകങ്ങൾ, ലക്ഷ്യം, പ്രസക്തി, വിവിധ പരിശീലന ഘട്ടങ്ങൾ, അധികാര ശുശ്രൂഷ, CSC യുടെ ജീവിത സംസ്കാരം, പ്രാർഥനാ സംസ്കാരം, ശുശ്രൂഷാ സംസ്കാരം, സിദ്ധി തുടങ്ങി മരണം, നിത്യജീവിൻ ആദിയായവ അദ്ദേഹത്തിന്റെ സംഭാഷണ വിഷയങ്ങളാണ്. അതിപ്രധാനമായ വിഷയങ്ങളെന്നപോലെ തന്നെ തന്റെ മക്കൾ അനുഷ്ഠിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ച ചെറിയകാര്യങ്ങളിലെ സൂക്ഷ്മമായ വശങ്ങൾകൂടി അവരുമായി ചർച്ച നടത്തി. വിശുദ്ധിയിലും വിനയത്തിലും വിവേകത്തിലും ജ്ഞാനത്തിലും വളർന്ന് കാരുണ്യ പ്രവൃത്തികളിലൂടെ വിശ്വം മുഴുവനെയും പിതാവായ ദൈവത്തിന്റെ സ്നേഹവിരുന്നിന് അർഹരാക്കി ഒരു നവസമൂഹം പണിതുയർത്തുവാനുള്ള തീവ്രാഭിനിവേശം ഈ കോൺഫ്രൻസുകളിൽ നിന്ന് വായിച്ചെടുക്കാനാകും. സന്യാസമെന്ന ശ്രേഷ്ഠമായ ദൈവവിളി സ്വീകരിച്ചവരെല്ലാം വിശുദ്ധരാകേണ്ടവരാണ് എന്ന് ആ വത്സല പിതാവ് അടിവരയിടുന്നു.

കാലബോധം നഷ്ടപ്പെട്ടുപോകാതിരിക്കാൻ നമ്മെ സഹായിക്കുന്നതാണ് പൈതൃകങ്ങളും സ്മാരകങ്ങളും. സ്ഥാപകരുടെ പ്രത്യേക ചൈതന്യം, ലക്ഷ്യങ്ങൾ, നല്ല പാരമ്പര്യങ്ങൾ എന്നിവ വിശ്വസ്തതാപൂർവം അനുസരിക്കുകയും പരിരക്ഷിക്കുകയും വേണം. ഓരോ സമൂഹത്തിനും ലഭിച്ചിട്ടുള്ള പിതൃസ്വത്താണിവ എന്നാണ് സഭാപഠനം. സ്ഥാപക പിതാവിന്റെ ഹൃദയത്തുടിപ്പുകൾ അനാവരണം ചെയ്യുന്ന അനർഘനിധികളാണ് നാല് വാല്യങ്ങളായി പ്രസിദ്ധീകരിച്ചിരിക്കുന്ന **ഉറവിടങ്ങളിലെ നിർഝരി**. ഊക്കനച്ചന്റെ ദർശനങ്ങൾ, ഉൾക്കാഴ്ചകൾ, കോൺഫ്രൻസുകൾ എല്ലാം ഉൾച്ചേർത്തിരിക്കുന്ന ഈ നാല് വാല്യങ്ങൾ CSC യുടെ പൈതൃകം എന്തെന്ന് വെളിപ്പെടുത്തുന്നു.



## കുഷ്ഠരോഗികളുടെ സ്നേഹിതൻ

അക്കാലത്ത് കേൾക്കുന്ന മാത്രയിൽത്തന്നെ അറപ്പും ഭയവും ഉളവാക്കിയിരുന്ന ഭയാനകമായ രോഗമാണ് കുഷ്ഠം. കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടവർ! സ്നേഹത്തിനും സ്നേഹിതർക്കും വേണ്ടി ദാഹിക്കുന്നവർ! സ്വന്തപ്പെട്ടവരാലും ബന്ധപ്പെട്ടവരാലും വേർതിരിക്കപ്പെട്ടവർ! മനുഷ്യമുഖം കാണുവാൻ കൊതിക്കുന്നവർ! സ്വന്തം ഭവനത്തിൽനിന്നും സമുദായത്തിൽനിന്നും തങ്ങൾ വേർതിരിക്കപ്പെട്ടു എന്നതാണ് അവരുടെ ഏറ്റവും വലിയ വേദന. എന്നാൽ ഇവരും ദൈവത്തിന്റെ മക്കളല്ലേ? അവിടുത്തെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരല്ലേ? ദൈവത്തിന്റെ തറവാട്ടിലെ അംഗങ്ങളല്ലേ? എന്റെ സഹോദരങ്ങളല്ലേ? ആർത്തരുടെയും ആലംബഹീനരുടെയും അത്താണിയും ആശ്രിതവത്സലനുമായ ഫാദർ ഊക്കന്റെ മനോഗതമായിരുന്നു മേലുദ്ധരിച്ചത്. ആരും ശ്രദ്ധിക്കാത്ത, സമുദായം അവഗണിക്കുന്ന കുഷ്ഠരോഗികൾക്കായി ഒരു സ്ഥാപനം തുടങ്ങണം, അദ്ദേഹം ദൃഢനിശ്ചയമെടുത്തു. ഈ ലക്ഷ്യത്തോടുകൂടി അദ്ദേഹം ചൊവ്വന്നൂർ ഒരു മൊട്ടക്കുന്നു വാങ്ങി. ഊക്കൻതോപ്പ് എന്ന് ആ സ്ഥലം അറിയപ്പെടുന്നു. അദ്ദേഹം തന്റെ ആഗ്രഹം മെത്രാനച്ചനെ അറിയിച്ചു. യാതൊരു മൂലധനവുമില്ലാതെ ഇങ്ങനെയൊരു സ്ഥാപനം തുടങ്ങുകയോ? ആലപ്പാട്ടു തിരുമേനിക്ക് അത് ചിന്തിക്കുവാൻ പോലും സാധിച്ചില്ല. ദൈവപരിപാലനയിൽ ഗുരുവിനുണ്ടായിരുന്ന ഭ്രാന്ത് ശിഷ്യന് അറിയില്ലായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം ആ അപേക്ഷ നിരസിച്ചു.[1]

ഊക്കനച്ചന്റെ സ്വപ്നം സാക്ഷാത്കരിക്കാതിരുന്ന അതേ കാലയളവിൽത്തന്നെ അന്നത്തെ തൃശൂർ രൂപതയുടെ വികാരി ജനറാളായിരുന്ന മോൺ. പോൾ ചിറ്റിലപ്പിള്ളി ഇതേ പ്രസ്ഥാനവുമായി മുന്നോട്ടുവന്നു.മോൺ. പോൾ ചിറ്റിലപ്പിള്ളി ചൊവ്വന്നൂരിൽ ഊക്കനച്ചന്റെ സഹവികാരിയായിരുന്നിട്ടുണ്ട്.[2] അവശരായി ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരുന്ന കുഷ്ഠരോഗികൾക്കായി അദ്ദേഹം മണ്ണുത്തിക്കു സമീപം കൊഴുക്കുള്ളിയിൽ ഒരു വലിയ കുന്നുവാങ്ങി കെട്ടിടങ്ങൾ തയ്യാറാക്കി. മെത്രാൻ തിരുമനസ്സുകൊണ്ട് അതനുവദിക്കുകയും ചെയ്തു. എന്നാൽ രോഗികളെ ശുശ്രൂഷിക്കുവാൻ സഹോദരിമാരെ ലഭിച്ചില്ല. മോൺ. ചിറ്റിലപ്പിള്ളി അന്നു തൃശൂർ രൂപതയിലുണ്ടായിരുന്ന എല്ലാ മഠങ്ങളുടെയും കവാടങ്ങളിൽ മുട്ടിനോക്കി.ആരും അദ്ദേഹത്തിന്റെ പദ്ധതി സ്വാഗതം ചെയ്യുകയോ അദ്ദേഹത്തിനു വാതിൽ തുറന്നു

കൊടുക്കുകയോ ചെയ്തില്ല. അവസാനം 1953 – ൽ അദ്ദേഹം ഫാ. ഊക്കനെ സമീപിച്ച് തന്റെ വിഷമസ്ഥിതി അറിയിച്ചു. സ്വയം ആരംഭിക്കുവാൻ ആഗ്രഹിച്ച ഒരു പദ്ധതി! താൻ ആരംഭിച്ച പ്രവർത്തനങ്ങൾക്കു അവശ്യം മാത്രം സഹോദരികളില്ലാത്ത സമയം! ആവശ്യക്കാരെ സഹായിക്കുക ജീവിതവ്രതമായി സ്വീകരിച്ച ഊക്കനച്ചൻ മോൺ. ചിറ്റിലപ്പിള്ളിയോടു സമ്മതം മൂളി. അത് ആ കാലഘട്ടത്തിലെ ആവശ്യം കൂടിയായിരുന്നല്ലോ.

മോൺ. ചിറ്റിലപ്പിള്ളി പോയപ്പോൾ അദ്ദേഹം അവിടെ ഉണ്ടായിരുന്ന തന്റെ വത്സലസന്താനങ്ങളെ എല്ലാവരേയും വിളിച്ചുകൂട്ടി മോൺസിഞ്ഞോറിന്റെ ആഗമനോദ്ദേശം അറിയിച്ചു. എല്ലാവരുംകൂടി ചർച്ചനടത്തി. അതിനിടയിൽ അദ്ദേഹം പറഞ്ഞു: അഭ്യസ്തവിദ്യനായ, ഉന്നതജോലിയുള്ള ഒരു വൈദികൻ അറപ്പും വെറുപ്പും തോന്നിക്കുന്ന ഇങ്ങനെയുള്ള ഒരു സ്ഥാപനം തുടങ്ങുന്നുവെങ്കിൽ നമ്മളും അവരെ ശുശ്രൂഷിക്കുന്നതിനും അദ്ദേഹത്തെ സഹായിക്കുന്നതിനും പോകേണ്ടതല്ലേ. ആദ്യം ഭയം തോന്നിയെങ്കിലും തങ്ങളുടെ വത്സലതാതന്റെ ആഗ്രഹത്തോടു മക്കൾ യോജിച്ചു. അതിന്റെ പ്രാരംഭനടപടിയായി സി. ഇഗ്നേഷ്യ, സി. സിറിൽ, സി. ബർക്കുമെൻസ് എന്നിവരെ പാരാലെപ്പർ ട്രെയിനിംഗിനായി മംഗലാപുരത്തേയ്ക്കു പറഞ്ഞയച്ചു. സി. സിറിൽ ടി.ടി.സി. പാസായ ഒരധ്യാപികയായിരുന്നു എന്നുപോലും ഫാദർ ഊക്കൻ പരിഗണിച്ചില്ല. നാലഞ്ചു മാസത്തെ പരിശീലനത്തിനുശേഷം മംഗലാപുരത്തുനിന്നും അവർ തിരിച്ചെത്തി.

**1954 ഫെബ്രുവരി 11 !**

ഉപവി സന്യാസിനി സമൂഹത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ അധ്യായംകൂടി കൂട്ടിച്ചേർക്കപ്പെട്ട ദിനമാണത്. അന്ന് ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായിരുന്നു. പുതിയ സംരംഭത്തിനായി ഇറങ്ങിത്തിരിക്കുന്ന സഹോദരിമാരെ മറിയത്തിന്റെ ആ അരുമസന്താനം തന്റെ അമ്മയ്ക്കു സമർപ്പിച്ചു. സി. ഇഗ്നേഷ്യ, സി. സിറിൽ, സി. ബർക്കുമെൻസ് എന്നിവരെ മുറിയിൽ വിളിച്ചിരുത്തി ഉപദേശങ്ങൾ നൽകി. നിറകണ്ണുകളോടെ, ഒരു പിതാവിനടുത്ത സ്നേഹത്തോടെ അവരെ അനുഗ്രഹിച്ചു. അവർ മൂവരേയും ഫാ. ഊക്കൻ ഒരു കാറിൽ മുളയത്തുള്ള ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ കൊണ്ടുചെന്നാക്കി. അങ്ങനെ ഉപവി സഹോദരിമാർ പുതിയ ശുശ്രൂഷാരംഗത്തേയ്ക്കു കടന്നുചെന്നു.[3]

സേവന വ്യവസ്ഥകൾ ചോദിച്ചുകൊണ്ടുള്ള ഫാ. പോൾ ചിറ്റിലപ്പിള്ളിയുടെ കത്തിന് ഊക്കനച്ചൻ മറുപടി നൽകി: 1953 സെപ്തംബർ 18-ാം തീയതിയിലെ അച്ചന്റെ എഴുത്ത് കിട്ടി. ഒരു വ്യവസ്ഥയും കൂടാതെ സേവനം ചെയ്യുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. യാതൊരു വ്യവസ്ഥകളും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ലെങ്കിലും സിസ്റ്റേഴ്സിന്റെ സുസ്ഥിതിക്കായി ചിലത് പിന്നീട് കൂട്ടിച്ചേർത്തു. ഒരു രജിസ്റ്റർ സൂക്ഷിക്കുവാനും അദ്ദേഹം ആവശ്യപ്പെട്ടു.[4] ഈ സിസ്റ്റേഴ്സ് പിന്നീട് ഫാ. പോൾ ചിറ്റിലപ്പിള്ളി ആരംഭിച്ച സമരിറ്റൻ സഭയിൽ ചേർന്നു.

താൻ ആഗ്രഹിച്ച നല്ല കാര്യങ്ങൾ തനിക്കു ചെയ്യുവാൻ സാധിച്ചില്ലെങ്കിലും അതു ചെയ്യുവാൻ ദൈവം അനുവദിച്ചവരെ പ്രോത്സാഹിപ്പിക്കുവാനും അവർക്കാവശ്യമായ പ്രചോദനങ്ങൾ നൽകുവാനും ഫാദർ ഊക്കൻ സദാ സന്നദ്ധനായിരുന്നു. മഹാമനസ്കതയുടെ സവിശേഷതയാണല്ലോ ഇത്. അദ്ദേഹത്തിന്റെ വീരോചിതമായ പുണ്യവും ഇതുതന്നെയായിരുന്നു. അദ്ദേഹത്തെ മഹാനാക്കിയത് മറ്റൊന്നുമല്ല.

## സഹായഹസ്തം വീണ്ടും നീളുന്നു

മർത്താ കോൺഗ്രിഗേഷൻ ആരംഭിച്ചപ്പോൾ അവരെ സഹായിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി ഊക്കനച്ചൻ രണ്ട് ചാരിറ്റി സിസ്റ്റേഴ്സിനെ പറഞ്ഞുവിടുന്നുണ്ട്.

ഫാദർ ഊക്കന്റെ ഉത്തമ സുഹൃത്തായ ഫാദർ ജോൺ കിഴക്കൂടൻ മർത്ത സഹോദരിമാർ എന്ന പുതിയ ഒരു സന്യാസിനി സമൂഹം ആരംഭിച്ചതും ഈ കാലഘട്ടത്തിൽത്തന്നെയാണ്. അവർക്കു പ്രാരംഭ ശിക്ഷണം നൽകുവാൻ രണ്ട് ഉപവി സഹോദരിമാരെ നൽകണമെന്നു ഫാദർ കിഴക്കൂടൻ ഊക്കനച്ചനോട് അഭ്യർഥിച്ചു. ക്രിസ്തുവിന്റെ മൗതിക ശരീരത്തിൽ വിവിധ അവയവങ്ങൾക്കു വ്യത്യസ്ത ധർമമാണല്ലോ നിർവഹിക്കുവാനുള്ളത്. എല്ലാ അവയവങ്ങളും പൂർണവളർച്ച പ്രാപിക്കേണ്ടതും ആവശ്യമാണല്ലോ. ഉപവി സന്യാസിനിമാരുടെ എണ്ണം കുറവായിരുന്നുവെങ്കിലും ഫാദർ ഊക്കൻ സി. ക്ലാരയേയും സി. ജെർത്രൂദിനേയും അവരുടെ സഹായത്തിനു വിട്ടുകൊടുത്തു. കുറെനാൾ കഴിഞ്ഞ് അവരെ തിരിച്ചുവിളിക്കുകയും സി. ബിയാട്രീസിനേയും സി. സേവ്യറിനേയും പൊന്നൂക്കരയിൽ മർത്ത സഹോദരിമാരുടെ നവസന്യാസ ഭവനത്തിലേയ്ക്കു പറഞ്ഞുവിടുകയും ചെയ്തു.[5] സ്വന്തം ആവശ്യങ്ങൾ അവഗണിച്ചും

മറ്റുള്ളവരെ സഹായിക്കുന്നതിനും വളർത്തുന്നതിനുമുള്ള ശുശ്രൂഷാ മനോഭാവം ഫാദർ ഊക്കന്റെ ജീവിതത്തിലുടനീളം പ്രകടമായിരുന്നു. വിശ്വത്തോളം വിശാലമായ ആ ഹൃദയത്തിൽ ഇടം ലഭിക്കാത്തവരായി ആരുമുണ്ടായിരുന്നില്ല.

## അടിക്കുറിപ്പുകൾ

1. Oral Testimony., f. 9, Sr Berchumens CSC.
2. Oral Testimony., f. 9, Sr Berchumens CSC.
3. Souvenir Adaranjali., pp. 30-31.
4. Archives of Thrissur Archdiocese., 143-1953-1, 1a, Fr Ukken dated 20 August 1953.
5. Chowannur Presentation CSC Convent., Chronicle, ff. 22-23.



# 17

## ആദ്യകാല ഭവനങ്ങൾ

ഒരു സന്യാസിനി സമൂഹത്തിന്റെ ചൈതന്യം മുറ്റിനിൽക്കുന്ന അതിപ്രധാനമായ ആദ്യഘടകം പ്രാദേശികഭവനമാണ്. സന്യാസ ജീവിതവും പ്രേഷിതപ്രവർത്തനവും സംബന്ധിച്ച് സന്യാസിനി സമൂഹത്തിന്റെ പ്രതിഛായ തെളിഞ്ഞുപ്രകാശിക്കുക ഓരോ ഭവന ത്തിലും കൂടിയാണ്.

അംഗങ്ങളുടെ സംഖ്യ വർധിച്ചതോടെ ശാഖാഭവനങ്ങളുടെ ആവശ്യകതയും വർധിച്ചുവന്നു. ആവശ്യങ്ങൾക്കനുസരിച്ചു പ്രതികരി ച്ചിരുന്ന ഫാദർ ഊക്കൻ പുതിയ ശാഖാഭവനങ്ങൾ സ്ഥാപിക്കുന്ന തിൽ ശ്രദ്ധചെലുത്തി. അങ്ങനെ 1946 ആഗസ്റ്റ് 28-ാം തീയതി തൃശൂരുള്ള കൊക്കാലയിലും, 1946 ഒക്ടോബർ 28-ാം തീയതി മുണ്ടത്തിക്കോടും, 1950 ഫെബ്രുവരി 2-ാം തീയതി കുന്ദംകുളത്തും (നസ്രത്ത് പഠന മന്ദിരം), 1950 ഫെബ്രുവരി 18-ാം തീയതി ചൊവ്വന്നൂരും (ഫാറ്റിമാ മഠം), 1953 സെപ്തംബർ 8-ാം തീയതി പൂവ്വത്തൂരും, 1954 മാർച്ച് 19-ാം തീയതി കല്ലൂരും, 1955 നവംബർ 21-ാം തീയതി പുതുശേരി യിലും പുതിയ ശാഖാഭവനങ്ങൾ സ്ഥാപിതമായി. 1952 ജനുവരിയിൽ കാഞ്ഞിരപ്പള്ളിയിലെ കടമപ്പുഴ ആശുപത്രിയിൽ ശുശ്രൂഷ ആരംഭി ക്കുകയും ചെയ്തു. ഓരോ മഠത്തിലേയ്ക്കും മദറിനേയും അസിസ്റ്റന്റ് മദറിനേയും അദ്ദേഹംതന്നെ നിയമിച്ചു. ഉദാരമതികളായ വൈദികരു

ടെയും സഹൃദയരായ നാട്ടുകാരുടെയും സന്മനസ്സും ഔദാര്യവും സഹകരണവും കൊണ്ടാണ് ഈ ശാഖാഭവനങ്ങൾ ആരംഭിക്കുവാൻ അദ്ദേഹത്തിനു സാധിച്ചത്. ജനങ്ങൾക്കുവേണ്ടി ജീവിക്കുന്നവരെ ജനങ്ങൾതന്നെ സംരക്ഷിക്കുമല്ലോ.



പ്രസന്റേഷൻ മഠം,
ചൊവ്വന്നൂർ




സെന്റ് അഗസ്റ്റിൻ മഠം,
കൊക്കാല



ക്രിസ്തുരാജ മഠം,
മുണ്ടത്തിക്കോട്



ഫാറ്റിമാ മഠം,
ചൊവ്വന്നൂർ



ദൈവ പരിപാലന മഠം,
മുല്ലശേരി



സെന്റ് ജോസഫ് മഠം,
കല്ലൂർ



മരിയ റെജീന മഠം,
പുതുശേരി

ഉപവി സന്യാസിനി സമൂഹം ജന്മമെടുത്തതും വളർന്നതും ദാരിദ്ര്യത്തിന്റെ കെടുതികൾ അങ്ങേയറ്റം അനുഭവിച്ചുകൊണ്ടാണ്. ചാണകം മെഴുകിയ തറയിൽ കിടന്നുറങ്ങുകയും മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ സംതൃപ്തികണ്ടെത്തുകയും ചെയ്തിരുന്ന ആദ്യ അംഗങ്ങൾക്ക് പലപ്പോഴും ലഭിച്ചിരുന്നത് ഗോതമ്പു കഞ്ഞിയും കപ്പയുമായിരുന്നു.[1] പറമ്പിലും പാടത്തുമെല്ലാം പണി കഴിഞ്ഞു ക്ഷീണിച്ച് വരുമ്പോൾ കുടിക്കാൻ അല്പം കഞ്ഞിവെള്ളത്തിനായി അയൽപക്കത്തേയ്ക്ക് പാത്രവുമായി പോയ സംഭവങ്ങളും വിരളമല്ല.[2]

ആദ്യകാലങ്ങളിൽ മധ്യവേനലവധിക്കാലത്ത് ചൊവ്വന്നൂർ മാതൃമഠത്തിൽ എല്ലാ അംഗങ്ങളെയും ഒരുമിച്ചുചേർത്ത് വിദഗ്ദ്ധരായ

വൈദികരെ വരുത്തി ഉപദേശങ്ങൾ, ധ്യാനങ്ങൾ മുതലായവ നടത്തിയിരുന്നു. പുതിയ സന്യാസിനി സമൂഹത്തിന്റെ തനിമയെക്കുറിച്ച് സ്ഥാപകപിതാവുതന്നെ ക്ലാസ്സുകൾ നൽകിയിരുന്നു. നമുക്കുചുറ്റും നാം അറിയാത്തവരായി ആരുമുണ്ടാകരുത് എന്ന് അദ്ദേഹം കൂടെക്കൂടെ ഉപദേശിച്ചിരുന്നു. തങ്ങളുടെ വത്സലതാതന്റെ ഉപദേശം ശ്രവിച്ച് പുത്രിമാർ കുടുംബങ്ങളിൽ പോയി അവശരും രോഗികളുമായവരെ ശുശ്രൂഷിച്ചു. അവർക്കാവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു. ജനങ്ങൾ അവരുടെ എല്ലാ പ്രയാസങ്ങളിലും ആവശ്യങ്ങളിലും അഭയം തേടിയത് ഈ സഹോദിമാരെയാണ്. അവർ സർക്കാർ ആശുപത്രികളിൽ പോയി രോഗികളെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു.

രോഗീപരിചരണത്തിൽ കൂടുതൽ ശ്രദ്ധചെലുത്തുന്നതിനായി ഒരു ഗ്രൂപ്പിനെ 1952 ജനുവരി മാസം കാഞ്ഞിരപ്പള്ളി കടമപ്പുഴ ആശുപത്രിയിലേയ്ക്കു പറഞ്ഞയച്ചതിലൂടെ ഉപവി സന്യാസിനി സമൂഹം ഇതര രൂപതകളിലേയ്ക്കും വ്യാപിക്കുവാൻ തുടങ്ങി. സ്വയം വലിയ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനേക്കാൾ സ്നേഹശുശ്രൂഷയിലൂടെ മറ്റുള്ളവരെ ഉയർത്തുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തി.[3]

കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കുവാൻ പ്രവാചകവിളി സ്വീകരിച്ച ഊക്കനച്ചന് പെട്ടെന്നു സാധിക്കുമായിരുന്നു. സംസ്കാരം എത്തിനോക്കിയിട്ടില്ലാത്ത ഉൾനാടൻ പ്രദേശങ്ങളിലെ ജനങ്ങളെ അജ്ഞാനാന്ധകാരത്തിൽ നിന്നും പ്രകാശത്തിലേയ്ക്കു കൊണ്ടുവരേണ്ടത് ആ ഗ്രാമങ്ങളുടെ സമുദ്ധാരണത്തിന് അത്യന്താപേക്ഷിതമാണെന്നു മനസ്സിലാക്കി കൊക്കാല, ചൊവ്വന്നൂർ, മുണ്ടത്തിക്കോട് എന്നീ സ്ഥലങ്ങളിൽ പ്രൈമറി സ്കൂളുകൾ ആരംഭിച്ചു. അങ്ങനെ ഉപവി സഹോദരിമാർ വിദ്യാദാനത്തിലും ശ്രദ്ധചെലുത്തുവാൻ തുടങ്ങി. ദൈവം ആവശ്യപ്പെടുന്നിടത്ത് പരിശുദ്ധ അമ്മയെപ്പോലെ തിടുക്കത്തിൽ ഇറങ്ങിച്ചെന്ന് കരുണയും ആർദ്രതയും നിറഞ്ഞ സ്നേഹത്തോടെ ശുശ്രൂഷ ചെയ്യുക എന്ന് അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു.

ആദ്യകാലഘട്ടത്തിലെ ഭവനങ്ങളെല്ലാം ആരംഭിച്ചത് സംസ്കാരം എത്തിനോക്കിയിട്ടില്ലാത്ത, പാവങ്ങൾ തിങ്ങിപ്പാർക്കുന്ന ഓണം കേറാമൂലകളിലായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പണത്തിന്റെ പിന്തുണയില്ലാത്ത യാതൊരു പ്രസ്ഥാനവും കൂമ്പെടുക്കുകയില്ലെന്നാണ് ഭൗതികവാദികൾ ഉദ്ഘോഷിക്കുക. എന്നാൽ

ദൈവപരിപാലനയിൽ വിശ്വസിച്ചു പ്രവർത്തിക്കുമ്പോൾ പരാജയപ്പെടുകയില്ലെന്നാണ് ഫാദർ ഊക്കന്റെ ചരിത്രം വ്യക്തമാക്കുന്നത്. പറയത്തക്ക മൂലധനമോ ധനാഗമ മാർഗമോ ഇല്ലാതെയാണ് ഒരു സന്യാസിനി സമൂഹം അതും തുച്ഛമായ പത്രമോനി വാങ്ങിച്ചോ വാങ്ങിക്കാതെയോ യുവതികളെ ചേർത്ത് ആരംഭിച്ചത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ കാലം. ദിനന്തോറും ഭക്ഷ്യസാധനങ്ങളുടെ വില കുതിച്ചുകയറിക്കൊണ്ടിരുന്നു. റേഷൻ കാർഡിന്മേലാണ് ഭക്ഷ്യവിതരണം നടത്തിക്കൊണ്ടിരുന്നത്. പണത്തിന്റേയും ഭക്ഷ്യസാധനങ്ങളുടേയും അഭാവം മഠാധിപമാരെ ആകുലരാക്കി. അപ്പോഴും ഫാദർ ഊക്കൻ സുസ്മേരവദനനായി നിലകൊണ്ടു. മൗനമായി സഹിക്കുന്നത് അദ്ദേഹത്തിനു ഭൂഷണമായിരുന്നു. ഫാദർ ഊക്കന്റെ ഹൃദയം പുകഞ്ഞുനീറുമ്പോഴും പുറമെ ഉന്മേഷത്തോടെ, ചെറുപുഞ്ചിരിയോടെ പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്തിരുന്നു. നിങ്ങൾക്കുള്ളതുകൊണ്ടു തൃപ്തിപ്പെടുക എന്ന് അദ്ദേഹം ഉപദേശിക്കുക പതിവായിരുന്നു.

ചില സഹോദരിമാർ സാധനങ്ങൾ വാങ്ങാൻ പണമില്ലെന്നു പറഞ്ഞിരുന്നപ്പോൾ വല്യച്ചന് ഇപ്പോൾ ചെവിയില്ലെന്നു സസ്മിതം ഫലിതരൂപേണ അദ്ദേഹം പറഞ്ഞിരുന്നു. സഹോദരിമാരുടെ ആവലാതികൾ, കൊടുത്തുതീർക്കുവാനുള്ള ബില്ലുകളുടെ കൂമ്പാരം, കാര്യങ്ങൾ മുന്നോട്ടുനീക്കുവാനുള്ള പ്രയാസം ഇവയൊന്നും അദ്ദേഹത്തെ അലട്ടിയിരുന്നില്ല. ദൈവം വേണ്ട സമയത്തു തരും എന്നുതന്നെയായിരുന്നു അദ്ദേഹത്തിന്റെ അടിയുറച്ച വിശ്വാസം. പണത്തിന്റെ പ്രശ്നങ്ങളുമായി സഹോദരിമാർ അദ്ദേഹത്തെ സമീപിച്ചിരുന്നപ്പോൾ പുഞ്ചിരിയോടുകൂടി പറഞ്ഞിരുന്നു: ഈ സ്ഥാപനം തുടങ്ങിയത് ഞാനല്ല, ദൈവമാണ്; അതു വേണ്ടതുപോലെ കൊണ്ടുനടക്കേണ്ട ഭാരം അവിടുത്തേതാണ്. അവിടുന്നു അതിനെ വേണ്ടവിധം വളർത്തിക്കൊണ്ടുവരുമെന്ന് എനിക്കു വിശ്വാസമുണ്ട്.[4] ദൈവപരിപാലനയിൽ സ്ഥാപകപിതാവിനുണ്ടായിരുന്ന ആഴമായ വിശ്വാസം തന്നെയാണ് ഉപവി സന്യാസിനി സമൂഹത്തിന്റെ പിതൃസ്വത്ത്.

---

**അടിക്കുറിപ്പുകൾ**

1. Souvenir Adaranjali., p. 35.
2. Oral Testimony., Sr Hendrica CSC.
3. Souvenir Adaranjali., p. 86.
4. Oral Testimony., Sr Grace CSC.

# 18

## ജീവിത സായാഹ്നത്തിൽ

വിശുദ്ധരുടെ ജനനം അപൂർവമായേ ലോകത്തിൽ സംഭവിക്കാറുള്ളൂ. ആ ജനനവും ജീവിതവും ലോകത്തിന് അനുഗ്രഹമായി നിലകൊള്ളുന്നു. തങ്ങൾ ജീവിച്ചിരിക്കുമ്പോൾത്തന്നെ മറ്റുള്ളവർക്കു മാതൃകയും മാർഗനിർദേശവും നൽകി ജനഹൃദയങ്ങളിൽ അവർ സ്ഥിരപ്രതിഷ്ഠ നേടുന്നു. ഇങ്ങനെ സ്വതനയർക്ക് താങ്ങും തണലുമായി, സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും സഹനത്തിന്റെയും വിളനിലമായി, എങ്ങും കരുണയുടെ കിരണങ്ങൾ പ്രസരിപ്പിച്ചുകൊണ്ട് പരിലസിച്ച, വിശ്വത്തോളം വിശാലമായ



ഹൃദയത്തിന്റെ ഉടമയാണ് ഉപവി സന്യാസിനി സമൂഹത്തിന്റെ സ്ഥാപകപിതാവ് പെ. ബഹു. അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ.

1954-ൽ തന്റെ എഴുപത്തിനാലാമത്തെ വയസ്സിൽ അദ്ദേഹം ഇടവക ഭരണത്തിൽനിന്നും വിരമിച്ച് മഠത്തിനടുത്തുള്ള ഒരു ചെറിയ

ഭവനത്തിൽ താമസമാക്കി. താൻ ബീജാവാപം ചെയ്ത് വളർത്തിക്കൊണ്ടുവന്ന സന്യാസിനി സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ പൂർണശ്രദ്ധ പതിപ്പിക്കുകയായിരുന്നു ലക്ഷ്യം. മഠാധിപകൾക്കുപോലും തങ്ങളുടെ മഠങ്ങളുടെ നിജസ്ഥിതി മുഴുവനും നിശ്ചയമുണ്ടായിരുന്നില്ല. ഫാദർ ഊക്കൻ ഒരേ സമയം അവരുടെ നോവിസ് മാസ്റ്ററും, ആത്മീയ നിയന്താവും, ഭൗതിക വസ്തുക്കളുടെ ഡയറക്ടറും നവോത്ഥാരകനും ആയിരുന്നു. ഈ ഉത്തരവാദിത്വങ്ങളെല്ലാം തന്റെ മക്കൾക്കു കൈമാറുവാൻ അദ്ദേഹം ആഗ്രഹിച്ചു. മക്കൾ വളർന്നുവരുന്നതു കാണുവാനാണല്ലോ സ്നേഹമുള്ള



ജോൺ നിവാസ്


അപ്പന്മാർ ആഗ്രഹിക്കുക. താൻ ജീവിച്ചിരിക്കുമ്പോൾത്തന്നെ സന്യാസിനി സമൂഹത്തിന്റെ ഭരണം ജനറാൾ സംഘത്തെ ഏൽപിക്കുകയാണെങ്കിൽ അവർക്കാവശ്യമായ നിർദേശങ്ങൾ നൽകി നയിക്കുവാനാകും എന്നും അദ്ദേഹം അഭിലഷിച്ചു. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. തന്റെ അഭിലാഷങ്ങളും അഭിപ്രായങ്ങളും അദ്ദേഹം വന്ദ്യപിതാവിനെ അറിയിച്ചു. അച്ചന്റെ മരണംവരെ എല്ലാം ഇപ്പോൾ നടക്കുന്നതുപോലെ തന്നെ നടന്നാൽ മതി എന്നും പിതൃസംരക്ഷണയിൽ മക്കൾ സംതൃപ്തരാണ്[1] എന്നുമായിരുന്നു മെത്രാനച്ചന്റെ അഭിപ്രായം. അധികാരികളുടെ തീരുമാനങ്ങളിൽ എപ്പോഴും ദൈവഹിതം ദർശിച്ചിരുന്ന ഊക്കനച്ചൻ ഈ തീരുമാനത്തിന്റെ മുമ്പിലും വിനയപൂർവം ശിരസുനമിച്ചു. പത്തുവയസ്സുമാത്രം പ്രായമുള്ള ഉപവി സന്യാസിനി സമൂഹത്തെ സ്വന്തം മകളെപ്പോലെ ആ എഴുപത്തിനാലുകാരൻ സംരക്ഷിച്ചു പോന്നു. സഭയുടെ ആരംഭം മുതൽ അദ്ദേഹത്തിന്റെ മരണം വരെ ആ പിതൃഹൃദയം രാപകൽ സഭയുടെയും അംഗങ്ങളുടെയും നിലനിൽ




ഊക്കനച്ചന്റെ മുറി

പിനും അഭിവൃദ്ധിക്കുംവേണ്ടി ഒരു സജീവ ബലിവസ്തുവായി അർപ്പി ക്കപ്പെട്ടിരുന്നു.[2]

തന്റെ മക്കൾ പഠനത്തിൽ പിന്നോക്കമായിരുന്നെങ്കിലും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും മുൻപന്തിയിലായിരിക്കണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചു. അതിനാവശ്യമായ ക്ലാസ്സുകളും, ഉപദേശങ്ങളും, തിരുത്തലുകളും, നിർദ്ദേശങ്ങളും അപ്പോഴപ്പോൾ കൊടുത്തുകൊണ്ടിരുന്നു. തന്റെ പ്രതീക്ഷയ്ക്കൊത്ത് മക്കൾ വളർന്നുവരാത്തതിൽ ആ വത്സല പിതാവിന് വളരെയധികം വേദനിക്കേണ്ടതായി വന്നു. ഹൃദയ പരമാർഥതയും, വിശ്വസ്തതയും, ആത്മാർഥതയും, സത്യസന്ധതയും തന്റെ മക്കളുടെ കൈമുതലായിരിക്കണമെന്ന് അദ്ദേഹം കൂടെക്കൂടെ ഉപദേശിച്ചിരുന്നു.




സ്പിരിചൽ ഡയറി



കൈയക്ഷരം


തെറ്റുകൾ ചെയ്യുക മാനുഷികമാണെന്നും വളച്ചുകെട്ടൊന്നും കൂടാതെ അത് ഏറ്റുപറയുകയാണു വേണ്ടതെന്നും സ്വന്തം ജീവിതത്തിലൂടെ അദ്ദേഹം വ്യക്തമാക്കിക്കൊടുത്തു. തെറ്റുകൾ ഏറ്റുപറയുന്ന ക്ഷണംതന്നെ അവ ക്ഷമിക്കുകയും തമാശകൾ പറഞ്ഞ് അവരെ സന്തോഷിപ്പിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ പരമാർഥതയില്ലാതെ പെരുമാറിയപ്പോഴെല്ലാം അദ്ദേഹം അവരെ ശാസിക്കുകയും തിരുത്തുകയും ചെയ്തു. എന്തു ചെയ്യുക

യാണെങ്കിലും അത് ഭംഗിയായും വൃത്തിയായും ശുദ്ധനിയോഗത്തോ ടുകൂടിയും ചെയ്യണമെന്ന് അദ്ദേഹത്തിനു നിർബന്ധവുമുണ്ടായി രുന്നു. വളരെ പരാമാർഥിയും നിഷ്കളങ്കനുമായിരുന്ന അദ്ദേഹം തന്റെ മക്കൾ പറയുന്നതൊക്കെ വിശ്വസിക്കുമായിരുന്നു. തൽഫല മായി ചിലർക്കൊക്കെ വേദനിക്കേണ്ടതായും വന്നിട്ടുണ്ട്. എന്നാൽ സത്യം ബോധ്യമാകുമ്പോൾത്തന്നെ ക്ഷമചോദിക്കുവാൻ അദ്ദേഹം മറക്കാറില്ല. വിദ്യാസമ്പന്നരല്ലാത്ത തന്റെ മക്കളുടെ വിവേകരഹിത മായ സംസാരവും പെരുമാറ്റവും അദ്ദേഹത്തെ വളരെയധികം വിഷ മിപ്പിച്ചിട്ടുണ്ട്. വാസ്തവത്തിൽ അപ്പനെ ശരിയായി മനസ്സിലാക്കുവാൻ മക്കൾക്ക് സാധിക്കാതെ വന്നു. ആത്മീയവും ബൗദ്ധികവുമായ തലങ്ങളിൽ അവർക്കിടയിൽ വളരെ വലിയൊരു ഗർത്തംതന്നെയു ണ്ടായിരുന്നു. എന്നിരുന്നാലും എല്ലാ തലങ്ങളിലും തന്റെ മക്കളെ വളർത്തിക്കൊണ്ടുവരണം എന്ന തീരാത്ത ദാഹത്തോടെ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു.

---

## അടിക്കുറിപ്പുകൾ

1. Oral Testimony., Sr Grace CSC.
2. Souvenir Adaranjali., p. 78.


മരണപത്രം.

മരണപത്രം

# 19

## പ്രഥമ സിനാക്സിസ്

സന്യാസിനി സമൂഹത്തിന്റെ ആരംഭം മുതൽ മൂന്നുവർഷം തികയുമ്പോൾ ഫാദർ ഊക്കൻതന്നെ ഓരോ മഠത്തിലേയ്ക്കും അധികാരികളെ നിയമിക്കുകയായിരുന്നു പതിവ്. എന്നാൽ 1955 മെയ് 30-ാം തീയതി ഉപവി സന്യാസിനി സമൂഹത്തിൽ ഒരു പുതിയ അധ്യായം തുറന്നു. 1955 മെയ് 30-ാം തീയതി സഭയിലെ ആദ്യത്തെ സിനാക്സിസ് നടന്നു. സിനാക്സിസിന് ഒരുങ്ങുന്നതിനായി അദ്ദേഹം 1955 മെയ് 4-ാം തീയതി ഒരു സർക്കുലർ അയച്ചു. സർക്കുലറിൽ നാം വായിക്കുന്നതിങ്ങനെ:... നമ്മുടെ സഭയിൽ ബഹു. മഠാധിപമാരുടെയും മറ്റ് അധികാരികളുടെയും ക്രമപ്രകാരമുള്ള ഒരു പൊതു തെരഞ്ഞെടുപ്പ് നടത്തുന്നതിന് എ.പെ. ബഹു. മെത്രാനച്ചൻ തിരുമേനി അനുവദിച്ചു നിശ്ചയിച്ചിരിക്കുന്ന ദിവസം ഈ മാസം 30-ാം തീയതിയാണ്. അതുവരെ മഠത്തിലേവരും എല്ലാ ദിവസവും ഇതുവരെ ചൊല്ലിവന്നിരുന്നതുപോലെ തെരഞ്ഞെടുപ്പ് ഉദ്ദേശ്യത്തിനായി ഒരു എത്രയും ദയയുള്ള മാതാവെ എന്ന നമസ്കാരം ചൊല്ലേണ്ടതാണ്. കൂടാതെ, പരി. റൂഹാദ്ക്കുദശയുടെ നൊവേന ഈ മാസം 20-ാം തീയതി തുടങ്ങി 28-ാം തീയതി അവസാനിപ്പിക്കണം.

...29-ാം തീയതി പെന്തക്കുസ്താ ദിവസം തെരഞ്ഞെടുപ്പിനായി കൂടുന്ന എല്ലാവരും ഒരുമിച്ച് ഏകാന്ത ധ്യാനവും ഒരുനേരവും

അനുഷ്ഠിക്കേണ്ടതാണ്. ശ്രേഷ്ഠന്മാരെ തെരഞ്ഞെടുക്കുന്നതും അവർക്ക് മറ്റുള്ളവരുടെമേൽ അധികാരം കൊടുക്കുന്നതും ദൈവമാണെന്ന് അറിഞ്ഞ് വിശ്വസിച്ച് തെരഞ്ഞെടുപ്പ് ആദ്യവസാനം ദൈവേഷ്ടം അനുസരിച്ച് നടത്തപ്പെടുന്നതിനും സഭയുടെ അഭിവൃദ്ധിക്കു പറ്റിയവർ മുഖം നോക്കാതെ തെരഞ്ഞെടുക്കപ്പെടുന്നതിനും മറ്റും ആവശ്യമായ ദൈവാനുഗ്രഹങ്ങളെ പ്രാപിക്കുന്നതിനും പ്രത്യേകം ഓരോരുത്തരും പ്രാർഥിക്കുകയും മനഃസാക്ഷിപ്രകാരം പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഈ എഴുത്ത് കൈപ്പറ്റിയാൽ പ്രാർഥനാമുറിയിൽ എല്ലാവരും കൂടുന്ന അവസരത്തിൽ വായിക്കേണ്ടതും മഠംവക ഫയലിൽ സൂക്ഷിക്കേണ്ടതും ആകുന്നു.[1]

അന്ന് ഈ സന്യാസിനി സമൂഹത്തിലുണ്ടായിരുന്ന ആറു മഠങ്ങളിൽ നിന്നും ഇരുപതു പ്രതിനിധികളെ തെരഞ്ഞെടുത്ത് അന്നത്തെ രൂപതാധ്യക്ഷനായ മാർ ജോർജ് ആലപ്പാട്ടു തിരുമേനിയുടെ അധ്യക്ഷതയിൽ കൊക്കാല മഠത്തിൽ വച്ച് ഒരു യോഗം ചേരണമെന്നു നിശ്ചയിച്ചു. പൊതുസംഘാംഗങ്ങളുടെ ഉത്തരവാദിത്വത്തെപ്പറ്റിയും, തെരഞ്ഞെടുപ്പ് കാനോനികമായി നടത്തുന്നതിനെപ്പറ്റിയും മെത്രാനച്ചൻ വിവരിച്ചു. അനന്തരം ഓരോ മഠത്തിനും ആവശ്യമുള്ള അധികാരികളേയും നോവീസ് മിസ്ട്രസിനേയും തെരഞ്ഞെടുത്തു. തെരഞ്ഞെടുപ്പു ഫലം ഇപ്രകാരമായിരുന്നു:

| സ്ഥലം | മദർ | അസി. മദർ |
|---|---|---|
| 1. ചൊവ്വന്നൂർ | സി. ആഞ്ചല | സി. മാർഗരറ്റ് |
| 2. കൊക്കാല | സി. അൾബീന | സി. സ്കൊളാസ്റ്റിക്ക |
| 3. രാജഗിരി | സി. റീത്ത | സി. സെറാഫീന |
| 4. ഫാറ്റിമ | സി. ജൂലിയാന | സി. അഗസ്തീന |
| 5. മുല്ലശേരി | സി. റോസ് | സി. അൽഫോൻസ |
| 6. കല്ലൂർ | സി. തെക്ള | സി. എമിൽഡ് |

നോവീസ് മിസ്ട്രസ് - സിസ്റ്റർ മെറ്റിൽഡ

തങ്ങളുടെ വത്സലതാതന്റെ ഇംഗിതങ്ങൾ മാനിച്ചുകൊണ്ടും ആദർശങ്ങൾക്കനുസരിച്ചും അവർ സഹോദരിമാരെ നയിച്ചുകൊണ്ടിരുന്നു. അദ്ദേഹം വാത്സല്യപൂർവം അവരുടെ ന്യൂനതകൾ തിരുത്തിക്കൊടുക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ കൊടുംദാരിദ്ര്യത്തിന്റെ നടുവിലും സന്യാസിനി സമൂഹത്തിന്റെ ഭരണം ശാന്തമായി മുന്നോട്ടു നീങ്ങി.

**അടിക്കുറിപ്പുകൾ**

1. Snehayogam., pp. 80-81.

# 20

## ജീവിത തീർഥയാത്രയിൽ സദാ ജാഗ്രതയോടെ

വിശുദ്ധിയിൽ വളർന്ന് ഒരു വിശുദ്ധനായിത്തീരുവാൻ ജീവിതത്തിലുടനീളം നിതാന്ത ജാഗ്രത പുലർത്തിയ വ്യക്തിയാണ് അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. സ്വർഗത്തിൽ തന്റെ വരവും പ്രതീക്ഷിച്ചിരിക്കുന്ന അപ്പച്ചന്റെയും അമ്മച്ചിയുടെയും അടുത്തെത്തുവാൻ[1] അദ്ദേഹം വെമ്പൽ കൊണ്ടു. ഈ ലക്ഷ്യപ്രാപ്തിക്കായി മരണത്തെപ്പറ്റി കൂടെക്കൂടെ ധ്യാനിച്ച് ജീവിതം ക്രമപ്പെടുത്തി. മറ്റുള്ളവർക്ക് അതിന് പ്രേരണ നൽകുകയും ചെയ്തു.

മരണത്തെപ്പറ്റി വളരെ വ്യക്തമായ ദർശനം ഊക്കനച്ചനുണ്ടായിരുന്നു. എന്താണ് മരണം എന്നും മരണത്തിനായി എപ്രകാരം ഒരുങ്ങണമെന്നും സിസ്റ്റേഴ്സിനു നൽകിയ ധ്യാനങ്ങളിലൂടെ അദ്ദേഹം പഠിപ്പിച്ചു: ആത്മാവിനെ ദൈവവരപ്രസാദത്തിൽ നിലനിർത്തുക, പാപം ചെയ്താൽ ഉടനെതന്നെ മനസ്തപിച്ച് കുമ്പസാരിക്കുക, ദിവസവും ഉറങ്ങുന്നതിനു മുമ്പ് പാപത്തെപ്പറ്റി അനുതപിക്കുന്ന സ്വഭാവം രൂപീകരിക്കുക. മരണംവരെ പ്രസാദവരാവസ്ഥയിൽ ജീവിക്കുക എന്നത് ദൈവത്തിന്റെ വലിയ കൃപയാണ്. അനുദിനം വിശുദ്ധ കുർബാന സ്വീകരണത്തിനുശേഷം ഈ അനുഗ്രഹത്തിനായി പ്രാർഥിക്കണം. മരണത്തെ അഭിമുഖീകരിക്കാതിരിക്കുന്നത് ഭീരുത്വവും വിഡ്ഢിത്തവുമാണ്.[2]

മരണം എന്താണെന്നു മനസ്സിലാക്കുവാൻ തന്റെ സെമിനാരി പരിശീലന കാലഘട്ടത്തിൽവച്ചുതന്നെ അദ്ദേഹം പരിശ്രമിക്കുന്നുണ്ട്. പരിശുദ്ധ അമ്മയുടെ മരണവും ഉയിർപ്പും ധ്യാനിച്ച ജോൺ മരണത്തെ ധീരതയോടെ അഭിമുഖീകരിക്കുവാനുള്ള ഉൾക്കരുത്ത് സമ്പാദിക്കുവാൻ ശ്രമിക്കുന്നു. 1904-ൽ അദ്ദേഹം ധ്യാനിക്കുന്നതിങ്ങനെ: നന്നായി ജീവിച്ചാൽ മരണം എനിക്കു ഭയാനകമായിരിക്കുകയില്ല. യേശുവിൽ ലയിച്ചു യേശുവിനോടുകൂടിയായിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. എന്റെ ആത്മാവേ, ധൈര്യമായിരിക്കുക.[3]


വൈദികനായി 25 വർഷങ്ങൾക്കു ശേഷം 1932 ഡിസംബർ 11-ാം തീയതി അദ്ദേഹം വീണ്ടും മരണത്തെപ്പറ്റി ധ്യാനിക്കുന്നു: യാതൊന്നിനോടും അമിതബന്ധം പുലർത്താതെ ദൈവവരപ്രസാദത്തിൽ ജീവിക്കുന്ന ഒരു വ്യക്തിക്കു മരണം ഭീതിജനകമായിരിക്കുകയില്ല. അതുപോലെയാകുവാൻ ശ്രമിക്കുക. എനിക്കു ധാരാളം വസ്തുക്കളുണ്ട്. എന്നാൽ ദൈവാനുഗ്രഹത്താൽ യാതൊന്നിനോടും ഒരഭിനിവേശവും തോന്നുന്നില്ല.[4] അങ്ങനെ അദ്ദേഹം മരണത്തിനൊരുങ്ങി. മരണത്തിനായൊരുങ്ങുവാൻ സിസ്റ്റേഴ്സിനെ പഠിപ്പിക്കുകയും ചെയ്തു: നാം ഓരോ നിമിഷവും മരണത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. നല്ല ജീവിതം നയിക്കുന്നവർ മരണത്തെ ഭയപ്പെടേണ്ടതില്ല. എപ്പോഴും പ്രസാദവരാവസ്ഥയിലായിരിക്കുവാൻ നാം പരിശ്രമിക്കണം. ഈ ലോകത്തെ പരലോകവുമായി ബന്ധിപ്പിക്കുന്ന പാലം മാത്രമാണ് മരണം. മരണ കിടക്ക ബലിപീഠവും മരണം ബലിയുടെ പൂർത്തീകരണവുമായിരിക്കട്ടെ.[5]

മരണത്തെപ്പറ്റി കൂടെക്കൂടെ ധ്യാനിച്ച് മരണഭയം തരണം ചെയ്യണമെന്ന് അദ്ദേഹം പഠിപ്പിച്ചു.[6] ഒരുവൻ നന്നായി ഒരുങ്ങുകയാണെങ്കിൽ ഈശോയെപ്പോലെ മരണത്തെ സ്വീകരിച്ച് ദൈവതൃക്കരങ്ങളിൽ ആത്മാവിനെ സമർപ്പിക്കാനാകുമെന്നും,[7] ജീവിതത്തിലെ അവസാനത്തെ പ്രവൃത്തിയാണ് ഇതെന്നു കരുതി എല്ലാം ചെയ്യണമെന്നും,[8] ഇന്ന് മരണത്തിനായി ഒരുങ്ങിയില്ലെങ്കിൽ ഒരിക്കലും ഒരുങ്ങുകയില്ലെന്നും[9] അദ്ദേഹം പഠിപ്പിച്ചു. ദിവസവും ഉറങ്ങുന്നതിനു മുമ്പായി മരണത്തെപ്പറ്റിയും അവസാന വിധിയെപ്പറ്റിയും ചിന്തിക്കണമെന്നും പാപത്തെപ്പറ്റി മനസ്തപിക്കണമെന്നും[10] അദ്ദേഹം ഉപദേശിച്ചു... ഈ ലോക ജീവിതം പോലെയായിരിക്കും ഒരുവന്റെ മരണമെന്നും[11] ഇത് ഇവിടത്തെ അവസാന നിമിഷവും അവസാനിക്കാത്ത ജീവിതത്തിന്റെ ആരംഭവുമാണെന്നും[12] അദ്ദേഹത്തിന് വ്യക്തമായറിയാമായിരുന്നു.

മാമ്മോദീസാ തൊട്ടിയിൽ തുടങ്ങി മരണകട്ടിൽവരെയുള്ള മണ്ണിലെ ജീവിതം ജ്ഞാനസ്നാനത്തിന്റെ പ്രസാദവരത്തിലുള്ള ഒന്നായിരിക്കുവാൻ അദ്ദേഹം സദാ ജാഗരൂകനായിരുന്നു.

## അടിക്കുറിപ്പുകൾ

1. Lights from heaven., April, 1902, p. 1.
2. Confrences., 1946.
3. Lights from heaven., 1904, p. 278.
4. Ibid., 12 December, 1932, p. 362.
5. Exhortations., Sr Rosily CSC, ff. 113-114.
6. Exhortations., Sr Alberta CSC, f. 11.
7. Exhortations., Sr Corthuna CSC, f. 51.
8. Exhortations., Sr Corthuna CSC, f. 77.
9. Exhortations., Sr Alberta CSC, f. 16.
10. Exhortations., Sr Alberta CSC, f. 17.
11. Exhortations., Sr Cothuna CSC, f. 126.
12. Exhortations., Sr Rosily CSC, f. 66.



# 21

## മരണത്തിനായി ഒരുങ്ങിയ വിധം

മരണത്തിനൊരുങ്ങുന്നതിന്റെ ഭാഗമായി തനിക്കുണ്ടായിരുന്ന തെല്ലാം അദ്ദേഹം കൈമാറി. 1948 ആഗസ്റ്റ് 31-ാം തീയതി അദ്ദേഹം മരണപത്രം തയ്യാറാക്കിയിട്ടുണ്ടായിരുന്നു.[1] 1954-ൽ ഇടവക ഭരണ ത്തിൽ നിന്നും വിരമിച്ചു. 1955 മെയ് 30-ാം തീയതി സഭയിലെ ആദ്യത്തെ സിനാക്സിസ് നടത്തി.

മരണം നിശ്ചയം, സമയം നിശ്ചയമില്ല എന്നുള്ള തത്വം ശരിക്കും മനസ്സിലാക്കിയിരുന്ന ഫാദർ ജോൺ ഊക്കൻ, ആന്തരികപ്രേരണ യാൽ 1956 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ തന്റെ അന്ത്യത്തെ മുന്നിൽ കണ്ടുകൊണ്ട് പലതും ചെയ്യുകയുണ്ടായി. 1956 സെപ്തം ബറിൽ സ്വന്തം നിയോഗങ്ങൾക്കായി അദ്ദേഹം 28 ദിവ്യബലി അർ പ്പിച്ചു. മഠത്തിന്റെ തീറാധാരങ്ങളും പണയാധാരങ്ങളും മറ്റുരേഖ കളും ആർക്കും എടുത്തുനോക്കിയാൽ വേഗം മനസ്സിലാകത്തക്കവിധം ലേബൽ ഒട്ടിച്ചു ക്രമപ്പെടുത്തിവച്ചു. ഫാദർ ജോൺ ഊക്കന്റെ അമ്മാ യിയുടെ മകൻ ഫാദർ ജോർജ് ചിറമ്മലിനെ ആളയച്ചു വരുത്തി. തന്റെ മരണപത്രത്തിന്റെ എക്സിക്യൂട്ടറായി അദ്ദേഹത്തെ നിയമിച്ചു. സെപ്തംബർ മാസത്തിൽ തന്റെ വൽസലപുത്രിമാരെ ഉപദേശിക്കുന്ന തിനിടയിൽ അദ്ദേഹം പറഞ്ഞു: ചെറിയോരജഗണമേ ഭയപ്പെടേണ്ട. ഞാൻ സ്വർഗത്തിലിരുന്ന് ഇന്നത്തെക്കാളധികമായി നിങ്ങളെ സഹാ

യിക്കും. മരണശേഷം എന്റെ ജോലി നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുകയാണ്. വെട്ടി ശരിയാക്കിയ മുന്തിരിച്ചെടിപോലെ ഈ സ്ഥാപനം പടർന്നുപന്തലിക്കും.[2] ആ പുണ്യപുരുഷന്റെ പ്രവചനശക്തി എത്രമാത്രമെന്ന് സ്വപുത്രിമാർപോലും അന്ന് മനസ്സിലാക്കിയില്ല. അവരുടെ കണ്ണുകൾ നിറയുകയും തൊണ്ട ഇടറുകയും ചെയ്തു. തേങ്ങലുകൾ എങ്ങും വ്യാപിച്ചു. വിനാവിളംബം ഞാൻ മരിച്ചു കിടക്കുകയും ആ വാർത്ത നിങ്ങൾ ഉടൻ അറിയുകയും ചെയ്യും. അപ്പോൾ കരഞ്ഞുകൊള്ളുക. ഇന്ന് കരയേണ്ട എന്ന് അദ്ദേഹം മറുപടി പറഞ്ഞു.[3] ആ മാസം തന്നെ പലപ്രാവശ്യം അദ്ദേഹം ഇത് ആവർത്തിക്കുകയും ചെയ്തു. പക്ഷേ ഇതെല്ലാം കാലതാമസം കൂടാതെ വരുവാനിരിക്കുന്ന കാര്യങ്ങളാണെന്ന് അന്നാരും കരുതിയില്ല. പ്രിയപ്പെട്ടവരുടെ വേർപാട് ആരെങ്കിലും ആഗ്രഹിക്കുമോ? എല്ലാം ജീവിതാന്ത്യത്തിന്റെ പ്രവചനങ്ങൾ മാത്രം!

---

**അടിക്കുറിപ്പുകൾ**

1. Early Documents., 47a-c.
2. Oral Testimony., Sr Petronila CSC.
3. Oral Testimony., Sr Hyacinth CSC.



# 22

## സ്വർഗീയ യാത്ര

വിശുദ്ധരുടെ ചരമദിനമാണല്ലോ നാം സാധാരണയായി അനുസ്മരിക്കാറുള്ളത്. അത് സ്വർഗത്തിലെ അവരുടെ ജന്മദിനം കൂടിയായിരിക്കും. ആ ദിവസം വേഗം വന്നണയുവാൻ അവർ കാത്തിരിക്കുകയും ചെയ്യും. ദൈവവുമായി ഐക്യപ്പെടുവാൻ അതിയായി ആഗ്രഹിക്കുകയും തന്റെ അമ്മയുടെയും ഗുരുവിന്റെയും മുഖം കാണുവാൻ അഭിലഷിക്കുകയും ചെയ്ത ഫാദർ ജോൺ ഊക്കൻ എത്രയും വേഗം സ്വഭവനത്തിലെത്തിച്ചേരുവാൻ ആഗ്രഹിച്ചു.[1] അവിടേയ്ക്കുള്ള ഒരു തീർഥയാത്രയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.



1956 ഒക്ടോബർ 4! അന്ന് വിശുദ്ധ ഫ്രാൻസീസ് അസീസ്സിയുടെ തിരുനാൾ ദിനമായിരുന്നു. ബലിയർപ്പണത്തിനു ശേഷം വിശുദ്ധന്റെ ദാരിദ്ര്യം, ദൈവസ്നേഹം എന്നിവയെപ്പറ്റി ഫാദർ ഊക്കൻ ഹൃദയസ്പർശകമായ ഒരു ഉപദേശം പറഞ്ഞു. അത് അദ്ദേഹത്തിന്റെ അവ

സാനത്തെ ബലിയർപ്പണമായിരുന്നു. പനി കാരണം തുടർന്നുള്ള ദിവസങ്ങളിൽ അദ്ദേഹത്തിന് ബലിയർപ്പിക്കുവാൻ സാധിച്ചില്ല. പ്രഭാതഭക്ഷണം കഴിഞ്ഞ് മുറിയിലെത്തിയപ്പോൾ അല്പം പനിയുള്ള തായിക്കണ്ടു. പനികൂടിക്കൊണ്ടിരുന്നതിനാൽ ശയ്യാവിശ്രമം എടുത്തു. അദ്ദേഹത്തെ സാധാരണയായി ചികിത്സിക്കാറുള്ള ഡോക്ടർ കൃഷ്ണയ്യർ വന്ന് ചികിത്സാവിധികൾ നിശ്ചയിച്ചു. പനി കുറഞ്ഞുകൊണ്ടിരുന്നു; എങ്കിലും വിട്ടുമാറിയില്ല.

രോഗിയായിരിക്കുമ്പോൾപ്പോലും തന്റെ മക്കളിൽ ആർക്കെങ്കിലും സന്തോഷക്കുറവു കണ്ടാൽ കാരണം ചോദിച്ചറിഞ്ഞ് അവരെ ആശ്വസിപ്പിക്കുവാൻ അദ്ദേഹം ഒരിക്കലും മറന്നില്ല. തന്റെ രോഗം നിസ്സാരമായും മക്കളുടെ രോഗം എത്രയും ഖേദകരമായുമാണ് അദ്ദേഹം വീക്ഷിച്ചിരുന്നത്.[2] നോവിഷ്യറ്റിലെ ക്ലാസ്സുകൾ മുടങ്ങുന്നത് അദ്ദേഹത്തിന് മഹാകുണ്ഠിതമായിരുന്നു. ഒക്ടോബർ 10-ാം തീയതി ആ ദിവ്യകാരുണ്യ ഭക്തൻ വിശുദ്ധ കുർബാന സ്വീകരിച്ചു. അന്ന് നോവീസ് മിസ്ട്രസിനെ വിളിച്ച് തനിക്കിനി ക്ലാസ്സെടുക്കുവാൻ സാധിക്കുകയില്ലെന്നും അതിനാവശ്യമായ ഏർപ്പാടുകൾ ചെയ്യണമെന്നും നിർദേശിച്ചു.[3] അന്ത്യം മുന്നിൽക്കണ്ടുകൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നതെന്ന് അപ്പോഴും അവർക്ക് മനസ്സിലായില്ല.

ഒക്ടോബർ 11-ാം തീയതി കുറെശ്ശെ ചുമ ആരംഭിച്ചു. പനി ഡബ്ബിൾ ന്യുമോണിയ ആണെന്നും വാർധക്യദശയിൽ രോഗം ഗുരുതരമാണെന്നും സ്പഷ്ടമായി. 12-ാം തീയതി 4.30 പി.എം.ന് രൂപതാധ്യക്ഷൻ മാർ ജോർജ് ആലപ്പാട്ട് ചൊവ്വന്നൂർ ചെന്ന് ഊക്കനച്ചനെ സന്ദർശിച്ചു. അപ്പോൾ പിതാവിനോട് അദ്ദേഹം പറഞ്ഞു: ഞാൻ യാത്രയ്ക്ക് ഒരുങ്ങുകയാണ്; ഇനി ഒന്നിനും എനിക്കു കഴിയുകയില്ല. എല്ലാം പിതാവിനെ ഏല്പിക്കുന്നു. ഇനി അധികം ചിന്തിച്ച് ആകുലപ്പെടാതെ ആശ്വസിക്കുക എന്ന് പിതാവ് കൂട്ടിച്ചേർത്തു. ഈയവസരത്തിലും തമാശകൾ പറഞ്ഞ് അവിടെയുണ്ടായിരുന്ന എല്ലാവരേയും അദ്ദേഹം കുടുകുടാ ചിരിപ്പിച്ചു.[4]

1956 ഒക്ടോബർ 13! അന്നൊരു ശനിയാഴ്ചയായിരുന്നു. ഫാറ്റിമ മാതാവിന്റെ തിരുനാൾദിനം. ഫാദർ ജോൺ തന്റെ മക്കളോടു പറഞ്ഞു: എന്റെ നല്ല ളോഹയും ഷൂസും കണ്ണടയും എടുത്തുകൊണ്ടുവരിക. ഇവയെല്ലാം ധരിച്ച് ഇന്ന് പ്രൗഢിയോടുകൂടി വിശുദ്ധ കുർബാന സ്വീകരിക്കണം.[5] എല്ലാവരും അത്ഭുതസ്തബ്ധരായി. തന്റെ ആന്തരിക പരിശുദ്ധിപോലെതന്നെ വസ്ത്രവും വൃത്തിയുള്ളതാ

യിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അങ്ങനെ ഒരുക്കിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം മന്ദസ്മിതത്തോടുകൂടി പറഞ്ഞു: വിവാഹ ദിവസം മണവാളനെ സ്വീകരിക്കുവാനൊരുങ്ങുന്ന മണവാട്ടിയെപ്പോലെ നിങ്ങളെന്നെ അണിയിച്ചൊരുക്കുകയാണല്ലോ.[6] തന്റെ മണവാളനായ യേശുവിനെ മുഖാഭിമുഖം ദർശിക്കുവാനായി അദ്ദേഹം ഒരുങ്ങുകയാണെന്ന് അപ്പോഴും അവർക്ക് മനസ്സിലായില്ല. സ്വർഗത്തിലേയ്ക്കുള്ള പാസ്പോർട്ട് ലഭിച്ചതുപോലെയായിരുന്നു അദ്ദേഹത്തിന്റെ സംസാരം. താമസിയാതെ ചൊവ്വന്നൂർ പള്ളി വികാരി വലിയവീട്ടിൽ ഇട്ടൂപ്പച്ചൻ വന്ന് വി. കുർബാന എടുത്തുകൊടുത്തു.[7] ദിവ്യകാരുണ്യം സ്വീകരിച്ച് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ചുമ ശക്തിപ്പെട്ടു.

അയ്യംപറമ്പിലുള്ള ഫാറ്റിമാ മഠത്തിൽ ദിവ്യബലിയർപ്പിച്ച ഫാദർ മരിയാനോസ് സി.എം.ഐ. (അദ്ദേഹം ആ കാലഘട്ടത്തിൽ നോവിസസിന് ക്ലാസ്സുകൾ നൽകിയിരുന്നു) തിരുനാളാഘോഷങ്ങൾക്കുശേഷം ഊക്കനച്ചനെക്കണ്ട് ആഘോഷവിശേഷങ്ങൾ വിവരിച്ച് ഉല്ലസിപ്പിക്കാൻ ശ്രമിച്ചെങ്കിലും അദ്ദേഹം വിജയം വരിച്ചില്ല. ചുമ ശക്തിപ്പെട്ടു; ദേഹമാസകലം പതിവില്ലാത്തതുപോലെ വിയർത്തു. മറ്റു മഠങ്ങളിൽനിന്നു വന്നിരുന്ന സഹോദരിമാർ യാത്ര പറഞ്ഞു പോകുവാൻ തുടങ്ങിയപ്പോൾ അങ്ങനെയാകട്ടെ എന്നു പറയുവാനേ അദ്ദേഹത്തിനു സാധിച്ചുള്ളു. പതിവുവിട്ട് എല്ലാവർക്കുമെന്ന മട്ടിൽ മൂന്ന് വാഴ്വ് കൊടുത്തു. ഒന്നും സംസാരിക്കാനാവാത്തവിധം അദ്ദേഹം ചുമച്ചുകൊണ്ടിരുന്നു. മരുന്ന് കൊടുത്തു നോക്കി. പ്രയോജനമുണ്ടായില്ല. എങ്കിലും അൽപസമയം അദ്ദേഹം ശാന്തമായി കിടന്നു. അതുകണ്ട് മരിയാനൂസച്ചനും സ്ഥലം വിട്ടു. 11 മണി ആയപ്പോഴേക്കും അദ്ദേഹം കൂടുതൽ വിഷമം പ്രകടിപ്പിച്ചു. വികാരിയച്ചനെ വിളിപ്പിച്ച് അടുത്തിരുത്തി. അദ്ദേഹം മരിയാനൂസച്ചനേയും വിളിപ്പിച്ചു. രോഗീലേപനം നൽകാമെന്ന് എല്ലാവരും കൂടി തീരുമാനിച്ചു. മരിയാനൂസച്ചൻ രോഗിയുടെ അടുക്കൽച്ചെന്നു പറഞ്ഞു: വല്യച്ചന് അന്ത്യകൂദാശകൾ നൽകുവാൻ പോകുകയാണ്. ഉടനെത്തന്നെ അച്ചൻ തല കുലുക്കി നിവർന്നു കൈകൂപ്പിക്കിടന്നു. മരിയാനൂസച്ചൻ രോഗീലേപനം നൽകി. ഓരോ പ്രാർഥനയുടേയും അവസാനം രോഗി, ആമ്മേൻ എന്നു വ്യക്തമായി മറുപടി പറഞ്ഞുകൊണ്ടിരുന്നു.[8] കാർമികൻ കൈകഴുകാനായി പുറത്തേയ്ക്കിറങ്ങി. ആരുമറിയാതെ രണ്ടുമിനിറ്റ് കടന്നുപോയി. മഠത്തിലെ എല്ലാ

സിസ്റ്റേഴ്സും ഊക്കനച്ചന്റെ വളർത്തുമക്കൾ പത്രോസ്, യാക്കോബ്, ദേവസ്സി എന്നിവരും രോഗവിവരം അറിഞ്ഞ് ഓടിയെത്തിയ നാനാ ജാതി മതസ്ഥരായ ധാരാളം പേരും മരണശയ്യയുടെ അരികെ യുണ്ടായിരുന്നു. അദ്ദേഹം എല്ലാവരേയും അവസാനമായി ഒന്നു നോക്കി; മൂകഭാഷയിൽ യാത്ര ചോദിച്ചു.[9] സമയം 4.30 പി.എം.! അദ്ദേഹം പതുക്കെ ഒന്നു ചരിഞ്ഞു കിടന്ന് അന്ത്യശ്വാസം വലിച്ചു.



ആ കരുണാർദ്രഹൃദയൻ ശാന്തമായി കണ്ണുകളടച്ച് ഈ ലോകത്തോട് എന്നേയ്ക്കുമായി വിട പറഞ്ഞു. അങ്ങനെ പരി. അമ്മയുടെ ആ അരുമസന്താനത്തെ ഫാറ്റിമാ മാതാവിന്റെ തിരുനാൾ ദിവസം ഒരു ശനിയാഴ്ച അമ്മ മാലാഖമാരോടും വിശുദ്ധഗണങ്ങളോടും കൂടി വന്ന് സ്തോത്രഗീതം ആലപിച്ച് സ്വഭവനത്തിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി. എന്റെ അവസാന നിമിഷങ്ങളിൽ നരകശക്തികൾ എന്നിൽ പ്രവർത്തിക്കുമ്പോൾ, നിരാശ, പശ്ചാത്താപം, ദുഃഖം എന്നിവ എന്റെ ഹൃദയത്തെ മഥിക്കുമ്പോൾ, എന്റെ ബുദ്ധി മന്ദീഭവിക്കുമ്പോൾ, മനസ്സ് അശക്തമാകുമ്പോൾ, ഞാൻ മൃതപ്രായനാകുമ്പോൾ, എന്റെ സന്തോഷവും ആശ്വാസവും പരിശുദ്ധ അമ്മയാണ്.[10] എന്റെ അവസാന നിമിഷങ്ങളടുക്കുമ്പോൾ അമ്മേ, എന്നെ സഹായിക്കണമെ[11] എന്നി ങ്ങനെയുള്ള ആ മരിയ ഭക്തന്റെ നിരന്തരമായ പ്രാർഥനയ്ക്ക് അമ്മ പ്രത്യുത്തരമേകി.

മരണവാർത്ത കാട്ടുതീ പോലെ വ്യാപിച്ചു. കേട്ടവർ കേട്ടവർ ഓടിക്കൂടി. എങ്ങും നിശബ്ദത. തേങ്ങലുകളും ഗദ്ഗദങ്ങളും മാത്രം! കണ്ണുനീരിൽ കുതിർന്ന മിഴികളും അശ്രുക്കളാൽ നനഞ്ഞ മുഖ

വുമായി ജാതി മത വർഗ വർണ്ണ ഭേദമെന്യേ സകലരും തങ്ങളുടെ അച്ചൻ തമ്പുരാനെ ഒരുനോക്കു കാണുവാൻ തിങ്ങിക്കൂടി. സ്നേഹ വൽസലനായ ഒരു പിതാവ് നഷ്ടപ്പെട്ട ദുഃഖമായിരുന്നു എല്ലാവർക്കും.[12] അദ്ദേഹത്തിന്റെ കരുണയും ആർദ്രതയും നിറഞ്ഞ സ്നേഹം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അനുഭവിച്ചറിഞ്ഞവരായി രുന്നു അവരെല്ലാം. അവിടെ തിങ്ങിക്കൂടിയ ജനം ഏകസ്വരത്തിൽ ഉറക്കെ നിലവിളിച്ചു... ഒരു വിശുദ്ധൻ മരിച്ചു!

വിവരമറിഞ്ഞ മെത്രാനച്ചൻ തന്റെ ഗുരുവിന് അന്തിമോപചാ രമർപ്പിക്കുവാൻ സ്ഥലത്തെത്തി.[13] ഒപ്പീസു ചൊല്ലിയതിനുശേഷം മൃതദേഹം ഇടവകപ്പള്ളിയിൽ സംസ്കരിക്കാമെന്ന് തീരുമാനിച്ചു. ഈ കർമങ്ങൾക്ക് നേതൃത്വം നൽകിയത് മോൺ. സെബാസ്റ്റ്യൻ ചിറയത്ത് ആയിരുന്നു. ഒക്ടോബർ 14-ാം തീയതി ഉച്ചതിരിഞ്ഞായി രുന്നു മൃതസംസ്കാരം. റാസ കഴിഞ്ഞ് മോൺ. സെബാസ്റ്റ്യൻ ചിറ യത്ത് ചരമപ്രസംഗം നടത്തി.[14] പതിവുള്ള തിരുക്കർമങ്ങൾക്കുശേഷം അലങ്കരിച്ച ഒരു ലോറിയിൽ ശവമഞ്ചം വച്ച് വിലാപയാത്ര ആരംഭിച്ചു. പ്രകൃതി പോലും സ്നേഹത്തിന്റെ ആ പ്രേഷിതന്റെ വിയോഗത്തിൽ ദുഃഖം പ്രകടിപ്പിച്ചു. ദുഃഖ സൂചനയായി അവളുടെ മുഖം കറുത്തിരുണ്ടു. അപ്പോഴും അവൾ സംയമനം പാലിച്ചു. കണ്ണീർക്കണങ്ങൾ അവൾ പൊഴിച്ചില്ല. കുന്ദംകുളം ടൗൺ ചുറ്റി നടത്തിയ ആ വിലാപയാത്ര യിൽ അനേകം വൈദികരും കന്യകാസ്ത്രീകളും സഹസ്രക്കണക്കിന് അൽമായരും സംബന്ധിച്ചു.[15] അദ്ദേഹത്തിന്റെ ഇടവകയായ പറപ്പൂർ നിന്നും വികാരി റവ. ഫാ. ഗീവർഗീസ് പാലയൂരും സഹവികാരി റവ. ഫാ. യോഹന്നാൻ ചാലിശ്ശേരിയും കൈക്കാരൻമാരും മറ്റ് ഇട വക ഭാരവാഹികളും കുരിശും മുത്തുകുടകളുമായി മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.[16] കുന്ദംകുളത്തും പരിസരപ്രദേശങ്ങളിലും ഊക്കനച്ചനെ അറിയാത്തവരായി, അദ്ദേഹത്തിൽനിന്നും സഹായം ലഭിക്കാത്തവരായി, അദ്ദേഹത്തിന്റെ സ്നേഹം അനുഭവിച്ചറിയാത്ത വരായി ആരുമുണ്ടായിരുന്നില്ലല്ലോ. ഇത്രയും വലിയൊരു വിലാപ യാത്രയ്ക്ക് ആ പട്ടണം അതുവരെയും സാക്ഷ്യം വഹിച്ചിട്ടില്ലാ യിരുന്നു.[17] അവരെ നോക്കി സുസ്മേരവദനനായി അദ്ദേഹം അപ്പോഴും സ്നേഹത്തിന്റെ ഗാഥ പാടുന്നുണ്ടായിരുന്നിരിക്കണം! ശവമഞ്ചം പള്ളിയങ്കണത്തിൽ പ്രവേശിച്ചതോടെ ആബാലവൃദ്ധം ജനങ്ങൾ ഉന്തിത്തള്ളി പള്ളിയകത്തുകയറി. തങ്ങളുടെ അച്ചൻ തമ്പുരാനെയും, പിതാവിനെയും, മാതാവിനെയും, ഉപകാരിയെയും, രക്ഷകനെയും

ഒന്നുകൂടി കാണുവാൻ, ഒന്നുകൂടി ചുംബിക്കുവാൻ, പുഷ്പമാല്യങ്ങൾ അർപ്പിക്കുവാൻ, അവസാനമായി ചൈതന്യം നുകർന്നെടുക്കുവാൻ അവർ പരസ്പരം ഉന്തുകയും തള്ളുകയും ചെയ്തു. സ്നേഹത്തിന്റെ ബഹിർഗമനം! ഏകദേശം ആറര (6.30 പി.എം.) മണിയോടുകൂടി തിരുക്കർമങ്ങൾ അവസാനിച്ചു. അപ്പോഴും തേങ്ങലുകളും വിങ്ങിപ്പൊട്ടലുകളും അന്തരീക്ഷത്തിൽ മുഖരിതമായിരുന്നു! ജനങ്ങൾ വാവിട്ടു കരഞ്ഞു. വീണ്ടും വീണ്ടും ഏകസ്വരത്തിൽ അവർ നിലവിളിച്ചു... ഒരു ദൈവികമനുഷ്യൻ ഞങ്ങൾക്ക് നഷ്ടപ്പെട്ടു!!

അങ്ങനെ കുന്ദംകുളംകാരുടെ കണ്ണിലുണ്ണിയായ, ചൊവ്വന്നൂരിന്റെ ശില്പിയായ ഫാദർ അഗസ്റ്റിൻ ജോൺ ഊക്കൻ, താൻ ഇരുപത്തിയാറുവർഷം ഇടവക വികാരിയായിരുന്ന ചൊവ്വന്നൂർ പള്ളിയിൽ ഇന്നും അന്ത്യവിശ്രമം കൊള്ളുകയാണ്.



ഈ ശുശ്രൂഷകൾക്കെല്ലാം നേതൃത്വം നൽകിയത് ചൊവ്വന്നൂർ നാട്ടിലെ ജനങ്ങളാണ്. ജനങ്ങൾ അദ്ദേഹത്തെ അവരുടെ സ്വന്തമായും സമ്പത്തായും നിധിയായും പരിഗണിച്ചു. അദ്ദേഹം അവർക്ക് നല്ലൊരു അജപാലകനായിരുന്നു, ആത്മീയ നേതാവായിരുന്നു, മാതൃകയായിരുന്നു, അവരുടെ ആവശ്യങ്ങളിൽ ഇടപെട്ട പിതാവായിരുന്നു. അവർ അദ്ദേഹത്തെ വിശുദ്ധനായി പരിഗണിച്ചു. ശവമഞ്ചത്തിൽ നിന്നും പൂക്കളെടുത്തു സൂക്ഷിച്ചവർ അനേകരാണ്.[18] ഇന്നും അവർ മാധ്യസ്ഥ്യം അപേക്ഷിക്കുന്നു; അനുഗ്രഹം പ്രാപിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നു.

---

**അടിക്കുറിപ്പുകൾ**

1. Lights from heaven., April, 1902, p. 1.
2. Souvenir Adaranjali., pp. 30-31.
3. Oral Testimony., Sr Metilda CSC.
4. Oral Testimony., Sr Grace CSC.
5. Oral Testimony., Sr Hyacinth CSC.
6. Oral Testimony., Sr Hyacinth CSC.
7. Oral Testimony., f. 29, Sr Juliana CSC.
8. Oral Testimony., Sr Hyacinth CSC.
9. Oral Testimony., Adv. P V Chandran, Kunnamkulam.
10. Lights from heaven., 1903, p. 13.
11. Ibid., 1903, p. 21.
12. Souvenir Adaranjali., p. 25.
13. Chowannur Presentation CSC Convent., Chronicle vol. 1, p. 62.
14. Chowannur Presentation CSC Convent., Chronicle vol. 1, pp. 62-63.
15. Souvenir Adaranjali., p. 25.
16. Parappur Parish Palliyogam 13 October, 1956.
17. Oral Testimony., f. 15, Devasy Chiriyankandath, f. 30, Kochappan Muringathery.
18. Oral Testimony., f. 41, Sr Petronila CSC.



# 23

## തൂലികാചിത്രം

വ്യക്തി മാഹാത്മ്യം തുളുമ്പി നിൽക്കുന്ന ഫാദർ ജോൺ ഊക്കന്റെ ആകാരസൗഷ്ഠവം ആകർഷകവും, ദിവ്യചൈതന്യത്തിന്റെ പരിവേഷം അണിഞ്ഞതുമാണെന്ന് ഒറ്റ നോട്ടത്തിൽ ആർക്കും മനസ്സിലാക്കുവാൻ സാധിക്കും. വെളുത്ത് ഉയരം കൂടിയ ശരീരം, വെള്ളി രോമങ്ങൾ കിരീടം ചൂടിച്ച ശിരസ്സ്, വിരിഞ്ഞു വിശാലമായ നെറ്റിത്തടം, തിളങ്ങുന്ന കണ്ണുകൾ, ഇരുവശത്തേക്കുമായി അല്പം തൂങ്ങിനില്ക്കുന്ന കവിളുകൾ, സദാ പുഞ്ചിരി വഴിയുന്ന ചുണ്ടുകൾ, വിടർന്ന നാസിക, കാന്തിക വ്യക്തിത്വമുള്ള ആ വന്ദ്യവൈദികൻ മറ്റാരുമായിരുന്നില്ല; ഉപവി സന്യാസിനി സമൂഹത്തിന്റെ സ്ഥാപക പിതാവ് ഫാദർ അഗസ്റ്റിൻ ജോൺ ഊക്കൻതന്നെ. കണ്ണിന്റെ ആ ചൈതന്യവിശേഷം വീക്ഷണത്തെ ഹൃദയാവർജകമാക്കുന്നു.വിരിഞ്ഞു വിശാലമായ നെറ്റിത്തടം ബുദ്ധിശക്തിയേയും സ്മരണാ വൈഭവത്തേയും പ്രദ്യോതിപ്പിക്കുന്നതാണ്. ഒരാളെ ഒരു പ്രാവശ്യം കണ്ടാൽ മതി നാടും വീടും പേരും സഹിതം ഹൃദിസ്ഥമാക്കും. ഈ ധാരണാശക്തി, ദൗത്യനിർവഹണത്തിൽ ഒരു വലിയ അനുഗ്രഹമായി അദ്ദേഹത്തിനു പ്രയോജനപ്പെടുകയും ചെയ്തിരുന്നു. ജാതി മത വർഗ വർണ ഭേദമെന്യേ എല്ലാവരുടെയും ഹൃദയം കവരുവാൻ ഇത് വളരെയധികം അദ്ദേഹത്തെ സഹായിച്ചു.

തൂവെള്ള ളോഹ ധരിച്ച സുസ്മേരവദനനായ അദ്ദേഹത്തെ കാണുന്ന മാത്രയിൽ സ്വർഗത്തിൽ നിന്നും ഇറങ്ങിവന്ന മാലാഖ യാണോ എന്ന് തോന്നിപ്പോകും; സംസാരിച്ചു തുടങ്ങുമ്പോൾ ഒരു പിതാവിന്റെ ആർദ്രത നിറഞ്ഞ സ്നേഹം പ്രകടമായി തുടങ്ങും. സംസാരം നീണ്ടുപോകുന്തോറും ആദ്യത്തെ ധാരണ കൂടുതൽ ആഴപ്പെടുകയും രൂഢമൂലമാകുകയും ചെയ്യും. അദ്ദേഹത്തെ സമീപി ക്കുന്നവർക്കെല്ലാം അദ്ദേഹത്തിലുള്ള ദൈവസാന്നിധ്യം അനുഭ വവേദ്യമാകുമായിരുന്നു. ഒരു ദൈവിക മനുഷ്യനെ, ദൈവം അയച്ച മാലാഖയെ ആണ് ലോകം അദ്ദേഹത്തിൽ ദർശിച്ചത്.

ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും-അൾത്താരബാലൻ, സെമി നാരിയൻ, വൈദികൻ-അദ്ദേഹം ആധുനിക ലോകത്തിന് ഒരു വെല്ലു വിളിയാണ്. സെമിനാരിയനായിരിക്കുമ്പോൾ അദ്ദേഹം എടുത്ത എല്ലാ പ്രതിജ്ഞകളും ആദർശങ്ങളും ജീവിതത്തിൽ പ്രാവർത്തികമാ ക്കിയതായി വ്യക്തമാകുന്നുണ്ട്. ആഗ്രഹങ്ങൾക്കനുയോജ്യമായ ആദർശ സമ്പൂർണവും, മാതൃകായോഗ്യവുമായ ഒരു ജീവിതം അദ്ദേഹം നയിച്ചു. ദൈവസ്നേഹത്താൽ കത്തിയെരിഞ്ഞ അദ്ദേഹം സഹോദരരെ സ്നേഹിക്കുന്നതിൽ ആനന്ദനിർവൃതിയടഞ്ഞു. സാന്ത്വനത്തിന്റെ കരസ്പർശവും ആശ്വാസത്തിന്റെ ആശീർവാ ദവും തേടി അദ്ദേഹത്തിന്റെ പക്കലെത്തിയവർ മനുഷ്യസ്നേഹത്തി ന്റേയും ദൈവസ്നേഹത്തിന്റേയും നിലയ്ക്കാത്ത നീരുറവയുടെ സാന്നിധ്യം അനുഭവിച്ചറിഞ്ഞു. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷക്കും വേണ്ടിയുള്ള ഒരു നെട്ടോട്ടമായിരുന്നു ആ ധന്യ ജീവിതം.[1]

---

**അടിക്കുറിപ്പുകൾ**

1. Written Testimony., Sr Theodore, Bhopal.



# 24

## വിശുദ്ധിയുടെ പരിമളം

ജാതി മത വർഗ വർണ ഭേദമെന്യേ എല്ലാ മനുഷ്യരും ഊക്ക നച്ചനെ വിശുദ്ധിയുള്ള ഒരു വലിയ മനുഷ്യനായിട്ടാണ് പരിഗണി ച്ചിരുന്നത്. ഊക്കനച്ചനെ വളരെ അടുത്തറിഞ്ഞവർ ഒരു വിശുദ്ധ നെയാണ് അദ്ദേഹത്തിൽ ദർശിച്ചത്. അദ്ദേഹത്തിന്റെ മരണശേഷം തദനുസാരം അവർ പ്രവർത്തിക്കുവാനും തുടങ്ങി. അദ്ദേഹത്തോടുള്ള വണക്കവും ആദരവുമൊക്കെ സ്വമേധയാ സാധാരണ ജനം ആരം ഭിക്കുകയും ചെയ്തു. അദ്ദേഹത്തെ വളരെ നന്നായറിയാവുന്ന കുറെ ആളുകൾ കബറിടത്തിൽ വന്ന് പ്രാർഥിക്കുവാൻ തുടങ്ങി. എല്ലാ വർഷവും ചരമ വാർഷികത്തിൽ കുർബാനയും തിരുക്കർമങ്ങളും അർപ്പിക്കുവാനും പടം ഇടവകയിൽ വിതരണം ചെയ്യുവാനും ആരം ഭിച്ചു. ചൊവ്വന്നൂർ ഗ്രാമത്തിലെ എല്ലാവർക്കും അദ്ദേഹത്തോട് വലിയ ആദരവും ഭക്തിയുമുണ്ടായിരുന്നു. സമീപപ്രദേശങ്ങളിലെ ഇടവക കളിൽ നിന്നും ക്രമേണ ആളുകൾ കബറിടത്തിൽ വന്നു പ്രാർഥി ക്കുവാനും ചരമവാർഷികത്തിലെ തിരുക്കർമങ്ങളിൽ പങ്കെടു ക്കുവാനും തുടങ്ങി. ഇവയൊന്നും പരപ്രേരണയാലായിരുന്നില്ല. അവരുടെ ആന്തരികഭാവത്തിന്റെ ബാഹ്യപ്രകടനമായിരുന്നു. ശവമഞ്ചത്തിൽ നിന്ന് പൂക്കളെടുത്ത് പൂജ്യമായി സൂക്ഷിച്ചവരുണ്ട്.[1] സി. പെട്രോനില CSC അനുസ്മരിക്കുന്നതിങ്ങനെ: ഞാൻ അദ്ദേഹ

ത്തിന്റെ ശവമഞ്ചത്തിൽ നിന്നും പൂക്കളെടുത്ത് സൂക്ഷിക്കുകയും ആന്തരിക സമാധാനം ലഭിക്കുന്നതിനായി മധ്യസ്ഥ പ്രാർഥന നടത്തുകയും ചെയ്യുമായിരുന്നു. ധാരാളം പേർ ഇതുപോലെ അനുഗ്രഹീതരായിട്ടുണ്ട്.[2] 1946 മുതൽ 1955 വരെ സിസ്റ്റർ ചൊവ്വന്നൂരുണ്ടായിരുന്നു. വർഷങ്ങൾ കഴിയുന്തോറും അദ്ദേഹത്തോടുള്ള വണക്കവും സ്നേഹാദരവുകളും വർധിച്ചുകൊണ്ടിരുന്നു എന്ന് നാളാഗമങ്ങളും വികാരി അച്ചന്മാരുടെ സാക്ഷ്യങ്ങളും വെളിപ്പെടുത്തുന്നു. അധ്യാപന ജോലിയിൽ നിന്നും വിരമിച്ച ശ്രീ ലോനപ്പൻ എടക്കളത്തൂർ സാക്ഷ്യപ്പെടുത്തുന്നതിങ്ങനെ: ഞാൻ വളരെയധികം പ്രാവശ്യം ഊക്കനച്ചന്റെ കബറിടം സന്ദർശിക്കുകയും പ്രാർഥിക്കുകയും ചെയ്തിട്ടുണ്ട്. സമാനതകളില്ലാത്ത വ്യക്തിത്വത്തിന്റെയും അത്യുജ്വലമായ ആത്മീയതയുടെയും ഉടമയാണ് അദ്ദേഹം.[3] വേലൂരുള്ള ശ്രീമതി റോസക്കുട്ടി കൊമ്പന് ജീവിക്കുന്ന ഓർമകളാണ് ഊക്കനച്ചനെപ്പറ്റിയുള്ളത്. എന്റെ വീടിന്റെ ഐശ്വര്യത്തിന് കാരണം ഊക്കനച്ചന്റെ മധ്യസ്ഥമാണ്. ഞാനും മക്കളും കുഞ്ഞുമക്കളും എല്ലാ ആവശ്യങ്ങൾക്കും അച്ചനോട് പ്രാർഥിക്കാറുണ്ട്.[4] ഊക്കനച്ചൻ സമ്മാനിച്ച ടിഫിൻ ബോക്സ് റോസക്കുട്ടിയും കുടുംബവും വലിയ നിധിയായി ഇന്നും സൂക്ഷിക്കുന്നു.




1956 ൽ ഊക്കനച്ചൻ ഈ ലോകത്തോട് വിടപറഞ്ഞപ്പോൾ മൃതദേഹം അദ്ദേഹം ദീർഘനാൾ വികാരിയായിരുന്ന ചൊവ്വന്നൂർ ദേവാലയത്തിൽ സംസ്കരിക്കാമെന്ന രൂപതാധ്യക്ഷന്റെ തീരുമാനം ഇടവകക്കാർ വളരെ സ്നേഹത്തോടെയാണ് സ്വീകരിച്ചത്.[5] അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ മഠം വക കപ്പേളയിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ട് ഉപവി സഹോദരിമാർ 1957–ൽ അപേക്ഷ സമർപ്പിച്ചു. എന്നാൽ പള്ളി പൊതുയോഗം അത് നിരസിച്ചു,[6] 1962 ലും[7] 1995 ലും[8] ഇതേ ആവശ്യത്തിനായി അപേക്ഷ

സമർപ്പിക്കുകയുണ്ടായി. പള്ളിയോഗം എല്ലാ അപേക്ഷകളും നിര സിക്കുകയാണുണ്ടായത്.[9] തങ്ങളുടെ ഇടവകയുടെ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കുനിദാനം ഫാ. അഗസ്റ്റിൻ ജോൺ ഊക്ക നച്ചൻ ഈ ദേവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു എന്നതാണ് എന്ന് ചൊവ്വന്നൂരിലെ ജനം വിശ്വസിച്ചിരുന്നു. അത് നഷ്ടപ്പെടുവാൻ അവർ ആഗ്രഹിച്ചില്ല[10] എന്ന് ഫാ. ആന്റണി മേച്ചേരിയും വികാരി മാരായിരുന്ന മറ്റു വൈദികരും സാക്ഷ്യപ്പെടുത്തുന്നു. പിന്നീട് അവർ ഊക്കനച്ചന്റെ ഓർമ്മ ദിവസം തിരുക്കർമ്മങ്ങൾക്കുശേഷം ബിസ്കറ്റ് വിതരണം ചെയ്യുവാൻ തുടങ്ങി. 1995-ൽ ഊട്ടുസദ്യ ആരംഭിച്ചു.[11] ഇതെപ്പറ്റി അന്നത്തെ വികാരിയായിരുന്ന ഫാ. ഡേവിസ് ചിറമ്മേൽ പറയുന്നതിങ്ങനെ: പൊതുജനത്തിന്റെ ആഗ്രഹപ്രകാരമാണ് ശ്രാദ്ധം ആരംഭിച്ചത്. യുവതലമുറയാണ് വളരെ ഉത്സാഹപൂർവം ഇതിനായി മുന്നോട്ട് വന്നത്. ആരും അത് എതിർത്തുമില്ല. ഓർമദിനത്തിനു മുമ്പുതന്നെ അതിനുള്ള ഒരുക്കങ്ങളും സജ്ജീകരണങ്ങളും ചെയ്തി രുന്നു. ഒരു വ്യക്തി സാർവത്രികമായി സ്വീകാര്യനാവുക എന്നത് എളുപ്പവുമല്ല സാധാരണവുമല്ല. ഊക്കനച്ചന്റെ സാർവത്രിക സ്വീകാ ര്യതയെപ്പറ്റി ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്.[12]

ഊക്കനച്ചന്റെ മൃതസംസ്കാര ശുശ്രൂഷ കഴിഞ്ഞ നാൾ മുതൽ തന്നെ ജനം അദ്ദേഹത്തിന്റെ മാധ്യസ്ഥ്യം യാചിച്ച് പ്രാർഥിക്കുവാൻ ആരംഭിച്ചിരുന്നു. ആ അവസരത്തിൽ ചൊവ്വന്നൂരുണ്ടായിരുന്ന കുഞ്ഞേത്തി ആലപ്പാട്ട് സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്: അദ്ദേഹം ഒരു വിശുദ്ധനാണെന്നാണ് ഞാൻ വിശ്വസിച്ചിരുന്നത്. അതുകൊണ്ട് പതിവായി കല്ലറയിൽ പോയി പ്രാർഥിക്കുകയും പൂക്കൾ സമർപ്പിക്കുകയും ചെയ്യുമായിരുന്നു. പ്രാർഥിക്കുവാൻ മറ്റു ള്ളവർക്ക് പ്രേരണ നൽകുകയും ചെയ്തിരുന്നു. ഞങ്ങളുടെ പ്രാർ ഥനകൾ സാധിച്ചുകിട്ടുമെന്ന ഉറച്ച വിശ്വാസവുമുണ്ടായിരുന്നു.[13] ഊക്കനച്ചന്റെ മധ്യസ്ഥതയിൽ സ്വർഗത്തിൽ നിന്നും അനുഗ്രഹങ്ങൾ വർഷിക്കപ്പെടുന്നുവെന്ന് വിശ്വസിക്കുന്ന വ്യക്തിയാണ് അദ്ദേഹ ത്തിന്റെ വളർത്തു പുത്രനായ ശ്രീ യാക്കോബ് കൊമ്പൻ. അദ്ദേഹം ഓർമിക്കുന്നതിങ്ങനെ: ഈ ലോകത്തിൽ എന്റെ കാണപ്പെട്ട ദൈവ മായിരുന്നു ഊക്കനച്ചൻ. എന്റെ മടിയിൽ തലവച്ചാണ് മരിച്ചത്. എന്റെ കുടുംബത്തിൽ അദ്ദേഹം ഇന്നും ജീവിക്കുന്നതായിട്ടാണ് ഞങ്ങളുടെ വിശ്വാസം. എനിക്കും എന്റെ മക്കൾക്കും അച്ചന്റെ അനുഗ്രഹവും സഹായവും ധാരാളമായിട്ടുണ്ട്.[14] ജീവിച്ചിരിക്കുമ്പോൾ ഊക്കനച്ചനെ

എല്ലാവരും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. അത് തലമുറകൾക്ക് കൈമാറുകയും ചെയ്തു[15] എന്ന് ഫാ. ആന്റണി മേച്ചേരി അനുസ്മരിക്കുന്നു. എല്ലാം തമ്പുരാൻ നടത്തിത്തരും എന്ന ഊക്കനച്ചന്റെ നിസ്സീമമായ വിശ്വാസം അത്ഭുതാവഹമാണ്. എന്റെ ഉള്ളിൽ അത് ആഴത്തിൽ പതിഞ്ഞു[16] എന്ന് മോൺ. സഖറിയാസ് പുതുശേരിയും നന്മ നിറഞ്ഞിരുന്ന, നന്മ പകർന്നുകൊടുക്കുവാൻ വെമ്പൽ കൊണ്ടിരുന്ന, മറ്റുള്ളവരിൽ നന്മ മാത്രം കാണുവാൻ കഴിഞ്ഞിരുന്ന, ദൈവകൃപ നിറഞ്ഞ വിശാലഹൃദയൻ[17] എന്ന് ഫാ. പോൾ ചാഴൂരും അനുസ്മരിക്കുന്നു. പത്ത് വയസുള്ളപ്പോൾ സ്വന്തം പിതാവ് നഷ്ടപ്പെട്ട ഉർസുലൈൻ സഭയിലെ സി. മോനിക്ക അനുസ്മരിക്കുന്നത് ഇങ്ങനെ: ഊക്കനച്ചന്റെ സ്നേഹം, അനുകമ്പ, ലാളിത്യം, ഉദാരത, വിനയം, മറ്റുള്ളവരോടുള്ള പരിഗണന, ശ്രദ്ധ എല്ലാറ്റിലുമുപരി മനുഷ്യത്വത്തോടുകൂടിയ പെരുമാറ്റം എന്നിവ തുലനം ചെയ്യാനാവാത്തതാണ്. അപ്പന്റെ മരണം മൂലം എന്നിലുണ്ടായ മുറിവ് ഉണക്കിയത് അച്ചനാണ്. എനിക്കും മറ്റുള്ളവർക്കും വേണ്ടി ഇപ്പോഴും ഞാൻ അച്ചന്റെ മാധ്യസ്ഥ്യം തേടാറുണ്ട്. അദ്ദേഹം മറുപടി നൽകുന്നുമുണ്ട്. എന്റെ വത്സല പിതാവാണ് ഊക്കനച്ചൻ.[18] എന്റെ കൈപിടിച്ച് കൂടെ നടന്ന് എന്നിലേക്കും കുടുംബത്തിലേക്കും ഇപ്പോഴും അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്ന നിറസാന്നിധ്യമാണ് ഊക്കനച്ചൻ[19] എന്ന് പ്രൊഫസർ കെ ടി അമ്മാളുവും ഞങ്ങളുടെയൊക്കെ അടിത്തറ ജോൺ നിവാസിൽ നിന്നാണ്[20] എന്ന് സാവിത്രിയും നന്ദിയോടെ ഓർക്കുന്നു.

വർഷങ്ങൾ കഴിയുന്തോറും കല്ലറയിൽ വന്ന് പ്രാർഥിക്കുന്നവരുടേയും ഊക്കനച്ചന്റെ മധ്യസ്ഥതയിൽ അനുഗ്രഹങ്ങൾ പ്രാപിക്കുന്നവരുടേയും എണ്ണം വർധിച്ചുവന്നു. ഇന്നും അവർ മാധ്യസ്ഥ്യം അപേക്ഷിക്കുന്നു, അനുഗ്രഹങ്ങൾ പ്രാപിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ദൈവം രൂപകൽപന ചെയ്യുന്നതുപോലെ വിശുദ്ധനായ ഒരു വൈദികനായിത്തീരണം എന്നതിലായിരുന്നു വൈദിക പരിശീലന കാലഘട്ടത്തിന്റെ അവസാന നാളുകളിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. 1907 ഡിസംബർ 13–22 ൽ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെ: എന്റെ അയോഗ്യതയും ഒരുക്കമില്ലായ്മയും പൂർണമായും അറിഞ്ഞുകൊണ്ട്, യേശുവിന്റെ ദിവ്യസ്നേഹാഗ്നിയാൽ ശുദ്ധീകരിക്കപ്പെടുന്നതിനും ആ അഗ്നിനാളങ്ങളാൽത്തന്നെ പ്രകാശിപ്പിക്കപ്പെടുന്നതിനും ശക്തിസ്രോതസായ തിരുഹൃദയത്താൽ

ത്തന്നെ ശക്തനാക്കപ്പെടുന്നതിനും തിരുഹൃദയത്തിന്റെ മഹത്വം പ്രകീർത്തിക്കുന്നതിനുമായി വലിയ പ്രത്യാശയോടുകൂടി ഏറ്റവും മാധുര്യമുള്ള ഈശോയുടെ തിരുഹൃദയത്തിലേക്ക് ഞാൻ പ്രവേശിച്ചു. തന്റെ തിരുക്കുമാരന്റെ ഹൃദയത്തോട് അനുരൂപമാക്കപ്പെടേണ്ടതി നായി ഞാൻ അമ്മയുടെ കാപ്പയുടെ കീഴിൽ സ്ഥിതി ചെയ്തു. പിതാവായ ദൈവമേ അങ്ങയുടെ തിരുമനസ്സ് എന്നിൽ നിറവേറട്ടെ. എന്നെപ്പറ്റിയുള്ള അങ്ങയുടെ പ്ലാനും പദ്ധതിയും അറിഞ്ഞ് അതി നനുസൃതമായി വിശ്വസ്തതയോടെ എന്റെ ഉത്തരവാദിത്വം നിർവ ഹിക്കട്ടെ. അങ്ങനെ ഞാൻ വഴി അങ്ങ് കൂടുതൽ മഹത്വപ്പെടട്ടെ.[21]

നമ്മുടെ ഈ ലോകജീവിതം ഒരു തീർഥയാത്രയാണ്. ഇവിടെ നാം സ്ഥിരതാമസക്കാരല്ല. സ്വർഗമാണ് നമ്മുടെ ലക്ഷ്യം[22] എന്ന് പഠിപ്പിച്ചത് ദൃഢമായ വിശ്വാസത്തോടുകൂടി അദ്ദേഹം ജീവിച്ചു. അദ്ദേഹത്തിന്റെ സ്ഥിരവും വ്യതിചലിപ്പിക്കാനാവാത്തതുമായ പരി ശ്രമങ്ങൾക്ക് ദൈവം പ്രതിഫലം നൽകി. സ്വർഗത്തിൽ അമ്മയുടെ മടിയിലിരുന്ന് ആ മേരീ പുത്രൻ സ്തോത്ര ഗീതമാലപിച്ച്[23] ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ക്രിസ്തുവിന്റെ നേർക്ക് തിരിച്ചുപിടിച്ച ഒരു കണ്ണാടിയായിരുന്നു അച്ചൻ. ജീവിതത്തിൽ തെളിഞ്ഞുനിന്ന ലാളിത്യവും പ്രശാന്തതയും കാരുണ്യവുമൊക്കെ യേശുവിന്റെ ജീവിതത്തിൽനിന്നും ഒപ്പിയെടു ത്തതായിരുന്നു. ക്രിസ്തു ചെയ്ത പ്രവൃർത്തികൾ അച്ചനും ചെയ്തു. കരയുന്നവർക്ക് സാന്ത്വനമായി, രോഗികൾക്ക് സൗഖ്യമായി, വിശ ക്കുന്നവർക്ക് അപ്പമായി, ക്രിസ്തുവിനെപ്പോലെ അച്ചൻ ജനത്തോ ടൊപ്പം ജീവിച്ചു. ഒരാൾ സ്മൃതി പഥത്തിന്റെ ഏറ്റവും ഒടുവിലത്തെ താളിൽനിന്നുപോലും മാഞ്ഞുപോകാനുള്ള മതിയായ കാലയളവാ യിട്ടും പ്രഭാതത്തിൽ കണ്ട ഒരു സ്വപ്നംപോലെ അച്ചന്റെ മുഖം ചൊവ്വന്നൂർ പ്രദേശത്തെ മനുഷ്യരുടെ ഉള്ളിൽ നിറഞ്ഞുനിൽക്കുക യാണ്. ജീവിതംകൊണ്ട് അച്ചൻ നൽകിയ ആത്മീയതയുടെ ദീപം ചൊവ്വന്നൂർ നാടുമുഴുവൻ മങ്ങാതെ പ്രകാശിച്ചുകൊണ്ടിരിക്കുക യാണ്.

മനുഷ്യത്വത്തിന്റെ ശ്രേഷ്ഠ ഭാവങ്ങളും ദിവ്യത്വത്തിന്റെ ആത്മീയ മാനങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഈശോയുടെ കരുണയും കരു തലും കാവലും ഈ ലോകത്തിന് പ്രദാനം ചെയ്ത ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിതം ആധുനിക യുഗത്തിന് ഒരു പാഠ പുസ്തകമാണ്.

## അടിക്കുറിപ്പുകൾ

1. Oral Testimony., f. 48, Sr Sebastina CSC.
2. Oral Testimony., f. 41, Sr Petronila CSC.
3. Oral Testimony., f. 33, Mr Lonappan Edakkalathur.
4. Oral Testimony., Mrs. Rosakkutty Komban.
5. Souvenir Adaranjali., p. 25.
6. Chowannur Presentation CSC Convent., Chronicle, vol. 1, p. 72.
7. Chowannur Presentation CSC Convent., Chronicle, vol. 1, p. 207-208.
8. Chowannur Presentation CSC Convent., Chronicle, vol. 1, p. 207-208.
9. Chowannur Parish., Palliyogam.
10. Oral Testimony., f. 7, Fr Antony Mechery.
11. Chowannur Parish., Palliyogam 10.09.1995, p. 6.
12. Oral Testimony., Fr Davis Chirammel.
13. Oral Testimony., f. 33, Kunjethy Alappatt, Kalloor.
14. Souvenir Adaranjali., p. 105.
15. Oral Testimony., f. 7, Fr Antony Mechery.
16. Souvenir Adaranjali., pp. 33-36.
17. Souvenir Adaranjali., pp. 89-91.
18. Oral Testimony., Sr Monica.
19. Oral Testimony., Rt. Prof. K T Ammalu.
20. Oral Testimony., Miss Savithri.
21. Lights from heaven., 13-22 December, 1907, p. 338.
22. Ibid., December, 1903; pp. 194, 236, 88.
23. Ibid., 15 August, 1903, pp. 88-89; 15 August, 1904, pp. 235-236.



# 25

## വിശുദ്ധിയുടെ പാതയിൽ

ഊക്കനച്ചന്റെ കബറിടത്തിൽ വന്ന് പ്രാർഥിക്കുന്നവരുടേയും മധ്യസ്ഥതയാൽ അനുഗ്രഹങ്ങൾ പ്രാപിക്കുന്നവരുടേയും എണ്ണം വർധിക്കുന്നതായി വിവരം ലഭിച്ചതിനെ തുടർന്ന് നാമകരണ നടപടികൾ ആരംഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും തൃശൂർ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് 2007 നവംബർ 30-ാം തീയതി അനുവാദം നൽകുകയും ചെയ്തു.

### ദൈവദാസൻ

സീറോമലബാർ മെത്രാൻ സിനഡിന്റേയും റോമിലെ കാര്യാലയത്തിന്റേയും അനുമതി ലഭിച്ചതിനെ തുടർന്ന് 2008 ആഗസ്റ്റ് 24-ാം തീയതി 02.30 പി.എം ന് തൃശൂർ ലൂർദ് കത്തീഡ്രലിൽ വച്ച് ദിവ്യബലി മധ്യേ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത ഊക്കനച്ചനെ ദൈവദാസനായി പ്രഖ്യാപിച്ചു. പ്രസ്തുത പരിപാടിയിൽ നിരവധി വൈദികരും സമർപ്പിതരും പറപ്പൂർ, തൊയക്കാവ്, ഏനമ്മാവ്,ചൊവ്വന്നൂർ, എടക്കുളം എന്നീ ഇടവകകളിൽ നിന്നുള്ളവരും ഊക്കനച്ചനുമായി ബന്ധപ്പെട്ട ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ളവരും ധാരാളം ദൈവജനവും ഊക്കൻ, ചാലക്കൽ കുടുംബാംഗങ്ങളും CSC കുടുംബം മുഴുവനും പങ്കെടുത്തിരുന്നു.









## നാമകരണ കോടതി സ്ഥാപിക്കൽ

2008 ആഗസ്റ്റ് 31-ാം തീയതി ചൊവ്വന്നൂർ സെന്റ് തോമസ് പള്ളിയിൽ വച്ച് നാമകരണ കോടതി സ്ഥാപിച്ചു. അഭിവന്ദ്യ പിതാക്കന്മാ

രുടേയും വൈദികരുടേയും കാർമികത്വത്തിൽ നടന്ന ദിവ്യബലിക്കും മറ്റു തിരുക്കർമങ്ങൾക്കും ശേഷം അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത നാമകരണ കോടതി സ്ഥാപിച്ചതായി അറിയിച്ചു. നാമകരണ കോടതിയിലേക്ക് നിയമിതരായ എല്ലാവരും സത്യപ്രതിജ്ഞ ചെയ്ത് ഉത്തരവാദിത്വമേൽക്കുകയും ചെയ്തു.










## ഭൗതികശരീരം പുതിയ കല്ലറയിൽ സ്ഥാപിക്കൽ (Exhumation)

നാമകരണ നടപടി ക്രമങ്ങളുടെ ഭാഗമായി 2010 മാർച്ച് 24-ാം തീയതി കല്ലറ തുറന്ന് ഭൗതിക ശരീരം പരിശോധിച്ച്, തിട്ടപ്പെടുത്തി പുന:സ്ഥാപിച്ചു.



## അതിരൂപതാ നാമകരണ കോടതി സമാപനം

2012 മെയ് 23-ാം തീയതി ചൊവ്വന്നൂർ പള്ളിയിൽ വച്ച് അതിരൂപത ട്രൈബ്യൂണലിന്റെ സമാപനം നടത്തി. 2012 ജൂലൈ 14-ാം തീയതി ഈ റിപ്പോർട്ട് റോമിലെ കാര്യാലയത്തിൽ സമർപ്പിച്ചു. വിശദമായ പഠനങ്ങൾക്കുശേഷം 2018 ഡിസംബർ 21-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഊക്കനച്ചനെ ധന്യപദവിയിലേക്ക് ഉയർത്തിക്കൊണ്ടുള്ള ഡിക്രിയിൽ ഒപ്പുവച്ചു.



## ഊക്കനച്ചൻ ധന്യപദവിയിൽ

2018 ഡിസംബർ 26-ാം തീയതി തൃശൂർ അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ചൊവ്വന്നൂർ സെന്റ് തോമസ് കത്തോലിക്കാ ദേവാലയത്തിൽ വച്ച് ഊക്കനച്ചന്റെ ധന്യ പദവി പ്രഖ്യാപനം നടത്തി കൃതജ്ഞതാബലി അർപ്പിച്ചു.

നീതിമാന്റെ ആദർശവും, പണ്ഡിതന്റെ ജ്ഞാനവും, അജ പാലകന്റെ ആത്മീയതയും, ഋഷിയുടെ പവിത്രതയും സമഞ്ജ സമായി സമ്മേളിച്ചിരുന്ന ആത്മീയതയുടെ ഈ ആൾരൂപം അന്തി യുറങ്ങുന്ന കബറിടം വർധിച്ചുവരുന്ന തീർഥാടകരുടെ സാന്ത്വന ഗേഹമായി മാറുകയാണ്.







## മധ്യസ്ഥ പ്രാർത്ഥന

പിതാവായ ദൈവമേ, അങ്ങേ തിരുസുതനെ അനുകരിച്ച് അവശർക്കും ആലംബഹീനർക്കും സ്നേഹസേവനങ്ങൾ നല്കി അവരെ അങ്ങയിലേയ്ക്കാനയിക്കുവാൻ തീവ്രമായി യത്നിച്ച ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെ മഹത്വപ്പെടുത്തണമെ. അങ്ങേ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉപകരിക്കുമെങ്കിൽ അങ്ങയുടെ വിനീത ദാസനെ വിശുദ്ധ പദവിയിലേയ്ക്കുയർത്തുവാൻ കൃപയുണ്ടാകണമെ.

പിതാവായ ദൈവമേ, അങ്ങയുടെ പ്രിയ ദാസൻ ഇപ്പോൾ അനുഭവിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ അടയാളമായി അദ്ദേഹം വഴി ഞങ്ങൾ യാചിക്കുന്ന ഈ പ്രത്യേക അനുഗ്രഹം..... (ആവശ്യം പറയുക) ഞങ്ങൾക്ക് സാധിച്ചു തരണമെ. ആമേൻ. (3 ത്രിത്വ.)

Imprimatur
21.12.2018


**Mar Andrews Thazhath**
Archbishop of Thrissur


The Vice Postulator
John Nivas
Chowannur P.O., Via, Kunnamkulam
Thrissur 680 503, Off : 04885 223839
Mob : 8111940986, 9496325245
e-mail - ajucause@gmail.com
website - www.ajukken.in

## ഊക്കനച്ചൻ വ്യത്യസ്ത നിമിഷങ്ങളിൽ









മാർ ജോർജ് ആലപ്പാട്ട് പറപ്പൂർ ഇടവക സന്ദർശിച്ചപ്പോൾ 25.11.1949

# ഊക്കനച്ചൻ ഉപയോഗിച്ച വസ്തുക്കൾ



# സ്മാരകങ്ങൾ



ചൊവ്വന്നൂർ




പറപ്പൂർ






കോലഴി






തൊയക്കാവ്


# പ്രസിദ്ധീകരണങ്ങൾ


















# അനുസ്മരണ ദിനങ്ങൾ

## ജന്മദിനം - ഡിസംബർ 19

അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജന്മദിനം അദ്ദേഹവുമായി ബന്ധപ്പെട്ട ഇടവകകളിൽ ഓരോ വർഷവും മാറി മാറി ആഘോഷിച്ചു വരുന്നു. ദിവ്യബലി, അനുസ്മരണ സന്ദേശം, സ്നേഹവിരുന്ന്, വ്യത്യസ്ത മത്സരങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ ഡിസംബർ പത്തൊൻപതിന്റെ പ്രാധാന്യം ഉദ്ഘോഷിക്കുന്നു.










## തിരുപ്പട്ട സ്വീകരണം – ഡിസംബർ 21

തിരുപ്പട്ട സ്വീകരണദിനമായ ഡിസംബർ 21-ന്റെ ഓർമയാചരണം കോലഴിയിലെ മരിയ ഭവൻ ജനറലേറ്റിൽ നടത്തപ്പെടുന്നു. ദിവ്യബലി, അനുസ്മരണ സന്ദേശം, സ്നേഹവിരുന്ന്, അനുഭവ സാക്ഷ്യം, സിഎസ്സി-ൽ നടത്തപ്പെടുന്ന വിവിധതരം മത്സരങ്ങൾ എന്നിവ സിഎസ്സി തനിമയിലും പൈതൃകത്തിലും വളരുവാനും പ്രചോദനമുൾക്കൊള്ളുവാനും ഏറെ സഹായകമാണ്.









## ചരമദിനം – ഒക്ടോബർ 13

അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന ചൊവ്വന്നൂർ സെന്റ് തോമസ് കത്തോലിക്ക ദേവാലയത്തിലാണ് സ്വർഗീയ യാത്രയുടെ ഓർമയാചരണം ഭക്തിനിർഭരമായി ആഘോഷിക്കുന്നത്. ഒക്ടോബർ ഒന്നു മുതൽ ആരംഭിക്കുന്ന തിരുക്കർമങ്ങൾ വിശ്വാസികൾ ഏറ്റെടുത്ത് നടത്തുന്നു. ഈ ദിവസങ്ങളിൽ നടത്തപ്പെടുന്ന പതിമൂന്നു മണിക്കൂർ ആരാധന, അഖണ്ഡ ജപമാല, അഖണ്ഡ ബൈബിൾ പാരായണം, റാസ കുർബാന എന്നിവ ആത്മീയ ഉണർവ് പകരുന്നവയാണ്. വിദ്യാർഥികൾക്കായി അഖില കേരള ചിത്രരചന മത്സരം, ക്വിസ് മത്സരം എന്നിവയും മറ്റു മത്സരങ്ങളും നടത്തി വരുന്നു. ഊക്കനച്ചനുമായി ബന്ധപ്പെട്ട ഇടവകകളിൽ നിന്ന് ഒക്ടോബർ 13-ാം തീയതി പദയാത്രയായി ഭക്തജനം കബറിടത്തിൽ എത്തിച്ചേർന്ന് ദിവ്യബലിയിലും ശ്രാദ്ധഊട്ടിലും പങ്കുകൊണ്ട്

മാധ്യസ്ഥ്യം യാചിച്ച് അനുഗ്രഹങ്ങൾ പ്രാപിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഒക്ടോബർ 13 നാടിന്റെ ഉത്സവദിനമാണ്.




















## രണ്ടാം ശനി ഓർമയാചരണം

എല്ലാ മാസവും രണ്ടാം ശനിയാഴ്ച ഊക്കനച്ചന്റെ അനുസ്മരണ ദിനമായി ചൊവ്വന്നൂർ ദേവാലയത്തിൽ ആചരിക്കുന്നു. ഈ ദിനത്തിലെ തിരുക്കർമങ്ങൾ വിശ്വാസികൾ ഏറ്റെടുത്ത് നടത്തുകയാണ് ചെയ്യുന്നത്. ജപമാല, ദിവ്യബലി, അനുസ്മരണ സന്ദേശം, ദിവ്യകാരുണ്യ ആരാധന, നേർച്ച ഭക്ഷണം എന്നിവ രണ്ടാം ശനി ഓർമയാചരണത്തിന്റെ വിശുദ്ധി വിളിച്ചോതുന്നു.



# BIBLIOGRAPHY


- ❖ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ., ബാംഗ്ലൂർ, ധർമാരാം കോളേജ്, 1988.
- ❖ ഫാദർ അഗസ്റ്റിൻ ജോൺ ഊക്കൻ., Lights from heaven (Spiritual Diary 1902-1932)., കോലഴി, മരിയ ഭവൻ ജനറലേറ്റ്, 1994.
- ❖ നവജീവിക., തൃശൂർ അതിരൂപതാ ബുള്ളറ്റിൻ, തൃശൂർ അതിമെത്രാസന മന്ദിരം ലൈബ്രറി.
- ❖ സി.സി. ലോനപ്പൻ., ഊക്കൻ ചരിത്രം., തൃശൂർ, ഭാരത വിലാസം പ്രസ്സ്, 1938.